KOTTAYAM PUBLIC LIBRARY

Call No. M915.4 Acc. No. 77051

Author ഖർഷേവ്, വൈ

Title ഇൻഡ്യ സ്വാതന്ത്ര്യവും
[illegible]യും

# ഇന്ത്യ

# സ്വാതന്ത്ര്യവും എണ്ണയും

KOTTAYAM PUBLIC LIBRARY
77051
KOTTAYAM.

★

—വൈ. യർഷേവ്

M 915.4

Y. YERSHEV
(MALAYALAM)

"INDIA SWATHANTHRIYAVUM, ENNAYUM"

*(India Independence and Oil)*

TRANSLATED BY
**ARIYAD GOPI**

November 1966.

PRICE Rs. 5.50

COPIES 3000

PUBLISHERS:
PRABHATHAM PRINTING & PUBLISHING Co. (P) Ltd.

H. O. TRIVANDRUM-14

*Cover Design:*
**B. V. GOPALAN NAIR**

**BLOCKS: RAJ PROCESS STUDIO**

PRINTED AT:-
NAVAYUGOM PRESS, TRIVANDRUM-14-

# ഉള്ളടക്കം


| | പേജ് |
|---|---|
| **അദ്ധ്യായം ഒന്ന്** | |
| എണ്ണയും സാമ്പത്തികവികസനവും | 9 |
| ഊർജ്ജസമനില | 9 |
| ദ്രവ ഇന്ധനത്തിൻെറ ആവശ്യകത | 18 |
| **അദ്ധ്യായം രണ്ട്** | |
| വിദേശ എണ്ണക്കുത്തകകൾ | 67 |
| മുതലാളിത്ത എണ്ണവിപണി | 67 |
| എണ്ണക്കുത്തകകൾ — ഇന്ത്യയിൽ | 86 |
| **അദ്ധ്യായം മൂന്ന്** | |
| വിദേശ എണ്ണക്കുത്തകമേധാവിത്വത്തിൻെറ ഫലങ്ങൾ | 110 |
| എണ്ണ വ്യവസായവും വ്യാപാരവും | 110 |
| കുത്തകവിലയും ലാഭവും | 152 |

അദ്ധ്യായം നാല്

എണ്ണപ്രശ്നത്തിന്നുള്ള പരിഹാരം 185
പൊതുമേഖലയും സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സഹായവും 185
സ്റ്റേറ്റുടമയിലുള്ള എണ്ണശുദ്ധീകരണശാലകൾ 231
പൊതുമേഖല—എണ്ണവ്യാപാരത്തിൽ 250

അദ്ധ്യായം അഞ്ച്

ഇന്ത്യയുടെ സ്റ്റേറ്റുടമയിലുള്ള എണ്ണവ്യവസായത്തിന്റെ വികസനവും എണ്ണക്കുത്തകകളുടെ "പുതിയ നയവും" 263
എണ്ണക്കുത്തകകളും പൊതുമേഖലയും ഇന്ത്യൻ എണ്ണവ്യവസായത്തിൽ 263
നിലയുറപ്പിക്കാനുള്ള കുത്തകകളുടെ ശ്രമം 276
എണ്ണയുടെ കുത്തകവിലയ്ക്കെതിരെ ഇന്ത്യ സമരം ചെയ്യുന്നു 360
ഉപസംഹാരം 385

# അദ്ധ്യായം ഒന്നു്

## എണ്ണയും സാമ്പത്തിക വികസനവും

### ഊർജ്ജസമനില
### (എനർജി ബാലൻസ്)

ഇന്ത്യ ഇപ്പോഴും വ്യവസായവൽക്കരണം നേടാത്ത രാജ്യങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. കോളനി മേധാവികളുടെ ഭരണകാലത്തു് ഇന്ത്യയുടെ സാമ്പത്തിക വികസനം കരുതിക്കൂട്ടി മന്ദഗതിയിലാക്കുകയും ഇതിൻെറ ഫലമായി ഉൽപാദനശക്തികളിൽ ചില തകരാറുകൾ പററുകയും ചെയ്തതാണു് ഇതിനുകാരണം. രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയതോടുകൂടി, സാമ്പത്തിക സ്വാതന്ത്ര്യം നേടുക എന്നതു് ഇന്ത്യയുടെ പ്രധാനകർത്തവ്യമായിത്തീർന്നു. ഇതിനു് വികസനോന്മുഖമായ ആധുനിക വ്യവസായവും സർവ്വതോമുഖമായ കൃഷിയും സ്വീകരിക്കുക, വിദേശമൂലധനത്തിൻെറ ആധിപത്യം അവസാനിപ്പിക്കുക, കൊളോണിയൽ സമ്പത്ഘടന തകർക്കുക, പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും ഉന്നതജീവിതനിലവാരം സാധിതമാക്കുക എന്നിവ ആവശ്യമായി വന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം സാമ്പത്തികരംഗത്തു് ഇന്ത്യ കുറെ പുരോഗതി നേടിയിട്ടുണ്ടു്. ഇന്ത്യയിലെ

ദേശീയവരുമാനം 1950–51 ൽ 102,400 മില്യൻ രൂപായായിരുന്നതു് (വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ) 1961–62 ൽ 146,900 മില്യൻ രൂപായായി ഉയന്നു; അതായതു് 43 ശതമാനത്തിൻെറ വർദ്ധനവു്[1]. 1951–ൽ നിന്നു് 1962–ൽ എത്തിയപ്പോൾ ഇന്ത്യയുടെ വ്യവസായികോല്പാദനം 105 ശതമാനം വർദ്ധിച്ചു. ഇക്കാലത്തു് വിദ്യുച്ഛക്തിയിൽ 262 ശതമാനത്തിൻെറയും, ആയസ്സേതര ലോഹങ്ങളിൽ 160 ശതമാനത്തിൻെറയും, യന്ത്രനിർമ്മാണത്തിൽ 520 ശതമാനത്തിൻെറയും വർദ്ധനവുണ്ടായി.[2] 1949–50 നും 1962–63 നും ഇടയ്ക്കു് മൊത്തത്തിലുള്ള കാർഷികോല്പാദനം ഏകദേശം 40 ശതമാനം കൂടി.[3]

ഒരു സ്വതന്ത്രസമ്പത്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ ഒരു ദേശീയ ഘനവ്യവസായം വികസിപ്പിക്കുക എന്നതു് പ്രാഥമികമായ കത്തവ്യമാണു്. സ്വന്തമായ ഒരു ഘനവ്യവസായമില്ലാതെ ഇന്ത്യയ്ക്കു് ദീർഘകാലം നിലനിൽക്കാനാവുകയില്ലെന്നു് നിര്യാതനായ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി. നിലനിൽക്കാൻ കഴിയണമെന്നുണ്ടെങ്കിൽ

1 ഇന്ത്യാഗവമ്മെൻറു്, മൂന്നാംപഞ്ചവത്സര പദ്ധതി, ന്യൂഡെൽഹി, 1960, പേജ് 35 ദി സ്റ്റേററ്സ്മാൻ, ജൂൺ 22, 1962.

2 മംത്‌ലി അബ്സ്ട്രാക്ട് ഓഫ് സ്റ്റാററിസ്റ്റിക്സ്, ജനുവരി, 1963, പേജ് 14.

3 ഇന്ത്യാ ഗവമ്മെൻറു്, പ്ലാനിംഗ് കമ്മിഷൻ, തേഡ് പ്ലാൻ മിഡ്ടേം അപ്റൈസൽ, ന്യൂഡെൽഹി, നവമ്പർ 1963, പേജ് 70.

അടുത്ത പത്തു വർഷത്തിനകം ഇന്ത്യ ഒരു ഘനവ്യവസായം കെട്ടിപ്പടുക്കേണ്ടതാണ്. വൈദ്യുത–ഇന്ധനവ്യവസായങ്ങൾ ഘനവ്യവസായത്തിൻെറ സുപ്രധാനഘടകങ്ങളാകുന്നു. ഇന്ത്യയുടെ സാമ്പത്തിക വികസനത്തിൽ ആധുനികമായ ഊർജ്ജോല്പാദനത്തിനുള്ള (മോഡേൺ എനർജറ്റിക്സ്) പങ്ക് എത്ര കണക്കാക്കിയാലും അധികമാവുകയില്ല. ഇന്ന് ഏതു രാജ്യത്തിൻേറയും ഉല്പാദനക്ഷമത ആ രാജ്യത്തെ ഊർജ്ജ ഉപഭോഗത്തിൻെറ (എനർജി കൺസംപ്ഷൻ) തോതുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. വ്യവസായം, ഗതാഗതം, കൃഷി എന്നിവയെല്ലാം വിദ്യുച്ഛക്തി കൂടിയേതീരൂ എന്നതാണ് അതിനുള്ള കാരണം. സാമ്പത്തികമായ പിന്നോക്കാവസ്ഥ മാററുന്നതിനായി, തൊഴിലാളികളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുവാൻ, ജോലി ചെയ്യുന്ന ഓരോരുത്തർക്കും നൽകുന്ന വിദ്യുച്ഛക്തി സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്. വൈദ്യുത വ്യവസായം വികസിപ്പിക്കുന്നതുകൊണ്ടുമാത്രമേ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താൻ സാധിക്കൂ. സാമ്പത്തിക സ്വാതന്ത്ര്യത്തിൻെറ പാതയിലൂടെ സഞ്ചരിച്ചു തുടങ്ങുന്ന രാജ്യങ്ങളുടെ കാര്യത്തിൽ ഇതു് തികച്ചും ശരിയാണ്.

ഇന്ത്യയുടെ ഊർജ്ജ ഉല്പാദനം കോളനി മേധാവികളുടെ ഭരണകാലത്തു് ഏറെക്കുറെ തടയപ്പെട്ടിരിക്കുകയായിരുന്നു. വ്യവസായവല്ക്കരണം നേടിയ രാജ്യങ്ങളിലെ വൈദ്യുത വ്യവസായത്തിൽ കല്ക്കരി, എണ്ണ, പ്രകൃതിവാതകം, ജലം (ഇന്ത്യൻ സാമ്പത്തിക ഗ്രന്ഥങ്ങളിൽ വ്യാ

പാരപ്രധാനമായ ഊർജ്ജത്തിൻെറ ഉറവിടങ്ങൾ എന്നാണ് ഇതിനു പറയുക) എന്നിവ അതിപ്രധാനമാണ്. എന്നാൽ ഇക്കാര്യത്തിൽ തടി, കാലിവളം, കാർഷികാവശിഷ്ടങ്ങൾ, മനുഷ്യശക്തി, മൃഗശക്തി എന്നിവയെയാണ് ഇന്നും ഇന്ത്യ ആശ്രയിക്കുന്നത്. 1960–61ൽ ഇന്ത്യ ഉപയോഗിച്ച 165 ടൺ ഊർജ്ജ വിഭവങ്ങളിൽ (കല്ക്കരിയുടെ തോതിൽ) 60·6 ശതമാനവും വ്യാപാര പ്രധാനമല്ലാത്ത ഊർജ്ജ ഉറവിടങ്ങളാണ്. ഇതിൽ തടി 21·2 ശതമാനവും, കാലിവളം 27·9 ശതമാനവും കാർഷികാവശിഷ്ടം 11·5 ശതമാനവും ആയിരുന്നു.[1] ഇന്ത്യയുടെ ഊർജ്ജസമനിലയിൽ, വ്യാപാരപ്രധാനമായ ഊർജ്ജത്തിൻെറ ആകെയുള്ള ഉറവിടങ്ങൾപോലെതന്നെ പ്രധാനമാണ് ഉണക്കവളവും കാർഷികാവശിഷ്ടവും എന്ന് ഇതിൽനിന്നു കാണാം.

വൈദ്യുത വ്യവസായം വികസിച്ചിട്ടില്ലാത്തതുകൊണ്ട് ഇന്ത്യയിലെ 300 മില്യനിലധികം ആളുകളുടേയും 200 മില്യനിലധികം കന്നുകാലികളുടെയും പ്രയത്നം വ്യർത്ഥമാകുന്നു; മണ്ണൊലിപ്പിന്റേയും വെള്ളപ്പൊക്കത്തിൻെറയും പ്രശ്നം ഗുരുതരമാകത്തക്കതരത്തിൽ വൃക്ഷങ്ങൾ നശിപ്പിക്കുകയും, പ്രതിവർഷം 60 മില്യൻ ടൺ തടി വിറകിനുവേണ്ടി കത്തിച്ചുകളയുകയും ചെയ്യുന്നു. വളം വളരെ അത്യാവശ്യമുള്ള ഇന്ത്യ 400 മില്യൻ ടൺ കാലിവളമാണ് (കൽക്കരിയുടെ തോതനുസരിച്ച് 46 മില്യൻ ടൺ) വിറകിനായി ഉപയോഗിക്കുന്നത്.

1 മൂന്നാം പഞ്ചവത്സരപദ്ധതി, പേജ് 194.

1960-61 ൽ ഇന്ത്യക്കാവശ്യമായി വന്ന ഊൎജ്ജത്തിൽ 39 4 ശതമാനം മാത്രമാണ് കൽക്കരി, എണ്ണ, ജലം എന്നിവയിൽനിന്നും ലഭിച്ചതു്. (കൽക്കരിയുടെ തോതനുസരിച്ച് 65 മില്യൻ ടൺ)[1]

വ്യാപാരപ്രധാനമായ ഊൎജ്ജത്തിൻെറ പ്രതിശീർഷ ഉപഭോഗത്തിൽ മററു രാജ്യങ്ങളെക്കാൾ വളരെ പിന്നിലാണ് ഇന്ത്യ. 1960-ൽ ഇതു് 0.140 ടൺ (കൽക്കരിയുടെ തോതനുസരിച്ച്) ആയിരുന്നു. ലോകത്താകെയുള്ളതിൻെറ ശരാശരി കണക്കാക്കുമ്പോൾ അതിൻെറ പത്തിലൊന്നും, അമേരിക്കയുടെ സ്ഥിതി നോക്കുമ്പോൾ അമ്പത്തിയേഴിൽ ഒന്നും വരുമതു്.[2] വാണിജ്യപ്രധാനമല്ലാത്ത ഊൎജ്ജത്തിൻെറ ഉറവിടങ്ങളുടെ കാര്യമെടുത്താലും, ലോകശരാശരി തോതിനു താഴെയാണ് ഇന്ത്യ നിൽക്കുന്നതെന്ന് മനസ്സിലാകും. 1960-61 ൽ വാണിജ്യപ്രധാനമല്ലാത്ത ഊൎജ്ജത്തിന്റെ പ്രതിശീഷഉപഭോഗം ഇന്ത്യയിൽ 0.56 ടൺ (കൽക്കരിയുടെ തോതനുസരിച്ച) മാത്രമായിരുന്നു.[3]

---

1 മൂന്നാം പഞ്ചവത്സര പദ്ധതി, പേജ് 194.

2 വേൾഡ് എനർജി സപ്ലൈസ്, 1957-60, സ്റ്റാററിസ്റ്റിക്കൽ പേപ്പേഴ്സ്, സീരിയൽ 1, നമ്പർ 5, യു. എൻ. സ്റ്റാററിസ്റ്റിക്കൽ ഓഫീസ്, ന്യൂയോർക്ക്, 1962, പേജ് 8-37.

3 മൂന്നാം പഞ്ചവത്സര പദ്ധതി, പേജ് 194.

**(വാണിജ്യപ്രധാനമായ ഊർജ്ജത്തിന്റെ പ്രതി ശീഷ ഉപഭോഗം 1960-ൽ[1]**

(ടൺ, കൽക്കരിയുടെ തോതനുസരിച്ച്)

| | | |
|---|---|---|
| ലോകത്താകെയുള്ള ഉപഭോഗം | ... | 1,405 |
| അമേരിക്ക | ... | 8,013 |
| ബ്രിട്ടൻ | ... | 4.920 |
| ജപ്പാൻ | ... | 1,164 |
| ടർക്കി | ... | 0.237 |
| ഇന്ത്യ | ... | 0.140 |
| ഫിലിപ്പൈൻസ് | ... | 0.138 |
| പാകിസ്ഥാൻ | ... | 0.067 |

ദീർഘകാലത്തെ ബ്രിട്ടീഷ് ഭരണം ഇന്ത്യയിലെ വ്യാപാരപ്രധാനമായ ഊർജ്ജത്തിന്റെ ഉപഭോഗരീതിയേയും സാരമായി ബാധിക്കുകയുണ്ടായി. അന്ന് കല്ക്കരി (ഹാർഡ് കോക്) മാത്രമാണ് വാണിജ്യപ്രധാനമായ ഊർജ്ജത്തിന്റെ ഉറവിടമായി ഇന്ത്യയ്ക്കു് ഉണ്ടായിരുന്നതു്. പെട്രോളിയം പോലെ ഊർജ്ജോല്പാദനത്തിൽ പ്രതീക്ഷക്കു വകയുള്ള ഉറവിടങ്ങൾ കോളനിമേധാവികളുടെ ഭരണകാലത്തെ താഴ്ന്ന നിലവാരത്തിലുള്ള സാമ്പത്തിക വികസനം വഴി തടയപ്പെട്ടു. സാമ്പത്തിക സ്വാതന്ത്ര്യം നേടാനും ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികൾ പൂർത്തിയാക്കാനും റോഡു

1 വേൾഡ് എനർജി സപ്ലൈസ്, 1957-60, പേജ് 8-37.

മാർഗ്ഗവും ജലമാർഗ്ഗവും ആകാശമാർഗ്ഗവും ഉള്ള ഗതാഗതം വികസിപ്പിക്കാനുംവേണ്ടി ഇന്ത്യ നടത്തിയ ശ്രമങ്ങൾ ഇന്ത്യയുടെ വാണിജ്യപ്രധാനമായ ഊർജ്ജത്തിന്റെ ഉപഭോഗരീതിയിൽ മാററങ്ങൾ വരുത്തിയിട്ടുണ്ട്.

ഊർജ്ജ സമനിലയിൽ കല്ക്കരിക്കുള്ള (ഹാർഡ് കോൾ) പങ്ക് കുറഞ്ഞപ്പോൾ ദ്രവ ഇന്ധനത്തിന്റെയും ജലവൈദ്യുതിയുടേയും പങ്ക് കൂടുകയുണ്ടായി. വാണിജ്യ പ്രധാനമായ ഊർജ്ജത്തിന്റെ ഉപഭോഗത്തിൽ കല്ക്കരിക്ക് 1949-ൽ 85.1 ശതമാനം പങ്കുണ്ടായിരുന്നത് 1960-ൽ 78.6 ശതമാനമായി കുറഞ്ഞു;[1] ഇതേ സമയത്ത് ദ്രവഇന്ധനത്തിന്റെ പങ്ക് 10.7 ശതമാനത്തിൽ നിന്ന് 14.2 ശതമാനമായും, ജലവിദ്യുച്ഛക്തിയുടെ പങ്ക് 4.2 ശതമാനത്തിൽനിന്ന് 7.2 ശതമാനമായും വർദ്ധിച്ചു.[2]

---

1 വേൾഡ് എനർജി സപ്ലൈസിൽ നിന്ന്. സ്റ്റാററിസ്റ്റിക്കൽ പേപ്പേഴ്സ്, സീരിയൽ നമ്പർ 1, യുണൈറഡ് നേഷൻസ്, ന്യൂയോർക്ക്, 1952.

നവമ്പർ 5-1960 ലെ കണക്ക്. ആയിരം കിലോവാട്ട് ജലവിദ്യുച്ഛക്തി 0.6 ടൺ കല്ക്കരിക്കു തുല്യമായി കണക്കാക്കിയിരിക്കുന്നു.

2 മററ നിരവധി എസ്റ്റിമേററുകളും ലഭ്യമാണ്. വാണിജ്യപ്രധാനമായ ഊർജ്ജത്തിന്റെ മൊത്തത്തിലുള്ള ഉപഭോഗത്തിൽ (കൽക്കരിയുടെ തോതനുസരിച്ച് 186 മില്യൻ ടൺ) കല്ക്കരിയിൽനിന്ന് 76 ശതമാനവും, ജലവൈദ്യുതിയിൽനിന്ന് 4 ശതമാനവും, എണ്ണയിൽനിന്ന് 20 ശതമാനവും ഊർജ്ജമാണ് 1959-ൽ ലഭിച്ചതെന്ന് നാഷണൽ കൌൺസിൽ

1948 നും 1963 നും ഇടയ്ക്കു് പെട്രോളിയം ഉല്പന്നങ്ങളുടെ ഉപഭോഗം 2.2 മില്യൻ ടണ്ണിൽനിന്നു് 10.6 മില്യൻ ടണ്ണായി വർദ്ധിച്ചു ; അതായതു് ഏകദേശം അഞ്ചിരട്ടിയുടെ വർദ്ധനവുണ്ടായി.

ടേബിൾ 4*

**(എണ്ണയുൽപ്പന്നങ്ങളുടെ ഉപഭോഗം—ഇന്ത്യയിൽ മില്യൻ ടണ്ണുകളിൽ)**

| | | |
|---|---|---|
| 1948 – 2.2 | 1954 – 4.0 | 1960 – 7.6** |
| 1949 – 2.8 | 1955 – 4.5 | 1961 – 8.5*** |
| 1950 – 3.0 | 1956 – 4.9 | 1962 – 9.5**** |
| 1951 – 3.6 | 1957 – 5.3 | 1963 – 10.6***** |
| 1952 – 3.6 | 1958 – 5.7 | |
| 1953 – 3.8 | 1959 – 6.4 | |

ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ച് വെളിപ്പെടുത്തുന്നു. (ഓയിൽ ഡയറി, വോളിയം 30, ജൂലൈ 25) 1962 പേജ് 2 ) ഇന്ത്യൻ ജിയോളജിസ്റ്റ് ഡബ്ളിയു. ബി. മിത്ര, മൊത്തത്തിലുള്ള ഊർജ്ജ ഉപഭോഗത്തിൽ എണ്ണയ്ക്കുള്ള പങ്കിനെപ്പററി ഇങ്ങനെ പറയുന്നു: 1947-8 ശതമാനം, 1952-11 ശതമാനം, 1956-14 ശതമാനം 1961-15 ശതമാനം (ദി പെട്രോളിയം ട്രേഡ് ജേർണൽ, ഫെബ്രുവരി 1962, പേജ് 22).

* ഇന്ത്യൻ പെട്രോളിയം ഹാൻഡ്ബുക്ക്, 1962, പെട്രോളിയം ഇൻഫർമേഷൻ സർവ്വീസ്, ന്യൂഡൽഹി, പേജ് 53.

** വിദേശക്കപ്പലുകളുടെ ബങ്കറിലേയ്ക്കു് ആവശ്യമുള്ളതുൾപ്പടെ

*** ഓയിൽ ഡയറി, ആഗസ്റ്റ് 1, 1962.

**** നാലാം വാർഷിക റിപ്പോർട്ട്, 1962-63. ഇന്ത്യൻ ഓയിൽ കമ്പനി ലിമിററഡ്, സെപ്ററമ്പർ. 1963, ബോംബെ, പേജ് 13

***** ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഡിസമ്പർ 30, 1963.

ഈ അടുത്ത കാലത്തു് ഇന്ത്യയുടെ എണ്ണയുൽപ്പന്ന ഉപഭോഗനിരക്കു്, മുതലാളിത്ത രാജ്യങ്ങളിലെ ശരാശരി തോതിലും (പ്രതിവർഷം 6.5 ശതമാനവും [1] 10.6 ശതമാനവും – രണ്ടാമത്തേതു് ഇന്ത്യയിൽ) അധികമായി ഉയന്നു. ഇന്ത്യക്കു് ഇക്കാര്യത്തിലുള്ള പുരോഗതി താരതമ്യേന ത്വരിതഗതിയിലായിരുന്നു. എന്നാൽ, വാണിജ്യപ്രധാനമായ ഊർജ്ജത്തിൻെറ ഉപഭോഗനിരക്കിൽ, മററു മുതലാളിത്ത രാജ്യങ്ങളെ അപേക്ഷിച്ചു് മന്ദഗതിയിലുള്ള മാററമേ ഇന്ത്യക്കുണ്ടായുള്ളു. വാണിജ്യപ്രധാനമായ ഊർജ്ജത്തിൻെറ ഉറവിടത്തിൽ കല്ക്കരി പ്രധാനമായ, എണ്ണയുൽപ്പാദനം കുറവായ, പശ്ചിമയൂറോപ്പിൽ എണ്ണയിൽ നിന്നും വാതകങ്ങളിൽ നിന്നുമുള്ള ഊർജ്ജത്തിന്റെ ഉല്പാദനം 1949–ൽ നിന്നു് 1960–ൽ എത്തിയപ്പോഴം 10 ശതമാനത്തിൽ നിന്നു് 28 ശതമാനമായി വർദ്ധിച്ചു; എന്നാൽ ഇന്ത്യക്കു് ഇക്കാര്യത്തിൽ 11 ശതമാനത്തിൽനിന്നു് 14 ശതമാനത്തിലേക്കുള്ള വർദ്ധനവേ നേടാൻ കഴിഞ്ഞുള്ളൂ. [2]

---

1 യുണൈറററഡ് സ്റ്റേററ്സ് ഡിപ്പാർട്ടുമെൻററ് ഓഫ് ദി ഇൻറീരിയർ, ബ്യൂറോ ഓഫ് മൈൻസ്, വേൾഡ് പെട്രോളിയം സ്റ്റാററിസ്റ്റിക്സ്.

2 ഇക്കാലത്തു് ലോകത്തൊട്ടാകെ, എണ്ണയിൽനിന്നും വാതകങ്ങളിൽനിന്നുമുള്ള ഉർജ്ജോല്പാദനം 38 ശതമാനത്തിൽനിന്നു് 42 ശതമാനമായി വർദ്ധിച്ചു. എന്നാൽ, ഇന്ത്യയെപ്പോലെ, എണ്ണപ്പാടങ്ങളുള്ള, ജപ്പാനിൽ ഉല്പാദനം ആവശ്യത്തിലും തീരെ കുറവായിരുന്നു അവിടെ 4 ശതമാനത്തിൽനിന്നു് 20 ശതമാനമായുള്ള വർദ്ധനവാണുണ്ടായതു്. ആയിരം കിലോവാട്ട് വിദ്യുച്ഛക്തി 0.6 ടൺ കൽക്കരിക്കു (ഹാർഡ്കോക്ക്) തുല്യ

## ദ്രവഇന്ധനത്തിന്റെ ആവശ്യകത

ഏതു സമ്പത്‌വ്യവസ്ഥയിലും പെട്രോളിയത്തിനു് വലിയ പ്രാധാന്യമുണ്ടു്. കാരണം, എല്ലാത്തരം ആധുനിക ഗതാഗതവും ഇന്നു് ദ്രവഇന്ധനത്തെയാണു് ആശ്രയിക്കുന്നതു്; മോട്ടോർ വാഹനങ്ങൾ, റോഡുനിർമ്മാണത്തിനുള്ള യന്ത്രങ്ങൾ, കടലിലും നദിയിലും ഓടുന്ന വാഹനങ്ങൾ, വിമാനങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനത്തിനാവശ്യമായ ഊർജ്ജം ലഭിക്കാനുള്ള ഏകമാർഗ്ഗം, പെട്രോൾ, പാരഫിൻ, ബ്ലാക്ക് ഓയിൽ, ഡീസൽ ഓയിൽ, ജററ്‌എൻജിൻഫ്യൂവെൽ എന്നിവയാണു്. കല്ക്കരിയെക്കാൾ കൂടുതൽ സൗകര്യപ്രദമാണു് പെട്രോളിയം. ഓരോ അളവിലുമുള്ള യൂണിററിനു് പെട്രോളിയത്തിന്റെ താപമൂല്യം (കലോറിഫിക് വാല്യു) കൂടുതലുമാണു്. അതുകൊണ്ടു്, ശതാബ്ദങ്ങളായി കൽക്കരി മാത്രം ഇന്ധനമായി ഉപയോഗിച്ചുപോന്ന കപ്പൽഗതാഗതം, ട്രെയിൻ ഗതാഗതം എന്നീ ഗതാഗതരംഗങ്ങളിൽ എണ്ണയ്ക്കു് അതിദ്രുതം സ്ഥാനം ലഭിച്ചു[1]

---

മാണു് എന്ന ഫോർമുല പരിഗണിക്കാതിരുന്നാൽ, 1960-ൽ ഇന്ത്യയിലേയും ജപ്പാനിലേയും ലോകത്തിലേയും ഈ കണക്കു് യഥാക്രമം 15 ശതമാനം, 36 ശതമാനം, 46 ശതമാനം എന്നിങ്ങനെയാണെന്നു് കാണാം. നോക്കുക-വേൾഡ് എനർജിസപ്ലൈസ്, സ്റ്റാററ്റിസ്റ്റിക്കൽ പേപ്പേഴ്‌സ്, സീരിയൽ 1, നമ്പർ 1 വേൾഡ് എനർജിസപ്ലൈസ്, 1957-1960, സ്റ്റാററിസ്റ്റിക്കൽ പേപ്പേഴ്‌സ്, സീരിയൽ 1, നമ്പർ 5.

1 എണ്ണ ഉപയോഗിക്കുന്ന മർച്ചന്റ് ടണ്ണേജ് (സ്റ്റീം ആൻഡ് മോട്ടോർ) ലോകത്തു് 1914-ൽ 3 ശതമാനമായിരുന്നതു്

വ്യവസായം, കൃഷി, ഊർജ്ജംകൊണ്ടുള്ള പ്രവർത്തനങ്ങൾ, എന്നിവയ്ക്ക് കൂടുതൽ കൂടുതൽ എണ്ണയും എണ്ണയുൽപ്പന്നങ്ങളും ഉപയോഗിച്ചു വരികയാണ്. വീടുകളിൽ വെളിച്ചവും ചൂടും നൽകുന്നതിൽ ദ്രവഇന്ധനത്തിനു ഒരു പ്രധാന പങ്കുണ്ട്.[1]

ഇതു് കഥയുടെ ഒരു ഭാഗം മാത്രമാണ്. വ്യവസായത്തിലും കൃഷിയിലും ഉപയോഗിക്കുന്ന ഉപകരണങ്ങൾ ചലിപ്പിക്കാനാവശ്യമായ ലൂബ്രിക്കേറ്റിംഗ് ഓയിലും ഗ്രീസും ഉൽപ്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന അസംസ്കൃതസാധനം പെട്രോളിയമാണ്. ഇതു് രാസവ്യവസായത്തിലെ ഏറ്റവും പ്രധാനപ്പെട്ട അസംസ്കൃതസാധനമായി വരികയാണ്. പെട്രോളിയത്തിൽനിന്നു്

---

1961-ൽ 95 ശതമാനമായി വർദ്ധിച്ചു. (പെട്രോളിയം പ്രസ്സ് സർവ്വീസ്, ലണ്ടൻ, മാർച്ച് 1962, പേജ് 103) അമേരിക്കയിൽ ഡീസൽ ഇലക്ട്രിക് തീവണ്ടി യന്ത്രങ്ങൾ 1945-ൽ 9 ശതമാനമായിരുന്നതു് 1959-ൽ 96 ശതമാനമായി വർദ്ധിച്ചു. (പെട്രോളിയം ഫാക്ട്സ് ആന്റ് ഫിഗേഴ്സ്, 1959, പേജ് 355, 1961 പേജ് 218)

1 ലോകത്തെ പ്രധാന ഉപഭോഗരംഗങ്ങളിൽ വാണിജ്യപ്രധാനമായ ഉറവിടമായി 1955-ൽ ദ്രവഇന്ധനം ഉപയോഗിച്ചിരുന്നതിന്റെ കണക്ക് ഇങ്ങനെയാണ്: (മൊത്തം ഉപയോഗിച്ച വാണിജ്യ പ്രധാനമായ ഊർജ്ജത്തിന്റെ ശതമാനം ) വ്യോമ-റോഡ് ഗതാഗതം, കൃഷി, ആയുധനിർമ്മാണ വ്യവസായം 100; മർച്ചന്റ് മറൈൻ 93; റെയിൽവേ 18; വീട്ടാവശ്യം 17; വ്യവസായം 16; വൈദ്യുതവ്യവസായം 8, (എൻ. ബി. ഗുയാൽ, ദി റോൾ ഓഫ് പെട്രോളിയം ഇൻ വേൾഡ് എനർജി സപ്ലൈസ്, സെക്ഷൻ IX, പേപ്പർ 4, ന്യൂയോർക്ക് 1959, പേജ് 3)

ആയിരത്തിലധികം ഉൽപ്പന്നങ്ങൾ ലഭിക്കുന്നു. വിവിധ തരത്തിലുള്ള ആയിരത്തിലധികം സാധനങ്ങൾ ഇതു കൊണ്ടുണ്ടാക്കാൻ കഴിയും. സിവിലിയന്മാരുടേയും സൈനികരുടേയും ആവശ്യങ്ങൾക്ക് ഇതു ഉതകുന്നു.[1] സിന്തറ്റിക് റബ്ബർ, സ്ഫോടകസാധനങ്ങൾ, പ്ലാസ്റ്റിക്സ്, രാസവളങ്ങൾ, മനുഷ്യനിർമ്മിതമായ നാരുകൾ (ഫൈബർ), ചായങ്ങൾ എന്നിവ പെട്രോളിയം പ്രാഥമിക അസംസ്കൃതപദാർത്ഥമായി ഉപയോഗിച്ച് നിർമ്മിക്കുന്ന സാധനങ്ങളിൽ ചിലതാണ്.[2]

അമേരിക്കയിൽ 1960-ൽ ഉൽപ്പാദിപ്പിക്കപ്പെട്ട രാസപദാർത്ഥങ്ങളുടെ അളവിൽ 29 ശതമാനവും വിലയിൽ 61 ശതമാനവും വരുമായിരുന്നു പെട്രോകെമിക്കൽസ്. രാസവ്യവസായത്തിൽ പെട്രോളിയം അസംസ്കൃത സാധനങ്ങൾ എന്തുമാത്രമാണ് ഉപയോഗിക്കപ്പെടുന്നതെന്ന് ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്.[3]

---

1 ഹാൻഡ് ബുക്ക് ഓഫ് പെട്രോളിയം ഇൻഡസ്ട്രി, ലണ്ടൻ, 1958, പേജ് 162

2 പെട്രോകെമിക്കൽസ് പ്രധാനമായും ഉപയോഗിക്കപ്പെടുന്ന രംഗങ്ങൾ ഇവയാണ് (ശതമാനത്തിൽ) : സിന്തറ്റിക്റബ്ബർ ഇൻഡസ്ട്രി..20; മോട്ടോർവാഹന-വിമാനവ്യവസായങ്ങൾ..17; സിന്തറ്റിക് ഫൈബർ ഇൻഡസ്ട്രി.... 15, പ്ലാസ്റ്റിക്സ്....14; കൃഷി.... 11; ഡിറ്റർജൻറ്സ്........9; റൂഫിംഗ്മെറ്റീരിയൽസ്....8; സ്ഫോടകസാധനങ്ങൾ ....2; ഭക്ഷണസാധനങ്ങൾ....2; മററുള്ളത്....2, (ഇൻഡസ്ട്രി ഡ്യൂ പെട്രോൾ, 1960)

3 ഓയിൽ ആൻഡ് ഗ്യാസ് ജേർണൽ, നമ്പർ 20, 1961, പേജ് 129

1960–ൽ അമേരിക്ക പെട്രോളിയം അസംസ്കൃത സാധന ങ്ങളിൽ നിന്നാണ് 85 ശതമാനം സിന്തററിക് റബ്ബറും 100 ശതമാനം പോളിത്തിലിനും പോളിപ്രോപലിനും, 87 ശതമാനം ഈതൈൽ ആൽക്കഹോളും, 100 ശത മാനം മീതൈൽ ആൽക്കഹോളും, 99 ശതമാനം ആസെ ററിക് ആസിഡും, ആസെററിക് ഹൈഡ്രൈഡും, 50 ശതമാനം ഗ്ലിസറിനും, 97 ശതമാനം അമോണിയായും യൂറിയായും—കൃത്രിമവളം നിർമ്മിക്കാനുള്ള പ്രാഥമിക ഉൽപ്പന്നം—ഉണ്ടാക്കിയത്.[1]

പ്രകൃതി വാതകങ്ങളും അതുമായി ബന്ധപ്പെട്ട ഗ്യാസുകളും ധാരാളമായി ഉപയോഗത്തിൽവന്നു. മുത ലാളിത്തരാജ്യങ്ങളിലെ ഊർജ്ജസമനിലയിൽ ഇതിനുള്ള പങ്ക് 1937–ൽ 5 ശതമാനമായിരുന്നത് 1960–ൽ 15 ശതമാനമായി വർദ്ധിച്ചു. മററുള്ള ഇന്ധനങ്ങളെക്കാൾ കൂടുതലായി ലഭിക്കുന്ന സൗകര്യങ്ങൾക്കു പുറമേ വിലക്കു റവ്, സാക്ഷേപിക്കാനുള്ള എളുപ്പം, താരതമ്യേന കൂടു തൽ താപമൂല്യം എന്നിവയുള്ളതുകൊണ്ട്, ഇന്ധനങ്ങ ളുടെ കൂട്ടത്തിൽ പ്രകൃതിവാതകത്തിനും സ്ഥാനംലഭിച്ചു.[2] പ്രകൃതി വാതകത്തെ അതിൻെറ ആദ്യമുള്ള അളവിൽ നിന്ന് 0.17 ശതമാനമായി ദ്രവരൂപത്തിൽ ആക്കാവു ന്നതാണ്. ഇതു് ഉപയോഗപ്പെടുത്താൻ (വിശേഷിച്ചു

---

1 പെട്രോളിയം റിഫൈനർ, ജനുവരി 1962, പേജ് 158

2 പ്രകൃതി വാതകത്തിൻെറ താപമൂല്യം ബ്ലാക്ക്ഓയിലിനേക്കാൾ 10 ശതമാനവും, കൽക്കരിയെക്കാൾ 50 ശതമാനവും, കൃത്രിമ വാതകങ്ങളെക്കാൾ 150 ശതമാനവും കൂടുതലാണ്.

ആട്ടോമേഷൻ പ്രക്രിയ) എളുപ്പവുമാണു്. പെട്രോളിയത്തോടൊപ്പം, പ്രകൃതിവാതകവും പെട്രോകെമിക്കൽ വ്യവസായത്തിനാവശ്യമായ അസംസ്കൃതസാധനമാണു്.

* * *

വ്യവസായവല്ക്കരണം നേടിയ രാജ്യങ്ങളിൽ, ഗതാഗതത്തിലാണു് എണ്ണയുല്പന്നങ്ങളിൽ ഭീമഭാഗവും ഉപയോഗിക്കപ്പെടുന്നതു്. എന്നാൽ, ഇന്ത്യയിലെ ഗതാഗതത്തിൽ ദ്രവഇന്ധനം പ്രധാനമായി ഉപയോഗിച്ചു തുടങ്ങിയതു് അടുത്ത കാലത്തുമാത്രമാണു്. അതിനു മുമ്പു് എണ്ണയുൽപന്നങ്ങളിൽ അധികഭാഗവും വീട്ടാവശ്യത്തിനു്–കൂടുതലായും ലൈറ്റിനും പാചകത്തിനും–ആണു് ഉപയോഗിച്ചു പോന്നതു്. 1955–ൽ ഇന്ത്യയിലെ ദ്രവ ഇന്ധനങ്ങളിൽ 35 ശതമാനവും വീട്ടാവശ്യങ്ങൾക്കായി ഉപയോഗിച്ചു; അന്നു് ഗതാഗതത്തിനായി ഉപയോഗിച്ചതു് 30 ശതമാനമായിരുന്നു.[1] 1960 ആയപ്പോൾ ഈ സ്ഥിതി മാറി. 1959–ൽ ഗതാഗതത്തിനു് 32 ശതമാനത്തിലധികം ദ്രവഇന്ധനം ഉപയോഗിച്ചു. അപ്പോൾ വീട്ടാവശ്യങ്ങൾക്കെടുത്തതു് 28·5 ശതമാനം ദ്രവഇന്ധനമായിരുന്നു. (ടേബിൾ 2 നോക്കുക)

---

1 ഡിമാൻഡ് ഫോർ എനർജി ഇൻ ഇന്ത്യാ 1960–75, നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ച്, ബോംബെ 1960.

ടേബിൾ 2

(ദ്രവഇന്ധനത്തിന്റെ മുഖ്യഉപഭോക്താക്കൾ 1959* ടണ്ണ്)

| | എണ്ണയുടെ തോതിൽ | ശതമാനം |
|---|---|---|
| കൃഷി .... | 295,000 | 4·5 |
| വ്യവസായം ... | 1,400,000 | 21·1 |
| ഗതാഗതം .... | 2,138,000 | 32·2 |
| മോട്ടോർ വാഹനങ്ങൾ ... | 1,835,000 | |
| വിമാനങ്ങൾ ... | 187,000 | |
| റെയിൽവേ ... | 70,000 | |
| കപ്പൽ ... | 46,000 | |
| വീട്ടാവശ്യം ... | 1,894,900 | 28·5 |
| മററുള്ളവ (ഇലക്ട്രിക് പവ്വർ സ്റ്റേഷൻസ്, ലൂബ്രിക്കന്റ്സ് തുടങ്ങിയ ... | 906,000 | 13·7 |
| മൊത്തം | 6,633,000 | 1,00·0 |

എണ്ണയുൽപ്പന്നങ്ങൾ പ്രധാനമായും ഉപയോഗിക്കപ്പെടുന്നത് റോഡ് ഗതാഗതത്തിലാണ്. ഇന്ത്യയിലെ എല്ലാ തരം ഗതാഗതങ്ങൾക്കുമായി 1959-ൽ ചിലവായ

---

* നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ച് 1962-ൽ പ്രസിദ്ധീകരിച്ച '1960-ലെ ഇന്ത്യയുടെ ഊർജ്ജിതത്തിന്റെ ആവശ്യം' എന്ന ഗ്രന്ഥത്തിൽ നിന്ന കണക്കാക്കിയത്.

എണ്ണയുൽപ്പന്നങ്ങളിൽ 86 ശതമാനമാണ് റോഡ് ഗതാഗതങ്ങളിൽ ഉപയോഗിച്ചത്. രണ്ടാം സ്ഥാനം വിമാനങ്ങൾക്കാണ്. (ഏകദേശം 9 ശതമാനം) മൂന്നും നാലും സ്ഥാനങ്ങൾ യഥാക്രമം റെയിൽവേയ്ക്കും (3.3 ശതമാനം) കപ്പലുകൾക്കും (2·5 ശതമാനം) ആണ്.

1959-ൽ വ്യവസായങ്ങളിൽ 1,400,000 ടൺ എണ്ണയുൽപ്പന്നങ്ങളാണ് (മൊത്തത്തിലുള്ളതിൻെറ 20 ശതമാനം) ഉപയോഗിച്ചത്. വ്യവസായങ്ങൾക്കായി ചിലവായ എണ്ണയുൽപ്പന്നങ്ങളിൽ ഏകദേശം 15 ശതമാനം (1955-ലെ കണക്ക്) ടെക്സ്റ്റൈൽ മില്ലുകൾക്കാണ് വേണ്ടി വന്നത്.

യന്ത്രവൽകൃത കൃഷിസമ്പ്രദായം പ്രാരംഭദശയിലായതുകൊണ്ട്, കൃഷിയന്ത്രങ്ങൾക്കായി കുറച്ച് എണ്ണയുൽപ്പന്നങ്ങൾ മാത്രമേ ഇന്ത്യ ഉപയോഗിച്ചിരുന്നുള്ളു. 1955–56 ൽ കൃഷിക്കു പററിയ സ്ഥലത്തിൻെറ 3 ശതമാനം മാത്രമാണ് യന്ത്രം ഉപയോഗിച്ചു കൃഷിചെയ്തത്. 1959-ൽ ഇന്ത്യയിലെ കൃഷിക്കായി 295,000 ടൺ എണ്ണയുൽപ്പന്നങ്ങൾ (എണ്ണയുടെ തോതിൽ) ഉപയോഗിക്കപ്പെട്ടു. ദ്രവഇന്ധനത്തിൻെറ മൊത്തത്തിലുള്ള ഉപഭോഗത്തിൻെറ 4.5 ശതമാനം വരുമിത്. (ടേബിൾ 2 നോക്കുക)

ദ്രവഇന്ധനത്തിൻെറ മൂന്നിലൊന്നു ഭാഗവും വിളക്കുകത്തിക്കുന്നതിനായി ഉപയോഗിക്കപ്പെടുന്നു. അതുകൊണ്ട്, പാരഫിന് വലിയ പ്രാധാന്യമാണുള്ളത്.

KOTTAYAM PUBLIC LIBRARY
KOTTAYAM.
77051

പാരഫിൻെറ ഉപഭോഗത്തിൽ ഒന്നാം സ്ഥാനം അമേരിക്കയ്ക്കും, രണ്ടാം സ്ഥാനം ക്യാനഡായ്ക്കും, മൂന്നാം സ്ഥാനം ഇന്ത്യയ്ക്കുമാണ്. 1961-ൽ 2.4 മില്യൻ ടൺ, അഥവാ ആകെ ചെലവായ എണ്ണയുൽപ്പന്നങ്ങളുടെ ഏകദേശം 30 ശതമാനം, പാരഫിൻ ഉപയോഗിച്ചതായി കണക്കാക്കുന്നു. (ടേബിൾ 3 നോക്കുക) കഴിഞ്ഞ 14 വർഷങ്ങൾക്കകം പാരഫിൻെറ ഉപഭോഗം നാലിരട്ടിയിലധികം വർദ്ധിച്ചു. പ്രതിവർഷമുള്ള ശരാശരി വർദ്ധനവ് 12.5 ശതമാനമായിരുന്നു. ഇന്ത്യയിലെ വൈദ്യുതീകരണം ശൈശവാവസ്ഥയിലാണെന്നതാണ് അതിനു കാരണം. ജനസംഖ്യയിൽ 4 ശതമാനം മാത്രമാണ് വിദ്യുച്ഛക്തി ഉപയോഗിക്കുന്നതെന്ന് സെൻട്രൽ ഫ്യൂവൽ റിസർച്ച് ഇൻസ്റ്റിട്യൂട്ടിലെ ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ കണക്കാക്കുന്നു.[1] ഇന്ത്യയിലെ 5,50,000 ഗ്രാമങ്ങളിലും നിരവധി ചെറിയ പട്ടണങ്ങളിലും വൈദ്യുത വിളക്കുകൾ ഉണ്ടായിട്ടില്ല.[2] വലിയ നഗരങ്ങളിൽപോലും, ജനങ്ങളിൽ ഗണ്യമായ വിഭാഗം പാരഫിൻ വിളക്കുകളും ചിമ്മിനികളുമാണ് ഉപയോഗിക്കുന്നത്.

---

1 ഏ. ലാഹിരി, ഏ. ഘോസൽ, റിക്വയർമെൻറ്സ് ആൻറ് റിസോഴ്സസ് ഫോർ പവ്വർ ജനറേഷൻ ഇൻ ഇൻന്ത്യ, കൽക്കട്ട, 1959, പേജ് 6.

2 ഇന്ത്യയിലെ 80 ശതമാനത്തിലധികം വീടുകളിൽ പാരഫിൻ വിളക്കുകളാണ് ഉപയോഗിക്കുന്നത് എന്നു കണക്കാക്കുന്നു. (ഇന്ത്യാ ന്യൂസ്, ആഗസ്റ്റ് 8, 1959)

ടേബിൾ 3

## എണ്ണ ഉല്പന്നങ്ങളുടെ ഉപഭോഗത്തിന്റെ വകതിരിച്ച കണക്ക്*

(1000 ടൺ)

| | 1948 | ശതമാനം | 1950 | ശതമാനം | 1960 | ശതമാനം | 1961 | ശതമാനം | 1962 | ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| മൊത്തം | 2 249 | 100 | 6,406 | 100 | 7,652 | 100 | 8,272 | 100 | 9,519 | 100 |
| പാരഫിൻ | 272 | 25.4 | 2,092 | 32.7 | 2,177 | 28.4 | 2,436 | 29·4 | 2.680 | 28.2 |
| പെട്രോൾ | 514 | 22.8 | 885 | 13.8 | 1,055 | 13.8 | 967 | 11.7 | 1,018 | 10.7 |
| ഡീസൽ ഓയിൽ | 354 | 15.8 | 1,603 | 25.0 | 1,879 | 24.5 | 2,048 | 24.8 | 2,313 | 24.2 |
| ബ്ലാക്ക് ഓയിൽ | 499 | 22.2 | 1,175 | 18.3 | 1,745 | 22.8 | 1,888 | 22.8 | 2,170 | 22.9 |
| മററുള്ളവ | 310 | 13.3 | 651 | 10 2 | 795 | 10.5 | 933 | 11.3 | 1,338 | 14.0 |

* ദി ഇന്ത്യൻ പെട്രോളിയം ഹാൻഡ് ബുക്ക്, 1962, പേജ് 35. നാലാം വാർഷിക റിപ്പോർട്ട്, 1962-63. ഇന്ത്യൻ ഓയിൽ കമ്പനി ലിമിററഡ്, സെപ്തംബർ 1963, ബോംബെ, പേജ് 13,- 1961-ലെ ഇനങ്ങളം കണക്കുകൂട്ടിയെടുത്തതാണ്. 1961-ൽ എണ്ണയുൽപ്പന്നങ്ങളുടെ ആകെയുള്ള ഉപഭോഗം 8.5 മില്യൻ ടണ്ണാണ്. (ഓയിൽ ഡയറി, ആഗസ്റ്റ് 2, 1962) കപ്പലുകളിലെ്ബങ്കറുകളിലേക്കാവശ്യമായ എണ്ണയുല്പന്നങ്ങളും 1960-ലെയും 1961-ലെയും കണക്കുകളിൽ ഉൾപ്പെടുന്നു.

ഡൽഹിയിൽപ്പോലും പകുതിയിലധികം വീടുകളിൽ വിദ്യുച്ഛക്തി ലഭിച്ചിട്ടില്ല.[1]

പാരഫിൻ ഒരു നിശ്ചിത തോതിൽ മാത്രമേ ഇന്ധനമായി (ആഹാരം പാകം ചെയ്യുന്നതിന്) ഉപയോഗിക്കുന്നുള്ളൂ. വൻനഗരങ്ങളിൽ ഇതു ഉപയോഗിക്കുന്നതിന്റെ തോതു് കൂടുതലാണെങ്കിലും (ബോംബെ 90 ശതമാനം; ഡൽഹി 73 ശതമാനം; കല്ക്കത്ത [illegible]0 ശതമാനം; മദ്രാസ് 30 ശതമാനം) ഇന്ത്യയിലെ ദേശീയ ശരാശരി 10 ശതമാനമേ വരൂ.[2] നാട്ടിൻപുറങ്ങളിൽ കാലിവളവും വിറകും പ്രധാന ഇന്ധനമായി ഉപയോഗിച്ചു പോരുന്നു. പാരഫിൻ മുഴുവൻ ഇവിടെ വിളക്കു കത്തിക്കുന്നതിനായി പ്രയോജനപ്പെടുത്തുന്നു.

ഭാവിയിൽ ഇന്ത്യയ്ക്കു എത്രമാത്രം പാരഫിൻ വേണ്ടിവരുമെന്നതു് ഗ്രാമീണവൈദ്യുതീകരണ പദ്ധതിയെ ആശ്രയിച്ചിരിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതീകരണം ചെറിയ തോതിൽ മാത്രമേ നടക്കുന്നുള്ളൂ എന്നാണ് ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികളിലെ അനുഭവങ്ങൾ സൂചിപ്പിക്കുന്നതു്. 1951 മാർച്ചിൽ നിന്നു് 1961 മാർച്ചിൽ എത്തിയപ്പോൾ വൈദ്യുതീകരണമു

1 പി. എൻ. ധർ, പെട്രോളിയം ഇൻഡസ്ട്രി ആൻഡ് ദി തേഡ് പ്ലാൻ, ഇൻസ്റ്റിട്യൂട്ട് ഓഫ് എക്കണോമിക് ഗ്രോത്തു്, ഒക്കേഷണൽ പേപ്പേഴ്സ്, നമ്പർ 1, ഡൽഹി, 1960, പേജ് 11.

2 നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ച്, ഡൊമസ്റ്റിക് ഫ്യൂവൽ ഇൻ ഇന്ത്യ, ന്യൂഡൽഹി, [illegible], പേജ് 27

ണ്ടായ ഗ്രാമങ്ങളുടെ എണ്ണം 3050 ൽ നിന്നു് 21,643 ആയി.[1] ഇങ്ങനെ രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ, ഇന്ത്യൻ ഗ്രാമങ്ങളിൽ 4 ശതമാനത്തിൽ മാത്രമേ വൈദ്യുതസൗകര്യം ഉണ്ടായുള്ളു. ഇതേ സമയത്തു് ജപ്പാനിൽ 90 ശതമാനവും സ്വീഡനിൽ 65 ശതമാനവും ആസ്ട്രേലിയായിൽ 75 ശതമാനവും ന്യൂസീലണ്ടിൽ 66 ശതമാനവും ഗ്രാമങ്ങളിൽ വൈദ്യുതീകരണം സിദ്ധിച്ചിരുന്നു.

മൂന്നാം പഞ്ചവത്സരപദ്ധതി അവസാനിക്കുമ്പോൾ ഇന്ത്യൻ ഗ്രാമങ്ങളിൽ 93 ശതമാനത്തിലും വിദ്യുച്ഛക്തി ലഭിക്കേണ്ട സ്ഥിതിയാണുള്ളതു്. ഗ്രാമീണവൈദ്യുതീകരണത്തിന്റെ ഇന്നത്തെ തോതു്, വിളക്കുകൾക്കുവേണ്ടിയുള്ള പാരഫിന്റെ ആവശ്യകത കുറയ്ക്കാൻ പോകുന്നില്ല. ഇന്ത്യയിലെ ജനസംഖ്യാവർദ്ധനവു് പരിഗണിക്കുമ്പോൾ പാരഫിന്റെ ഉപഭോഗം അടുത്ത ഏതാനും വർഷങ്ങളിൽ വർദ്ധിക്കുമെന്നു് കണക്കാക്കേണ്ടിയിരിക്കുന്നു. പാരഫിൻകൊണ്ടോ, പാരഫിനും പെട്രോളും ചേർത്തുള്ള മിശ്രംകൊണ്ടോ പ്രവർത്തിക്കുന്ന ജറ്റ്–ടർബോജറ്റ് വ്യോമഗതാഗതത്തിന്റെ വികസനം നിമിത്തം പാരഫിന്റെ ആവശ്യകത ഇനിയും വർദ്ധിക്കും.

---

1 ഗവണ്മെൻറ് ഓഫ് ഇന്ത്യ, ഇന്ത്യാ റെഫറൻസ് ആനുവൽ, 1962, പേജ് 275.

ടേബിൾ 4

## വൈദ്യുതീകരണപരിപാടി *

| ജനസംഖ്യാ വലിപ്പം (000) | ജനവാസമുള്ള പ്രദേശങ്ങൾ 1961-ലെ സെൻസസ് | മാർച്ച് വരെയുള്ള വൈദ്യുതീകരണം | | | |
|---|---|---|---|---|---|
| | | 1951 | 1956 | 1961 | 1966 (എസ്റ്റിമേറ്റ്) |
| മൊത്തം | 5,61,107 | 3,687 | 7,400 | 23,000 | 43,000 |
| 100-ൽ കൂടുതൽ | 73 | 49 | 73 | 73 | 73 |
| 50 മുതൽ 100 വരെ | 111 | 88 | 111 | 111 | 111 |
| 20-50 | 401 | 240 | 366 | 399 | 401 |
| 10-20 | 856 | 260 | 350 | 756 | 856 |
| 5-10 | 3,101 | 258 | 1,200 | 1,800 | 3,101 |
| 5 ന താഴെ | 5,56,565 | 2,792 | 5,300 | 19,861 | 38,458 |

* മൂന്നാം പഞ്ചവത്സരപദ്ധതി, പേജ് 404.

കുറിപ്പ്: 1963 മാർച്ച് 31-ന് 5000-ം അതിൽ കുറവും ജനസംഖ്യയുള്ള 29,186 ഗ്രാമങ്ങൾ ഉൾപ്പെടെ ജനവാസമുള്ള 32,500 സ്ഥലങ്ങളിൽ വിദ്യുച്ഛക്തിയുണ്ടായിരുന്നു. (ഇന്ത്യാപ്രസ്സ് ഏജൻസി, സെപ്റ്റംബർ 5, 1963.)

പാരഫിന്റെ ഉപഭോഗം 1962-ൽ 2.7 മില്യൻ ടൺ ആയിരുന്നു. മൂന്നാം പദ്ധതിയുടെ അവസാനം (1966) ഇതു് 3.4-3.6 മില്യൻ ടണ്ണായി വർദ്ധിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്; 30-35 ശതമാനത്തിന്റെ വർദ്ധനവു്.[1]

ആട്ടോമൊബൈൽ ട്രാൻസ്പോർട്ടിൽ ഹൈസ്പീഡ് ഡീസൽ എൻജിനുകൾക്കായി (ഗ്യാസ്ഓയിൽ) ട്ടാണു് പ്രധാനമായും പെട്രോളും ഡീസൽ ഓയിലും ഉപയോഗിക്കുന്നതു്. ഇന്ത്യയുടെ സാമ്പത്തിക ജീവിതത്തിൽ, മോട്ടോർ വാഹനങ്ങൾക്കു് വർദ്ധമാനവും സുപ്രധാനവുമായ പങ്കുണ്ടു്. 1950-51 നും 1960-1961 നും ഇടയ്ക്കുള്ള 11 വർഷങ്ങൾക്കകം, റെയിൽവേ വഴിക്കുള്ള ചരക്കുകയററിറക്കു് 103 ശതമാനമുയർന്നപ്പോൾ റോഡിലോടുന്ന വാഹനങ്ങൾ വഴിക്കുള്ള ചരക്കുകയററിറക്കിൽ 216 ശതമാനത്തിന്റെ വർദ്ധനവുണ്ടായി.[2] ഇതേ സമയത്തു് ട്രെയിൻവഴിക്കുള്ള യാത്രക്കാരുടെ എണ്ണം 18 ശതമാനം കൂടിയെങ്കിൽ റോഡിലെ വാഹനങ്ങൾ വഴിക്കുള്ള യാത്രക്കാർ 109 ശതമാനം വർദ്ധിച്ചു. മോട്ടോർ വാഹനങ്ങളുടെ എണ്ണം 45 ശതമാനം വർദ്ധിക്കുകയും ചെയ്തു.

---

1 ഇന്ത്യൻ പെട്രോളിയം ഹാൻഡ്ബുക്കു്, 1962, പേജ് 53, 60. നാലാം വാർഷിക റിപ്പോർട്ടു്, ഇന്ത്യൻ ഓയിൽ കമ്പനി ലിമിററഡ്, സെപ്റ്റംബർ 1963, ബോംബെ, പേജ് 13.

2 എക്കണോമിക് ടൈംസ്, ജൂലൈ 2, 1962.

1960 മാർച്ച് അവസാനം ഇന്ത്യയ്ക്ക് 580,000 മോട്ടോർ വാഹനങ്ങൾ ഉണ്ടായിരുന്നു. 256,000 കാറുകളും 150,000 ലോറികളും, 68,000 ബസ്സുകളും 72,000 മോട്ടോർ സൈക്കിളുകളും മോട്ടോർ കാറുകളും മററു തരത്തിലുള്ള 34,000 മോട്ടോർ വാഹനങ്ങളും ഇതിൽ ഉൾപ്പെടുന്നു.[1]

ഇന്ത്യയിലെ റോഡു ഗതാഗതം പ്രധാന മുതലാളിത്തരാജ്യങ്ങളിലേതുപോലെ വികസിച്ചിട്ടില്ല; എങ്കിലും അതിന് നല്ലൊരു ഭാവിയുണ്ട്. റോഡുവഴിയുള്ള ചരക്കു കയററിറക്ക് ഇററലിയിൽ 222 ശതമാനവും, ആസ്ത്രേലിയായിൽ 108 ശതമാനവും, ന്യൂസീലണ്ടിൽ 114 ശതമാനവും, ബ്രിട്ടനിൽ 127 ശതമാനവും ആണ്. എന്നാൽ ഇന്ത്യയിലതു് 20 ശതമാനം മാത്രമാണ്.[2] ഈ രംഗത്തു് സാരമായ മാററം ഉണ്ടാകുമെന്നാണ് പ്രതീക്ഷ

---

1 ഇന്ത്യൻ പെട്രോളിയം ഹാൻഡ് ബുക്ക്, 1962, പേജ് 143. 1963 ജനുവരി ഒന്നിന് 320,000 കാറുകളും 220,000 ലോറികളും, 55,000 ബസ്സുകളും ഉൾപ്പെടെ ഇന്ത്യക്ക് 595,000 മോട്ടോർ വാഹനങ്ങൾ ഉണ്ടായിരുന്നു. അന്ന് 82,000 മോട്ടോർ സൈക്കിളുകളും 90,000 ഫാംട്രാക്ടറുകളുമാണുണ്ടായിരുന്നതു്. (ആട്ടോ മൊബൈൽ ഇൻറർനാഷണൽ, മേയ് 1963, പേജ് 11).

2 ഡാ. എഫ്. പി. ആൻറിയ, റോഡ് ട്രാൻസ്പോർട്ട് മസ്റ്റ് ബി ഡവലപ്പ്ഡ് ടു കോപ് വിത്തു് എക്സ്പ്രാൻഡാഫിക് (അധികമായിവരുന്ന ട്രാഫിക്കുമായി പൊരുത്തപ്പെടത്തക്ക തരത്തിൽ റോഡുഗതാഗതം വികസിപ്പിക്കണം), ദി എക്കണോമിക് ടൈംസ്, ആഗസ്റ്റ് 9, 1962.

ഇന്ത്യയിൽ റോഡു ഗതാഗതത്തിന്, റെയിൽവേ ഗതാഗതത്തെക്കാരം കൂടുതലായി, പല സൌകര്യങ്ങളുമുണ്ട്: സാധനങ്ങരം ഒന്നാംതരം കോൺക്രീററ് റോഡുവഴി ഒരു കിലോമീററർ ദൂരം കൊണ്ടുപോകുന്നതിനുള്ള ചെലവ്, ബ്രോഡ്ഗേജ് റെയിൽവേ വഴി ഒരു കിലോമീററർ ദൂരം കൊണ്ടുപോകുന്നതിനുള്ള ചിലവിന്റെ മൂന്നിലൊന്നേ വരികയുള്ളൂ. റെയിൽവേവഴി കൊണ്ടുപോകാവുന്നതിലും വളരെ കൂടുതൽ സാധനങ്ങരം പ്രതിദിനം റോഡുവഴി കൊണ്ടുപോകാൻ കഴിയും. റെയിൽവേവഴിക്കു സാധനങ്ങരം കൊണ്ടുപോകാൻ കഴിയുന്ന ദൂരത്തിൻെറ 3 മുതൽ 7 വരെ മടങ്ങുദൂരം പ്രതിദിനം റോഡുവഴി കൊണ്ടുപോകാൻ സാധിക്കും.[1] റോഡുഗതാഗതത്തിൽ താരതമ്യേന ഉയർന്ന ചെലവു വരുന്നതു് പ്രൈംമൂവേഴ്സ്, ട്രെയ്ലേഴ്സ്, വലിയ ലോറികരം എന്നിവ ധാരാളമായി ഉപയോഗിച്ചു് കുറയ്ക്കാൻ സാധിക്കും.

മൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു് റോഡ് ഗതാഗതത്തിന് കൂടുതൽ പ്രധാനമായ ഒരു പങ്കുണ്ടാകുമെന്നാണ് ഇന്ത്യൻ സാമ്പത്തികവിദഗ്ദ്ധന്മാരുടെ പ്രതീക്ഷ. പദ്ധതിയുടെ അവസാനത്തോടെ (1965–1966) ഇന്ത്യയിലെ മോട്ടോർ വാഹനങ്ങളുടെ എണ്ണം 375,000 കാറുകളും 380,000 ലോറികളും ബസ്സുകളും

---

1 ഡാ. എഫ്. പി. ആൻറിയ, 'അധികമായി വരുന്ന ട്രാഫിക്കുമായി പൊരുത്തപ്പെടുന്ന തരത്തിൽ റോഡുഗതാഗതം വികസിപ്പിക്കണം.' ദി എക്കണോമിക് ടൈംസ്, ആഗസ്റ്റ് 9, 1962.

ഉൾപ്പെടെ 7,55,000 ആകുമെന്നു് റോഡുഗതാഗതത്തെക്കുറിച്ചുള്ള ഒരു റിപ്പോർട്ടിൽ പറയുന്നു.[1] മൂന്നാംപദ്ധതിയിൽ റോഡുവഴിയുള്ള ചരക്കു കയററിറക്കു് 120 ശതമാനം വർദ്ധിക്കേണ്ടതാണു്.[2]

ഹൈവേ നിർമ്മാണപദ്ധതിയുടെ പൂർത്തീകരണം റോഡുഗതാഗതത്തിനു് പ്രോത്സാഹനം നല്കും. 1960-ൽ ഒരു ലക്ഷം പേർക്കു് ഇററലിയിൽ 410-ം ബ്രിട്ടനിൽ 611-ം ഫ്രാൻസിൽ 2608-ം കിലോമീററർ എന്ന കണക്കിനു് ഹൈവേ ഉണ്ടായിരുന്നു. എന്നാൽ ഇന്ത്യയിലതു് 144 കിലോമീറ്ററായിരുന്നു.[3] മോട്ടോർ വാഹനങ്ങൾക്കു മഴക്കാലത്തു് സഞ്ചരിക്കാൻ പററാത്ത തരത്തിൽ ചെളി നിറഞ്ഞ 4,00,000 റോഡുകൾ ഉൾപ്പെടെ 1961 ൽ ഇന്ത്യയിൽ ആകെ 6,30,000 കിലോമീററർ റോഡാണുണ്ടായിരുന്നതു്.[4] 1961-81-ലേക്കുള്ള ഒരു വികസന പദ്ധതിയനുസരിച്ചു് പൊതു റോഡുകളുടെ ആകെയുള്ള നീളം 10,51,000 കിലോമീറ്ററായി വർദ്ധിക്കുന്നതാണു്.[5]

റോഡ് ഗതാഗതത്തിൻെറ വളർച്ച ദ്രവഇന്ധനത്തിൻെറ ഉപഭോഗം വർദ്ധിപ്പിച്ചിട്ടുണ്ടു്. ഹൈസ്പീഡ്

---

1 പി. എൻ. ധർ, പെട്രോളിയം ഇൻഡസ്ട്രി ആൻറ് ദി തേഡ് പ്ലാൻ, പേജ് 18.

2 ദി എക്കണോമിക് ടൈംസ്, ആഗസ്റ്റ് 9, 1962.

3 ,, ജൂലൈ 2, 1962.

4 സ്റ്റാററിസ്റ്റിക്കൽ ഔട്ട്ലൈൻ ഓഫ് ഇന്ത്യ, 1963, ടാററാ ഇൻഡസ്ട്രീസ് പ്രൈവററ് ലിമിററഡ്, ബോംബെ, ഏപ്രിൽ 1963, പേജ് 33.

5 മൂന്നാം പഞ്ചവത്സര പദ്ധതി, പേജ് 550.

എൻജിനുകൾക്കായുള്ള പെട്രോളിൻെറയും ഡീസലിന്റെയും വിനിയോഗം 1948-ൽ 5,42,000 ടൺ ആയിരുന്നതു് 1961-ൽ 2,302,000 ടൺ ആയി വർദ്ധിച്ചു. അതായതു് 300 ശതമാനത്തിലധികമായി.[1] 1962-ൽ ഒരു മില്യൻ ടൺ അഥവാ എണ്ണയുല്പന്നങ്ങളുടെ മൊത്തത്തിലുള്ള ഉപഭോഗത്തിൻെറ 11 ശതമാനം, പെട്രോൾ ഉപയോഗിക്കപ്പെട്ടതായി കണക്കാക്കുന്നു. 1952 മുതൽ ഇതിൻെറ ഉപഭോഗവർദ്ധനവിൻെറ നിരക്കു് മററു എണ്ണയുല്പന്നങ്ങളുടേതില്പം കുറവാണു്. 1951-ൽ പെട്രോളിൻെറ ചെലവു് 8,20,000 ടൺ ആയിരുന്നതു് 1961-ൽ 8,87,000 ടണ്ണായ വർദ്ധിച്ചുള്ളു; അതായതു് 10 ശതമാനത്തിൻെറ വർദ്ധനവു്. പെട്രോൾ ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ സ്ഥാനത്തു് ഗ്യാസ് ഓയിൽകൊണ്ടു പ്രവർത്തിപ്പിക്കുന്ന ഡീസൽ എൻജിനുകൾ വേഗം സ്ഥലം പിടിച്ചതാണു് അതിനുള്ള പ്രധാന കാരണം. ഗ്യാസ് ഓയിലിൻെറ ഉപഭോഗം 1948-ൽ 66,000 ടൺ ആയിരുന്നതു് 1961-ൽ 1.417 000 ടൺ ആയി വർദ്ധിച്ചു; അതായതു് 2000 ശതമാനം. മൊത്തത്തിലുള്ള ഉപഭോഗത്തിൽ പെട്രോളിൻെറ പങ്കു് 21 ശതമാനത്തിൽ നിന്നു് 11 ശതമാനമായി കുറഞ്ഞപ്പോൾ ഗ്യാസ്ഓയിലിന്റെ പങ്കു് 3-ൽ നിന്നു് 17ശതമാനമായി

1 ദി പെട്രോളിയം ട്രേഡ് ജേർണൽ, ഫെബ്രുവരി, 1962. പേജ് 21, ആസ്സാം ട്രിബ്യൂണൽ. ജനുവരി 1, 1962.

വർദ്ധിച്ചു. ഡീസൽ ഓയിലിന് ഇത്രവലിയ പ്രാധാന്യം ലഭിക്കാനുണ്ടായ മുഖ്യകാരണങ്ങൾ താഴെപ്പറയുന്നു:[1]

1 ഡീസൽ എൻജിനുകൾക്ക് ലൂബ്രിക്കേറ്റിംഗ് ഓയിൽ കുറച്ചു മതി.

2 ഡീസൽ എൻജിനുകൾ കൂടുതൽ കട്ടപ്പുമുള്ളവയാണ്; ദീർഘദൂരം വൻതോതിൽ സാധനങ്ങൾ കൊണ്ടുപോകുന്ന കാര്യത്തിൽ ഇതു് കൂടുതൽ പ്രയോജനപ്പെടും.

3 സ്റ്റോറേജിൽവച്ചു് ഡീസൽ ഓയിൽ അധികം ആവിയായി പോകുകയില്ല. ചൂടുള്ള കാലാവസ്ഥയിൽ ഇതിനു പ്രത്യേക പ്രാധാന്യമുണ്ടു്.

4 ഡീസൽ എൻജിനുകൾക്ക് അറ്റകുറ്റപ്പണി കുറവാണ്.

സാങ്കേതിക സൗകര്യങ്ങൾക്കു പുറമേ, കസ്റ്റംസ് തീരുവയും എക്സൈസ് നികുതിയും കുറവായതുകൊണ്ടു് ഡീസൽ ഓയിൽ ഗണ്യമായ തരത്തിൽ ലാഭകരമാണ്.[2] 1958-ൽ ഇന്ത്യയിലെ ബസ്സുകളിൽ 60 ശതമാനത്തിനും ലോറികളിൽ 30 ശതമാനത്തിനും ഡീസൽ എൻജിനുകൾ ഉണ്ടായിരുന്നു.[3]

---

1 ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്, സെപ്റ്റംബർ 2, 1960, പേജ് 6.

2 1961 സെപ്റ്റംബർ ഒടുവിൽ ബോംബെയിൽ പെട്രോളിന്റെ റീറ്റെയിൽ വില ഇമ്പീരിയൽ ഗ്യാലനൊന്നിനു് 2.99 രൂപായും, ഡീസലിന്റെ വില 2.32 രൂപായുമായി നിശ്ചയിക്കപ്പെട്ടിരുന്നു. ദി പെട്രോളിയം ട്രേഡ് ജേർണൽ, ഏപ്രിൽ 1962, പേജ് 22, 23.

3 ഈസ്റ്റേൺ എക്കണോമിസ്റ്റ്, സെപ്റ്റംബർ 2, 1960, പേജ് 6.

ഇന്ത്യയിൽ നിർമ്മിക്കുന്ന മിക്ക ബസ്സുകളിലും ലോറികളിലും ഡീസൽ എൻജിനുകളാണ് വയ്ക്കുന്നത്. ടേബിൾ 5-ൽ കാണുന്നതുപോലെ പെട്രോൾ എൻജിനുകളുള്ള വാഹനങ്ങളുടെ നിർമ്മാണം കുറഞ്ഞുവരികയാണ്.

ടേബിൾ 5

**ലോറികളുടേയും ബസ്സുകളുടേയും ഉല്പാദനം ***

| വർഷം | ലോറികൾ | | ബസ്സുകൾ | |
|---|---|---|---|---|
| | പെട്രോൾ | ഡീസൽ | പെട്രോൾ | ഡീസൽ |
| 1955 | 4,428 | 2,028 | 444 | 2,592 |
| 1956 | 4,152 | 6,768 | 240 | 3,168 |
| 1957 | 3,108 | 8,784 | 72 | 3,684 |
| 1958 | 2,868 | 8,160 | 108 | 3,996 |
| 1959 | 4,236 | 10,728 | 12 | 4,848 |
| 1960 | 4,320 | 17,100 | – | 6,108 |
| 1961 | 3,552 | 15,960 | – | 6,084 |
| 1962 | 3,384 | 17,772 | – | 5,736 |

ഇന്ത്യയിൽ മോട്ടോർ ഗതാഗതത്തിനാണ് ഡീസൽ ഓയിൽ മുഖ്യമായും ഉപയോഗിക്കുന്നത്. 1957-ൽ ഡീസലിന്റെ മൊത്തമുള്ള ഉപഭോഗത്തിൽ മൂന്നിൽ

* മന്ത്‌ലി സ്റ്റാറ്റിസ്റ്റിക്സ് ഓഫ് ദി പ്രൊഡക്ഷൻ ഓഫ് സെലക്ടഡ് ഇൻഡസ്ട്രീസ് ഓഫ് ഇന്ത്യ ഫോർ മേയ് 1963, പേജ് 58.

രണ്ടും മോട്ടോർ ഗതാഗതത്തിനുവേണ്ടിയായിരുന്നു. റോഡു നിർമ്മാണയന്ത്രങ്ങൾ, വലിയ ട്രാക്ടറുകൾ, തീവണ്ടി യന്ത്രങ്ങൾ (ലോക്കോമോട്ടീവ്സ്) കംപ്രസേഴ്സിനുവേണ്ടിയുള്ള സ്റ്റേഷനറി ലൈററ് ഡീസൽ എൻജിനുകൾ, വെൽഡിംഗ് ഉപകരണങ്ങൾ, പമ്പുകൾ തുടങ്ങിയവയ്ക്കു വേണ്ടിയും ധാരാളമായി ഡീസൽ ഓയിൽ ഉപയോഗിക്കുന്നുണ്ട്.[1]

മൂന്നാംപഞ്ചവത്സര പദ്ധതിക്കാലത്ത് വ്യവസായം, കൃഷി, റെയിൽവേ ഗതാഗതം എന്നീ രംഗങ്ങളിലേക്കുള്ള ഡീസൽ ഓയിലിന്റെ ഉപഭോഗം കൂടുന്നതാണ്. വ്യാവസായിക–കാർഷിക മേഖലകളിൽ ധാരാളമായി ഉപയോഗിച്ചുപോരുന്ന സ്റ്റേഷനറി ഡീസൽ എൻജിനുകളുടെ എണ്ണം 1955-ൽ 1.45,000 ആയിരുന്നതു് 1966-ൽ 4,00,000 ആയി വർദ്ധിക്കും. ജലക്ഷാമമുള്ളതുകൊണ്ടും കൽക്കരിലഭ്യത ചില സ്ഥലങ്ങളിൽമാത്രം ഒതുങ്ങി നില്ക്കുന്നതുകൊണ്ടും ഉത്തരപൂർവ്വദേശത്തു് ഡീസൽ തീവണ്ടി യന്ത്രങ്ങൾ ഉപയോഗിക്കാനുള്ള സാദ്ധ്യത വദ്ധിച്ചിട്ടുണ്ട്. ആവിയന്ത്രങ്ങൾക്കു (സ്റ്റീം എൻജിൻ) പകരം ഡീസൽ എൻജിനുകൾ ഉപയോഗിക്കുകയാണെങ്കിൽ, ഇന്ത്യയുടെ

---

1 1957-ൽ മൊത്തത്തിലുള്ള ഡീസൽ ഓയിലിൻെറ ഉപഭോഗം ഇങ്ങനെയായിരുന്നു: റോഡ് ട്രാൻസ്പോർട്ട്-65 ശതമാനം; വ്യവസായം (പ്രധാനമായും പുതിയവ)-15 ശതമാനം; കൃഷി-15 ശതമാനം; റെയിൽവേ ഗതാഗതം-3 ശതമാനം; മററുള്ളവ-2 ശതമാനം. (ബർമ്മാഷെൽ ഓയിൽ സ്റ്റോറേജ് ആൻറ് ഡിസ്ട്രിബ്യൂട്ടിംഗ് കമ്പനിഓഫ് ഇന്ത്യ, ലിമിററഡ്, സർവേ ഓഫ് ആക്ടിവിററീസ്സ്, 1957, പേജ് 8.

റെയിൽവേ ഗതാഗതം കൂടുതൽ കാര്യക്ഷമമാക്കാനും ചെലവ് കുറയ്ക്കാനും കഴിയും, ട്രെയിനിനുവേണ്ടി കല്ക്കരി കയററിക്കൊണ്ടുപോകുന്ന നിരവധി വാഗണുകൾ മററു തരത്തിൽ പ്രയോജനപ്പെടുത്താൻ കഴിയും. ലോഹവ്യവസായം (മെററലർജി), ഊർജ്ജോല്പാദനം (എനർജെറ്റിക്സ്) എന്നിവയ്ക്കും രാസവ്യവസായങ്ങൾക്കും മററു വ്യവസായങ്ങൾക്കും അത്യാവശ്യമുള്ള ഇന്ത്യയുടെ കൽക്കരിയിൽ മൂന്നിലൊന്നിലധികം ഭാഗം ഇന്ന് ആവിയന്ത്രങ്ങൾക്കു വേണ്ടി ചിലവാകുന്നു. രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനം ഇന്ത്യയിൽ 181 ഡീസൽ തീവണ്ടിയന്ത്രങ്ങളാണ് ഉണ്ടായിരുന്നത്.[1] ഇന്ത്യ സ്വന്തമായി തീവണ്ടിയന്ത്രങ്ങൾ നിർമ്മിച്ചു തുടങ്ങുമ്പോൾ ഈ സംഖ്യ വർദ്ധിക്കും. (മൂന്നാം പദ്ധതിക്കാലത്തു് 434 എണ്ണം) ഇതുമൂലം ഡീസൽ ഓയിലിന്റെ ഉപഭോഗം വർദ്ധിക്കുന്നതാണ്.[2]

ഹൈസ്പീഡ് എൻജിനുകൾക്കു വേണ്ടിവരുന്ന ഡീസലിനോളം മോട്ടോർ ഓയിൽ, ഫാക്ടറികൾ, ഇലക്ട്രിക് പവ്വർ സ്റ്റേഷനുകൾ, റൈസ് മില്ലുകൾ, കട്ടച്ചിൽ യന്ത്രങ്ങൾ (ജിന്നറീസ്), കടലിലും നദിയിലും ഓടിക്കുന്ന ചിലയിനം വാഹനങ്ങൾ എന്നിവയ്ക്കുള്ള മെക്കാനിക്കൽ പവ്വറിനായി ഉപയോഗിക്കാറുണ്ടു്.

ബോംബെയിലെ വ്യവസായങ്ങൾ, വിശേഷിച്ച് ടെക്സ്റ്റൈൽ മില്ലുകളാണ് ലോ സ്പീഡ് ഡീസൽ യന്ത്ര

---

1 ദി എക്കണോമിക് ടൈംസ്, ആഗസ്റ്റ് 29, 1962.
2 മൂന്നാം പഞ്ചവത്സരപദ്ധതി, പേജ് 503.

ങ്ങൾക്കായി മോട്ടോർ ഓയിൽ പ്രധാനമായും ഉപയോഗിക്കുന്നതു്. രാജ്യത്താകെ ചിലവാകുന്ന മോട്ടോർ ഓയിലിൽ പകുതി വ്യവസായങ്ങൾക്കാണു് വേണ്ടിവരിക.[1] അടുത്തതായി വരുന്നതു് ഡീസൽ ഇലക്ട്രിക് പവ്വർ സ്റ്റേഷനുകളാണു്. 1959 മാർച്ച് അവസാനത്തോടുകൂടി ഇന്ത്യയ്ക്കു് 4.3 മില്യൻ കിലോവാട്ട് ഇലക്ട്രിക് പവ്വർപ്ലാന്റ്ശേഷി ഉണ്ടാകുമെന്നായിരുന്നു കണക്കാക്കിയിരുന്നതു്. (ജനറൽ പവ്വർ പ്ലാൻറുകൾ–3.5 മില്യൻ കിലോവാട്ട്. ഫാക്ടറി പ്ലാൻറുകൾ 0.8 മില്യൻ കിലോവാട്ട്)[2] ജനറൽ പവ്വർ പ്ലാൻറുകളിൽ 75 ശതമാനം ഡീസൽ പ്ലാൻറുകളാണു്. എന്നാൽ ഇവയിൽ നിന്നു് 1958–59–ൽ മൊത്തം ലഭ്യമായ വിദ്യുച്ഛക്തിയുടെ 7.7 ശതമാനമാണു് (35,12,000 കിലോവാട്ട്) ലഭിച്ചതു്. സ്റ്റീം പ്ലാൻറുകൾ 52.7 ശതമാനവും (6,848 മില്യൻ കിലോവാട്ട്) ഹൈഡ്രോ പ്ലാൻറുകൾ 45 ശതമാനവും (5,848 കിലോവാട്ട്) വിദ്യുച്ഛക്തി നൽകിയപ്പോൾ ഡീസൽ പ്ലാൻറുകൾ 2·3 ശതമാനം (298 മില്യൻ കിലോവാട്ട്) വിദ്യുച്ഛക്തിയായിരുന്നു. നൽകിയതു്.[3] ആസ്സാം, ആന്ധ്രാപ്രദേശ്,

---

1 ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്, സെപ്തംബർ 2, 1960, പേജ് 7.

2 ജലസേചന വിദ്യുച്ഛക്തി വകുപ്പ്, ഇന്ത്യാഗവമ്മെൻറ്. ഇന്ത്യയിലെ വിദ്യുച്ഛക്തി വികസനത്തിനുള്ള പ്ലാന്നിംഗ്, എ. ഹാൻഡ് ബുക്ക് ഓഫ് ഇൻഫർമേഷൻ (ഫോർത്തു് എഡിഷൻ) ന്യൂഡൽഹി, 1961 പേജ് 24, 25.

3 ,, ,,

ഒറീസ്സാ, പഞ്ചാബ്, രാജസ്ഥാൻ, ഉത്തരപ്രദേശ് എന്നീ വിടങ്ങളിലാണ് ഡീസൽ—ഇലക്ട്രിക് പവ്വർപ്ലാൻറു കൾ അധികമായും ഉപയോഗപ്പെടുത്തിവരുന്നതു്.

കൃഷിക്കാർക്കിടയിലും കുറെ മോട്ടോർ ഓയിൽ ആവശ്യമാണ്. (ഡീസൽ മോട്ടോറുകൾ, കരിമ്പു് ആട്ടാനുള്ള യന്ത്രം, പമ്പുകൾ എന്നിവയ്ക്കുവേണ്ടി).

ദ്രവഇന്ധനത്തിൽ 5 ശതമാനം ഇന്ത്യൻ തുറമുഖങ്ങളിൽ വരുന്ന വിദേശകപ്പലുകളുടെ ആവശ്യത്തിന് ഉപയോഗിക്കുന്നു.[1]

ഇന്ത്യയിൽ ഓയിലിൻെറ ആവശ്യകത 1962-ൽ 2.3 മില്യൻ ടൺ ആയിരുന്നതു് 1966-ൽ 3.8 മില്യൻ ടണ്ണായി വർദ്ധിക്കുമെന്നു് കരുതുന്നു.[2] പെട്രോളിൻെറ ഉപയോഗം 1 മില്യൻ ടണ്ണിൽ നിന്നു് 1.9 മില്യൻ ടൺ ആയി ഉയരുമെന്നാണ് പ്രതീക്ഷ.[3]

വ്യോമഗതാഗതം വദ്ധിച്ചുവരികയാണ്. 1953-ൽ വിമാനഗതാഗതം ദേശസാല്ക്കരിച്ചപ്പോൾ യാത്രക്കാരുടെ എണ്ണം 4,00,000 ആയിരുന്നതു് 1962-ൽ 8.60,000 ആയി വർദ്ധിക്കുകയും,[4] വിമാനങ്ങളുടെ യാത്രാദൂരം 25.2 മില്യൻ കിലോമീററരായിരുന്നതു് 31 മില്യൻ കിലോമീറ്ററായി കൂടുകയും ചെയ്തു.

---

1 പി. എൻ. ധർ, പെട്രോളിയം ഇൻറസ്ട്രി ആൻറ് ദി തേഡു പ്ലാൻ, പേജ് 24.

2 നാലാം വാർഷിക റിപ്പോർട്ട്, 1962, 63, ഇന്ത്യൻ ഓയിൽ കമ്പനി, ലിമിററഡ്, സെപ്തംബർ 1963, ബോംബെ, പേജ് 13

3 ,, ,,

4 മംതലി അബ്സ്ട്രാക്ട് ഓഫ് സ്റ്റാററിററിക്സ്, മാർച്ച്-ഏപ്രിൽ 1960, പേജ് 15, ജൂലൈ 1963, പേജ് 18.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം വ്യോമഗതാഗതത്തിനാവശ്യമായ ഇന്ധനത്തിന്റെ ഉപഭോഗം വർദ്ധിച്ചു-(1948-നും 1961-നും ഇടയ്ക്കു് 500 ശതമാനത്തിന്റെ ഉയർച്ച). ഇന്ത്യൻ വ്യോമസേനയും, സിവിൽ എയർ ലൈൻസും അധികമായി ജററ്-ടർബോ ജററ് വിമാനങ്ങൾ ഉപയോഗിച്ചതാണു് അതിനു കാരണം.

വ്യോമഗതാഗതത്തിനായുള്ള ഇന്ധനത്തിന്റെ ആവശ്യകത 1961-ൽ 2,98,000 ടൺ ആയിരുന്നതു് 1966-ൽ 5,08,000 ടൺ ആകുമെന്നാണു് പ്രതീക്ഷ. ടർബോ ജററ് ഇന്ധനത്തിന്റെ ആവശ്യകത 2,30,000 ടണ്ണിൽനിന്നു് 457,000 ടൺ ആയി വർദ്ധിക്കും.

ബ്ലാക്കു് ഓയിലിനു് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ അതിപ്രധാനമായ ഒരു പങ്കുണ്ടു്. 1948-ൽ നിന്നു് 1962-ൽ എത്തിയപ്പോൾ ഇതിന്റെ ആവശ്യകത 300 ശതമാനം വർദ്ധിച്ചു(ടേബിൾ 3). വ്യവസായം (വിശേഷിച്ചു് ടെക്സ്റ്റയിലുകൾ, കെമിക്കൽസ്, സെറാമിക്സ്, സിമൻറ്, ഗ്ലാസ്സ്, ഭക്ഷണം എന്നിവ) സമുദ്രഗതാഗതം, റെയിൽവേ, ഇലക്ട്രിക് പവ്വർ സ്റ്റേഷനുകൾ എന്നിവയ്ക്കാണു് ബ്ലാക്കു് ഓയിൽ മുഖ്യമായും വേണ്ടിവരിക.[1] ഗ്ലാസ്സ്, ഗ്ലാസ്സ്‌പാത്രങ്ങൾ, സസ്യ എണ്ണ, ഭക്ഷണസാധനങ്ങൾ, കാപ്പി, തേയില എന്നിവ

1 ബ്ലാക്കു് ഓയിലിന്റെ ഉപഭോഗം 1957-ൽ (ശതമാനം): മറൈൻ ട്രാൻസ്പോർട്ടു്-33: കോസ്റ്റൽ ഷിപ്പിംഗു്-7; ടെക്സ്റ്റയിൽ മിൽസ്-22; മററുള്ളവ-38; (ബർമ്മാഷെൽ ഓയിൽ സ്റ്റോറേജ്-പേജ് 10).

യുടെ നിർമ്മാണത്തിൽ കൽക്കരി ഇന്ധനമായി ഉപയോഗിച്ചാൽ അവയുടെ ഗുണത്തിൽ കുറവുണ്ടാകുമെന്നതുകൊണ്ടു്, ബ്ലാക്ക് ഓയിലാണു് ധാരാളമായി ഉപയോഗപ്പെടുത്തിവരുന്നതു്. ഇരുമ്പു്–ഉരുക്ക വ്യവസായത്തിലും ബ്ലാക്ക് ഓയിലിനു് നല്ലൊരു പങ്കുണ്ടു്.

പ്രധാന കൽക്കരി കേന്ദ്രങ്ങളിൽനിന്നു് അകലെ സ്ഥിതിചെയ്യുന്ന ബോംബെയിലെയും മദ്രാസ്സിലെയും വ്യവസായകേന്ദ്രങ്ങളിൽ ബ്ലാക്ക് ഓയിലിന്റെ ആവശ്യകത വളരെ അധികമാണു്.[1] അവിടെ മററു പല സ്ഥലങ്ങളിലേയും പോലെ കൽക്കരി (ബീഹാറിൽനിന്നും പശ്ചിമ ബംഗാളിൽ നിന്നുമുള്ള റെയിൽവേക്കൂലികൂടി നൽകേണ്ടിവരുന്നതിനാൽ കൽക്കരിയുടെ വില വർദ്ധിച്ചിട്ടുണ്ടു്) ബ്ലാക്ക് ഓയിലുമായി മത്സരിക്കുന്നു. മദ്ധ്യേന്ത്യയിലെ കല്ക്കരിസ്ഥലങ്ങളാകെ വികസിപ്പിച്ചാൽപോലും, ദക്ഷിണേന്ത്യ, ബോംബെ, അഹമ്മദാബാദ്, പശ്ചിമതീരം, രാജസ്ഥാൻ, പഞ്ചാബ്, ഉത്തരപ്രദേശ് എന്നിവിടങ്ങളിലെ വ്യവസായകേന്ദ്രങ്ങളിൽനിന്നു് 1,000 കിലോമീററർ അകലെനിന്നു മാത്രമേ കൽക്കരി ലഭ്യമാകുകയുള്ളു.[2] കൽക്കരി വൻതോതിൽ, വളരെദൂരം കൊണ്ടു

1 ബോംബെ വ്യവസായ മേഖലയാണു് ബ്ലാക്ക് ഓയിലിൽ പകുതിയും ഉപയോഗിക്കുന്നതു്. (ദി ഈസ്റ്റേൺ എക്കണോമിസ്റ്റ് സെപ്റ്റംബർ 2, 1960, പേജ് VII)

2 കൽക്കരി ഉപയോഗിക്കുന്ന പകുതിയിലധികം ഫാക്ടറികളും മററു സ്ഥാപനങ്ങളും പ്രധാന കൽക്കരി കേന്ദ്രങ്ങളിൽനിന്നു് ആയിരത്തിലധികം കിലോമീററർ അകലെയാണു് ഇപ്പോഴും സ്ഥിതിചെയ്യുന്നതു്.

പോകേണ്ടി വരുന്നതിനാൽ, ഇന്ത്യൻ റെയിൽവേയിൽ അമിതമായി ഭാരം കയറേറണ്ടി വരുന്നു; ചില വ്യവസായങ്ങൾക്ക് അതു സ്ഥിരമായി കിട്ടാതാകുന്നു.[1] അതുകൊണ്ടാണ് പശ്ചിമേന്ത്യയിലേയും ദക്ഷിണേന്ത്യയിലേയും ഫാക്ടറികൾ ബ്ലാക്ക് ഓയിലിനെ ക്രമേണ ആശ്രയിച്ചു വരുന്നത്.[2]

കപ്പലുകൾ, വിശേഷിച്ച് ബങ്കറുകളിൽ എണ്ണ നിറയ്ക്കാനായി ഇന്ത്യൻ തുറമുഖങ്ങളിൽ എത്തുന്ന കപ്പലുകൾ ബ്ലാക്ക് ഓയിൽ ഉപയോഗിക്കുന്ന മറെറാരു പ്രധാന വിഭാഗമാണ്. വിദേശക്കപ്പലുകളുടെ ആവശ്യത്തിനായി, 1961-ൽ 4,49,000 ടൺ ബ്ലാക്ക് ഓയിൽ വേണ്ടിവന്നു എന്ന് കണക്കാക്കപ്പെടുന്നു. ഇത് ദ്രവഇന്ധനത്തിൻെറ മൊത്തത്തിലുള്ള ചെലവിൻെറ 24 ശതമാനം വരും. ഇന്ത്യക്ക് 4,500 കിലോമീററർ ദൂരത്തിൽ കടൽത്തീരവും, രാജ്യത്തിനകത്ത് ഇതിന്റെ ഇരട്ടി വരുന്ന ജലഗതാഗത സൗകര്യവും ഉണ്ടെങ്കിലും ഇവിടുത്തെ തിരദേശ-നദീജല കപ്പൽ ഗതാഗതം പ്രാരംഭദശയിലാണ്; ജലഗതാഗത സൗകര്യം ഉപയോഗിച്ച് 1960-61 ൽ ഫ്രാൻസ് 11 ശതമാനവും അമേരിക്ക 17

1 1962-63 ൽ ടെയിൻവഴി കൊണ്ടുപോയ സാധനങ്ങളിൽ ഏകദേശം 35 ശതമാനം കൽക്കരിയായിരുന്നു (ദി തേഡ്പ്ലാൻ മിഡ് ടേം അപ്റൈസൽ, പേജ് 140)

2 ദക്ഷിണ-പശ്ചിമപ്രദേശങ്ങളിലെ സിമൻറ് പ്ലാൻറുകളിൽ ബ്ലാക്ക് ഓയിൽ ഉപയോഗിക്കുന്നതിന് സബ്സിഡി നൽകാൻ, 1962- ൽ, ഇന്ത്യാഗവമ്മെൻറ് തീരുമാനിച്ചു. (ഓയിൽ ഡയറി, ജൂലൈ 11, 1962, പേജ് 2)

ശതമാനവും ഫെഡറൽ ജർമ്മനി 27 ശതമാനവും ചരക്കു കയറ്റുമതി നടത്തിയപ്പോൾ ഇന്ത്യയിലെ ഇതിൻെറ കണക്ക് 4 ശതമാനത്തോളംമാത്രമായിരുന്നു.[1]

ഇന്ത്യക്കു കൂടുതൽ കൂടുതൽ ബ്ലാക്ക് ഓയിൽ ആവശ്യമായിവരും. 1962-ൽ ഇന്ത്യ 2.2 മില്യൻ ടൺ ബ്ലാക്ക്ഓയിലാണ് ഉപയോഗിച്ചതു്. 1966-ൽ ഇന്ത്യക്ക് 3.1 മില്യൻ ടണ്ണിനും 5.0 മില്യൻ ടണ്ണിനും ഇടയ്ക്കു് ബ്ലാക്ക് ഓയിൽ വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെട്ടുന്നതു്.[2] ട്രെയിൻവഴി കൽക്കരി കൊണ്ടുപോകാനുള്ള ബുദ്ധിമുട്ടു കൂടിയാൽ ഈ തോതു് ഇതിലും കൂടും.

ബിററുമിന്റെ ഉപഭോഗം പ്രതിവർഷം 425,000 ടൺ ആണെന്നു കണക്കാക്കപ്പെടുന്നു. ഇതിൽ 80 ശതമാനവും ഹൈവേ നിർമ്മാണത്തിനാണ് വേണ്ടിവരുന്നതു്.[3] വിമാനത്താവളം നിർമ്മിക്കാനും, കനാലുകളുടെ അരികുകെട്ടാനും, മേൽക്കൂരക്കുള്ള സാധനങ്ങളും വാട്ടർപ്രൂഫ് കടലാസ്സും നിർമ്മിക്കാനും ബിററുമിൻ ഉപയോഗിക്കാറുണ്ടു്. രണ്ടും മൂന്നും പഞ്ചവത്സരപദ്ധതിക്കാലത്തെ വർദ്ധമാനമായ റോഡു നിർമ്മാണത്തിന്റെ ഫലമായി ഇതിൻെറ ഉപഭോഗം 700,000 ടണ്ണായിത്തീരുന്നതാണ്. ലൂബ്രിക്കേററിംഗ് ഓയിൽ, ഗ്രീസ്സ്, ദ്രവീകൃതഓയിൽഗ്യാസ്, ചണം കുതിക്കുന്നതിനുള്ള എണ്ണ,

1 ദി എക്കണോമിക് ടൈംസ്, ആഗസ്റ്റ് 9, 1962.

2 നാലാം വാഷിക റിപ്പോർട്ട്; 1962-63, ഇന്ത്യൻ ഓയിൽ കമ്പനി ലിമിറഡ്, സെപ്റ്റംബർ 1963, ബോംബെ പേജ് 13.

3 ദി എക്കണോമിക് ടൈംസ്, ജനുവരി, 1962.

ടർപൻറയിനു പകരമായുള്ള പെട്രോളിയം സാധനങ്ങൾ, പെട്രോളിയംകോക്ക്, പാരഫിൻ, വിവിധ സോൾവൻറുകൾ തുടങ്ങിയ എണ്ണയുല്പന്നങ്ങളുടെ ഉപഭോഗത്തിലും ഗണ്യമായ വർദ്ധനവുണ്ടാകുന്നതാണ്.

* * * *

ദ്രവഇന്ധനത്തിൻെറ ഉപഭോഗം ഇന്ത്യയിൽ ഭാവിയിലെങ്ങനെയായിരിക്കുമെന്ന് പരിശോധിക്കുന്നതിനു മുമ്പ് ഇന്ത്യയിലെ ശക്തിവിഭവങ്ങളുടെ, (പവ്വർ റിസോഴ്സസ്) വിശേഷിച്ച് കൽക്കരി (ഹാർഡ്കോൾ), ജലവൈദ്യുതി, ആറ്റോമിക് അസംസ്കൃത സാധനങ്ങളുടെ ശേഖരം (ഇവയുടെ ഉപയോഗംമൂലം എണ്ണയുല്പന്നങ്ങളുടെ ഉപഭോഗം കുറയുകയോ, കൂടുകയോ ചെയ്യും) എന്നിവയുടെ നില എന്താണെന്ന് നമുക്കു നോക്കാം.

കൽക്കരി: ഇന്ത്യയിലെ കല്ക്കരി ശേഖരം 80.000 മില്യൻ ടൺ ആണെന്ന് കണക്കാക്കപ്പെടുന്നു.[1] സംഭരിക്കാൻ സൗകര്യമുള്ള സ്ഥലത്താണ് ഇതിൻെറ നിക്ഷേപങ്ങൾ ഉള്ളത്. മിക്കവാറും എല്ലാ സ്ഥലത്തും ഇതു ശേഖരിക്കുന്നതിന് ചെലവു കുറഞ്ഞ മാർഗ്ഗം-ഓപ്പൺ മൈനിംഗ്-സ്വീകരിക്കാവുന്നതുമാണ്. ബീഹാറിൽ നിന്നും ബംഗാളിൽനിന്നുമാണ് മൊത്തമുള്ള കൽക്കരിയിൽ 80 ശതമാനവും ലഭിക്കുന്നത്.

ഇന്ത്യയിലെ കൽക്കരി ഉൽപാദനം 1947-ൽ 30 മില്യൻ ടണ്ണായിരുന്നു; 1962-ൽ ഇതു് 61 മില്യൻ

1 മൂന്നാം പഞ്ചവത്സരപദ്ധതി, പേജ് 191.

ടണ്ണായി വർദ്ധിച്ചു.[1] ഖനികളിൽനിന്ന് ഉപഭോക്താക്കൾക്ക് കൽക്കരി എത്തിച്ചു കൊടുക്കുന്നതിലുള്ള ബുദ്ധിമുട്ട്, കൽക്കരിയുടെ ഉൽപാദനപുരോഗതിയെയും ഉപഭോഗത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. 1965–66ലെ ഉൽപാദന ലക്ഷ്യം 27 മില്യൻ ടണ്ണായിട്ടാണ് മൂന്നാം പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ളത്.[2] ദ്രവഇന്ധനത്തിന്റെ വിപുലമായ ഉപഭോഗം കാരണം മൊത്തത്തിലുള്ള ഉപഭോഗത്തിൽ കൽക്കരിക്കുള്ള പങ്ക് കുറയും; എന്നാൽ ഇന്ത്യയുടെ ഊർജ്ജ സമനിലയിൽ അതു് ഒരു പ്രധാന ഇനമായി തുടരുന്നതാണ്.

ജലവൈദ്യുതി: ഇന്ത്യയുടെ ജലവൈദ്യുത വിഭവശേഷി 41 മില്യൻ കിലോവാട്ടാണെന്ന് കണക്കാക്കപ്പെടുന്നു.[3] ജലവൈദ്യുത സ്റ്റേഷനുകൾ വഴി 1951–ൽ ലഭിച്ചതു് 575,000 കിലോവാട്ട് വിദ്യുച്ഛക്തിയായിരുന്നു. 1962–ൽ ഇതു് 2·4 മില്യൻ കിലോവാട്ടായി വർദ്ധിച്ചു.[4] 1966–ൽ 5·1 മില്യൻ കിലോവാട്ട് വിദ്യുച്ഛക്തി ലഭ്യമാകുമെന്നാണ് പ്രതീക്ഷ.[5] ജലവൈദ്യുത സ്റ്റേഷനുകൾ സ്ഥാപിക്കാൻ വലിയ മുതൽ

1 മന്ത്ലി അബ്സ്ട്രാക്റ്റ്, ഓഫ് സ്റ്റാറ്റിസ്റ്റിക്സ്, ജൂലൈ 1963, പേജ് 4.

2 മൂന്നാം പഞ്ചവത്സരപദ്ധതി, പേജ് 56.

3 പ്ലാനിംഗ് ഫോർ പവ്വർ ഡവലപ്മെൻറ് ഇൻ ഇന്ത്യ, പേജ് 10.

4 ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്, ആഗസ്റ്റ് 31, 1962, പേജ് 412.

5 മൂന്നാം പഞ്ചവത്സരപദ്ധതി, പേജ് 195

മുടക്കു് ആവശ്യമുള്ളതുകൊണ്ടു്, ജലവൈദ്യുത സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനു് പരിമിതിയുണ്ടു്.

ആറ്റോമിക് അസംസ്കൃത സാധനങ്ങൾ: ഇന്ത്യയിൽ ആറ്റോമിക് അസംസ്കൃത സാധനങ്ങളുടെ ശേഖരം വൻതോതിലുണ്ടു്. 600,000 മില്യൻ ടൺ കൽക്കരി (ഹാർഡ്കോൾ) ക്കു തുല്യമായ യുറേനിയം–തോറിയം ശേഖരം ഇന്ത്യയിൽ ഉള്ളതായി ഈ അടുത്ത കാലത്തു് കണക്കാക്കപ്പെടുകയുണ്ടായി.[1] അണുശക്തി ഉല്പാദിപ്പിക്കാൻ ഇന്നുള്ള സാങ്കേതിക വിജ്ഞാനം ഉപയോഗപ്പെടുത്തുകയാണെങ്കിൽപോലും, പത്തു വർഷം കൊണ്ടു് ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും ആറ്റോമിക് ഇലക്ട്രിക് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണു് കല്ക്കരി കൊണ്ടു് പ്രവർത്തിപ്പിക്കുന്ന (കോൾഫയേഴ്സ്) ഇലക്ട്രിക് സ്റ്റേഷനുകളെക്കാൾ കൂടുതൽ ലാഭകരമെന്നു് പ്രസിദ്ധ ഇന്ത്യൻ ഊർജ്ജതന്ത്രജ്ഞനായ ഹോമി ജഹാംഗീർ ഭാഭാ അഭിപ്രായപ്പെട്ടിട്ടുണ്ടു്.[2] മററു ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. 1970–നു മുമ്പു് ഇന്ത്യക്കു് വ്യാപാരപ്രധാനമായ അണുശക്തി ഉപയോഗപ്പെടുത്തി തുടങ്ങാൻ കഴിയുകയില്ലെന്നാണു് അവർ പറയുന്നതു്. മൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു്,

1 പ്ലാനിംഗ് ഫോർ പവ്വർ ഡവലപ്മെൻറ് ഇൻ ഇന്ത്യ പേജ് 3.

2 എച്ച്. ജെ. ഭാഭാ ആൻറ് എൽ. ബി. പ്രസാദ്, എ സ്റ്റഡി ഓഫ് ദി കോൺട്രിബ്യൂഷൻ ഓഫ് ആറ്റോമിക് എനർജി ടു എ പവ്വർ പ്രോഗ്രാം ഇൻ ഇന്ത്യ, ബോംബെ, 1958.

ആറ്റോമിക് ഇലക്ട്രിക് പവ്വർ സ്റ്റേഷനുകളുടെ ശേഷി 1,50,000 കിലോവാട്ട് ആയിരിക്കും.[1]

കൽക്കരിയും ജലവൈദ്യുതിയും, മിക്കവാറും അണുശക്തിയും, ഇന്ത്യയുടെ ഊർജ്ജസമനിലയിൽ വലിയ പങ്ക് വഹിക്കുമെന്നും ദ്രവഇന്ധനത്തിന്റെ ഉപഭോഗത്തെ ഇവ വർദ്ധിപ്പിക്കുകയോ ഗണ്യമായി പരിമിതപ്പെടുത്തുകയോ ചെയ്യുകയില്ലെന്നുമാണ് തോന്നുന്നത്. ഇതിനുള്ള പ്രധാന കാരണം, ദ്രവഇന്ധനത്തിൽ മൂന്നിൽ രണ്ടു ഭാഗവും വിളക്കു കത്തിക്കുവാനും വാഹനങ്ങൾ ഓടിക്കുവാനും (ഇവയിൽ രണ്ടിലും പെട്രോളിയം ഉല്പന്നങ്ങൾ വില കുറഞ്ഞതോ ഉപേക്ഷിക്കാൻ പാടില്ലാത്തതോ ആയിരിക്കും) വേണ്ടി ഉപയോഗിക്കപ്പെടുന്നു എന്നതാണ്.

അടുത്ത അഞ്ചോ പത്തോ വർഷങ്ങളിൽ, ഇന്ത്യയുടെ ദ്രവഇന്ധനത്തിന്റെ ആവശ്യകതയിലുണ്ടാകുന്ന വളർച്ചയെക്കുറിച്ച് ഇന്ത്യൻ സാമ്പത്തികഗ്രന്ഥങ്ങളിൽ പലതരത്തിലാണ് പറഞ്ഞിട്ടുള്ളതു്. ഇതിൽ ഏറ്റവും കുറഞ്ഞ കണക്കു് (1966-ൽ 10 മില്യൻ ടൺ എങ്കിലും വേണം—എണ്ണയുടെ തോതിലാണെങ്കിൽ ഏകദേശം 11 മില്യൻ ടൺ) നൽകിയിട്ടുള്ളതു് മൂന്നാം പഞ്ചവത്സര

---

1 ഇന്ത്യയിലെ പ്രഥമ ആറ്റോമിക് പവ്വർസ്റ്റേഷൻ ബോംബെയ്ക്കും അഹമ്മദാബാദിനും ഇടയ്ക്കു് താരാപ്പൂരിലാണ് സ്ഥാപിക്കുക ഇതിനു് 150,000 കിലോവാട്ട് ഉല്പാദനശേഷിയുള്ള രണ്ടു റിയാക്ടറുകൾ ഉണ്ടാകും. ആദ്യവിഭാഗം 1966-ലാണ് പ്രവർത്തനമാരംഭിക്കുന്നതു്.

പദ്ധതിയിലാണ്.[1] 1965-ൽ 11.8 മില്യൻ ടൺ ദ്രവഇന്ധനത്തിൻെറ (എണ്ണയുടെ തോതനുസരിച്ച് ഏകദേശം 13 മില്യൻ ടൺ) ആവശ്യകതയാണുള്ളതെന്ന ഓയിൽ അഡ്വൈസറി കമ്മിററിയുടെ ശുപാർശയും മൂന്നാം പദ്ധതിയിൽ കൊടുത്തിട്ടുണ്ട്. 1965–66 ലേക്കുള്ള മറെറാരു കുറഞ്ഞ എസ്റ്റിമേററ് (11.1 മില്യൻ ടൺ)[2] പി. എൻ. ധർ വെളിപ്പെടുത്തിയിട്ടുണ്ട്. ദ്രവ ഇന്ധനത്തിന്റെ ഉപഭോഗം 1950–58 ൽ 7.94 ശതമാനമായിരുന്നത് 1959–66 ൽ 9.5 ശതമാനമായി വദ്ധിക്കുമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ദ്രവഇന്ധനത്തിൻെറ ഏററവും കുറഞ്ഞ ഉപഭോഗത്തെ സംബന്ധിച്ച് ഇന്ത്യൻ ഓയിൽ കമ്പനിയുടെ ഒരു ഡയറക്ടർ എൻ. ബി. മിത്ര നൽകുന്ന എസ്റ്റിമേറ്റ് ഇതാണ് (മില്യൻ ടണ്ണുകൾ): 1965, 12.2; 1966, 13.2; 1970, 18.0; 1975, 26.5; 1980, 39.5; 1985, 59.2, 1986, 64.3.[3] പ്രതിശീർഷ ഉപഭോഗം 1960-ൽ 4.8 ഗ്യാലൻ (ഇമ്പീരിയൽ ഗ്യാലൻ) ആയിരുന്നത് 1973-ൽ 10 ഗ്യാലനായും 1984-ൽ 20 ഗ്യാലനായും വർദ്ധിക്കുമെന്നാണ് ഇതിൻെറ അർത്ഥം. 1960-ൽ ബർമ്മയിൽ 7-ഉം, തായ്ലണ്ടിൽ 10.5-ഉം,

---

1 മൂന്നാം പഞ്ചവത്സരപദ്ധതി, പേജ് 483.

2 പി. എൻ. ധർ, പെട്രോളിയം ഇൻഡസ്ട്രി ആൻറ് ദി തേഡ് പ്ലാൻ, പേജ് 30.

3 ദി പെട്രോളിയം ട്രേഡ് ജേർണൽ, ഫെബ്രുവരി 1962, പേജ് 22.

ഇന്തോനേഷ്യയിൽ 14-ം, സിലോണിൽ 17.5-ം, ഫിലിപ്പൈൻസിൽ 24.5-ം, യൂ. എ. ആറിൽ 52.5-ം, ആർജൻറീനയിൽ 146.9-ം, ബ്രിട്ടനിൽ 223.8-ം, അമേരിക്കയിൽ 685.4-ം ഗ്യാലൻ എന്ന കണക്കിനായിരുന്നു ദ്രവഇന്ധനത്തിൻെറ ഉപയോഗം.[1] ഇതുമായി നോക്കുമ്പോൾ ഇന്ത്യയിലെ വർദ്ധനവിൻെറ നിരക്ക് തീരെ കുറവാണ് എന്നു കാണാം.

വാണിജ്യപ്രധാനമായ ഊർജ്ജത്തിൻെറ ഉപഭോഗരീതിയിൽ മാററം വരാൻ സാദ്ധ്യതയുണ്ടെന്ന്, എണ്ണയുടെ പരമാവധിയുള്ള ഉപഭോഗം കണക്കാക്കിക്കൊണ്ടു് മിത്ര ചൂണ്ടിക്കാണിക്കുന്നു. ഇന്ത്യയുടെ ഊർജ്ജസമനിലയിൽ എണ്ണയുല്പന്നങ്ങൾക്കുള്ള പങ്ക് വർദ്ധിക്കുമെന്നാണ് അദ്ദേഹം കരുതുന്നതു്. (1960-ൽ 15 ശതമാനം; 1965, 16; 1970, 17; 1975, 19) പെട്രോളിയത്തിൻെറ പ്രതിവർഷമുള്ള ഉപഭോഗം 1975 വരെ 11 ശതമാനം വീതവും 1975-നും 1980-നും ഇടയ്ക്കു് 13 ശതമാനം വീതവും അതിനു ശേഷം 14 ശതമാനം വീതവും വർദ്ധിക്കുമെന്ന് അദ്ദേഹം കരുതുന്നു. മററു രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ താൻ കണക്കാക്കുന്ന 11-14 ശതമാനത്തിൻെറ ഈ വർദ്ധനവ് ഒട്ടും അധികമല്ലെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയിൽ പെട്രോളിയം ഉപയോഗിക്കുന്നതിൻെറ നിരക്ക് ഇതിലും കൂടുതൽ വരുമെന്ന് ഒരാൾക്ക് പ്രതീക്ഷിക്കാവുന്നതാണ് – വിശേ

---

1 ദി ഇന്ത്യൻ പെട്രോളിയം ഹാൻഡ് ബുക്ക്, 1962, പേജ് 56-57.

ഷിച്ചും കൽക്കരി കേന്ദ്രങ്ങളിൽനിന്ന് അകലെയുള്ള പ്രദേശങ്ങളിൽ അതിന്റെ ആവശ്യകത വർദ്ധിച്ചുവരുന്ന സ്ഥിതിയിൽ.

എണ്ണയുല്പന്നങ്ങളുടെ പരമാവധി ഉപഭോഗത്തെ കുറിച്ചുള്ള മിത്രയുടെ കണക്ക് (എണ്ണയുടെ തോതിൽ) ഇങ്ങനെയാണ്: (മില്യൻ ടണ്ണുകൾ) 1965, 14. 3; 1970, 25.3; 1975, 42.9; 1980, 79.5; 1985, 154.0.[1] ഇതിലും ആളൊന്നിനുള്ള ഉപഭോഗം തീരെ താഴ്ന്ന തോതിലാണെന്നു കാണാം: 1970-ൽ 11 ഇമ്പീരിയൽ ഗ്യാലൻ (49·5 ലിററർ); 1976, 20 (90); 1984, 50 (225).

സാമ്പത്തികവിദഗ്ദ്ധന്മാർ, പത്രപ്രവർത്തകർ, ഗവണ്മെൻറുവക്താക്കൾ എന്നിവരുടെയും, വിശേഷിച്ച് ഗവർമ്മെൻറ് ഉദ്യോഗസ്ഥന്മാരും വിദേശ എണ്ണക്കമ്പനികളുടെ പ്രതിനിധികളും ഉള്ള ഓയിൽ അഡ്വൈസറി കമ്മിററിയുടേയും എസ്റ്റിമേററുകൾക്ക് അടുത്തുവരുന്നതാണ് മിത്രയുടെ എസ്ററിമേററ്. എണ്ണയുൽപ്പന്നങ്ങളുടെ ഉപഭോഗം 1965-ൽ 14 മില്യൻ ടണ്ണും 1966-ൽ 15.5 മില്യൻ ടണ്ണും, വരുമെന്ന് (ഡീസൽ ഓയിൽ, പാരഫിൻ, ബ്ലാക്ക്ഓയിൽ എന്നിവയ്ക്കാണ് ഏററവും കൂടുതൽ ചിലവ്) ഈ എസ്റ്റിമേററുകളിൽ നിന്ന് മനസ്സിലാക്കാം. (1961 മുതൽ 66 വരെയുള്ള മാററം മനസ്സിലാക്കാൻ ടേബിൾ 5 നോക്കുക)

---

1 ദി ഇന്ത്യൻ പെട്രോളിയം ഹാൻഡ്ബുക്ക്, 1962, പേജ് 56-57.

മൂന്നാം പഞ്ചവത്സരപദ്ധതി തയ്യാറായിക്കഴിഞ്ഞ പ്പോൾ, പ്ലാനിംഗ് കമ്മീഷൻ നൽകിയ പല സംഖ്യക ളെയും ഇന്ത്യയിലെ പല ധനശാസ്ത്ര പ്രസിദ്ധീകരണ ങ്ങളും ചോദ്യം ചെയ്യുകയുണ്ടായി. മൂന്നാം പദ്ധതിക്കാ ലത്തെ എണ്ണയുല്പന്നങ്ങളുടെ ഉപഭോഗത്തിൻെറ നിരക്കു കുറച്ചു കണ്ടുകൊണ്ട് അതിൻെറ അടിസ്ഥാനത്തിൽ എത്തിയിട്ടുള്ള തെററായ നിഗമനങ്ങൾ വലിയ തെററി ദ്ധാരണ ഉണ്ടാക്കിയിരിക്കുന്നു എന്ന് ചിലർ പറഞ്ഞു. പല ലേഖകന്മാരും ഓയിൽ അഡൈ്വസറി കമ്മിററി യുടെ 1961 മാർച്ചിലെ എസ്ററിമേററാണ് ആധാര മായി എടുത്തിട്ടുള്ളത്. അതു ശരിയാംവിധം തയ്യാറാ ക്കിയതും ദ്രവഇന്ധനത്തിൻെറ ഒടുവിലുള്ള നിരക്കുകൾ പരിഗണിക്കുകയും ചെയ്ത ഒരു എസ്ററിമേററാണെന്ന് അവർ കരുതുന്നു. 1966-ൽ ഇന്ത്യയിലെ എണ്ണയുൽപ ന്നങ്ങളുടെ ഉപഭോഗം 14 മില്യൻ ടൺ (എണ്ണയുടെ തോതനുസരിച്ച് 15.4 മില്യൻ ടൺ) ആയിരിക്കു മെന്ന കമ്മിററിയുടെ എസ്ററിമേററ് 1961 അവസാ നവും 1962 ആദ്യവും ഔദ്യോഗിക എസ്ററിമേററായി പരിഗണിക്കപ്പെട്ടിട്ടുണ്ട്.

ഓയിൽ അഡ്വൈസറി കമ്മിററിയുടെ 1961 മാർച്ചിലെ എസ്റ്റിമേറ്റിലും അധികമായിരിക്കും 1966-ൽ ഇന്ത്യയ്ക്കു വേണ്ടിവരുന്ന ദ്രവഇന്ധനമെന്ന് 1961 അവ സാനം മുതൽ വിദേശ എണ്ണക്കമ്പനിയുടെ വക്താക്കൾ പത്രലോകത്തോട് പ്രസ്താവിച്ചു. 1966-ൽ 16.2 മി ല്യൻ ടൺ (എണ്ണയുടെ തോതനുസരിച്ച് 17 മില്യൻ

ടേബിൾ 5

## എണ്ണ ഉല്പന്നങ്ങളുടെ ഉപഭോഗത്തെ സംബന്ധിച്ചുള്ള ഓയിൽ അഡ്വൈസറി കമ്മിററിയുടെ എസ്റ്റിമേററുകൾ *

(000 ടണ്ണ്)

| | 1961 | 1962 | 1963 | 1964 | 1965 | 1966 |
|---|---|---|---|---|---|---|
| മൊത്തം | 8,232 ** | 9,106 | 10,070 | 11,241 | 12,657 | 14,143 |
| ഏവിയേഷൻ പെട്രോൾ | 70 | 66 | 62 | 58 | 54 | 51 |
| ടർബോജററ് ഇന്ധനം | 228 | 285 | 342 | 377 | 415 | 457 |
| മോട്ടോർകാർ പെട്രോൾ | 887 | 939 | 996 | 1,066 | 1,141 | 1,220 |
| പാരഫിൻ | 2,089 | 2,221 | 2,369 | 2,535 | 2,713 | 2,904 |
| ഗ്യാസ് ഓയിൽ | 1,415 | 1,647 | 1,930 | 2,258 | 2,647 | 3,049 |
| ലോസ്പീഡ് ഡീസലിനു വേണ്ടിയുള്ള മോട്ടോർ ഇന്ധനം | 651 | 695 | 743 | 796 | 853 | 915 |
| ബ്ലാക്ക് ഓയിൽ | 1,441 | 1,600 | 1,787 | 2,003 | 2,265 | 2,541 |
| ചണം നനയ്ക്കാനുള്ള എണ്ണ (ജൂട്ട് സോക്കിംഗ് ഓയിൽ) | 81 | 81 | 81 | 81 | 81 | 81 |
| ലൂബ്രിക്കേററിംഗ് ഓയിൽസ് ആൻഡ് ഗ്രീസ് | 291 | 318 | 347 | 380 | 416 | 457 |
| ബിററുമിൻ | 425 | 451 | 504 | 568 | 638 | 711 |
| മററുള്ളവ | 172 | 301 | 385 | 574 | 866 | 1,162 |
| വിദേശകപ്പലുകൾക്ക് (ബങ്കറിംഗ് ഓഫ് ഫോറിൻ ഷിപ്പ്സ്) | 482 | 502 | 524 | 545 | 568 | 594 |
| ഗ്യാസ് ഓയിൽ | 2 | 2 | 2 | 2 | 2 | 2 |
| ലോസ്പീഡ് ഡീസലുകൾക്കുള്ള മോട്ടോർ ഓയിൽ | 31 | 31 | 32 | 32 | 33 | 33 |
| ബ്ലാക്ക് ഓയിൽ | 449 | 469 | 490 | 511 | 533 | 559 |

* ദി എക്കണോമിക് ടൈംസ്, ജനുവരി, 1, 1962.

** 1961-ലെ യഥാർത്ഥ ഉപഭോഗം 8·5 മില്യൻ ടൺ (ഓയിൽ ഡയറി ആഗസ്റ്റ് 1, 1962).

ടൺ) ദ്രവഇന്ധനത്തിന്റെ ആവശ്യകതയായിരിക്കും ഇന്ത്യക്കുണ്ടാവുക എന്നു് ബർമ്മാഷെൽ ഓയിൽ സ്റ്റോറേജ് ആന്റ് ഡിസ്ട്രിബ്യൂട്ടിംഗ് കമ്പനിയിലെ കെ. യു. മാത്യു 1961 ഡിസമ്പറിൽ പറയുകയുണ്ടായി.[1] ഇതു് 17–18 മില്യൻ ടൺ (എണ്ണയുടെ തോതനുസരിച്ചു 19–20 മില്യൻ ടൺ) ആകുമെന്നും, 1970–ലെ ഉപഭോഗം 30 മില്യൻ ടൺ ആകുമെന്നും അദ്ദേഹം തന്നെ 1962 ആഗസ്ററിൽ അഭിപ്രായപ്പെട്ടു.[2]

1962 സെപ്ററമ്പറിൽ ഓയിൽ അഡ്വൈസറി കമ്മിററി 1966–ലേക്കുള്ള അവരുടെ എസ്ററിമേററ് 14 മില്യൻ ടണ്ണിൽനിന്നു് 17 മില്യൻ ടൺ ആയി ഉയർത്തുകയുണ്ടായി. മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് വേണ്ടിവരുന്ന ബ്ലാക്ക് ഓയിലിന്റേയും, ജീവിതനിലവാരത്തിൽ വരുമെന്നു പ്രതീക്ഷിക്കുന്ന പുരോഗതിമൂലം ഗ്രാമപ്രദേശങ്ങളിൽ പാരഫിന്റെ ഉപഭോഗത്തിൽ ഉണ്ടാവുന്ന വർദ്ധനവും ആദ്യം പൂർണ്ണമായി പരിഗണിച്ചിരുന്നില്ല എന്നു പറഞ്ഞുകൊണ്ടാണു് അവർ അങ്ങനെ ചെയ്തതു്.[3]

അന്നത്തെ ഖന–ഇന്ധനവകുപ്പു മന്ത്രി കെ. ഡി. മാളവ്യ ഈ പുതിയ എസ്ററിമേററിനെ എതിർത്തു. 1966–ൽ എണ്ണയുല്പന്നങ്ങളുടെ മൊത്തത്തിലുള്ള ആവശ്യകത 16മില്യൻ ടൺ ആയിരിക്കുമെന്നായിരുന്നു അദ്ദേ

---

1 ഓയിൽ ഡയറി മാർച്ച് 6, 1962
2 ,, ആഗസ്റ്റ് 19, 1962
3 ഇന്ത്യൻ എക്സ്പ്രസ്സ്, സെപ്റ്റംബർ 14, 1962

ഹത്തിന്റെ അഭിപ്രായം.[1] മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് പ്രധാന കേന്ദ്രങ്ങളിലെ കൽക്കരിവ്യവസായം ഒരു തവണ പുനസ്സംഘടിപ്പിക്കപ്പെട്ടാൽ, സമീപപ്രദേശങ്ങളിലെ വ്യവസായങ്ങൾക്കാവശ്യമായ ഇന്ധനം അവിടെനിന്നു് നൽകാൻ കഴിയുമെന്നും അങ്ങനെയായാൽ കൽക്കരിക്കു പകരം ബ്ളാക്ക് ഓയിൽ ഉപയോഗിക്കേണ്ട ആവശ്യകത ഇല്ലാതാകുമെന്നും അതുകൊണ്ടു് ബ്ളാക്ക് ഓയിലിന്റെ ഉപഭോഗത്തിൽ കുത്തനെ ഒരു വർദ്ധനവുണ്ടാകുമെന്ന പ്രവചനം അടിസ്ഥാനരഹിതമാണെന്നും അദ്ദേഹം പറഞ്ഞു.

ഗുജറാത്തിൽ കണ്ടുപിടിക്കപ്പെട്ട പ്രകൃതിവാതകം മൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടെ ഊർജ്ജം ലഭിക്കാനുള്ള സ്ഥിരമായ ഉറവിടമായിത്തീരുന്നതാണു്. പാരഫിന്റെ വർദ്ധമാനമായ ആവശ്യകതയിൽ കുറെ കൽക്കരിയിൽനിന്നെടുക്കുന്ന വാതകംകൊണ്ടു നിറവേററാൻ കഴിയുമെന്നും മാളവ്യ പറയുകയുണ്ടായി. പുതിയ എസ്ററിമേററിലുള്ള പ്രധാന തകരാറു് എണ്ണയുൽപ്പന്നങ്ങളുടെ ഇറക്കുമതിയിലും ഉപഭോഗത്തിലും യാതൊരു നിയന്ത്രണവും ഉണ്ടാവുകയില്ലെന്ന ധാരണയാണെന്നു് അദ്ദേഹം കരുതി. ഇത്തരം നിയന്ത്രണങ്ങൾ അനുപേക്ഷണീയമാണെന്നു് അദ്ദേഹം വിശ്വസിച്ചു.

ഇന്ത്യക്കു് 1966-ൽ 17 മില്യൻ ടൺ (എണ്ണയുടെ തോതനുസരിച്ചു 19 മില്യൻ ടൺ) എണ്ണയുൽപ്പ

---

1 ദി പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യ, ഡിസമ്പർ 18, 1962

ന്നങ്ങൾ ആവശ്യമായി വരുമെന്ന് ഇന്ത്യയിൽ എണ്ണ വ്യാപാരം നടത്തുന്നതും ഗവണ്മെൻറുടമയിലുള്ളതുമായ ഇന്ത്യൻ ഓയിൽ കമ്പനി ലിമിററഡ് 1963-ൽ പ്രസിദ്ധീകരിച്ച അതിൻെറ വാർഷിക റിപ്പോർട്ടിൽ പറയുന്നു. മൂന്നാംപദ്ധതിയുടെ അവസാന വർഷത്തിൽ എണ്ണയുൽപ്പന്നങ്ങളുടെ ആവശ്യകത താഴെപ്പറയുംവിധമായിരിക്കുമെന്നും അതിൽ പറഞ്ഞിട്ടുണ്ട്. (മില്യൻ ടൺ കണക്കിൽ): പെട്രോൾ 1.9, പാരഫിൻ 3.5, ഡീസൽ ഓയിൽ 3.8, ബ്ലാക്ക് ഓയിൽ 5.0, ലൂബ്രിക്കേററിംഗ് ഓയിൽസ് 0.5, മററുള്ളവ 2.3.

ഇന്ത്യയിൽ എണ്ണയുല്പന്നങ്ങളുടെ ആവശ്യകത 1961-ൽ 8.5 മില്യൻ ടൺ ആയിരുന്നത് 1966-ൽ 14-16 മില്യൻ ടണ്ണായി വർദ്ധിക്കുമെന്ന് (അതായത് 65-85 ശതമാനം) മിക്ക എസ്ററിമേററുകളും വ്യക്തമാക്കുന്നു. ഓയിൽ അഡ്വൈസറി കമ്മിററിയുടെ മാക്സിമം എസ്ററിമേറ്റ് 17 മില്യൻ ടണ്ണായി കണക്കാക്കിയാൽ ഈ വർദ്ധനവ് 100 ശതമാനമായിരിക്കുമെന്ന് കാണാം.

ചെറിയ മാററങ്ങൾ, വിശേഷിച്ച് കാലിവളം, വിറക്, കാർഷികാവശിഷ്ടം തുടങ്ങിയ വ്യാപാരപ്രധാനമല്ലാത്ത ഊർജ്ജത്തിൻെറ ഉറവിടങ്ങൾക്കു പകരം എണ്ണയുല്പന്നങ്ങളുടെ ഉപഭോഗം, ഇന്ത്യയുടെ ദ്രവഇന്ധനത്തിൻെറ ആവശ്യകത ഗണ്യമായി വർദ്ധിപ്പിക്കും. എന്നാൽ, മേൽപ്പറഞ്ഞ എസ്ററിമേററുകളിൽ ഊർജ്ജ ഉപഭോഗത്തിൻെറ ഘടനയിലുള്ള സാരമായ മാററം

പരിഗണിക്കപ്പെട്ടിട്ടില്ല. ഇന്ധനത്തിനുവേണ്ടി ഉണങ്ങിയ കാലിവളം ഉപയോഗിക്കുന്നതിൽ 10 ശതമാനത്തിൻെറ കുറവു വരുത്തുകയും പകരം എണ്ണ ഉപയോഗിക്കുകയും ചെയ്താൽ, ഇന്ത്യക്കു വേണ്ടിവരുന്ന എണ്ണയിൽ ഏകദേശം 3 മില്യൻ ടണ്ണിന്റെ വർദ്ധനവാണ് ഉണ്ടാകുക. ദ്രവഇന്ധനത്തിൻെറ ആവശ്യകത, പൂർണ്ണമായി നിറവേററത്തക്കവിധം സ്വന്തമായുള്ള എണ്ണയുൽപ്പാദനവ്യവസായം വികസിപ്പിക്കുന്ന പ്രശ്നത്തിൽ ഇന്ത്യ പെട്ടെന്ന് പരിഹാരം കണ്ടുപിടിച്ചാൽ ഈ വർദ്ധനവ് വളരെ വലുതായിരിക്കും. വിദേശങ്ങളിൽനിന്ന് എണ്ണയുൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതുമൂലം ദ്രവഇന്ധനത്തിൻെറ ഉപഭോഗത്തിൽ വരുന്ന തടസ്സങ്ങൾ നീക്കാനും കഴിയും.

## ഇറക്കുമതിയിലുള്ള ആശ്രിതത്വം

ഇന്ത്യയിലെ ദ്രവഇന്ധനത്തിൻെറ പെട്ടെന്നു വദ്ധിച്ചുവരുന്ന ആവശ്യകത, അസംസ്കൃതസാധനങ്ങൾ ശേഖരിക്കാനുള്ള പരിമിതമായ മാർഗ്ഗങ്ങളുമായി പൊരുത്തപ്പെട്ടുന്നില്ല. ഇന്ത്യ ഒരു കോളനി ആയിരുന്നപ്പോൾ ഇവിടുത്തെ ദ്രവഇന്ധനത്തിൻെറ വിതരണമാർഗ്ഗങ്ങളെല്ലാം കൈവശപ്പെടുത്തിയിരുന്നത് ആംഗ്ലോ–അമേരിക്കൻകുത്തകകളായിരുന്നു. വലിയ മുതൽ മുടക്ക് ആവശ്യമായതും ബ്രിട്ടനും അമേരിക്കയ്ക്കുമുള്ള എണ്ണയുടേയും മദ്ധ്യപൂർവ്വദേശത്തുനിന്നും ഇന്തോനേഷ്യയിൽനിന്നുമുള്ള എണ്ണ

യുൽപ്പന്നങ്ങളുടേയും മാർക്കററിടിക്കാൻ ഇടയുള്ളതുമായ പ്രാദേശിക എണ്ണവ്യവസായം വികസിപ്പിക്കുന്നതിൽ ഈ ആംഗ്ലോ-അമേരിക്കൻ കുത്തകകൾ താൽപ്പര്യം കാണിച്ചില്ല. ഇതുകാരണം, ഇന്ത്യൻ പ്രദേശത്തെ മൂന്നിലൊരു ഭാഗത്ത് പെട്രോളിയം ലഭിക്കാനുള്ള സാദ്ധ്യതയുണ്ടായിരുന്നിട്ടും പത്തൊമ്പതാം നൂററാണ്ടിൻെറ ഒടുവിൽ കണ്ടുപിടിക്കപ്പെട്ട ഒരു എണ്ണശേഖരം മാത്രമാണ് 1961 വരെ ഇന്ത്യയിൽ ഉണ്ടായിരുന്നത്. ആസ്സാമിലെ ദിഗ്ബോയ്ക്കു സമീപമുള്ള ഈ എണ്ണശേഖരത്തിൻെറ പ്രവർത്തനം നിർവഹിച്ചുപോന്നത് ബർമ്മാ ഓയിലിൻെറ ഒരു സഹായക കമ്പനിയായിരുന്നു. 1906-നും 1962-നും ഇടയ്ക്കു് 8 മില്യൻ ടൺ എണ്ണ ഇവിടെ നിന്നു ലഭിച്ചു.[1] ഈ എണ്ണപ്പാടം വലുതായി ചൂഷണം ചെയ്യപ്പെട്ടു. ഇതിൻെറ ഫലമായി 1930-ൽ ഇവിടെ നിന്ന് 6,50,000-7,00,000 ടൺ എണ്ണ ലഭിച്ചിരുന്നത് 1960 ആദ്യം 2,00,000 ടണ്ണായി കുറഞ്ഞു, പുതിയ എണ്ണപ്പാടങ്ങൾ കണ്ടുപിടിച്ചതുകൊണ്ട്, എണ്ണയുൽപ്പാദനം 1958-ൽ 4,00,000 ടൺ ആയിരുന്നത് 1962-ൽ ഒരു മില്യൻ ടണ്ണായി വർദ്ധിച്ചു.[2] എന്നാൽ ഇത് ആവശ്യകതയുടെ പത്തു ശതമാനം മാത്രമേ വരുമായിരുന്നുള്ളു.

---

1 ദി ഇന്ത്യൻ പെട്രോളിയം ഹാൻഡ് ബുക്ക്, 1962, പെട്രോളിയം ഇൻഫർമേഷൻ സർവ്വീസ്സ്, ന്യൂഡെൽഹി, 1962 പേജ് 93.

2 പെട്രോളിയം പ്രസ്സ് സർവ്വീസ്സ്, ജനവരി 1961, പേജ് 4, ദി എക്കണോമിക് വീക്ക്ലി, ജനവരി 11, 1964.

എണ്ണയുൽപ്പാദന വ്യവസായം പ്രാഥമികദശയിലായതുകൊണ്ട്, 1954-57ൽ സ്ഥാപിക്കപ്പെട്ട വിദേശീയ പ്ലാൻറുകളിൽ ശുദ്ധിചെയ്യുന്നതും ഇറക്കുമതി ചെയ്യുന്നതുമായ എണ്ണയ്ക്കും എണ്ണയുൽപ്പന്നങ്ങൾക്കുമായി ഇന്ത്യയ്ക്ക് ധാരാളം രൂപാ ചെലവാക്കേണ്ടിവന്നു. ഒരു വർഷം ഏഴോ എട്ടോ മില്യൻ ടൺ എണ്ണ ഇറക്കുമതി ചെയ്യാനായി ഏകദേശം 1,000 മില്യൻ രൂപയുടെ ചെലവാണ് ഇന്ത്യയ്ക്കുണ്ടാകുന്നത്. ഇതു മൊത്തത്തിലുള്ള ഇറക്കുമതിച്ചെലവിൻെറ 10 ശതമാനം വരും. ഭിലായ് മാതൃകയിലുള്ള ഒരു മെററലർജിക്കൽ മില്ലിനോ, 2 മില്യൻ ടൺ ഉൽപ്പാദനശേഷിയുള്ള നാലോ അഞ്ചോ എണ്ണശുദ്ധീകരണശാലകൾക്കോ വേണ്ടിവരുന്ന വിദേശ നാണ്യത്തിനു തുല്യമാണ് ഈ തുക.

വിദേശനാണ്യം വേണ്ടിവരുന്നതിനാൽ പെട്രോളിയം ഇറക്കുമതി ഇന്ത്യയുടെ വ്യാപാരത്തെ മാത്രമല്ല, വ്യാപാര മിച്ചത്തേയും (പേമെൻറ് ബാലൻസ്) തകരാറിലാക്കുന്നു: ആധിപത്യം ഉറപ്പിച്ചിരിക്കുന്ന ആംഗ്ലോ-അമേരിക്കൻ എണ്ണ കുത്തകകൾ ഡോളറും പവനും മാത്രമേ സ്വീകരിക്കാറുള്ളു. ഇതുമൂലം, ഇന്ത്യയുടെ വിദേശ നാണ്യനില വിഷമത്തിലാകുകയും അനേക വർഷം കടത്തോടുകൂടി (പേമെൻറ് ഡഫിസിററ്) മുന്നോട്ടു പോകേണ്ടി വരികയും ചെയ്തു. ദ്രവഇന്ധനം ഇറക്കുമതി ചെയ്യുന്നതിന് പ്രതിവർഷം ഏകദേശം 1,000 മില്യൻ

രൂപ വേണ്ടിവരുന്നതിനാൽ കടം വീട്ടുന്നതിൽ ഇന്ത്യ യ്ക്കു കൂടുതൽ ബുദ്ധിമുട്ടു നേരിട്ടു. ഈ കടം 1962–63ൽ 3,339 മില്യൻ രൂപാവരെ ആകുകയുണ്ടായി.[1]

ഗുരുതരമായ തരത്തിലുള്ള വിദേശനാണ്യക്കുറവ് എണ്ണയുൽപ്പന്നങ്ങളുടെ ഉപഭോഗം മന്ദീഭവിപ്പിക്കുകയും എണ്ണ വിതരണത്തിൽ കൂടെക്കൂടെ തടസ്സങ്ങൾ ഉണ്ടാക്കുകയും ചെയ്തു. വിദേശനാണ്യ നില കൂടുതൽ മോശമാകുമ്പോൾ, ഇന്ത്യാഗവണ്മെന്റ് ഇറക്കുമതിക്കു ലൈസൻസു കൊടുക്കുന്ന ഏർപ്പാടാണ് സ്വീകരിക്കുക. ഉദാഹരണത്തിന് 1958–59–ൽ എണ്ണയുടേയും എണ്ണയുൽപ്പന്നങ്ങളുടേയും വിശേഷിച്ച് പാരഫിൻേറയും ലൂബ്രിക്കൻറുകളുടേയും ഇറക്കുമതിയിൽ ഗണ്യമായ കുറവുവരുത്തിയിട്ടുള്ളതായി കാണാം. ഇന്ത്യ 1958–ൽ 1957–ലേതിലും 20 ശതമാനം കുറച്ച് പാരഫിനും 45 ശതമാനം കുറച്ച് ലൂബ്രിക്കേറ്റിംഗ് ഓയിലുമാണ് ഇറക്കുമതി ചെയ്തത്. എണ്ണയുൽപ്പന്നങ്ങളുടെ ഉപഭോഗം തീരെ കുറയാനും യഥാർത്ഥത്തിൽ പട്ടിണിവിഹിതം അനുഭവപ്പെടാനും ഉള്ള കാരണങ്ങളിൽ ഒന്ന് ഇതാണ്. 1961–ൽ ഇന്ത്യ (അന്നു ലോകജനസംഖ്യയുടെ 14 ശതമാനമായിരുന്നു ഇന്ത്യയിലെ ജനസംഖ്യ) മൊത്തമുള്ള പെട്രോളിയത്തിൽ 0.8 ശതമാനം മാത്രമാണ് ഉപയോഗിച്ചത്. എന്നാൽ ഇന്ത്യയിൽ ആളൊന്നിനുള്ള പെട്രോളിയം ഉപഭോഗം ബ്രിട്ടനിലേതുപോലെയായിരുന്നെങ്കിൽ, ഇതു്

---

1 റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യാ ബുള്ളററിൽ, ജൂലൈ 1963 പേജ് 999.

35 ശതമാനംമോ 400 മില്യൻ ടണ്ണോ (1962–ൽ ഇന്ത്യയുടെ ഉപഭോഗം 9.5 മില്യൻ ടണ്ണായിരുന്നു) ആകുമായിരുന്നു. ഇതൊക്കെയാണെങ്കിലും കൂടുതൽ കൂടുതൽ തുക എണ്ണയിറക്കുമതിക്കായി ഇന്ത്യ ചെലവിട്ടുപോന്നു.

| | 1955–56 | 1958–59 | 1959–60 | 1960–61 | 1961–62 | 1962–63 |
|---|---|---|---|---|---|---|
| എണ്ണയുടേയും എണ്ണയല്ലുന്നങ്ങളുടേയും ഇറക്കുമതി ബിൽ (മില്യൻ രൂപാ)* | 433 | 716 | 868 | 695 | 959 | 880 |

* അക്കൗണ്ട്സ് റിലേറ്റിംഗ് ടു ദി ഫോറിൻ (സീ, എയർ, ആൻഡ് ലാൻഡ് ട്രേഡ് ആൻഡ്) നാവിഗേഷൻ ഓഫ് ഇന്ത്യ ഫോർ മാർച്ച് 1956, ഗവൺമെൻറ് ഓഫ് ഇന്ത്യ, ജൂലൈ 1963, പേജ് 995.

അടുത്ത കാലത്തു് കണ്ടുപിടിക്കപ്പെട്ട എണ്ണനിക്ഷേപങ്ങൾ ശേഖരിക്കുകയും, പുതിയ എണ്ണശുദ്ധീകരണശാലകൾ ആരംഭിക്കുകയും ചെയ്തുവരികയാണെങ്കിലും മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തെ ഇറക്കുമതിബിൽ വൻതുകയുള്ളതുതന്നെയായിരിക്കാനാണു് സാദ്ധ്യത. 1965–66ൽ ഇന്ത്യയിലെ ഉപഭോഗം 17 മില്യൻ ടൺ ആകുമെങ്കിൽ, എണ്ണ ഇറക്കുമതിക്കുവേണ്ടി 800 മില്യൻ രൂപയിലധികം ഇന്ത്യക്കു ചെലവിടേണ്ടിവരും.[1]

എണ്ണവ്യവസായത്തിന്റേയും എണ്ണശുദ്ധീകരണവ്യവസായത്തിന്റേയും വളർച്ചയുടെ തോതിൽ ഏതെങ്കിലും കുറവുണ്ടായാൽ, ദ്രവഇന്ധനത്തിന്റെ ഇറക്കുമതിബിൽ വീണ്ടും കുതിച്ചു കയറും. നാലാം പഞ്ചവത്സരപദ്ധതിക്കാലത്തു് എണ്ണയുൽപ്പാദനം ,1966–ലെ ഉൽപ്പാദനലക്ഷ്യത്തിന്റെ ഇരട്ടിയാവുകയും 29–30 മില്യൻ ടൺ എണ്ണ (നാലാം പദ്ധതിയുടെ അവസാനത്തിൽ വേണ്ടി

---

1 മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് എണ്ണഖനനം 500,000 ടണ്ണിൽനിന്നു് 6 മില്യൻടണ്ണായി വർദ്ധിക്കുകയും എണ്ണശുദ്ധീകരണസൗകര്യങ്ങൾ 6.4 മില്യൻ ടണ്ണിൽ നിന്നു് 17 മില്യൻ ടണ്ണായി വർദ്ധിക്കുകയും ചെയ്യുമെന്നു ഞാൻ കരുതുന്നു. ഈ കണക്കു്, ടൺ എണ്ണക്കു് 65 രൂപയും ഒരു ടൺ എണ്ണയുല്പന്നങ്ങൾക്കു് 165 രൂപയും ശരാശരി ഇറക്കുമതി വില വരുന്നതിന്റെ അടിസ്ഥാനത്തിലുള്ളതാണു്. ഈ ശരാശരി വില കണക്കാക്കിയിട്ടുള്ളതു്, 1962–63 ൽ ഇന്ത്യ 390 മില്യൻ രൂപയ്ക്കു് 6 മില്യൻ ടൺ എണ്ണയും 490 മില്യൻ രൂപയ്ക്കു് 3 മില്യൻ ടൺ എണ്ണയും ഇറക്കുമതി ചെയ്തതിനെ ആധാരമാക്കിയുള്ളതാകുന്നു. (ദി ടൈംസ് ഓഫ് ഇന്ത്യ, നവമ്പർ 29, 1963)

വരുന്ന എണ്ണ) ശുദ്ധീകരിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുകയാണെങ്കിൽ, ഇന്ത്യയുടെ എണ്ണയിറക്കുമതി ബിൽ 1970-ൽ 1200 മില്യൻ രൂപയുടേതാക്കി കുറയ്ക്കാൻ കഴിയും. എന്നാൽ എണ്ണയുൽപ്പാദനവും ശുദ്ധീകരണസൌകര്യങ്ങളും 1966-ലേക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ നിലവാരത്തിലാണെങ്കിൽ, 1970-ൽ ഈ ഇറക്കുമതി ബിൽ 27,000 മില്യൻ രൂപയുടെതായി വർദ്ധിക്കും.

കയററുമതിയിനത്തിലുള്ള വരുമാനത്തിൻെറ വർദ്ധനവ് ഒച്ചിൻെറ വേഗത്തിലായതുകൊണ്ട്, എണ്ണയിറക്കുമതിക്കുള്ള തുക കാര്യമായി കൂട്ടുകയാണെങ്കിൽ, അത് രാജ്യത്തിൻെറ വിദേശനാണ്യനിലക്കും സാമ്പത്തികസ്ഥിതിക്കും എതിരായുള്ള വലിയ ഭീഷണിയായിത്തീരും. കഴിഞ്ഞ ഏതാനും വർഷങ്ങളായുള്ള ഇന്ത്യയുടെ വിദേശവ്യാപാരത്തിൻെറ ചിത്രം നോക്കിയാൽ കയററുമതി സ്തംഭിക്കുകയും ഇറക്കുമതി വർദ്ധിക്കുകയുമാണ് ചെയ്തിട്ടുള്ളതെന്നു കാണാം. ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികളുടെ കാലത്ത് (1951-61) കയററുമതിയിൽ പ്രതിവർഷം ശരാശരി 6100-6200 മില്യൻരൂപായുടെ വർദ്ധനവാണുണ്ടായത്. (അതായത് 2 ശതമാനം). എന്നാൽ ഇറക്കുമതിവർദ്ധനവ് 80 ശതമാനമായിരുന്നു. 1962-63-ൽ ഇന്ത്യയുടെ കയററുമതി മൊത്തം 7,000 മില്യൻ രൂപയുടേതും ഇറക്കുമതി 10,000 മില്യൻ രൂപയുടേതും, ആയിരുന്നു. [1]

---

1 റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ബുള്ളററിൻ, ജൂലൈ 1963 പേജ് 992

കയററിറക്കമതിയിലെ വിടവ് മൂന്നാം പദ്ധതിക്കാലത്ത് വദ്ധിക്കാനാണ് സാദ്ധ്യത. അതുകൊണ്ട്, ഇറക്കമതി കുറയ്ക്കുകയും കയററുമതി വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന കടമ രാജ്യത്തെ അഭിമുഖീകരിച്ചുകൊണ്ടു തന്നെയിരിക്കും. മൂന്നാംപദ്ധതിക്കാലത്ത് കയററുമതി പ്രതിവർഷം ശരാശരി 7,400 മില്യൻ രൂപയുടേതും ഇറക്കമതി 12,700 മില്യൻ രൂപയുടേതും ആയി വർദ്ധിപ്പിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.[1] കയററുമതിയെക്കാരം ഉയർന്ന നിരക്കിലാണ് ഇറക്കമതി നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ദ്രവഇന്ധനത്തിന്റെ ഇറക്കമതിയിൽ കുത്തനെ ഒരു ഉയർച്ച ഉണ്ടാകുന്നതു്, ആ ഇനത്തിൽ കയററുമതിവഴിയുള്ള വരുമാനത്തിൻെറ 15 ശതമാനത്തോളം ഇന്നു ചെലവിട്ടു വരുന്ന ഇന്ത്യയ്ക്കു താങ്ങാനാവുകയില്ല. ദ്രവഇന്ധനത്തിൻെറ ഇറക്കമതിക്കുള്ള തുക ഇരട്ടിയാക്കിയാൽ അതിനായി, കയററുമതി വഴിക്കു ഇന്ത്യക്കു കിട്ടുന്ന തുകയുടെ 30 ശതമാനം തുക വേണ്ടിവരും. അങ്ങനെയായാൽ, ഇന്ത്യയുടെ സാമ്പത്തികപുരോഗതിക്കു ഹാനികരമാകയക്കാവുന്ന തരത്തിൽ, മററുള്ള ഇറക്കമതിയിനങ്ങരം ഗണ്യമാംവിധം വെട്ടിക്കുറക്കേണ്ടതായും വരും.

മറെറാരു തരത്തിൽ പറഞ്ഞാൽ, ഇന്ത്യ ധർമ്മസങ്കടത്തിൽപ്പെട്ടിരിക്കുകയാണ്: സാമ്പത്തിക വളർച്ചയ്ക്കു് അനുപേക്ഷണീയമായ അസംസ്കൃതസാധനങ്ങരം, യന്ത്രങ്ങരം, ഉപകരണങ്ങരം തുടങ്ങിയ ഇറക്കമതിയിനങ്ങരം

1 മൂന്നാം പഞ്ചവത്സരപദ്ധതി പേജ് 112.

വെട്ടിക്കുറക്കാതെ ദ്രവഇന്ധനത്തിൻെറ ഇറക്കുമതി വർദ്ധിപ്പിക്കാൻ കഴിയാതെ വന്നിരിക്കുന്നതാണ് ഇന്ത്യയെ വിഷമിപ്പിക്കുന്ന ഒരു കാര്യം. വ്യവസായം, കൃഷി എന്നിവയുടെ വികസനത്തോത് മന്ദീഭവിക്കുമെന്നുള്ളതുകൊണ്ട്, ദ്രവഇന്ധനത്തിൻെറ ഉപഭോഗം ചുരുക്കുന്ന ഒരു നയം സ്വീകരിക്കാൻ കഴിയാത്തതാണ് മറുഭാഗത്തു ഇന്ത്യയെ വിഷമിപ്പിക്കുന്ന പ്രശ്നം. എണ്ണയുടെ ഉറവിടം നാട്ടിൽതന്നെ കണ്ടെത്തുകയും, പെട്രോളിയത്തിൻെറ കാര്യത്തിൽ രാജ്യത്തു ധൃതഗതിയിൽ വർദ്ധിച്ചുവരുന്ന ആവശ്യകത നേരിടാൻ കഴിയുന്ന ഒരു ദേശീയ എണ്ണവ്യവസായം ഉണ്ടാക്കുകയും ചെയ്യേണ്ടതിൻെറ അത്യാവശ്യം മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടുതൽ വ്യക്തമാക്കുന്നു. "വേണ്ടത്ര എണ്ണ എററവും ചുരുങ്ങിയ സമയത്തിനുള്ളിൽ ഉണ്ടാക്കിയില്ലെങ്കിൽ നാം നശിക്കും" എന്നു് കെ. ഡി. മാളവ്യ പറഞ്ഞതിനു് തക്കതായ കാരണങ്ങളുണ്ട്.[1]

ഇന്ത്യയ്ക്കു് സ്വന്തമായി ഒരു എണ്ണവ്യവസായം ഉണ്ടാകേണ്ടതു് ദ്രവഇന്ധനത്തിൻെറ വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനനുസരണമായി അസംസ്കൃതസാധനങ്ങളുടെ ഒരു അടിസ്ഥാനം ഉണ്ടാക്കുവാൻ സഹായകരമായിത്തീരും. ഇതിനുപുറമേ ദ്രവഇന്ധനത്തിൻെറ വിതരണത്തിലുള്ള ബ്രിട്ടൻേറയും അമേരിക്കയുടെയും നിയന്ത്രണത്തിൽനിന്നു് രക്ഷപ്പെടുകയും പ്രധാന സാമ്പത്തിക മേഖലകളിലെ സ്വാതന്ത്ര്യത്തിനെതിരായി അവർ തുടന്ന

1 ദി ഹിന്ദുസ്ഥാൻ ടൈംസ്, ജൂലൈ 10, 1959.

വരുന്ന ഭീഷണി ഇല്ലാതാക്കുകയും ചെയ്യുക എന്ന മറ്റൊരു പ്രധാന പ്രശ്നത്തിന് പരിഹാരം കാണാനുള്ള അസ്ഥിവാരമിടാനും ഇതു സഹായകരമായിത്തീരുന്നതാണ്.

# അദ്ധ്യായം രണ്ട്

## വിദേശ എണ്ണക്കുത്തകകൾ

### മുതലാളിത്ത എണ്ണവിപണി

ലോകത്തിലെ രണ്ടു വൻകിട സാമ്രാജ്യത്വശക്തികൾക്ക് — അമേരിക്കയ്ക്കും ബ്രിട്ടനും — ഇന്ത്യയെ നേരിടുന്ന എണ്ണപ്രശ്നം ഏറെക്കാലമായി ബോദ്ധ്യമുള്ളതാണ്. കോളനി മേധാവികളുടെ ഭരണകാലത്തുതന്നെ, അവരുടെ കുത്തകകൾ ഇന്ത്യയുടെ ദ്രവഇന്ധന വിപണി കയ്യടക്കിയിരുന്നു. പ്രധാന എണ്ണവിതരണമാർഗ്ഗങ്ങളിന്മേലുള്ള നിയന്ത്രണം അവർ ഇന്നും തുടരുകയും ചെയ്യുന്നു 1960 അവസാനം, ഇന്ത്യയിലുണ്ടായിരുന്ന ഏക എണ്ണപ്പാടവും നാലു എണ്ണശുദ്ധീകരണശാലകളും എണ്ണക്കപ്പലുകളും (ടാങ്കർ ഫ്ളീററ്) എണ്ണസംഭരണടാങ്കുകളും, മാർക്കററിംഗ് ഡിപ്പോകളും, പെട്രോൾ ഫില്ലിംഗ് സ്റ്റേഷനുകളും വിദേശകുത്തകമുതലാളികളുടെ ഉടമയിലായിരുന്നു. ഈ കുത്തകകൾ ലോകവ്യാപകമായ റോയൽ ഡച്ച്-ഷെല്ലിന്റെ നിയന്ത്രണത്തിലുള്ള ബർമ്മാഷെല്ലും അതിന്റെ സഹായകക്കമ്പനികളും. ബ്രിട്ടീഷ് ബർമ്മാ ഓയിൽ കമ്പനിയും പ്രമുഖ അമേരിക്കൻ എണ്ണ കുത്തകകളുടെ സഹായകക്കമ്പനികളായ സ്റ്റാൻവാക് (എസ്സോ ഈസ്റ്റേൺ എന്നാണ് ഇന്നറിയപ്പെടുന്നത്), കാൽടെക്സ് എന്നീ അമേരിക്കൻ കമ്പനികളുമാണ്. ഇന്ത്യയുടെ

ആഭ്യന്തര-വിദേശ എണ്ണവ്യാപാരത്തിന്റെ പൂർണ്ണ നിയന്ത്രണം ഈ കമ്പനികൾക്ക് ലഭിച്ചു. ഇന്ത്യയിലെ ദ്രവഇന്ധനം ഖനനം ചെയ്യുക, ശുദ്ധീകരിക്കുക, വിററഴിക്കുക എന്നിവയ്ക്കായി നിക്ഷേപിക്കപ്പെട്ട മൂലധനത്തിൽ 88 ശതമാനത്തിലധികവും ഇവരുടേതായിരുന്നു. ശേഷിച്ച 12 ശതമാനം പ്രിഫറൻസ് ഷെയറുകളുടെ രൂപത്തിൽ ഇന്ത്യൻ ബിസിനസ്സുകാരുടെ കയ്യിലായിരുന്നു. എന്നാൽ ഇതുമൂലം, ഇന്ത്യാക്കാർക്ക് നയപരമായ കാര്യങ്ങളെ സംബന്ധിച്ചുള്ള വോട്ടവകാശം ലഭിച്ചിരുന്നില്ല.[1] ഇന്ത്യൻ നാണ്യമാർക്കററിലെ കുത്തകകൾ എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതിൽ സഹായിക്കുന്നതിനായി നൽകിയിരുന്ന ഡിബെഞ്ചർ സ്റ്റോക്കുകൾക്കും വോട്ടവകാശം നൽകിയിരുന്നില്ല.

ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനുശേഷം ആംഗ്ലോ അമേരിക്കൻ കുത്തകകൾ അവരുടെ നില ശക്തിപ്പെടുത്തിയിട്ടുണ്ട്. എണ്ണവ്യവസായത്തിലും വ്യാപാരത്തിലുമുള്ള വിദേശനിക്ഷേപം 1948 ജൂണിൽ 223.3 മില്യൻ രൂപയായി വർദ്ധിച്ചു—അതായതു് 600 ശതമാനത്തിന്റെ വർദ്ധനവുണ്ടായി.[2] എണ്ണവ്യവസായത്തിലും വ്യാപാരത്തിലും പുതുതായുണ്ടായ വിദേശനിക്ഷേപം, ഇന്ത്യൻ സാമ്പത്തികരംഗത്താകെയുള്ള വിദേശസ്വകാര്യമൂലധന

1 ഇന്ത്യാ ന്യൂസ്, ഡിസമ്പർ 18, 1958, ദി ഹിന്ദുസ്ഥാൻ ടൈംസ്, മേയ് 14, 1959

2 റിസർച്ച് ബാങ്ക് ഓഫ് ഇന്ത്യ ബുള്ളററിൻ, ബോംബെ, ഒക്ടോബർ 1962, പേജ് 1534.

നിക്ഷേപത്തിന്റെ 40 ശതമാനമായിരുന്നു. ഇന്ത്യയിൽ ആകെയുള്ള വിദേശനിക്ഷേപത്തിൽ എണ്ണക്കുത്തക കമ്പനികളുണ്ടായിരുന്ന പങ്ക് 9 ശതമാനത്തിൽനിന്ന് 22 ശതമാനമായും 27 ശതമാനമായും ഉയർന്നു. പുനർനിർമ്മാണത്തിനും വികസനത്തിനുംവേണ്ടിയുള്ള ഇന്റർനാഷണൽ ബാങ്ക്, കയററുമതി-ഇറക്കുമതി ബാങ്ക്, ഡവലപ്പുമെൻറ് ലോൺ ഫണ്ട് എന്നിവയിൽനിന്നുള്ള വായ്പകൾ കൂടാതെയുള്ളതാണിതു്.

1957-ൽ ഇന്ത്യയുടെ നിർമ്മാണവ്യവസായങ്ങളിൽ (മാനുഫാക്ചറിംഗ് ഇൻഡസ്ട്രി) മൊത്തമായുണ്ടായിരുന്ന വിദേശനിക്ഷേപങ്ങളിൽ 19 ശതമാനവും ഇന്ത്യയുടെ വാണിജ്യസ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന വിദേശനിക്ഷേപങ്ങളിൽ 77 ശതമാനത്തിലധികവും ആംഗ്ലോ അമേരിക്കൻ കുത്തകകളുടേതായിരുന്നു.[1] ഇന്ന് വിദേശമൂലധന നിക്ഷേപത്തിൽ, ഏററവും കൂടുതൽ ശക്തിയും സ്വാധീനവുമുള്ള വിഭാഗം അവരാണ്. എണ്ണവ്യവസായത്തിലും വ്യാപാരത്തിലുമുള്ള വിദേശനിക്ഷേപമാണ് ഇന്ന് ഏററവും വലിയ വിദേശനിക്ഷേപം. വിദേശനിക്ഷേപത്തിന്റെ കാര്യത്തിൽ, ഇന്ത്യയുടെ മറെറാരു വ്യവസായവും ഇതിനടുത്തു വരികയില്ല.

എണ്ണഖനനം, ശുദ്ധീകരണം, വിറ്റഴിക്കൽ എന്നിവയുടെ നിയന്ത്രണം ഇന്ത്യയിൽ മാത്രമല്ല വൻകിടവിദേശ

---

1 റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ബുള്ളററിൻ, (ബോംബെ, ജൂൺ 1959, പേജ് 668

എണ്ണക്കുത്തകകൾ കയ്യടക്കിയിട്ടുള്ളത്. മിക്കവാറും എല്ലാമുതലാളിത്തരാജ്യങ്ങളിലെയും സ്ഥിതി ഇതാണ്. ലോകത്തിലെ എണ്ണവ്യവസായം, മററു മുതലാളിത്തവ്യവസായങ്ങൾ ഏറെറക്കുറെ കടന്നതിനൊക്കെമുമ്പുതന്നെ, സാർവ്വദേശീയരംഗത്തെ വൻകിട കുത്തകകൾ കയ്യടക്കിയിരുന്നു. അവർ, ലോകത്തെ 'സ്വാധീനത്തിൻെറ മേഖല' കളായി തിരിക്കുകയും, അവിടുത്തെ മിക്ക എണ്ണനിക്ഷേപങ്ങളുടേയും നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു. മുതലാളിത്ത ലോകത്തിലെ ഏറ്റവും വലിയ കുത്തകവ്യവസായം എണ്ണബിസ്സിനസ്സാണെന്നും അതു ദേശസാത്ക്കരിക്കാൻ സമയമായെന്നും 1917–ൽ ലെനിൻ ചൂണ്ടിക്കാണിച്ചു. അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തി: "എണ്ണബിസിനസ്സിൻെറ കാര്യം തന്നെ എടുക്കുക. ഇതു്, മുതലാളിത്തത്തിൻെറ നേരത്തെയുള്ള വികാസംവഴി വിശാലമായ ഒരു പരിധിവരെ സാമൂഹ്യവൽക്കരിക്കപ്പെട്ടിട്ടുണ്ടു്. രണ്ടു് എണ്ണരാജാക്കന്മാർ കൂപ്പണുകൾ മുറിച്ചുവച്ചു് ഈ ബിസിനസ്സിൽനിന്നു് വലിയ ലാഭമുണ്ടാക്കി കോടിക്കണക്കിനു റൂബിൾ സമ്പാദിച്ചുവരികയാണു്. യഥാർത്ഥത്തിൽ, സാങ്കേതികമായും സാമൂഹ്യമായും ഈ ബിസിനസ്സ് ദേശീയമായ നിലവാരത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടു്, നൂറുകണക്കിനും ആയിരക്കണക്കിനും തൊഴിലാളികൾ, എൻജിനീയർമാർ തുടങ്ങിയവരാണു് ഇതു നടത്തിക്കൊണ്ടുപോകുന്നതു്."[1]

---

1 ലെനിൻ, സെലക്ടഡ് വർക്സ്, മോസ്കോ, വോള്യം 2, പേജ് 267.

മുതലാളിത്തരാജ്യങ്ങളിൽ ഇന്ന് എണ്ണനിക്ഷേപം ഖനനം, ശുദ്ധീകരണം, വില്പന എന്നിവയിൽ ഏറിയ ഭാഗവും പങ്കിട്ടെടുക്കുന്നതു് എട്ടു വൻകിട കുത്തകകൾ (അമേരിക്കൻ കുത്തകകൾ 5–ബ്രിട്ടൻ 1, ആംഗ്ലോ–ഡച്ച് 1, ഫ്രഞ്ച് 1) ആണ്.[1] മുതലാളിത്തലോകത്തിലെ, അറിയപ്പെടുന്ന എണ്ണശേഖരത്തിൽ 80 ശതമാനം ഇവർ നിയന്ത്രിക്കുന്നു.[2] 1960–ലെ ആകെ ഉൽപ്പാദനത്തിൽ 60 ശതമാനവും ഇവരുടേതായിരുന്നു.[3] 1961–ൽ ഇതിൽ ഏഴുകുത്തകകളുടെ (കമ്പാജിന് ഫ്രാൻസെയ്സ് ദസ് പെട്രോൾസ് ആണ് മറ്റൊന്ന്) എണ്ണശുദ്ധീകരണശാലകളായിരുന്നു മുതലാളിത്ത ലോകത്തിലെ 57 ശതമാനം എണ്ണ കൈകാര്യം ചെയ്തതു്.[4] ഈ ഏഴു കുത്തകകൾ മുതലാളിത്തലോകത്തിലെ ടാങ്കർ ഫ്ളീററിൽ പകുതിയിലധികവും, വെളിയിലുള്ള താരതമ്യേന വലിയ

---

1 ന്യൂ ജഴ്സി സ്ററാൻഡാർഡു് ഓയിൽ കമ്പനി, ടെക്സാസ്, ഓയിൽ കമ്പനി, ദി ഗൾഫ് ഓയിൽ കോർപ്പൊറേഷൻ, സ്റ്റാൻേറർഡ് ഓയിൽ കമ്പനി ഓഫ് കാലിഫോർണിയാ, സൊക്കോണി മൊബൈൽ ഓയിൽ കമ്പനി, ദി ബ്രിട്ടീഷ് പെട്രോളിയം കമ്പനി, മിക്സ്ഡ് റോയൽ ഡച്ച്–ഷെൽ, കൊമ്പാജിൻ ഫ്രാൻസെയ്സ് ദസ് പെട്രോൾസ് എന്നിവയാണവ.

2 34,400 മില്യൻ ടണ്ണിൽനിന്ന് 26,000 മില്യൻടൺ, (നാഷണൽ ഇൻസ്ററിററ്യൂട്ട് എക്കണോമിക് റിവ്യൂ, സെപ്ററംബർ 1960, പേജ് 3)

3 880.2 മില്യൻ ടണ്ണിൽ 539.4 മില്യൻ ടൺ (കൊമ്പാജിൻ ഫ്രാൻസെയ്സ് ദസ് പെട്രോൾസ് ഇൻഫർമേഷൻ, 1961, നവംബർ 5, പേജ് 1)

4 പെട്രോളിയം ഔട്ട്ലുക്ക്, ജൂലൈ 1962,

എല്ലാ പൈപ്പ് ലൈനുകളും, അമേരിക്കയ്ക്ക് അകത്തുള്ളതിന്റെ ഗണ്യമായ ഭാഗവും, നിയന്ത്രിച്ചു പോന്നു. ഈ സ്ഥിതിയിൽ വിപണനരംഗത്ത് ഇവർക്കുള്ള സ്ഥാനം തടയാനാവാത്തതായിത്തീർന്നു. 1959-ൽ വിപണിയിൽ മൊത്തമുണ്ടായിരുന്ന എണ്ണയുടെ മൂന്നിൽ രണ്ടും ഇവരുടേതായിരുന്നു.[1]

തങ്ങളുടെ നിയന്ത്രണാധികാരം വർദ്ധിപ്പിക്കാനും ലാഭത്തിന്റെ തോത് കൂട്ടാനുംവേണ്ടി പ്രമുഖ എണ്ണക്കുത്തകകൾ 1928-ൽ രഹസ്യമായി 'ഇന്റർനാഷണൽ പെട്രോളിയം കാർട്ടൽ' (കാർട്ടൽ—വിലയിടിവുതടയാനുള്ള കൂട്ടുപ്രവർത്തനം) രൂപീകരിക്കുകയുണ്ടായി. ഉയർന്ന ഉൽപ്പാദനച്ചെലവിന്റെയും അമേരിക്കയിലെ ഉയർന്ന വിലയുടെയും അടിസ്ഥാനത്തിൽ എണ്ണയുടെ വില നിലനിർത്തുകയായിരുന്നു അതിന്റെ ഉദ്ദേശങ്ങളിൽ ഒന്ന്.

അധികാരത്തിന്റെ അദൃശ്യമായ ചരടുകൾ മുതലാളിത്തലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിപ്പിക്കുന്ന വിശാലമായ ഒരു 'കൈവശാവകാശ സമ്പ്രദായ' മാണ് എണ്ണക്കുത്തകകൾക്കുള്ളത്. ഒരു വൻകിട കുത്തകയ്ക്ക് സാധാരണഗതിയിൽ ഡസൻ കണക്കിനും ചിലപ്പോൾ നൂറു കണക്കിനും ശാഖകൾ ഉണ്ടാകും. ഇവയ്ക്ക് അവരുടെ വക കമ്പനികളും കാണും. വിവിധരാജ്യങ്ങളിൽ എണ്ണഖനനവും ശുദ്ധീകരണവും നടത്തുക, അവ കയററിക്കൊണ്ടുപോവുക, വിൽക്കുക എന്നീകാര്യങ്ങൾ

1 പെട്രോളിയം ഔട്ട്ലുക്ക്, ജനുവരി, 1962, പേജ് 11.

ഇവ ചെയ്യുന്നു. യഥാർത്ഥത്തിലുള്ള സ്ഥായിയായ കമ്പനിക്ക് (മാതൃകമ്പനി) അതിൻെറ നിരവധി ശാഖകളുടെ (സന്തതികളുടെ) പ്രവർത്തനത്തിൽ നിയമപ്രകാരം ബാദ്ധ്യതയൊന്നും ഇല്ല. ഇതു് 'പൊതുജനങ്ങളെ വഞ്ചിക്കാൻ, എല്ലാ തരത്തിലുമുള്ള രഹസ്യവും ഹീനവും ആയ സൂത്രങ്ങൾ നിർഭയം പ്രയോഗിക്കുന്നതിനു് കുത്തകകൾക്കു സൗകര്യം നൽകുന്നു'......എന്നു് ലെനിൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. [1]

ലെനിൻ ചൂണ്ടിക്കാണിച്ചിട്ടുള്ള ഈ 'അവകാശ സമ്പ്രദായം' കുത്തകകളുടെ അധികാരം വളരെ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. എണ്ണവിപണിയിൽ ആധിപത്യം നേടുന്നതിനു് കുത്തകകൾക്കു് എങ്ങനേയും സ്വതന്ത്രമായി ഉപയോഗിക്കാവുന്ന ഒരു ആയുധമാണിതു്. അമേരിക്കയുടെ ഏറ്റവും വലിയ ഓയിൽ ട്രസ്റ്റ് ആയ ന്യൂ ജഴ്സി സ്റ്റാൻേറർഡ് ഓയിൽ കമ്പനി 300-ൽ അധികം കമ്പനികളെ നിയന്ത്രിക്കുന്നു. ഇതുമൂലം, ലോകത്തൊട്ടാകെ നിന്നു് വമ്പിച്ച ലാഭം നേടാനും, ലോകത്തിലെ എണ്ണ ഇടപാടുകളിൽ 20 ശതമാനത്തിലേറെ നിയന്ത്രിക്കാനും ഇവക്കു കഴിയുന്നു. [2] സ്റ്റാൻവാക്ക് പോലെ വലിയ കമ്പനിയായ സൊക്കോണി മൊബയിൽ ഓയിൽ കമ്പനിക്കു്, 1961 വരെ, പൗരസ്ത്യരാജ്യങ്ങളിൽ അവകാശമുണ്ടായിരുന്നു. മററു എണ്ണ കുത്തകക

1 ലെനിൻ, സെലക്ടഡ് വർക്സ്, വോളിയം 1, പേജ് 748.

2 ഹാർവി ഓകൊണ്ണോർ, ദി എമ്പയർ ഓഫ് ഓയിൽ, ന്യൂയോർക്ക്, 1958 പേജ് 48, 49.

ളുടെയും പ്രവർത്തനത്തിൽ കമ്പനികളിന്മേലുള്ള അവരുടെ അവകാശത്തിന് ഒരു പ്രധാന പങ്കുണ്ട്.

കുത്തകകളുടെ ലാഭത്തിൽ ഏറിയ ഭാഗവും വിദേശരാജ്യങ്ങളിലെ പ്രവർത്തനത്തിൽ നിന്നാണ് ലഭിക്കുന്നത്: ഇങ്ങനെ സൂ ജഴ്സി സ്റ്റാൻറേർഡ് ഓയിലിന് 75 ശതമാനംവരേയും ഗൾഫ് ഓയിൽ കോർപ്പൊറേഷന് 67 ശതമാനംവരേയും ലാഭം ലഭിച്ചിട്ടുണ്ട്. ബ്രിട്ടീഷ് എണ്ണക്കുത്തകകളുടേയും സ്ഥിതി ഇതു തന്നെയാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വം അതിൻെറ എല്ലാ കോളനികളിൽനിന്നുമായി സമ്പാദിക്കുന്നതു തുക എണ്ണരംഗത്തുനിന്നും ലാഭമായി നേടുന്നു.[1]

എണ്ണക്കുത്തകകൾ അവരുടെ വിശാലമായ സാമ്പത്തികസൗകര്യം ഉപയോഗിച്ച് അമേരിക്കയിലേയും ബ്രിട്ടണിലേയും ഗവണ്മെൻറുകളുടെ ആഭ്യന്തര—വിദേശനയങ്ങളിൽ നേരിട്ടു സ്വാധീനം ചെലുത്തുന്നു. ഹാർവി ഓകൊണോർ ഇങ്ങനെ എഴുതുന്നു: "ഒരു നയം കൈകാര്യം ചെയ്യുന്നതു് ഒരു അച്ചിസനോ ഒരു ഡള്ളസ്സോ, എലിഹൂ റൂട്ടോ, ചാൾസ് ഇവാൻസ് ഹ്യൂസോ, ഹെൻറി എൽ. സ്റ്റിംസണോ, ജയിംസ് എഫ്. ബയൺസോ, ജോർജ്ജ് സി. മാഷലോ ആണോ എന്നതു് നിസ്സാരകാര്യമാണ്. റിപ്പബ്ലിക്കന്മാരായാലും ഡമോക്രാററുകളായാലും, അവരെല്ലാം, ജഴ്സിയുടെ (സ്റ്റാൻേറർഡ്

---

1 ഇഡിസ് കോക്സ്, എമ്പയർ ട്രഡേ, ലണ്ടൻ, 1960 പേജ് 49.

ഓയിൽ കമ്പനി ഓഫ് ന്യൂ ജഴ്സി—ഗ്രന്ഥകർത്താവ്) യന്ത്രം തിരിഞ്ഞാൽ പറന്നു പോകുന്ന ധൂളികളാണു്. അതുകൊണ്ടു് ലോകത്തേറ്റവും അത്യാവശ്യമുള്ള, ഏറ്റവും പ്രാധാന്യമുള്ള പെട്രോളിയത്തിന്റെ ചുമതല വഹിക്കുന്ന കോർപ്പൊറേഷനുകളെ സഹായിക്കുന്ന തരത്തിലുള്ളതാണു് അമേരിക്കയുടെ വിദേശനയം. അങ്ങനെയല്ലെങ്കിൽ, കപ്പലുകൾ കടൽത്തീരങ്ങളിൽ കിടക്കും, വിമാനങ്ങൾ വിമാനത്താവളങ്ങളിൽ കിടക്കും..... ജഴ്സിയുടെ ബോർഡിലെ അംഗത്വം തുടർച്ചയായുള്ള ഒന്നാണെന്നു കരുതി വിദേശനയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്റ്റേറ്റു് സെക്രട്ടറിമാരുടെ സ്ഥിതി, ഒരു കവാടത്തിലൂടെ നിമിഷനേരംകൊണ്ടു കടന്നുപോകുന്ന കിളികളുടേതിനു തുല്യമായിത്തീരും. ജഴ്സിയുടെ ലക്ഷ്യങ്ങൾ നേടുന്നോ ഇല്ലയോ എന്നതിനെ ആശ്രയിച്ചാണു് പ്രസിഡന്റന്മാരുടെപോലും ഉയർച്ചയും താഴ്ചയും സംഭവിക്കുക. ഒരു പക്ഷെ, ഇക്കാരണംകൊണ്ടായിരിക്കണം രാഷ്ട്രീയമായ സ്ഥാനങ്ങളിൽ—അതു് എത്ര ഉന്നതമാണെങ്കിലും ശരി—ജഴ്സിയുടെ പ്രമുഖവ്യക്തികൾ സേവനമനുഷ്ഠിക്കാൻ മുതിരാത്തതു്.[1] സെനറ്റർ എസ്റ്റീസ് കഫ്വേസ് ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നു: 'കഴിഞ്ഞ അഞ്ചു വർഷക്കാലവും വൻകിട എണ്ണക്കമ്പനികൾ ആവശ്യപ്പെട്ടതാണു് ഈ ഗവണ്മെന്റ് ചെയ്തതു്.. .....എണ്ണക്കമ്പനികൾക്കു് ന്യായമായിട്ടുള്ള കാര്യങ്ങൾ നിഷ്പ്രയാസമായും

1 ഹാർവി ഓകൊണോർ, ദി എമ്പയർ ഓഫ് ഓയിൽ, പേജ് 24.

അനിവാര്യമായും രാജ്യത്തിനും നല്ല കാര്യമായിത്തീരുന്നു.” [1]

രണ്ടു പ്രമുഖ സാമ്രാജ്യത്വശക്തികളുടെ ഗവണ്മെൻറുകൾ—അമേരിക്കയും ബ്രിട്ടനും—അവരുടെ എണ്ണക്കുത്തകകളുടെ ആഗ്രഹപ്രകാരം പ്രവർത്തിക്കുന്നു. ഇവർ എണ്ണയുടെ വിദേശഉറവിടങ്ങൾ പിടിച്ചെടുക്കുകയും ചെയ്യുന്നു. എണ്ണയുടെ മേലുള്ള ലോകമേധാവിത്വം, ആംഗ്ലോഅമേരിക്കൻ യുദ്ധയന്ത്രങ്ങളുടെ പ്രവർത്തനത്തെ സഹായിക്കുന്നു. സൈനികമായും നയതന്ത്രപരമായും പ്രാധാന്യമുള്ള സാധനങ്ങളും പിടിച്ചെടുക്കാൻ ഈ ഗവണ്മെൻറുകൾ അവരുടെ കുത്തകകൾക്ക് വലിയ സഹായം ചെയ്തിട്ടുണ്ട്.

എണ്ണയ്ക്കുള്ള ലാഭവും നയതന്ത്രപ്രാധാന്യവും കാരണം, നേരത്തെ മുതൽതന്നെ ഓയിൽ കോർപ്പൊറേഷനുകൾ വിദേശങ്ങളിൽ വികസിക്കുകയുണ്ടായി. സാമ്രാജ്യത്വ സൈന്യത്തിൻെറ പൂർണ്ണപിൻതുണ ഇവർക്കുണ്ടായിരുന്നു. ഭൂഗർഭശാസ്ത്രജ്ഞന്മാർ, ഭൂമി കുഴിക്കുന്നവർ, എൻജിനീയർമാർ എന്നിവർക്കു പുറകേ ആംഗ്ലോ-അമേരിക്കൻ സൈനികവിദഗ്ദ്ധന്മാരും എണ്ണയുള്ള പ്രദേശങ്ങളിൽ എത്തിയിരുന്നു. സൈനിക സങ്കേതങ്ങൾ, വിമാനത്താവളങ്ങൾ, ബാരക്കുകൾ, എന്നിവ സ്ഥാപിക്കാനാണ് ആ സ്ഥലങ്ങളിൽ സൈനികവിദ

1 കോൺഗ്രഷണൽ റിക്കാർഡ്സ്, 85-ാമത്തു് കോൺഗ്രസ്സ്, ഫസ്റ്റ് സെഷൻ, വാഷിംഗ്ടൺ, മാർച്ച് 1, 1957, വോളിയം 103, പേജ് 2556-57.

ദ്ധന്മാർ വന്നതു്. "എല്ലാ സ്ഥലത്തുമുള്ള സൈനിക ത്താവളങ്ങൾ എണ്ണക്കിണറുകൾക്കടുത്താണെന്നു് ലോക ഭൂപടത്തിൽ ഒന്നു കണ്ണോടിച്ചാൽ കാണാം" എന്നു് ഈജിപ്റ്റിലെ അൽ ഗോം ഹൗറിയ ചൂണ്ടിക്കാണി ച്ചിട്ടുണ്ടു്.[1]

മുതലാളിത്ത ലോകത്തിലുള്ള എണ്ണക്കുത്തക നില നിർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യ ത്തോടുകൂടി, എണ്ണയെ സംബന്ധിച്ച് ഒരു പ്രത്യേക രാഷ്ട്രീയതന്ത്രജ്ഞതയാണു്, ആംഗ്ലോ-അമേരിക്കൻ എണ്ണക്കമ്പനികൾ അവരുടെ ഗവണ്മെന്റുകളുടെ സഹാ യത്തോടുകൂടി സ്വീകരിച്ചിരിക്കുന്നതു്. ഇവർ പിന്താ ങ്ങുന്നതു് വെനിസ്വേലയിലെ ജനറൽ ജിമിനിസ്സിന്റെ ഏകാധിപത്യഭരണം പോലുള്ള ഭരണത്തെയാണു്. എണ്ണ ബിസിനസ്സിനുവേണ്ടി ഇവർ പരമാധികാര രാഷ് ട്രങ്ങളിലെ ഗവൺമെന്റുകളെ മറിച്ചിടുകയും രാഷ്ട്രീയ നേതാക്കളെ പുറത്താക്കുകയും ദേശീയവിമോചനപ്രസ്ഥാ നത്തിനെതിരായി സമരം ചെയ്യാൻ ആശ്രിതരാജ്യങ്ങ ളിൽ സ്വന്തം ദാസന്മാരെ പ്രതിഷ്ഠിക്കുകയും ചെയ്യും. "സോവിയറ്റ് യൂണിയനെതിരായും പാശ്ചാത്യ എണ്ണക്കു ത്തകകൾക്കു അനുകൂലമായും നിൽക്കാമെന്നു് വാഗ്ദാനം ചെയ്യുന്ന അറബ് നേതാക്കളെ തൃപ്തിപ്പെടുത്തുക എന്നുള്ള

---

1 സാ റുബസ്ഹോം, റഷ്യൻ എഡിഷൻ, നമ്പർ 25, ഡിസമ്പർ 3, 1960, പേജ് 26.

താണ് അമേരിക്കൻ നയത്തിൻെറ മൂലക്കല്ലു്"[1] എണ്ണ
വ്യവസായം ദേശസാല്ക്കരിക്കാൻ മെക്സിക്കൻ ഗവണ്മെ
ൻറു് തീരുമാനിച്ചപ്പോൾ, ആ ഗവണ്മെൻറിനെതിരെ സ
മരം ചെയ്യാൻ അമേരിക്കൻ ഗവണ്മെൻറും അമേരിക്കൻ
എണ്ണ കോർപ്പൊറേഷനുകളും ഒരുമിച്ചാണ് മുമ്പോട്ടു
വന്നതെന്ന് എൻഗ്ലർ ചൂണ്ടിക്കാണിക്കുന്നു. 1920-ൽ
മെക്സിക്കോയിലെ എണ്ണവ്യവസായത്തിലുള്ള അമേരിക്ക
യുടെയും ബ്രിട്ടൻെറയും നിക്ഷേപങ്ങൾക്കു നേരെ ഭീഷണി
യുണ്ടായപ്പോൾ, അമേരിക്കൻ യുദ്ധക്കപ്പലുകൾ മെക്സി
ക്കോയുടെ തീരത്തു് കാവൽ ഉറപ്പിക്കുകയും ആ രാജ്യ
ത്തേയ്ക്കു് ആയുധധാരികളെ രഹസ്യമായി കടത്തുവാൻ
എണ്ണക്കുത്തകകൾ ധനസഹായം നൽകുകയും ചെയ്തു.
മെക്സിക്കോ 1938-ൽ 'പെമെക്സ്" ഗവൺമെൻറു് ഓയിൽ
കമ്പനി രൂപീകരിച്ചപ്പോൾ, ആ രാജ്യത്തിനു നേരെ
ബഹിഷ്കരണം വഴിക്കുള്ള എതിർപ്പുണ്ടായി. ലോകവിപ
ണിയിലേയ്ക്കു് മെക്സിക്കൻ എണ്ണ കടത്താതിരിക്കുക ആ
രാജ്യത്തിനുള്ള വായ്പകളും കടങ്ങളും നിഷേധിക്കുക
ടെട്രായീതെയിൻ എന്ന പദാർത്ഥവും ഭൂമികുഴിക്കാനുള്ള
ഉപകരണങ്ങളും നല്കാതിരിക്കുക, എന്നിങ്ങനെയുള്ള നട
പടികളാണ് അന്ന് എണ്ണക്കുത്തകകൾ സ്വീകരിച്ചതു്.
മെക്സിക്കൻ തുറമുഖങ്ങളിൽ കപ്പലടുക്കുന്നതിനെ ഫലത്തി
ലവർ തടയുകയായിരുന്നു. കുത്തകകൾ അടിച്ചേല്പിച്ച
എണ്ണയെസംബന്ധിച്ച നിയമങ്ങൾ ഭേദഗതി ചെയ്യാൻ

1 റോബർട്ടു് എൻഗ്ലർ, ദി പോളിറ്റിക്സ് ഓഫ് ഓയിൽ, ന്യൂയോക്ക്, 1961, പേജ് 254.

ത്രമിക്കുകയോ, ഗവണ്മെൻറുടമയിലുള്ള എണ്ണവ്യവസായ വും ആരംഭിക്കുന്നതിനു അടിസ്ഥാനമിടുകയോ ചെയ്തിട്ടുള്ളപ്പോൾ, അർജൻറീന, ബ്രസ്സീൽ. ബൊളീവിയാ, വെനിട്സ്വല, കൊളംബിയാ, ഗ്വാട്ടിമാല തുടങ്ങിയമററു രാജ്യങ്ങൾക്കു ഇതേ ബുദ്ധിമുട്ടുതന്നെയാണ് നേരിടേണ്ടി വന്നിട്ടുള്ളത്.

സ്വന്തം വിഭവങ്ങൾ കൈകാര്യം ചെയ്യാനുള്ള പരമാധികാര രാഷ്ട്രങ്ങളുടെ അവകാശത്തെ എണ്ണക്കുത്തകകൾ നിഷേധിക്കുകയാണ്. മനുഷ്യാവകാശത്തെ സംബന്ധിച്ചുള്ള ഐക്യരാഷ്ട്രസഭയുടെ പ്രമേയത്തെ പിന്താങ്ങരുതെന്നുവരെ, അമേരിക്കൻ സ്റ്റേററ് ഡിപ്പാർട്ടുമെൻറിനോട് എണ്ണരാജാക്കന്മാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഓരോ രാജ്യത്തിനുമുള്ള പ്രകൃതി സമ്പത്തിലും വിഭവങ്ങളിലും ആ രാജ്യങ്ങൾക്കു സ്ഥിരമായ പരമാധികാരം നൽകുന്നതുൾപ്പെടെയുള്ള സ്വയം നിർണ്ണയാവകാശത്തെക്കുറിച്ചുള്ള പ്രമേയമായതുകൊണ്ടാണ് അതിനെ അവർ എതിർത്തത്.[1] എണ്ണവിഭവങ്ങളിന്മേലുള്ള പരമാധികാര രാഷ്ട്രങ്ങളുടെ അവകാശങ്ങൾ നിയന്ത്രിക്കണമെന്ന എണ്ണക്കുത്തകകളുടെ വാദം, അമേരിക്കൻ ഗവണ്മെൻറ് ശ്രദ്ധിക്കാതിരിക്കുന്നില്ല എന്നാണ് സമീപകാലസംഭവങ്ങൾ തെളിയിക്കുന്നത്.

'വിശ്വചരിത്രാവലോകനം' എന്ന ഗ്രന്ഥത്തിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു ഇങ്ങനെ എഴുതിയി

1 ന്യൂയോർക്ക് ടൈംസ്, ഒക്ടോബർ 28, 1955.

രിക്കുന്നു (1933): "എണ്ണയുടേയും പെട്രോളിന്റെയും പ്രാധാന്യം വർദ്ധിക്കുകയും അതു സാമ്രാജ്യത്വ നയങ്ങളെ ബാധിക്കുകയും ചെയ്യുന്നു. ആധുനിക സാമ്രാജ്യത്വത്തെ ചിലപ്പോൾ എണ്ണസാമ്രാജ്യത്വമെന്ന് വിളിക്കുന്നതു് അർത്ഥവത്താണ്".[1]

എണ്ണക്കുത്തകകൾ ഓരോ വർഷം കഴിയുന്തോറും അവരുടെ നിക്ഷേപങ്ങൾ വർദ്ധിപ്പിച്ചുവരികയാണ്. എണ്ണഖനനം ആരംഭിച്ച രാജ്യങ്ങളിലേയ്ക്കു് മാത്രമല്ല, എണ്ണഖനനത്തിന് സാദ്ധ്യതയുള്ള രാജ്യങ്ങളിലേയ്ക്കും അവർ കടന്നു കയറുന്നു. 1916-ൽ ലെനിൻ ഇങ്ങനെ എഴുതിയിരിക്കുന്നു: "വൻകിട തൊഴിലുടമകളുടേതായ കുത്തക അസോസിയേഷനുകളുടെ ആധിപത്യമാണ് മുതലാളിത്തത്തിന്റെ പുതിയ ഘട്ടത്തിലുള്ള പ്രധാന സ്വഭാവം. അസംസ്കൃത സാധനങ്ങളുടെ എല്ലാ ഉറവിടങ്ങളും ഒരു ഗ്രൂപ്പ് പിടിച്ചെടുത്തു കഴിയുമ്പോൾ, ഈ കുത്തകകൾ സുസ്ഥിരമായിത്തീരുന്നു. ഇരുമ്പയിരുള്ള പ്രദേശങ്ങൾ, എണ്ണപ്പാടങ്ങൾ തുടങ്ങിയവ അധീനപ്പെടുത്തുന്നതിൽ, എതിരാളികൾക്കു മത്സരിക്കാനുള്ള അവസരം നിഷേധിക്കുന്നതിന്, മുതലാളിത്ത അസോസിയേഷനുകൾ കഴിയുന്നത്ര ശ്രമിക്കുന്നതു് നാം കാണാറുണ്ടു്......"[2]

---

1 ഇന്ത്യൻ പെട്രോളിയം, ന്യൂഡൽഹി, ഫെബ്രുവരി 1963, പേജ് 23.

2 ലെനിൻ സെലക്ടഡ് വർക്ക്സ്, വോളിയം 1, പേജ് 775.

അമേരിക്കൻ എണ്ണക്കുത്തകകൾ, മുഖ്യമായും ആക്രമണസ്വഭാവമുള്ളവയാണ്. 1929-ൽ നിന്ന് 1960-ൽ എത്തിയപ്പോൾ, അമേരിക്കയുടെ നേരിട്ടുള്ള സ്വകാര്യ നിക്ഷേപങ്ങൾ 300 ശതമാനം വർദ്ധിക്കുകയുണ്ടായി. എണ്ണവ്യവസായരംഗത്തെ ഈ വർദ്ധനവ് 900 ശതമാനമാണ്.[1] നേരിട്ടുള്ള നിക്ഷേപം വിദേശത്ത് ഏററവും കൂടുതലുള്ളത് കുത്തകകൾക്കാണ്: 1961-ൽ ഈ തുക 12,200 മില്യൻ ഡോളറായിരുന്നു. വിദേശങ്ങളിൽ ആകെയുള്ള അമേരിക്കൻ നിക്ഷേപത്തിൻെറ 35 ശതമാനവും വിദേശങ്ങളിൽനിന്ന് അമേരിക്കൻ കുത്തകകൾക്കു കിട്ടുന്ന ലാഭത്തിൻെറ 40 ശതമാനവും വരും ഇത്.[2] 1962-ൽ 275 അമേരിക്കൻ കമ്പനികൾ വിദേശങ്ങളിൽ എണ്ണ അന്വേഷണത്തിൽ ഏർപ്പെട്ടിരുന്നു. 1952-ൽ 70 കമ്പനികൾ മാത്രമാണ് ഇങ്ങനെ ചെയ്തിരുന്നത്.[3] മുതലാളിത്ത ലോകത്തിലെ എണ്ണയുല്പാദനത്തിൻെറയും എണ്ണശുദ്ധീകരണത്തിൻേറയും 80 ശതമാനത്തിലധികവും നിയന്ത്രിക്കുന്നത് ആംഗ്ലോ അമേരിക്കൻ കുത്തക മുതലാളിത്തമാണ്.[4] ഇങ്ങനെ അമേരിക്കൻ സാമ്രാജ്യത്വത്തിനും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും, നിര

1 എൽ എം. ഫാനിംഗ്, ഫോറിൻ ഓയിൽ ആൻറ് ദി ഫ്രീ വേൾഡ്, 1954, പേജ് 347; സർവ്വേ ഓഫ് കറൻറ് ബിസിനസ്സ്, ആഗസ്റ്റ് 1961, പേജ് 22.

2 സർവ്വേ ഓഫ് കറൻറ ബിസ്സിനസ്സ് ആഗസ്റ്റ് 1962 പേജ് 22.

3 ദി ഫൈനാൻഷ്യൽ ടൈംസ്, സെപ്റ്റംബർ 21, 1962.

4 പെട്രോളിയം ഇൻഫർമേഷൻ ബ്യൂറോ, ലണ്ടൻ, നവമ്പർ 22, ഡിസമ്പർ 6, 1962

വധി മുതലാളിത്ത രാജ്യങ്ങളിൽ, വിശേഷിച്ച് സ്വാതന്ത്ര്യത്തിൻെറ പാതയിലൂടെ നീങ്ങുന്ന രാജ്യങ്ങളിൽ, നേരിട്ട് സ്വാധീനം ചെലുത്താൻ കഴിയുന്നു.

ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാറ്റിൻ അമേരിക്കയിലേയും കോളനികളിലെ ദേശീയ വിമോചനപ്രസ്ഥാനം, അവിടത്തെ വെറുക്കപ്പെട്ട കോളനിഭരണത്തെ ദൂരെ വലിച്ചെറിയുകയും ആ രാജ്യങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെടുക്കുകയുമുണ്ടായി. ഇതുമൂലം കോളനി മേധാവിത്വത്തിൻെറ കീഴിലുണ്ടായിരുന്ന സാമ്പത്തികനില തകരുകയും ചൂഷണത്തിന് അധികമായി സ്വീകരിക്കപ്പെട്ടുപോന്ന സാമ്പത്തിക രീതികൾക്ക് വിരാമമുണ്ടാകുകയും ചെയ്തു. വിദേശസാമ്പത്തിക മേധാവിത്വം കുറഞ്ഞുതുടങ്ങി. ഈ രാജ്യങ്ങളിലെ ദേശീയ വ്യവസായത്തിനും കൃഷിക്കും വളരുവാനുള്ള സൗകര്യം ലഭിച്ചു. ഈ സ്ഥിതിയിൽ അമേരിക്കയും ബ്രിട്ടനും അവികസിത രാജ്യങ്ങളിലുള്ള അവരുടെ സാമ്പത്തികമായപിടി നിലനിറുത്താനുള്ള മാറ്റങ്ങൾ വരുത്തുകയുണ്ടായി.

1960 നവംബറിൽ കമ്മ്യൂണിസ്റ്റ് വർക്കേഴ്സ് പാർട്ടിപ്രതിനിധികളുടെ മോസ്കോ സമ്മേളനം അംഗീകരിച്ച പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു: "അമേരിക്കയുടെ നേതൃത്വത്തിൽ സാമ്രാജ്യശക്തികൾ പുതിയ രീതിയിലും പുതിയ രൂപത്തിലും മുൻകോളനികളിലെ ജനങ്ങളെ ചൂഷണം ചെയ്യാൻ വൃഥാ ശ്രമം നടത്തുകയാണ്. ഏഷ്യാ, ആഫ്രിക്കാ, ലാറ്റിനമേരിക്കാ, എന്നി

വിടങ്ങളിലെ രാജ്യങ്ങളുടെ സാമ്പത്തിക-കൊളോണിയൽ-രാഷ്ട്രീയ സ്വാധീനത്തിന്റെ ഉത്തോലകങ്ങളിലുള്ള പിടി നിലനിർത്താൻ കുത്തകകൾ ശ്രമിക്കുകയാണ്."[1]

സ്വതന്ത്രരാജ്യങ്ങളെ തങ്ങളുടെ സ്വാധീന മേഖലയിൽ കൊണ്ടുവരാൻ സഹായിക്കുന്ന പ്രധാന ഉത്തോലകങ്ങളിൽ ഒന്ന് എണ്ണയാണെന്ന് അമേരിക്കയിലേയും ബ്രിട്ടനിലേയും കുത്തക മുതലാളിത്തം കരുതുന്നു.

ഇന്ന് എണ്ണ കൂടാതെ ഒരു സാമ്പത്തിക വികസനവും സാദ്ധ്യമല്ല. വ്യവസായത്തിലും ഗതാഗതത്തിലും സായുധസേനയുടെ പ്രവർത്തനത്തിലും എണ്ണ സുപ്രധാന പങ്കു വഹിക്കുന്നു. സ്വന്തമായി എണ്ണവ്യവസായമില്ലാത്ത രാജ്യങ്ങൾ ചിലവാക്കേണ്ടിവരുന്ന വിദേശനാണ്യം ലാഭിക്കേണ്ടതിനെപ്പററിയും പ്രതിരോധത്തിൽ എണ്ണയ്ക്കുള്ള നിർണ്ണായകമായ പ്രാധാന്യത്തെപ്പററിയും 1956 മേയ് 23-ാം തീയതി ഇന്ത്യൻ പ്രധാനമന്ത്രി നെഹ്റു പാർലമെന്റിൽ പ്രസ്താവിക്കുകയുണ്ടായി.[2]

കെ. ഡി. മാളവ്യ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "എണ്ണയുടെ മേൽ നിയന്ത്രണമില്ലാതെ സമ്പദ്‌വ്യവസ്ഥയും ഭണ്ഡാരനയവും വ്യവസായവൽക്കരണ രീതിയും

---

1 ദി സ്ട്രഗിൾ ഫോർപീസ്, ഡെമോക്രസി ആൻറ് സോഷ്യലിസം, മോസ്കോ പേജ് 62.

2 ഇൻഡ്യൻ പെട്രോളിയം, ന്യൂഡൽഹി, ഫെബ്രുവരി, 1963 പേജ് 26.

നിയന്ത്രിക്കാൻ പററുകയില്ല."[1] അദ്ദേഹം തുടരുന്നു: "എണ്ണവ്യവസായത്തിൻെറ ഉടമാവകാശവും നിയന്ത്രണവും രാഷ്ട്രത്തിനുതന്നെയല്ലെങ്കിൽ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയോ പ്രതിരോധമോ സ്വാതന്ത്ര്യമാക്കാൻ സാധിക്കയില്ല."[2]

എണ്ണഖനനവും ശുദ്ധീകരണവും നിറുത്തുമെന്നും, എണ്ണവിതരണം റദ്ദാക്കുമെന്നും ഭീഷണിപ്പെടുത്തി സൈനികവും രാഷ്ട്രീയവും സാമ്പത്തികവുമായ ബാദ്ധ്യതകൾ സ്വാതന്ത്ര്യരാജ്യങ്ങളുടെ മേൽ അടിച്ചേല്പിക്കാൻ എണ്ണക്കുത്തകകൾക്കും അവരുടെ ഗവമ്മെൻറുകൾക്കും കഴിയും. അപ്രതീക്ഷിതമായ ഈ അപകടങ്ങൾ എന്താണെന്ന് 1958-ൽ ഇൻഡോനേഷ്യയിലും 1966-ൽ ക്യൂബയിലുമുണ്ടായ സംഭവങ്ങൾ തെളിയിക്കുന്നു. അന്ന് കുത്തകകൾ ആ രാജ്യങ്ങളിലെ എണ്ണവിതരണത്തെ തകരാറിലാക്കുകയാണുണ്ടായതു്. പ്രധാന വിദേശനയങ്ങളെ സംബന്ധിച്ച് വൻകിട എണ്ണക്കുത്തകകൾ സാമ്രാജ്യത്വ ഗവമ്മെൻറുകളെ "ഉപദേശിക്കുക" എന്നതു് ഒരു യാദൃച്ഛികസംഭവമല്ല. നെൽസൺ റോക്ക്ഫെല്ലർ 1955 ജനുവരിയിൽ പ്രസിഡൻറ് ഐസൻഹോവർക്ക് എഴുതിയതു് എന്താണെന്നു് നോക്കുക: "സ്വകാര്യ നിക്ഷേപകരെ ഗവർമ്മെൻറ് (അമേരിക്ക) പ്രയോജനപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം; ഇവരുടെ

---

1 ദി സ്റ്റേററ്സ്മാൻ, ഏപ്രിൽ 11, 1959.

2 ഇന്ത്യൻ എക്സ്പ്രസ്സ്, ജനുവരി 2, 1962.

സഹായത്തോടുകൂടി നിരവധി രാഷ്ട്രീയലക്ഷ്യങ്ങൾ നേടാൻ കഴിയും. ഇത്തരം സ്വകാര്യനിക്ഷേപങ്ങളുടെ ഏറെക്കാലത്തെ പ്രവർത്തനംകൊണ്ടു്, നമ്മോടു കൂറില്ലാത്തവരേയും നമ്മുടെ നയത്തെ എതിർക്കുന്നവരേയും, ഒഴിവാക്കുകയോ, നിഷ്ക്രിയരാക്കുകയോ ചെയ്യാൻ നമുക്കു സാധിക്കും. അസ്ഥിരമായതോ, നമ്മെ പിന്താങ്ങുവാൻ മടികാണിക്കുന്നതോ ആയ പ്രാദേശിക ബിസിനസ്സ് താല്പര്യങ്ങളുടെ മേൽ കൂടുതൽ സാമ്പത്തിക സമ്മർദ്ദം ചെലുത്താനും ഇങ്ങനെനമുക്കു കഴിയും..."[1]

അവികസിത രാജ്യങ്ങളിലെ എണ്ണക്കമ്പനികൾ സാർവ്വദേശീയ കുത്തക മൂലധനക്കാരുടെ കീഴിലാണു്. ആ രാജ്യങ്ങളിലെ ഗവൺമെൻറുകളുടെ മേൽ സമ്മർദ്ദം ചെലുത്തിയും എണ്ണ വിതരണം നിറുത്തുമെന്നു് ഭീഷണിപ്പെടുത്തിയും ഇവർ തങ്ങളുടെ നിക്ഷേപങ്ങളെ സംബന്ധിച്ചു് ഏററവും നല്ല വ്യവസ്ഥകൾ ഉണ്ടാക്കുന്നു. ഇതേ വ്യവസ്ഥകൾ ചോദിക്കാനും വാങ്ങാനും വേണ്ടി ശ്രമിക്കാൻ മററു കുത്തകർക്കു് ഇതു വഴിതെളിച്ചുകൊടുക്കുന്നു. അമേരിക്കൻ എണ്ണക്കുത്തകകൾ ഒരു പ്രത്യേക നിലപാടാണു് ഇന്ത്യയോടു് സ്വീകരിച്ചതു്. ഇന്ത്യയിൽ എണ്ണ ശുദ്ധീകരണശാല സ്ഥാപിക്കാമെന്ന വാഗ്ദാനത്തിനു പകരമായി വലിയ ആനുകൂല്യങ്ങൾ അവർ നേടിയെടുക്കുകയുണ്ടായി. ഇന്ത്യയിലെ അമേരിക്കൻ നിക്ഷേപകർക്കുള്ള വ്യവസ്ഥകളുണ്ടാക്കുന്നതിൽ 'സ്റ്റാൻഡേർഡ്'

1 ഡി. ലത്തീഫി, ഇന്ത്യ ആൻറ് യു. എസ്. എയിഡ് ബോംബെ, 1950, പേജ് 101.

വാകപ്പാ' വഹിച്ച പങ്കിനെപ്പറ്റി 'ന്യൂയോർക്ക് ടൈംസ്' ഇങ്ങനെ പറയുന്നു: "വരും വർഷങ്ങളിൽ ഈ രാജ്യത്തേയ്ക്കു് കൂടുതൽ അമേരിക്കൻ പണം ഒഴുകാൻ ഇതു വഴിതെളിക്കും."[1] ലാഭത്തിന്റേയും അധികാരത്തിന്റേയും മാർഗ്ഗങ്ങൾ കാത്തുസൂക്ഷിക്കാൻ ആംഗ്ലോ-അമേരിക്കൻ എണ്ണക്കുത്തകകൾ കിണഞ്ഞു ശ്രമിക്കുന്നു. കൊളോണിയലിസത്തിനുവേണ്ടിയും രാജ്യങ്ങൾ അപ്രായോഗികമായ സാമൂഹ്യ-സാമ്പത്തിക ബന്ധങ്ങളോടും പാപ്പരായ രാഷ്ട്രീയ ഭരണത്തോടുംകൂടി സാമ്പത്തികമായും രാഷ്ട്രീയമായും ആശ്രയത്വമുള്ളവയായിരിക്കുന്നതിനുവേണ്ടിയും, ഇവർ എന്തുകൊണ്ടാണു് വാദിക്കുന്നതെന്നു് ഇതിൽനിന്നു വ്യക്തമാണു്.

## എണ്ണക്കുത്തകകൾ—ഇന്ത്യയിൽ

ആംഗ്ലോ-അമേരിക്കൻ എണ്ണക്കമ്പനികൾ ആദ്യമായി ഇന്ത്യയിൽ പ്രത്യക്ഷപ്പെട്ടതു് ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തിലാണു്. റോക്ക്ഫെല്ലറാണു് ഇന്ത്യൻ മാർക്കററു് 'കണ്ടുപിടിച്ചതു്.' അദ്ദേഹത്തിന്റെ വക സ്റ്റാൻഡാർഡ് ഓയിൽ ലോകമൊട്ടാകെ വിജയകരമായി മുന്നേറിക്കൊണ്ടിരിക്കുകയായിരുന്നു. "ടിന്നുകളിൽ നിറച്ച സ്റ്റാൻഡാർഡ് ഓയിൽ ടൃണീഷ്യയിലേയ്ക്കും മൊറോക്കോയിലേയ്ക്കും കഴുതപ്പുറത്തും, മണലാരണ്യങ്ങൾ കടക്കുവാൻ ഒട്ടകത്തിന്റെ പുറത്തും, ആണു് കയററിക്കൊണ്ടുപോയിരുന്നതു്. ഇന്ത്യയിൽ ആനപ്പുറത്തു കയ

---

1 ദി ന്യൂയോർക്കു് ടൈംസ്, ജനുവരി 3, 1952.

ററിയായിരുന്നു അവ ഓരോ സ്ഥലത്തേയ്ക്കും കൊണ്ടുപോയതു്. ഈ എണ്ണ ടിമ്പറു പർവ്വതങ്ങളിലെത്തിച്ചതു് മനുഷ്യന്റെ പുറത്തു കയററിയായിരുന്നു."[1] ഷെൽ ട്രാൻസ്പോർട്ടു് ആൻറു് ട്രേഡിംഗ് കമ്പനി, റോയൽ ഡച്ചു്-ഷെൽ, റോത്സ്ചൈൽഡ്സ് ഓയിൽക്കമ്പനി എന്നിവ ഇന്ത്യയിൽ റോക്ക്ഫെല്ലറെ പിന്തുടർന്നു. റോക്ക്ഫെല്ലർക്കെതിരായ സമരം ശക്തിപ്പെടുത്തുന്നതിനു് ഈ കമ്പനികൾ 1909-ൽ ഏഷ്യാറ്റിക് പെട്രോളിയം കമ്പനിയായി സംയോജിപ്പിക്കുകയുണ്ടായി. ഈ കമ്പനി, പില്ക്കാലത്തു് 'ഷെൽപെട്രോളിയം കമ്പനി' എന്നാണു് അറിയപ്പെട്ടതു്. 1928-ൽ ഈ പുതിയ കമ്പനി, ബർമ്മാഷെൽ ഓയിലുമായി സംയോജിപ്പിക്കുകയും ബർമ്മാഷെൽ ഓയിൽസ്റ്റോറേജ് ആൻറു് ഡിസ്ട്രിബ്യൂട്ടിംഗ് കമ്പിനി ഓഫ് ഇന്ത്യ' എന്ന ഇന്നത്തെ പേരു് സ്വീകരിക്കുകയും ചെയ്തു.

ഇന്ത്യ ഒരു ബ്രിട്ടീഷ് കോളനിയായിരുന്നതുകൊണ്ടു്, ഒന്നാം ലോകമഹായുദ്ധത്തിനു മുമ്പുതന്നെ ബ്രിട്ടീഷ് മൂലധനം ഇന്ത്യയിലെ എണ്ണ ബിസിനസ്സിൽ ശക്തമായ സ്ഥാനം നേടുകയുണ്ടായി. രാജ്യത്താകെയുള്ള എണ്ണയുടെ വിതരണം നടത്തിപ്പോന്ന ബർമ്മാ ഷെൽ കൊളോണിയൽ ഭരണവുമായി അടുത്ത ബന്ധം സ്ഥാപിച്ചു.

---

1 സി. ലൂവിസ്, അമേരിക്കാസ് സ്റ്റേക്ക് ഇൻ ഇൻറർ നാഷണൽ ഇൻവെസ്റ്റ്മെൻറ്, 1938, പേജ് 183. എസ്സോ സ്റ്റാൻഡേർഡ് ഈസ്റ്റേൺ (മുൻ സ്റ്റാൻ വാക് കമ്പനി) സ്റ്റാൻഡാർഡ് ഓയിൽസിന്റെ താല്പര്യം സംരക്ഷിക്കാനായി ഇന്നു് ഇന്ത്യയിൽ പ്രവർത്തിക്കുന്നു.

യഥാർത്ഥത്തിൽ ‘എണ്ണയുല്പന്നങ്ങളെ സംബന്ധിച്ച ഗവ ൺമെൻറു വകുപ്പ്” ഈ കമ്പനിക്കാരാണ് കൈകാര്യം ചെയ്തുപോന്നതു്. ഡിപ്പാർട്ടുമെൻറ് തലവനായും, ബർമ്മാഷെല്ലിൻെറ ഡൽഹി ഡിസ്ട്രിക്ട് ഓഫീസിലെ മാനേജരായും ഒരേയാളുകൾ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥന്മാർ, നിയമപ്രകാരമെന്ന പോലെ ബർമ്മാഷെല്ലിൻെറയും ജീവനക്കാരായിരുന്നു. ഇന്ത്യയിലെ അമേരിക്കൻ എണ്ണവിപണി തകർക്കാൻ ഇവർ ബില്ലുകൾ കൊണ്ടുവരികയും ചെയ്തു. വളരെമുമ്പ്, 1902-ൽ, എണ്ണവ്യാപാരം നടത്താനുള്ള അനുവാദം സ്റ്റാൻഡേർഡ് ഓയിലിനു നൽകാൻ കൊളോണിയൽ ഭരണം തയ്യാറായില്ല. അതിനവർ നൽകിയ വിശദീകരണം ഇതാണ്: “ഏതെങ്കിലും അമേരിക്കൻ എണ്ണക്കമ്പനിക്കോ അവരുടെ സഹായകക്കമ്പനികൾക്കോ ഇന്ത്യയിൽ പ്രവേശനം നൽകാൻ ഇന്ത്യാ ഗവർമ്മെൻറ് ആഗ്രഹിക്കുന്നില്ല”.[1] ഇന്ത്യയിലെ ഉല്പാദകരിൽനിന്ന് ക്രൂഡ്ഓയിൽ വാങ്ങുകയും സംഭരണത്തിനും ശുദ്ധീകരണത്തിനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യാൻ അനുവദിക്കണമെന്ന സ്റ്റാൻഡാർഡ് ഓയിൽ കമ്പനിയുടെ ഒരു അപേക്ഷ, ഗവർമ്മെൻറ് ഇതുപോലെ 1905-ൽ നിരാകരിക്കുകയുണ്ടായി. എന്നാൽ, ആസ്സാമിലെ സ്വകാര്യ ഉടമകളിൽനിന്ന് ഭൂമിയും ധാതുക്കളിന്മേലുള്ള അവകാശവും വിലയ്ക്കോ പാട്ടത്തിനോ വാങ്ങാ

1 ഇൻറർനാഷണൽ പെട്രോളിയം കാർട്ടൽ, ആഗസ്റ്റ് 22, 1952 വാഷിംഗ്ടൺ, പേജ് 41.

നുള്ള അനുവാദം 1917-ൽ സ്റ്റാൻഡാർഡ് ഓയിലിനു ലഭിച്ചു. പക്ഷേ, അവർ അവിടെ എണ്ണ അന്വേഷണം നടത്തുന്നതിനെ ഗവൺമെൻറു തടഞ്ഞു. 'ലൈസൻസു' ലഭിക്കുന്നതു് ബ്രിട്ടീഷുകാർക്കോ, ബ്രിട്ടൻെറയോ, ഇന്ത്യയുടേയോ നിയന്ത്രണത്തിലുള്ള ബ്രിട്ടീഷുകാരൻേറയോ ഇന്ത്യാക്കാരൻേറയോ കമ്പനിക്കോ, ആയിരിക്കണം' എന്ന 'മുഖ്യതത്വ'ത്തിൻെറ അടിസ്ഥാനത്തിലുള്ള ഗവൺമെൻറിൻെറ നടപടിവഴിയാണു് അതു് തടയപ്പെട്ടതു്.[1]

ആസ്സാം, ബർമ്മാ എന്നിവിടങ്ങളിലും അറേറാക്കു് പ്രദേശത്തും (ഇതിപ്പോൾ പാകിസ്ഥാനിലാണു്) കണ്ടുപിടിക്കപ്പെട്ട എണ്ണനിക്ഷേപങ്ങൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ ബ്രിട്ടീഷ് കുത്തകകൾ അവരുടെ അമേരിക്കൻ എതിരാളികളുമായി മത്സരത്തിലായിരുന്നു. 1867-ൽ ആസ്സാമിൽ എണ്ണ കണ്ടുപിടിച്ചെങ്കിലും വാണിജ്യാവശ്യത്തിനുള്ള നിക്ഷേപം 1890-ൽ മാത്രമാണു് ദിഗ്ബോയ് പ്രദേശത്തു് ആസ്സാം റെയിൽവേസ് ആൻറ് ട്രേഡിംഗ് കമ്പനി കണ്ടുപിടിച്ചതു്. അതിനുശേഷം ആസ്സാം ഓയിൽ (ബർമ്മാ ഓയിലിൻെറ ഒരു സഹായകക്കമ്പനി) അവിടെ പ്രവർത്തനം ആരംഭിച്ചു. ബർമ്മയിലും പാകിസ്ഥാനിലും ഇന്നുള്ള നിക്ഷേപങ്ങൾ ഒരേസമയത്താണു് കണ്ടുപിടിക്കപ്പെട്ടതു്. ഈ എണ്ണ

---

1 ഇൻറർനാഷണൽ പെട്രോളിയം കാർട്ടൽ, ആഗസ്റ്റ് 22, 1952, വാഷിംഗ്ടൺ, പേജ് 41.

പ്പാടങ്ങൾ ഉള്ളതിൻെറ അടിസ്ഥാനത്തിൽ, ബ്രിട്ടീഷു കാർ എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കുകയുണ്ടായി. കോളനിമേധാവിത്വത്തിൻകീഴിൽ കഴിഞ്ഞ ഇന്ത്യയുടെ പെട്രോളിയം ആവശ്യങ്ങളിൽ പകുതി നിറവേററാൻ കഴിഞ്ഞു.[1]

ബ്രിട്ടൻെറ നില വളരെ സുരക്ഷിതമായിരുന്നെങ്കിലും, ഇന്ത്യൻ വിപണിയിലേയ്ക്കു കടക്കാനുള്ള ശ്രമം അമേരിക്കക്കാർ ഉപേക്ഷിച്ചില്ല. 1911-ൽ ടെക്സാസ് ഓയിൽ കമ്പനി ഇന്ത്യയിൽ പ്രവർത്തിച്ചുതുടങ്ങി. 1929 ആയപ്പോൾ അതിന് ബോംബെയിലും കല്ക്കട്ടായിലും മദ്രാസിലും ബ്രാഞ്ചുകൾ ഉണ്ടായി. ഈ കമ്പനി 1936-ൽ 'കാൽടെക്സ്' (ഇന്ത്യ) രൂപീകരിക്കാനായി 'സ്റ്റാൻേറർഡ് ഓയിൽ ഓഫ് കാലിഫോർണിയാ' യുമായി ലയിച്ചു.

റൊക്ക്ഫെല്ലറുടെ സ്റ്റാൻേറർഡു് ഓയിൽ കമ്പനിയും, കാൽടെക്സും ഇന്ത്യൻ വിപണിയിൽ അവക്കുള്ള കുത്തകസ്ഥാനം വിപുലമാക്കി. 1925-26 ൽ ഇന്ത്യയിലെ പാരഫിൻ ഇറക്കുമതിയുടെ 87 ശതമാനവും ലൂബ്റിക്കേററിംഗ് ഓയിലിൻെറ 55 ശതമാനവും ബ്ലാക്ക് ഓയിലിൻെറ 30 ശതമാനവും അമേരിക്ക കൈകാര്യം ചെയ്തു തുടങ്ങി.[2]

---

1 ഇന്ത്യയ്ക്കു മൊത്തം വേണ്ടി വരുന്ന 1,40,1000 ടൺ എണ്ണയിൽ 650,000 ടൺ എണ്ണ 1924-25-ൽ പ്രാദേശികമായ എണ്ണ കൈകാര്യം ചെയ്യുന്ന എണ്ണശുദ്ധീകരണശാലകൾ നൽകി (ഹാൻഡുബുക്കു് ഫോർ വേൾഡ് ഓയിൽ മാർക്കററ്സ്", റഷ്യൻ എഡിഷൻ, മോസ്കോ, 1930, പേജ് 184.)

2 വി. ആൻസ്റ്റേ, ദി ട്രേഡ് ഓഫ് ദി ഇന്ത്യൻ ഓഷൻ, ലണ്ടൻ, 1929, പേജ് 193.

ബ്രിട്ടീഷ് മൂലധനക്കാർ അമേരിക്കൻ കമ്പനികളുടെ ഈ ആക്രമണത്തിനു കീഴടങ്ങാതെ, പ്രത്യാക്രമണം നടത്തി. 1927 സെപ്റ്റംബർ 23-ാം തീയതി റോയൽ ഡച്ച് ഷെൽ പാരഫിൻെറ റീട്ടെയിൽ വിലയിൽ കുറവുവരുത്തിയിരിക്കുന്നതായി പ്രഖ്യാപിച്ചു. ഇതിനു ബദലായി, സ്റ്റാൻേറർഡ് ഓയിൽ കമ്പനി അവരുടെ എണ്ണയുടെ വില കുറയ്ക്കുകയും വിപണികളിൽ മത്സരത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇങ്ങനെ ഇന്ത്യ കുത്തകകളുടെ ഒരു 'വിലസമര' രംഗമായി മാറി.

കടുത്ത മത്സരംമൂലം രണ്ടു ഭാഗത്തും വലിയ നഷ്ടം വന്നതുകൊണ്ട്, ഈ സമരം ഏറെക്കാലം നിലനിന്നില്ല. പ്രതിവർഷം 4 മില്യൻ ഡോളർ നഷ്ടം വരുന്നുണ്ടെന്ന് സ്റ്റാൻഡാർഡ് ഓയിലും 13 മില്ല്യൻ ഡോളർ നഷ്ടം വരുന്നുണ്ടെന്ന് റോയൽ ഡച്ച് ഷെല്ലും കണക്കാക്കുകയുണ്ടായി.[1]

1927 അവസാനം ഇവർ യോജിച്ച് ഇന്ത്യൻ വിപണിക്കു ഒരു പ്രത്യേകരൂപം നൽകി. 1928-ൽ ന്യൂജഴ്സി സ്റ്റാൻേറർഡ് ഓയിലും, റോയൽ ഡച്ച് ഷെല്ലും ആംഗ്ലോ ഇറാനിയനും ചേർന്ന് 'അക്നാകാരി കരാർ' എന്നറിയപ്പെടുന്ന ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ഇതു് ഇൻറർനാഷണൽ പെട്രോളിയം കാർട്ടലിൻെറ ഉത്ഘാടനം കുറിക്കുകയായിരുന്നു. ഇന്ത്യൻ എണ്ണ വിപണിയുടെ ഇന്നത്തെ സ്ഥിതി എന്താണെന്ന് മനസ്സിലാക്കാൻ സഹായകരമായ ഈ കരാറിൽ, നിലവിലുള്ള

1. വി. ബ്രോൺസ്റ്റയിൽ, വി. റോസൻബ്ളം, ഓയിൽ എപിക്ക്, റഷ്യൻ എഡിഷൻ, മോസ്കോ, 1935 പേജ് 490.

സ്ഥിതി (സ്ററാററസ്ക്കോ) തുടരുക എന്ന തത്വം അംഗീകരിച്ചിരുന്നു. ഇതുമൂലം ഓരോ കുത്തകയും അവരവരുടെ അന്നുണ്ടായിരുന്ന സ്ഥാനങ്ങൾ നിലനിർത്തിപ്പോന്നു. കരാറിലെ പ്രധാന കാര്യങ്ങൾ ഇവയാണ്:

1. ഉപഭോഗത്തിൽ ഭാവിയിലുണ്ടാകുന്ന ആവശ്യകതയെ നേരിടുന്നതു് 1928-ലെ പ്രവർത്തനതോതും ഷെയറുകളും കണക്കിലെടുത്തായിരിക്കണമെന്നു് കരാറിൽ ഒപ്പുവച്ചവർ സമ്മതിച്ചു.
2. നിലവിലുള്ള ഇൻസ്ററലേഷനുകൾ കൂട്ടായി ഉപയോഗിക്കണം.
3. ആവശ്യകതയുടെ വർദ്ധനവനുസരിച്ചു മാത്രമേ കൂടുതൽ സൗകര്യങ്ങളുണ്ടാക്കുകയുള്ളു.
4. തുടക്കം എങ്ങനെയാണെങ്കിലും ശരി, ഖനനം പ്രധാനമായും ഭൂമിശാസ്ത്രപരമായ തത്വം അനുസരിച്ചായിരിക്കണം; എണ്ണയുല്പന്നങ്ങൾക്കു് ഒരേ വിലയായിരിക്കണം.
5. ഏററവും അടുത്തുള്ള ഖനനസ്ഥലത്തു നിന്നായിരിക്കണം വിതരണത്തിനുള്ള എണ്ണ എടുക്കുന്നതു്.
6. ഓരോ സ്ഥലത്തേയും ഖനനം ആവശ്യത്തിലധികമാകരുതു്.
8. ഉല്പാദനച്ചെലവും വിലയും കൂടത്തക്കവിധത്തിൽ മത്സരത്തിനുള്ള നടപടികളും ചെലവുകളും ഉണ്ടാവരുതു്.

കോളനി മേധാവികളുടെ പിന്തുണയും, അസംസ്കൃത സാധനങ്ങൾ ലഭിക്കാനുള്ള സൗകര്യവും, എണ്ണശുദ്ധീകരണ ശാലകളും ഉള്ളതുകൊണ്ട് വിപണിയിലെ സിംഹഭാഗവും കയ്യടക്കാമെന്നായിരുന്നു, ബ്രിട്ടീഷുകാരുടെ പ്രതീക്ഷ. അന്ന്, ബർമ്മാ ഷെല്ലിൻേറയും അതിൻെറ സഹായകക്കമ്പനികളുടേയും വില്പനക്വോട്ടാ മൊത്തമുള്ള വില്പനക്വോട്ടായുടെ 70 ശതമാനത്തിലധികമായിരുന്നു. ആരു കച്ചവടം നടത്തിയാലും, മൊത്തം കിട്ടുന്ന ആദായം ക്വോട്ടാ അനുസരിച്ച് ബർമ്മാഷെൽ, സ്ററാൻേറർഡ് ഓയിൽ അഥവാ കാൽടെക്സ് എന്നിവയ്ക്ക് വീതിച്ചെടുക്കാവുന്ന ഒരു സ്ഥിതിയായിരുന്നു പുതിയ കരാർ പ്രകാരം ഉണ്ടായതു്.[1]

പുതിയ കരാർ ഉണ്ടായതിനെ തുടർന്ന് പാരഫിൻ പെട്രോൾ, ബ്ലാക്ക് ഓയിൽ, ലൂബ്റിക്കേറ്റിംഗ് ഓയിൽ എന്നിവ ഉപയോഗിക്കുന്ന ഇന്ത്യാക്കാരെ ആംഗ്ലോ-അമേരിക്കൻ കുത്തകകൾ ക്രൂരതലായി ചൂഷണം ചെയ്തു തുടങ്ങി. ഇവർ ഈ സാധനങ്ങൾക്ക് ലോകത്തെങ്ങുമില്ലാത്ത വില ഇന്ത്യയിൽ ചുമത്തി. എല്ലാ എണ്ണയുല്പന്നങ്ങളും ഇന്ത്യയിൽ അമിതമായ വിലയ്ക്കാണ് വില്ക്കുന്നതു് എന്നതിൻെറ സൂചനകളുണ്ടെന്ന്, വിപണിയിലെ സ്ഥിതിയെക്കുറിച്ച് പഠിക്കാൻ 1928-ൽ നിയോഗിക്കപ്പെട്ട ഇന്ത്യൻ താരിഫ് ബോർഡ് ചൂണ്ടിക്കാണിച്ചി

---

1 പെട്രോളിയം വക്കർ, മേയ് 1958, പേജ് 6.

ട്ടുണ്ട്.[1] ഇങ്ങനെ സംഭവിക്കുന്നതു്, ദ്രവഇന്ധനവ്യാപാരം ഓയിൽ ട്രസ്ററുകളുടെ പിടിയിലായതുകൊണ്ടും, പാരഫിനു് ഇന്ത്യയിലും വെളിയിലുമുള്ള വിലവ്യത്യാസത്തിന്റെ ഇനത്തിൽമാത്രം പ്രതിവർഷം ഇവർ 25 മില്യൻ രൂപ അധികമായി നേടിയെടുക്കുന്നതുകൊണ്ടും ആണെന്നു് താരിഫ്ബോർഡ് വ്യക്തമാക്കി.[2] അവരുടെ ലാഭം വർദ്ധിക്കുകയുണ്ടായി. 1927-ൽ ബർമ്മാഷെൽ ഷെയറുകളുടെ മാർക്കററ് വില അവരുടെ ബുക്കു വാല്യൂവിനെക്കാൾ 1900 ശതമാനത്തിൽ അധികമായിരുന്നു.[3] 1902-നും 1938-നും ഇടയ്ക്കു് ബർമ്മാഷെൽ നൽകിയ ലാഭവീതം പ്രതിവർഷം ശരാശരി 33 ശതമാനം വരും. ഇതു്, ഇവർ സാധാരണ ഷെയറുകാർക്കു് ശരാശരി 33 ശതമാനത്തിനും 50 ശതമാനത്തിനുമിടയ്ക്കു വരുന്ന തുക ബോണസ്സായി നൽകിയതിനു പുറമെയുള്ളതായിരുന്നു.[4] രണ്ടാം ലോകമഹായുദ്ധകാലത്തു് പുതിയ രണ്ടു ബ്രിട്ടീഷ് കമ്പനികൾ—ബർമ്മാ ഓയിലിന്റെ ഒരു സഹായകക്കമ്പെനിയായ ബർമ്മാ ഓയിൽക്കമ്പെനി (ഇന്ത്യാ

---

1 റിപ്പോർട്ടു് ഓഫ് ദി ഇന്ത്യൻ ടാരിഫ് ബോർഡ് റിഗാർഡിംഗ് ദി ഗ്രാൻറ് ഓഫ് പ്രൊട്ടക്ഷൻ ടു ദി ഓയിൽ ഇൻഡസ്ട്രി, (എണ്ണ വ്യവസായത്തിനു സംരക്ഷണം നൽകുന്നതിനെ സംബന്ധിച്ചുള്ള താരിഫ് ബോർഡിന്റെ റിപ്പോർട്ടു്). 1928, പേജ് 95.

2 ,, പേജ് 88.

3 ദി ബോംബെ ക്രോണിക്കിൾ, ഏപ്രിൽ 8, 1939.

4 ഡബ്ളിയു. സ്കിന്നർ, ഓയിൽ ആൻറ് പെട്രോളിയം ഇയർ ബുക്ക്, 1939, പേജ് 51.

ട്രേഡിങ്ങ്) ലിമിററഡും ഇൻഡോ—ബമ്മാ പെട്രോളിയം കമ്പനി ലിമിററഡും—കൂടി ഇന്ത്യൻ വിപണിയിൽ പ്രത്യക്ഷപ്പെട്ടു. യുദ്ധത്തോടുകൂടി എണ്ണക്കുത്തകകൾക്കു ലോകത്തുണ്ടായിരുന്ന സ്ഥാനത്തിനു വലിയ മാററങ്ങൾ വന്നു.

ബ്രിട്ടീഷ് കമ്പനികൾ ഏറെക്കാലമായി കയ്യടക്കിവച്ചിരുന്ന വിപണിയിലേയ്ക്കു യുദ്ധത്തിന്റെ ഫലമായി ഗണ്യമാംവിധം ശക്തി വർദ്ധിച്ച അമേരിക്കൻ കമ്പനികൾ കടക്കുകയുണ്ടായി. തങ്ങളുടെ സ്ഥാനങ്ങൾ കൈവിട്ടുപോകാതിരിക്കാൻ ബ്രിട്ടീഷുകാർ ശക്തിയായി ചെറുത്തുനിന്നു. ഡോളർ പ്രദേശത്തുനിന്ന് എണ്ണയുല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനെ, ഇന്ത്യാഗവമ്മെൻറിനെക്കൊണ്ടു തടയിക്കാൻ 1948-ൽ ബ്രിട്ടീഷ് കുത്തകകൾക്കു സാധിച്ചു. സ്റ്റെർലിംഗ് പ്രദേശങ്ങളായ മററു രാജ്യങ്ങളെക്കൊണ്ടും അവർ ഇത്തരം നടപടി എടുപ്പിച്ചു. ഇതേ തുടർന്ന് അമേരിക്ക മറെറാരു 'വിലസമരം' ആരംഭിക്കുകയും ആനുകൂല്യങ്ങൾ അനുവദിക്കാൻ ബ്രിട്ടനെ നിർബ്ബന്ധിക്കുകയും ചെയ്തു. സ്റ്റെർലിംഗ് പ്രദേശത്തു സ്റ്റെർലിംഗിന്റെ അടിസ്ഥാനത്തിൽ എണ്ണയും എണ്ണയുല്പന്നങ്ങളും നൽകാൻ ഒരുക്കമാണെന്ന്, ഇന്ത്യയിലെ എണ്ണവിതരണത്തിന്റെ കുത്തക കൈവശപ്പെടുത്താനാഗ്രഹിച്ച അമേരിക്കൻ കമ്പനികൾ പ്രഖ്യാപിച്ചു. ഇന്ത്യയുടെ മുമ്പാകെ അവർ വച്ച ഈ നിർദ്ദേശം ബ്രിട്ടീഷ് കമ്പനികൾക്കു ഭാഗികമായി അംഗീകരിക്കേണ്ടിവന്നു.

ബ്രിട്ടീഷ് വാണിജ്യകേന്ദ്രങ്ങൾക്കെതിരായുള്ള ആക്രമണത്തിനുവേണ്ടി, അമേരിക്കൻ കുത്തകകൾ എണ്ണ വ്യവ

സായത്തിലുള്ള അവരുടെ നിക്ഷേപം വളരെ ഏറെ വർദ്ധിപ്പിച്ചു. അതിനു ശേഷം, ഇന്ത്യയിലെ സ്വകാര്യ അമേരിക്കൻ നിക്ഷേപം പ്രധാനമായും കേന്ദ്രീകരിക്കപ്പെട്ടതു് എണ്ണ വ്യവസായത്തിലും എണ്ണ വ്യാപാരത്തിലുമാണ്—1960-ൽ 65 ശതമാനം.[1] 1955 മുതൽ 1960 വരെ ഇന്ത്യയിലുണ്ടായിരുന്ന അമേരിക്കൻ സ്വകാര്യനിക്ഷേപങ്ങളിൽ 67 ശതമാനം എണ്ണ ബിസ്സിനസ്സിലായിരുന്നു.

രണ്ടു എണ്ണശുദ്ധീകരണശാലകൾ സ്ഥാപിച്ചും വില്പന സൌകര്യങ്ങൾ വർദ്ധിപ്പിച്ചും അമേരിക്കൻ എണ്ണക്കമ്പനികൾ ഇന്ത്യയിലുള്ള അവരുടെ നില ശക്തിപ്പെടുത്തി. ഇവരുടെ മൂലധനത്തിന്റെ വളർച്ച അതിന്റെ കഥ പറയുന്നു: സ്റ്റാൻവാക്ക് കമ്പനിയുടെ സ്ഥിരസ്വത്തുക്കൾ (ഫിക്സഡ് അസററുകൾ – ഭൂമി, കെട്ടിടം പണ്ടുകൾ, ഉപകരണങ്ങൾ തുടങ്ങിയവ) 1949-ൽ 37 മില്യൻ രൂപയുടേതായിരുന്നു. അവരിതു് 1959-ൽ 306 മില്യൻ രൂപയുടേതാക്കി വർദ്ധിപ്പിച്ചു —അതായതു് 700 ശതമാനത്തിലധികം.[2] ഇന്ത്യയിലെ എണ്ണ വ്യവസായത്തിലും വ്യാപാരത്തിലുമായി ആകെയുണ്ടായിരുന്ന അമേരിക്കൻ നിക്ഷേപം 1955-ൽ 248

---

1 726 മില്യൻ രൂപയിൽ 472 മില്യൻ രൂപ (റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ബുള്ളററിൻ, ഒക്ടോബർ 1962, പേജ് 1534) 1929-ൽ ഇന്ത്യയിലെ അമേരിക്കൻ നിക്ഷേപം 5 മില്യൻ ഡോളറാണ്. (C. Lewis Kolis പേജ് 188).

2 സ്റ്റാൻഡാർഡു് വാക്വം, എ. റിവ്യൂ ഓഫ് 1959, ബോംബെ, ഏപ്രിൽ 1960, പേജ് 12, 13.

മില്യൻ രൂപയായിരുന്നു. ഇതു് 1960-ൽ 472 മില്യൻ രൂപയായി വർദ്ധിപ്പിച്ചു—അതായതു് 90 ശതമാനം.

ഇതിനു ബദലായി ഇന്ത്യയിൽ ബ്രിട്ടൻ ഏററവും വലിയ എണ്ണശുദ്ധീകരണശാല സ്ഥാപിക്കുകയും വിപണനസൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്തു. വിപണിയിൽ ബർമ്മാഷെല്ലിനു് ഉണ്ടായിരുന്ന മൂലധനം 1949-ൽ 215.6 മില്യൻ രൂപ ആയിരുന്നതു് 1957-ൽ 632.8 മില്യനായി വർദ്ധിച്ചു.[1] എണ്ണ ഖനനം, ശുദ്ധീകരണം, വിപണനം എന്നിവയ്ക്കായുള്ള ബ്രിട്ടൻെറ മൂലധനനിക്ഷേപം 1960-ൽ 1051 മില്യൻ രൂപയായിരുന്നു. ഇന്ത്യയിലെ ബ്രിട്ടീഷ് നിക്ഷേപങ്ങളിൽ 23 ശതമാനത്തിലധികം വരുമിതു്. ബ്രിട്ടീഷ് എണ്ണക്കമ്പനിക്കാരുടെ നിക്ഷേപം 1955-ൽ 791 മില്യൻ രൂപ ആയിരുന്നതു് 1960-ൽ 1051 മില്യൻ രൂപയായി വർദ്ധിച്ചു—അതായതു് 30 ശതമാനത്തിലധികം.

ബ്രിട്ടീഷ് കമ്പനികളുടേയും അമേരിക്കൻ കമ്പനികളുടേയും ലോകയുദ്ധാനന്തരനില താരതമ്യപ്പെടുത്തുക എളുപ്പമല്ല. എന്നാൽ, യുദ്ധത്തിനുമുമ്പു് ബ്രിട്ടീഷു് കമ്പനികളുടെ ആഭ്യന്തര വ്യാപാരം 70 ശതമാനമായിരുന്നതു് യുദ്ധത്തിനുശേഷം 60 ശതമാനമായി കുറഞ്ഞു എന്നു് അവരുടെ ബിസിനസ്സുകൾ പരിശോധിച്ചാൽ കാണാം.

1 ബർമ്മാഷെൽ ഓയിൽ സ്റ്റോറേജ് ആൻറ് ഡിസ്ട്രിബ്യൂട്ടിംഗ് കമ്പനി ഓഫ് ഇന്ത്യ, ബാക്ക്ഗ്രൗണ്ട ടു ബർമ്മാഷെൽ, ബോംബെ, പേജ് 28, 29; ബർമ്മാഷെൽ, സർവ്വേ ഓഫ് ആക്റ്റിവിറ്റീസ്, 1957; പേജ് 14, 15.

ഉൽപാദന സൗകര്യങ്ങൾ നോക്കുമ്പോൾ, അമേരിക്കൻ കമ്പനികൾ വളർന്നുവരികയായിരുന്നു എന്നും വ്യക്തമാകും. എണ്ണശ്ശുദ്ധീകരണശാലകൾ പ്രവർത്തിച്ചുതുടങ്ങിയപ്പോൾ അതിൽ ബ്രിട്ടീഷ് മൂലധനക്കാർക്കു് 57 ശതമാനത്തിന്റെയും അമേരിക്കൻ മൂലധനക്കാർക്കു് 43 ശതമാനത്തിന്റെയും നിയന്ത്രണമുണ്ടായിരുന്നതു് 1963–ൽ യഥാക്രമം 54 ശതമാനവും 46 ശതമാനവും ആയിത്തീർന്നു.[1] എണ്ണ ബിസിനസ്സിനുള്ള സ്വകാര്യനിക്ഷേപങ്ങളിൽ ബ്രിട്ടീഷ് ഓഹരി 1955–ൽ 76 ശതമാനമായിരുന്നതു് 1960–ൽ 69 ശതമാനമായി കുറഞ്ഞു. എന്നാൽ ഇതേസമയത്തു് അമേരിക്കയുടെ ഓഹരി 24–ൽ നിന്നു് 31 ശതമാനമായി വദ്ധിച്ചു. യുദ്ധകാലത്തിനുശേഷം ഇന്ത്യയിലെ എണ്ണ വിപണിക്കു വേണ്ടി നടന്ന സമരം അമേരിക്കൻ കുത്തകകൾക്കു് അനുകൂലമായിരുന്നു എന്നു് വ്യക്തമാണു്. യുദ്ധകാലത്തിനുമുമ്പുണ്ടായിരുന്ന 70 ശതമാനത്തിന്റെ വിൽപനക്വോട്ടാ 60 ശതമാനമാക്കി കുറയ്ക്കാമെന്നു് ബ്രിട്ടനു സമ്മതിക്കേണ്ടിവന്നു. ഇതു തികച്ചും സ്വാഭാവികമാണു്. ലെനിൻ പറഞ്ഞിട്ടുള്ളതു നോക്കുക: "മുതലാളിമാർ മൂലധനത്തിന്റെ അനുപാതവും,

1 1963 അവസാനം ഇന്ത്യയിൽ മൊത്തത്തിലുണ്ടായിരുന്ന എണ്ണ ശുദ്ധീകരണ സൗകര്യങ്ങൾ

| | മില്യൻ ടണ്ണുകൾ 7·8 |
|---|---|
| ബോംബെയിലെ ബർമ്മാഷെൽ | 3·75 |
| ദിഗ്‌ബോയ്‌യിലെ ആസ്സാം ഓയിൽ | 0·45 |
| ബോംബെയിലെ എസ്സോ ഈസ്റ്റേൺ | 2·5 |
| വിശാഖ പട്ടണത്തിലെ കാൽടെക്സ് | 1·1 |

'ശക്തിയുടെ അനുപാതവും' അനുസരിച്ച് ലോകത്തെ വിഭജിക്കുന്നു. കാരണം, മുതലാളിത്തത്തിനും ചരക്കുൽപാദനത്തിനും ഇതല്ലാതെ മറെറാരു വിഭജനമാർഗ്ഗമില്ല." [1] പുതിയശക്തിനിലയുടെ അടിസ്ഥാനത്തിൽ അമേരിക്കൻ കുത്തകകൾ ഇന്ത്യൻ വിപണി ഉടച്ചുവാർത്തു.

ഇന്ത്യയിലും മററു രാജ്യങ്ങളിലും 'വിലയിടിവു തടയാനുള്ള കൂട്ടുകരാർ' തങ്ങൾ ഉണ്ടാക്കിയിട്ടില്ലെന്ന് ആംഗ്ലോ–അമേരിക്കൻ കുത്തകകൾ പറയാറുണ്ട്. എന്നാലതു തെററാണെന്ന് ഈ കുത്തകകൾ ഇന്ത്യയിലെ എണ്ണവില നിശ്ചയിക്കുകയും, ആഭ്യന്തരവിപണിയിൽ ഓരോ കുത്തകയ്ക്കുമുള്ള ഓഹരിയനുസരിച്ച് എണ്ണ ശുദ്ധീകരണത്തിനുള്ള സൗകര്യങ്ങൾ പങ്കിട്ടെടുക്കുകയും, എണ്ണവ്യാപാരത്തിലെ വിദേശക്കുത്തക പൊളിക്കാനുള്ള ഇന്ത്യൻ ദേശീയ ബൂർഷ്വാസിയുടെ ശ്രമത്തിനെതിരെ ഒന്നിച്ചുനിൽക്കുകയും, എണ്ണവ്യവസായം പൊതുമേഖലയിലാക്കുന്നതിന്നെതിരെ, കൂട്ടായി പ്രചരണം നടത്തുകയും, എണ്ണയ്ക്ക് ഏററവും കൂടുതൽ ആവശ്യം നേരിടുന്ന ഘട്ടത്തിൽ എണ്ണയുൽപന്നങ്ങൾ പരസ്പരം വായ്പ നൽകുകയും ചെയ്യുന്നതിൽനിന്നു തെളിയുന്നു.

'വിലയിടിവു തടയാനുള്ള ഇവരുടെ കൂട്ടായ കരാറുകളിൽ' മൽസരം പാടില്ലെന്നു പറയുന്നില്ല. ഇവർ തമ്മിലുള്ള മൽസരം ഉഗ്രമാണ്. വിപണിയിലെ കൂടുതൽ ഓഹരിക്കുവേണ്ടിയും, കൂടുതൽ ഉപഭോക്താക്കളെ നേടാ

---

1 ലെനിൻ, സെലക്ടഡ് വർക്ക്സ് വോള്യം 1, പേജ് 770.

ൻവേണ്ടിയും, പട്ടാളത്തിനും, നാവികസേനയ്ക്കും എണ്ണ നൽകുന്നതിനു പകരമായി വലിയ ഗവൺമെൻറ് കാൺട്രാക്ടുകൾ കൈയ്ക്കലാക്കാൻ വേണ്ടിയും കടുത്ത മൽസരമാണ് ഓരോ കമ്പനിയും നടത്തുന്നത്. ഈ മൽസരം എണ്ണയുടെ ഒരു ഭാഗത്തിൻെറ ഒരു ശതമാനം വിൽക്കുമ്പോൾ പ്രകടമാകുന്നു: പാല്യം കാണാം. രാജ്യത്തിന് ആവശ്യമുള്ളതിലും അധികമായി നിരവധി എണ്ണവിൽപന സ്റ്റേഷനുകൾ ഉണ്ടായിട്ടുള്ളത് ഇതുകൊണ്ടാണ്.[1] പരസ്യത്തിനുവേണ്ടി വലിയ തുകകളവർ ചെലവാക്കുന്നുണ്ട്. എന്നാൽ ഈ തുക ഇവർ പ്രവർത്തനച്ചെലവിൽ ഉൾക്കൊള്ളിച്ച് ഉപഭോക്താക്കളിൽനിന്ന് ഈടാക്കുകയാണ് ചെയ്യുന്നത്.[2]

പുതിയതും മെച്ചപ്പെട്ടതുമായ ഇനങ്ങൾ എടുത്തുകാണിച്ച് എണ്ണയുടേയും പെട്രോളിയത്തിൻെറയും വില്പന തഴരിപ്പിക്കാൻ ഇവർ ശ്രമിക്കുന്നു. കാറുകൾ എന്തന്നുകളും കേടുകൂടാതെ സൂക്ഷിക്കാൻ ഈ എണ്ണയും പെട്രോളും 'ഗാരണ്ടി' ആണെന്നവർ പ്രചരിപ്പിക്കാറുണ്ട്. വില്പന വർദ്ധിപ്പിക്കാൻ ഒരു കുത്തക ശ്രമിക്കുമ്പോൾ അത്തരം മാർഗ്ഗങ്ങൾ എതിരാളികളായ കുത്തകകളും സ്വീകരിക്കും. പുതുമയേറിയതും കുറെക്കൂടി പരിഷ്ക്കരിച്ചതുമായ ഇനങ്ങൾ കണ്ടുപിടിക്കാനായിരിക്കും എതിരാളികൾ

---

1 ദി ഇൗസ്റ്റേൺ എക്കണോമിസ്റ്റ്, ഫെബ്രുവരി 14, 1954.

2 ന്യൂജഴ്സി സ്റ്റാൻഡാർഡ് ഓയിലിൻെറ പ്രതിവർഷമുള്ള പരസ്യച്ചെലവ് 45 മില്യൻ ഡോളർ ആണ് (ആർ. എൻഗ്ലർ, ദി പോളിററിക്സ് ഓഫ് ഓയിൽ, പേജ് 39).

പിന്നീടു ശ്രമിക്കുക. ഈ മൽസരങ്ങളെപ്പററി യൂണിയൻ ഓയിൽകമ്പനി പ്രസിഡണ്ടു് റീസ് എച്ച്. ടെയ്ലർ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "അത്ഭുതകരമെന്നു പറയപ്പെടുന്ന രാസവസ്തുക്കൾ ഞങ്ങളുടെ ഗവേഷകന്മാർ ശരിക്കു പരിശോധിക്കുകയുണ്ടായി. മോട്ടോറുകൾ പൊളിയുകയും, നശിക്കുകയും, അവയുടെ വാൽവുകളുംമററും തകരുകയും ചെയ്യുന്നതു് ഇത്തരം കലർപ്പുള്ള എണ്ണയും, പെട്രോളും ഉപയോഗിക്കുന്നതുകൊണ്ടാണു്. എന്തെങ്കിലും ഗുണമുണ്ടെങ്കിലും, അതിൽ കൂടുതൽ ദൂഷ്യമാണു് ഇങ്ങനെ ഇവയിൽ നിന്നുണ്ടാകുക." [1]

ഓരോ കുത്തകയും മററുള്ളവരെ കാട്ടുപൂച്ചയെ പോലെയാണു് ഉററു നോക്കുന്നതു്. ഉദാഹരണത്തിനു്, ഇന്ത്യയിലൊരു എണ്ണശുദ്ധീകരണശാല സ്ഥാപിക്കാൻ സ്റ്റാൻവാക് കരാറുണ്ടാക്കിയപ്പോൾതന്നെ, അത്തരം കരാറുകൾ ആവശ്യപ്പെട്ടുകൊണ്ടു ബർമ്മാഷെല്ലും കാൽടെക്സും മുമ്പോട്ടുവരികയുണ്ടായി. അതുപോലെ, ബർമ്മാഷെല്ലുകാർ ആസ്സാമിൽ പുതിയ എണ്ണനിക്ഷേപം കണ്ടുപിടിച്ചയുടനെ, സ്റ്റാൻവാക് കമ്പനിക്കാർ പശ്ചിമബംഗാളിൽ എണ്ണയന്വേഷണം തുടങ്ങി. ഏതെങ്കിലും ഒരു ഭാഗത്തു് ഒരു കമ്പനിക്കാർ ഒരു ഫില്ലിംഗ് സ്റ്റേഷൻ സ്ഥാപിച്ചാൽ എതിരാളികൾ അതിനടുത്തേയ്ക്കു പാഞ്ഞു വരും. അതുകൊണ്ടാണു് പെട്രോൾ പമ്പുകൾ കെട്ടു പിണഞ്ഞവിധം നിൽക്കുന്നതു്.

---

1 ട്രിബ്യൂൺ (സിലോൺ) ഏപ്രിൽ 28, 1961.

യുദ്ധത്തിനുശേഷം ബർമ്മാഷെല്ലിൻെറ നിലക്ക് ക്ഷീണം നേരിട്ടുവെങ്കിലും അവർക്ക് 10 മില്യൻ പവൻെറ മൂലധനമുണ്ട്. ഇന്ത്യയിലെ പ്രധാന എണ്ണക്കമ്പനികളായി അവർ തുടരുകയുമാണ്. ഇവരുടെ ഷെയറുകളിന്മേൽ ബർമ്മാ ഓയിൽ കമ്പനിക്കും റോയൽ ഡച്ചുഷെല്ലിനും പകുതിവീതം അവകാശമാണുള്ളത്. ലണ്ടനിൽ ഇതിനൊരു ഡയറക്ടർബോർഡുണ്ട്. ഈ ഡയറക്ടർ ബോർഡിൻെറ ഇന്ത്യയിലെ പ്രതിനിധി ഒരു ജനറൽ മാനേജരാണ്. ബർമ്മാഷെൽ, ഒരു അവകാശസമ്പ്രദായംവഴി ബർമ്മാ ഓയിൽ കമ്പനി (ഇന്ത്യ ട്രേഡിംഗ്) ഇന്ത്യയിലെ ഷെൽ കമ്പനി, ബ്രിട്ടീഷ് പെട്രോളിയം (ഇന്ത്യ) എന്നിവയുമായി ബന്ധപ്പെട്ടുകയും പത്തുശതമാനം കമ്മീഷൻെറ അടിസ്ഥാനത്തിൽ ഇവരുടെ എണ്ണയുല്പന്നങ്ങൾ വിററഴിക്കുകയും ചെയ്യുന്നു. ബർമ്മാ ഓയിൽ കമ്പനി (ഇന്ത്യ ട്രേഡിംഗ്) പ്രവർത്തിക്കുന്ന ആസ്സാം, മണിപ്പൂർ, ത്രിപുര എന്നിവിടങ്ങളൊഴിച്ച് ഇന്ത്യയൊട്ടാകെ ബർമ്മാ ഷെൽ പ്രവർത്തനം നടത്തുന്നുണ്ട്.

നിരവധി ശാഖോപശാഖകളുള്ള ഒരു സംഘടനാരൂപമാണ് ബർമ്മാഷെല്ലിനുള്ളത്. ഇതിന് ബോംബെയിൽ ഒരു ഹെഡ് ഓഫീസും പ്രധാന നഗരങ്ങളിൽ — ബോംബെ, കൽക്കത്താ, ഡൽഹി, മദ്രാസ് — നാല് ഏരിയാ ഓഫിസുകളും 26 ബ്രാഞ്ചാഫീസുകളും ഉണ്ട്. വലിയ പട്ടണങ്ങളിലെ നിരവധി ബ്രാഞ്ച് ഓഫീസുകളുടേയും, ഏരിയാ ഓഫീസ് സ്ഥിതിചെയ്യുന്ന പട്ടണത്തിൽ വ്യാപാരം നടത്തുന്ന ഒരു പ്രാദേശിക ബ്രാഞ്ച്

ഓഫീസിൻേറയും ചുമതല ഓരോ ഏരിയാ ഓഫീസിനാണ്. ബോംബെയിലെ ഏരിയാ ഓഫീസ് ഇങ്ങനെ അഹമ്മദാബാദ്, ബോംബെ, ബൽഗാം, മൗ, നാഗപ്പൂർ, പൂന, രാജ്കോട്ട് എന്നിവിടങ്ങളിലെ ഡിസ്ട്രിക്ട് (ബ്രാഞ്ച്) ഓഫീസുകളുടെ മേഖലയേ നിയന്ത്രിക്കുന്നു.

ഡിസ്ട്രിക്ട് (ബ്രാഞ്ച്) ഓഫീസ്സുകളാണ് യഥാൎത്ഥത്തിൽ വ്യാപാരികളും ഏജൻറന്മാരും വഴി വിപണനം കൈകാര്യം ചെയ്യുകയും നിയന്ത്രണവും യോജിച്ച പ്രവത്തനവും സാധിതമാക്കുകയും ചെയ്യുന്നതു്. പാരഫിൻെറ വില്പനയ്ക്കായി ഈ കമ്പനിയുടെ ഏജൻറന്മാർ നിയോഗിച്ച 40,000-ൽപരം വ്യാപാരികളും ഇടപാടുകാരും ഉള്ളതായി കമ്പനി കണക്കാക്കുന്നു.

യഥാൎത്ഥത്തിലുള്ള വരുമാനവും ചെലവും പുറത്തറിയാതിരിക്കാൻ കമ്പനി ശ്രദ്ധിക്കാറുണ്ട്. പത്രങ്ങളിൽ വരുന്ന പ്രവർത്തനസർവ്വേ അതിൻെറ ധനപരമായ നിലയെപ്പററിയുള്ള പൊതുവായ വിവരങ്ങൾ മാത്രമാണ് നൽകുന്നതു്. പെട്രോളിയം വിപണിയിലെ അനാലിസ്റ്റുകളുടെ ഭാവനയ്ക്കനുസരണമായ ഈ വിവരങ്ങൾ ഭീമാബദ്ധമാണ്. വിദേശകമ്പനികൾ അവരുടെ യഥാൎത്ഥത്തിലുള്ള കണക്കുകൾ വിദേശത്താണ് സൂക്ഷിക്കുന്നതെന്നും അതുകൊണ്ടു് അവരുടെ മൊത്തവരുമാനത്തിലെ 90 ശതമാനത്തെപ്പററിയുമുള്ള കൃത്യമായവിവരം ഇന്ത്യാ ഗവർമ്മെൻറിനില്ലെന്നും 1959 മദ്ധ്യത്തിൽ ഡപ്യൂട്ടി മന്ത്രി മേനോൻ പാർലമെൻറിൽ പറഞ്ഞിട്ടുണ്ടു്.[1]

---

1 ദി ഹിന്ദുസ്ഥാൻ ടൈംസ്, ആഗസ്റ്റ് 25, 1959.

ഇന്ത്യയിലെ ഏററവും വലുതും, ബ്രിട്ടൻ നിർമ്മിച്ചതും, ബർമ്മാഷെൽ റിഫൈനറീസ് നടത്തുന്നതും ആയ ബോംബെയിലെ എണ്ണശുദ്ധീകരണശാലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പെട്രോളിയം ഉല്പന്നങ്ങളും ഇറക്കുമതി ചെയ്യപ്പെടുന്ന പെട്രോളിയം ഉല്പന്നങ്ങളും ബർമ്മാഷെൽ വില്ക്കുന്നു.[1] ഈ എണ്ണശുദ്ധീകരണശാലയുടെ ഉല്പാദനശേഷി ആരംഭകാലത്തു് 2 മില്യൻ ടൺ ആയിരുന്നതു് 1963-ൽ 3.75 മില്യൻ ടൺ ആയി വർദ്ധിച്ചു.[2] 1955-ൽ 260 മില്യൻ രൂപ ചെലവാക്കിയാണു് ഇതു നിർമ്മിച്ചതു്.

ദിഗ്ബോയ്‌യിലെ (ആസ്സാം) മറെറാരു എണ്ണശുദ്ധീകരണശാലയിൽനിന്നുള്ള പെട്രോളിയം ഉൽപന്നങ്ങൾ വില്ക്കുന്നതു് ബർമ്മാ ഓയിൽ കമ്പനിയുടെ ഒരു സഹായകകമ്പനിയായ ബർമ്മാ ഓയിൽകമ്പനി (ഇന്ത്യ ട്രേഡിംഗ്) യാണു്.[3] ഈ എണ്ണശുദ്ധീകരണശാലയും അതിനു സമീപമുള്ള എണ്ണപ്പാടങ്ങളും ആസ്സാം ഓയിലിൻെറ വകയാണു്. ബർമ്മാ ഓയിലിൻെറ പിടിയി

---

1 250 മില്യൻ രൂപയുടെ മൂലധനമുണ്ടു്. ഇതു് ബർമ്മാ ഓയിലിനും റോയൽഡച്ചു് ഷെല്ലിനും തുല്യമായി ഉള്ളതാണു്. (ഡബ്ലിയു. സ്കിന്നർ, ഓയിൽ ആൻറു് പെട്രോളിയം ഈയർ ബുക്കു്, 1960, പേജ് 266)

2 ദി എക്കണോമിക് ടൈംസ്, ജൂൺ 5, 1963; ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഡിസമ്പർ 30, 1963.

3 ബർമ്മാ ഓയിൽ കമ്പനിക്കു് (ഇന്ത്യ ട്രേഡിംഗ്) 500000 പവൻെറ ഓഹരി മൂലധനമുണ്ടു്.

ലാണ് അതിൻെറ ഷെയറുകളെല്ലാം.[1] ഇന്ത്യയിലെ ഏററവും പഴക്കംചെന്ന എണ്ണശുദ്ധീകരണശാലയാണിതു്. ഇതിൻെറ നിർമ്മാണം 1900–ലും പ്രവർത്തനം 1901 ഡിസംബറിലും ആണ് ആരംഭിച്ചതു്. 1902–ൽ ഇതിൻെറ ഉല്പാദനശേഷി വർദ്ധിപ്പിക്കുകയും, 1928–ൽ ഇതു തികച്ചും ആധുനികരീതിയിലുള്ളതാക്കുകയും ചെയ്തു. 1931–ലും 1934–ലും 1954–ലും ഇതിൽ മററു ചില മാററങ്ങൾ വരുത്തി. 1962–ൽ ഇതു് 470,000 ടൺ എണ്ണയുല്പന്നങ്ങൾ ഉല്പാദിപ്പിച്ചു.

1943–ൽ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഇന്തോ–ബർമ്മാ പെട്രോളിയം കമ്പനി, ബർമ്മാ ഷെല്ലുമായി സഹകരിച്ചു പ്രവർത്തിക്കുകയും പാകിസ്ഥാനിലും ബർമ്മയിലും എണ്ണയുടേയും എണ്ണയുല്പന്നങ്ങളുടേയും വിപണനം നടത്തുകയും ചെയ്തുതുടങ്ങി.[2]

മേൽപ്പറഞ്ഞതു കൂടാതെ, ബർമ്മാ ഓയിൽ വഴി ഓയിൽ ഇന്ത്യാ പ്രൈവററിൻെറ പകുതിയിന്മേലുള്ള അവകാശവും ബ്രിട്ടീഷ് മൂലധനക്കാർ നേടി. ആസ്സാമിലെ പുതിയ എണ്ണനിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി 1959–ലാണ് 'ഓയിൽ ഇന്ത്യാ പ്രൈവററ്' രൂപീകരിക്കപ്പെട്ടതു്. ഇതിൽ ബാക്കിയുണ്ടാ

---

1 ഇതിനു് 4 മില്യൻ പവൻ മൂലധനമുണ്ടു്. (സ്കിന്നർ, ഓയിൽ ആൻറ് പെട്രോളിയം ഇൗയർ ബുക്കു്, 1961, പേജ് 98)

2 ഇതിനു് 15 മില്യൻ രൂപയുടെ മൂലധനമുണ്ടു്. (സ്കിന്നർ, ഓയിൽ ആൻറ് പെട്രോളിയം ഇൗയർ ബുക്കു് 1960 പേജ് 399).

യിരുന്ന പകുതി സ്റ്റോക്ക് ഇന്ത്യാഗവർമ്മെൻറിൻേറ താണ്.

എസ്സോ സ്റ്റാൻഡാർഡ് ഈസ്റ്റേൺ (മുൻ സ്റ്റാൻഡാർഡ് ഓയിൽ കമ്പനി) ആണ് ഇന്ത്യയിൽ ബ്രിട്ടീഷ് എണ്ണ കുത്തകകളുടെ പ്രധാന എതിരാളി് പത്തൊമ്പതാം നൂററാണ്ടിൽ റോക്ക്ഫെല്ലർ അടിസ്ഥാനമിട്ട പാരഫിൻവിപണിയിൽ എസ്സോ സ്റ്റാൻഡാർഡ്. ഈസ്റ്റേൺ വിജയിച്ചു. റോക്ക്ഫെല്ലറിൻേറ ന്യൂയോർക്ക് സ്റ്റാൻഡാർഡ് ഓയിൽ കമ്പനി നിരവധി കമ്പനികളായി പിരിക്കുകയുണ്ടായി. ഇതിൽ ഏററവും കൂടുതൽ ശക്തമായ അമേരിക്കൻ കുത്തക ന്യൂജഴ്സി സ്റ്റാൻഡാർഡു് ഓയിൽ കമ്പനിയാണ്. 1933-ൽ ഇവർ, ഇന്ത്യയിൽ പ്രവർത്തിച്ചുപോന്ന ഒരു കമ്പനികളുള്ള സൊോക്കോണിമൊബൈൽ ഓയിൽ കമ്പനിയുമായി (ഇതും റോക്ക്ഫെല്ലറുമായി അടുപ്പമുള്ള കമ്പനിയാണ്) യോജിക്കുകയും ഒരു സ്റ്റാൻവാക് സഹായക കമ്പനി രൂപീകരിക്കുകയും ചെയ്തു.

സ്റ്റാൻവാക്കിൻേറ അവകാശകമ്പനികൾ തമ്മിൽ അവരുടെ സ്വത്തു പങ്കിട്ടെടുക്കണമെന്ന്, വൻകിട അമേരിക്കൻ എണ്ണ കുത്തകകൾക്കെതിരെ ട്രസ്റ്റ് വിരുദ്ധ നടപടികളെടുത്തുവന്ന അമേരിക്കൻ സുപ്രീം കോടതി 1960 അവസാനം ആവശ്യപ്പെടുകയുണ്ടായി. പുതിയ ഏർപ്പാടനുസരിച്ചു സ്റ്റാൻവാക്കിൻേറ പ്രവർത്തനങ്ങളുടെ ഒരു ഭാഗം സൊക്കോണിമൊബൈൽ ഓയിൽ കമ്പനി, അവരുടെ പുതിയ കമ്പനിയായ

മൊബെൽ പെട്രോളിയം വഴി നിർവ്വഹിച്ചുതുടങ്ങി. സ്റ്റാൻവാക്കിൻെറ ബാക്കി പ്രവർത്തനങ്ങൾ, എസ്സോ സ്റ്റാൻഡാർഡ് ഈസ്റ്റേൺ വഴി ന്യൂജഴ്സി സ്റ്റാൻഡാർഡ് ഓയിൽ കമ്പനിയാണ് നടത്തുന്നത്. സ്റ്റാൻവാക്കിൻെറ ഇന്ത്യയിലുള്ള ബാദ്ധ്യതകളും സ്വത്തുക്കളും പ്രവർത്തനങ്ങളുമെല്ലാം 1962 മാർച്ചു മുതലുള്ള കാലത്തേയ്ക്ക് എസ്സോ സ്റ്റാൻഡാർഡ് ഈസ്റ്റേണിനു കൈമാററം ചെയ്തിരിക്കുകയാണ്. [1]

സ്റ്റാൻവാക്ക് 1954-ൽ 154.4 മില്യൻ രൂപ ചെലവുചെയ്തു 1.2 മില്യൻ ടൺ ഉല്പാദനശേഷിയുള്ള ഒരു എണ്ണശുദ്ധീകരണശാല ബോംബെയിൽ സ്ഥാപിച്ചു. [2] ഇതിനാണ് മുപ്പതു മില്യൻ രൂപയുടെ മൂലധനത്തോടുകൂടി എസ്സോ സ്റ്റാൻഡാർഡ് റിഫൈനിംഗ് കമ്പനി ഓഫ് ഇന്ത്യ നടത്തുന്നതും ബോംബെയിൽ സ്ഥാപിച്ചിട്ടുള്ളതും ആയ ബർമ്മാഷെൽ എണ്ണ

1 അമേരിക്കയിലെ ട്രസ്റ്റ് വിരുദ്ധ നടപടികൾ കൊണ്ടു കുത്തകകളുടെ വളർച്ച തടയപ്പെട്ടുന്നില്ല. കോൺഗ്രസ്സിൻെറ ഭാഗത്തുനിന്നുള്ള അന്വേഷണങ്ങൾ, രോഷംപ്രകടിപ്പിക്കുന്ന മുഖപ്രസംഗങ്ങൾ, എന്നിങ്ങനെയുള്ള ട്രസ്റ്റുംവിരുദ്ധ നടപടികൾക്കു വ്യവസായത്തിൽ കുത്തകകൾ വളരുകയും തടിച്ചുകൊഴുക്കുകയും ചെയ്യുന്നതിനെ ഫലപ്രദമായി ചെറുക്കുവാൻ കഴിയുകയില്ല. മോശമായ നടപടിക്കു നിർവ്വചനം കല്പിക്കുന്നതുവഴിക്ക് യഥാർത്ഥത്തിൽ, കുത്തകകളുടെ വളർച്ചയ്ക്കു അംഗീകാരം നല്കുകയാണ് അവർ ചെയ്യുന്നതു്. (ആർ. എനസ്ലർ, ദി പോളിററിക്സ് ഓഫ് ഓയിൽ, 1961 ന്യൂയോർക്ക്, പേജ് 268).

2 സ്റ്റാൻഡാർഡ് വാകം, എ റിവ്യൂ ഓഫ് 1959, ബോംബെ, ഏപ്രിൽ 1960, പേജ് 16.

ശുദ്ധീകരണശാല കഴിഞ്ഞാൽ അടുത്ത സ്ഥാനം. 1963–ൽ ഇതിൻെറ ഉല്പാദനശേഷി 2.5 മില്യൻ ടണ്ണായി വർദ്ധിച്ചു. [3]

എസ്സോയ്ക്കു് 6,000 സ്റ്റാഫുണ്ടു്. ബർമ്മാ ഷെല്ലിനെപ്പോലെ, ഏജൻറന്മാരും വ്യാപാരികളും (ഏകദേശം 20,000 പേർ) വഴിയാണു് എണ്ണയുല്പന്നങ്ങളിൽ ഭീമമായ ഭാഗവും ഇവർ വിൽക്കുന്നതു്. വ്യവസായ–വാണിജ്യസ്ഥാപനങ്ങൾക്കായി നേരിട്ടു നടത്തുന്ന വില്പനയ്ക്കും എസ്സോയുടെ ബിസിനസ്സിൽ വലിയ പ്രാധാന്യമുണ്ടു്. ഇവരുടെ ഇടപാടുകാരിൽ ഇന്ത്യയിലെ ഏററവും കൂടുതൽ പ്രബലമായ രണ്ടു വ്യാവസായിക വിഭാഗങ്ങളിലുള്ള ടാററായും ബിർലായും ഉൾപ്പെടുന്നു.

എസ്സോയുടെ പ്രവർത്തനരീതി ബർമ്മാഷെല്ലിൻേറതുപോലെ തന്നെയാണു്. ഏജൻറന്മാരുടേയും വ്യാപാരികളുടേയും ഒരു ശൃംഖലയോടുകൂടി ഇതിനു് ബോംബെയിൽ ഹെഡ് ഓഫീസും പ്രമുഖ നഗരങ്ങളിൽ നാലു ഏരിയാ ഓഫീസ്സുകളും 18 ഡിസ്ട്രിക്ടാഫീസ്സുകളും ഉണ്ടു്.

കാൽടെക്സ്സു് മൂന്നാമത്തെ സ്ഥാനത്തുവരുന്നു. ബർമ്മാഷെല്ലിനും എസ്സോയ്ക്കും ലഭിക്കാതെ പോയതു് ഇവർക്കു കിട്ടിയിട്ടുണ്ടു്. 1957–ജൂലൈയിൽ 150 മില്യൻരൂപ ചെലവുചെയ്തു നിർമ്മിച്ച, 6,75,000 ടൺ ഉല്പാദനശേഷിയുള്ള ഒരു എണ്ണശുദ്ധീകരണശാല ഇവർക്കുണ്ടായി. ഇതിൻെറ ഉല്പാദനശേഷി 1.1 മില്യൻ ടണ്ണായി വർദ്ധി

1 ദി അമൃതബസാർ പത്രിക, ഡിസമ്പർ 11, 1963.

പ്പിക്കാൻ 1962–ൽ അവർക്കു് അനുവാദം ലഭിച്ചു. വിശാഖപട്ടണത്തിലാണതു് സ്ഥിതിചെയ്യുന്നതു്. പശ്ചിമതീരത്തെ ഏക എണ്ണശുദ്ധീകരണശാലയാണിതു്. തുറമുഖംവരെ എത്തുന്ന ഒരു മൈൽ നീളമുള്ള ഒരു പൈപ്പ്ലൈൻ ഇതിനുണ്ടു്. ഇന്തോനേഷ്യയിലേയും (സുമാടോയിലെ മൈനാസ് എണ്ണപ്പാടങ്ങളിൽ നിന്നുള്ളതു്) മദ്ധ്യപൂർവ്വദേശത്തേയും എണ്ണ ശുദ്ധീകരിക്കുന്നതിനുവേണ്ടിയാണു് ഇതു സ്ഥാപിച്ചിട്ടുള്ളതു്.

ഇന്ത്യയിൽ വേറെ രണ്ടു് അമേരിക്കൻ കമ്പനികൾകൂടെയുണ്ടു്. ഗൾഫ് ഓയിൽ (ഇന്ത്യ) പ്രൈവററ് (ബോംബെ), ടൈഡ് വാട്ടർ അസോസിയേററഡ് ഓയിൽ കമ്പനി ഓഫ് ന്യൂയോർക്കു് ആൻറ് സാൻഫ്രാൻസിസ്കോ, എന്നിവയാണതു്. ഇവർ ചെറിയ തോതിൽ ലൂബ്രിക്കേററിംഗ് ഓയിൽ കൈകാര്യം ചെയ്യുന്നു. ഈ രണ്ടു കമ്പനികൾക്കും, ഇന്ത്യയ്ക്കകത്തും പുറത്തും വ്യാപാരം നടത്തുന്ന 175 ചെറിയ ഇന്ത്യൻ സ്ഥാപനങ്ങൾക്കും കൂടെ 1959–ൽ ലൂബ്രിക്കേററിംഗ് ഓയിലിന്റെ വ്യാപാരത്തിൽ 11 ശതമാനത്തിന്റെ പങ്കു് മാത്രമേ ഉണ്ടായിരുന്നുള്ളു. ബാക്കിയുള്ളതു് ബമ്മാഷെല്ലും എസ്സോയും കാൽടെക്സുമായിരുന്നു കൈകാര്യം ചെയ്തതു്.[1]

---

1 ദി പെട്രോളിയം ഹാൻഡ് ബുക്കു്, പേജ് 29.

# അദ്ധ്യായം മൂന്ന്

## വിദേശകുത്തക മേധാവിത്വത്തിൻെറ ഫലങ്ങൾ

### എണ്ണവ്യവസായവും വ്യാപാരവും

ഇന്ത്യയിലെ എണ്ണഖനന വ്യവസായത്തിൻെറ ശൈശവാവസ്ഥ, ആംഗ്ലോ-അമേരിക്കൻ കുത്തക മേധാവിത്വത്തിൻെറ മുഖ്യഫലങ്ങളിൽ ഒന്നാകുന്നു. എണ്ണഖനനത്തിൽ, ഇന്ത്യയുടെ ഭാവി തികച്ചും ആശാവഹമാണ്. എണ്ണയും, വാതകങ്ങളും ധാരാളമുള്ള പ്രദേശങ്ങളുടെ വിശാലമായ ഒരു മേഖല ഇറാനിലും പാകിസ്ഥാനിലും നിന്ന് ഫിലിപ്പൈൻസും ജപ്പാനുംവരെ വ്യാപിച്ചുകിടപ്പുണ്ട്. എണ്ണവാതക നിക്ഷേപങ്ങളുടെ ഉത്ഭവത്തിനും സഞ്ചയത്തിനും ആധാരമായ ഊറൽപാറ ഒരു മില്യൻചതുരശ്രകിലോമീറ്ററിലധികം പ്രദേശത്തുണ്ടെന്ന് നിലവിലുള്ള എസ്റ്റിമേററുകളിൽകാണുന്നു. ഇന്ത്യൻ പ്രദേശത്തിന്റെ മൂന്നിലൊന്നുഭാഗം വരുമിത്. ഊറലുള്ള പാറയുടെ മിക്കതടങ്ങളിലും വൻതോതിൽ എണ്ണനിക്ഷേപങ്ങളുണ്ട്. 100 മീററർ മുതൽ 5000 മീററർവരേയും അതിൽ കൂടുതലും കനത്തിൽ ഇതു കാണും. ഹിമാലയത്തിൻെറ അടിഭാഗത്ത് 10,000 മീററർ കനത്തിലെങ്കിലും എണ്ണനിക്ഷേപമുണ്ടാകും. ആസ്സാം, ഗുജറാത്ത്, പശ്ചിമബംഗാൾ, പഞ്ചാബ്, ജമ്മു-കാശ്മീർ, രാജസ്ഥാൻ, ആന്ധ്രായിലേ

യും മദ്രാസിലേയും കേരളത്തിലേയും തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽനിന്ന് എണ്ണകിട്ടാൻ വലിയ സാദ്ധ്യതയുണ്ട്. ക്യാംബേ ഉൾക്കടൽ, കച്ച് ഉൾക്കടൽ, പാക്ക് കടലിടുക്ക്, ബംഗാൾ ഉൾക്കടൽ, ആൻഡമാൻ-നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലും വൻതോതിൽ എണ്ണനിക്ഷേപം കണ്ടേക്കും.[1]

എന്നാൽ ഇന്ത്യയുടെ ഈ കഴിവു പ്രയോജനപ്പെടുത്തുന്നതിൽ ബ്രിട്ടൻ വളരെ കുറച്ചുശ്രമമേ നടത്തിയിട്ടുള്ളു. കാർഷികരാജ്യമായ ഇന്ത്യ വ്യാവസായിക രാജ്യമായി മാറുന്നതു തടയുക എന്ന അവരുടെ നയമായിരുന്നു ഇതിനുകാരണം. "ഇന്ത്യയിൽ ഒരു ഘനവ്യവസായം ആരംഭിക്കുന്നതിന് അവർ അംഗീകാരം നൽകിയിരുന്നില്ല. അംഗീകാരം നല്കിയില്ല എന്നതിൻെറ അർത്ഥം അവർ നിരോധനം ഏർപ്പെടുത്തിയിരുന്നുവെന്നാണ്. കാര

1 മൊത്തമുള്ള 1,042,000 ചതുരശ്ര കിലോമീററർ പ്രദേശത്തെ ഇപ്രകാരം വിഭജിച്ചിരിക്കുന്നു. (1000 ചതുരശ്ര കിലോമീററർ എന്ന കണക്കിന്) ആസ്സാം, ത്രിപുരയും മണിപ്പൂരും ഉൾപ്പെടെ, 77·7; പശ്ചിമബംഗാൾ തടം, ഒറീസ്സായുടേയും ഗംഗാ ഡൽററയുടെയും തീരപ്രദേശം ഉൾപ്പടെ, 77·7; പൂർവ്വപഞ്ചാബ്, ഹിമാചൽപ്രദേശും ജമ്മുവും കാശ്മീരം ഉൾപ്പടെ, 129·5; രാജസ്ഥാൻ, 120·4; ക്യാംബേയും കച്ച് പ്രദേശവും 177·4; ഗംഗാനദീതടം 367·8; മദ്രാസ്സിലെ തീരപ്രദേശം 44·0; ആന്ധ്രായിലെ തീരപ്രദേശം 24·6; കേരളത്തിൻെറ തീരപ്രദേശം, 15·5; ആൻഡമാൻ നിക്കോബാർ ദ്വീപുകൾ 7·8. ഉരുക്ക് ഖനി ഇന്ധന വകുപ്പ്; ഇന്ത്യാ ഗവർമ്മെൻറ്; ഓയിൽ പ്രോസ്പെക്ട്സ് ഇൻ ഇന്ത്യ, ന്യൂഡൽഹി, ഡിസമ്പർ 1959, പേജ് 21.

ണം, ഗവണ്മെൻറിൻെറ അനുവാദമില്ലാതെ ഒരു യന്ത്രവും ഇറക്കുമതിചെയ്യാൻ അന്നു കഴിയുമായിരുന്നില്ല." [1]

എണ്ണയോ മററു പ്രധാനധാതുക്കളോ കണ്ടെടുക്കാൻ ബ്രിട്ടൻ ഒരു പദ്ധതിയും തയ്യാറാക്കിയിരുന്നില്ല. റെയിൽവേയിലും കൽക്കട്ടായിലെ ചണമില്ലുകളിലും ചിലവു കുറഞ്ഞ ഇന്ധനമായി ബ്രിട്ടീഷുകാർ ഉപയോഗിച്ചു പോന്ന കൽക്കരി കണ്ടെടുക്കുന്നതിലാണ് ഇന്ത്യയിലെ ഭൂഗർഭസർവ്വേവകുപ്പ് (കൊളോണിയൽഭരണം 1851–ൽ രൂപീകരിച്ച ഒരു ഡിപ്പാർട്ടുമെൻറ്) ശ്രദ്ധിച്ചതു് 1946 വരെ "ഇന്ത്യാ ഗവണ്മെൻറ് ധാതുവികസനം ഗൗരവമായി എടുത്തിരുന്നില്ല.... [2]

കൊളോണിയൽ ഭരണത്തിൻെറ എല്ലാ ഡിപ്പാർട്ടുമെൻറുകളിലുമുണ്ടായിരുന്നതിലും വളരെ കുറച്ചു സ്റ്റാഫ് മാത്രമാണ് ജിയോളൊജിക്കൽ സർവ്വെ ഓഫ് ഇന്ത്യക്ക് ദീർഘകാലമായി ഉണ്ടായിരുന്നതു്. രണ്ടാം ലോകമഹായുദ്ധമാരംഭിക്കുന്നതിനു തൊട്ടുമുമ്പു്, ബ്രിട്ടൻെറ ഇരുപത്തിരണ്ടു മടങ്ങ് വലിപ്പമുള്ള ഇന്ത്യൻ പ്രദേശമാണ് പരിശോധനയ്ക്കായി നീക്കിവയ്ക്കപ്പെട്ടിരുന്നതു്. 22 ഭൂഗർഭശാസ്ത്രജ്ഞന്മാരുൾപ്പെടെ 27 സ്പെഷ്യലിസ്ററുകളാണുണ്ടായിരുന്നതു്. [3] ഇവക്കു വേണ്ടത്ര ഉപകരണങ്ങളൊ,

---

1 നെഹ്റു: ഡിസ്കവറി ഓഫ് ഇന്ത്യ (ഇന്ത്യയെ കണ്ടെത്തൽ) പേജ് 379.

2 ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്, നവമ്പർ 8, 1946.

3 ഇന്ത്യാ ഗവൺമെൻറ്, ജിയോളൊജി ഇൻ ഇന്ത്യ, മേയ് 1957 പേജ് 16.

സഞ്ചാരസൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. അതുകൊണ്ടു്, എണ്ണയ്ക്കുവേണ്ടി വൻതോതിലുള്ള യാതൊരന്വേഷണവും നടന്നില്ല. കോൺഗ്രസ് പാർട്ടിയുടെ നാഷണൽ പ്ലാനിംഗ് കമ്മററി 1939-ലെ അതിൻെറ പ്രമേയത്തിൽ പറയുന്നതു നോക്കുക: "ആധുനിക ജിയോഫിസിക്കൽ പദ്ധതികളുപയോഗിച്ച് ഇന്ത്യയിൽ എണ്ണ കണ്ടുപിടിക്കാൻ ഗവണ്മെൻറു് കാര്യമായി ശ്രദ്ധിച്ചിട്ടില്ലെന്നാണു് ഞങ്ങളുടെ അഭിപ്രായം."[1] 1851 മുതൽ 1947 വരെ ഇന്ത്യൻ ജിയോളൊജിക്കൽ സർവ്വെ സ്റ്റാഫിൽ ഒരു പെട്രോളിയം ജിയോളജിസ്റ്റ്പോലും ഉണ്ടായിരുന്നില്ലെന്നുള്ളതാണു് സത്യം.[2]

എണ്ണയന്വേഷണത്തെ സംബന്ധിച്ചുള്ള ഇന്ത്യയുടെ നിർദ്ദേശങ്ങളെല്ലാം ബ്രിട്ടീഷ് കോളനി മേധാവികൾ നിരാകരിച്ചു. ഭവനഗറിൽ (ഇപ്പോഴത്തെ ഗുജറാത്ത്( വാതകമുള്ളതായി ബോദ്ധ്യപ്പെട്ടുകയാൽ അവിടെയുള്ള ലോഹധാതുക്കളെപററി അന്വേഷണമാരംഭിക്കാനുള്ള ഒരു നിർദ്ദേശം സുൽത്താൻ മെഹറല്ലിചിനോയ് എന്ന ധനികൻ 1933-ൽ ഉന്നയിക്കുകയുണ്ടായി. പക്ഷെ ഭരണാധികാരികൾ ആ ആശയത്തെ ഞെക്കിക്കൊന്നു. ചിനോയ്യ്ക്കു് കുറെ പണനഷ്ടമുണ്ടാകുകയും അദ്ദേഹത്തിൻെറ പദ്ധതി കടലാസ്സിൽമാത്രം ശേഷിക്കുകയും ചെയ്തു.

---

1 ദി നാഷണൽ പ്ലാനിംഗ് കമ്മിററി സീരീസ്, പവ്വർ ആൻറു് ഫ്യൂവൽ, 1948, പേജ് 152.

2 എസ്. ബാനർജി 'ദി പ്രോഗ്രസ്സ് ഓഫ് ദി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (ഇന്ത്യൻ ഭൂഗർഭസർവ്വേയുടെ പുരോഗതി) ഇന്ത്യൻ മിനറൽസ്', 1951, നമ്പർ 2, പേജ് 58-59.

ബറോഡാ, ഗോഖാ, അഹമ്മദ്നഗർ എന്നിവയുടെ ഇടയിലും, ക്യാംബേയുൾക്കടലിന്റെ വടക്കും തെക്കും; വിലപ്പെട്ട എണ്ണനിക്ഷേപമുണ്ടെന്ന് പ്രമുഖ ഭൂഗർഭശാസ്ത്രജ്ഞൻ ഡാ: ഡി. എൻ. വാഡിയ 1940-ൽ വെളിപ്പെടുത്തി. പക്ഷെ അതും ഭരണാധികാരികൾ ചെവിക്കൊണ്ടില്ല.

ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന ബ്രിട്ടന്റെയൊ, അമേരിക്കയുടെയൊ എണ്ണക്കമ്പനികൾ ഇന്ത്യയുടെ എണ്ണ വ്യവസായം വികസിപ്പിക്കുന്നതിൽ താല്പര്യം കാണിച്ചില്ല. "ഏററവും കുറഞ്ഞ മൂലധനം മുടക്കുമ്പോൾ ഏററവും കൂടുതൽ മിച്ചമൂല്യമോ മിച്ചഉല്പന്നമോ നേടുകയാണ് മുതലാളിത്തത്തിന്റെ സ്ഥിരമായ ലക്ഷ്യം" എന്നു മാർക്സ് നൽകിയിട്ടുള്ള മുന്നറിയിപ്പ് ഇവിടെ സ്മരണീയമാണ്.[1]

മദ്ധ്യപൂർവ്വദേശം, വെനിസുല, ഇന്തോനേഷ്യ തുടങ്ങിയ സ്ഥലങ്ങളിലെ എണ്ണപ്പാടങ്ങളിൽനിന്ന് ബ്രിട്ടന്റേയും അമേരിക്കയുടേയും കമ്പനികൾ വമ്പിച്ച ലാഭം കൈക്കലാക്കിവരികയായിരുന്നു. അന്ന്, എണ്ണയ്ക്കുവേണ്ടി ഇന്ത്യയിൽ അന്വേഷണം നടത്തണമെങ്കിൽ--ഇതുകൊണ്ടു പ്രയോജനം ഉണ്ടാകുമെന്നതിന് ഉറപ്പൊന്നുമുണ്ടായിരുന്നില്ല--ഗണ്യമായ തുക ചിലവാകുമായിരുന്നു. സ്വന്തം വ്യവസ്ഥകൾ ഇന്ത്യൻ ഉപഭോക്താക്കളിൽ അടിച്ചേല്പിച്ച് ഇന്ത്യൻ വിപണിയിൽ കൃത്രിമമായി എണ്ണക്ഷാമമു

1 മാർക്സ്, തിയറി ഓഫ് സർപ്ലസ്സ് വാല്യൂ, റഷ്യൻ എഡിഷൻ, മോസ്കോ, 1957, പേജ് 552.

ണ്ടാക്കാനും ലാഭമടിക്കാനും അവക്ക് കഴിയുന്ന ഒരു സ്ഥിതി അന്നുണ്ടായിരുന്നു. അതുകൊണ്ട്, എണ്ണനിക്ഷേപങ്ങളുടെ കാര്യത്തിൽ ഇന്ത്യ തീരെ മോശമാണെന്ന് അവർ പ്രചരണം നടത്തി. ഇറക്കുമതിചെയ്യുന്ന എണ്ണയ്ക്ക് അവർ ഈടാക്കുന്ന കുത്തകവിലനിലവാരത്തെ ന്യായീകരിക്കാനും ഈ പ്രചരണം സഹായകമായി. ഇന്ത്യയ്ക്ക് എണ്ണയുടെ കാര്യത്തിൽ രണ്ടാംസ്ഥാനമേയുള്ളുവെന്നും ആസ്സാമിലെ എണ്ണപ്പാടങ്ങളൊഴിച്ചുള്ള സ്ഥലങ്ങളിൽ എണ്ണ കണ്ടെത്താനുള്ള സാദ്ധ്യത തീരെ കുറവാണെന്നുമാണ് കുറേകാലം ഇന്ത്യാഗവണ്മെൻറിൻെറ ഉപദേഷ്ടാവായിരുന്നഅമേരിക്കൻ ഭൂഗർഭശാസ്ത്രജ്ഞൻ ഹെൻറി കാർട്ടർ റേ പറഞ്ഞത്. അദ്ദേഹത്തിൻെറ ഈ അഭിപ്രായം 1963 ജനുവരിയിലെ എക്കണോമിക്ക് ടൈംസ് ഉദ്ധരിച്ചിട്ടുണ്ട്.

ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോഠം, ഇന്ത്യയിലെ പ്രകൃതിവിഭവങ്ങഠം പ്രയോജനപ്പെടുത്തുന്നതിലുള്ള താല്പര്യങ്ങളെല്ലാം ആംഗ്ലോ-അമേരിക്കൻ എണ്ണക്കുത്തകകഠം ഉപേക്ഷിച്ചു. ദേശീയ എണ്ണ വ്യവസായം ഉണ്ടായാൽ, ഉയർന്ന കുത്തകവില നിലവാരംവച്ച് എണ്ണവിററ് നേടിവരുന്ന ലാഭം കുറയുമെന്ന് അവർ ഭയപ്പെട്ടു.

ആസ്സാമിലെ ദിഗ്ബോയ്യിൽ പ്രവർത്തിച്ചുപോന്ന ഒരൊററ എണ്ണപ്പാടമാണ് 1961–വരെ ഇന്ത്യയ്ക്കുണ്ടായിരുന്നത്. കുത്തകകഠം സ്വീകരിച്ചുപോന്ന നയംമൂലമാണിങ്ങനെ സംഭവിച്ചത്. ഈ എണ്ണപ്പാടത്തുനിന്ന് ഇന്ത്യയ്ക്കാവശ്യമുള്ളതിൻെറ 5–6 ശതമാനം

എണ്ണ ലഭിച്ചിരുന്നു. എന്നാൽ ഈ എണ്ണപ്പാടത്തിന്റെ പ്രവർത്തനംപോലും നടന്നതു് ബ്രിട്ടീഷ് മൂലധനംകൊണ്ടായിരുന്നു.

എണ്ണയന്വേഷണത്തിൻെറ കഥയും ഇതുപോലെതന്നെയാണു്. 1956-ൽ, എണ്ണയന്വേഷണത്തിൻെറ ആദ്യഘട്ടത്തിൽ, ഇന്ത്യയിലെ ഇരുപതു ശതമാനം പ്രദേശത്തിൻെറ ഭൂപടമേ തയ്യാറാക്കിയിരുന്നുള്ളു. എണ്ണയുണ്ടായിരിക്കുമോ എന്നറിയാൻ വേണ്ടിയുള്ള പഠനം നടന്നതു് ഇന്ത്യൻ പ്രദേശത്തിൻെറ 4.2 ശതമാനം ഭാഗത്തു മാത്രമായിരുന്നു.[1]

എണ്ണ കണ്ടുപിടിക്കാൻ അപൂർവ്വമായി നടന്ന അന്വേഷണങ്ങളുടെ ഫലങ്ങൾ കുത്തകകൾ രഹസ്യമായി സൂക്ഷിച്ചു. വിശാലമായ പ്രദേശങ്ങളിൽ ആനുകൂല്യങ്ങൾ നേടാനും അന്വേഷണം രഹസ്യമായി നടത്താനുമാണു് അവർ ഇഷ്ടപ്പെട്ടതു്. ബർമ്മാഷെൽ, ആസ്സാം ഓയിൽ, അറോക് ഓയിൽ എന്നീ വൻകിട കമ്പനികൾ എണ്ണ കണ്ടുപിടിക്കാൻ നടത്തിയ ശ്രമങ്ങളുടെ ഫലത്തെപ്പററി പൊതുജനങ്ങൾക്കു് ഒരു രൂപവുമില്ലെന്നു്, ഭാരതം സ്വാതന്ത്ര്യം നേടുന്നതിനു വളരെമുമ്പു്, നാഷണൽ പ്ലാനിംഗ് കമ്മിററി ചൂണ്ടിക്കാണിച്ചിരുന്നു.

വിലപ്പെട്ട എണ്ണ നിക്ഷേപങ്ങൾ കണ്ടുപിടിക്കപ്പെട്ടു കഴിഞ്ഞാൽ അതിൻെറ വികസനത്തിനു മേൽ കാലുറപ്പിയ്ക്കുകയാണു് കുത്തകകൾ ചെയ്തിട്ടുള്ളതു്. പഴയ ദിഗ്ബോയ് എണ്ണപ്പാടത്തിനു സമീപമുള്ളതും ബ്രിട്ടീഷ്

1 ഇന്ത്യൻ ഫിനാൻസ്, ഒക്ടോബർ 31, 1959; പേജ് 773.

ഭൂഗർഭശാസ്ത്രജ്ഞന്മാർ 1953-ൽ "കണ്ടുപിടിച്ച"തുമായ നഃഹാർകാട്ട്യ എണ്ണപ്പാടത്തിന്റെ കാര്യം ഇതിനു തെളിവാണ്. ഇതു് ആസ്സാം ഓയിലിന്റെ വകയാണ്. ഇന്ത്യയിൽ എണ്ണ കണ്ടുപിടിക്കാനുള്ള വിദേശകുത്തകകളുടെ വലിയ താൽപര്യത്തിന് ഉദാഹരണമാണ് ഈ എണ്ണപ്പാടത്തിന്റെ കണ്ടുപിടിത്തമെന്ന് ഇന്ന് പ്രചരണം നടക്കുന്നുണ്ട്. പ്രഥമ ഭൂഗർഭ സർവ്വേയ്ക്കു ശേഷം, 1923-നു മുമ്പുതന്നെ ഈ എണ്ണപ്പാടം ബ്രിട്ടീഷ് ഭൂഗർഭ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചതായിരുന്നുവെന്ന്, 1960-ൽ നഃഹാർകാട്ട്യ സന്ദർശിച്ച ഇന്ത്യൻ പത്രലേഖകന്മാർ, റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അന്ന് ഡീപ്പ് ഡ്രില്ലിങ്ങ് (ആഴത്തിൽ കുഴിക്കുക) നടത്തി എണ്ണയെടുക്കുക അസാധ്യമായിരുന്നു എന്നും, അതിനു സൌകര്യം ലഭിച്ചപ്പോൾ രണ്ടാംലോകമഹായുദ്ധം നടക്കുകയായിരുന്നുവെന്നും ആണ് അതിന്റെ പ്രവർത്തനം മാററിവച്ചതിന് ബ്രിട്ടീഷുകാർ നൽകിയ വിശദീകരണം. എന്നാൽ, ലോകമഹായുദ്ധത്തിനും, ഇവിടുത്തെ കണ്ടുപിടുത്തത്തിനും ഇടയ്ക്കു് ഏഴു വർഷങ്ങൾ കടന്നുപോയിട്ടുണ്ട്. ഈ സമയത്തൊക്കെ ഇതിലും ആഴമുള്ള കിണറുകൾ കുഴിക്കാൻ ആവശ്യമായ ഡ്രില്ലിങ്ങ് ഉപകരണങ്ങൾ അവർക്കുണ്ടായിരുന്നതാണ്.[1] ആഴത്തിൽ ഭൂമി കുഴിക്കാനുള്ള

1 നഹോർ കാട്ട്യായിൽ 3·2 കിലോമീററർ താഴ്ചയിലാണ് എണ്ണ കണ്ടെത്തിയതു്. 1948-ൽ വ്യോമിംഗിലെ (അമേരിക്ക) എണ്ണക്കിണറുകൾക്കു് 5.9 കിലോമീററിലധികം താഴ്ചയുണ്ടായിരുന്നു. 1949-ൽ അതു് 7 കിലോമീററോളമായി.(പെട്രോളിയം

ഉപകരണങ്ങളുടെ കുറവോ സൈനിക പ്രവർത്തനങ്ങളോ അല്ല 30 വർഷത്തിലേറെക്കാലം ആസ്സാമിലെ ഭൂഗർഭ സർവ്വേ ഉപേക്ഷിക്കാൻ കുത്തകകളെ പ്രേരിപ്പിച്ച സംഗതി. ഇന്ത്യയിലെ എണ്ണയുല്പാദനം വികസിപ്പിക്കുന്നതിൽ ബ്രിട്ടീഷ് കുത്തകകൾക്കുള്ള മനസ്സില്ലായ്മയാണ് അതിന് കാരണമെന്നു വ്യക്തമാണ്. എണ്ണയ്ക്കുള്ള അന്വേഷണവും ഖനനവുമാകെ കൈകാര്യം ചെയ്യാനുള്ള ഇന്ത്യാ ഗവമ്മെൻറിൻെറ ശ്രമങ്ങളാണ് ഒടുവിൽ, ബ്രിട്ടന്റെ മേൽ സമ്മർദ്ദം ചെലുത്തിയത്.

ഏററവുമധികം പ്രതീക്ഷയ്ക്കു വകനൽകുന്ന തരത്തിൽ ധാരാളം എണ്ണയുള്ള ഇൻഡ്യയിലെ പ്രദേശങ്ങളിലൊന്നായ പശ്ചിമ ബംഗാളിൽ എണ്ണയ്ക്കുവേണ്ടി സ്റ്റാൻവാക് കമ്പനി നടത്തിയ വ്യർത്ഥമായ അന്വേഷണമാണ് മറെറാരുദാഹരണം. 26,000 ചതുരശ്ര കിലോമീററർ പ്രദേശത്തു് സർവ്വേ നടത്താൻ 1953 ഡിസംബറിൽ ഈ അമേരിക്കൻ കമ്പനി അനുവാദം നേടി. 1949-നും 1953-നും ഇടയ്ക്കു്, ഇവർ വിമാനത്തിൽക്കൂടി ഒരു മാഗ്നട്ടിക് സർവേ നടത്തി. പശ്ചിമ ബംഗാളിൽ ഗണ്യമായ തോതിൽ എണ്ണയുള്ള പ്രദേശങ്ങളുണ്ടെന്ന ധാരണ അന്നു് സ്ഥിരീകരിക്കപ്പെട്ടുകയും ചെയ്തിരുന്നതാണ്.[2] ഇതൊക്കെയായാണെങ്കിലും സ്റ്റാൻ

പ്രസ്സ് സർവ്വീസ്സ്, മാർച്ച് 1953, പേജ് 115; ഇന്ത്യൻ റിവ്യൂ, സെപ്തമ്പർ 1951, പേജ് 429).

2 ആ പ്രദേശത്തു് വലിയ എണ്ണനിക്ഷേപമുള്ളതായി അഭിജ്ഞ കേന്ദ്രങ്ങൾ പറയുന്നുവെന്നു് 1953 ഡിസമ്പർ 5-ലെ സ്റ്റേററ്സ്

വാക് കമ്പനി അവക്ക ലഭിച്ച അനുവാദപ്രകാരം എണ്ണ യന്വേഷണം ആരംഭിക്കാൻ ഒരു തിടുക്കവും കാണിച്ചില്ല. ഭൂമിയുടെ ചലനസ്വഭാവത്തെയും ആകർഷണ സ്വഭാവത്തെയും കുറിച്ചു് 1954-ൽ പരിശോധനയാരംഭിച്ചെങ്കിലും 1957-ൽ മാത്രമാണു് അവർ എണ്ണയ്ക്കുവേണ്ടി ഭൂമി കുഴിച്ചുതുടങ്ങിയതു്. 1960 ആഗസ്റ്റായപ്പോഠം പശ്ചിമ ബംഗാളിൻെറ പല ഭാഗങ്ങളിലായി ഇവർ 10 എണ്ണക്കിണറുകഠം കുഴിച്ചു. എന്നാൽ ഇവയൊന്നും ആശയ്ക്കു വക നൽകുന്നവയായിരുന്നില്ല. എണ്ണയന്വേഷണം അവസാനിപ്പിക്കുകയാണെന്നു് 1960 ആഗസ്ററിൽ ഇവർ ഔദ്യോഗികമായി പ്രഖ്യാപിച്ചു. പശ്ചിമ ബംഗാളിലേതു പോലെ ധാരാളം എണ്ണനിക്ഷേപമുള്ള രാജസ്ഥാനിൽ (ജയ്സൽമർപ്രദേശം) എണ്ണയന്വേഷണം ആരംഭിക്കാനുള്ള ആഗ്രഹം അന്നു് ഇവർ വെളിപ്പെടുത്തുകയും ചെയ്തു. എണ്ണയന്വേഷണപ്രവത്തനം വിജയിപ്പിക്കുന്നതിൽ സ്റ്റാൻവാക് കമ്പനിയ്ക്കുള്ള സന്നദ്ധതയില്ലായ്മ സ്പഷ്ടമായിരുന്നു. എണ്ണഖനനത്തിൽ ന്യായീകരിക്കാനാവാത്തവണ്ണം ഇവർ കാലതാമസം വരുത്തുന്നതായും വ്യക്തമായി കഴിഞ്ഞിരുന്നു. ഇതേക്കുറിച്ചു

---

മാൻ പറയുന്നു. ബംഗാഠം ഉഠംക്കടലിൻെറ തീരപ്രദേശത്തു ഗണ്യമായ തോതിൽ എണ്ണ നിക്ഷേപമുണ്ടെന്നു് അവിടെ നടത്തിയ ഒരു പ്രാഥമിക സർവ്വേയിൽ നിന്നു് തെളിഞ്ഞതായട സ്റ്റാൻവാക് കമ്പനിയുടെ ഒരു വക്താവു് പ്രഖ്യാപിച്ചു. ഈ വക്താവുമായുള്ള ഒരു അഭിമുഖ സംഭാഷണം 1952-ൽ പാകിസ്ഥാനിലെ 'ഇംറോസ്' ചേത്തിരുന്നു.

പാർലമെൻറിലും പത്രങ്ങളിലും ആവത്തിച്ചാവത്തിച്ച് വിമർശനമുണ്ടായി. എണ്ണയന്വേഷണപ്രവത്തനങ്ങൾ പരിശോധിക്കാൻ ഒരു ഉദ്യോഗസ്ഥനെ നിയമിക്കുമെന്ന് 1956-ൽ ഇൻഡ്യാഗവർമ്മെൻറ് മുന്നറിയിപ്പുനൽകുക പോലും ചെയ്തു.

എണ്ണയന്വേഷണത്തിനുള്ള ചിലവിൽ ഒരു ഭാഗം ഇന്ത്യാഗവണ്മെൻറിൽനിന്ന് ഈടാക്കാൻവിദേശ എണ്ണക്കുത്തകകൾ തുടർച്ചയായി ശ്രമിച്ചിട്ടുണ്ട്. ഇങ്ങനെ, 1953-ലെ കരാർ അനുസരിച്ച്, പശ്ചിമബംഗാളിലെ എണ്ണയന്വേഷണത്തിനു സ്റ്റാൻവാക് കമ്പനി ചിലവാക്കിയ തുകയുടെ 25 ശതമാനം ഇന്ത്യാഗവമ്മെൻറ് നൽകേണ്ടിവന്നു.[1] ഈ തുക 5 മില്യൻ രൂപയിലധികമായിരുന്നു.[2] കുടിശ്ശികയും നിശ്ചിത പലിശയും കൊടുത്താൽ മാത്രമേ ഏതെങ്കിലും ഒരു പ്രോജക്ടിൽ ഇന്ത്യയ്ക്കു പങ്കുചേരാൻ കഴിയുമായിരുന്നുള്ളു. സ്റ്റാൻവാക് കമ്പനി ചില നികുതിസൌജന്യങ്ങളും നേടിയെടുത്തിരുന്നു. ഈ കമ്പനിക്ക് എണ്ണയന്വേഷണത്തിൽ എന്തെങ്കിലും നഷ്ടമുണ്ടായാൽ അതു് സെയിൽസ്ടാക്സ് റിബേറ്റുവഴി പരിഹരിക്കുന്നതാണെന്ന് 1958-ൽ ഡപ്യൂട്ടി ധനകാര്യമന്ത്രി പാർലിമെൻറിൽ വെളിപ്പെടുത്തി. എണ്ണവില്പനയിൽ സൗജന്യങ്ങൾ ലഭിച്ചിരുന്നതുമൂലം സ്റ്റാൻവാക്കിൻെറ പ്രതിവർഷമുള്ള മൊത്തം വരുമാനത്തിൽ 55-

---

1 ദി ആട്ടോമൊബൈൽ മാഗസിൻ ഓഫ് ഇന്ത്യ, സെപ്റ്റംബർ 1960, പേജ് 38,

2 ഇന്ത്യൻ എക്സ്പ്രസ്സ്, മേയ് 1, 1958,

75 ശതമാനം തുകയേ, നികുതി അടയ്ക്കേണ്ട ഇനത്തിൽപ്പെട്ടിരുന്നുള്ളു.[1] എണ്ണയന്വേഷണരംഗത്തു് ഈ കമ്പനിക്കുള്ള സ്വത്തു് 30 വർഷത്തേക്കു് ദേശസാൽക്കരിക്കുകയില്ലെന്നു ഗവമ്മെൻറു് ഉറപ്പുനല്കുകയും ചെയ്തിട്ടുണ്ടു്.[2]

സ്ററാൻവാക് കമ്പനി പശ്ചിമബംഗാളിൽ ഒരു പ്രയോജനമില്ലാതെ എണ്ണയന്വേഷണം നടത്തിയ ഇനത്തിൽ ഏകദേശം 20 മില്യൻ രൂപാ നഷ്ടമാണു് ഇന്ത്യാ ഗവണ്മെൻറിനു നേരിട്ടതു്.[3] "കമ്പനി ശേഖരിച്ച വിവരങ്ങളെല്ലാം (ഡേററ) ന്യൂയോക്കിൽ എത്തിക്കൊണ്ടിരുന്നപ്പോൾ......ചിലവിൻെറ പകുതി വഹിച്ചിരുന്ന ഇന്ത്യാ ഗവണ്മെൻറിനു ലഭിച്ചതു് 'വരണ്ടകിണർ' എന്നു കാണിക്കുന്ന ഒരു കഷണം കടലാസു മാത്രമായിരുന്നു. "എണ്ണ കണ്ടുപിടിക്കരുതു്. പ്രവൎത്തനം കഴിയുന്നത്ര നീട്ടിക്കൊണ്ടു പോകണം"[4] —ഇതായിരുന്നു വിദേശ എണ്ണ കുത്തകകളുടെ നയം.

ആംഗ്ലോ അമേരിക്കൻ എണ്ണകുത്തകകകൾ എണ്ണയന്വേഷണം തടസ്സപ്പെടുത്തിയതു് ഇന്ത്യയിൽ മാത്രമല്ല. മററു പല വികസ്വര രാജ്യങ്ങളിലും ഇവർ ഇങ്ങനെ ചെയ്തിട്ടുണ്ടു്. ഇൻറർനാഷണൽ പെട്രോളിയം കൂട്ടുകമ്പനിയിലെ അംഗങ്ങൾ എണ്ണയുള്ള പുതിയ പ്രദേശങ്ങളിൽ പ്രവൎത്തിക്കാൻ മനഃപൂർവ്വം മടി കാണിച്ചു. മുതലാളിത്ത

1 ഹിന്ദുസ്ഥാൻ ടൈംസ്, ജൂലൈ 28, 1958
2 ദി സ്റ്റേററ്സ് മാൻ, ഫെബ്രുവരി 16, 1954.
3 അമൃതബസാർ പത്രിക, ആഗസ്റ്റ് 27, 1660
4 ന്യൂഏജ്, മാർച്ച് 20, 1660, പേജ് 13.

ലോകത്തിലെ എണ്ണയുടെ അത്യുല്പാദനം തടയാനും, എണ്ണയുടെ മേലുള്ള ഉയന്ന കുത്തക വില നിലനിറുത്താനും വേണ്ടിയാണവരങ്ങനെ ചെയ്തതു്.

എണ്ണയുടെ അത്യുല്പാദനം മുതലാളിത്ത ലോകത്തിൽ ഇന്നു് സ്ഥിരമായി കാണുന്ന ഒരു സ്ഥിതിയാണു്. 1960 അവസാനത്തോടെ എണ്ണയുടെ ഈ അത്യുല്പാദനം 400 മില്യൻ ടൺ ആയിരുന്നു. അവക്കുണ്ടായിരുന്ന എണ്ണയുല്പാദന സൗകര്യങ്ങളുടെ മൂന്നിലൊന്നു വരുമായിരുന്നു അതു്. [1]

എണ്ണയുടെ അത്യുൽപാദനവും എണ്ണയുടെ വില കുറയാനുള്ള സാദ്ധ്യതയും മുതലാളിത്ത ലോകത്തെ തുറിച്ചുനോക്കുന്ന രണ്ടു പ്രശ്നങ്ങളാണു്. അതുകൊണ്ടു് എണ്ണയന്വേഷണം മന്ദഗതിയിലാക്കാനും അങ്ങനെ എണ്ണ ഖനനത്തിനു് സാദ്ധ്യതയുള്ള പ്രദേശങ്ങളെ ബോധപൂർവ്വം ഒഴിച്ചുനിറുത്താനുമാണു് ആംഗ്ലോ–അമേരിക്കൻ കുത്തകകൾ ശ്രമിക്കുന്നതു്. പാകിസ്ഥാനിൽ ഇവർ സ്വീകരിച്ച നിലപാടു് ഇതിനു തെളിവാണു്: പാകിസ്ഥാൻെറ അഞ്ചിലൊന്നിലധികം പ്രദേശത്തു് എണ്ണയന്വേഷണം നടത്താൻ അവിടുത്തെ ഗവൺമെൻറു് വിദേശ എണ്ണകുത്തകകൾക്കു് ലൈസൻസ് നൽകിയെങ്കിലും അതിൻെറ പ്രയോജനം തീരെ കുറവായിരുന്നു. പതിമൂന്നു വർഷക്കാലം കൊണ്ടാണു് കുത്തകകൾ പല

1 കെ. കൊസാറെസ്, ഓയിൽ ആൻറ് ഇൻഡിപെൻറൻസ് നെഷ്നേയ തർഗോപ്പല്യാ റഷ്യൻ എഡിഷൻ, നമ്പർ 12, 1962 പേജ് 41.

വാതകനിക്ഷേപങ്ങൾ കണ്ടുപിടിക്കുകയും പൊത്വാർ ഹൈലണ്ടിലെ (40 വർഷമായി എണ്ണ ഖനന പ്രവർത്തനം ഇവിടെ നടത്തിവരികയായിരുന്നു.) എണ്ണ ഖനനം ചെറിയ തോതിൽ വർദ്ധിപ്പിക്കുകയും ചെയ്തു. കുത്തകകൾ അവിടെ പ്രവർത്തനം നടത്തിയ കാലത്തു് പുതിയതായി ഒരു സ്ഥലത്തും വാണിജ്യപ്രധാനമായ നിക്ഷേപങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ഒരു പത്രം ഇങ്ങനെ എഴുതുകയുണ്ടായി: "ഈ രാജ്യത്തു് എണ്ണ കണ്ടുപിടിക്കാൻ കഴിയാത്തതു് നിർഭാഗ്യം കൊണ്ടോ, എണ്ണ നിക്ഷേപങ്ങൾ ഇല്ലാത്തതുകൊണ്ടോ, ഇതു കണ്ടുപിടിക്കാനുള്ള വിദേശസ്ഥാപനങ്ങളുടെ ആഗ്രഹമില്ലായ്മ കൊണ്ടോ ആണു്. എന്നാൽ ഇവിടെ ധാരാളംഎണ്ണയുണ്ടെന്നതിനു് ശാസ്ത്രീയമായ തെളിവുകൾ ധാരാളമുള്ളതിന്റെ വെളിച്ചത്തിൽ, ആദ്യത്തെ രണ്ടു വിശദീകരണങ്ങളും അംഗീകരിക്കാൻ വിഷമമാണു്. എണ്ണ കണ്ടുപിടിക്കാനുള്ള ജോലി പൂർണ്ണമായും ഏല്പിക്കപ്പെടുമ്പോൾ എണ്ണ കണ്ടുപിടിക്കുന്നതുമൂലം അടിക്കടി തങ്ങൾക്കുണ്ടാകാവുന്ന നഷ്ടത്തെപ്പററിയാണു് വിദേശക്കമ്പനികൾ ആലോചിക്കുന്നതു്.[1] പത്രം ഇങ്ങനെ തുടരുന്നു: "എണ്ണ കണ്ടുപിടിക്കുന്നതിനേക്കാൾ എണ്ണ മറച്ചുവയ്ക്കാനാണു് അന്വേഷണം നടത്തുന്നതു് എന്ന അഭിപ്രായം അധർമ്മമാണെന്നും അവിശ്വസനീയമാണെന്നും തോന്നിപ്പോകും. എന്നാൽ ദശലക്ഷക്കണക്കിനാളുകൾ പട്ടിണി കിടക്കുന്ന ഈ ലോകത്തു്

---

1 ദി പാകിസ്ഥാൻ ടൈംസ്, ഒക്ടോബർ 4, 1958,

ഭക്ഷ്യധാന്യനില ഒരു നിശ്ചിത തോതിൽ നിലനിറുത്താനായി ദശലക്ഷക്കണക്കിനു ടൺ ഭക്ഷ്യധാന്യം നശിപ്പിക്കുന്നവരുള്ളതായി അറിയാവുന്നവർക്ക് ഇങ്ങനെ തോന്നുകയില്ല".[1] പാകിസ്ഥാനിലെ എണ്ണയന്വേഷണത്തിന്റെ ഫലങ്ങൾ വിദേശക്കമ്പനികൾ ഒളിച്ചുവച്ചതായി തെളിവുസഹിതം പത്രം ചൂണ്ടിക്കാണിക്കുന്നു. എണ്ണനിക്ഷേപങ്ങൾ കണ്ടുപിടിക്കുന്നതിലല്ല, എണ്ണയുൽപാദനം നടത്തിയേയ്ക്കാവുന്നവരെ വിപണിക്കു പുറത്താക്കുന്നതിലാണ് ഇന്നത്തെ ഘട്ടത്തിൽ വിദേശകമ്പനികളുടെ മുഖ്യ താൽപര്യം എന്ന നിഗമനത്തിലാണ് പത്രം എത്തിച്ചേർന്നിട്ടുള്ളത്.

*　　　*　　　*　　　*

എണ്ണയാവശ്യമുള്ള പ്രദേശങ്ങളിൽ, വിശേഷിച്ച് എണ്ണ ഖനന വ്യവസായം ശൈശവാവസ്ഥയിലുള്ള രാജ്യങ്ങളിൽ പുതിയ എണ്ണ ശുദ്ധീകരണ ശാലകൾ സ്ഥാപിക്കുവാൻ എണ്ണ കുത്തകകൾ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ശ്രദ്ധ പതിപ്പിക്കുകയുണ്ടായി. 1939-ൽ ഇതു് മൂന്നിലൊന്നായി മാറി. പശ്ചിമയൂറോപ്പിന്റെ സ്ഥിതി ഇതിൽ നല്ലൊരു ഉദാഹരണമാണ്. 1939-ൽ ഇവിടുത്തെ ദ്രവഇന്ധന ഇറക്കുമതിയിൽ 25 ശതമാനം ക്രൂഡ് ഓയിലും 75 ശതമാനം എണ്ണയുൽപന്നങ്ങളുമായിരുന്നു. എന്നാൽ ഇതു് 1958-ൽ യഥാക്രമം 85 ശതമാനവും 15 ശതമാനവുമായി.[2] സൈനിക നയതന്ത്ര

1 ദി പാകിസ്ഥാൻ ടൈംസ്, ഏപ്രിൽ 15, 1959,

2 പെട്രോളിയം പ്രസ്സ് സർവീസ്, ജൂലൈ 1959, പേജ് 249

KOTTAYAM PUBLIC LIBRARY KOTTAYAM

ത്തെയും വിദേശനാണ്യച്ചെലവിനേയും കുറിച്ചുള്ള പരിഗണനകൾമൂലമാണ് ഇറക്കുമതിയിൽ ഇങ്ങനെയൊരു മാററം വന്നതു്. എണ്ണ ഖനന വ്യവസായം വികസിച്ചിട്ടില്ലാത്ത രാജ്യങ്ങളിൽ എണ്ണയുൽപന്നങ്ങളുടെ ആവശ്യകത ദ്രുതഗതിയിൽ വർദ്ധിപ്പിക്കുന്ന സ്ഥിതിയുമായി പൊരുത്തപ്പെടാനുള്ള എണ്ണക്കുത്തകകളുടെ ആഗ്രഹമായിരുന്നു അതിനുള്ള മറെറാരു കാരണം. എണ്ണ ശുദ്ധീകരണ ശാലകൾക്ക് എണ്ണ എത്തിച്ചുകൊടുക്കുമ്പോൾ അതു് കൊണ്ടുപോകാനുള്ള ചെലവിനുപുറമെ, ആ എണ്ണയുടെ പത്തു ശതമാനത്തിൻെറ ചെലവുകൂടി ഉണ്ടാകാറുണ്ടു്. ഇതിലെ രണ്ടാമത്തെ ഇനം പ്രത്യക്ഷത്തിലുള്ള നഷ്ടമാണ്. പ്ലാൻറുകളുടെ ഇന്ധനമായിട്ടാണ് ഇതുപയോഗിക്കപ്പെടുന്നതു്. ഭീമാകാരമായ എണ്ണക്കപ്പലുകൾ ധാരാളമായി ഉപയോഗിക്കുന്നതുകൊണ്ടും വലിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതുകൊണ്ടും എണ്ണ കയറ്റി അയയ്ക്കുന്നതിൻെറ ചെലവു് വളരെ കുറഞ്ഞിട്ടുണ്ടു്.

KOTTAYAM PUBLIC LIBRARY KOTTAYAM
77051

എണ്ണ ശുദ്ധീകരണ ശാലകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം തെരഞ്ഞെടുക്കുന്നതിൽ രാഷ്ട്രീയമായ പരിഗണനകളും വളരെ പ്രധാനമാണ്. എണ്ണ സമ്പത്തുള്ള രാജ്യങ്ങളിൽ എണ്ണ ശുദ്ധീകരണ ശാലകൾ ഇല്ലാതിരിക്കുകയും, എണ്ണസമ്പത്തില്ലാത്ത രാജ്യങ്ങളിൽ എണ്ണ ശുദ്ധീകരണശാലകൾ ഉണ്ടായിരിക്കുകയും ചെയ്താൽ തങ്ങളുടെ സ്വത്തിൻെറ ദേശസാൽക്കരണം കൂടുതൽ വിഷമകരമാക്കാമെന്നാണ് എണ്ണക്കുത്തകകൾ വിശ്വസി

ക്കുന്നതു്.[1] ഇങ്ങനെ എണ്ണ ശുദ്ധീകരണ ശാലകൾ സ്ഥാപിക്കുന്നതിൻെറ ഫലമായി, ദേശസാല്ക്കരണം നടത്തിയാൽഎണ്ണ സമ്പത്തുള്ള രാജ്യങ്ങൾക്കു് എണ്ണശുദ്ധീകരണം സാദ്ധ്യമല്ലാതെ വരികയും എണ്ണ സമ്പത്തില്ലാത്ത രാജ്യങ്ങൾക്കു് ഒന്നും ശുദ്ധീകരിക്കാനില്ലാതിരിക്കുകയുംചെയ്യും.

ഇന്ത്യയിൽ അമ്പതിലേറെ വർഷക്കാലം (1901 മുതൽ 1953 വരെ) ആസ്സാമിലെ ഒരു ചെറിയ എണ്ണ ശുദ്ധീകരണശാല മാത്രമാണു് ഉണ്ടായിരുന്നതു്. അതു് ബ്രിട്ടന്റെ വകയായിരുന്നു. ഇന്ത്യൻ വിപണിയുടെ കുത്തകനേടിക്കഴിഞ്ഞു്, ആംഗ്ലോ-അമേരിക്കൻ കമ്പനികൾ മദ്ധ്യപൂർവ്വദേശത്തെ തങ്ങളുടെ ശുദ്ധീകരണ ശാലകളിൽനിന്നു് വിലക്കൂടുതലുള്ള എണ്ണയുൽപന്നങ്ങൾ ഇന്ത്യയിൽ കൊണ്ടുവരികയായിരുന്നു. എന്നാൽ എണ്ണ വ്യവസായം വികസിച്ചിട്ടില്ലാത്ത രാജ്യങ്ങളിൽ എണ്ണ ശുദ്ധീകരണകേന്ദ്രങ്ങൾ ഉണ്ടായിത്തുടങ്ങിയപ്പോൾ, മററു സ്ഥലങ്ങളിൽ നിന്നു് ആനുകൂല്യങ്ങളോടുകൂടി കിട്ടുന്ന എണ്ണ ശുദ്ധീകരിക്കുവാൻ ഇന്ത്യയിൽ എണ്ണ ശുദ്ധീകരണ ശാലകൾ

---

1 യു. എസ്. സെനററർ എസ്റ്റീസ്സ് കഥാവറിൻെറ താഴെപ്പറയുന്ന അഭിപ്രായം നോക്കുക. "എണ്ണക്കമ്പനികൾ തീർച്ചയായും, ഈ കറുത്ത സ്വർണ്ണമുള്ള പ്രദേശങ്ങളിലെ ഭരണാധികാരികളുടെ അഭിലാഷങ്ങൾ വേഗം മനസ്സിലാക്കാറുണ്ടു്. വൻതോതിലുള്ള വിലപ്പെട്ട ആനുകൂല്യങ്ങൾ ദേശസാത്ക്കരിക്കപ്പെടാൻ ഇടയുള്ളതുകൊണ്ടു് ഇവരുടെ ഗ്രഹണശക്തി വർദ്ധിച്ചിരിക്കുകയാണു്. അതുകൊണ്ടാണു് മദ്ധ്യപൂർവ്വ ദേശത്തെ രാജ്യങ്ങൾക്കു എണ്ണക്കമ്പനികളുടെ തല ഉയർത്തിപ്പിടിക്കാനും, അങ്ങനെ ഭരണം കാഴ്ചവയ്ക്കാനും കഴിയുന്നതു്." (യു. എസ്. കോൺഗ്രഷണൽ റിക്കാർഡ്, വോളിയം 103, പേജ് 2556-57)

ഉണ്ടാക്കുന്നതാണ് കൂടുതൽ ലാഭകരമെന്ന് അവർ മനസ്സിലാക്കി.[1]

വിദേശ കുത്തകകളെ ഇന്ത്യയിലേക്ക് ആകർഷിച്ച കാര്യങ്ങൾ എന്തെല്ലാമാണ് ?

ഇറക്കുമതി ചെയ്യുന്ന എണ്ണ ശുദ്ധീകരിക്കുവാനുള്ള പ്ലാൻറുകളുണ്ടായാൽ ഇന്ത്യൻ വിപണിയിൽ കൂടുതൽ നിയന്ത്രണം നേടാമെന്നായിരുന്നു അവരുടെ പ്രതീക്ഷ. ഏതായാലും ഇന്ത്യ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞപ്പോൾ, വില്പനയുടെ കുത്തകകൊണ്ടു മാത്രം വിപണിയിലെ പിടി മുറുക്കാൻ വിഷമമാണെന്ന് അവർക്കു ബോദ്ധ്യമായി. അവർക്കു ഇങ്ങനെ തോന്നാനുള്ള ഒന്നാമത്തെ സംഗതി സ്വതന്ത്ര ഇന്ത്യയ്ക്കു കൂടുതൽ ഫലപ്രദമായി ആഭ്യന്തര വിപണി നിയന്ത്രിക്കാൻ കഴിയുമെന്ന സ്ഥിതിയുണ്ടായതാണ്. കുത്തകകളിൽനിന്നു എണ്ണവാങ്ങുന്നതു പരിമിതപ്പെടുത്തിക്കൊണ്ട് അവരുടെ എതിരാളികളെ സമീപിക്കാൻ ഇന്ത്യയ്ക്കു കഴിയുമായിരുന്നു എന്നാണതിൻെറ അർത്ഥം. സോഷ്യലിസ്റ്റ് ക്യാമ്പ് ശക്തിപ്പെടുകയും, കൊളോണിയൽ സമ്പ്രദായം ക്ഷയിക്കുകയും അവരുടെ സ്വത്തുക്കൾ ദേശസാത്ക്കരിക്കപ്പെടുകയും ചെയ്ത ഒരു സാഹചര്യത്തിൽ ഇന്ത്യയ്ക്ക് സാമ്രാജ്യത്വ

---

1 1948 ൽ, 2 ദശലക്ഷം ടൺ ഉല്പാദന ശേഷിയുള്ള ഒരു എണ്ണ ശുദ്ധീകരണശാല മദ്രാസ്സിൽ സ്ഥാപിക്കാനുള്ള സാദ്ധ്യത അമേരിക്കൻ എണ്ണക്കുത്തകകൾ ഗൗരവമായി പരിശോധിക്കുകയുണ്ടായി. ( നാച്ച് റിച്ച്തൻ ഫർ അസൻഹാൻഡൽ, ജനുവരി 1, 1949, എസ് 7.

രാജ്യങ്ങളിലെ കുത്തകകളിൽനിന്ന് എണ്ണ വാങ്ങാതിരിക്കാനും സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സഹായം തേടാനും സാധിക്കുമായിരുന്നു എന്നതാണ് രണ്ടാമത്തെ കാര്യം. ആംഗ്ലോ–ഇറാനിയൻ എണ്ണക്കമ്പനി ദേശസാത്ക്കരിക്കപ്പെടുകയും ഇറാൻ ലോകവിപണിയിലേക്കു എണ്ണ നൽകുന്ന പ്രധാന രാജ്യമായിത്തീരുകയും ചെയ്തപ്പോൾ തന്നെയായിരുന്നു; ഇന്ത്യയിൽ എണ്ണ ശുദ്ധീകരണശാലകൾ സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങൾ ഉണ്ടായതു്. മററു തരത്തിൽ പറഞ്ഞാൽ–ഇന്ത്യ സ്വാതന്ത്ര്യം നേടിയെടുക്കുകയും ഇന്ത്യയിലെ ദ്രവഇന്ധന വിതരണത്തിൻെറ നിയന്ത്രണം നിലനിർത്താൻ പുതിയ മാർഗ്ഗങ്ങൾ ആരായാൻ കുത്തകകൾ നിർബ്ബന്ധിതരാകത്തക്കവിധം സാർവ്വദേശീയ രംഗത്തു് മാററങ്ങളുണ്ടാവുകയും ചെയ്തതുകൊണ്ടാണ് ഇന്ത്യയിൽ എണ്ണ ശുദ്ധീകരണശാലകൾ ഉണ്ടായതു്.

എണ്ണ ശുദ്ധീകരണശാലകൾ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു് വിപണിയിലെ എണ്ണയുല്പന്നങ്ങളുടെ വ്യാപാരം ഗണ്യമായി വികസിപ്പിക്കുകയും അതിനനുസരിച്ച് ലാഭം വർദ്ധിപ്പിക്കുകയും ചെയ്യാമെന്ന് വിദേശ എണ്ണക്കുത്തകകൾ പ്രതീക്ഷിച്ചു. യുദ്ധത്തിനുശേഷം, വിദേശനാണ്യത്തിൻെറ കുറവുമൂലം എണ്ണയുല്പന്നങ്ങൾ ഉൾപ്പെടെയുള്ള പല സാധനങ്ങളുടെ ഇറക്കുമതിയിൽ ഇന്ത്യ കർശനമായി കോട്ടാ ഏർപ്പെടുത്തി. (1950 അവസാനം വരെ ഇതിൻെറ ഉപഭോഗത്തിൽ റേഷനിംഗ് ഏർപ്പെടുത്തിയിരുന്നു.) 1939–ൽ, ആവശ്യമുണ്ടായിരുന്നതിന്റെ

പകുതി പെട്രോൾ മാത്രമേ ഇന്ത്യയ്ക്കു ഇറക്കുമതി ചെയ്യാൻ കഴിഞ്ഞുള്ളു. എണ്ണ ശുദ്ധീകരണശാലകളുണ്ടായാൽ, ഇന്ത്യയുടെ വിദേശനാണ്യ ബുദ്ധിമുട്ടുകൾ വിഗണിച്ചുകൊണ്ട് ദ്രവ–ഇന്ധന ഇറക്കുമതി വർദ്ധിപ്പിക്കാമെന്ന് കുത്തകകൾ കരുതി. ഇന്ത്യ അനുവദിക്കുന്ന വിദേശനാണ്യം ക്വോട്ടായുടെ പരിധിക്കുള്ളിൽനിന്നുകൊണ്ട്, എണ്ണയുല്പന്നങ്ങളെക്കാൾ അധികം എണ്ണ ഇറക്കുമതിചെയ്യാനും, ഈ എണ്ണ ശുദ്ധീകരിച്ചെടുക്കുന്ന ഉല്പന്നങ്ങൾ മുൻവിലയ്ക്കു വിററ് വലിയ ലാഭം നേടാനും സാധിക്കുമെന്നും അവർ പ്രതീക്ഷിച്ചു. വിലക്കുറവുള്ള എണ്ണയുടെ ഇറക്കുമതിവഴി ലഭ്യമായ ലാഭം വിദേശനാണ്യ ബുദ്ധിമുട്ടു കുറയ്ക്കുമെന്നതുകൊണ്ട് സ്വന്തമായി എണ്ണ ശുദ്ധീകരണശാലകൾ ഉണ്ടാക്കുവാൻ ഇന്ത്യ മുതിർന്നു. ഇന്ത്യയുടെ ഈ ശ്രമത്തിനും ഇന്ത്യയിൽ എണ്ണ ശുദ്ധീകരണശാല സ്ഥാപിക്കാനുള്ള കുത്തകകളുടെ പരിപാടിയ്ക്കു് ഒരതിരുവരെ യോജിപ്പുണ്ടായിരുന്നു എന്നതു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

ഇന്ത്യയുടെ വിദേശനയത്തിൽ കാര്യമായ ഒരു മാററമുണ്ടാകുമെന്നു്, അമേരിക്കൻ എണ്ണകുത്തകകൾക്കു പ്രതീക്ഷയുണ്ടായിരുന്നു. ഇന്ത്യയിൽ എണ്ണ ശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതിന് വലിയ തന്ത്രപ്രാധാന്യമുണ്ടെന്നും അവർ കരുതി. ഇന്ത്യയിൽ എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള കരാർ "പേർഷ്യൻ ഉൾക്കടലിനു കിഴക്ക് കമ്മ്യൂണിസ്റ്റേതര എണ്ണശുദ്ധീകരണ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിൻെറ

തന്ത്രപ്രാധാന്യത്തിനു്''[1] ഉറപ്പു നൽകുന്നു എന്നാണു് 1951 ഡിസമ്പർ ഒന്നിനു് ന്യൂയോർക്കു് ടൈംസ് അഭിപ്രായപ്പെട്ടതു്.

ദേശസാല്ക്കരണത്തിനെതിരെ കുത്തകകൾക്കു സൗകര്യപ്രദമായ വ്യവസ്ഥകളും ഉറപ്പുകളും നൽകാൻ ഇന്ത്യാ ഗവണ്മെൻറു് തയ്യാറാകാതിരുന്നതാണു്, ഇന്ത്യയിൽ അവർക്കു എണ്ണശുദ്ധീകരണശാല സ്ഥാപിക്കുന്നതിനു് തടസ്സമായി നിന്ന കാര്യങ്ങളിൽ ഒന്നു്. "1948-ൽ എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള കൂടിയാലോചന ആരംഭിച്ചു. പക്ഷേ, അതു നടപ്പാകാനുള്ള സാദ്ധ്യത തെളിഞ്ഞു കണ്ടില്ല. ഇന്ത്യൻ നേതാക്കളിൽ പ്രബലമായ ഒരു വിഭാഗം കടുത്ത സംശയം കൊണ്ടും സാമ്പത്തിക കാര്യങ്ങളിൽ ഇന്ത്യ ഒററക്കു് മുമ്പോട്ടുപോകണമെന്നു് ആശിച്ചതുകൊണ്ടും സ്വാതന്ത്ര്യലബ്ധതയുടെ ആദ്യവേളയിൽ ഇതു് സ്വാഭാവികമാണു്— അതു് വിദേശമൂലധനത്തിൻെറ പ്രവേശനത്തിനു് പ്രതികൂലമായിരുന്നതാണു്."[2]

---

1 എൽ. നടരാജൻ, അമേരിക്കൻ ഷാഡോ ഓവർ ഇന്ത്യാ ബോംബെ, 1952, പേജ് 88.

2 ലിയോനോഡു് എം. ഫാതിംഗ്, ഫോറിൻ ഓയിൽ ആൻറ് ദി ഫ്രീവേൾഡ്, ന്യൂയോക്കു്, 1954, പേജ് 204. "വ്യവസായ പുരോഗതിയുമായി പൊരുത്തപ്പെടുന്ന തരത്തിലായിരിക്കണം പുതിയ എണ്ണശുദ്ധീകരണ ശാലകൾ സ്ഥാപിക്കുന്നതു് എന്നു, നേരത്തെ ഇന്ത്യാഗവമ്മെണ്ടു വ്യക്തമാക്കിയിരുന്നു.'' ഇതനുസരിച്ചു് എണ്ണ വ്യവസായം പൊതുമേഖലയായിരിക്കേണ്ടതാണു്. (പെട്രോളിയം പ്രസ്സു് സർവ്വീസ്, ഡിസംബർ 1951; പേജ് 411)

ഇന്ത്യാഗവമ്മെൻറിൻെറ ചെറുത്തുനിൽപ്പ് പൊളി ക്കാൻ സാർവ്വദേശീയരംഗത്തെ എണ്ണക്കുത്തകകൾ തീരുമാനിക്കുകയുണ്ടായി. ഒരു എണ്ണശുദ്ധീകരണവ്യവസായം ആരംഭിക്കുന്നതിനുള്ള സാദ്ധ്യതയെപ്പററി പഠിക്കുന്നതിന് ഇവരുടെ ഒരു സംഘം 1948-ൽ ഇന്ത്യയിലെത്തി. ഇന്ത്യാഗവണ്മെൻറ് ഉറച്ചുനില്ക്കുമെന്ന് വ്യക്തമായപ്പോൾ, ഇന്ത്യയിൽ എണ്ണശുദ്ധീകരണശാല സ്ഥാപിക്കുന്നത് പ്രയോജനമല്ലെന്ന് അവർ പ്രഖ്യാപിച്ചു. എന്നാൽ, ഈ ചർച്ചകളിൽ ചെറിയ തടസ്സമേ ഉണ്ടായിരുന്നുള്ളു. 1951-ൽ, കുത്തകകൾ ഇറാനിലെ പരിതസ്ഥിതി ചൂണ്ടിക്കാണിച്ചുകൊണ്ട് (അവിടത്തെ ഗവമ്മെൻറ് വിദേശസ്വത്ത് ദേശസാത്ക്കരിക്കാൻ പ്ലാൻ ചെയ്തുവരികയായിരുന്നു) ഇന്ത്യയിൽ എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച നിലപാടു മാററാൻ ഇന്ത്യാഗവമ്മെൻറിനോട് ആവശ്യപ്പെട്ടു. അവർ എണ്ണയുടെ വില വർദ്ധിപ്പിക്കുകയും എണ്ണവിതരണം (75 ശതമാനം ദക്ഷിണ ഇറാനിലെ അബാദാനിൽ നിന്നാണ് ലഭിക്കുക) നിർത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു.

ഇതേ സമയത്ത് ഇന്ത്യയിലെ സ്വാധീനശക്തിയുള്ള ചില പത്രങ്ങൾ കുത്തകകളുടെ താല്പര്യം സംരക്ഷിക്കാനായി രംഗത്തുവന്നു. വിദേശ സ്വകാര്യ മൂലധനത്തെ ഇന്ത്യാഗവമ്മെൻറ് ശക്തിയായി ചെറുക്കുന്നതിനെതിരെ ഈ പത്രങ്ങൾ ഒരു പ്രചരണം ആരംഭിച്ചു. ദ്രവ-ഇന്ധനത്തിലെ പ്രധാന ഇനങ്ങളുടെ മേൽ ബഹിഷ്ക്കരണവും

വിലക്കയററവും ഉണ്ടാകുമെന്ന ഭീഷണി മുഴക്കി ഇന്ത്യാഗവമ്മെൻറിനെ ഭയപ്പെടുത്താൻ അവർ ശ്രമിച്ചു. ക്രൂഡ് ഓയിലിൻെറ ഇറക്കുമതിച്ചെലവ് എണ്ണയുല്പന്നങ്ങളുടേതിലും കുറവായതുകൊണ്ടു് അത്യാവശ്യമുള്ള വിദേശനാണ്യത്തിൽ നേടാൻ കഴിയുന്ന ലാഭം തടയപ്പെടുമെന്നും അവർ ഭയപ്പെടുത്തി. ഒടുവിൽ, കുത്തകകൾക്കു പല ആനുകൂല്യങ്ങളും അവകാശങ്ങളും അനുവദിച്ചു കൊടുക്കാമെന്നു് ഇന്ത്യാഗവമ്മെൻറു് സമ്മതിച്ചു. "ഇൻറർനാഷണൽ ഓയിൽ കമ്പനീസ്, ഗവമ്മെൻറുകളെ പരാജയപ്പെടുത്തുന്ന കളി" യിലെ പഴക്കമുള്ള ആശാന്മാർ, അവക്കുള്ള ഒരു "പൌണ്ടു മാംസത്തിനു" വേണ്ടി ഉറച്ചുനിന്നു. സാധാരണഗതിയിൽ ഒരു രാജ്യവും ഒരിക്കലും നൽകാത്ത ഉറപ്പുകളും ആനുകൂല്യങ്ങളുമാണു് അവർ ചോദിച്ചതു്. ഇന്ത്യയിൽ രണ്ടു എണ്ണശുദ്ധീകരണ ശാലകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള അവരുടെ നിർദ്ദേശം അന്ത്യശാസനത്തിൻെറ രൂപത്തിലായിരുന്നു. 'നിങ്ങൾക്കു് എണ്ണശുദ്ധീകരണശാലകൾ വേണമെങ്കിൽ ഞങ്ങൾ പറയുന്ന വ്യവസ്ഥകൾ അംഗീകരിക്കുക...' എന്നായിരുന്നു അവർ പറഞ്ഞതു്.

പ്രസിദ്ധമായ ഇൻറർനാഷണൽ ഓയിൽ കമ്പനീസ് ഇന്ത്യാഗവമ്മെൻറിനെ വഞ്ചിക്കുകയില്ലെന്നാണു് എണ്ണബിസിനസ്സിനെപ്പററി വളരെക്കുറച്ചു് അറിവുമാത്രമുണ്ടായിരുന്ന ഇന്ത്യയിലെ ഉദ്യോഗസ്ഥന്മാർ കരുതിയിരുന്നതു്. ഇന്ത്യ ഇങ്ങനെ, എളുപ്പം, എണ്ണക്കമ്പനികൾക്കു ഇരയാവുകയും, ഈ കമ്പനികൾ ഇന്ത്യയുടെ ഉ

പ്പുകളും ആനുകൂല്യങ്ങളും നേടുകയും ചെയ്തു. പിന്നീട്, ഇതുമൂലം ഇന്ത്യാഗവമ്മെൻറിനു് കഷ്ടപ്പെടേണ്ടിവന്നിട്ടുണ്ടു്.[1]

ഇങ്ങനെ എണ്ണശുദ്ധീകരണശാലകൾക്കുവേണ്ടി ഇന്ത്യ ആദ്യമായി കരാറുണ്ടാക്കിയതു് 1951 നവംബർ 30-ാം തീയതി സ്റ്റാൻവാക്ക് കമ്പനിയുമായിട്ടായിരുന്നു. 1951 ഡിസമ്പറിൽ ബർമ്മാഷെല്ലുമായും 1953 മാർച്ചിൽ കാൽടെക്സുമായും ഇന്ത്യ ഇത്തരം കരാർ ഉണ്ടാക്കി. ഇത്തരം കരാറുകൾ ഒപ്പുവയ്ക്കപ്പെട്ടു കഴിഞ്ഞപ്പോൾ, ഇന്ത്യയിൽ എണ്ണശുദ്ധീകരണശാലകൾ ഉണ്ടാകുന്നതു് വളരെ പ്രയോജനകരമാണെന്നു അവർ പ്രകടിപ്പിച്ച അഭിപ്രായങ്ങൾക്കു കടകവിരുദ്ധമായിരുന്നു ഇതു്. തങ്ങളുടെ എണ്ണശുദ്ധീകരണശാലയായിരിക്കണം ആദ്യം പ്രവർത്തിച്ചു തുടങ്ങുന്നതു് എന്ന ഉദ്ദേശത്തോടെ ഈ എണ്ണക്കമ്പനികൾ പിന്നീടു് പരസ്പരം മത്സരിച്ചു. എണ്ണശുദ്ധീകരണശാലകളുടെ നിർമ്മാണവേളയിൽ, അവയുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി, അവയിൽ അവർ പല മാററങ്ങളും വരുത്തി. തങ്ങളുടെ പ്ലാൻറു് 1956-ൽ തയ്യാറാകുമെന്നായിരുന്നു സ്റ്റാൻവാക്ക് പറഞ്ഞതെങ്കിലും, അതിൻെറ നിർമ്മാണം 1954-ൽ പൂർത്തിയായി. നിശ്ചിതസമയത്തിലും 18 മാസം നേരത്തേയായിരുന്നു അതു്. ബർമ്മാഷെൽ, നിശ്ചിതസമയത്തിലും ഒരു വർഷം മുമ്പേ അവരുടെ പ്ലാൻറിൻെറ നിർമ്മാണം പൂർത്തിയാക്കി.

---

1 ഇന്ത്യൻ പെട്രോളിയം, ഫെബ്രുവരി, 1963, ന്യൂഡെൽഹി, പേജ് 22.

സ്റ്റാൻവാക്ക് കമ്പനിയുടെ പ്ലാൻറിൻെറ ഉല്പാദനശേഷി 9,00,000 ടൺ ആയിട്ടാണ് ആദ്യം നിശ്ചയിച്ചത്. എന്നാൽ, പ്ലാൻറിൻെറ നിർമ്മാണം നടന്നുകൊണ്ടിരുന്നപ്പോൾ അതിൻെറ ഉല്പാദനശേഷി, മൂന്നിലൊന്നു വർദ്ധിപ്പിച്ച്, 1.2 മില്യൻ ടണ്ണാക്കി ഉയർത്തി. ബർമ്മാഷെൽ പ്ലാൻറിൻെറ ഉല്പാദനശേഷി 2 മില്യൻ ടണ്ണിൽനിന്ന് 2.3 മില്യൻ ടണ്ണായും പിന്നീട് 2.9 മില്യൻ ടണ്ണായും വർദ്ധിപ്പിച്ചു. 1963–ൽ ബർമ്മാഷെല്ലും എസ്സോയും (മുൻ സ്റ്റാൻവാക്ക് കമ്പനി) അവരുടെ പ്ലാൻറുകളുടെ ഉല്പാദനശേഷി യഥാക്രമം 3.75 മില്യൻ ടൺ ആയും 2.5 മില്യൻ ടൺ ആയും ഉയർത്തി.

കരാറിലെ വ്യവസ്ഥകളനുസരിച്ച്, എണ്ണശുദ്ധീകരണശാലകളുടെ നിർമ്മാണത്തിലും പ്രവർത്തനത്തിലും ദേശീയ മൂലധനത്തിനു പങ്കുനൽകാനായി, വിദേശക്കുത്തകകൾ സഹായകക്കമ്പനികൾ രൂപീകരിച്ചു. ഇങ്ങനെ ഇവ ഏകോപിപ്പിച്ച് സ്റ്റാൻഡാർഡ് വാക്വം റിഫൈനിംഗ് കമ്പനി ഓഫ് ഇൻഡ്യ, ബർമ്മാഷെൽ റിഫൈനറീസ് (ഇൻഡ്യ), കാൽടെക്സ് ഓയിൽ റിഫൈനറീസ് (ഇൻഡ്യ) എന്നിവ രൂപീകരിക്കപ്പെട്ടു. ഇവമൂലം എണ്ണക്കുത്തകകൾക്കുണ്ടായ പ്രയോജനങ്ങൾ താഴെപ്പറയുന്നവയാണ്:

ഒന്ന്: ഇന്ത്യൻ ദേശീയകമ്പനികൾക്കുള്ള അവകാശങ്ങൾ തന്നെ ഈ സഹായകക്കമ്പനികൾക്കും അനുവദിക്കപ്പെട്ടിരുന്നു.

ഉദാ: ഇന്ത്യൻ നിയമങ്ങളനുസരിച്ച്, 1965 വരെ എണ്ണയുടെ വിലയിടിക്കലിനുവേണ്ടി പ്രഥമ വർഷത്തിൽ പ്രാഥമികച്ചിലവുകൾക്കായി ഇഷ്ടംപോലെ തുകകൾ എഴുതിതള്ളാൻ ഇവർക്കു അനുവാദം കിട്ടിയിരുന്നു. ഈ അവകാശം അതിനടുത്ത 9 വർഷത്തേയ്ക്കു് 'ഗണ്യമായ നിലയിൽ' അവർക്കു തുടർന്നനുഭവിക്കുകയും ചെയ്യാമായിരുന്നു. പത്തു വർഷത്തിലേറെക്കാലം, ഇന്ത്യൻ കമ്പനികൾക്കു് നികുതിയിനത്തിൽ ലഭിക്കുന്ന പ്രത്യേകാനുകൂല്യങ്ങൾ തന്നെ വിദേശ കമ്പനികൾക്കും നൽകപ്പെട്ടു. ഇപ്രകാരം 1955–നും 1961–നും ഇടയിൽ ഇന്ത്യയ്ക്കു് 90 മില്യനിലധികം രൂപാ 'കോർപ്പറേറ്റ്' നികുതിയിനത്തിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്നു് കണക്കാക്കപ്പെടുന്നു.[1]

രണ്ടു്: വിദേശ എണ്ണക്കുത്തകകൾക്കു് അവരുടെ സഹായക കമ്പനികളുടെ മേൽ പൂർണ്ണനിയന്ത്രണമുണ്ടായിരുന്നു. കരാറിലെ വ്യവസ്ഥകളനുസരിച്ച് വോട്ടവകാശമുള്ള ഷെയറുകളുടെ ഉടമകൾ അവർതന്നെയായിരുന്നു. പ്രിഫറൻസ് ഷെയറുകളാണു് ഇന്ത്യാക്കാക്കു്

1 കോർപ്പറേറ്റ് നികുതി നിരക്കു ഇന്ത്യൻ കമ്പനികൾക്കു് 50 ശതമാനവും വിദേശകമ്പനികൾക്കു് 63 ശതമാനവുമാണു്. (ഓയിൽ കമൻററി, പെട്രോളിയം ഇൻഫർമേഷൻ സർവ്വീസ്, ന്യൂഡൽഹി, നവമ്പർ 15, 1963, പേജ് 11) വിദേശപ്ലാൻറുകൾ രണ്ടാമത്തെ നിരക്കനുസരിച്ച്, നികുതി നൽകുകയാണെങ്കിൽ ഇന്ത്യാഗവമ്മെൻറിൻെറ നികുതിയിനത്തിലുള്ള വരുമാനം 360 ദശലക്ഷം രൂപയ്ക്കു പകരം 450 ദശലക്ഷം രൂപ വരുമായിരുന്നു എന്നാണു് ഇതിൻെറ അർത്ഥം.

നൽകിയിരുന്നതു്. വാർഷിക ഡിവിഡൻറ നൽകുന്നതിൽ കുടിശ്ശിക വരുമ്പോഴായിരുന്നു ഇന്ത്യാക്കാരുടെ വോട്ടു വേണ്ടിവന്നിരുന്നതു്.

ഇതുപോലെ, ഓഹരി മൂലധനത്തിൻെറ വിതരണവും വിദേശ കമ്പനികളുടെ കൈകളിലായിരുന്നു. കരാറിലെ വ്യവസ്ഥകളനുസരിച്ചു്, ഇന്ത്യൻ നിക്ഷേപകക്കു് പ്രിഫറൻസ്സു് ഷെയറുകളുടെ രൂപത്തിൽ മൂലധനസ്റ്റോക്കിൻെറ 25 ശതമാനത്തിൽ മാത്രമായിരുന്നു; അവകാശം. "വിദേശകമ്പനികൾ ലാഭത്തിലെ പ്രധാന പങ്കു് കൈക്കലാക്കുകയും മാനേജ്മെൻറിൻെറ പൂർണ്ണനിയന്ത്രണം കയ്യടക്കുകയും ചെയ്യുമ്പോൾ, ആ കമ്പനിയുടെ മൂലധനത്തിൻെറ നാലിലൊന്നു ഇന്ത്യാക്കാർ നൽകേണ്ടിവരികയാണു്."[1]

പത്തു വർഷത്തിനുശേഷം പ്രിഫറൻസ് ഷെയറുകൾ ഭാഗികമായോ പൂർണ്ണമായോ ഇന്ത്യൻ നിക്ഷേപകർക്കു നൽകുന്നതിനെപ്പററി സഹായക കമ്പനികൾക്കു് തീരുമാനിക്കാവുന്നതാണു്. പുതിയ കമ്പനിയിൽ ഇന്ത്യൻ സ്വകാര്യ മൂലധനത്തിനു് പങ്കു നൽകണമെന്ന നേരത്തെയുള്ള വാഗ്ദാനം ബർമ്മാഷെൽ പൂർണ്ണമായും

1 എൽ. നടരാജൻ, അമേരിക്കൻ ഷാഡോ ഓവർ ഇന്ത്യ, പേജ് 90...."സാധാരണ മൂലധനത്തിൽ പങ്കാളിത്തമുണ്ടെങ്കിലും, സാധാരണ ഡിവിഡൻറിയി വിതരണം ചെയ്യുന്ന ലാഭം, ഇന്ത്യാക്കാക്കു് പൂണ്ണമായി തടയപ്പെട്ടിരിക്കുകയാണു്." (ദി ഹിന്ദുസ്ഥാൻ ടൈംസ്, ഡിസമ്പർ 4, 1951, പേജ് 5) "ഇന്ത്യാക്കാക്കു് ഇതിൻെറ നിയന്ത്രണത്തിലും മാനേജ്മെൻറിലും യാതൊരു അവകാശവും ഉണ്ടാവുകയില്ല (ദി കോമേഴ്സ്)

നിരാകരിച്ചു എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 20മില്ല്യൻ രൂപായുടെ സ്റ്റോക്കു് നൽകാൻ ഇന്ത്യാ ഗവണ്മെൻറിന്റെ അനുവാദമുണ്ടായിരുന്നിട്ടുകൂടി, ഇന്ത്യൻ നിക്ഷേപകർക്കു് ഒരു പ്രിഫറൻസുഷെയർ പോലും നൽകിയില്ല. 1

മൂന്നു്: ഇന്ത്യൻ ധനവിപണി വിപുലമായി പ്രയോജനപ്പെടുത്താൻ കുത്തകകൾക്കു സഹായക കമ്പനികൾ അവസരം നൽകി. പ്രിഫറൻസു ഷെയറുകൾ വില്ക്കുന്നതിനു പുറമേ ബോണ്ടുകൾ ഏർപ്പെടുത്താനും ഇവർക്കു അനുവാദം ലഭിച്ചിരുന്നു. 2

പ്ലാൻറുകളുടെ പ്രവർത്തനം ആരംഭിക്കുന്നകാലം മുതൽ 25 വർഷത്തേക്കു്, പുതിയ കമ്പനികളെ വിലക്കുവാങ്ങുകയോ ദേശസാത്ക്കരിക്കുകയോ ചെയ്യുകയില്ലെന്നു് ഇന്ത്യാ ഗവണ്മെൻറു് ഉറപ്പുനൽകി. നിശ്ചിതകാലം തീരുമ്പോൾ, ഈ കമ്പനികളെ വിലക്കുവാങ്ങുവാനോ ദേശസാത്ക്കരിക്കുവാനോ നിശ്ചയിക്കുകയാണെങ്കിൽ അവക്കു ലാഭം വിദേശത്തേക്കു് കൊണ്ടുപോകാൻ അനുവാദം നൽകുകയും ന്യായമായ നഷ്ടപരിഹാരം കൊടുക്കുകയും ചെയ്യാമെന്നും ഗവണ്മെൻറു ഏററു. 3 ക്രൂഡ്ഓയിൽ ഇറക്കുമതി ചെയ്യുക, ചരക്കു കടത്തുകൂലി നൽകുക, ലാഭംവിദേശത്തു്

1. ഇന്ത്യൻ പെട്രോളിയം, പേജ് 23

2. ഇന്ത്യൻ വിപണിയിൽ 140 മില്ല്യൻ രൂപായുടെ ബോണ്ടു് നൽകാൻ കുത്തകകൾക്കു് സൗകര്യം നൽകിയിരുന്നു. (ഇൻവെസ്റ്റേഴ്സ് എൻസൈക്ലോപ്പീഡിയ, പാർട്ടു് 11, പേജ് 1520, 1529, 1707)

3. ന്യൂ ഏജ്, നവമ്പർ 28, 1954, പേജ് 15.

എത്തിക്കുക, വായ്പകൾ തിരിച്ചടയ്ക്കുക, എന്നിവക്കു വേണ്ടിയും, സഹായക കമ്പനികളുടെമേൽ വിദേശത്തുള്ള 'മാതൃകമ്പനി'കൾ ചുമത്തുന്ന ചിലവ് വഹിക്കുന്നതിനുവേണ്ടിയും, ഈ കമ്പനികൾക്കാവശ്യമായ വിദേശനാണ്യം അനുവദിക്കാമെന്നും ഗവണ്മെൻറു സമ്മതിച്ചു. പ്ലാൻറുകൾക്കുവേണ്ടി, വണ്ടികളും യന്ത്രങ്ങളും നൽകുക, തുറമുഖസൗകര്യങ്ങൾ നൽകുക, എന്നിവയുൾപ്പെടെയുള്ള ഗതാഗത സൗകര്യം ഏർപ്പെടുത്താമെന്നും ന്യായമായ നിരക്കിൽ വെള്ളവും വിദ്യുച്ഛക്തിയും നൽകാമെന്നും വിദേശകമ്പനികൾക്കു് ഇന്ത്യാ ഗവണ്മെൻറു ഉറപ്പുകൊടുത്തു.

ഇന്ത്യയിലെ ഗതാഗത സൗകര്യം, തുറമുഖസൗകര്യം, വിദ്യുച്ഛക്തി തുടങ്ങിയവ സാധാരണ വ്യവസ്ഥകളിൽ, അതായതു് സാധാരണ നിരക്കുകളിലാണ്, കുത്തകകൾ ഉപയോഗിച്ചുപോന്നതു്. എന്നാൽ, തങ്ങളുടെ വർദ്ധമാനമായ ആവശ്യങ്ങൾ പരിഗണിച്ചു് ഈ വ്യവസായങ്ങൾക്കു വേണ്ടി മൂലധനമൊന്നും അവർ മുടക്കിയില്ല. അതൊക്കെ നിർവ്വഹിച്ചതു് ഇന്ത്യാ ഗവണ്മെൻറാണ്. [1]

ഈ വിദേശക്കമ്പനികൾക്കു് ഏററവും കുറഞ്ഞ ഇറക്കുമതി തീരുവയാണ് ഇന്ത്യാ ഗവണ്മെൻറു് അനുവദിച്ചതു്. അവർ ഇറക്കുമതി ചെയ്ത സാധനങ്ങൾക്കു ചുമത്തിയതു് 5.25 ശതമാനം ലവിയാണ്. (ഇത്തരം ചില സാധനങ്ങൾക്കു് 25 ശതമാനം ലവി ചുമത്തപ്പെട്ടിരുന്നപ്പോഴാണിതു്.)[2] സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ

---

1. ബോംബെ ഓയിൽസോക്കുകളുടെ പുനർ നിർമ്മാണത്തിനു വേണ്ടിമാത്രം ഗവൺമെൻറിനു് 50 മില്ല്യൻ രൂപായുടെ ചിലവ് നേരിട്ടു. (പെട്രോളിയം പ്രസ്സ് സർവ്വീസ്, ഒക്ടോബർ 1954, പേജ് 380)

2. ദി ന്യൂയോർക്കു് ടൈംസ്, ജനുവരി 3, 1952.

ശ്രദ്ധിക്കുന്നതിനും, വേണ്ടിവന്നാൽ അവയുടെ നിയന്ത്രണവും മാനേജ്മെൻറും ഏറെറടുക്കുന്നതിനും അധികാരം നൽകുന്ന ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് ആൻറ് റഗുലേഷൻ നിയമത്തിലെ വകുപ്പുകൾ വിദേശ കമ്പനികൾക്കു ബാധകമാക്കുകയില്ലെന്ന ഉറപ്പും ഇന്ത്യാ ഗവണ്മെൻറിൽനിന്ന് അവർ നേടി.

വിദേശ–ആഭ്യന്തര വ്യാപാരത്തിൽ ഏററവും കൂടുതൽ ആനുകൂല്യങ്ങളാണ് അനുവദിക്കപ്പെട്ടതു്. ഇന്ത്യൻ കമ്പനികൾക്കോ മററു വിദേശകമ്പനികൾക്കോ ഇല്ലാത്ത അവകാശങ്ങൾ ഈ സഹായക കമ്പനികൾക്കു ലഭിച്ചു, ഇതിൽ പ്രധാനമായുള്ളതു് ലോകവിപണിയിലെ വിലയനുസരിച്ച് (എണ്ണകപ്പലിൽ കയററുന്ന സമയത്തു നിലവിലുള്ള വില) എണ്ണ വാങ്ങാനും, അതു് എവിടെ നിന്നു വാങ്ങണമെന്ന് സ്വതന്ത്രമായി തീരുമാനിക്കാനും ഈ വിദേശകമ്പനികൾക്കു കിട്ടിയഅനുവാദമാണ്. തങ്ങളുടെ പ്ലാൻറുകളിൽ ഇന്ത്യയിലെ എണ്ണ ഉപയോഗിക്കണോ എന്ന പ്രശ്നം തീരുമാനിക്കാനുള്ള അവകാശവും കുത്തകകൾക്കു കിട്ടിയിരുന്നു. അതിനാൽ, ഇന്ത്യയിലെ എണ്ണ ദീർഘകാല കരാർ പ്രകാരം സ്വീകാര്യമായ വിലക്കു കിട്ടുകയും. സാങ്കേതിക നിലവാരം നിലനിർത്തുകയും, കമ്പനിയുടെ ലാഭത്തിൽ തടസ്സം സൃഷ്ടിക്കാതിരിക്കുകയും മററും ചെയ്യുകയാണെങ്കിൽ ഇവ ഉപയോഗിച്ചാൽ മതി എന്ന സ്ഥിതി ഉളവായി.

ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്ന എണ്ണയുടെ തീരുവ മാററാമെന്ന് ഇന്ത്യാ ഗവണ്മെൻറു സമ്മതിച്ചതുമൂലം കുത്തകകൾക്കു വലിയ സാമ്പത്തിക സൗകര്യം ലഭിച്ചു. ദേശീയ എണ്ണ വ്യവസായത്തെ രക്ഷിക്കാനുള്ള നടപടി

യെന്ന തരത്തിൽഈ തീരുവ വീണ്ടും ഏർപ്പെടുത്തുകയാണെങ്കിൽ, വിദേശകുത്തകകൾക്കുള്ള എണ്ണശുദ്ധീകരണശാലകളുടെ സാമ്പത്തിക താല്പര്യം സംരക്ഷിക്കാമെന്നു് ഗവണ്മെൻറു ഉറപ്പു നൽകേണ്ടതായിവരും. അങ്ങനെ ചെയ്യാത്തപക്ഷം, രാജ്യത്തെ എണ്ണയുല്പന്ന വിപണനം നഷ്ടമാക്കത്തക്കവിധം എണ്ണശുദ്ധീകരണശാലകൾ നൽകുന്ന 'പണിതീർന്ന' ഉല്പന്നങ്ങളുടെ വില്പനയോ നികുതിയടക്കലോ ഉണ്ടാവുകയില്ല.

കുത്തകകൾക്കുള്ള മുഖ്യമായ അവകാശം, ഇറക്കുമതിയുമായി സാമ്യപ്പെടുത്തുന്നതിൻെറ (ഇംപോർട്ടു് പാരിട്ടി) അടിസ്ഥാനത്തിലുള്ള വിലയ്ക്കു് തങ്ങളുടെ ഉല്പന്നങ്ങൾ വില്ക്കാമെന്നതാണു്. അതായതു്, എണ്ണയുല്പന്നങ്ങളുടെ വില ഏതു നിലവാരത്തിലുമാക്കി നിശ്ചയിക്കാൻ അവർക്കു അനുവാദമുണ്ടു്. എന്നാൽ ഈ വില, ഇറക്കുമതി ചെയ്യപ്പെടുന്ന അതേതരത്തിലുള്ള എണ്ണയുല്പന്നങ്ങൾ വാങ്ങാനോ വില്ക്കാനോ ആയി ഇവർക്കുകൊടുക്കാൻ കഴിയുന്നവിലയിൽ അധികമാകാൻ പാടില്ല. ഏതെങ്കിലും എണ്ണയുൽപ്പന്നത്തിൻെറ വിലയിൽ മാററംവരുത്തണമെങ്കിൽ, നേരത്തെതന്നെ ഇന്ത്യാഗവൺമെൻറു് ആലോചിക്കേണ്ടതുമാണു്.[1] മററൊരുവിധത്തിൽ പറഞ്ഞാൽ, ഇൻഡ്യയിലെ എണ്ണശുദ്ധീകരണത്തിൽ ഇന്ത്യൻ ഉപഭോക്താവിനു് യാതൊരു പങ്കുമില്ല. സ്റ്റാൻവാക് റിഫൈനറിയുടെ മാനേജിംഗ്ഡയറക്ടർ വില്ല്യംസ് പത്രപ്രതിനിധികളോടു ഒരിക്കൽ ഇങ്ങനെ പറഞ്ഞു; "ബോംബെയിൽ

1. ഇന്ത്യാഗവണ്മെണ്ടു്, റിപ്പോർട്ടു് ഓഫ് ദി ഓയിൽ പ്രൈസ് എൻക്വയറികമ്മിററി, ജൂലൈ 1961, പേജ് 3.

നിന്നു് വിപണിയിലേക്കു വില്ക്കുന്ന എണ്ണയുടെ വില യിൽ കാര്യമായ യാതൊരു ലാഭവും ഉണ്ടാവുകയില്ല." 1

തീരുവ സംരക്ഷണമാണു് കുത്തകകൾക്കുള്ള മററൊരു പ്രധാന ആനുകൂല്യം. എണ്ണശുദ്ധീകരണശാലയുടെ പ്രവ ത്തനം പൂർണ്ണമായ തോതിൽ ആരംഭിക്കുന്നതു മുതലുള്ള 10 വർഷക്കാലത്തേക്കു് അഥവാ 1965 ഡിസംബർ 31 വരെ (ഇതിൽ നേരത്തെയുള്ളതേതോ അതു്) അവ യിൽ ഉല്പാദിപ്പിക്കുന്ന എല്ലാത്തരം ഡീസൽഓയിലുക ൾക്കും, ബ്ളാക്കു് ഓയിലുകൾക്കും ഇന്ത്യാഗവണ്മെൻറു തീരുവസംരക്ഷണം നൽകേണ്ടതാണു്. വിശേഷിച്ചു്, ഡീസൽ ഓയിലിൻേറയും ബ്ളാക്ക് ഓയിലിൻേറയും മേൽ നിലവിലുള്ള തീരുവ നിലനിർത്തുകയും, ഇന്ത്യ യിൽനിർമ്മിക്കുന്ന ഉല്പന്നങ്ങൾക്കു് എക്സൈസ് തീരുവ ചുമത്താതിരിക്കുകയും ചെയ്യേണ്ടതാണു്. ഇന്ത്യയിൽ ഉൽ പ്പാദിപ്പിക്കുന്ന പെട്രോളിൻെറ തീരുവയിലും, ഇമ്പീരി യൽ ഗ്യാലനൊന്നിനു് രണ്ടണനിരക്കിൽ കൂടുതലായിരി ക്കണം മോട്ടോർ സ്പിരിററിൻെറ ഇറക്കുമതി തീരുവ, 2 ഡീസലിൻേറയും ബ്ളാക്കു്ഓയിലിൻേറയും എക്സൈസ് തീരുവയിനത്തിൽ ഖജനാവിലേക്കു ചെല്ലേണ്ടതുക നൽ കാതെയും, ഇറക്കുമതി തീരുവയുമായി താരതമ്യപ്പെടു ത്തുമ്പോൾ ചെറിയതുകമാത്രംവരുന്ന എക്സൈസ് തീരുവ മോട്ടോർസ്പിരിററിനു് നൽകിക്കൊണ്ടും തങ്ങളുടെലാഭം വർദ്ധിപ്പിക്കാനായി കുത്തകകൾ മേല്പറഞ്ഞ വകുപ്പുകൾ ക രാറിൽ ഉൾപ്പെടുത്തിക്കുകയുണ്ടായി. "മററുതരത്തിൽ പറ ഞ്ഞാൽ, ഇന്ത്യയിൽ ശുദ്ധീകരിക്കുന്ന മോട്ടോർസ്പിരി ററു് ഉപയോഗിക്കാനുള്ള അവകാശത്തിനുവേണ്ടി, ഇന്ത്യ

---

1. ദി ഈസ്റ്റേൺ എക്കണോമിസ്റ്റു്, മേയ് 29, 1953, പേജ് 888.
2. ന്യൂഏജ്, മാർച്ച് 13, 1955, പേജ് 7.

യിലെ ട്രാൻസ്പോർട്ട് ഉപയോഗിക്കുന്ന പൊതുജനങ്ങൾ, അബാദാനിലോ ബഹ്റയ്നിയോ, കുവൈററിലോ ശുദ്ധീകരിക്കുന്ന പെട്രോളിന്റെ വിലയെക്കാൾ ഗ്യാലനൊന്നിന് രണ്ടണ കൂടുതൽ നൽകേണ്ടിവരികയാണ്...."പെട്രോളിന് ഗ്യാലനൊന്നിന് രണ്ടണകൂടുതൽ നൽകേണ്ടിവരികയോ, വരുമാനം ഉപേക്ഷിക്കുന്നതുവഴി ഇന്ത്യൻ ഖജനാവിന് അതിന്റെ നഷ്ടം സഹിക്കേണ്ടിവരികയോ ചെയ്യും എന്നാണ് ഇതിൽനിന്നൊക്കെ വ്യക്തമാകുന്നതു്. [1]

കരാറിലെ ഇത്തരം വ്യവസ്ഥകൾപ്രകാരം കുത്തകകൾ ഗണ്യമായ തോതിൽ അധികലാഭം നേടിയിട്ടുണ്ട്. 1960 ആയപ്പോൾ ബർമാഷെല്ലിന്റെ അധികലാഭം പ്രതിവർഷം 60 മില്യൻ രൂപയായിരുന്നുവെന്ന് 'ഡെയ്‌ലി ടെലഗ്രാഫും' 'മോണിംഗ്പോസ്റ്റും' പറയുന്നു. [2] സ്റ്റാൻവാക്കിന്റെ അധികലാഭം പ്രതിവർഷം 11. 2 മില്യൻ രൂപയായിരുന്നു. (1962 വരെ) [3] കാൽടെക്സിനും വൻതോതിൽ അധികലാഭം ലഭിക്കുന്നുണ്ട്. [4]

---

1. ന്യൂഏജ്, മാർച്ച് 13, 1955, പേജ് 7.
2. 1959 ജൂലൈ 1 ന് അവസാനിക്കുന്ന നാലുവർഷത്തേയ്ക്കുള്ള തുക ഏകദേശം 160 മില്യൻ രൂപയാണെന്ന് 1959 സെപ്റ്റംബർ 8 ലെ ന്യൂയോർക്ക്ടൈംസ് പറയുന്നു.
3. ഇന്ത്യൻഎക്സ്പ്രസ്സ്, നവംബർ 16, 1960.
4. ലാഭത്തിന്റെ വലിപ്പം ഇവിടെചേർക്കുന്ന കണക്കിൽനിന്ന് വ്യക്തമാണ്: വിദേശഎണ്ണക്കമ്പനികൾ ഗ്യാലന് 0. 72 രൂപാ വച്ചാണ് ഡീസൽ ഓയിലിന്റെ മൊത്തവ്യാപാരം നടത്തിയിരുന്നതു്. തീരുവ സംരക്ഷണംമൂലം കുത്തകകൾക്ക് ഇതിൽ ലഭിച്ച ലാഭം 0. 20 രൂപായാണ്—ഏകദേശം 30 ശതമാനം. (ട്രാൻസ്പോർട്ട് [ബോംബെ] നവമ്പർ 1960, പേജ് 1)

എണ്ണ ശുദ്ധീകരണശാലകളിൽനിന്നു് ഇന്ത്യയുടെ മററു ഭാഗങ്ങളിലേക്കു് എണ്ണയുല്പന്നങ്ങൾ കൊണ്ടുപോകാനായി സ്വന്തം കപ്പലുകൾ ഉപയോഗിക്കുന്നതിനു് കുത്തകകൾക്കു് അനുമതി ലഭിച്ചിട്ടുണ്ടു്. കരാറിലെ വ്യവസ്ഥകൾ പ്രകാരം അവർ നേടിയ അവകാശങ്ങളിൽ ഇതും ഉൾപ്പെടുന്നു. നിലവിലുള്ള ചാർട്ടറിലെ വാഗ്ദാനമനുസരിച്ചു് നിരവധി ഇന്ത്യൻ കപ്പലുകൾ ഉപയോഗപ്പെടുത്താൻ വേണ്ടി എണ്ണക്കമ്പനികൾ ഗവണ്മെൻറുമായി ചർച്ച നടത്തുന്നതാണു്. 1

ഇറക്കുമതി ചെയ്യപ്പെടുന്ന എണ്ണയുപയോഗിച്ചു് പ്രവർത്തനം നടത്തുന്ന പ്ലാൻറുകൾക്കു ലഭിക്കുന്ന മററാനുകൂല്യങ്ങൾ വിദേശകമ്പനികളുടെ ഉല്പന്നങ്ങൾക്കു കൊടുക്കാമെന്നും ഇന്ത്യാഗവണ്മെൻറു സമ്മതിച്ചിട്ടുണ്ടു്.

ഈ കരാറുകളെപ്പററി ഇന്ത്യയിലെ പത്രങ്ങൾ വിമർശനമുന്നയിച്ചിട്ടുണ്ടു്, അതു്, ഒരു കമ്പനിയെ സംബന്ധിച്ചുള്ള അവരുടെ അഭിപ്രായത്തിൽനിന്നു് ഇങ്ങനെ സംഗ്രഹിക്കാം: "സ്റ്റാൻവാക് എണ്ണശുദ്ധീകരണശാലയും അതിൻെറ സഹായകകമ്പനികളും, ഒരു രാജ്യത്തിനകത്തുള്ള മറെറാരു രാജ്യമായിരിക്കും....." 2

വിലയുടെ കാര്യം ഇങ്ങനെയാണെങ്കിൽ, ഇന്ത്യക്കുണ്ടായ നേട്ടം എന്താണു്?

---

1. ദി ഈസ്റ്റേൺ ഏക്കണോമിസ്റ്റ്, മാർച്ച് 30, 1956, പേജ് IV
2. ന്യൂഏജ്, നവമ്പർ 28, 1954. പേജ് 15. കമ്പനിയുടെ (സ്റ്റാൻവാക്) ഉടമസ്ഥതയും പ്രവർത്തനവും ഗവണ്മെണ്ടിൻെറ ഒരു ഇടപെടലും കൂടാതെ അമേരിക്കക്കാർക്കു നടത്താം എന്നതാണ് ഈ ആനുകൂല്യങ്ങളുടെ അവസാനഫലം. (ദി ന്യൂയോർക്ക് ടൈംസ്, ജനുവരി 3, 1952)

എണ്ണയിറക്കുമതിയിനത്തിൽ വേണ്ടിവരുന്ന ധാരാളം വിദേശനാണ്യം ലാഭിക്കാൻ, വിദേശ എണ്ണ ശുദ്ധീകരണശാലകൾ ഇന്ത്യയെ സഹായിച്ചിട്ടുണ്ടെന്നാണ്, എണ്ണക്കമ്പനികളുടെ അഭിവൃദ്ധിയെ സംബന്ധിച്ച രേഖകളിലും, ബർമ്മാഷെൽ, എസ്സോ, കാൽടെക്സ് എന്നിവയിലെ ഉദ്യോഗസ്ഥന്മാരുടെ പ്രസ്താവനകളിലും, ഇന്ത്യൻ പത്രങ്ങളിലേയും മാസികകളിലേയും ലേഖനങ്ങളിലും ഉറപ്പിച്ചു പറയുന്നതു്. ഇന്ത്യയുടെ സാമ്പത്തിക വികസനത്തിനുള്ള മഹത്തായ സംഭാവനയായും ഇതിനെ ഇവർ ചിത്രീകരിക്കുന്നുണ്ടു്. "ഇപ്പോൾ ഏററവും അത്യാവശ്യമുള്ളതു്-വിദേശനാണ്യം, എസ്സോയുടെ സുപ്രധാനപങ്കു്" "കാൽടെക്സ് സ്ഥാപനം നമ്മുടെ സാമ്പത്തികവളർച്ചയ്ക്കു താങ്ങായിനില്ക്കുന്നു." "ബർമ്മാഷെല്ലിൻെറ പ്രവത്തനം നമ്മുടെ സാമ്പത്തിക വളർച്ചക്കു് അനുരോധമാണു്" എന്നു തുടങ്ങിയ തലവാചകങ്ങൾ പല ഇന്ത്യൻ പത്രങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്.

കുറഞ്ഞവിലയ്ക്കുള്ള ക്രൂഡ് ഓയിലിൻെറ ഇറക്കുമതി കൊണ്ടു്, ഇന്ത്യക്കു കുറെ വിദേശനാണ്യം ലാഭിക്കുവാൻ കഴിഞ്ഞു, എന്നാൽ വിദേശഎണ്ണക്കമ്പനികളുടെ സഹായികൾ പറയുന്നതുപോലെ ശോഭനമല്ല, ആ രംഗം. കാരണം ഇന്ത്യയുടെ ലാഭത്തിൻെറ വലിയ ഒരുഭാഗം എണ്ണക്കമ്പനികളുടെ ലാഭത്തിൽപ്പെട്ടു ഇല്ലാതാകുകയായിരുന്നു. 1955-നും 1961-നും ഇടയ്ക്കു് ഇറക്കുമതി ചെയ്യപ്പെട്ട 35 മില്ല്യൻ ടൺ എണ്ണ അവരുടെ പ്ലാൻറുകളിൽ ശുദ്ധീകരിച്ചു.[1] ഇറക്കുമതി ചെയ്യപ്പെടുന്ന എണ്ണയുല്പന്നങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇങ്ങനെ, ടണ്ണൊന്നിനു് 35

1. ഇന്ത്യൻപെട്രോളിയം, ന്യൂഡൽഹി, 1963; പേജ് 49.

രൂപായുടെ ലാഭമുണ്ടായിട്ടുണ്ടെന്നാണ് വിദേശത്തെ വിദഗ്ദ്ധന്മാർ പറയുന്നതു്. 1 എണ്ണയുല്പന്നങ്ങൾ ഇറക്കുമതി ചെയ്യാനായി നൽകേണ്ടിവരുമായിരുന്നതിൽ 1200 മില്യൻ രൂപായുടെ വിദേശനാണ്യം കുറച്ചു മാത്രമായിരുന്നു ഇന്ത്യ നൽകിയതു് എന്നാണിതിന്റെ അർത്ഥം. ഇതേ കാലത്തു്, പ്രവർത്തനച്ചിലവ്, വിദേശീയർക്കുള്ള ശമ്പളം, വിലയിടിക്കൽ എന്നീ ഇനങ്ങളിലായി തങ്ങളുടെ എണ്ണശുദ്ധീകരണശാലകളുടെ പ്രവർത്തനത്തിൽ നിന്നു് വിദേശക്കമ്പനികൾ 8000 മില്യൻ രൂപായുടെ അററാദായം നേടുകയുണ്ടായി. 2 ഇന്ത്യയെ സംബന്ധിച്ചിടത്തോളം മൊത്തത്തിലുള്ള ഒരു നഷ്ടമാണിതു്, വിദേശക്കമ്പിനികൾ കൊട്ടിഘോഷിക്കുന്ന, വിദേശനാണ്യ ലാഭത്തിനു് ഇന്ത്യ നൽകേണ്ടിവരുന്ന 'വില'യാണിതു്.

യഥാർത്ഥത്തിൽ, എണ്ണയുൽപ്പന്നങ്ങൾക്കു വേണ്ടിയുള്ള ഇന്ത്യയുടെ ആശ്രിതത്വം എണ്ണശുദ്ധീകരണശാലകൾ വർദ്ധിപ്പിക്കുകയാണു് ചെയ്യുന്നതു്. ഈ എണ്ണശുദ്ധീകരണശാലകൾ ഉണ്ടാകുന്നതിനൊക്കെ മുമ്പു് ഇന്ത്യൻശാസ്ത്രജ്ഞനായ ഐ. കെ. ചൗധരി ഇങ്ങനെ പറഞ്ഞിരുന്നു; "ഇത്തരം എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതുകൊണ്ടു് വിദേശകേന്ദ്രങ്ങളിലുള്ള ആശ്രിതത്വം ലഘൂകരിക്കാൻ കഴിയുകയില്ല" 3

ഇന്ത്യയിലെ കേന്ദ്ര വ്യവസായവകുപ്പുമന്ത്രി കെ. സി. റെഡ്ഡിയും ഇതേ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടു്. അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ക്രൂഡ്ഓയിൽ ഇനിയും ഇറക്കു

---

1. ദി ഫൈനാഷ്യൽ എക്സ്പ്രസ്സ്, ഡിസമ്പർ 30, 1963.
2. ഇന്ത്യൻ പെട്രോളിയം, ന്യൂഡൽഹി, 1963, പേജ് 49.
3. സയൻസ് ആൻഡ് കൾച്ചർ, സെപ്റ്റംബർ, 1951, പേജ് 111.

മതി ചെയ്യേണ്ടിവരുമ്പോൾ, ഇറക്കുമതിയിലുള്ള ഇന്ത്യയുടെ ആശ്രിതത്വം ഈ എണ്ണശുദ്ധീകരണശാലകൾ എങ്ങനെ കുറയ്ക്കുമെന്നാണ് ജനങ്ങൾ ചോദിക്കുന്നത്. ആശ്രിതത്വമുള്ള സ്ഥിതിയിൽ ദനട്ടമൊന്നുമുണ്ടെന്നു പറയാനില്ല." 1

ഇന്ത്യയിലെ എണ്ണയുല്പന്ന വിതരണപ്രശ്നം, വിദേശഎണ്ണ ശുദ്ധീകരണശാലകൾവഴി പരിഹരിക്കപ്പെട്ടില്ല. 1962-ൽ ഇന്ത്യയ്ക്കാവശ്യമായിരുന്ന 9. 5 മില്യൻ ടൺ എണ്ണയുല്പന്നങ്ങളിൽ 70 ശതമാനം മാത്രമാണ് അവർ നൽകിയതു്. ഇന്ത്യക്കാവശ്യമുള്ളതിൻെറ 45 ശതമാനത്തിനു താഴെപാരഫിനും 80 ശതമാനം ഡീസലും ബ്ളാക്ക് ഓയിലുമായിരുന്നു അവരിൽനിന്നു ലഭിച്ചതു്. ഏവിയേഷൻസ്പിരിററ്, ജററ്ഇന്ധനം, നല്ല പശയുള്ള ലൂബ്രിക്കേററിംഗ് ഓയിൽ തുടങ്ങി ഇന്ത്യയുടെ പ്രതിരോധവിഭാഗത്തിനാവശ്യമായ സുപ്രധാന എണ്ണയുല്പന്നങ്ങൾ ഇവർ ഉണ്ടാക്കാറില്ല. "യുദ്ധകാലത്തു്....ആവശ്യമായ ജററ്ഇന്ധനഎണ്ണയും മററു ഉൽപ്പന്നങ്ങളും ലഭിക്കാതായാൽ....ഇൻഡ്യയുടെ വിമാനങ്ങളും ബോംബറുകളും മാതൃഭൂമിയുടെ പ്രതിരോധത്തിന് തടസ്സമായിത്തീരും" 2 എന്നാൽ. ഇതേസമയത്തു് വിദേശകമ്പനികൾ കൂടുതൽ പെട്രോളും പാരഫിനും ഉൽപ്പാദിപ്പിക്കുകയും മിച്ചമുള്ളതു് ആസ്ത്രേലിയായിലേക്കും ന്യൂസിലണ്ടിലേക്കും മററു രാജ്യങ്ങളിലേക്കും കയററി അയക്കുകയായിരിക്കും ചെയ്യുക.

എണ്ണശുദ്ധീകരണശാലകളുടെ പ്രവത്തനരീതി, ഇന്ത്യയിലെ ദ്രവഇന്ധന വിതരണത്തിൽ പല പൊരുത്ത

1. ന്യൂ ഏജ്. നവമ്പർ 28, 1954, പേജ് 15.
2. ബ്ലിററ്സ്, ഏപ്രിൽ 3,1954, പേജ് 14.

ക്കേടുകൾക്കും ഇടയാക്കിയിട്ടുണ്ട്. വൻതോതിലുള്ള ലാഭം കയ്യടക്കാൻവേണ്ടി, കൂടുതൽ പെട്രോൾ ഉല്പാദിപ്പിക്കുന്നതിൽ കണ്ണുവച്ചുകൊണ്ടാണ് വിദേശ കുത്തകകൾ എണ്ണശുദ്ധീകരണ ശാലകൾ സ്ഥാപിച്ചതു്. മുതൽ മുടക്കിന് പെട്ടെന്ന് പ്രതിഫലം കിട്ടുമെന്നതായിരുന്നു അതിനു കാരണം. വർഷങ്ങൾക്കുശേഷം, ഇന്ത്യൻ വിപണിയിലേക്കു ആവശ്യമുള്ളതിലും കൂടുതൽ പെട്രോൾ ഇവർ ഉല്പാദിപ്പിച്ചു. എന്നാൽ, എണ്ണശുദ്ധീകരണശാലകളുടെ സാങ്കേതിക സ്കീമുകളിൽ ചില മാററങ്ങൾ വരുത്തിക്കഴിഞ്ഞതുകൊണ്ട്, പെട്രോളിൻെറ ഉല്പാദനം കുറക്കാനോ വലിയ ക്ഷാമമുള്ള പാരഫിൻെറയും ഡീസൽ ഓയിലിൻെറയും ഉല്പാദനം വർദ്ധിപ്പിക്കാനോ കഴിയാതെയായി. പെട്രോളിൻെറ ഉല്പാദനം കുറയ്ക്കാനും പാരഫിൻെറയും ഡീസൽ ഓയിലിൻെറയും ഉല്പാദനം കൂട്ടാനും എണ്ണശുദ്ധീകരണശാലകളിൽ ശ്രമം നടന്നെങ്കിലും, ദ്രവ ഇന്ധന വിതരണത്തിലെ പൊരുത്തക്കേട് നിലനില്ക്കുക തന്നെ ചെയ്തു. 1

x x x

ഇന്ത്യയുടെ വിദേശ-ആഭ്യന്തര എണ്ണ വ്യാപാരം ആംഗ്ലോ-അമേരിക്കൻ എണ്ണകമ്പനികളുടെ പിടിയിൽ അമർന്നിരിക്കുകയാണ്. ആഭ്യന്തര വിപണിയിൽ സ്ഥാനം നേടാൻ യുദ്ധകാലത്തിനു മുമ്പുമുതൽ തന്നെ ഇന്ത്യ ശ്രമിക്കുകയാണെങ്കിലും, ഇന്ത്യൻ മൂലധനത്തിന് അതിനുള്ള സൗകര്യം നൽകാൻ അവർ തയ്യാറല്ല. 1928-30ൽ

---

1. ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്, ജനുവരി 8, 1960, പേജ് 223.

നിരവധി സ്വതന്ത്ര ഇന്ത്യൻ കമ്പനികൾ അവർക്കാവശ്യമുള്ള പാരഫിൻ അമേരിക്കയിൽനിന്നു നേരിട്ടുവാങ്ങിതുടങ്ങുകയുണ്ടായി. 1932-33ൽ നാലു ഇന്ത്യൻ കമ്പനികൾ എണ്ണയുല്പന്നങ്ങൾ ഇറക്കുമതി ചെയ്തുവന്നു. വെസ്റ്റേൺ ഇന്ത്യ ഓയിൽ ഡിസ്ട്രിബ്യൂട്ടിംഗ് കമ്പനി, നാഷണൽ പെട്രോളിയം കമ്പനി, ബോംബെ പെട്രോളിയം കമ്പനി, മിൽസ്റ്റോഴ്സ് കമ്പനി (കറാച്ചി) എന്നിവയാണവ. ഇവയ്ക്കു് എണ്ണത്തുറമുഖങ്ങളിൽ ചെറിയ എണ്ണ ഡിപ്പോകളും ഉൾപ്രദേശങ്ങളിൽ ബ്രാഞ്ചുകളും ഉണ്ടായിരുന്നു. ഇതുമൂലം, രാജ്യത്തു എണ്ണവിതരണത്തിനുള്ള സൗകര്യമുണ്ടാക്കാൻ അവർക്കു കഴിഞ്ഞു. മറ്റൊരു ഇന്ത്യൻ കമ്പനിയായ 'വിക്ടർ ഓയിൽ' ലൂബ്രിക്കൻറുകളുടെ വില്പന നടത്തിവന്നു.

ഇറക്കുമതിയിലും രാജ്യത്തിനകത്തെ വില്പനയിലും ഈ ഇന്ത്യൻ കമ്പനികൾക്കു ചെറിയ പങ്കേ ഉണ്ടായിരുന്നുള്ളുവെങ്കിലും, ആംഗ്ലോ-അമേരിക്കൻകുത്തകകൾ എല്ലാതരത്തിലും ഇവയെ എതിർത്തു. വിലയുടെ രംഗത്താണു് പ്രധാനമായും എതിർപ്പുണ്ടായതു്. ഇതു് ഒരു 'വിലസമര'മായി മാറുകയും ചെയ്തു.

ഏതെങ്കിലും സ്ഥലത്തു് ഇന്ത്യൻ കമ്പനികളുടെ എണ്ണയുല്പന്നങ്ങൾ എത്തിയാലുടൻ, അവയെ ബഹിഷ്ക്കരിക്കാനായി ബർമ്മാഷെല്ലും മററു കുത്തകകളും തങ്ങളുടെ എണ്ണയുല്പന്നങ്ങളുടെ വില കുറക്കുകയും പിന്നീടു് ആ വില പഴയ നിലവാരത്തിലാക്കുകയുമാണു് ചെയ്തതു്. 1933-ൽ ബോംബെയിൽ ഒരു ഇമ്പീരിയൽ ഗ്യാലൻ പെട്രോളിൻെറവില 1 രൂപ 5 അണ 6 പൈസയായിരുന്നു. എന്നാൽ വെസ്റ്റേൺ ഇന്ത്യാ കമ്പനി വിപണിയിൽവന്ന

തോട്ടുകൂടി അവർ അതിൻെറ വില 15 അണയായി കുറച്ചു.[1] ഇതേസമയത്തു്, വെസ്റ്റേൺ ഇന്ത്യയുടെ പ്രവർത്തനമില്ലാതിരുന്ന കൽക്കട്ടയിലും മററു നഗരങ്ങളിലും പെട്രോളിൻെറ നേരത്തെയുണ്ടായിരുന്ന വില നിലവാരം അവർ നിലനിർത്തുകയും ചെയ്തു. 1936-ൽ ബോംബെ പെട്രോളിയം കമ്പനി വിപണിയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, വിദേശകുത്തകകൾ അവരുടെ പാരഫിൻെറവില 2--9 രൂപയിൽ നിന്നു് 1—14 രൂപയാക്കി കുറച്ചു, എന്നാൽ ശക്തമായ കമ്പനികൾ അധികം പഴക്കമില്ലാത്ത ഈ ഇന്ത്യൻ കമ്പനിയെ ഞെരിച്ചു കഴിഞ്ഞപ്പോൾ, കുത്തകകൾ പാരഫിൻെറ വില ഉയർത്തുകയും ചെയ്തു. ഡീസൽ ഓയിലിൻെറ വില ടണ്ണൊന്നിനു് 60 രൂപാ വെട്ടിക്കുറച്ചു കൊണ്ടു്, നാഷണൽപെട്രോളിയം കമ്പനിക്കും, കുത്തകകൾ പ്രഹരമേല്പിച്ചു.[2]

ഇന്ത്യൻ കമ്പനികൾ അധ:പ്പതനത്തിലേക്കു നീങ്ങി. ബോംബെ പെട്രോളിയം കമ്പനിയും മിൽസ്റ്റോഴ്സ് കമ്പനി (കറാച്ചി)യും യഥാക്രമം 1935, 1936 എന്നീ വർഷങ്ങളിൽ പാപ്പരടിക്കുകയും അവയുടെ എണ്ണഡിപ്പോകൾ ബർമ്മാ ഷെല്ലിൻെറ കൈകളിലാവുകയും ചെയ്തു. നാഷണൽ പെട്രോളിയം കമ്പനി 1952 വരെനിലനിന്നു. പിന്നീടു് അതു് ബർമ്മാഷെല്ലിനു് വില്ക്കപ്പെട്ടു. അതിനുശേഷം നിലനിന്നതു് വെസ്റ്റേൺ ഇന്ത്യാ ഓയിൽഡിസ്ട്രി

---

1. ബോംബെ ക്രോണിക്കിൾ, ഡിസംബർ 21, 1936.
2. വെസ്റ്റേൺ ഇന്ത്യ ഓയിൽ ഡിസ്ട്രിബ്യൂട്ടിംഗ് കമ്പനി: എ. നോട്ടു് ഓൺ ദി പ്രൊപ്പോസൽ ഓഫ് ദി ബോംബെ ഗവർമ്മെൻറ ടു ഫിക്സ് പ്രൈസ്സ് (പെട്രോളിൻെറ വില നിശ്ചയിക്കാൻ വേണ്ടിയുള്ള ബോംബെ ഗവർമ്മെൻറിൻെറ നിർദ്ദേശത്തിൻെറ ഒരു കുറിപ്പു്) ബോംബെ, 1939, പേജ് 16,17.

ബ്യൂട്ടിംഗ് കമ്പനി മാത്രമാണ്. [1] എന്നാൽ ഈ കമ്പനി ഇന്ത്യൻ വിപണിയിലെ എണ്ണയുല്പന്നങ്ങളുടെ 5 ശതമാനത്തിന്റെ മാത്രം വില്പനയാണ് നടത്തുക. കംബാജിൻ ഫ്രാൻസെയ്സ്ദസ്പെട്രോൾസിന്ന് പാരഫിൻ നൽകുന്ന ഒരു ഏജൻറാണ് ഈ കമ്പനി. മററു കമ്പനികളെപ്പോലെ ഈ കമ്പനി പുറന്തള്ളപ്പെടാതിരിക്കുവാനുള്ള കാരണം, ഫ്രാൻസുമായി ഏററുമുട്ടാനുള്ള ആംഗ്ലോ-അമേരിക്കൻ കുത്തകകളുടെ വിമുഖതയായിരിക്കണം.

വിദേശ കുത്തക പൊളിക്കാൻ 1952-ൽ ഇന്ത്യ നടത്തിയ ശ്രമം വിജയിക്കുകയുണ്ടായില്ല. ആംഗ്ലോ-ഇറാനിയൻ ഓയിൽ കമ്പനിയിൽ സംഘട്ടനമുണ്ടായപ്പോൾ ഇന്തോ-ഇറാനിയൻ ഓയിൽ കമ്പനി രൂപീകരിക്കപ്പെട്ടു. ഈ പുതിയ കമ്പനി, ഇന്ത്യയിലെ വില്പനക്കായി ഇറാനിൽനിന്ന് 880,000 ടൺ എണ്ണയുല്പന്നങ്ങൾ വാങ്ങാനുള്ള ഒരു കോൺട്രാക്ട് നാഷണൽ ഇറാനിയൻ ഓയിൽ കമ്പനിയുമായി ഉണ്ടാക്കുകയും ചെയ്തു. [2] പ്രതീക്ഷയ്ക്കു വകനൽകുന്ന തരത്തിൽ പല ഇടപാടുകാരേയും ഈ കമ്പനിക്കു ലഭിച്ചു, എന്നാൽ, ഒരു ഇന്ത്യൻകമ്പനി ഇറാനിലെ ഇന്ത്യയുടെ വിപണനം നടത്തുന്നതു് അനുവദിച്ചുകൊടുക്കാൻ വിദേശകുത്തകകൾ തയ്യാറായില്ല. കുത്തകകൾ ഭീഷ

1. വെസ്റ്റേൺ ഇന്ത്യാകമ്പനിക്കു് 2.5 മില്യൻ രൂപായുടെ മൂലധനവും, ബോംബെയിലും മദ്രാസിലും സംഭരണ ടാങ്കുകളും ഉണ്ടായിരുന്നു. ഇവയുടെ മൊത്തമുള്ള സംഭരണശേഷി 20,000 ടൺ ആയിരുന്നു. മററു പട്ടണങ്ങളിലായി 4 സംഭരണ ഡിപ്പോകളും ഈ കമ്പനിക്കുണ്ടായിരുന്നു, 1959-ൽ ഈ കമ്പനി 15 ദശലക്ഷം രൂപായുടെ വ്യാപാരംനടത്തി. (ദി ഇന്ത്യൻ പെട്രോളിയം ഹാൻഡ്ബുക്ക്, 1962, പേജ് 26)

2. ബ്ലിററ്സ്, ആഗസ്റ്റ് 22, 1953, പേജ് 4.

ണിമുഴക്കി. ഇറാനിലെ എണ്ണയുൽപന്നങ്ങൾ വാങ്ങുന്ന ഏതു ഇന്ത്യൻ കമ്പനിക്കുമെതിരായി ബ്രിട്ടീഷ് കുത്തക കകൾ നിയമപരമായുള്ള ഏററവും കർശനമായ നടപടി യെടുക്കും എന്ന പ്രഖ്യാപനം ഇന്ത്യയിലെ മിക്കവാറും എല്ലാ പ്രമുഖപത്രങ്ങളിലും കാണുകയുണ്ടായി. ഈ സാഹ ചര്യത്തിൽ, ഇന്ത്യൻ കമ്പനിക്കുണ്ടായിരുന്ന ഇടപാടുകാർ കൈവിട്ടു പോകുകയും ഇറാനിൽനിന്നു എണ്ണവാങ്ങുകയെ ന്നകാര്യം ഫലപ്രാപ്തിയിലെത്താതാവുകയും ചെയ്തു.

ഇന്ത്യയ്ക്കകത്തു് ഒരു എണ്ണവ്യാപാരം ആരംഭിക്കുവാനു ള്ള ഉദ്ദേശം ഇന്ത്യാഗവണ്മെണ്ട് ഏജൻസികൾ വെളി പ്പെടുത്തിയപ്പോൾ ഇതിലും രൂക്ഷമായ ആക്രമണമാണു് വിദേശകുത്തകകളുടെ ഭാഗത്തുനിന്നുണ്ടായതു്,

എണ്ണ വിപണനത്തിനായി സ്വതന്ത്രമായ കമ്പനികൾ രൂപീകരിക്കുന്നതിനുവേണ്ടി ഇന്ത്യൻ മൂലധനം മുടക്കുന്ന തിനെ എതിർക്കുന്ന ആംഗ്ലോ-അമേരിക്കൻ കുത്തകകൾ, ഇന്ത്യാക്കാർ ഏജൻറന്മാരും വ്യാപാരികളുമായി പ്രവർ ത്തിക്കുന്ന വില്പനയുടെ മേഖലയിലേക്കു് ഇന്ത്യൻ മൂല ധനം വൻതോതിൽ മുടക്കുന്നതിൽ, പരാതിപ്പെടാറില്ല. എണ്ണയുടെ മൊത്തവ്യാപാരത്തിലും ചില്ലറവ്യാപാര ത്തിലും, ചെറിയതോതിൽഇന്ത്യയുടെ മൂലധനവും ഇന്ത്യ യുടെ പരിചയസമ്പത്തും കുത്തകകൾക്കു പ്രയോജനപ്പെട്ടു മെന്നതായിരുന്നു അതിനുകാരണം. ഈ ഏജൻറന്മാരും ഇടപാടുകാരും കമ്മീഷൻെറ അടിസ്ഥാനത്തിലാണു് പ്രവർത്തിക്കുക. കുത്തകയുടെവക ഒരു പെട്രോൾപമ്പ് (പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ) പാട്ടത്തിനുവാങ്ങുന്ന ഒരു വ്യാപാരി, തനിക്കനുവദിച്ചിട്ടുള്ള എണ്ണയുൽപന്ന ങ്ങൾ ഒരു നിശ്ചിതസമയത്തിനകം വിററുതീർക്കാമെന്നു് ഏല്ക്കുന്നു. വില കൂട്ടാനോ, കുറയ്ക്കാനോ, മററു കമ്പനി

കളിൽനിന്നു് എണ്ണയുല്പന്നങ്ങൾവാങ്ങാനോ ഈ വ്യാപാരികൾ അനുവാദമില്ല. പാട്ടത്തെ സംബന്ധിച്ച ഈ കോൺട്രാക്ടു് കുത്തകയ്ക്കു് പെട്ടെന്നു് (ഷോർട്ടനോട്ടീസ്‌വഴി) റദ്ദാക്കാവുന്നതുമാണു്. വ്യാപാരികളുടെനില മോശമായി വരികയാണു്. അററകുററപ്പണിക്കുള്ള ചിലവിനത്തിൽ (മെയിൻറനൻസ് എക്സ്പെൻസസ്) വ്യാപാരികൾക്കു നൽകുന്നതുക 300 ശതമാനമാക്കിയിട്ടുണ്ടെങ്കിലും പെട്രോളിൻെറ വില്പനവിലയിൽ നൽകിവന്ന 10 ശതമാനം കമ്മിഷൻ (1939) ലോകമഹായുദ്ധത്തിനുശേഷം 6 ശതമാനമാക്കി കുറയ്ക്കുകയുണ്ടായി.[1] എണ്ണവ്യാപാരത്തിനുള്ള ഉപകരണങ്ങളുടെ വാർഷികവാടകത്തുക കുത്തകകൾ വർദ്ധിപ്പിക്കുകയുംചെയ്തു. കൽക്കട്ടായിൽ, പെട്രോൾ പമ്പിൻെറ വാർഷികവാടകത്തുക 5 രൂപായിൽനിന്നു് 200 രൂപായാക്കി അവർ വർദ്ധിപ്പിച്ചു.[2] പാരഫിൻെറ ചില്ലറ വില്പന നടത്തുന്നവരുടെ നിലയും കൂടുതൽ മോശമായി വരികയാണു്.

## കുത്തകവിലയും ലാഭവും

ഏറെക്കാലമായി കുത്തകകൾ എല്ലാക്കാര്യവും അവരുടെ ഇഷ്ടാനുസൃതമാണു് നടത്തിവരുന്നതെന്നും ഇതു് അവരുടെ വിലയിനത്തിൽ നിന്നു തെളിയുന്നുവെന്നും കെ. ഡി. മാളവ്യ പറയുന്നു. ലോകത്താകെയും ഇന്ത്യൻ വിപണികളിലും, കുത്തകാവകാശമുള്ളതുകൊണ്ടു്, വൻതോതിൽ ലാഭം നേടാവുന്നതരത്തിലുള്ള വിലനിലവാരമാണു് കുത്തകകൾ നിലനിർത്തുന്നതു്. എണ്ണയും എണ്ണയുൽപ്പന്നങ്ങളും നൽകുന്നതിൻെറ മുഖ്യകേന്ദ്രമായ മദ്ധ്യപൂർവ്വദേ

---

1. പെട്രോളിയം വർക്കർ, ജൂലൈ, 1958, പേജ് 7.
2. ന്യൂഏജ് മേയ് 4, 1958, പേജ് 3.

ശത്തു് യഥാർത്ഥത്തിൽ നേരിടുന്ന ചിലവിൻെറ അടിസ്ഥാനത്തിലല്ല, കുത്തകകൾ ഇന്ത്യയിൽ അവയുടെ വില നിശ്ചയിക്കുന്നതു്. എണ്ണഖനനത്തിനു് അമേരിക്കയിൽ നേരിടുന്ന ഉയർന്ന ചിലവിൻെറ അടിസ്ഥാനത്തിലുള്ള ലോകത്തിലെ വിലയാണു് അവർ ഇന്ത്യയിൽനിന്നു് ഈടാക്കുക. കൂട്ടിപ്പറയുന്ന വിപണനം (ഓവർസ്റ്റേററഡ് മാർക്കററിംഗ്), അററകുററപ്പണിക്കുള്ള ചിലവുകൾ, പരസ്യച്ചിലവു്, അധികച്ചിലവുകൾ, എന്നിവകൂടി ഉൾടുത്തിയാണു്, ചില്ലറ-മൊത്തവില്പനക്കുള്ള എണ്ണയുടേയും എണ്ണയുല്പന്നങ്ങളുടേയും വില അവർ നിശ്ചയിക്കുന്നതു്.

സ്വാതന്ത്ര്യം കിട്ടിയ ആദ്യവർഷങ്ങളിൽ, പെട്രോളിയം വ്യാപാരത്തിനുള്ള പൊതുമേഖല ദുർബ്ബലമായിരിക്കുകയും ഇന്ത്യയിൽ കൊളോണിയൽ പാരമ്പര്യം നിലനില്ക്കുകയും ചെയ്തുകൊണ്ടു് ഉയർന്ന ലാഭം നേടാനുള്ള യഥാർത്ഥമാർഗ്ഗം മറച്ചുവയ്ക്കാൻ ബദ്ധപ്പെടാതെ തന്നെ, ഇന്ത്യയിലെ ഉപഭോക്താവിനെ കൊള്ളയടിക്കാൻ കുത്തകകൾക്കു കഴിഞ്ഞു. അവർ മദ്ധ്യപൂർവ്വദേശത്തെ അവരുടെ ഉല്പന്നങ്ങൾക്കു്, മെക്സിക്കൻ ഉൾക്കടലിലെ കയററുമതിവിലയുടെ അടിസ്ഥാനത്തിലുള്ള വിലയാണു് ചുമത്തിയതു്. ഇതു് യഥാർത്ഥത്തിൽ, അമേരിക്കയുടെ കയററുമതിവിലയായിരുന്നു. എണ്ണ ഇറക്കുമതി ചെയ്യുന്ന എല്ലാ രാജ്യങ്ങളിലും അവർ ഈ സമ്പ്രദായമാണു് സ്വീകരിച്ചതു്. ഇതുമൂലം, ഇൻറർനാഷണൽ പെട്രോളിയംകാർട്ടലിലെ അംഗങ്ങളായ ആംഗ്ലോ-അമേരിക്കൻ കുത്തകകൾക്കു്, മദ്ധ്യപൂർവ്വദേശത്തെ കുറഞ്ഞ ഉല്പാദനച്ചിലവും അമേരിക്കയിലെ ഉയർന്ന ഉല്പാദനച്ചിലവിൻെറ അടിസ്ഥാനത്തിൽ 'കാർട്ടൽ' നിശ്ചയിക്കുന്ന ലോകത്തിലെ

എണ്ണ വിലയും തമ്മിലുള്ള അന്തരത്തിന്റെ ഫലമായി വരുന്ന വൻതുക ലാഭമായി കയ്യടക്കാൻ കഴിഞ്ഞു. എണ്ണ ഖനനത്തിനും ശുദ്ധീകരണത്തിനും അമേരിക്ക ചിലവാക്കാറുള്ള തുകയുടെ ഏതാനും ശതമാനംമാത്രം ചിലവു് ചെയ്യുന്ന, സമീപസ്ഥമായ, ഇറാനിൽനിന്നു് ഇന്ത്യക്കു് എണ്ണയുല്പന്നങ്ങൾ ലഭിച്ചു കൊണ്ടിരുന്നു. എന്നാൽ ഇറാനിൽ നിന്നുള്ള ഈ എണ്ണക്കു്, അതു ഖനനം ചെയ്യുകയും ശുദ്ധീകരിക്കുകയും അമേരിക്കയിൽനിന്നു് മെക്സിക്കൻ ഉൾക്കടലിലെ തുറമുഖങ്ങളിലെത്തിക്കുകയും ചെയ്യുന്നതിന്റെയാകെ ചിലവു് ഇന്ത്യ നൽകേണ്ടി വരികയായിരുന്നു. ഇങ്ങനെ എണ്ണയുടെ വിലയിൽ അമേരിക്കയിലെ എണ്ണ ഖനനത്തിനുള്ള ചിലവും (എണ്ണപ്പാടങ്ങൾ വരണ്ടു പോകുന്നതുകൊണ്ടു അമേരിക്കയിലെ എണ്ണ ഖനനത്തിന്റെ ചിലവു് ഏററവും കൂടുതലാണു്.)ഉൾപ്പെട്ടിരുന്നു. ക്രൂഡ് ഓയിൽ പൈപ്പുവഴി എത്തിക്കുന്നതിനും അതു് ശുദ്ധീകരിക്കുന്നതിനും ഉള്ള ചിലവുകളും ഈ വിലയുടെകൂടെ കൂട്ടിയിരുന്നു. ഇതിനെക്കാളൊക്കെ പ്രധാനമായുള്ളതു്, എണ്ണയുല്പന്നങ്ങൾ മെക്സിക്കൻ ഉൾക്കടൽ തുറമുഖങ്ങളിലേക്കു കയററി അയക്കാനാവശ്യമായി വരുന്ന ചിലവും ആ തുറമുഖങ്ങളിൽനിന്നു് അവ വില്ക്കുമ്പോൾ കമ്പനികൾക്കു കിട്ടുന്ന ലാഭവുമാണു്. മദ്ധ്യപൂർവ്വദേശത്തെ തുറമുഖങ്ങളിൽനിന്നും അതേസമയം മറെറാരു തുറമുഖത്തിൽ നിന്നും (ഒറിജിൻ ഡിഫറൻഷ്യൽ) ഉള്ള ചരക്കു കടത്തുകൂലിയാണു് ഈ കമ്പനികൾ ഈടാക്കിയതു്. മദ്ധ്യപൂർവ്വദേശത്തുനിന്നു് ഇന്ത്യൻ തുറമുഖങ്ങളിലേക്കുള്ള ചരക്കു കടത്തുകൂലി, മെക്സിക്കൻ ഉൾക്കടൽ തുറമുഖങ്ങളിൽ നിന്നു് ഇന്ത്യൻ തുറമുഖങ്ങളിലേക്കുള്ള ചരക്കു കടത്തുകൂലിയുടെ തോതിൽ ഉയർത്തുക എന്നതാണു് അവർ സ്വീകരിച്ച മാർഗ്ഗം. ഇന്ത്യയിലെ ഒരു ഉപഭോക്താവിനു്

തനിക്കാവശ്യമുള്ള എണ്ണ ഇറാനിൽനിന്നു കിട്ടുമ്പോൾ, തന്റെ രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ സൗകര്യംകൊണ്ടു യാതൊരു പ്രയോജനവും ലഭിച്ചില്ല എന്നാണു് ഇതിന്റെ അർത്ഥം. യഥാർത്ഥത്തിൽ, ഭൂമിശാസ്ത്രപരമായ സൗകര്യമുള്ളതിനു് ആ ഉപഭോക്താവിൽ നിന്നു് കമ്പനികൾ പിഴ ഈടാക്കുകയാണു് ചെയ്യുന്നതു്.

അയഥാർത്ഥമായ ചരക്കു കടത്തുകൂലിയും (സിമ്പോളിക്കു് ഫ്രെയിററു്) തുറമുഖവ്യത്യാസവും (ഒറിജിൻ ഡിഫറൻഷ്യൽ) കാണിക്കുന്ന കമ്പനികൾ, സി. ഐ. എഫ്., വിലയിൽ 10 ശതമാനത്തിൻെറ കമ്മിഷനും, കുറെ വ്യാപാരച്ചിലവും 2.5 ശതമാനം "ദൽ ക്രേഡർ" കമ്മിഷനുമാണു് ഇന്ത്യൻ ഉപഭോക്താവിനു നൽകുക. [1]

വിദേശകമ്പനികൾ യഥാർത്ഥത്തിൽ കുഴലുകൾ വഴി അയക്കുകയും സംഭരിക്കുകയും ചെയ്യുന്ന എണ്ണ എത്രയാണെന്നും, അററകുററപ്പണിക്കുംമററും ചിലവാക്കുന്ന തുക എന്താണെന്നും പരിശോധിക്കാവുന്ന ഒരു സ്ഥിതിയിലായിരുന്നില്ല, ഇന്ത്യാഗവർമ്മെണ്ടു്. അതുകൊണ്ടു ഗണ്യമായ തോതിലുള്ള വിലവർദ്ധനവു് മറച്ചുവെക്കാനും അങ്ങനെ അധികലാഭം നേടാനും കുത്തകകൾക്കു സാധിച്ചു. [2]

---

1. റിപ്പോർട്ടു് ഓഫ് ദി ഓയിൽ പ്രൈസ് എൻക്വയറി കമ്മിററി (എണ്ണവിലയെക്കുറിച്ചു അന്വേഷണം നടത്തിയ കമ്മിററിയുടെ റിപ്പോർട്ടു്) പേജ് 13.

2. 1939-ൽ ബോംബെ ഗവൺമെണ്ടിനു വെസ്റ്റേൺ ഇന്ത്യാ സമർപ്പിച്ച ഒരു മെമ്മോറാണ്ടത്തിൽ ഇങ്ങനെ പറയുന്നു: പെട്രോളിൻെറ ശരാശരി വില ഗ്യാലനൊന്നിനു 1 രൂപാ 6 അണയാണു്. എന്നാൽ ഇറക്കുമതി വിൽപനച്ചിലവുകൾ, തീരുവ, നികുതി, എന്നിവ [illegible] കമ്പനി നൽകേണ്ടിവരുന്നതു 1 രൂപാ 2 അണയാണു്. ഇ

കുത്തകകൾ ഏർപ്പെടുത്തിയ ഈ വില, സ്വാഭാവികമായും, ഇന്ത്യയുടെ വിമർശനത്തിന്നു വിധേയമായി. വിദേശമൂലധനത്തിന്നുവേണ്ടി എന്നും വാദിക്കാറുള്ള "ഇസ്റ്റേൺ എക്കണോമിസ്റ്റ്" ഇങ്ങനെസമ്മതിക്കുകയുണ്ടായി: അമേരിക്കയിൽനിന്നു നാം പെട്രോൾ ഇറക്കുമതി ചെയ്യാറില്ലെങ്കിലും നാം നൽകേണ്ടിവരുന്നതു അമേരിക്കൻ വിലനിലവാരമനുസരിച്ചു നിശ്ചയിക്കുന്ന തുകയാണ്. ഇതിന്റെ ഫലമായി ഇന്ത്യയിൽ പെട്രോളിന്റെ വില അബാദാനിലെ വിലയുടെ അഞ്ചിരട്ടിയായിത്തീരുന്നു." 1 കുത്തകകളെപ്പററി രൂക്ഷമായ വിമർശനമുണ്ടാകുകയും, വിലനില പരിഷ്ക്കരിക്കണമെന്നു എണ്ണ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിലെ ഗവർമ്മെണ്ടുകളും പബ്ളിക്കു കേന്ദ്രങ്ങളും ശക്തിയായി ആവശ്യപ്പെടുകയും ചെയ്യുതിനെ തുടന്നു ആംഗ്ലോ അമേരിക്കൻ കുത്തകകൾക്കു കുറെ. സൌജന്യങ്ങൾ അനുവദിക്കേണ്ടിവന്നു. അതേസമയം യഥാർത്ഥത്തിലുള്ള ലാഭം മറച്ചുപിടിക്കുവാൻ അവർ കൂടുതൽ ശ്രദ്ധിക്കുകയുംചെയ്തു. ഇങ്ങനെ, മദ്ധ്യപൂർവ്വദേശത്തെ വില മെക്സിക്കൻ ഉൾക്കടലിലെ വിലയുമായി സാമ്യപ്പെടുത്തുന്ന രീതിയും "ഒറിജിൻ ഡിഫറൻഷ്യലും" 1948-ൽ ഇവർ നാമമാത്രമായി നീക്കംചെയ്തു. എന്നാൽ, മെക്സിക്കൻ ഉൾക്കടലിലെ വിലനിലവാരത്തിൽ മദ്ധ്യപൂർവ്വദേശത്തെ വില നിശ്ചയിക്കുന്ന രീതി 1957 വരെ ഇവർ തുടന്നു. 2 വിലയെ സംബന്ധിച്ച

ങ്ങനെ ഗ്യാലനൊന്നിന്നു 4 ണ അഥവാ പെട്രോളിന്റെ ഇറക്കുമതി വിലയുടെ 100 ശതമാനം ലാഭം കമ്പനിക്കുലഭിക്കുന്നു. നോട്ട് ഓൺപ്രൊപ്പോസൽ ഓഫ് ദി ബോംബെ ഗവൺമെണ്ട്. പേജ് 4-6)

1 ദി ഈസ്റ്റേൺ എക്കണോമിസ്റ്റ് മേയ് 30, 1947 പേജ് 957.

2 എൻറിഗോ മററി; എനർജി ആൻറ ഹൈഡ്രോ കാർബൺ പ്രോബ്ളംസ് ഇ. എൽ ഐ. 1961 പേജ് 141.

പുതിയ അടിസ്ഥാനമുണ്ടായെങ്കിലും, മുതലാളിത്തലോക വിപണിയിലെ വിലനിലയിൽ ചെറിയ മാററമേ ഉണ്ടായുള്ളു. അമേരിക്കയിലെ ഉയർന്ന വിലയുടെ അടിസ്ഥാനത്തിൽ മദ്ധ്യപൂർവ്വദേശത്തെ വിലനിശ്ചയിക്കുന്ന രീതി ആംഗ്ലോ-അമേരിക്കൻ കുത്തകകൾ തുടർന്നതിനാൽ പുതിയ വ്യതിയാനം കൊണ്ടു ഇന്ത്യക്കു ചെറിയ പ്രയോജനമേ ലഭിച്ചുള്ളു. ഈ മാററങ്ങളുടെ ഫലമായി ഇന്ത്യക്കു പ്രതിവർഷം 20 മില്യൻ രൂപയുടെ ലാഭമുണ്ടായതായി കണക്കാക്കപ്പെടുന്നു. [1] മെക്സിക്കൻ ഉൾക്കടൽ തുറമുഖങ്ങളിൽ നിന്നല്ലാതെ, യഥാർത്ഥത്തിൽ എണ്ണകയററി അയയ്ക്കുന്ന കേന്ദ്രങ്ങളിൽനിന്നുള്ള ചിലവ് കണക്കാക്കിയതു് ചിലപ്പോൾ മാത്രമായിരുന്നു. [2]

ലോകത്തു് ഇന്നു പെട്രോളിയത്തിൻെറ വില നിശ്ചയിക്കുന്ന രീതി, 1948 വരെ നിലനിന്നുപോന്നിരുന്ന സമ്പ്രദായത്തിൽനിന്നു വ്യത്യസ്ഥമല്ല. എണ്ണകയററുമതിയിൽ അമേരിക്കയ്ക്കുണ്ടായിരുന്ന പ്രമുഖസ്ഥാനം നഷ്ടപ്പെടുകയും അതു മദ്ധ്യപൂർവദേശം കവരുകയും ചെയ്തെങ്കിലും ഇന്നും അമേരിക്കയിലെ വിലയാണു് അടിസ്ഥാന വിലയായി കണക്കാക്കപ്പെടുന്നതു്. മുതലാളിത്ത ലോകത്തിലെ എണ്ണ കയററുമതിയിൽ. യുദ്ധത്തിന്നു മുൻപു് അമേരിക്കയ്ക്കുണ്ടായിരുന്ന പങ്കു് 20 ശതമാനമായിരുന്നു, 1961-ൽ ഇതു 0.1 ശതമാനമായി കുറഞ്ഞു. എന്നാൻ ഇതേസമയത്തു് മദ്ധ്യപൂർവദേശത്തെ രാജ്യങ്ങളുടെ കയററുമതി 11 ശതമാനമായി വദ്ധിക്കുകയും വെനിസൂലായുടെ പങ്കു് 54 ശതമാനത്തിൽ നിന്നു് 27 ശതമാനമായി കുറയുകയുംചെയ്തു.

---

1 ദി ഈസ്റ്റേൺ എക്കണോമിസ്ററു്; ആഗസ്ററ 30, 1957 പേജ് 326

2 ,, ,, ഒക്ടോബർ ,9 1953, പേജ് 615

അമേരിക്കയിലെ വില അടിസ്ഥാനമായി എടുക്കുന്നതു കൊണ്ടു് ഇൻററർനാഷണൽ പെട്രോളിയം കാർട്ടലിലെ അംഗങ്ങൾക്കു, വിശേഷിച്ചു ആംഗ്ലോ-അമേരിക്കൻ കുത്തകകൾക്കു അമേരിക്കയിലെ വർദ്ധിച്ച വിലയും മദ്ധ്യപൂർവ്വ ദേശത്തെ യഥാർത്ഥത്തിലുള്ള വിലയും തമ്മിൽ വരുന്ന അന്തരം കയ്യടക്കാൻ കഴിയുന്നു. സോവിയററു ഗ്രന്ഥങ്ങളിലും വിദേശസാമ്പത്തികഗ്രന്ഥങ്ങളിലും ഇതിനുള്ള തെളിവുകളുണ്ടു്. 1

പതിനാലിലേറെ വർഷക്കാലമായി (1947-1960) ഒരു ബാരൽഎണ്ണ കണ്ടെത്താനും ശുദ്ധീകരിച്ചെടുക്കാനുമുള്ള ചിലവു് (ശരാശരി) അമേരിക്കയിൽ 1.06 ഡോളറും, വെനിസ്വലായിൽ 0.23 ഡോളറും; മദ്ധ്യപൂർവ്വദേശത്തു 0.01 ഡോളറും ആയിരുന്നു. (പെട്രോളിയം ഔട്ട്ലുക്ക്. ജൂൺ 1962 പേജ് 110). ഒരു ബാരൽ എണ്ണ ഖനനം ചെയ്യാനുള്ള ചിലവു് ഇറാനിൽ 0.24 ഡോളറും, കുവൈററിൽ ഏകദേശം 0.10. ഡോളറും ആയിരുന്നു. (ഓയിൽ കമൻററി, പെട്രോളിയം ഇൻഫർമേഷൻ സർവ്വീസ് ന്യൂഡൽഹി, ജനുവരി 1,1964, പേജ് 11) മദ്ധ്യപൂർവ്വദേശത്തു് ഈ ചിലവു് 0.08 ഡോളറിനും 0.45 ഡോളറിനും ഇടയ്ക്കു വരുമെന്നു് 'ഓയിൽ കമ്പനീസ് ആൻറ് ഗവൺമെൻറ്" എന്ന ഗ്രന്ഥത്തിൽ ജെ. ഇ. ഹർട്ട്സൺ

---

1. "........എണ്ണ ഖനനത്തിനുള്ള ചിലവു് മദ്ധ്യപൂർവ്വദേശത്തു് ബാരലൊന്നിനു് 0.20 ഡോളർ അഥവാ ടണ്ണൊന്നിനു് 1.50 ഡോളർ ആണു്. ഇതു് കപ്പലിൽ കയററി അയക്കുന്ന തുറമുഖത്തിലെ വിലയുടെ പത്തിലൊന്നുവരും........" (എ. സൻറലോവ്, ദി ഇമ്പീരിയലിസ്റ്റ് ഡിവിഷൻ ഓഫ് ദി ഓയിൽ ഇൻഡസ്ട്രി" വേൾഡ് എക്കോണമി ആൻറ് ഇൻറർ നാഷണൽ റിലേഷൻസ് നമ്പർ 1,1958, പേജ് 45).

പറയുന്നു. എണ്ണ ഖനനം ചെയ്തെടുക്കുകയും കടലിലെ തുറമുഖങ്ങളിലേക്ക് അവ എത്തിക്കുകയും ചെയ്യാനുള്ള ചിലവ്ബാരലൊന്നിനു 0.33 ഡോളറാണെന്നു പശ്ചിമ ജർമ്മനിലെ ഓയിൽ സ്പെഷ്യലിസ്റ്റുകൾ കണക്കാക്കുന്നു. 1958 മുതൽ 1962 വരെ മദ്ധ്യപൂർവ്വദേശത്തെ തുറമുഖങ്ങളിൽ എണ്ണയുടെ കയററുമതിവില ബാരലൊന്നിന്നു 1.60 ഡോളർ മുതൽ 2.00 ഡോളർവരെ വരുമായിരുന്നു. വില കുറവുള്ള എണ്ണ, വിശേഷിച്ചു മദ്ധ്യപൂർവ്വദേശത്തു നിന്നുള്ള എണ്ണ വൻതോതിൽ ലോകകമ്പോളത്തിൽ എത്തുകയും ഉല്പാദനച്ചിലവും വിൽപ്പന വിലയും തമ്മിലുള്ള വ്യത്യാസം വർദ്ധിക്കുകയും ചെയ്യുന്നതുമൂലം മദ്ധ്യപൂർവ്വദേശത്തെ എണ്ണയുടെയും എണ്ണയുൽപ്പന്നങ്ങളുടേയും ഉൽപ്പാദനവും വ്യാപാരവും നിയന്ത്രിക്കുന്ന ആംഗ്ലോ-അമേരിക്കൻ കുത്തകകൾ കൂടുതൽ കൂടുതൽ ലാഭം നേടിവരികയാണ്. യുദ്ധത്തിനുമുമ്പു, മുതലാളിത്ത ലോകവിപണിയിൽനിന്നുകയററുമതിചെയ്തിരുന്ന എണ്ണയുടെ മുദ്രിതവില പോസ്റ്റഡ്പ്രൈസ്) കയററുമതി നടത്തുന്ന മൂന്നു പ്രധാന പ്രദേശങ്ങളിലെ (അമേരിക്ക, വെനിസുല, മദ്ധ്യപൂർവ്വദേശം) ഉൽപ്പാദനച്ചിലവിനേക്കാൾ ശരാശരി 200 ശതമാനം കൂടുതലായിരുന്നു. ഇപ്പോൾ ഇതു 900 ശതമാനത്തിൽ കൂടുതലാണ്. 1

ഇന്ത്യയും മററു വികസ്വര രാജ്യങ്ങളും ലോകവിലയ്ക്കു ആംഗ്ലോ-അമേരിക്കൻകുത്തകകളിൽനിന്നു എണ്ണയും എണ്ണ

---

1. ക്ലൂവ്ഡിയ കൊസാറസ് "ഓയിൽ ആൻറ് ദി സ്രൂഗിൾ ഫോർ ഇൻഡിപെൻറൻസ്" (എണ്ണയും സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരവും)നെഷ്നായ തൊർഗോവ്ല്യ, റഷ്യൻ എഡിഷൻ നമ്പർ 12, 1962, പേജ് 41.

യുല്പന്നങ്ങളും വാങ്ങുമ്പോൾ, മനസ്സില്ലാമനസ്സോടെ അമേരിക്കൻ എണ്ണ വ്യവസായത്തിനു് ധനസഹായം നൽകുകയാണു്.

സ്ഥായിയായ ഒരു വിലനിർണ്ണയ സമ്പ്രദായത്തിനു വേണ്ടി, എണ്ണയുടെയും എണ്ണയുല്പന്നങ്ങളുടെയും വില ലോകനിലവാരത്തിൽ എത്തിക്കുന്നതിനു്, മൂല്യത്തെ സംബന്ധിച്ച നിയമം സഹായകരമാണു്, വിദേശവിപണിയിൽ സാധനങ്ങൾ നൽകുന്ന രാജ്യങ്ങൾക്കു് ഒരു നിശ്ചിതതോതിലുള്ള സാധനം ഉല്പാദിപ്പിക്കാനാവശ്യമായ ശരാശരി തൊഴിൽ സമയമനുസരിച്ചാണു് അതു് നിശ്ചയിക്കുന്നതു്. അമേരിക്ക ആ രാജ്യത്തുനിന്നു് എണ്ണ കയററുമതി ചെയ്യാതിരിക്കുകയും, ലോകവിപണിയിൽ എത്തുന്ന എണ്ണയിൽ അധികഭാഗവും മദ്ധ്യപൂർവ്വദേശം, വെനിസ്വല ഇന്തോനേഷ്യ എന്നിവിടങ്ങളിൽ നിന്നായിരിക്കുകയും ചെയ്യുമ്പോൾ, ലോകവില, എണ്ണയുല്പാദനത്തിനായി ഒടുവിൽ പറഞ്ഞ രാജ്യങ്ങളിലുണ്ടാകുന്ന ചിലവിൻെറ ശരാശരിക്കനുസരണമായിരിക്കേണ്ടതാണു്. ഇങ്ങനെയായാൽ, അമേരിക്കയിലെ എണ്ണഖനന വ്യവസായം ലാഭകരമല്ലാതാകും; മാററങ്ങൾക്കു വിധേയരാകാൻ അവർ നിർബ്ബന്ധിതരാകും.

ലോക വിപണിയിൽ നിലവിലുള്ള വില നിർണ്ണയ സമ്പ്രദായം, അമേരിക്കയുടെ എണ്ണവ്യവസായത്തിനു് 'അദൃശ്യമായ സംരക്ഷണം' (ഇൻവിസിബിൾ പ്രൊട്ടക്ഷൻ) നൽകാൻ സഹായിക്കുന്നുവെന്നും, അതുവഴി അമേരിക്കൻ ഗവണ്മെൻറിന്റെ താല്പര്യങ്ങൾ നിറവേററപ്പെടുന്നുവെന്നും ഇററലിയിലെ സ്റ്റേററു ഉടമയിലുള്ള ഇ. എൻ. ഐ. യുടെ മുൻചീഫു് എന്റിക്കോ മത്തേ പറ

ത്തിട്ടുണ്ട്. ഉൽപ്പാദനച്ചിലവു കൂടുതലാണെങ്കിലും, എണ്ണയുടെ വിപണനം നടക്കുന്നതു് ഉയർന്ന വിലയ്ക്കായിരുന്നതുകൊണ്ട് അമേരിക്കയിലെ എണ്ണയുത്പാദനം ആദായകരമാണ്; അതിനു വളരാൻ കഴിയുന്നു.[1]

നിലവിലുള്ള വില നിർണ്ണയ സമ്പ്രദായമനുസരിച്ച് ഇന്ത്യയിൽ എണ്ണവില്പന നടത്തുന്നതുകൊണ്ട് ഇന്റർനാഷണൽ പെട്രോളിയം കാർട്ടലിലെ അംഗങ്ങൾക്ക് കിട്ടുന്ന അദൃശ്യമായ ലാഭം എന്താണെന്ന് നമുക്കു കണക്കാക്കി നോക്കാം. എണ്ണക്കമ്പനികൾ, 1961-ൽ ശുദ്ധീകരണത്തിനായി 6 മില്യൻ ടൺ എണ്ണ ഇന്ത്യയിൽ കൊണ്ടുവന്നു.[2] ടണ്ണൊന്നിന് 12.50–13.50 ഡോളർ വിലക്ക് (ചരക്കു കടത്തുകൂലി, ഇൻഷ്വറൻസ്, കപ്പലിൽനിന്ന് ചരക്കു പുറത്താക്കാനുള്ള കൂലി-ഡിസ്ചാർജ്-എന്നിവ ഇതിൽ ഉൾപ്പെടുന്നില്ല) മദ്ധ്യപൂർവ്വദേശമൊഴികെയുള്ള തുറമുഖങ്ങളിൽനിന്ന് കൊണ്ടുവന്നതാണ് ഈ എണ്ണ. ഇതിന് ഇന്ത്യയിൽ 75-81 മില്യൻ ഡോളർ(355-385 മില്യൻ രൂപ) ആയിരുന്നു വില. കപ്പലിലെ ചരക്കിന് തുറമുഖത്തിൽവച്ചു കണക്കാക്കുന്നവില ഇങ്ങനെയാണ്. എണ്ണഖനനത്തിനുള്ള ചിലവ് 15 ശതമാനം, നികുതിയും റോയൽട്ടികളും 42.5 ശതമാനം, എണ്ണഖനനം ചെയ്യുന്ന കമ്പനിക്കുള്ള സമ്പാദ്യം 42.5 ശതമാനം.[3] ഇന്ത്യയിൽഒരു ടൺഎണ്ണ വില്ക്കുമ്പോൾ കുത്തകകൾക്ക് 5.30 മുതൽ 5.70

---

1. എൻറിക്കോ മത്തേ, എനർജി ആൻഡ് ഹൈഡ്രോ കാർബൺ പ്രോബ്ളംസ്, പേജ് 17.
2. ഇന്ത്യൻ പെട്രോളിയം ഹാൻഡ് ബുക്ക്, 1962, പേജ് 63.
3. ഇ. എൻ. ഐ. എനർജി ആൻഡ് ഹൈഡ്രോ കാർബൺസ് ഇൻ 1961, 62 പേജ് 12.

ഡോളർവരെ അഥവാ 6 ടൺ എണ്ണ വില്ക്കുമ്പോൾ 31.8 മില്യൻ മുതൽ 34.2 മില്യൻ ഡോളർവരെ (148 മില്യൻ രൂപാ മുതൽ 162 മില്യൻ രൂപാവരെ) അദൃശ്യ ലാഭം ലഭിക്കുന്നു എന്നാണു് ഇതിൻെറ അർത്ഥം. ഇന്ത്യയിലെ എണ്ണ ശുദ്ധീകരണശാലകൾക്കുള്ള എണ്ണ ഏതുസ്ഥലത്തു നിന്നായിരിക്കണമെന്നതിൽ കുത്തകകൾ എന്തിനാണു് നിർബന്ധം കാണിക്കുന്നതെന്നു് ഇതിൽനിന്നു് വ്യക്തമാണു്.

മുതലാളിത്ത ലോകവിപണിയിലേതിലും ഉയർന്നവിലക്കു ഇന്ത്യയിൽ എണ്ണ വിൽക്കാനുള്ള മാർഗ്ഗങ്ങളാണു് യഥാർത്ഥത്തിൽ കുത്തകകൾ കണ്ടുപിടിച്ചിരിക്കുന്നതു്. മുതലാളിത്ത ലോകത്തിലെ എണ്ണയുത്പാദനം താരതമ്യേന അധികമായതുകൊണ്ടും (ഓവർ പ്രൊഡക്ഷൻ) മുദ്രിത വിലയിൽ പലതരത്തിൽ ഡിസ്കൌണ്ടു് നൽകാറുണ്ടെന്നതുകൊണ്ടും. ലോകത്തു് എണ്ണക്കു ഒരു വില മാത്രമല്ല ഉള്ളതു്. അമേരിക്കയിലേയും ബ്രിട്ടനിലേയും പ്രമുഖ എണ്ണക്കമ്പനികൾ, സ്വതന്ത്ര രാജ്യങ്ങൾക്കും എണ്ണയിറക്കുമതി ചെയ്യുന്ന യൂറോപ്പിലെ മററു രാജ്യങ്ങൾക്കും ജപ്പാനും മുദ്രിതവിലയിൽ ഗണ്യമായ തരത്തിലുള്ള ഡിസ്കൌണ്ടു് അനുവദിക്കാറുണ്ടു്. എന്നാൽ എണ്ണവിതരണവും വിൽപനയും കുത്തകകൾ തന്നെ നിർവഹിച്ചുപോരുന്ന ഇന്ത്യാ, പാകിസ്ഥാൻ, സിലോൺ എന്നീ രാജ്യങ്ങളിലും ദക്ഷിണപൂർവ്വേഷ്യയിലെ മററു രാജ്യങ്ങളിലും സാധാരയായി ഈ ഡിസ്കൌണ്ടു് നൽകപ്പെടാറില്ല.

പശ്ചിമയൂറോപ്പു്, ജപ്പാൻ എന്നിവിടങ്ങളിൽ എണ്ണ വിൽക്കുന്നതു് എന്തു വിലയ്ക്കാണു് എന്ന കാര്യം ശ്രദ്ധാപൂർവ്വം ഒളിച്ചുവയ്ക്കപ്പെടുകയാണു്. ഇതേക്കുറിച്ചു് ഒരു എണ്ണക്കമ്പനിയുടെ വക്താവു് ഇങ്ങനെ പറഞ്ഞിരിക്കുന്നു: "യൂ

റോപ്പിലെ വില നാം പരസ്യപ്പെടുത്തുകയാണെങ്കിൽ, നമ്മെ അതു് വിഷമത്തിലാക്കും. ഉദാഹരണത്തിന്നു് സിലോണിൽ.1 ഫൈനാൻഷ്യൽ ടൈംസ് 1961 ഏപ്രിൽ 27-ാംതീയതി ഇങ്ങനെ എഴുതിയിരിക്കുന്നു: പശ്ചിമ യൂറോപ്പിലെ (എണ്ണയുടെ) വില പരസ്യപ്പെടുത്തുവാനുള്ള സാദ്ധ്യത കാൽടെക്സ് ആരായുകയുണ്ടായി. എന്നാൽ ഇതു് തങ്ങളുടെ താല്പര്യത്തിന്നു് എതിരായിരിക്കുമെന്ന നിഗമനത്തിലാണു് അവർ എത്തിയതു്. ഇന്ത്യ, പാകിസ്ഥാൻ, സിലോൺ എന്നിവയും എണ്ണ ഇറക്കുമതിചെയ്യുന്ന മററു രാജ്യങ്ങളും പശ്ചിമയൂറോപ്പിലുള്ള ഡിസ്കൌണ്ടും മററാനുകൂല്യങ്ങളുമാവശ്യപ്പെടുമെന്ന ലളിതമായ കാരണമാണു് ഇവരുടെ ഈ നിലപാടിനു പിന്നിലുള്ളതു്. മദ്ധ്യപൂർവ്വദേശത്തെ എണ്ണയുടെ ഔദ്യോഗിക വിലയിൽ, 1960 ആഗസ്റ്റ് വരെ മാററമൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും, ആ വർഷം മദ്ധ്യത്തോടുകൂടി ഒപ്പുവയ്ക്കപ്പെട്ട കോൺട്രാക്ടുകളനുസരിച്ചു് 40 മുതൽ 45 ശതമാനംവരെ ഡിസ്കൌണ്ടു് അനുവദിക്കപ്പെട്ടിരുന്നു. ഔദ്യോഗികവിലയിൽ 4-6 ശതമാനത്തിൻെറ കുറവു് വരുത്തിയതിനെതുടർന്നു്, ആഗസ്റ്റിൽ ഉണ്ടാക്കിയ കോൺട്രാക്റ്റിൽ 35 ശതമാനം മുതൽ 40 ശതമാനംവരെ ഡിസ്കൌണ്ടുകൂടി ഉൾപ്പെടുത്തപ്പെട്ടു. ഈ ഏർപ്പാടുകൾ 1961, 62, 63 എന്നീവർഷങ്ങളിൽ തുടരുകയുണ്ടായി. മത്സരംകാരണം, 1961-ൽ പശ്ചിമയൂറോപ്പിൽ എണ്ണനൽകിയതു് 30 ശതമാനം ഡിസ്കൌണ്ടോടുകൂടിയായിരുന്നുവെന്നു് 1961 നവമ്പർ 23-ാം തീയതിയിലെ ഫൈ

---

1. പ്ലാററ്സ് ഓയിൽഗ്രാം, ഏപ്രിൽ 12, 1961.

നാൻഷ്യൽടൈംസ് പറഞ്ഞിട്ടുണ്ട്. 1962-ൽ 10 മുതൽ 30 വരെ ശതമാനം ഡിസ്കൗണ്ടാണുണ്ടായിരുന്നതു്.[1]

മുതലാളിത്ത ലോകവിപണിയിൽ നടക്കുന്ന എണ്ണയുടെ മൊത്തം വിൽപ്പനയിൽ 10 മുതൽ 12 വരെ ശതമാനത്തിനു് 15 മുതൽ 25 ശതമാനംവരെ ഡിസ്കൗണ്ടു് ഉണ്ടായിരുന്നതായി ഫസ്റ്റ് നാഷണൽ സിററിബാങ്ക് 1962 ഡിസമ്പറിൽ നടത്തിയ ഒരു പഠനത്തിൽപറയുന്നു. 'ജപ്പാൻ പെട്രോളിയം ന്യൂസ്'' 1963 ആഗസ്റ്റ് 20, 23 എന്നീ തീയതികളിൽ രേഖപ്പെടുത്തിയിട്ടുള്ളതു്, ജപ്പാൻ കമ്പനികൾ ആ വർഷം മുദ്രിതവിലയിലും 10-13 ശതമാനം കുറച്ചു് ഇറാനിയൻ എണ്ണവാങ്ങിയെന്നാണു്. ഇറാനിയൻ എണ്ണയിൽ അധികഭാഗവും വിററതു് 24 ശതമാനം ഡിസ്കൗണ്ടോടുകൂടിയായിരുന്നുവെന്നു് സെപ്റ്റംബർ രണ്ടിലെ ന്യൂയോർക്കു് ടൈംസ് രേഖപ്പെടുത്തിയിട്ടുണ്ടു്.

ഈ ഡിസ്കൗണ്ടുകളുടെ കാര്യം എല്ലായ്പോഴും മറച്ചു പിടിക്കപ്പെടുകയാണു്. എണ്ണയോടൊപ്പം ഗ്യാസ്ഓയിൽ, പെട്രോൾ തുടങ്ങിയവ നൽകുന്നതിനുപുറമേ, ഇറക്കുമതി നടത്തുന്നവർക്കു് വിഷമകരമല്ലാത്തതരത്തിലുള്ള വായ്പകളും കടങ്ങളും, ചരക്കുകയററിറക്കു റിബേററുകളും നൽകപ്പെടുന്നു. ഇൻററർനാഷണൽ പെട്രോളിയം കാർട്ടലിലെ അംഗങ്ങൾ ദീർഘകാല കോൺട്രാക്ടുകൾ ഉണ്ടാക്കുമ്പോഴും ഈ ഡിസ്കൗണ്ടുകൾ അനുവദിക്കപ്പെടാറുണ്ടു്. പൂർവ്വാർദ്ധഗോളത്തിലുള്ള 1963-ലെ എണ്ണവിപണിയുടെ സ്ഥിതിയെ സംബന്ധിച്ചുള്ള ഫസ്റ്റ് നാഷണൽ

---

1. പ്ലാററ്സ്ഓയിൽഗ്രാം ഫെബ്രുവരി 5, മാർച്ച് 14, ആഗസ്റ്റ് 1, 1962.

സിററിബാങ്കിൻെറ വാർഷിക പുനരവലോകന റിപ്പോർട്ടിൽ ഇക്കാര്യം സമ്മതിച്ചിട്ടുള്ളതായി 1964 ഫെബ്രുവരി 10-ലെ പ്ലാററ്സ് ഓയിൽഗ്രാം ചൂണ്ടിക്കാണിക്കുന്നു. സഹായകകമ്പനികൾക്കും ഡിസ്കൗണ്ട നൽകിയിരുന്നുവെന്നും, എന്നാലതു്, സാധാരണയായി മററു എണ്ണക്കമ്പനികൾക്ക വ്യാപാരത്തിൽ നൽകുന്ന ഡിസ്കൗണ്ടിനെക്കാൾ കുറവായിരുന്നുവെന്നും അതിൽ പറഞ്ഞിട്ടുണ്ടു്. എണ്ണയുടെ അധികോത്പ്പാദനം, ആവശ്യകതയെക്കാൾ കൂടുതലായുള്ള വിതരണം, കടുത്തമത്സരം, എന്നിവകാരണം ഒരു നിശ്ചിതവില നിലനിർത്തുവാൻ ഇൻറർ നാഷണൽ പെട്രോളിയം കാർട്ടലിനു കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ, മുദ്രിതവില, ഡിസ്കൗണ്ട അനുവദിക്കാനായി പരിഗണിക്കപ്പെടേണ്ട തുകയുടെ നിലവാരത്തിൽ എത്തുന്നു.

ദീർഘകാലമായി, ഇന്ത്യക്ക ദ്രവഇന്ധനവ്യാപാരത്തിൽ യാതൊരു അവകാശവും നേടാൻ കഴിഞ്ഞില്ല. രൂപാ നൽകുന്നതിൻെറ അടിസ്ഥാനത്തിൽ, ന്യായമായ ലോകവിലക്കു്, ഇന്ത്യക്ക എണ്ണ നൽകാമെന്നു് സോവിയററുയൂണിയൻ പറഞ്ഞതിനെ തുടർന്നാണു് ഇന്ത്യക്കു് ആനുകൂല്യങ്ങൾ നൽകാനും മുദ്രിത വിലയിൽ 8 ശതമാനത്തിൻെറ ഡിസ്കൗണ്ട നൽകാനും 1960-ൽ വിദേശ എണ്ണക്കുത്തകകൾ തീരുമാനിച്ചതു്. കുത്തകകൾനൽകിയ ഈ ഡിസ്കൗണ്ടു് മററുരാജ്യങ്ങൾക്കു് അനുവദിക്കപ്പെടുന്നതിലുംതീരെകുറവായിരുന്നു. ഉദാഹരണത്തിനു്, ജപ്പാനു് 1.86 ഡോളർ മുദ്രിതവിലയ്ക്കുള്ള ഒരുബാരൽ എണ്ണ നൽകുമ്പോൾ 30 സെൻറിൻെറ ഡിസ്കൗണ്ട (16 ശതമാനം) അനുവദിച്ചിരിരുന്നു.[1]

---

1 ഫൈനാൻഷ്യൽ ടൈംസ്, നവമ്പർ 23, 1961

ഇന്ത്യക്കു നൽകുന്ന ദ്രവഇന്ധനത്തിന്റെ വില വർദ്ധിപ്പിക്കാനുള്ള ഓരോ സന്ദർഭവും എണ്ണക്കുത്തകകൾ ഉപയോഗപ്പെടുത്തുന്നു. "ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്ന എണ്ണയിൽ ഒരു തുള്ളിപോലും സൂയസ്സ് വഴിയല്ല കടന്നുവരുന്നതെങ്കിലും"[1] സൂയസ്സ്പ്രശ്നം കാരണം എഫ്. ഒ. ബി. വില (ഫ്രീ ഓൺ ബോർഡ്-കപ്പൽക്കൂലിയുൾപ്പെടെയുള്ള വില. ഉയരുകയും ചരക്കു കടത്തുകൂലി വർദ്ധിക്കുകയും ചെയ്തതുകൊണ്ട് പ്രധാന എണ്ണയുല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കണമെന്ന് ബർമ്മാഷെല്ലും മററു കുത്തകകളും 1957 ഫെബ്രുവരിയിൽ ഇന്ത്യാഗവർമ്മെൻറിനോടു ആവശ്യപ്പെടുകയുണ്ടായി. ഈ ആവശ്യങ്ങളിൽ ചിലതു് ഇന്ത്യാഗവർമ്മെൻറിനു് അംഗീകരിക്കേണ്ടിവന്നു. "ലോകത്തു് കപ്പൽക്കൂലി വർദ്ധിച്ചു എന്നു -പറഞ്ഞുകൊണ്ടാണു് വിലവർദ്ധനവിനായി കുത്തകകൾ എപ്പോഴും വാദിച്ചിട്ടുള്ളതു്. എന്നാൽ. ലോകത്തിലെ കപ്പൽക്കൂലി വീണ്ടും സാധാരണ ഗതിയിലാകുമ്പോൾ സ്വയം എണ്ണവിലകുറച്ച് ഉപഭോക്താക്കളോടുള്ള സ്നേഹം ഇവർ പ്രകടിപ്പിച്ചിട്ടില്ല."[2]

രാജ്യത്തിനകത്തു് ഉയർന്ന വില നിർദ്ദേശിക്കാനും അങ്ങനെ അധികലാഭം നേടാനും കഴിയുന്ന ഒരു സ്ഥിതിയിലാണു് വിദേശ എണ്ണ കുത്തകകൾ. പെരുപ്പിച്ചു കാണിക്കുന്ന വ്യാപാരച്ചിലവു് വിലയുമായി ബന്ധപ്പെടുത്തിയാണു് ഇവരിതു ചെയ്യുന്നതു്. ബോംബെയിൽ ഏവിയേഷൻ സ്പിരിററിൻെറ (വിമാന ഇന്ധനം) വില കറാച്ചി, കൊളമ്പു്, റംഗൂൺ, സിങ്കപ്പൂർ, ലണ്ടൻ, അങ്കാറ, ബാഗ്ദാദ്,

---

1 പെട്രോളിയം വർക്കർ, ഒക്ടോബർ, 1958. പേജ് 10.

2 ,, ,,

സിഡ്നി എന്നിവിടങ്ങളിലേതിലും കൂടുതലായിരുന്നു.[1] ഏവിയേഷൻ സ്പിരിററിന്റെ വില ഇമ്പീരിയൽ ഗ്യാലനൊന്നിനു ബോംബേയിൽ 1.97 രൂപയും ലണ്ടനിൽ 1,43 രൂപയും ആയിരുന്നു. മോട്ടാർ സ്പിരിററിന്റെ വില (നികുതി, തീർവ തുടങ്ങിയവ കുറച്ച്) ഇമ്പീരിയൽ ഗ്യാലനൊന്നിന് കറാച്ചിയിൽ 1.27 രൂപയും കൊളമ്പിൽ 1.13 രൂപായും സിങ്കപ്പൂരിൽ 1. 16 രൂപയുംലണ്ടനിൽ 1.19 രൂപയും ആയിരുന്നെങ്കിൽബോംബെയിലതു് 1.33 രൂപയായിരുന്നു[2] "മോട്ടോർസ്പിരിററ് ശുദ്ധീകരിച്ചെടുക്കാനാവശ്യമായ അസംസ്കൃതസാധനം ദീർഘദൂരം—യൂറോപ്പുവരെ-കൊണ്ടുപോകേണ്ടിവരുമെങ്കിലുംബ്രിട്ടനിലും പശ്ചിമയൂറോപ്പിലും ഇന്ത്യയിലേതിനെക്കാൾ കുറഞ്ഞ വിലയ്ക്കു് മോട്ടോർ സ്പിരിററ് വില്ക്കാൻ കഴിയും. ഇങ്ങനെ വ്യക്തമായ ക്രമക്കേടാണ് ഈ വിലയുടെ ഫലമായി ഉണ്ടാകുന്നതു്"[3]

1950-ൽ ഇന്ത്യയുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട 'വാല്യൂഡ് സ്റ്റോക്ക് അക്കൗണ്ട്' എന്നറിയപ്പെടുന്ന ഏർപ്പാടുമൂലം, ഇറക്കുമതി ചെയ്യുന്ന എല്ലാ ദ്രവഇന്ധനങ്ങളുടേയും അവസാനവിലകണക്കാക്കാനുള്ള സ്വാതന്ത്ര്യം എണ്ണക്കമ്പനികൾക്കു ലഭിക്കുകയുണ്ടായി. ഇങ്ങനെ, രാജ്യത്തിനകത്തുള്ള എണ്ണയുടെ അമിതമായ വിലയിൽനിന്നു് ലാഭം തട്ടിയെടുക്കാൻ എണ്ണക്കമ്പനികൾക്കു കൂടുതൽ സൗകര്യം

---

1. ഇന്ത്യാപ്രസ്സ് ഏജൻസി, ഏപ്രിൽ 29, 1958.
2. എസ്റ്റിമേററ്സ് കമ്മിററി, 1957-58; ട്വൻറിസെക്കൻറ് റിപ്പോർട്ട് (ഇരുപത്തിരണ്ടാം റിപ്പോർട്ട്) മിനിസ്ട്രി ഓഫ് സ്റ്റീൽ മൈൻസ്, ആൻറ് ഫ്യൂവൽ, ന്യൂഡൽഹി, ഏപ്രിൽ 1958, പേജ് 37.
3. എക്കണോമിക് വീക്കിലി, നവമ്പർ 24, 1956. പേജ് 1359

ലഭിച്ചു. അവസാനവിലയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യാപാരച്ചിലവ് പരിശോധിച്ച് തിട്ടപ്പെടുത്താൻ ഈ സ്ഥിതിയിൽ ഇന്ത്യാഗവർമ്മെണ്ടിന്നു കഴിയാതെ വരികയും ചെയ്തു. 1958 മേയ്മാസത്തിൽ മാത്രമാണ്, ഇന്ത്യാഗവണ്മെൻറിന് ഈ കരാർ റദ്ദാക്കാനും രാജ്യത്തിനകത്തെ എണ്ണയുടെവില തിട്ടപ്പെടുത്തുന്നത് നിയന്ത്രിക്കാനുള്ള കൂടുതൽ ഫലപ്രദമായ ഏർപ്പാടുണ്ടാക്കാനും കഴിഞ്ഞത്.

ദ്രവഇന്ധനങ്ങൾക്കു ഇന്ത്യയിലെ വില എത്രവലുതാണെന്ന് താഴെപ്പറയുന്ന കണക്കുകളിൽനിന്ന് വ്യക്തമാകും: 1958 മുതൽ 62 വരെ പെട്രോളിൻേറയും ഗ്യാസ്ഓയിലിൻേറയും (കപ്പൽക്കൂലി ഉൾപ്പടെയുള്ള വില-എഫ്. ഒ. ബി) പ്രതിവർഷമുള്ള ശരാശരി മുദ്രിതവിലയിൽ (അബാദാനിൽനിന്നാണ് ഇന്ത്യക്ക് പെട്രോളും ഗ്യാസ് ഓയിലും നൽകുക) 10-12 ശതമാനത്തിൻെറ കുറവുമാത്രമേ ഉണ്ടായുള്ളു. ഇതേ സമയത്ത് ആംഗ്ലോ-അമേരിക്കൻ കുത്തകകളുടെ നടപടികളെക്കുറിച്ച് തുടർച്ചയായി വിമർശനമുണ്ടാവുകയും ഇതേത്തുടർന്ന് ഇന്ത്യയിലെ പെട്രോളിൻേറയും എണ്ണയുടേയും വിലയിൽ (തീരുവയും എക്സൈസ് നികുതിയും മററു നികുതികളും കൂടാതെ) അവർ 33 ശതമാനത്തിൻെറ കുറവുവരുത്തുകയും ചെയ്തു. 1 വീണ്ടും വിമർശനമുണ്ടാകാൻ ഇടയുള്ളതുകൊണ്ട്, അവസാനവിലയിൽ കണക്കാക്കപ്പെടുകയും വൻതോതിൽ ലാഭംനേടാൻ സഹായിക്കുകയും ചെയ്യുന്ന കണക്കിലേറെയുള്ള (ഇൻഫ്ളേററഡ്) വ്യാപാരച്ചിലവ് എണ്ണക്കുത്തകകൾക്കു വെ

---

1. പെട്രോളിയം ട്രേഡ് ജേർണലിൽ നിന്ന് കണക്കാക്കപ്പെട്ട വില. ഏപ്രിൽ 1962, പേജ് 22, ൨3.

ട്ടിക്കുറയ്ക്കേണ്ടിവന്നു. വിലയുടെ ഘടന എന്താണെന്ന് വെളിപ്പെടുത്താത്തതുകൊണ്ട് ഇറക്കുമതിയിലും ചില്ലറ വിലയിലും ഉള്ള വ്യത്യാസമായി ഇവർക്കു് കിട്ടുന്നതുക എത്രയാണെന്ന് വ്യക്തമല്ല. എന്നാൽ, ലാഭത്തിന്റെ ഒരു ഭാഗം മറച്ചുവയ്ക്കാനായി ഇവർ തങ്ങളുടെ വ്യാപാരച്ചിലവ് വർദ്ധിപ്പിച്ചുകാണിക്കുന്നുണ്ടോ എന്നതിൽ സംശയമേയില്ല. 1959-ൽ ദ്രവഇന്ധനങ്ങളുടെ വിലയിൽ ചിലവിനത്തിൽ കണക്കുകൂട്ടിയിരുന്ന തുക 1948-ലേതിനെക്കാൾ (രണ്ടുവർഷങ്ങളിലേയും എണ്ണയുടെ തോതു് ഒരുപോലെ കണക്കാക്കുമ്പോൾ) 240 ശതമാനം കൂടുതലായിരുന്നുവെന്ന് ഒരു ഗവണ്മെണ്ടു് സർവ്വേ വെളിപ്പെടുത്തുകയുണ്ടായി.[1] അവരുടെ വ്യാപാരച്ചിലവുകൾ പരിശോധിച്ചതിനു ശേഷമാണ് ഗവണ്മെണ്ടു് ഇങ്ങനെ പറഞ്ഞതു്.[2] 1948-നും 1957-നും ഇടയ്ക്കു്, ഓരോ യൂണിററു് ദ്രവഇന്ധനത്തിന്റേയും വിൽപ്പനയിലുള്ള ബർമ്മാഷെല്ലിന്റെ വ്യാപാരച്ചിലവും ലാഭവും 40 ശതമാനം ഉയർന്നു. (കാൽടെക്സിനും, ഇന്തോ-ബർമ്മാ പെട്രോളിയം കമ്പനിക്കും 35 ശതമാനം).[3] സ്റ്റാൻവാക്കിന്റെ വ്യാപാരച്ചിലവാണ് ഏററവും കുറഞ്ഞതായി പരിഗണിക്കപ്പെട്ടന്നതു്; എന്നാൽ ഇവരുടെ ചിലവിന്റെ 1957-ലെ തോതിൽപോലും 20 ശതമാനത്തിന്റെ കുറവുവരുത്താവുന്ന

---

1. ഇന്ത്യാ പ്രസ്സ് ഏജൻസി, ഡിസമ്പർ 17, 1959.
2. '........പെട്രോൾ ഗവൺമെണ്ടു് അക്കൗണ്ടുകൾ പരിശോധിച്ചതുടങ്ങി. സർവ്വീസ് സ്റ്റേഷനുകളുടെ മൊത്തമുള്ള ചിലവിൽ 500 ശതമാനത്തിന്റെ വർദ്ധനവുണ്ടായിരുന്നു എന്നാൽ, വ്യാപാരത്തിലുള്ള മൊത്തം വർദ്ധനവനുസരിച്ചു് ഒററപൈ പോലും ചിലവാക്കപ്പെട്ടിട്ടില്ല.' (ന്യൂഏജ്, മാർച്ച് 20, 1960. പേജ് 16)
3. ക്യാപിററൽ, സെപ്റ്റംബർ 3, 1959, പേജ് 333.

തായിരുന്നു. വിലയിൽ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങളിൽ ഒന്ന് എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരുടെ ഉയർന്ന ശമ്പളമായിരുന്നു. ഉയർന്ന മാനേജിംഗ്-ടെക്ക്നിക്കൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുന്നതുകൊണ്ടുമാത്രം കാൽടെക്സിന് അതിൻെറ വ്യാപാരച്ചിലവിൽ 7.8-8 മില്യൻ രൂപായുടെ കുറവുവരുത്താൻ കഴിയുമെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ലണ്ടനിലേയും ന്യൂയോർക്കിലേയും ഹെഡ്ഓഫീസുകളുടെ നടത്തിപ്പിനുള്ള ചിലവ് ബ്രിട്ടനിലേക്കും അമേരിക്കയിലേക്കും മററു രാജ്യങ്ങളിലേക്കും എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്ക് യാത്രചെയ്യാനുള്ള ചിലവ്, എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്ക്, ഇന്ത്യയിൽ താമസിക്കാനാവശ്യമായ വീടിൻെറ ചിലവ്, പ്രൊമോഷനും പരസ്യത്തിനും ഉള്ള ചിലവ്, തുടങ്ങിയ വ്യാപാരച്ചിലവിൻെറ ഇനങ്ങളിൽ ഉൾപ്പെടുന്നതായി ഇന്ത്യൻ പത്രങ്ങൾ റിപ്പോർട്ടുചെയ്തിട്ടുണ്ട്. കമ്പനിയുടെ ചിലവുകൾ, വ്യാപാരത്തിലെ മുതൽമുടക്കായി കാണിക്കുന്ന കപടരീതിമൂലം കമ്പനികൾ നേടുന്ന ലാഭം ഏറിവരികയാണ്.

x x x x x

ആംഗ്ലോ-അമേരിക്കൻ മൂലധനകുത്തകകൾ ഇന്ത്യയിലെ എണ്ണബിസിനസ്സിൻെറ ഓരോ മേഖലയിൽ നിന്നും വൻതോതിലുള്ള ലാഭം കയ്യടക്കുന്നതുകാരണം, ഇന്ത്യയുടെ സ്വതന്ത്ര സമ്പത്ഘടന ത്വരിതഗതിയിൽ കെട്ടിപ്പടുക്കുന്നതിനാവശ്യമായ ധനാഗമമാർഗ്ഗങ്ങൾക്ക് നഷ്ടവും നാശവും നേരിടുന്നു. "....എണ്ണയുടെ കാര്യത്തിൽ, വിലയിടിവ് തടയാനായി കൂട്ടുപ്രവർത്തനം നടത്തുന്ന ആംഗ്ലോ-അമേരിക്കൻ കുത്തകകളെ ആശ്രയിക്കുന്നതിന്റെ

ഫലമായി കുത്തകകൾ നിശ്ചയിക്കുന്ന വില ഇന്ത്യ നൽകേണ്ടിവരുന്നു. ഇന്ത്യയുടെ സാമ്പത്തികവികസനത്തെ ഇതു് പുറകോട്ടടിക്കുകയും ചെയ്യുന്നു."1

എണ്ണഖനനത്തിൻെറ കാര്യംതന്നെ എടുക്കുക. നേരത്തെ പറഞ്ഞതുപോലെ, ആസ്സാമിലെ ദിഗ്ബോയിയിലുള്ള ഒരു എണ്ണശുദ്ധീകരണശാലമാത്രമാണ് 1961 വരെ ഇന്ത്യയിൽ പ്രവർത്തിച്ചുപോന്നതു്. എണ്ണ ഖനനം ചെയ്യാനും ശുദ്ധീകരിക്കാനുമായി ആസ്സാം ഓയിൽ എന്ന ഓപ്പറേററിംഗ് കമ്പനി രൂപീകരിച്ച ബർമ്മാഷെല്ലിനാണ് ഇതിൻെറ ലാഭംലഭിച്ചതു്. ബർമ്മാഓയിൽ 1921-ൽ നാമമാത്രമായ വില നിശ്ചയിച്ച് (310, 000 പവൻ) ആസ്സാം ഓയിലിൻെറ സാധാരണ സ്റ്റോക്ക് വാങ്ങുകയും 1948-നുശേഷം തങ്ങളുടെ ഓഹരി മൂലധനം 400,000 പവനാക്കിവർദ്ധിപ്പിക്കുകയുംചെയ്തു. ഇവർ 1943 മുതൽ 1953 വരെയുള്ളകാലത്തു് 7 മില്യൻപവനിലേറെലാഭമുണ്ടാക്കുകയും ചെയ്തു, 2 ഈ ലാഭമൊന്നും ആസ്സാം ഓയിലിൻെറ വികസനത്തിനോ, സംഭരണ സൗകര്യം ആധുനിക രീതിയിലാക്കുന്നതിനോ ഉപയോഗിക്കപ്പെട്ടില്ല. 1921-നുശേഷം ഇതിൻെറ കരുതൽ മൂലധനത്തിൽ യാതൊരു മാററവും ഉണ്ടായതുമില്ല. ഇന്ത്യയുടെ വിലപ്പെട്ട ധാതുസമ്പത്തു് ചൂഷണം ചെയ്തതുമൂലമുള്ള ലാഭം ലണ്ടനിലാണ് എത്തിയതു്. ഇതിൽ ഗവൺമെൻറിനു് കിട്ടിയതു് കൺസഷൻ ഫീസ് (കുത്തകകൾക്കു എണ്ണഖനനത്തിനും ശുദ്ധീകരണത്തിനും അനുവാദം നൽകുന്നതിനുള്ള പ്രതിഫലം) മാത്രമായിരുന്നു.

---

1. ദി നാഷണൽ ഹെറാൾഡ്. ജൂലൈ 4, 1959.
2. പെട്രോളിയം വർക്കർ, ആഗസ്റ്റ്, 1958, പേജ് 8.

സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷമുള്ള ആദ്യവർഷങ്ങളിൽ തികച്ചും ലാഭകരമായവ്യവസ്ഥകളോടുകൂടി ഇന്ത്യയിൽഎണ്ണഖനനം ചെയ്യാനുള്ള അനുവാദമാണ് വിദേശകുത്തകകൾ നേടിയതു്. ഇന്ത്യയിലെ കൺസഷൻ ഫീസ് മററു രാജ്യങ്ങളിലേതിലും വളരെ കുറഞ്ഞതോതിലാണ് 1949-ലെ പെട്രോളിയം കൺസഷൻ റൂൾസിൽ നിശ്ചയിച്ചിട്ടുള്ളതു്. ഖനനംചെയ്യുന്നഎണ്ണയുടെവിലയുടെ 10 ശതമാനമായിരുന്നു ഇന്ത്യയിലെ കൺസഷൻ ഫീസ്. എന്നാൽ ഇതു് ബൊളിവിയയിലും-ഇക്വഡോറിലും 11 ശതമാനവും അർജന്റീനയിൽ 12 ശതമാനവും, ഇറാൻ, ഇറാക്ക്, നൈജീരിയ, ടർക്കി, പാക്കിസ്ഥാൻ, ഫിലിപ്പൈൻസ് എന്നിവിടങ്ങളിൽ 12.5 ശതമാനവും ആസ്ട്രേലിയായിൽ 15 ശതമാനവും വെനിസുലായിൽ 16⅔ ശതമാനവും ആയിരുന്നു.[1] കൊളോണിയൽ ഭരണവുമായുള്ള ബന്ധംകൊണ്ട് കൺസഷൻഫീസ് കുറച്ചുകിട്ടുന്നതിനുള്ള—5 ശതമാനം മാത്രം-ഒരു പ്രത്യേകകരാർ 1943-ൽ ഉണ്ടാക്കുവാൻ ഇവർക്കു് കഴിഞ്ഞു.[2]

ഇന്ത്യയിലെ എണ്ണ ശുദ്ധീകരിച്ച് ആസ്സാമിലെ പ്ലാന്റിൽ ഉൽപ്പാദിപ്പിച്ച എണ്ണയുൽപ്പന്നങ്ങൾ. ഇറക്കുമതി ചെയ്യപ്പെടുന്ന എണ്ണയുൽപ്പന്നങ്ങളുടേതിനേക്കാൾ ഉയർന്ന വിലക്കാണ് ബ്രിട്ടീഷ് കമ്പനി വിററുപോന്നതു്. ഇറക്കുമതി ചെയ്യപ്പെടുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില അടിസ്ഥാനമായി എടുക്കുകയും അതിന്റെകൂടെ കൽക്കട്ട മുതൽ വിൽപ്പനകേന്ദ്രംവരെയുള്ള സാങ്കൽപ്പികമായ ചര

---

1. പെട്രോളിയം പ്രസ്സ് സർവ്വീസ്സ്, മേയ് 1956, പേജ് 162.
2. ദി എക്കണോമിക് വീക്ക്ലി, ജൂലൈ 7, 1962. പേജ് 1041.

ക്കു കയററിറക്കു കൂലി കൂട്ടുകയും ചെയ്യുന്ന രീതിയാണ് ബ്രിട്ടീഷ് കമ്പനിക്കുണ്ടായിരുന്നതു്. ഇങ്ങനെ സ്വന്തം പട്ടണത്തിൽ ഉൽപ്പാദിപ്പിച്ച പെട്രോൾ ഉപയോഗിക്കുന്ന ദിഗ്ബോയിലെ ഒരു കാറുകാരൻ പേർഷ്യൻ ഉൾക്കടൽ തുറമുഖം മുതൽ കൽക്കട്ടവരേയുള്ള ചരക്കുകയററിറക്കു കൂലിയും ഇൻഷ്വറൻസ് ചാർജ്ജും കൽക്കട്ടായിൽ അതു് ഇറക്കുകയും സംഭരിക്കുകയും ചെയ്യാനുള്ള ചെലവുമാത്രമല്ല ദിഗ്ബോയ്‌വരെയുള്ള ഓയിൽ ചരക്കുകയററിറക്കുകൂലിയും നൽകേണ്ടിവരികയായിരുന്നു. ഇതു് അനുചിതമാണെന്നു് 1957-ൽ ഇന്ത്യാഗവൺമെൻറു് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ത്യാ ഗവൺമെന്റിന്റെ ഭാഗത്തുനിന്നു് സമ്മർദ്ദമുണ്ടായതിന്റെ ഫലമായി ആസ്സാം എണ്ണയുൽപ്പന്നങ്ങളുടെ ഇന്ത്യയിലെ വിലയിൽ ചെറിയ ഒരു കുറവു വരുത്താൻ ഒടുവിൽ കുത്തകകൾ നിർബന്ധിതരായി.

ആസ്സാമിലെ നഹോർകാട്ട്യ, മൊറാൻ എന്നിവിടങ്ങളിലെ എണ്ണപ്പാടങ്ങളിൽ നിന്നും ബർമ്മാഓയിൽ വൻതോതിൽ ലാഭംനേടിവരികയായിരുന്നു. പുതിയ എണ്ണപ്പാടങ്ങളിലെ പ്രവർത്തനത്തിനുവേണ്ടി രൂപീകരിക്കപ്പെട്ട ഓയിൽ ഇന്ത്യയുമായി തുല്യപങ്കാളിത്തത്തോടെ പ്രവർത്തിക്കാൻ ഇന്ത്യാഗവൺമെൻറുമായി ബർമ്മാഓയിൽ പിന്നീടൊരുകരാർ ഉണ്ടാക്കി. എന്നാൽ, ഈ പ്രദേശത്തെ ഭാവിയിലുള്ള എണ്ണഖനനത്തിൽനിന്നു് താരതമ്യേന ഉയർന്ന തോതിലുള്ള ലാഭം ബർമ്മാഓയിലിനു് ലഭിക്കാനുള്ള വ്യവസ്ഥ അതിൽ ഉണ്ടായിരുന്നു. ഇവരുടെ നിക്ഷേപങ്ങളിന്മേൽ കുറഞ്ഞതു് 9 ശതമാനവും (നികുതികഴിച്ചു്) കൂടിയതു് 13 ശതമാനവും ലാഭം നൽകണമെന്നായിരുന്നു വ്യവസ്ഥ.[1] ഏററവും കൂടിയലാഭം

1. ദി കോമേഴ്സ്, ജൂൺ 3, 1962, പേജ് 1019.

നിശ്ചയിച്ചതു്, തീർച്ചയായും, ബർമ്മാഷെല്ലിൻെറ ലാഭം കുറയ്ക്കാൻ ഇടയാക്കി. എന്നാൽ, സമ്പന്നമായ ആസ്സാമിലെ എണ്ണപ്പാടങ്ങളിലെ ഖനനം വർദ്ധിപ്പിച്ചു്, ഓയിൽ ഇന്ത്യയുമായുള്ള അവകാശബന്ധം വഴികൂടുതൽ ലാഭംനേടാൻ പിന്നേയും അവർക്കു സൗകര്യമുണ്ടായിരുന്നു. നഹോർകാട്ട്യായിലും മൊറാനിലും 46 മില്യൻ ടൺ എണ്ണനിക്ഷേപമുള്ളതായാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്. പ്രതിവർഷമുള്ള എണ്ണഖനനം 3-3. 5 മില്യൻ ടണ്ണായി പ്ലാൻചെയ്യാൻ കഴിയുമെന്നാണു് ഇതിൻെറ അർത്ഥം.[1]

പുതിയകരാർ അനുസരിച്ചു്, നഹോർകാട്ട്യായ്ക്കും മൊറാനും കിഴക്കുള്ള ഒരുപോലെ സമ്പന്നമായ പ്രദേശത്തെ-4800 ചതുരശ്രകിലോമീററർ പ്രദേശത്തെ-എണ്ണഖനനത്തിനുള്ള അനുവാദം ഓയിൽ ഇന്ത്യായ്ക്കു ലഭിച്ചു; മുമ്പുണ്ടായിരുന്നതിലും മൂന്നിരട്ടി സ്ഥലംവരുമിതു്.

ആസ്സാമിലെ എണ്ണഖനനം വൻതോതിൽ ലാഭകരമാണെന്നു്, ഓയിൽ ഇന്ത്യായുടെ പ്രവത്തനങ്ങളുടെ ആദ്യഫലത്തിൽനിന്നു് വ്യക്തമാകുകയുണ്ടായി. നികുതികൾ, തേമാനം, വികസനഫണ്ടിനുവേണ്ടിയുള്ള കിഴിവു് എന്നിവയുംകഴിച്ചുള്ള ഓയിൽ ഇന്ത്യായുടെ അററാദായം 11. 5 മില്യൻ രൂപായായിരുന്നുവെന്നു് കമ്പനിയുടെ ചെയർമാനായ ഖണ്ഡുബായി കെ. ദേശായി തൻെറ 1961-ലെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. "നാം ഇപ്പോഴും വികസനഘട്ടത്തിലാണെന്നും, 1961-ൽ നമ്മുടെ എണ്ണവ്യാപാരം ഏകദേശം 300,000 ടൺ ആയിരുന്നു എന്നുംഉള്ള കാര്യം

1. ദി ഫൈനാൻഷ്യൻ എക്സ്പ്രസ്സ്, നവംബർ 30, 1963. 756000 മില്യൻ ഘനയടി ഗ്യാസ് ശേഖരമുള്ളതായാണു് കണക്കാക്കപ്പെടുന്നതു്

പരിഗണിക്കുമ്പോൾ, നമ്മുടെ അററാദായം ന്യായമായും തൃപ്തികരമാണെന്നു് ഞാൻ കരുതുന്നു."[1]

വരണ്ട കിണറുകൾ കുഴിപ്പിക്കുന്നതുൾപ്പെടെ എണ്ണയന്വേഷണത്തിനും എണ്ണ ഖനനത്തിനും വേണ്ടി കമ്പനി ചിലവാക്കുന്ന തുക കമ്പനിയുടെ ആദായനികുതിയിൽനിന്നു് ഒഴിവാക്കാനുള്ള അവകാശവും ഇന്ത്യാഗവണ്മെൻറിൽ നിന്നും ബർമ്മാ ഓയിലിനു് ലഭിച്ചിരുന്നു. ഇതിനുംപുറമേ ഓയിൽ ഇന്ത്യാക്കു സ്വത്തുക്കൾ കൈമാറിയതിനുവേണ്ടിയും, അനുവാദത്തോടെ നിർവ്വഹിച്ച ജോലിയുടെ കോമ്പൻസേഷനായും ആസ്സാം ഓയിലിനു് (വ്യക്തമായി പറഞ്ഞാൽ അതിൻെറ മാതൃകമ്പനിയായ ബർമ്മാ ഓയിലിനു്) ഓയിൽ ഇന്ത്യ 103.4 മില്യൻ രൂപാ നൽകുകയും ചെയ്തു.[2] ആസ്സാം വിപണിയിൽ, ആസ്സാം ഓയിലുള്ള ഓഹരി പരിരക്ഷിക്കപ്പെടുമെന്ന ഉറപ്പും ബർമ്മാ ഓയിൽ നേടുകയുണ്ടായി.

എണ്ണശുദ്ധീകരണവ്യവസായത്തിലും, വിദേശകുത്തകകൾ വൻതോതിൽ ലാഭം നേടുന്നുണ്ടു്. ഇന്ത്യയിൽ എണ്ണശുദ്ധീകരണശാലകൾ സ്ഥാപിച്ചതുമൂലം, ഉൽപ്പാദനച്ചിലവു കുറയ്ക്കുവാനും തീരുവയില്ലാതെ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുന്നതിൻെറ പ്രയോജനങ്ങൾ നേടാനും, കുറഞ്ഞ നിരക്കിൽ പ്ലാൻറുകൾ ഇറക്കുമതി ചെയ്യാനും, കൂലി കുറച്ചുകൊടുത്തു ഇന്ത്യാക്കാരെക്കൊണ്ടു ജോലി ചെയ്യിക്കുക എന്നു തുടങ്ങിയ ആനുകൂല്യങ്ങൾ നേടിയെടുക്കാനും കു

---

1. ദി സ്റ്റേററ്സ് മാൻ, ജൂൺ 26, 1962.
2. ദി ഇന്ത്യൻ പെട്രോളിയം ഹാൻഡ്ബുക്ക്, 1962, പേജ് 21.

ത്തകകൾക്കു കഴിഞ്ഞു. ഇങ്ങനെ, മററു മുതലാളിത്ത രാജ്യങ്ങളിൽ നിന്നുള്ളതിനേക്കാൾ കൂടുതൽ ലാഭം ഇന്ത്യയിൽ നിന്നു അവർക്കു ലഭിച്ചു. എണ്ണയുടെ ടണ്ണൊന്നിനുള്ള ഇവരുടെ ലാഭം ഇററലിയിൽ 1 പവൻ 18 ഷിലിംഗും ബ്രിട്ടനിൽ 2 പവനും, അമേരിക്കയിൽ 2 പവൻ 7 ഷിലിംഗും, ഫ്രാൻസിൽ 2 പവൻ 17 ഷിലിംഗും ഇന്ത്യയിൽ 4 പവനും ആയിരുന്നു. ഇന്ത്യയിൽ നിന്നുള്ള അവരുടെ ലാഭം വ്യവസായവൽക്കരണം നേടിയ രാജ്യങ്ങളിൽ നിന്നുള്ളതിൻെറ ഇരട്ടിയാണ് എന്നുകാണാം.[1]

സ്റ്റാൻഡാർഡ് വാക്വം റിഫൈനിംഗ് കമ്പനി അതിൻെറ ആദ്യവർഷത്തെ പ്രവർത്തനത്തെ സംബന്ധിച്ച് സക്കാരിൻെറ ഉല്പാദനവകുപ്പിന്ന് നൽകിയ റിപ്പോർട്ടിൽ; നിക്ഷേപമൂലധനത്തിന്മേലുള്ള അവരുടെ ലാഭം 60 ശതമാനമാണെന്നു പറഞ്ഞിരുന്നു. യഥാർത്ഥത്തിൽ, ലാഭം ഇതിലും കൂടുതലാണ്. ഇവർ നേടുന്ന ലാഭം 200 ശതമാനത്തോളം വരുമെന്നാണ് ഇന്ത്യൻ വിദഗ്ദ്ധന്മാർ കരുതുന്നതു്.[2]

എണ്ണ ഖനനത്തിലും ശുദ്ധീകരണത്തിലും ഉണ്ടായിരുന്ന കുത്തകയ്ക്കു പുറമെ, ഉൽപ്പന്നങ്ങൾ കയററിക്കൊണ്ടു പോകാനുള്ള സൗകര്യങ്ങൾ കൂടി ലഭിച്ചതുകൊണ്ടു് വിദേശകമ്പനികൾക്കു ഏററവും വലിയ ലാഭമാണ് ലഭിച്ചതു്. 1963-ൽ ഇന്ത്യയ്ക്കുണ്ടായിരുന്നതു് 4 എണ്ണക്കപ്പലുകൾ മാ

---

1. ദി ടൈംസ് ഓഫ് ഇന്ത്യ ഡയറക്ടറി ആൻറ് ഇയർ ബുക്ക് ഇൻക്ലൂഡിംഗ് ഹു ഇസ് ഹു; 1957-58, പേജ് 1966.
2. ന്യൂഏജ് മേയ് 27. 1956, പേജ് 1.

ത്രമായിരുന്നു. ഇവയിൽ, ആകെ കയററാവുന്ന എണ്ണം 44000 ടൺ ആയിരുന്നു. ഈ നാലു കപ്പലുകളിൽ ഒരെണ്ണം മാത്രമാണ് ഇറക്കുമതി ചെയ്യപ്പെടുന്ന എണ്ണ ഓരോ സ്ഥലത്തു കൊണ്ടുപോകാനായി ഉപയോഗിച്ചതു്. മൊത്തം 24,000 ടൺ എണ്ണ കയററാവുന്ന മററു മൂന്നു കപ്പലുകളും വിദേശ എണ്ണക്കമ്പനികൾക്കു വിട്ടുകൊടുത്തിരിക്കുകയായിരുന്നു. ഇന്ത്യയുടെ തീരപ്രദേശത്തു് എണ്ണയുല്പന്നങ്ങൾ എത്തിക്കുന്നതിനുവേണ്ടി ഈ കപ്പലുകൾ വിദേശ കമ്പനികൾ ഉപയോഗിച്ചു. തീരപ്രദേശത്തെ ചരക്കുകയററിറക്കിൻെറ 30 ശതമാനം മാത്രമാണ് ഈ കപ്പലുകൾ വഴി നിർവ്വഹിക്കപ്പെടുന്നതു്. ദ്രവഇന്ധനം കടൽമാർഗ്ഗം ദീർഘദൂരം കൊണ്ടുപോകുന്നതു സംബന്ധിച്ചുള്ള ഇന്ത്യയുടെ ആവശ്യകത നിറവേററുന്നതിനു് മൊത്തം 466000 ടൺ എണ്ണയുല്പന്നങ്ങൾ കയററാവുന്ന 18 എണ്ണക്കപ്പലുകൾ വേണ്ടിവരുമെന്നാണ് ഇന്ത്യയിലെ ഷിപ്പിംഗ് വകുപ്പു സ്റേററുമന്ത്രി രാജ്ബഹദൂർ പ്രസ്താവിച്ചിട്ടുള്ളതു്.

സ്വന്തമായി ഒരു എണ്ണക്കപ്പൽവ്യൂഹം ഇല്ലാത്തതുകൊണ്ടു് ചരക്കു കയററിറക്കുകൂലിയിനത്തിൽ എണ്ണ കത്തകകൾക്കു് ഇന്ത്യ വൻതുക നൽകേണ്ടി വരുന്നു. ഈ ഇനത്തിൽ 1954-55 ൽ ഇന്ത്യക്കു ചിലവായതു് 170 മില്യൻ രൂപയാണ്. ഈ തുക, ആ വർഷം ഇന്ത്യയിൽ കപ്പൽ മാർഗ്ഗം എത്തിയ ദ്രവഇന്ധനത്തിൻെറ വിലയുടെ (മൊത്തം ഇറക്കുമതി 720 മല്യൻ രൂപയ്ക്കു്) 25 ശതമാനമാണ്. "ദ്രവഇന്ധനം ഇന്ത്യൻ തുറമുഖങ്ങളിൽ എത്തിക്കുന്നതിനുള്ള ചരക്കു കയററിറക്കുകൂലി തിട്ടപ്പെടുത്തുമ്പോൾ, എണ്ണക്കമ്പനികൾ പരിഗണിക്കുന്ന ചരക്കു കയററിറക്കുകൂലിനിരക്കു് ഇന്നും പരമ രഹസ്യമായ കാര്യമാണ്"

എന്നു് ഇന്ത്യൻ ഈസ്റ്റേൺ ഷിപ്പിംഗ് കോർപ്പറേഷന്റെ ചെയർമാൻ സി. എച്ച്. ഭാഭാ ചൂണ്ടിക്കാണിച്ചിരുന്നു.[1]

എണ്ണക്കമ്പനികൾ ശുദ്ധമായ ചില ഇടപാടുകളും സ്വീകരിച്ചുവരികയാണു്. സ്റ്റാൻവാക് കമ്പനി വെള്ളത്തിന്റെ സമ്മിശ്രണവും ചേർത്തു ഏവിയേഷൻ സ്പിരിററു് വിററിട്ടുണ്ടു്; ഇതിൻെറ ഉപയോഗം ഇന്ത്യൻവിമാനങ്ങൾക്കു് നാശകരമായിത്തീരുകയും ചെയ്തു.[2] കണക്കിലേറെയുള്ള വിലക്കു ഗവൺമെൻറു ഏജൻസികളെക്കൊണ്ടു ദ്രവഇന്ധനങ്ങൾ വാങ്ങിപ്പിക്കുവാനും അവർ ശ്രമിച്ചിട്ടുണ്ടു്. "ജനറൽ ഡയറക്ടറേററു് ഓഫ് സപ്ലൈ ആൻറു് ഡിസ്ട്രിബ്യൂഷൻ" വിലയും വ്യവസ്ഥകളുംകാണിച്ചു ടെൻററുകൾ സമർപ്പിക്കാൻ പ്രബലരായ എണ്ണവിതരണക്കാരെ ക്ഷണിക്കുകയും, ഏററവും അനുകൂലമായ തരത്തിൽ ടെന്റർ സമർപ്പിക്കുന്നവർക്കു് കോൺട്രാക്ട് നൽകുകയുമാണു് പതിവായി ചെയ്തുവരാറുള്ളതു്. സ്റ്റേററു് ഏജൻസികളെക്കൊണ്ടു് ഉയർന്നവിലയ്ക്കു് എണ്ണയുല്പന്നങ്ങൾ വാങ്ങിപ്പിക്കുവാൻ ഇതേവിലയും വ്യവസ്ഥകളുമാണു് എല്ലായ്പോഴും കുത്തകകൾ മുന്നോട്ടു വയ്ക്കുക. ഇങ്ങനെ, കോടിക്കണക്കിനു രൂപായുടെ എണ്ണയുല്പന്നങ്ങൾ കൊണ്ടുവരുമ്പോൾ, കുത്തകകൾ ചോദിക്കുന്നതു് അവരുടെ മുൻവർഷത്തെ വില്പനവിലയിലും "ഗവണ്മെണ്ടിൻെറ നിർബ്ബന്ധംമൂലം എണ്ണയുല്പന്നങ്ങളുടെ വില മുൻവർഷത്തേതിനെക്കാൾ ക്രൂ

1. ദി ഈസ്റ്റേൺ എക്കണോമിസ്റ്റു്, മാർച്ചു് 30, 1956, പേജ് 111.

2. ബ്ലിററ്സ്, ഏപ്രിൽ 14, 1956 പേജ് 1; ഏപ്രിൽ 21, 1956 പേജ് 2; ഏപ്രിൽ 28, 1956, പേജ് 1; നവമ്പർ 9, 1957 പേജ് 1; നവമ്പർ 14, 1957, പേജ് 21.

മേണ കുറഞ്ഞുവരാറുണ്ടെങ്കിലും) 30 ശതമാനം കൂടുതൽ ആയിരിക്കും. 1

കുത്തകകളുടെ പ്രവർത്തനംമൂലം ഇന്ത്യക്കുണ്ടാകുന്ന നഷ്ടം എത്രയാണെന്നു് കണക്കുകൂട്ടുക എളുപ്പമല്ല. "കുത്തകകളുടെ യഥാർത്ഥലാഭത്തെക്കുറിച്ചറിയാൻ സഹായിക്കുന്ന എല്ലാ കണക്കുകളും രഹസ്യമായി സൂക്ഷിക്കാൻ അവർ ശ്രദ്ധിക്കുന്നതാണു് അതിനു കാരണം. അവരുടെ ഔദ്യോഗിക റിപ്പോർട്ടുകളിൽ യഥാർത്ഥത്തിലുള്ള സ്ഥിതി എന്താണെന്നു കാണുകയില്ല. "ബാലൻസ്ഷീററിൽ കാണാത്തതും പരിശോധനകളുടെ പരിധിക്കപ്പുറത്തുള്ളതുമായ, പ്രത്യക്ഷത്തിലുള്ളതല്ലാത്ത, ലാഭംനേടാൻ അവർക്കു് അനേകം മാർഗ്ഗങ്ങളുണ്ടു്."2 അവർക്കു് കിട്ടുന്നലാഭം വളരെ വലുതാണെന്നു് അവരുടെ ഔദ്യോഗികസ്റ്റേററ്മെൻറുകൾ പോലും തെളിയിക്കുന്നുണ്ടു്. 1956 മുതൽ 1960 വരെ, എണ്ണക്കമ്പനികൾക്കു ലഭിച്ച മൊത്തം ലാഭം 609 മില്യൻ രൂപായാണു്. ആ കാലഘട്ടത്തിൽ ഇന്ത്യയിലാകെ ഉണ്ടായിരുന്ന വിദേശനിക്ഷേപങ്ങളിൽ നിന്നു ലഭിച്ച ലാഭത്തിന്റെ 33 ശതമാനം വരുമിതു്.3 ലാഭം, വിലയിടിക്കൽ, പ്രവർത്തനച്ചിലവിലെ കോമ്പൻസേഷൻ (വിദേശസ്റ്റാഫിനുള്ള ശമ്പളം തുടങ്ങിയവ) എന്നീവിധത്തിൽ 1955 മുതൽ 61 വരെയുള്ള വർഷങ്ങളിൽ, ബർമ്മാഷെൽ റിഫൈനറീസും എസ്സോ സ്റ്റാൻൻറാർഡു് റിഫൈനിംഗ്കമ്പനിയും വിദേശത്തു് 831. 9 മില്യൻ രൂപായോളം നൽകിയതായി

1. ന്യൂ ഏജ്, മാർച്ച് 20, 1960, പേജ് 16.
2. ക്രോസ്റോഡ്സ്, ഒക്ടോബർ 5, 1951.
3. റിസർവ് ബാങ്ക് ഓഫ് ഇന്ത്യാ ബുള്ളററിൻ, ഒക്ടോബർ 1962, പേജ് 1533.

'സാഗാ ഓഫ്' ഇന്ത്യൻ ഓയിൽ' (ഇന്ത്യയിലെ എണ്ണ യുടെ കഥ) എന്ന തലവാചകത്തിലുള്ള ഒരു ലേഖനം വ്യക്തമാക്കുന്നു.[1] ഇവർ ഇവരുടെ എണ്ണ ശുദ്ധീകരണശാലകൾക്കായി മുടക്കിയിട്ടുള്ള തുകയേക്കാൾ 260 മില്യൻ രൂപ കൂടുതലാണിതു്.

ഇന്ത്യയിലെ 1001 വ്യവസായ-വാണിജ്യകമ്പനികളെ സംബന്ധിച്ചു് നടത്തിയ ഒരു സർവ്വേയിൽ ദ്രവഇന്ധന വിതരണമാണു് ഇന്ത്യയിലെ വിദേശമൂലധന നിക്ഷേപത്തിൻെറ ഏററവും ലാഭകരമായ മേഖലയെന്നു് പറയുന്നു. എണ്ണശുദ്ധീകരണമാണു് ഇന്ത്യയിലെ ഏററവും ലാഭകരമായ ബിസ്സിനസ്സെന്നും ഇതിൽ നിന്നു തെളിയുന്നു. 1958-ൽ വിദേശ എണ്ണശുദ്ധീകരണശാലകളിലെ, നികുതികഴിച്ചുള്ളലാഭം, അവയിലെ മൂലധനത്തിൻെറ 15 ശതമാനമായിരുന്നു. ഈ ലാഭം ടെക്്സ്റ്റയിൽ വ്യവസായത്തിൽ 0. 3 ശതമാനവും സിമൻറുവ്യവസായത്തിൽ 5. 5 ശതമാനവും കെമിക്കൽസ് വ്യവസായത്തിൽ 6. 3 ശതമാനവും കൽക്കരി വ്യവസായത്തിൽ 6. 7 ശതമാനവും മെററലർജി വ്യവസായത്തിൽ 11. 9 ശതമാനവും ആയിരുന്നു,[2] 1957-ൽ ഇന്ത്യയിലെ എണ്ണവ്യവസായത്തിൽ ഉണ്ടായ മൊത്തം ലാഭത്തിൻെറ 40 ശതമാനവും എണ്ണശുദ്ധീകരണ രംഗത്തുനിന്നായിരുന്നു.[3]

---

1. ഇന്ത്യൻ പെട്രോളിയം 1963, പേജ് 49.
2. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യാ ബുള്ളററിൻ, സെപ്ററമ്പർ 1960, പേജ് 1260
3. എക്കണോമിക്ക് ബുള്ളററിൻ ഫോർ ഏഷ്യാ ആൻറ് ദി ഫാർ ഈസ്റ്റ്, യൂണൈററഡ് നേഷൻസ്, ജൂൺ 1962, പേജ് 8.

എണ്ണക്കുത്തകകൾ ഇന്ത്യയിൻ നിന്നാണ് മററു മുതലാളിത്തരാജ്യങ്ങളിൽ നിന്നുള്ളതിനേക്കാൾ കൂടുതൽ ലാഭമുണ്ടാക്കുന്നതു്. "ഈ ലാഭം, ലോകത്തെവിടെ നിന്നു് ഏതു കമ്പനി നേടുന്ന ലാഭത്തിലും ഏററവും കൂടുതലാണെന്നു് കരുതപ്പെടുന്നു" എന്നു് എണ്ണ കുത്തകകളുടെ ധനപരമായ പ്രവത്തനങ്ങളെക്കുറിച്ചു പഠിക്കാൻ ഇന്ത്യാഗണ്മെൻറു നിയോഗിച്ച സ്പെഷ്യൽ ആഡിററർ 1959-ൽ റിപ്പോർട്ടുചെയ്യുകയുണ്ടായി.[1] മൂലധനത്തിന്മേലുള്ള ബർമ്മാഷെല്ലിന്റെ ലാഭം 1955-ൽ 36. 65 ശതമാനവും 1956-ൽ30.20 ശതമാനവും 1957-ൽ 31.62 ശതമാനവും ആയിരുന്നു. ഇതു് സ്റ്റാൻവാക്കിനെ സംബന്ധിച്ചിടത്തോളം,—1951- ൽ 28.6 ശതമാനവും 1953-ൽ 34.7 ശതമാനവും 1957- ൽ 21.4 ശതമാനവും ആയിരുന്നു. കാൽടെക്സിന്റെ ലാഭമായിരുന്നു ഏററവും കൂടുതൽ—1951-ൽ 44.6 ശതമാനവും 1954ൽ 48.1 ശതമാനവും.[2] കമ്പനികൾ നൽകുന്ന റിക്കാർഡുകളിൽ ഉള്ളതാണു് ഈ കണക്കു് (ഇതു് യഥാർത്ഥത്തിലുള്ളതിലും കുറച്ചു തുക കാണിക്കുന്നതായിരിക്കാനിടയുണ്ടു്) എന്ന കാര്യം പ്രത്യേകം സ്മരിക്കേണ്ടതാണു്. "വിവിധ ഉദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ള പ്രത്യേക കണക്കുകൾ എണ്ണക്കമ്പനികൾക്കുണ്ടു്."[3] 1956- ൽ ബർമ്മാഷെല്ലും സ്റ്റാൻവാക്കും ഔദ്യോഗികമായി പ്രഖ്യാപിച്ചതു് അവരുടെ ലാഭം യഥാക്രമം 33.1 മില്യൻ രൂപായും 8.6 മില്യൻ രൂപായും ആണെന്നായിരുന്നു. എന്നാൽ ഇവരുടെ യഥാർത്ഥത്തിലുള്ള ലാഭം യഥാക്രമം 90.6 മില്യൻ രൂപായും 31.2 മി

---

1. ഇന്ത്യാപ്രസ്സ് ഏജൻസി, ഡിസംബർ 17, 1959.
2. ,, ,,
3. പെട്രോളിയം വർക്കർ, ഫെബ്രുവരി, 1958, പേജ് 8

ല്യൻ രൂപായും ആണെന്നാണ് ഇന്ത്യൻപാർലമെൻററിൽ പ്രഖ്യാപിക്കപ്പെട്ടതു്. അഖിലേന്ത്യാ പെട്രോളിയം വർക്കേഴ്സ് ഫെഡറേഷൻ ജനറൽ കൗൺസിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു—"ലാഭനിരക്കു് കുറച്ചു കാണിച്ചു്, അററാദായത്തിൻെറ യഥാർത്ഥത്തിലുള്ള വർദ്ധനവു മറച്ചുവച്ചു് പൊതുജനങ്ങളെ തെററിദ്ധരിപ്പിക്കുന്നതിനുവേണ്ടി വരുമാനം അധികമൂലധനമാക്കി മാററുകയും അനുപാദത്തിൽ കവിഞ്ഞ ചിലവു വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് എണ്ണക്കമ്പനികളിൽകാണുന്ന പൊതു പ്രവണത."[1]

ലാഭത്തിലെ വലിയ ഒരു പങ്കു് കരുതൽ ധനമായും വിലയിടിക്കലിനുള്ള ഫണ്ടായും—വിശേഷിച്ചു് അന്തരീക്ഷം കുഴപ്പമുള്ളതാവുമ്പോൾ—ഇവർ മറച്ചു വയ്ക്കുന്നു. 1959-ൽ എണ്ണ കുത്തകകളുടെ പ്രവർത്തനങ്ങളെക്കുറിച്ചു് ഇന്ത്യാഗവണ്മെൻറു് അന്വേഷിക്കാൻപോകുന്നുവെന്നു മനസ്സിലാക്കിയപ്പോൾ, ഇവർ തങ്ങളുടെ ലാഭത്തിലെ ഒരു പങ്കു് വിലകുറക്കലിനായുള്ള ഫണ്ടിലേക്കു് ധൃതിയിൽ മാററുകയുണ്ടായി. വിലയിടിക്കലിനായി ബർമ്മാഷെൽ 1957-ൽ കൊള്ളിച്ചിരുന്ന തുക 1948-ലേതിൻെറ 153 ശതമാനമായിരുന്നുവെന്നു് ഗവണ്മെൻറു് ആഡിററർ റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. ഇതു് സ്റ്റാൻവാക്കിനു് 188 ശതമാനവും കാൽടെക്സിനു് 142 ശതമാനവും ഇൻഡോബർമ്മാ പെട്രോളിയത്തിനു് 230 ശതമാനവും ആയിരുന്നു.[2]

---

1. പെട്രോളിയം വർക്കർ, ജനുവരി 1958, പേജ് 5.
2. കൃപിററൽ, സെപ്ററംബർ 3. 1959 പേജ് 333. 1955 മുതൽ 1961 വരെ മൂന്നു വിദേശഎണ്ണ ശുദ്ധീകരണകമ്പനികൾ വിലയിടിക്കലിൻെറ രൂപത്തിൽ 178. 6 മില്യൻ രൂപാ മടക്കിയെടുക്കുകയുണ്ടായി. (ഇന്ത്യൻപെട്രോളിയം, പേജ് 49)

ഇന്ത്യയിലെ എണ്ണ വ്യവസായത്തിനും വ്യാപാരത്തിനുമായി അതിന്റെ ആദ്യഘട്ടത്തിൽ വലിയ തുക മുടക്കിയിട്ടുണ്ട് എന്ന വാദമുഖമുന്നയിച്ച്, അത്യധികമായി ലാഭം നേടുന്നതു് ന്യായീകരിക്കാൻ കുത്തകകൾ ശ്രമിക്കുന്നു. ഇവരുടെ ലാഭവും മുതൽമുടക്കും തമ്മിൽ യാതൊരു പൊരുത്തവുമില്ലെന്നതാണു് സത്യം. ഇന്ത്യയിലുള്ള അവരുടെ മുടക്കുമുതൽ പരമാവധി ലാഭമുണ്ടാക്കിക്കഴിഞ്ഞു് ശേഷിക്കുന്നതാണു്. ഉദാഹരണത്തിനു് 1949-നും 1955-നും ഇടയ്ക്കു് ബർമ്മാഷെൽ 230.3 മില്യൻ രൂപ നിക്ഷേപിച്ചപ്പോൾ, വിദേശകേന്ദ്രങ്ങളിൽനിന്നു് അവരെടുത്തതു് 89.3 മില്യൻ രൂപ മാത്രമായിരുന്നു.[1]

ഇവരുടെ മുതൽമുടക്കിൽ പ്രധാന ഭാഗവും വിദേശത്തുനിന്നു എണ്ണയുൽപ്പന്നങ്ങളായി ഇന്ത്യയിൽ എത്തുകയായിരുന്നു എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണു്. എണ്ണക്കമ്പനികൾ മാതൃകമ്പനിയിൽനിന്നു് എണ്ണയുൽപ്പന്നങ്ങൾ വാങ്ങുന്നു. എന്നാൽ ഇതു വിററു കിട്ടുന്ന തുക അവർ തിരികെ കൊടുക്കാറില്ല. അവരതു്, തങ്ങളുടെ എണ്ണശുദ്ധീകരണങ്ങൾക്കുള്ള ഉപകരണങ്ങൾ വാങ്ങാനായി ഉപയോഗിക്കുന്നു. 1955-ലെ റിസർവ്വ്ബാങ്ക് ഓഫ് ഇന്ത്യാബുള്ളററിനാണു് ഈ വിവരം വെളിപ്പെടുത്തിയിട്ടുള്ളതു്.[2] എണ്ണശുദ്ധീകരണശാലകൾക്കുവേണ്ടിയുള്ള വിദേശകമ്പനിയുടെ മുതൽ മുടക്കിൽ ഏറിയ പങ്കും ഈ രീതിയിലുള്ളതാണെന്നു കരുതപ്പെടുന്നു. നികുതികളും വിദേശനാണ്യ വിനിമയത്തെ സംബന്ധിച്ചുള്ള

1. ബാക്ക്ഗ്രൗണ്ട് ടു ബർമ്മാ ഷെൽ.
2. ന്യൂ ഏജ്, ഡിസമ്പർ. 11° 1955. പേജ് 3.

ചട്ടങ്ങളും ഇങ്ങനെ ഒഴിവാക്കാനും അവർക്കു കഴിഞ്ഞിട്ടുണ്ടു്.

ഇന്ത്യൻജനതയെ ഞെരുക്കിയുണ്ടാക്കിയ അത്യധികമായ ആദായം ആംഗ്ലോ-അമേരിക്കൻ കുത്തകകൾസ്വന്തം നാട്ടിലേക്കു കൊണ്ടുപോയതിൽനിന്നു്, ഇന്ത്യയ്ക്കു ഒരു ദേശീയ എണ്ണവ്യവസായവും വ്യാപാരവും ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത ശരിക്കും വ്യക്തമാകുന്നു.

# അദ്ധ്യായം നാല്

## എണ്ണപ്രശ്നത്തിനുള്ള പരിഹാരം

### പൊതുമേഖലയും സോഷ്യലിസ്ററ് രാജ്യങ്ങളുടെ സഹായവും

സ്വാതന്ത്ര്യപ്രാപ്തിയോടുകൂടി ഇന്ത്യയിലെ എണ്ണപ്രശ്നം വളരെ വലുതായി: ശീഘ്രമായ സാമ്പത്തികവികസനത്തിന് വിലക്കുറവുള്ള പെട്രോൾ, പാരഫിൻ, ഡീസൽ ഓയിൽ, ലൂബ്രിക്കൻറുകൾ, ബ്ളാക്ക്ഓയിൽ എന്നിവ സുലഭമായി കിട്ടേണ്ടതായി വന്നു. വ്യവസായവും ഗതാഗതവും കൃഷിയും വികസിപ്പിക്കണമെങ്കിൽ ഇവ അത്യാവശ്യമായിരുന്നു. നാട്ടിൻപുറങ്ങളിൽ, പാരഫിൻ വിളക്കുകൾക്കായുള്ള എണ്ണ തീരെ അപര്യാപ്തമായിരുന്നു.

ദേശസാത്ക്കരിക്കപ്പെട്ട ഒരു എണ്ണവ്യവസായത്തിനു മാത്രമേ ഈ ആവശ്യങ്ങൾ നിറവേററാൻ കഴിയുമായിരുന്നുള്ളു. രാഷ്ട്രീയ സ്വാതന്ത്ര്യം ഉറപ്പിക്കുകയും സാമ്പത്തികസ്വാതന്ത്ര്യം നേടുകയും ചെയ്യാനുള്ള ഇന്ത്യയുടെ ശ്രമങ്ങളെ, ദ്രവഇന്ധന വിതരണത്തിലുള്ള നിയന്ത്രണംവഴി ദുർബ്ബലപ്പെടുത്തിയ ആംഗ്ലോ-അമേരിക്കൻ കുത്തകകളിൽ നിന്ന് യാതൊന്നും പ്രതീക്ഷിക്കാനില്ലെന്നു, ദുഃഖകരമായ അനുഭവത്തിൽ നിന്ന് ഇന്ത്യൻജനത മനസ്സിലാക്കി.[1] അ-

---

1. "ഇന്ത്യൻ രാഷ്ട്രീയത്തിലെ മാററിയ പരിതഃസ്ഥിതിയിൽ, ഇന്ന്, പഴയ സമ്പ്രദായം എങ്ങനെയെങ്കിലും തുടരുകയാണെങ്കിൽ, അത് ഇന്ത്യയുടെ സാമ്പത്തികനിലയിൽ വിദേശാധിപത്യം ഉറ-

ന്നത്തെ പരിതസ്ഥിതിയിൽ. പാശ്ചാത്യ സാമ്രാജ്യത്വ കേന്ദ്രങ്ങൾക്കു എപ്പോഴും ഗവൺമെണ്ടിന്റെ മേൽ സമ്മർദ്ദം ചെലുത്തുവാൻ കഴിയുമായിരുന്നു.

ഏതുമാർഗ്ഗമാണു് ഇന്ത്യ സ്വീകരിക്കേണ്ടതു്? എന്നപ്രശ്നം പരിഹരിക്കാൻ വേണ്ടി ഇന്ത്യയുടെ ഭാഗത്തുനിന്നുണ്ടാകുന്ന ഏതു ശ്രമവും വിഫലമാക്കാൻ ആംഗ്ലോ-അമേരിക്കൻ കുത്തകകൾ കഴിവുള്ളതൊക്കെ ചെയ്യുമെന്നു് വ്യക്തമായിരുന്നു. ഇന്ത്യയിൽ ഒരു ദേശീയ എണ്ണവ്യവസായം ഉണ്ടാകുക എന്നതു് ഈ കുത്തകകളുടെ രാഷ്ട്രീയമോ, വാണിജ്യപരമോ ആയ പദ്ധതികളിൽ ഉൾപ്പെട്ടിരുന്നില്ല. ഇന്ത്യാഗവണ്മെൻറു സ്വന്തമായി ഒരു തീരുമാനമെടുക്കുന്നതിനു മുമ്പുള്ള സ്ഥിതി ഇങ്ങനെയായിരുന്നു:–"പൂർണ്ണമായ തോതിലുള്ള എണ്ണയന്വേഷണം നടത്തുവാൻ സാർവ്വദേശീയ എണ്ണക്കമ്പനികളെ പ്രേരിപ്പിക്കുന്നതിനു് സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷമുള്ള ദീർഘമായ എട്ടുവർഷം ഇന്ത്യാഗവണ്മെൻറു ചിലവിട്ടു. ഈ കമ്പനികൾ എണ്ണയന്വേഷണത്തിനുള്ള ശ്രമം തടയുകയും അതു രൂപം കൊള്ളാതിരിക്കാനായി തങ്ങളുടെ ആയുധപ്പുരയിലെ ഓരോ ആയുധവുമെടുത്തു പ്രയോഗിക്കുകയും ചെയ്തു. ഇന്ത്യയുടെ അനുയായികളായി നടിക്കുന്നവരുടെ ഭാവനാസൃഷ്ടിയാണു് എണ്ണയന്വേഷണക്കാര്യമെന്നു പറഞ്ഞു കുത്തകകളും അവരുടെ 'വിദഗ്ദ്ധ'ന്മാരും പരിഹസിച്ചു. ഇന്ത്യയെപ്പോലുള്ള ഒരു അവികസിത രാജ്യത്തിന്റെ വിഭവസമ്പത്തിനപ്പുറമുള്ള സംഗതിയാണിതെന്നും അവർ പറഞ്ഞു. ഇന്ത്യയുടെ ശ്രമത്തിന്നെതിരെ, ശാസ്ത്രീയമെന്നു തോന്നാവുന്ന

---

പ്പിക്കാൻ മാത്രമേ സഹായിക്കൂ.'' (രാജു് നാരായൺഗുപ്ത, ഓയിൽ ഇൻ ദി മോഡേൺ വേൾഡ്, അലഹബാദ്, 1949, പേജ് 124)

നിർമ്മമമായ ഉപദേശങ്ങൾനൽകാൻ അവർ ശ്രമിക്കുകയും ചെയ്തു. എണ്ണയന്വേഷണത്തിനു വേണ്ടിയുള്ള ആലോചനകൾ നിരുത്സാഹപ്പെടുത്തുക മാത്രമല്ല അവർ ചെയ്തതു്. ധനവ്യയമാവശ്യമായ ഇത്തരം സാഹസ പ്രവത്തനം ഇന്ത്യക്കു നാശകരമായിത്തീരുമെന്നൊരു ധാരണയുണ്ടാക്കാനുള്ള തന്ത്രപൂർവ്വമായ ഒരു പ്രചരണം അവർ അഴിച്ചുവിടുകയും ചെയ്തു. സൗഹൃദരൂപേണയുള്ള ഈ ഉപദേശത്തിനു പിന്നിലുള്ളതു് എന്താണെന്നു് മനസ്സിലാക്കാൻ പ്രയാസമില്ല. യഥാർത്ഥത്തിൽ ഉള്ളതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ പ്രതിയോഗികളെ ഇന്ത്യൻ വിപണിയിൽ നിന്നു് ഒഴിവാക്കാനാണു്, വിലയിടിവു തടയാൻ കൂട്ടായി പ്രവത്തിക്കുന്ന വൻകിട എണ്ണക്കുത്തകകൾ ആഗ്രഹിക്കുന്നതു്. തങ്ങളുടെ സ്വാധീനം ദുർബ്ബലപ്പെടുത്താൻ ഇടയുള്ള ഏതു ശ്രമവും തടയണമെന്നതാണു് അവരുടെ ദൃഢനിശ്ചയം."1

ഒരു ദേശീയ എണ്ണ വ്യവസായത്തിനുവേണ്ടി പ്രവത്തിക്കുവാൻ ഇന്ത്യൻ ബൂർഷ്വാസി കൂട്ടാക്കാതിരിക്കുമെന്നതിൽ സംശയമില്ല, ഏറെ ധനവ്യയമുള്ള എണ്ണയന്വേഷണത്തിനും വലിയ എണ്ണ ശുദ്ധീകരണശാലകളുടെനിർമ്മാണത്തിനും ഇടത്തരം-പെററി ബൂർഷ്വാസിക്കു കഴിയുകയില്ല. ചുരുങ്ങിയ സമയം കൊണ്ടു് ഒരു ഫലനവ്യവസായം ആരംഭിക്കാനാവശ്യമായിവരുന്ന, പ്രാരംഭത്തിലെ വലിയ മുതൽ മുടക്കിനുള്ള, ധനാഗമമാർഗ്ഗങ്ങൾ അവർക്കില്ലാത്തതാണു് അതിനുകാരണം. ഇക്കാര്യം വൻകിട ബൂർഷ്വാസിക്കു കൈകാര്യം ചെയ്യാൻ കഴിയും. എന്നാൽ,

1. ഇന്ത്യൻ പെട്രോളിയം, ന്യൂഡൽഹി, ഫെബ്രുവരി, 1963 പേജ് 19,

കുത്തകമൂലധനക്കാരായ 'തിമിംഗല'ങ്ങളുടെ കൂട്ടത്തിൽപ്പെട്ട വിദേശ എണ്ണക്കുത്തകകളെ എതിരിടാനുള്ള ഭീതി കാരണം, എണ്ണപ്രശ്നം പരിഹരിക്കുന്നതിൽ അവർക്കു വ്യഗ്രത ഉണ്ടായിരുന്നില്ല. എണ്ണവ്യവസായ വികസനത്തിനു വേണ്ടിവരുന്ന മൂലധനമാകെ നിക്ഷേപിച്ചു കഴിഞ്ഞാൽ ലഭിക്കാവുന്ന പ്രയോജനത്തെക്കുറിച്ച് അവർക്കു സംശയവും ഉണ്ടായിരുന്നു. ഒരു എണ്ണക്കിണർ കുഴിക്കുവാൻ യന്ത്രത്തിന്റെ (റിഗ്) ചിലവു കൂടാതെ 3—5 മില്യൻ രൂപായുടെ ചിലവുണ്ടാകും. രാജ്യത്ത് ഇത്തരത്തിൽ നൂറുകണക്കിനുള്ള കിണറുകളാണ് കുഴിക്കേണ്ടിവരുന്നത്. ഒരു എണ്ണ ശുദ്ധീകരണശാല സ്ഥാപിക്കുവാനുള്ള ചിലവ് കോടിക്കണക്കിനു രൂപാവരും. എണ്ണയന്വേഷണം തീരെ നടന്നിട്ടില്ലാത്ത ഒരു പ്രദേശത്ത് എണ്ണവ്യവസായം വികസിപ്പിക്കുവാൻ വലിയ പ്രയാസം നേരിടുകയും ചെയ്യും. എണ്ണയെ സംബന്ധിച്ച് ഉറപ്പില്ലാത്ത ഒരു പ്രദേശത്ത് പത്തു കിണറുകൾ കുഴിച്ചാൽ അതിൽ ഒന്നിൽ മാത്രമെ വാതകമോ എണ്ണയോ കാണുകയുള്ളുവെന്നും അത്തരം 43 കിണറുകളിൽ ഒന്നിൽ മാത്രമേ വേണ്ടത്ര വാതകമോ എണ്ണയോ ഉണ്ടാവുകയുള്ളുവെന്നും ഇങ്ങനെയുള്ള 702 കിണറുകളിൽ ഒന്നുമാത്രമേ വാണിജ്യപരമായി പ്രയോജനപ്പെടുകയുള്ളുവെന്നും 1958 ജനുവരിയിലെ എക്കണോമിക് വീക്ക്ലിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.[1]

---

1. എണ്ണ കണ്ടുപിടിക്കാൻ വലിയ ശ്രമം ആവശ്യമാണെന്ന് പ്രചരിപ്പിക്കുന്നത് വൻകിട എണ്ണക്കുത്തകകളാണെന്ന കാര്യം ഓർക്കേണ്ടതാണ്. ഏഷ്യാ, ആഫ്രിക്ക, ലാററിൻ– അമേരിക്ക, എന്നിവിടങ്ങളിലെ ഏതാനും പുതിയ സ്വതന്ത്ര രാജ്യങ്ങളിൽ സ്റ്റേററുടമയിൽ എണ്ണ വ്യവസായം ആരംഭിക്കാനുള്ള പ്രവണതതടയാനും കുത്തകകൾ ഈടാക്കുന്ന ഉയർന്ന വില ന്യായീകരിക്കാനും വേണ്ടിയു

ഇത്തരം സാഹചര്യങ്ങളിൽ ഒരു ദേശീയ എണ്ണവ്യവസായം ആരംഭിക്കുവാനുള്ള ചുമതല ഗവണ്മെൻറിനു മാത്രമേ ഏറെറടുക്കാൻ കഴിയൂ. "ഇന്ത്യക്കു്സാമ്പത്തിക പുരോഗതി ഉണ്ടാവണമെങ്കിൽ, ധാതുവ്യവസായം ആരംഭിക്കുകയും നിയന്ത്രിക്കുകയും നടത്തുകയും ചെയ്യുന്നതു് ഗവണ്മെൻറായിരിക്കണം. ഇതു് കർക്കശമോ താത്വികമോ ആയ ഒരു സമീപനമല്ല; രാജ്യത്തിൻെറ ഭൗതിക സാഹചര്യം അതാണു്. (അടിവര എൻേറതു്–ഗ്രന്ഥകർത്താവു്)....പൊതുമേഖലയ്ക്കു് ഇന്ത്യ പ്രാധാന്യം നൽകുന്നതു്, എണ്ണ വേഗം ഉല്പാദിപ്പിക്കുവാൻ മററു മാർഗ്ഗമൊന്നും ഇല്ല എന്ന നിഗമനത്തിൽ എത്തിച്ചേർന്നതുകൊണ്ടാണു്."[1] ഏഷ്യക്കും വിദൂരപൂർവ്വദേശത്തിനും വേണ്ടിയുള്ള ഐക്യരാഷ്ട്രസാമ്പത്തിക കമ്മിഷൻെറ ആഭിമുഖ്യത്തിൽ, എണ്ണയെ സംബന്ധിച്ചു് ന്യൂഡൽഹിയിൽവച്ചു നടന്ന സിമ്പോസിയത്തിൽ കെ. ഡി. മാളവ്യയാണു് ഇപ്രകാരം പ്രസ്താവിച്ചതു്.

പൊതുമേഖലയിൽ എണ്ണ വ്യവസായം വികസിപ്പിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങളിൽ സാമ്പത്തികവും നയതന്ത്രപരവുമായ കാര്യങ്ങൾക്കു്വലിയ പങ്കുണ്ടു്. ഇന്ത്യൻ

---

ള്ളതാണു് ഈ പ്രചരണം. യഥാർത്ഥത്തിൽ, ആധുനിക എണ്ണയന്വേഷണ മാർഗ്ഗങ്ങളും ജിയോഫിസിക്കൽ രീതികളും ആധുനിക ഉപകരണങ്ങളും ഉപയോഗിക്കുകയാണെങ്കിൽ പ്രയാസങ്ങൾ പറയുന്നത്ര വലുതല്ല. ഇരുപതു കിണറുകളിൽ ഒന്നിൽ എണ്ണ കാണുക എന്നതായിരുന്നു പണ്ടത്തെ അനുഭവം. എന്നാൽ ഇന്നു് 4 കിണറുകളിൽ ഒന്നിൽ എണ്ണ കണ്ടെത്താറുണ്ടു്. (പെട്രോളിയം ഔട്ട്ലുക്കു്, ഒക്ടോബർ, 1962, പേജ് 203)

1 ന്യൂ ഏജ്, ആഗസ്റ്റ് 1960, പേജ് 28.

റിഫൈനറീസിൻെറ ചെയർമാൻ പി. ആർ. നായിക് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "എണ്ണയുടെനയതന്ത്രപരവും സാമ്പത്തികവുമായ പ്രാധാന്യം, വ്യവസായത്തിൻെറ വളർച്ചയിലും ക്രമീകരണത്തിലും ഭരണകൂടത്തിന് നിർണ്ണായകമായ സ്വാധീനം ഉണ്ടാകേണ്ടതിൻെറ ആവശ്യകത വ്യക്തമാക്കുന്നു. ഭരണകൂടത്തിൻെറ മുൻകൈവഴി സാർവ്വദേശീയഎണ്ണക്കമ്പനികളോടുള്ള ഇന്ത്യയുടെ ആശ്രിതത്വം കുറയ്ക്കുക, ഒരു സുപ്രധാന മേഖലയിലുള്ള ഇന്ത്യയുടെ വൈദഗ്ദ്ധ്യവും സാങ്കേതിക പരിജ്ഞാനവും വികസിപ്പിക്കുക, എന്നിവയാണ് പൊതുമേഖലാ സംരംഭങ്ങളുടെ മററു ലക്ഷ്യങ്ങൾ."1

എണ്ണയെ സംബന്ധിച്ചുള്ള ഇന്ത്യാ ഗവണ്മെൻറിൻെറ നയം, വ്യവസായ നയത്തെക്കുറിച്ചുള്ള ഗവണ്മെൻറിൻെറ 1948 ഏപ്രിൽ 6-ലെ പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ട്. ദേശീയ താല്പര്യപ്രകാരം സ്വകാര്യ വ്യവസായ സംരംഭങ്ങളുമായി പങ്ക് ചേരാവുന്നതാണെങ്കിലും (അതിൻെറ പ്രവർത്തനം നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നതു് ഗവണ്മെൻറായിരിക്കണം) എണ്ണ വ്യവസായ രംഗത്തെ പുതിയ വ്യവസായ സംരംഭങ്ങൾ പൂർണ്ണമായും പൊതുമേഖലയിൽ ആയിരിക്കണമെന്നാണ് ഗവണ്മെൻറ് അതിൻെറ നയത്തിൽ ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതു്.

ഇക്കാര്യം, വ്യവസായനയത്തെ സംബന്ധിച്ചുള്ള ഇന്ത്യാ ഗവണ്മെൻറിൻെറ 1956 ഏപ്രിൽ 30-ലെ പ്രമേയത്തിൽ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യാ ഗവണ്മെൻറിനു മാത്രം വികസിപ്പിക്കുവാൻ അവകാശമുള്ള വ്യവസായങ്ങ

1 ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഡിസമ്പർ 30, 1963.

ളിൽ, എണ്ണയും ഉൾപ്പെടുന്നുവെന്ന് ഇതിൽ പറഞ്ഞിരുന്നു. അപ്പോഴും സ്വകാര്യ വ്യവസായ സംരംഭങ്ങളുമായുള്ള പങ്കാളിത്തത്തിന്റെ സാദ്ധ്യത (ഗവണ്മെന്റിന് അതിന്റെ നയം നടപ്പാക്കാനും സ്വകാര്യ സംരംഭത്തിന്മേൽ നിയന്ത്രണ ബാദ്ധ്യതയോ മറ്റുതരത്തിലുള്ള നിയന്ത്രണമോ ചെലുത്താനും അവകാശമുണ്ടായിരിക്കും) നിരാകരിക്കപ്പെട്ടില്ല.[1]

എണ്ണരംഗത്തെ പൊതുമേഖല, യഥാർത്ഥത്തിൽ, ഇന്ത്യാ ഗവണ്മെന്റിന് അടി മുതൽ കെട്ടിപ്പടുക്കേണ്ട സ്ഥിതിയാണുണ്ടായത്. കെ. ഡി. മാളവ്യ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "നമുക്കു സ്വന്തമായുള്ള എണ്ണവ്യവസായം കെട്ടിപ്പടുക്കുന്നതിന് നാം തുടക്കം മുതലുള്ള ശ്രമം നടത്തേണ്ടിവന്നു. ഇക്കാര്യത്തിൽ, ബ്രിട്ടീഷുകാർ ആശാവഹമായ ഒന്നും ചെയ്തില്ല; ഒരു ഉപകരണമോ, ഒരു ഭൂപടംപോലുമോ അവർ നൽകിയില്ല. ആകെ നമുക്കു ലഭിച്ചതു് ഒരു സീസ്മോളജിക്കൽ സ്റ്റേഷനും (ഭൂചലനവിവരങ്ങൾ അറിയാനുള്ള കേന്ദ്രം) ഏതാനും ഗ്രാവിമീറ്ററുകളും (ഭൂമിയുടെ ഗുരുത്വം അറിയാനുള്ള ഉപകരണങ്ങൾ) മാത്രമാണ്. ഒരു അമേരിക്കൻ സ്ഥാപനത്തിൽനിന്ന് ഒരു സീസ്മോളജിക്കൽ ഉപകരണം ലഭിക്കാൻ നമുക്കു രണ്ടരവർഷം കാത്തിരിക്കേണ്ടിവന്നിട്ടുണ്ട്. എണ്ണയെ സംബന്ധിച്ച വിവരങ്ങൾ അറിയാവുന്ന വിദഗ്ദ്ധന്മാർ (ഓയിൽ എക്സ്പെർട്ട്സ്) നമുക്കു വളരെ കുറവുമായിരുന്നു"[2]

1 കോമേഴ്സ് ആൻറ് ഇൻഡസ്ട്രി, സെപ്തംബർ, 1959, പേജ് 14

2. ന്യൂടൈംസ്, 1958, നമ്പർ 42, പേജ് 11.

എണ്ണരംഗത്തെ പൊതുമേഖലയിൽ ഇന്ത്യാ ഗവണ്മെൻറു സ്വീകരിച്ച ആദ്യനടപടികൾ പരിമിതമായിരുന്നു. 1967 ഒടുവിൽ, ജിയോളജിക്കൽ സർവ്വീസ്സിനു കീഴിൽ, എണ്ണയുടെ ഭൂഗർഭനിലയെ സംബന്ധിച്ച കാര്യങ്ങൾക്കായുള്ള ഒരു ചെറിയ ഡിപ്പാർട്ടുമെൻറ് (ഡിപ്പാർട്ടുമെൻറ് ഓഫ് ഓയിൽ ജിയോളജി) ഗവൺമെൻറ് രൂപീകരിച്ചു. പ്രാഥമിക ഭൂഗർഭ സർവ്വേ പ്ലാനുകൾ തയ്യാറാക്കുക എന്നജോലിയാണ് ഈ ഡിപ്പാർട്ടുമെൻറിനു് നൽകിയിരുന്നതു്. ഇതിലെ സ്റ്റാഫ് 1947 മുതൽ 1955 വരെ, പഞ്ചാബിലെയും ഹിമാചൽ പ്രദേശത്തേയും ഗിരിപ്രദേശങ്ങളിലെ ഭൂഗർഭ ഭൂപടങ്ങൾ തയ്യാറാക്കുന്ന (ജിയോളജിക്കൽ മാപ്പിംഗ്) ജോലിയിൽ ഏർപ്പെടുകയുണ്ടായി.[1] ഇതേ സമയത്തു്, ഒരു സിന്തററിക് ഫ്യൂവൽ പ്ലാൻറ് സ്ഥാപിക്കുന്ന പ്രശ്നത്തെക്കുറിച്ചും പെട്രോളിനു പുറമേ വ്യാവസായികമായ ആൽക്കഹോൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചും ഗവൺമെൻറു പഠനംനടത്തി വരികയായിരുന്നു. ഒരു സിന്തററിക് പെട്രോൾപ്ലാൻറ് സ്ഥാപിക്കുന്നതിനുവേണ്ടി 1948-ൽ അമേരിക്കൻ വിദഗ്ദ്ധന്മാർ ഇന്ത്യയിലേക്കു ക്ഷണിക്കപ്പെട്ടു. കൽക്കരിയിൽ (ഹാർഡ്കോൾ) നിന്നും സിന്തററിക് ഫ്യൂവെൽ ഉണ്ടാക്കാമെന്നു് 1951-ൽ അവർ റിപ്പോർട്ടുചെയ്തു. ഈ സ്ഥാപനത്തിൽനിന്നു് പ്രതിഫലം വാങ്ങാമെന്നും നിക്ഷേപമൂലധനത്തിൻെറ 11 ശതമാനം ലാഭം നേടാമെന്നും അവർ

---

2. ഡിപ്പാർട്ടുമെൻറ് 40-ൽ അധികം ജിയോളജിക്കൽ സർവ്വേ നടത്തുകയുണ്ടായി. അതു പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. (എസ്റ്റിമേററ്സ് കമ്മിററി, 1957-58, മിനിസ്ട്രി ഓഫ് സ്റ്റീൽ, മൈൻസ് ആൻറ് ഫ്യൂവൽ, ന്യൂഡൽഹി, ഏപ്രിൽ 1958, പേജ് 2).

കരുതി. എന്നാൽ ധനമില്ലാത്തതുകൊണ്ടും, ഇത്തരം പ്ലാന്റ് ഇന്ത്യയ്ക്കാവശ്യമില്ലെന്നു കരുതുന്ന എണ്ണകുത്തകകളുടെ എതിർപ്പുകൊണ്ടും ഈ പ്രൊജക്ട് ഉണ്ടായില്ല.

എണ്ണവ്യവസായത്തിനു് അടിസ്ഥാനമിടാനുള്ള ശ്രമത്തിൽ സഹകരണമില്ലായ്മയുള്ളതായി തോന്നിയിട്ടുണ്ട്. എണ്ണയന്വേഷണം നടത്തിയതു് പ്രകൃതിവിഭവശാസ്ത്രീയ ഗവേഷണവകുപ്പിന്റെ (മിനിസ്ട്രി ഓഫ് നാഷണൽ റിസോഴ്സസ്സ് ആന്റ് സയന്റിഫിക് റിസർച്ച്) കീഴിലുള്ള ജിയോളജിക്കൽ സർവ്വീസ് ആയിരുന്നു. എണ്ണയെ സംബന്ധിച്ച നിയമനിർമ്മാണങ്ങൾ ഇന്ത്യൻബ്യൂറോ ഓഫ് മൈൻസിന്റെ കൈകളിലായിരുന്നു. നിർമ്മണാപരമായ കാര്യങ്ങൾ ധനകാര്യ-വ്യാപാര-വ്യവസായികവകുപ്പുകളുടെ കൂട്ടായ ചുമതലയിലായിരുന്നു. വർക്ക്സ്-നിർമ്മാണ-വിതരണ വകുപ്പാണ് വിതരണത്തേയും വിലയേയും സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്തതു്.

എണ്ണയന്വേഷണത്തേയും ഖനനത്തേയും സംബന്ധിച്ച പ്രശ്നങ്ങളാകെ കൈകാര്യം ചെയ്യുന്നതിനു് ഒരു കേന്ദ്രീകൃത ഏജൻസി ഉണ്ടാക്കേണ്ടിവന്നു, അങ്ങനെ,1955 ഒക്ടോബറിൽ എണ്ണ-പ്രകൃതി വാതകഡയറക്ടറേറ്റ് (ഓയിൽ ആന്റ് നാച്ചുറൽ ഗ്യാസ് ഡയറക്ടറേറ്റ്) രൂപീകരിക്കപ്പെട്ടു. 1956-ൽ ഇതു് എണ്ണ-പ്രകൃതിവാതക കമ്മിഷനായി (സ്റ്റേറ്റ് ഓയിൽ ആന്റ് നാച്ചുറൽ ഗ്യാസ് കമ്മിഷൻ) പുനസംഘടിപ്പിക്കപ്പെട്ടു. ഇതിന്റെ ഹെഡ്ക്വാർട്ടേഴ്സ് ഡറാഡൂൺ ആയിരുന്നു. കെ. ഡി. മാളവ്യയായിരുന്നു ഇതിന്റെ ചെയർമാൻ. എണ്ണ വ്യവസായം വികസിപ്പിക്കുന്നതിനുള്ള പ്രധാന ഏജൻസി ഇപ്പോഴും ഈ കമ്മിഷനാണ്. പെട്രോളിയം വിഭവങ്ങളുടെ വികസന

ത്തിനുവേണ്ടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക, തയ്യാറിപ്പിക്കുക, സംഘടിപ്പിക്കുക, നടപ്പാക്കുക എന്നതും, ഇന്ത്യയിൽ പെട്രോളിയത്തിന്റെയും പെട്രോളിയം ഉല്പന്നങ്ങളുടെയും ഉല്പാദനവും വില്പനയും നടത്തുക എന്നതും ആണ് ഇതിന്റെ ചുമതലകൾ.[1] ഇതു് ഭരണപരമായി, ഉരുക്കു-ഖനി-ഇന്ധന വകുപ്പിന്റെ കീഴിലായിരുന്നു. സാങ്കേതിക കാര്യങ്ങളിൽ ഈ കമ്മിഷനെ ഉപദേശിക്കാനായി ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിയുണ്ടായിരുന്നു.[2] 1963-ലെ ഗവണ്മെന്റു പുനസംഘടനയെ തുടന്നു ഈ കമ്മിഷൻ പെട്രോളിയം-കെമിക്കൽസ് വകുപ്പിന്റെ കീഴിലാണു്.

പ്രവത്തന വൈപുല്യം പരിഗണിച്ചു 1959-ൽ ഇന്ത്യാ ഗവണ്മെന്റ് കമ്മിഷന്റെ അധികാരങ്ങൾ വർദ്ധിപ്പിക്കുകയും വാണിജ്യപരമായ രീതിയിൽ പ്രവത്തിക്കാൻ അതിനെ അനുവദിക്കുകയും ചെയ്തു.

രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് (1956-57—1960-61) ഈ കമ്മിഷൻ ഒരു ദീർഘകാല പ്ലാനോടുകൂടി ഇന്ത്യയിൽ ഭൂഗർഭസർവ്വേയും, എണ്ണയും വാതകവും കണ്ടുപിടിക്കുവാനുള്ള ശ്രമവും ആരംഭിച്ചു. ഇതിനു് പരിചയ സമ്പന്നരായ സ്പെഷ്യലിസ്റ്റുകൾ ആവശ്യമായിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ വിദേശഎണ്ണക്കമ്പനികളുടെ സഹായം ഉണ്ടാവുകയില്ലെന്നു് തികച്ചും വ്യക്തമാ

1. ദി ഗസററ് ഓഫ് ഇന്ത്യ, ദി ഓയിൽ ആൻഡ് നാച്ചറൽ ഗ്യാസ് കമ്മിഷൻ ആക്ട്; 1959, സെപ്റ്റംബർ 19, 1959, പേജ് 365.

2. ദി കോമേഴ്സ്, ജൂലൈ 19, 1958, പേജ് 112.

യിരുന്നു. വിദേശ എണ്ണക്കുത്തകകൾ തുടക്കം മുതൽതന്നെ കമ്മിഷന്റെ പ്രവർത്തനങ്ങളെ മഞ്ഞപ്പിത്തം ബാധിച്ചവരെപ്പോലെയാണ് നോക്കി വന്നതു്. 1955-ൽ സോവിയററ് ഭൂഗർഭ ശാസ്ത്രജ്ഞന്മാരെ ക്ഷണിക്കുവാൻ ഇന്ത്യാ ഗവണ്മെൻറ് തീരുമാനിച്ചു.

ഒരു സ്വതന്ത്ര സമ്പദ് വ്യവസ്ഥയ്ക്കു് അടിസ്ഥാനമിടാനുള്ള വികസ്വരരാജ്യങ്ങളുടെ ശ്രമത്തിൽ സോവിയററു യൂണിയനും മററു സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കും അനുഭാവമാണുള്ളതു്.

ഒരു ദേശീയ എണ്ണവ്യവസായം കെട്ടിപ്പടുക്കുന്നതിൽ സഹായിക്കണമെന്നുള്ള ഇന്ത്യാഗവണ്മെണ്ടിന്റെ അഭ്യർത്ഥന സോവിയററുയൂണിയൻ സ്വീകരിക്കുകയുണ്ടായി. സോവിയററ് സ്പെഷ്യലിസ്റ്റുകളുടെ പ്രഥമഗ്രൂപ്പ് 1955 ഒടുവിൽ ഇന്ത്യയിലെത്തി. പൊതുമേഖലയിലുള്ള ആദ്യത്തെ ഭൂഗർഭ സർവ്വേ തയ്യാറാക്കുക, 1956-61 ലേക്കു വേണ്ടി എണ്ണയന്വേഷണത്തിന്റെ ഒരു പ്ലാൻ തയ്യാറാക്കുക, എന്നീ ജോലികൾ സോവിയററു ശാസ്ത്രജ്ഞന്മാർ ആരംഭിച്ചു. ഇതേപ്പററി മാളവ്യ ഇങ്ങനെ പറയുന്നു.... "ഈ സമയത്തു് സോവിയററു യൂണിയനിലെ വിദഗ്ദ്ധന്മാരുടെ ഒരു ഗ്രൂപ്പ്, നമ്മുടെ സാങ്കേതിക വിദഗ്ദ്ധന്മാരുമായി അടുത്തു സഹകരിച്ചു് ഇന്ത്യയിൽ പ്രവർത്തിച്ചു വരികയായിരുന്നു. അവർ വളരെകുറച്ചു സമയംകൊണ്ടു് ധാരാളം ജോലിചെയ്തു തീർത്തിട്ടുണ്ടു്. അവർഎണ്ണയുണ്ടായിരിക്കാനിടയുള്ള എല്ലാപ്രദേശങ്ങളും സന്ദർശിക്കുകയും നാം ശേഖരിച്ച വിവരങ്ങൾ പഠിക്കുകയും ആവശ്യമായ കണക്കുകളും (കാൽക്കുലേഷൻസ്) ഭൂപടങ്ങളും തയ്യാറാക്കു

കയും, ഭൂഗർഭ സർവ്വേയും ഭൂമിയുടെ ഭൗതികനിലയെക്കുറിച്ചുള്ള സർവ്വേയും ഉള്ള പ്ലാനുകൾ ശരിയാക്കുകയും ചെയ്തു."1

പഞ്ചാബ്, ജയ്സൽമർ, ക്യാംബെ, പശ്ചിമബംഗാൾ ഉത്തർപ്രദേശ്, മദ്രാസ് എന്നിവിടങ്ങളിൽ ഭൂമിയുടെ ഭൗതിക നിലയെക്കുറിച്ചും ഭൂഗർഭസ്ഥിതിയെപ്പററിയും വിപുലവും സങ്കീർണ്ണവുമായ ഫീൽഡ് വർക്ക് നടത്തേണ്ടതാണെന്ന് 1956—61 ലേക്കുള്ള എണ്ണ വികസനത്തെ സംബന്ധിച്ച പദ്ധതിയിൽ (ഓയിൽ ഡവലപ്പുമെൻറ പ്ലാൻ)പറഞ്ഞിരുന്നു. ഇന്ത്യയുടെ പല ഭാഗങ്ങളിലും ഭൂമിയുടെ ഗുരുത്വനില (ഗ്രാവിറേറഷണൽ പ്രോസ്പെക്ടിംഗ്) നോക്കുകയും ആകർഷണ സ്വഭാവത്തെക്കുറിച്ച് സർവ്വേ നടത്തുകയും (മാഗ്നെററിക്ക് സർവ്വേ) ഭൂർഗഭസ്ഥിതിയെക്കുറിച്ചുള്ള പടങ്ങൾ തയ്യാറാക്കുകയും (ജിയോളജിക്കൽ മാപ്പിംഗ്) ചെയ്യേണ്ടതായുണ്ടായിരുന്നു. ഭൂമിയിൽ ആഴത്തിലുള്ള 34 കുഴികൾ ഉണ്ടാക്കുകയും, എണ്ണയന്വേഷണ സൗകര്യമുള്ള മററ് 6 കുഴികൾ ഉണ്ടാക്കുകയും (മൊത്തം 143,000 മീററർ ദൂരം കുഴിക്കേണ്ടിവരും) 145 ചെറിയ കുഴികളെടുക്കുകയും (മൊത്തം 154,000 മീററർ കുഴിക്കേണ്ടിവരും) ചെയ്യണമെന്ന് എണ്ണയുടെ വികസനത്തെ സംബന്ധിച്ച പ്ലാനിൽ നിർദ്ദേശിച്ചിരുന്നു. ഈ പ്ലാൻ നടപ്പാക്കുന്ന കാലത്ത്, ഭൂമിയുടെ ഗുരുത്വ നിലയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ 14—ം, ഭൂചലനത്തെക്കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കാൻ 10—ം, ഭൂഗർഭ സർവ്വേ നടത്തുന്നതിനായി 4—ം സംഘങ്ങൾ പ്രവർത്തി

---

1. ന്യൂടൈംസ്, നമ്പർ 42, ഒക്ടോബർ, 1958, പേജ് 11.

ക്കേണ്ടതാണെന്നും പറഞ്ഞിരുന്നു. ഭൂമിയിൽ ആഴത്തിലുള്ള കുഴികൾ നിർമ്മിക്കാനായി വേണ്ടിയിരുന്നതു് 5 സംഘങ്ങളാണു്.

ഉപകരണങ്ങൾ വാങ്ങുക, എണ്ണയെ സംബന്ധിച്ച കാര്യങ്ങളിൽ ഇന്ത്യാക്കാർക്കു പരിശീലനം നൽകുക, എന്നിവക്കായി ഈ പ്ലാൻ അനുസരിച്ചു് 305 മില്യൻ രൂപായാണു് അനുവദിച്ചിരുന്നതു്.[1] ഇതു്, രണ്ടാം പഞ്ചവൽസര പദ്ധതിയിൽ വ്യവസായം, ഖനനം എന്നിവക്കായി ക്കൊള്ളിച്ച തുകയുടെ 3 ശതമാനത്തിലല്പം കൂടുതലേ വരുമായിരുന്നുള്ളു.[2]

ഇന്ത്യയിലെ എണ്ണ വ്യവസായം കെട്ടിപ്പടുക്കാൻ ആദ്യമായി വേണ്ടതു് സാങ്കേതികമായ ഒരു ഉറച്ച അടിത്തറയായിരുന്നു. എണ്ണയുടെ സാദ്ധ്യത ആരായാനും ഭൂമി കുഴിക്കാനാവശ്യമായ ഉപകരണങ്ങൾ വാങ്ങാനുമുള്ള ചുമതല എണ്ണപ്രകൃതി വാതക കമ്മിഷനായിരുന്നു. ഈ ഉപകരണങ്ങൾ അമേരിക്കയിൽ നിന്നു വാങ്ങാൻ വലിയ വില നൽകേണ്ടിയിരുന്നു. അതു കൊണ്ടു്, ഇതിനുള്ള ഓർഡർ സോവിയററു യൂണിയനും റുമേനിയൻ റിപ്പബ്ലിക്കിനും നൽകാൻ ഇന്ത്യാ ഗവൺമെൻററു നിശ്ചയിച്ചു. ഇന്ത്യക്കാവശ്യമായ ഉപകരണങ്ങൾ നൽകാൻ സോവിയററു യൂണിയൻ സന്നദ്ധമാണെന്നു്, അന്നു്, ഇന്ത്യ സന്ദർശിച്ചസോവിയററു യൂണിയനിലെ പ്രഥമ ഡെപ്യൂട്ടി പ്രധാനമന്ത്രി അനസ്താസ് മിക്കോയൻ ഉറപ്പുനൽകുകയുണ്ടായി. റുമേനിയൻ ഗവൺമെൻററും ഈ ഉപകരണങ്ങൾ ഇന്ത്യക്കു നൽകാമെന്നു് വാഗ്ദാനം ചെയ്തു.

---

1. ദി കോമേഴ്സ്, ജൂലൈ 19, 1958, പേജ് 112.
2. മൂന്നാംപഞ്ചവൽസരപദ്ധതി, പേജ് 33, 58.

1956-ലെ ആദ്യ പകതിയിൽ, സോവിയററു യൂണിയനിൽനിന്നുള്ള സാധനങ്ങൾ എത്തിത്തുടങ്ങി. എളുപ്പമുള്ള കടമിടപാടനുസരിച്ചാണു് ഇന്ത്യക്കിതു ലഭിച്ചതു്. സോവിയററു യൂണിയനിൽ നിന്നു് ഡീപ്പ്ഡ്രില്ലിംഗ് റിഗ്സ്, സ്ട്രക്ച്ചറൽ ഡ്രില്ലിംഗ് യൂണിററുകൾ, വെൽകംപ്ലിഷൻ യൂണിററുകൾ· സീസ്മോളജിക്കൽ സ്റ്റേഷനുകൾ, ടാക്ടറുകൾ, ടെയിലേഴ്സ്, ബുൾഡോസേഴ്സ്, സിമൻറിംഗ് ഔട്ട്ഫിററ്സ്, ട്യൂബുകൾ മോട്ടോർ വാഹനങ്ങൾ, ക്രയിനുകൾ, മെററൽ കട്ടിംഗ് മെഷീൻ ടൂൾസ് എന്നിവയും മററു ഉപകരണങ്ങളും ഇന്ത്യയിലേക്കു പ്രവഹിക്കുകയായിരുന്നു. ഡറാഡൂണിൽ സോവിയററയൂണിയൻ ഒരു ലാബറട്ടറി സ്ഥാപിക്കുകയും ചെയ്തു. ഇന്ത്യാഗവൺമെണ്ടിനുള്ള ഒരു സംഭാവനയായിരുന്നു ഇതു്. 1963 നവമ്പർ ആയപ്പോൾ എണ്ണ-പ്രകൃതിവാതകകമ്മിഷനും സോവിയററുവിദേശ വ്യാപാര ഏജൻസികളും തമ്മിൽ 20-ൽ ഏറെ കോൺടാക്ടുകൾ ഉണ്ടായിരുന്നു. എണ്ണയന്വേഷണം, സർവ്വേ എന്നിവയ്ക്കും മററാവശ്യങ്ങൾക്കുമുള്ള 330 മില്യൻ രൂപായിലധികം വില വരുന്ന സാധനങ്ങൾ ഇന്ത്യക്കു ലഭിക്കുന്നതു സംബന്ധിച്ചുള്ളതായിരുന്നു ഈ കോൺടാക്ടുകൾ.[1] എണ്ണക്കിണർ കുഴിക്കാനുള്ള യന്ത്രങ്ങൾ (റിഗ്) റുമേനിയായും ഇന്ത്യക്കു നൽകി.

സോഷ്യലിസ്റ്റു രാജ്യങ്ങളുടെ സഹായത്തോടുകൂടി, എണ്ണയന്വേഷണത്തിനും സർവ്വേപ്രവർത്തനങ്ങൾക്കും വൻതോതിലുള്ള എണ്ണഖനനത്തിനും ആവശ്യമായ ഉറപ്പുള്ള

1. ദി നൂൺമതി ന്യൂസ്, ദി ഹൗസ് ജേർണൽ ഓഫ് ദി ഗൗഹതി റിഫൈനറി, ഗൗഹതി, നവമ്പർ 1963, പേജ് 4.

ഒരു ആധുനിക സാങ്കേതികാടിസ്ഥാനം വളരെ കുറച്ചു സമയം കൊണ്ടുണ്ടാക്കുവാൻ ഇന്ത്യക്കു കഴിഞ്ഞു. സാങ്കേതിക ഉപകരണങ്ങൾ എത്രവേഗമാണ് കമ്മിഷനു ലഭിച്ചതെന്ന് താഴെപ്പറയുന്ന ഉദാഹരണം തെളിയിക്കുന്നു. കമ്മിഷന് 1957-58 ൽ ഒരു റിഗ് മാത്രമാണ് ഉണ്ടായിരുന്നത്. ഇത് 1958-59 ൽ 7 ആയും 1959-60 ൽ 12 ആയും[1] 1962-63 ൽ 36 ആയും[2] വർദ്ധിച്ചു. 1965-66 ൽ ഇത് 60 ആകുമെന്നാണ് പ്രതീക്ഷ.

ഇന്ത്യയുടെ മറെറാരു പ്രശ്നം-ഇന്ത്യൻ ഓയിൽ സ്പെഷ്യലിസ്റ്റുകൾക്കും വർക്കേഴ്സിനുമുള്ള പരിശീലനം-വളരെവേഗം പരിഹരിക്കുന്നതിലും സോവിയററ്യൂണിയൻ സഹായിക്കുകയുണ്ടായി. സർവ്വേയ്ക്കും എണ്ണയന്വേഷണത്തിനും വേണ്ടിയുള്ള പദ്ധതിയുടെ ആദ്യമാസങ്ങളിൽ ചെറുപ്പക്കാരായ യൂണിവേഴ്സിററി ബിരുദധാരികൾക്കു വേണ്ടിയുള്ള കോഴ്സുകൾ (ക്രാഷ് കോഴ്സസ്സ്) സംഘടിപ്പിക്കുന്നതിൽ സോവിയററു സ്പെഷ്യലിസ്റ്റുകൾ സഹായിച്ചു. പെട്ടെന്ന്, ക്യാംബേയിൽ ഒരു സ്കൂൾ തുറക്കുകയും ചെയ്തു. ഇവിടെ, ഇന്ത്യയിലെയും സോവിയററു യൂണിയനിലെയും ലക്ചറന്മാർ ഉണ്ടായിരുന്നു. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ എണ്ണയന്വേഷണം നടന്നപ്പോൾ സോവിയററു ഭൂഗർഭ ശാസ്ത്രജ്ഞന്മാരും ജിയോഫിസിസിസ്റ്റുകളും ഡ്രില്ലർമാരും, കാർട്ടോഗ്രാഫർമാരും മററു സ്പെഷ്യലിസ്റ്റുകളും തങ്ങളുടെ പരിചയസമ്പത്ത് ഇന്ത്യാക്കാർക്കു പകർന്നുകൊടുക്കുകയുണ്ടായി, സോവിയററ്യൂണിയൻെറ പരിചയസമ്പത്തു നേടാനായി ധാരാളം ഇന്ത്യാക്കാർ ബകു,

1. ഓയിൽഡയററി, ജൂലൈ 11, 1962, പേജ് 2.
2. ഇന്ത്യൻ പെട്രോളിയം, പേജ് 101.

ക്രാസ്നോദാർ എന്നിവിടങ്ങളിലും, സോവിയററ്യൂണിയനിലേയും റുമേനിയായിലേയും മററു ഓയിൽ കേന്ദ്രങ്ങളിലും പോയി പഠനം നടത്തി. സ്കൂളുകളിലോ പ്രവർത്തനരംഗത്തോ ആയി ആകെ 5000 ഇന്ത്യാർക്കു് ജിയോളജിസ്റ്റുകൾ, ജിയോഫിസിസ്റ്റുകൾ, ഡ്രില്ലർമാർ, മെക്കാനിക്കുകൾ, വെൽഡർമാർ, ഇലക്ട്രിഷന്മാർ, എന്നീ നിലകളിൽ പരിശീലനം ലഭിച്ചു. ഇവരിൽ എണ്ണയന്വേഷണവും ഉല്പാദനവും സ്വന്തമായി നിർവ്വഹിക്കുവാൻ കഴിവുള്ള വിദഗ്ദ്ധന്മാരുടെ ഒരു കോർ രൂപീകരിക്കപ്പെട്ടു.

ദേശീയ എണ്ണവ്യവസായം വികസിപ്പിക്കുന്നതിനു് ഗണ്യമായ തരത്തിൽ വിദേശനാണ്യം ആവശ്യമായിരുന്നു. എളുപ്പമായ വ്യവസ്ഥകളോടുകൂടി വായ്പ നൽകണമെന്നുള്ള ഇന്ത്യയുടെ അഭ്യർത്ഥന സോവിയററ്യൂണിയൻ സ്വീകരിച്ചു. 1959 സെപ്തംബർ 12-ാംതീയതിയിലെ കരാർ അനുസരിച്ചു് ഇന്ത്യയുടെ മൂന്നാംപഞ്ചവത്സരപദ്ധതിക്കുവേണ്ടി സോവിയററ യൂണിയൻ നൽകിയ 1800 മില്യൻ രൂപായിൽ 330 മില്യൻ രൂപാ സമഗ്രമായ ഭൂഗർഭസർവ്വേക്കും എണ്ണ-വാതക ഉല്പാദനത്തിനും വേണ്ടിയായിരുന്നു. 1961 ഫെബ്രുവരി 21-ാംതീയതിയിലെ കരാറനുസരിച്ചു് സോവിയററ്യൂണിയൻ ഇന്ത്യക്കു വായ്പയായി നൽകിയ 600 മില്യൻ രൂപായിൽ ഗണ്യമായ ഭാഗവും എണ്ണ-വാതക ഉല്പാദനത്തിനായിരുന്നു. ഗവർമ്മെൻറുടമയിലുള്ള എണ്ണ ശുദ്ധീകരണശാലകൾ സ്ഥാപിക്കുവാനും ഇന്ത്യക്കു് സോവിയററ്യൂണിയൻ വലിയ വായ്പകൾ നൽകിയിട്ടുണ്ടു്. ഇന്ത്യയുടെ എണ്ണവ്യവസായത്തിനു വേണ്ടിയുള്ള സോവിയററുവായ്പ ഏകദേശം 850 മില്യൻ രൂപയാണെന്നു് (ഇന്ത്യയും സോ

വിയററുയൂണിയൻ നൽകിയിട്ടുള്ള മൊത്തം വായ്പയുടെ ഏകദേശം 25 ശതമാനം വരുമിതു്). ഇന്ത്യയിലെയും സോവിയററു യൂണിയനിലെയും പത്രറിപ്പോർട്ടുകളിൽ നിന്നു് ഞാൻ കണക്കാക്കുന്നു.

സോവിയററു വായ്പകൾ 12 വർഷം കൊണ്ടു തിരിച്ചടച്ചാൽ മതി. ഇതിനു് രണ്ടര ശതമാനമാണു് പലിശ. യഥാർത്ഥത്തിൽ, തുക തിരിച്ചടക്കാനുള്ള കാലാവധി മൂന്നു വർഷം കൂടെ വരും. കാരണം, യു. എസ്. എസ്. ആറിൽനിന്നുള്ള ഉപകരണവും സാധനങ്ങളും പൂർണ്ണമായി എത്തിക്കഴിഞ്ഞു് ഒരുവർഷമാകുംവരെ ഈ തുക തിരിച്ചടച്ചു തുടങ്ങേണ്ടിവരുമായിരുന്നില്ല. വായ്പയിൽ, ഉപയോഗപ്പെടുത്താത്ത ഭാഗത്തിനു് പലിശ ഈടാക്കിയിരുന്നില്ല. വായ്പാകരാറുകളിലെ വ്യവസ്ഥ പ്രകാരം, ഇന്ത്യയുടെ സാമ്പത്തികനിലയ്ക്കു് ഹാനികരമല്ലാത്ത തരത്തിൽ കയററുമതിസാധനങ്ങൾകൊണ്ടു ഇന്ത്യയ്ക്കു വായ്പ തിരിച്ചുനൽകാൻ കഴിയുമായിരുന്നു.

പാശ്ചാത്യരാജ്യങ്ങളുമായും, സാർവ്വദേശീയ ധനകാര്യസ്ഥാപനങ്ങളുമായും ഉള്ള ഇന്ത്യയുടെ വായ്പാകരാറുകളനുസരിച്ചു്, സാധാരണയായി ഇന്ത്യയ്ക്കു തിരിച്ചുനൽകേണ്ടിവന്നതു് കറൻസിയായിരുന്നു. കറൻസി നേടുവാൻ ഇന്ത്യ വിഷമിക്കുകയായിരുന്നു—വിശേഷിച്ചും ദേശീയ സമ്പദ്നില ഉടച്ചുവാർക്കാൻ ശ്രമിച്ചുപോന്ന കഴിഞ്ഞ ഏതാനും വർഷങ്ങളിൽ, എന്നാൽ, സോവിയററുവായ്പാ ഏർപ്പാടുകൾ, ഇന്ത്യയുടെ കയററുമതി വർദ്ധിപ്പിക്കാനും കയററുമതിവ്യവസായത്തിൽ കൂടുതൽ തൊഴിൽ സൗകര്യങ്ങൾ ഉണ്ടാക്കാനും സഹായകരമാണു്.

സോവിയററുയൂണിയൻെറ പലിശനിരക്കിന്മേൽ ഇന്ത്യക്കു വലിയ ലാഭമുണ്ടു്. ഈ പലിശനിരക്കു്; മുതലാളി

ത്തരാജ്യങ്ങൾ നൽകുന്ന വായ്പയ്ക്കുള്ള പലിശനിരക്കി ൻെറ മൂന്നിലൊന്നോ പകുതിയോ ആണ്. (മുതലാളി ത്തരാജ്യങ്ങൾ ഈടാക്കുന്ന പലിശ 4 മുതൽ 7 വരെ ശത മാനമാണ്.) 1958-ലും 1961-ലും ഇന്ത്യയ്ക്കു ലഭിച്ച അമേരിക്കൻ കയററിറക്കുമതി ബാങ്കിൻെറ (യു. എസ്. എക്സ്പോർട്ടു് ഇംപോർട്ട ബാങ്ക്) വായപയ്ക്കു് $5\frac{1}{4}$ മുതൽ $5\frac{3}{4}$ വരെ ശതമാനമായിരുന്നു പലിശ. ഇതു 10-15 വർഷംകൊണ്ടു് ഡോളറായി ഇന്ത്യ തിരിച്ചടയ്ക്കേണ്ടതാ ണ്. പുനർനിർമ്മാണത്തിനും വികസനത്തിനും വേണ്ടി യുള്ള സാർവ്വദേശീയബാങ്കിൻെറ (ഇൻറനാഷണൽ ബാങ്ക് ഫോർ റീകൺസ്ട്രക്ഷൻ ആൻഡ് ഡവലപ്പുമെൻറ്) വായ്പകൾക്ക് $5\frac{3}{4}$ ശതമാനമാണ് പലിശ. റൂർഖേല യിലെ മെററലർജിക്കൽ മില്ലിൻെറ നിർമ്മാണത്തിനുവേ ണ്ടി ജർമ്മൻ ഫെഡറൽ റിപ്പബ്ളിക് നൽകിയ വായ്പ യുടെ പലിശ 6.3 ശതമാനവും അതു തിരിച്ചടയ്ക്കാനുള്ള കാലവധി 3 വർഷവുമായിരുന്നു. ബ്രിട്ടൻ, ഫ്രാൻസ്; ഇ ററലി, സ്വിററ്സർലണ്ട്, ആസ്ത്രിയ, ജപ്പാൻ എന്നീ രാ ജ്യങ്ങൾനൽകുന്ന വായ്പകൾ 10-15 വർഷംകൊണ്ടു് തി രിച്ചടക്കേണ്ടതാണ്. ഇവയുടെ പലിശ $5\frac{1}{2}$ ശതമാനംമു തൽ $6\frac{3}{8}$ ശതമാനം വരെ വരും. പാശ്ചാത്യരാജ്യങ്ങളിൽ നിന്നോ സാർവ്വദേശീയ ധനകാര്യസ്ഥാപനങ്ങളിൽ നി ന്നോ, 100 പവനോ 100 സ്റ്റെർലിങ്ങോകടംവാങ്ങിയാൽ, സോവിയററുയൂണിയനിൽനിന്നു് കടം വാങ്ങിയാൽ കൊ ടുക്കേണ്ടി വരുന്നതിനേക്കാൾ 10-20 പവനോ, 10-20 സ്റ്റെർലിംങ്ങോ ഇന്ത്യ അധികമായി നൽകേണ്ടിവരും എന്നാണ് ഇതിൻെറ അർത്ഥം. എണ്ണരംഗത്തെ ഇന്ത്യയു ടെ പൊതുമേഖല വികസിപ്പിക്കാൻ എന്തെങ്കിലും വാ യ്പ നൽകാൻ മുതലാളിത്തരാജ്യങ്ങൾ ആദ്യം കൂട്ടാക്കി

യിരുന്നില്ലെന്ന കാര്യവും മനസ്സിലാക്കേണ്ടതാണ്. (ഇതേപ്പററി കൂടുതൽ വിവരങ്ങൾ അടുത്ത അദ്ധ്യായത്തിലുണ്ട്). അവസാനത്തെ ഏതാനും വർഷങ്ങളിൽ മാത്രമാണ്, എണ്ണയന്വേഷണത്തിനു വേണ്ടി ഇററാലിയൻ ഗവണ്മെൻറിൻെറ ഉടമയിലുള്ള ഇ. എൻ. ഐയിൽ നിന്നും ഫ്രഞ്ചുഗവണ്മെന്റിൽനിന്നും വളരെ ചെറിയ വായ്പകൾ വാങ്ങാൻ ഇന്ത്യയ്ക്കു കഴിഞ്ഞതു്. ഇങ്ങനെ, 1963 അവസാനം എണ്ണ-പ്രകൃതിവാതക കമ്മിഷനു് ആവശ്യമായിവന്ന 716.3 മില്യൻ രൂപയുടെ വിദേശനാണ്യത്തിൽ 60 ശതമാനവും സോവിയററുവായ്പയായിരുന്നു. റുമേനിയായും യുഗോസ്ലാവ്യയായും 2.5 ശതമാനവും ഇററലിയും ഫ്രാൻസും 20 ശതമാനവും തുക നൽകി. 20 ശതമാനത്തോളം തുക മററു കേന്ദ്രങ്ങൾ വഴി ഇന്ത്യയുണ്ടാക്കി.[1]

എണ്ണയന്വേഷണത്തിനുള്ള ഉപകരണങ്ങളും,പരിശീലനം നേടിയ ആളുകളും കമ്മിഷൻെറ അധീനതയിലായിരുന്നു. അതുകൊണ്ടു രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്തു ഭൂഗർഭസർവ്വേയ്ക്കും എണ്ണയന്വേഷണത്തിനും വേണ്ടിയുള്ള പരിപാടികൾ നടപ്പാക്കിത്തുടങ്ങാൻ കമ്മിഷനു് സാധിച്ചു. സോവിയററു് സ്പെഷ്യലിസ്റ്റ്കളുടെ ശുപാർശ പ്രകാരം ആദ്യമായി മൂന്നു പ്രദേശങ്ങളിലാണ് എണ്ണ കണ്ടെത്താൻവേണ്ടി ഭൂമി കുഴിച്ചതു്. പഞ്ചാബ് (ജ്വാലാമുഖി) ക്യാംബെ ഉൾക്കടലിൻെറ തീരപ്രദേശം, (ലൻജ്ജവിനു സമീപം) ആസ്സാം (സിബ്സാഗറിനു സമീപം) എന്നീ പ്രദേശങ്ങളാണവ.

എണ്ണകണ്ടെത്താനുള്ള ഏതു ശ്രമവും തകർക്കാൻ വിദേശഎണ്ണക്കമ്പനികൾ ശ്രമിച്ചുപോന്നതുകൊണ്ടു് തികച്ചും

---

1. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഡിസംബർ 31, 1963.

വിഷമകരമായ ഒരു സാഹചര്യത്തിലാണ് കമ്മീഷൻ അതിൻെറ പ്രവർത്തനം ആരംഭിച്ചതു്. എന്നാൽ, 1958 മേയ് 9-ാംതീയതി കമ്മീഷനു് പ്രഥമവിജയം കൈവരിക്കാൻ കഴിഞ്ഞു. 800 മീററർ താഴെ ജ്വാലാമുഖിയിൽ വാതകം കണ്ടെത്തി. അവിടെ സോവിയററുവിദഗ്ദ്ധന്മാരുടെ ശുപാർശപ്രകാരം റുമേനിയായുടേയും ഇന്ത്യയുടേയും സ്പെഷ്യലിസ്റ്റ്കളാണ് സേവനമനുഷ്ഠിച്ചതു്.

ഈ കണ്ടുപിടുത്തം അതിപ്രധാനമായ ഒന്നായിരുന്നു. ഒരു പത്രം ഇങ്ങനെ എഴുതി: "ഇതു്....നിയന്ത്രണാതീതമായി കുത്തകകൾ ഇന്ത്യയുടെ ദേശീയസമ്പദ് നിലയെ ചൂഷണം ചെയ്യുന്നതിൽ നിന്നു് ഇന്ത്യയെ രക്ഷിക്കുകയും, ആ രാജ്യത്തെ (ഇന്ത്യയെ) ശോഭനമായ ഒരു സ്ഥാനത്തു് എത്തിക്കുകയും പുതിയ പ്രതീക്ഷയ്ക്കു് വകനൽകുകയും ചെയ്തിരിക്കുന്നു........" "ബ്രിട്ടീഷുകാർ ഏകദേശം 50 വർഷം മുമ്പു് ആസ്സാമിൽ ഭൂഖനനം ആരംഭിച്ചെങ്കിലും ഖനനത്തിൻെറ കാര്യത്തിൽ പരിചയം നേടിയ ഇന്ത്യൻസ്പെഷ്യലിസ്റ്റ്കളാരും നമുക്കുണ്ടായില്ല എന്ന കാര്യം ഇവിടെ സ്മരണീയമാണ്."[1] ഭൂഖനനത്തിൽ ഇന്ത്യാക്കാർക്കു പരിശീലനം നൽകിയ സോവിയററു-റുമേനിയൻ സ്പെഷ്യലിസ്റ്റ്കളെ സംബന്ധിച്ചിടത്തോളം ഇതു അഭിമാനകരമായിരുന്നു. ജ്വാലാമുഖിയിൽ ഇപ്പോൾ വാതകം കണ്ടുപിടിച്ചിട്ടുണ്ടെന്നും. കമ്മിഷൻെറ പ്രൊജക്ടുകൾക്കു മുൻഗണന നൽകണമെന്നും മറെറാരു പത്രം അതിൻെറ മുഖപ്രസംഗത്തിൽ പറഞ്ഞു.[2]

---

1. ന്യൂ ഏജ്, ജൂൺ 20, 1958, പേജ് 11.
2. ദി ഹിന്ദുസ്ഥാൻ ടൈംസ്, മേയ് 19, 1958.

ക്യാംബെ ഉൾക്കടലിൻെറ സമീപപ്രദേശങ്ങളിൽ ധാരാളം എണ്ണയുണ്ടെന്ന നിഗമനം വളരെ വേഗം സ്ഥിരീകരിക്കപ്പെട്ടു. ക്യാംബെ ഉൾക്കടലിൽനിന്നു് ഏതാനും കിലോമീററർ അകലെയുള്ള ലംജ് ഗ്രാമത്തിൽ, സോവിയററയൂണിയൻെറയും ഇന്ത്യയുടേയും സ്പെഷ്യലിസ്റ്റുകൾ 1958 സെപ്റ്റംബറിൽ എണ്ണകണ്ടെത്തുകയുണ്ടായി.

ഇന്ത്യയുടെ പ്രഥമ എണ്ണപ്പാടം—ഇതു് ഇന്ത്യയുടെ സ്വന്തമാണ്—കണ്ടുപിടിച്ചതിനെസംബന്ധിച്ചുള്ള മന്ത്രി മാളവ്യയുടെ പ്രഖ്യാപനം ഹർഷാരവത്തോടെയാണ് പാർലമെൻററ് സ്വീകരിച്ചതു്. അജ്ഞാതവും അന്വേഷണം നടക്കാത്തതുമായ ഒരു പ്രദേശത്തു കുറഞ്ഞ ചിലവിൽ ഇത്ര ചുരുങ്ങിയസമയംകൊണ്ടു് ഇത്ര ചെറിയ ആഴത്തിൽ എണ്ണ കണ്ടെത്താൻ കഴിഞ്ഞതിൽ ഇന്ത്യൻ ജനതയ്ക്കു് അത്യധികം സന്തോഷമുണ്ടെന്നു് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ജനതയെസംബന്ധിച്ചിടത്തോളം ഇതു ചരിത്രസംഭവമായിരുന്നു. ഇത്തരം കണ്ടുപിടുത്തങ്ങൾ രാജ്യത്തിന്റെ "സാമ്പത്തികമുഖച്ഛായ" മാററാൻ പോരുന്നവയായിരുന്നു.

ഇന്ത്യൻജനതയുടെ മനസ്സിടിക്കുവാൻവേണ്ടി ഇന്ത്യയിൽ എണ്ണയില്ലാ എന്നു് വിദേശക്കുത്തകകൾ പ്രചരിപ്പിച്ചുപോന്ന കല്പിതകഥ, ക്യാംബേയിൽ എണ്ണകണ്ടുപിടിച്ചതോടുകൂടി തകർന്നു. ക്യാംബേയിൽ എണ്ണകണ്ടെത്താനുള്ള സാദ്ധ്യതയേയില്ല എന്നുവരെ ഒരു വിദേശകമ്പനി പറഞ്ഞിരുന്നു.[1] എണ്ണയന്വേഷണത്തിൽനിന്നു് ഒഴിവാക്കപ്പെട്ടിരുന്ന ഈ പ്രദേശത്തു് 20 വർഷത്തെ ആവശ്യ

---

1. ഹിതവാദ, ജൂൺ 7, 1960.

ത്തിനുള്ള ഏററവും വലിയ ദേശീയ സമ്പത്താണ് ഉണ്ടായിരുന്നതു്.[1]

ക്യാംബേയിലെ കണ്ടുപിടുത്തത്തോടുകൂടി എണ്ണബിസിനസ്സിലെ ഗവർമ്മെൻറു പങ്കാളിത്തത്തെ എതിർക്കുന്നവരോടുള്ള സമരം ശക്തിപ്പെടുത്താൻ പൊതുമേഖലയ്ക്കു കഴിഞ്ഞു. വിദേശകുത്തകകളുടെ സഹായമില്ലാതെ എണ്ണയന്വേഷണം സാദ്ധ്യമല്ലെന്ന നിലവിലുള്ള ആശയത്തിന് പെട്ടെന്ന് ഏററ ഒരു പ്രഹരമായിരുന്നു അതു്.[2] ഈസ്റ്റേൺ എക്കണോമിസ്റ്റ്, കോമേഴ്സ്, ഹിന്ദുസ്ഥാൻ ടൈംസ് എന്നിവപോലുള്ള പ്രസിദ്ധീകരണങ്ങൾക്കു്, പൊതുമേഖലയുടെ വികസനത്തിന് എതിരായുള്ള തങ്ങളുടെ ലേഖനങ്ങളിൽ പ്രകടിപ്പിച്ച അഭിപ്രായത്തിൽ മാററം വരുത്തേണ്ടിവന്നു.

ക്യാംബേയിൽ എണ്ണ കണ്ടുപിടിച്ചതിന് എണ്ണയന്വേഷണത്തിൻെറ ഒരു ഘട്ടം എന്നതിനേക്കാൾ കൂടുതൽ പ്രാധാന്യമുണ്ട്: വ്യവസായവൽക്കരണം നേടാനുള്ള ഇന്ത്യൻജനതയുടെ അഭിലാഷമാണ് അതിലുണ്ടായിരുന്നതു്.[3] ഇതിൻെറ ഫലമായി "....രാജ്യത്തെമ്പാടും ആഹ്ളാദം അലയടിച്ചുയർന്നു. സ്വതന്ത്രഇന്ത്യയുടെ സാമ്പത്തികവികസനത്തിൽക്യാംബേയ്ക്കു്പുതിയതുംസുപ്രധാനമായതുമായ ഒരു പങ്കുണ്ടാകുമെന്ന് എല്ലാവർക്കുംബോദ്ധ്യമായി...."[4] ക്യാംബെ ഒരു "ഇന്ത്യൻബക" ആയിവരികയായിരുന്നു.

---

1. ലിങ്ക്, ഏപ്രിൽ 10, 1960, പേജ് 8.
2. അമൃത ബസാർപത്രിക, ഏപ്രിൽ 9, 1960.
3. ഇന്ത്യൻ എക്സ്പ്രസ്സ്, ഏപ്രിൽ 9, 1960.
4. ഹിതവാദ, ജൂൺ 7, 1960.

ഇന്ത്യൻ പത്രങ്ങൾ ഈ കണ്ടുപിടുത്തത്തെ സോഷ്യലിസ്റ്റ്‌രാജ്യങ്ങൾ ഇന്ത്യയ്ക്കുനൽകുന്ന സഹായവുമായി ബന്ധപ്പെടുത്തുകയുണ്ടായി. സോഷ്യലിസ്‌റ്റുരാജ്യങ്ങൾ ഇന്ത്യക്കുനൽകുന്ന ഉപകരണങ്ങൾക്കും വിദഗ്ദ്ധർക്കും പരിശീലനങ്ങൾക്കുമുള്ള നിർണ്ണായകമായ പങ്കിനെപ്പററി ഈ പത്രങ്ങൾ ഊന്നിപ്പറയുകയും ചെയ്തു.[1]

ക്യാംബേയിലുണ്ടായ ആദ്യത്തെ വിജയത്തെത്തുടർന്ന് കൂടുതൽ കണ്ടുപിടുത്തങ്ങൾ നടത്താൻ പൊതുമേഖലയ്ക്കു കഴിഞ്ഞു. 1960 മേയ് 13-ാംതീയതി ക്യാംബേയ്ക്കു സമീപം അങ്കലേശ്വറിൽ ഒരു ഉറവകണ്ടെത്തുകയുണ്ടായി. ഇവിടെ ഇന്ത്യയുടെയും സോവിയററ്യൂണിയൻേറയും സ്പെഷ്യലിസ്റ്റുകൾ ഒരു യുറാൾമാഷ്-5 ഡി റിഗാണ് ഉപയോഗിച്ചതു്. 'വസുധര ഐശ്വര്യത്തിൻെറ പ്രവാഹമാകുന്നു' എന്നാണ് ഈ കിണർ സന്ദർശിച്ച ജവഹർലാൽനെഹ്റു പ്രസ്താവിച്ചതു്.[2] ഈ എണ്ണപ്പാടം, ഇൻഡ്യൻജനതയുടെ ഐശ്വര്യത്തിൻെറ യഥാർത്ഥമാർഗ്ഗമാകാനുള്ള എല്ലാ സാദ്ധ്യതയുമുണ്ടെന്നു് പിന്നീടുനടന്ന സർവ്വേകൾ സൂചിപ്പിക്കുകയുണ്ടായി. കാരണം, വൻതോതിലുള്ള ഒന്നാംതരം പെട്രോളിയം അവിടെ ഉണ്ടായിരുന്നു.

സോവിയററു സ്പെഷ്യലിസ്റ്റുകളുടെ സജീവപങ്കാളിത്തത്തോടുകൂടി 1960 ഡിസംബറിൽ ആസ്സാമിലെ രുദ്രസാഗറിൽ (സിബ്സാഗറിനു സമീപം) എണ്ണ കണ്ടുപിടിക്കപ്പെട്ടു. പൊതുമേഖലവഴി എണ്ണയന്വേഷണം നടത്തുന്നതിൻെറ വമ്പിച്ച പ്രയോജനമാണ് ഇതിൽ നിന്നു

---

1. അമൃതബസാർപത്രിക, ഏപ്രിൽ 9, 1960.
2. ഇന്ത്യൻ പെട്രോളിയം, പേജ് 44.

തെളിഞ്ഞതു്. ഇന്ത്യയിൽ എണ്ണകണ്ടുപിടിക്കുന്ന കാര്യത്തിൽ എണ്ണ-പ്രകൃതിവാതക കമ്മിഷൻ മററുള്ളവരോടൊപ്പം വരികയില്ലെന്ന പ്രചാരണത്തെയാകെ അതു തകർത്തു. ഇന്ത്യക്കു സ്വന്തമായി ഒരു എണ്ണഖനന-ശുദ്ധീകരണവ്യവസായം ഉണ്ടാവുന്നതു സംബന്ധിച്ചുള്ള എല്ലാ സംശയങ്ങളും, രുദ്രസാഗറിൽ എണ്ണ കണ്ടുപിടിച്ചതോടെ ദൂരീകരിക്കപ്പെട്ടുവെന്നു് ഇന്ത്യയിലെ സോവിയററു അമ്പാസിഡർ ഐ. എ. ബനിഡിക്ടോവ് പ്രസ്താവിക്കുകയുണ്ടായി.[1]

1961-ലെ വസന്ത കാലത്തു്, രണ്ടാംപഞ്ചവത്സരപദ്ധതി അവസാനിച്ചപ്പോൾ, ഇന്ത്യക്കു വലിയ ഒരു വിജയം ആഘോഷിക്കാൻ കഴിഞ്ഞു: ഇക്കാലത്തു്, പൊതുമേഖലയിലുള്ള എണ്ണവ്യവസായം കൂടുതൽ പുരോഗമിപ്പിക്കുവാനുള്ള നല്ലൊരു അടിത്തറ ഇന്ത്യയുണ്ടാക്കി. ഇന്ത്യക്കാർ അവരുടെ സോവിയററു സഹപ്രവർത്തകരുമായി ചേർന്നു് മൂന്നു് എണ്ണപ്പാടങ്ങൾ—ക്യാംബെ, അങ്കലേശ്വർ, രുദ്രസാഗർ—കണ്ടുപിടിക്കുകയും പഞ്ചാബിലേയും ഗുജറാത്തിയിലേയും മററു സംസ്ഥാനങ്ങളിലേയും പ്രതീക്ഷയ്ക്കുവകയുള്ള പല സ്ഥലങ്ങളിലും അന്വേഷണങ്ങൾ നടത്തുകയും ചെയ്തു. എണ്ണ-പ്രകൃതിവാതക കമ്മിഷൻ 164000 ചതുരശ്രമൈൽ പ്രദേശത്തു് ഭൂമിയുടെ ഗുരുത്വനില പരിശോധിക്കുകയും ആകർഷകസ്വഭാവത്തെപ്പററി സർവ്വേ നടത്തുകയും[2], 256000 ചതുരശ്രകിലോമീററർ പ്രദേശത്തു് എയർബോൺ മാഗ്നററിക് സർവ്വേനടത്തുകയും ഏകദേശം 9000 ചതുരശ്രകിലോമീററർ പ്രദേശത്തു് ഭൂചലന

---

1. അമൃതബസാർ പത്രിക, നവംബർ 10, 1961.
2. ഓയിൽ ഡയറി, ജനുവരി 29, ഫെബ്രുവരി 5, 1962.

സ്വഭാവം പരിശോധിക്കുകയും ചെയ്തു.[1] ഇവർ. മൊത്തം 67,000 കിലോമീററർ ആഴംവരുന്ന ഇരുപത്താറ് കുഴികൾ ഭൂമിയിലുണ്ടാക്കി. രണ്ടാംപഞ്ചവത്സരപദ്ധതിയുടെ അവസാനവർഷത്തിൽ; കമ്മിഷന്റെ 18 ഭൂഗർഭഗവേഷക സംഘങ്ങളും 10 ഗ്രാവിറേറഷണൽ-മാഗ്നററിക് സംഘങ്ങളും 12 സീസ്മോഗ്രാഫിക് സംഘങ്ങളും പ്രവർത്തനരംഗത്തുണ്ടായിരുന്നു.[2] ജിയോളജിസ്റ്റുകൾ, ജിയോഫിസിസ്ററുകൾ, ഡ്രില്ലർമാർ. മററുസ്പെഷ്യലിസ്റ്റുകൾ എന്നീ വിഭാഗത്തിൽപ്പെട്ട 4,600-ൽ അധികം സ്റ്റാഫും കമ്മിഷനുണ്ടായിരുന്നു.[3]

ഈ നേട്ടങ്ങൾ. മൂന്നാംപഞ്ചവത്സരപദ്ധതിക്കാലത്ത് (1961-62—1965-66) എണ്ണക്കുവേണ്ടി കൂടുതൽ അന്വേഷണം നടത്താനും വൻതോതിൽ എണ്ണഖനനം നടത്താനും ഇന്ത്യാഗവൺമെണ്ടിനെ സഹായിച്ചു. യഥാർത്ഥത്തിൽ, രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്ത് ധാതുകർമ്മത്തിനു കല്പിച്ചിരുന്നതു മുൻഗണന എണ്ണയന്വേഷണത്തിനും ഖനനത്തിനും മൂന്നാംപദ്ധതിയിൽ നൽകപ്പെട്ടു.[4] സ്റ്റേററുടമയിലുള്ള എണ്ണവ്യവസായം വികസിപ്പിക്കുവാൻ മൂന്നാംപഞ്ചവത്സരപദ്ധതിയുടെ കരടുരേഖയിൽ തന്നെ ഈ ഇനത്തിൽ രണ്ടാംപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നതിന്റെ നാലിരട്ടിതുക നീക്കിവയ്ക്കുകയുണ്ടായി. എണ്ണ

---

1. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഫെബ്രുവരി 28, 1962.
2. മിനിസ്ട്രി ഓഫ് സ്റ്റീൽ, മൈൻസ് ആൻറ് ഫ്യൂവെൽ റിപ്പോർട്ട്, 1960–61; ന്യൂഡൽഹി, 1961, പേജ് 41.
3. ഓയിൽ ഡയറി, സെപ്തംബർ 16, 1962, പേജ് 1.
4. പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, ഇന്ത്യാഗവർമ്മെൻറ് മേയ് 17, 1960.

യനേ്വഷണത്തിനുവേണ്ടി രണ്ടാം പദ്ധതിക്കാലത്തു് ചിലവാക്കിയതു് 260 മില്യൻ രൂപയായിരുന്നു. എന്നാൽ ഇതിനായി മൂന്നാംപദ്ധതിയിൽ നീക്കിവച്ചതു് 1150 മില്യൻ രൂപായാണു്.[1] യഥാർത്ഥത്തിലുള്ള ചിലവുകളുമായി നോക്കുമ്പോൾ, ഈ തുക തീരെ കുറവാണെന്നു് കമ്മീഷൻ കണ്ടു. അങ്ങനെ 1961 അവസാനം ഈ തുക 2020 മില്യൻ രൂപയാക്കി വർദ്ധിപ്പിച്ചു. ഇതും, എണ്ണ ശുദ്ധീകരണം, പൈപ്പ്‌ലൈനുകൾ, വിപണനസൗകര്യങ്ങൾ എന്നിവക്കായുള്ള തുകയും കൂടെ 3500 മില്യൻ രൂപായാണു്.[2] പൊതുമേഖലയിലെ വ്യവസായ വികസനത്തിനുള്ള മൊത്തം ചിലവിൻെറ ഏകദേശം 25 ശതമാനം വരും ഈ തുക.

മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാൻ കമ്മീഷൻ തീരുമാനിച്ചു.

1. പദ്ധതിയുടെ അവസാനത്തോടുകൂടി പൊതുമേഖയിലെ എണ്ണഖനനം പ്രതിവർഷം 3- 3.5 മില്യൻ ടൺ വർദ്ധിപ്പിക്കാൻവേണ്ടി, വ്യാവസായിക ആവശ്യത്തിനുള്ള എണ്ണ സംഭരണം 120 മില്യൻ ടൺ ആക്കുക.

2. ഗുജറാത്തിലും, ആസ്സാമിലും, എണ്ണ ലഭിക്കുന്ന 332 കിണറുകൾ കുഴിക്കാനുള്ള പ്രവത്തനം പൂത്തിയാക്കുക. ഗുജറാത്ത്, ആസ്സാം. പഞ്ചാബ്, ഗംഗാതടം എന്നിവിടങ്ങളിൽ പരീക്ഷണത്തിനുവേണ്ടിയുള്ള 237 കിണറുകൾ കുഴിക്കുക.

---

1. മൂന്നാംപഞ്ചവത്സരപദ്ധതി, പേജ് 528.
2. ഓയിൽ ഡയറി, ഡിസമ്പർ 9, 1962.

3. റിഗുകളുടെ എണ്ണം 60 ആയി വർദ്ധിപ്പിക്കുക.

4. ബറോഡായിൽ ഒരു റിഗ് റിപ്പെയർ ഡിപ്പോ സ്ഥാപിക്കുക; 10 ഫീൽഡ് റിപ്പെയർ ഷോപ്പുകൾ സ്ഥാപിക്കുക.[1]

ഒരു ദേശീയവാതകവ്യവസായത്തിനു് രൂപം നൽകാനും കാര്യമായ ശ്രമം വേണ്ടിവന്നു.

എണ്ണയ്ക്കും വാതകത്തിനുംവേണ്ടിയുള്ള അന്വേഷണവും ശ്രമവും പ്രധാനമായി നടന്നതു് ഗുജറാത്തിലാണു്. ഇന്ത്യാ–സോവിയററ് സ്പെഷ്യലിസ്റ്റ്കൾ പ്രവചിച്ചതുപോലെ, ക്യാംബേയിലെ എണ്ണയന്വേഷണം പല സ്ഥലത്തും പുതിയതായിഎണ്ണകണ്ടുപിടിക്കാൻ വഴിതെളിച്ചു. 1961 ജൂണിൽഅഹമ്മദാബാദിനു് 25 കിലോമീററർ വടക്കുള്ള ചെറിയ ഒരു പട്ടണമായ കലോളിനു സമീപം ധാരാളം എണ്ണയുള്ള ഒരു കേന്ദ്രം കണ്ടുപിടിക്കപ്പെട്ടു. ഇതേ തുടർന്നു, ബരീജായിലും സാനന്ദിലും ഓൾപാദിലും, വാവെലിലും—ഇതെല്ലാം ക്യാംബെ പ്രദേശത്താണു്—എണ്ണ കണ്ടെത്തി. കൊസാമ്പ, പദ്ര, ഗോഖ എന്നിവിടങ്ങളിലും പെട്രോളിയം നിക്ഷേപമുള്ളതായി കണ്ടുപിടിച്ചു.

ക്യാംമ്പേയിൽ ഉള്ള എണ്ണ എത്രയാണെന്നു് ഇപ്പോഴും പറയാൻ പററുകയില്ല. ഇതേപ്പററി ഇനിയും വലിയ ഗവേഷണം ആവശ്യമാണു്. ക്യാംബേയിലെ എണ്ണനിക്ഷേപത്തെക്കുറിച്ചു് മിക്കവാറും ശരിയായ ഒരു കണക്കു് തയ്യാറാക്കാൻ ഏകദേശം 8 വർഷം വേണ്ടിവരുമെന്നാണു്, വേൾഡ് ഓയിൽ സ്റ്റാററിസ്റ്റിക്സ് ആനലിൻെറ പ്രസാധകനായ എച്ച്. ജെ. സ്റ്റ്രൂട്ടു് കരുതുന്നതു്. പ്രതിവ

1. ഖനിജ തേൽ സമാചാർ, ബറോഡ, ആഗസ്റ്റ് 15 1962.

ർഷം ശരാശരി 2.3 മില്യൻ ടൺ എണ്ണ ശേഖരിക്കാവുന്ന തരത്തിൽ, അങ്കലേശ്വരിൽ 48 മില്യൻ ടൺ എണ്ണ നിക്ഷേപമുണ്ടെന്നാണ് അവിടെ നടത്തിയ പ്രാഥമിക സർവ്വേ സൂചിപ്പിക്കുന്നതു്.[1]

ക്യാംബേയിൽ വാണിജ്യപ്രധാനമായ 4,000 മില്യൻ ഘനമീററർ പ്രകൃതിവാതകനിക്ഷേപമുള്ളതായി കണക്കാക്കപ്പെടുന്നു.[2] ഇതു് പാകിസ്ഥാനിലെ സിയുവിലും മാറിയിലും കാണുന്നതുപോലുള്ള ദക്ഷിണഏഷ്യയിലെ വൻകിടവാതകനിക്ഷേപങ്ങളോടൊപ്പം വരും. കലോൾ, വാവൽ, സാനന്ത്, ഓൾപാദ്, കൊസാമ്പ, ബറീജാ എന്നിവിടങ്ങളിലെ നിക്ഷേപങ്ങൾ കണക്കാക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. 1963 ഒക്ടോബർ 1 ആയപ്പോൾ ഈ പ്രദേശങ്ങളിൽ ആഴമുള്ള 28 കുഴികൾ ഉണ്ടായിരുന്നു. ഇതിൽ 11-ൽഎണ്ണ അഥവാ വാതകം കാണുകയുണ്ടായി, രണ്ടെണ്ണം വരണ്ടതായിരുന്നു; 15 എണ്ണത്തിൽ പരിശോധന നടന്നുവരികയാണ്.[3]

ഗുജറാത്തിലും—വിശേഷിച്ച് മെഹ്സാനിൽ—എലിയാബെത്ത് ദ്വീപിലും ആഴത്തിലുള്ള നിർമ്മാണം നടക്കുന്ന പുതിയ പ്രദേശങ്ങൾ വികസിച്ചുവരികയാണ്. ക്യാംബെ ഉൾക്കടലിൽ സമുദ്രപരമായ ഭൂചലന സർവ്വേ (മറൈൻ സീസ്മിക് സർവ്വേ) ക്കുള്ള ഒരുക്കങ്ങൾ നടന്നു

---

1. ഇന്ത്യൻ എക്സ്പ്രസ്, ഡിസംബർ 7, 1962.
2. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഡിസംബർ 31, 1963.
3. ഓയിൽ സ്റ്റാററിസ്റ്റിക്സ്, പെട്രോളിയം ഇൻഫർമേഷൻ സർവ്വീസ്, ന്യൂഡൽഹി, വോളിയം 1, നമ്പർ 4, ഒക്ടോബർ–ഡിസംബർ 1963, പേജ് 2.

വരുന്നു. കച്ച് ഉൾക്കടലിലും സൗരാഷ്ട്രയിലും നടത്തിയ ഭൂഗർഭ സർവ്വേയും ഭൂമിയുടെ ഗുരുത്വ-ആകർഷകനിലയെക്കുറിച്ചുള്ള പരിശോധനയും പ്രതീക്ഷയ്ക്കു് വകനൽകുന്നുണ്ടു്.

എണ്ണക്കുവേണ്ടി 1958-ൽ പഞ്ചാബിൽ ആരംഭിച്ച അന്വേഷണം തുടരുകയാണു്. 1963 അവസാനത്തോടെ, എണ്ണ-പ്രകൃതിവാതകകമ്മിഷൻ 5 കുഴികൾ ഇവിടെ ഉണ്ടാക്കി. ഇതിൽ ഒന്നിനു് 4,531 മീററർ താഴ്ച്ചയുണ്ടായിരുന്നു. ദക്ഷിണേഷ്യയിൽ ഏററവും കൂടുതൽ ആഴമുള്ള കുഴിയാണിതു്. പ്രതീക്ഷയ്ക്കു വകയുള്ള ഈ പ്രദേശത്തു് എണ്ണയന്വേഷണം തുടരാൻ സഹായകരമായ പല വിവരങ്ങളും (സ്ട്രക്ച്ചറൽ ഡേററ) ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ടു്. പഞ്ചാബിലെ ജനോരിയിൽ ഭൂമി കുഴിക്കാനുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി 1963 മേയിൽ ഇ. എൻ. ഐയുമായി കമ്മിഷൻ ഒരു കോൺടാക്ട് ഉണ്ടാക്കി.

ലക്വ, തിയോക്, ജംഗ്മുഖ് (ആസ്സാം) എന്നിവിടങ്ങളിലായി പ്രതീക്ഷയ്ക്കു വക നൽകുന്ന തരത്തിൽ എണ്ണയുള്ള രണ്ടു പുതിയ കേന്ദ്രങ്ങൾ മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു കണ്ടുപിടിക്കപ്പെട്ടു.

മററു പ്രദേശങ്ങളിലും കമ്മിഷൻ വിപുലമായ അന്വേഷണം നടത്തുന്നുണ്ടു്. ഉത്തർ പ്രദേശത്തു് (ഉജ്ജയനിയിലും തിൽഹാറിലും) ആഴത്തിലുള്ള കുഴികൾ ഉണ്ടാക്കിത്തുടങ്ങിയിരിക്കുകയാണു്; ബീഹാറിലും മദ്രാസ്സിലും ഒരുക്കം നടന്നുവരികയാണു്; ആന്ധ്രാപ്രദേശ്, കേരളം; മദ്രാസ് എന്നിവിടങ്ങളിലെ തീരപ്രദേശങ്ങളിൽ ഭൂമിയുടെ ഭൗതികനിലയെക്കുറിച്ചും ഭൂഗർഭനിലയെക്കുറിച്ചും ഉള്ള സർവ്വേ നടന്നുവരികയാണു്. കാവേരീ നദീതടപ്ര

ദേശത്തു് എണ്ണയുള്ളപുതിയ പ്രദേശങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. ജയ്സൽമാറിൽ (രാജസ്ഥാൻ, എണ്ണയും വാതകവും കണ്ടുപിടിക്കാനുള്ള വലിയ സാദ്ധ്യതയുണ്ടെന്നാണു് ഭൂഗർഭനിലയെക്കുറിച്ചുള്ള പരിശോധനയും ഭൂമിയുടെ ഭൗതികനിലയെക്കുറിച്ചുള്ള സർവ്വേയും സൂചിപ്പിക്കുന്നതു്. കമ്മിഷനുമായുള്ളകോൺട്രാക്ടനുസരിച്ചു് ഫ്രഞ്ചു് സ്പെഷ്യലിസ്റ്റുകളാണു് ഇവിടെ സേവനമനുഷ്ഠിക്കുന്നതു്. സ്റ്റാൻവാക്ക് കമ്പനിയുടെ സ്പെഷ്യലിസ്റ്റുകൾ ദീർഘകാലം പ്രവർത്തിക്കുകയും എന്നാൽ ഫലമൊന്നും ഉണ്ടാകാതിരിക്കുകയും ചെയ്തിട്ടുള്ള പശ്ചിമബംഗാളിൽ ഭൂമി കുഴിക്കുവാനുള്ള പ്രവർത്തനം വീണ്ടുമാരംഭിക്കാൻ പ്ലാൻ ചെയ്തുവരികയാണു്.

ആകെ, 1963-64 ൽ, ഗുജറാത്തിലെ 11-ം ആസ്സാമിലെ 3-ം ഗംഗാനദീതടത്തിലെ 4-ം പഞ്ചാബിലെ2-ം കാവേരി നദീതടത്തിലെ 2-ം പ്രദേശങ്ങളിൽ ആഴത്തിലുള്ള കുഴികൾ കുഴിക്കുവാനാണു് കമ്മിഷൻ പ്ലാൻ ചെയ്തതു്. കാശ്മീർ, ഹിമാചൽപ്രദേശ്, പഞ്ചാബ്, ഉത്തർപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, മദ്ധ്യപ്രദേശ്, കച്ചു് ഉൾക്കടൽ, ആസ്സാം, പശ്ചിമബംഗാൾ, ആൻഡമാൻ ദ്വീപുകൾ എന്നിവിടങ്ങളിൽ 1962–63 ൽ കമ്മിഷന്റെ 20 ഭൂഗർഭ ഗവേഷകസംഘങ്ങളും 22 ഭൂചലന നില പരിശോധിക്കാനുള്ള സംഘങ്ങളും 12 ഭൂമിയുടെ ഗുരുത്വാകർഷക സ്ഥിതി കണക്കാക്കാനുള്ള സംഘങ്ങളും 10 ലോഗ്ഗിംഗ് സംഘങ്ങളും ആണു് പ്രവർത്തിച്ചു പോന്നതു്. 1963–ൽ മൈസൂറും മഹാരാഷ്ട്രയും ഒഴികെയുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഏതെങ്കിലും തരത്തിലുള്ള എണ്ണയന്വേഷണം നടന്നിട്ടുണ്ടു്.

ക്യാംബെ, അങ്കലേശ്വർ, കലോൾ എന്നിവിടങ്ങളിൽ എണ്ണയും വാതകവും, രുദ്രസാഗറിൽ എണ്ണയും കണ്ടുപിടിച്ചതു്, ഇന്ത്യൻ ദേശീയ എണ്ണവ്യവസായത്തിന്റെ ആരംഭമായി കണക്കാക്കാവുന്നതാണ്. ഈ പ്രദേശങ്ങളിലെ എണ്ണയുല്പാദനം മൂന്നാംപഞ്ചവത്സരപദ്ധതിക്കാലത്തു് ആരംഭിക്കേണ്ടതാണ്.

എണ്ണഖനനം സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്. ഡവലപ്പ്മെൻറ് ചാർട്ടുതയ്യാറാക്കുക, എണ്ണയും വാതകവുംസംഭരിക്കാനുള്ള ടാങ്കുകൾ സ്ഥാപിക്കുക, റോഡുകൾ ഉണ്ടാക്കുക, എണ്ണയും വാതകവും ലഭിക്കുന്ന നിരവധി കിണറുകൾ കുഴിക്കുക—ഇതു് ഏററവും പ്രധാനമാണ്—എന്നീ ക്കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

വികസനത്തിനുവേണ്ടി ആദ്യമായി തയ്യാറാക്കപ്പെട്ട എണ്ണപ്പാടം അങ്കലേശ്വറാണ്. സോവിയററു സ്പെഷ്യലിസ്ററുകൾ തയ്യാറാക്കിയ ഒരു പ്രൊജക്ട് അനുസരിച്ചു് പനോലിൽ നാലുവിഭാഗം എണ്ണയധിഷ്ഠാപനങ്ങളും സംഭരണടാങ്കുകളും ഒരു പമ്പിംഗ് ടെർമിനലും സ്ഥാപിക്കപ്പെട്ടു. 1961 ആഗസ്റ്റ് 15-ാംതീയതി, ഇന്ത്യയുടെ സ്വാതന്ത്ര്യദിനത്തിൽ, പൊതുമേഖലയിൽ ആദ്യമായി എണ്ണയുല്പാദനം ആരംഭിച്ചു. "ഇന്ത്യയുടെ സാമ്പത്തിക പുരോഗതിയിൽ മുന്നോട്ടുള്ള ഒരു ചുവടുവയ്പാണിതു്."[1]

അങ്കലേശ്വറിൽ എണ്ണകണ്ടെത്തി 14 മാസമായപ്പോൾ തന്നെ ഉല്പാദനം ആരംഭിച്ചുവെന്നകാര്യം ഇന്ത്യയിൽ പ്രത്യേകം ശ്രദ്ധിക്കപ്പെടുകയുണ്ടായി. "ഇതു് തീർച്ചയായും ലോകത്തിലെ എണ്ണയുല്പാദനത്തിന്റെ ചരിത്രത്തിലെ ഏ

1. ഇന്ത്യൻ എക്സ്പ്രസ്സ്, ആഗസ്റ്റ് 17, 1961.

ററവും നല്ല റിക്കാർഡുകളിൽ ഒന്നാണ്. ഇതിന് ഇടയായ കാര്യങ്ങളിൽ, ഒരുപക്ഷെ ഏററവും പ്രധാനമായുള്ളത് ഇന്ത്യൻ സാങ്കേതികവിദഗ്ദ്ധന്മാരും പ്രവർത്തകരും, സോവിയററുവിദഗ്ദ്ധന്മാരും തമ്മിലുണ്ടായ ഉൽകൃഷ്ടമായ സഹകരണമാണ്."1

അങ്കലേശ്വരത്തുനിന്ന് ആദ്യമായി ബോംബെയിലേക്ക് ട്രയിൻമാർഗ്ഗം 1200 ടൺ എണ്ണ കയററി അയയ്ക്കുന്നതു സംബന്ധിച്ച് 1962 ഫെബ്രുവരി 15-ാംതീയതി നടന്ന ഒരു ചടങ്ങിൽ പങ്കെടുത്തുകൊണ്ട് മാളവ്യ പ്രഖ്യാപിച്ചതു്, ഇന്ത്യാഗവർമ്മെൻറിൻെറ എണ്ണ-പ്രകൃതി വാതകകമ്മിഷൻ കണ്ടുപിടിച്ച എണ്ണപ്പാടത്തെ വൻതോതിലുള്ള ഉൽപ്പാദനത്തിൻെറ ആരംഭം കുറിക്കുന്ന ഈ ദിനം ഇന്ത്യയുടെ ചരിത്രത്തിലെ ഏററവും കൂടുതൽ സ്മരണീയമായ ഒരു സംഭവമാണെന്നായിരുന്നു.

അങ്കലേശ്വറിലെ ഉൽപ്പാദനം വളരെവേഗം വർദ്ധിച്ചു: 1961 ആഗസ്റ്റിൽ 10 ടൺ ആയിരുന്നതു് 600 ടണ്ണായി ഉയർന്നു. ഈ എണ്ണപ്പാടം കൂടുതൽ വികസിപ്പിക്കുന്നതിനുവേണ്ടി (പ്രതിദിനം 2400 ടൺ എണ്ണയുല്പാദിപ്പിക്കുകയായിരുന്നു ലക്ഷ്യം) സോവിയററുസ്പെഷ്യലിസ്റ്റുകളുടെ ഒരു സംഘം ഇന്ത്യയിൽ എത്തുകയുണ്ടായി. 1964-ൽ ഇവിടത്തെ പ്രതിദിനഉല്പാദനം 2,250 ടൺ ആയിരുന്നു. ഉല്പാദനം പ്രതിവർഷം 2. 5 മില്യൻ ടണ്ണായി വർദ്ധിക്കുമെന്ന് ഇന്ത്യൻ റിഫൈനറീസ് ലിമിററഡിലെ മി. ആർ. നായക് പ്രസ്താവിച്ചു.[2] ഇതിൻെറ അർത്ഥം അടുത്ത ഏതാനും വർഷങ്ങൾക്കകം ഇവിടത്തെ പ്രതിദിന ഉല്പാദനം മൂന്നിരട്ടിയിൽ അധികമാകുമെന്നാണ്.

---

1. അമൃതബസാർ പത്രിക, ഫെബ്രുവരി 20, 1962.
2. ദി ടൈംസ് ഓഫ് ഇന്ത്യാ സെപ്റ്റംബർ 21, 1963.

ഗുജറാത്തിലെ മററു എണ്ണപ്പാടങ്ങളിലും ഉല്പാദനമാരംഭിക്കാനും കമ്മിഷൻ ശ്രമിച്ചുവരികയാണ്. കലോളിലെ എണ്ണപ്പാടത്തിൻെറ പ്രവത്തനം 1964-ൽ ആരംഭിക്കാവുന്നതരത്തിലായിരുന്നു. ധുവാറാനിലെ ഇലക്ട്രിക് പവ്വർസ്റ്റേഷനു 1964-ൽ ഇന്ധനം നൽകേണ്ടിയിരുന്ന ക്യാംബേയിലെ വാതകനിക്ഷേപത്തിൻെറ വികസനം പൂത്തിയാവുകയും ചെയ്യു. ക്യാംബേയിലെ പ്രകൃതിവാതകത്തിൻെറ പ്രതിദിന ഉല്പാദനം 250,000 ഘനമീററിൽ നിന്നു് 500,000 ഘനമീറററായി വർദ്ധിക്കുന്നതാണ്.[1]

അങ്കലേശ്വറിലെ വാതകം (അസോസിയേററഡ് ഗ്യാസ്) പ്രയോജനപ്പെടുത്താനുള്ള പ്രവർത്തനം വളരെ പ്രാധാന്യമർഹിക്കുന്നു. 1962-ലും 1963-ലും അതു കത്തിപ്പോകുകയായിരുന്നു. ഇതു് ഇന്ത്യയുടെ സമ്പദ്നിലയ്ക്കു വലിയ ഒരു നഷ്ടമായിരുന്നു. 1963 ഒക്ടോബറോടെ മൊത്തം 122 മില്യൻ ഘനമീററർ വാതകമാണ് നഷ്ടപ്പെട്ടതു്. ഇതിൻെറ വില 122 മില്യൻ രൂപ അഥവാ അങ്കലേശ്വറിലെ എണ്ണ വിൽക്കുന്നതുവഴിയുള്ള കമ്മിഷൻെറ വരുമാനത്തിലെ 20 ശതമാനത്തിനു് തുല്യമായ തുക, ആയിരുന്നു.[2] പ്രതിദിനം 300,000-500,000 ഘനമീററർ വാതകമെന്ന കണക്കിനു് ഉത്തരാനിലെ ഇലക്ട്രിക് പവ്വർ സ്റ്റേഷനു് 1964-ൽ ഇതു ഇന്ധനമായി ഉപയോഗപ്പെടേണ്ടതാണ്.[3] ഇതു കൂടാതെ 300,000 ഘനമീററർ വാതകം ഗുജറാത്ത്വളം നിർമ്മാണപ്ലാൻറിനും ഉപയോഗിക്കപ്പെടും.

---

1. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ജനുവരി 1, 1964.
2. ,, ജനുവരി 21, 1964.
3. ,, ജനുവരി 1, 1964.

1964-ൽ സാനന്ദ്, ബറീജ (ഗുജറാത്ത്) രുദ്രസാഗർ (ആസ്സാം) എന്നീ എണ്ണപ്പാടങ്ങളിൽ എണ്ണയുല്പാദനപ്രവർത്തനം പുരോഗമിച്ചുവരികയായിരുന്നു. രുദ്രസാഗറിലെ ഉൽപ്പാദനം മൂന്നാം പദ്ധതിയുടെ അവസാനം 350,000–750,000 ടൺ ആകുമെന്നു് കണക്കാക്കപ്പെട്ടുകയുണ്ടായി.[1] മൂന്നാംപദ്ധതിയുടെ അവസാനത്തോടുകൂടി ഇന്ത്യയിലെ മൊത്തത്തിലുള്ള എണ്ണയുൽപ്പാദനം 6.5 മില്യൻ ടൺ ആകുമെന്നായിരുന്നു ഓയിൽ ആൻറ് കെമിക്കൽസ് വ്യവസായവകുപ്പുമന്ത്രി ഹുമയൂൺകബീർ പറഞ്ഞതു്.[2] ഇതിൽ പകുതിയെങ്കിലും പൊതുമേഖലയിൽ ഉൽപ്പാദിപ്പിക്കേണ്ടതാണ്. ബാക്കിയുള്ളതു് ഇന്ത്യാഗവർമ്മെൻറിനു് 50 ശതമാനം പങ്കാളിത്തമുള്ള ഓയിൽ ഇന്ത്യാകമ്പനിയാണ് ഉല്പാദിപ്പിക്കേണ്ടതു്, ഇക്കാലത്തു്, ഇന്ത്യക്കാവശ്യമായി വരുന്ന എണ്ണ പ്രതിവർഷം 15-19 മില്യൻ ടൺ ആയി വർദ്ധിക്കും.

1965-66 ൽ 6.5 മില്യൻ ടൺ എണ്ണയുൽപാദിപ്പിക്കുവാൻ കഴിയുന്നതുതന്നെ വലിയ ഒരു വിജയമായിരിക്കും. പദ്ധതിയുടെ പ്രഥമവർഷം ഉൽപാദനത്തിൽ 12-15 മടങ്ങു വർദ്ധനവാണുണ്ടാകുക. എന്നാൽ, ഇതു് ആവശ്യകതയുടെ 40-45 ശതമാനമേ നിറവേറുകയുള്ളു. നാലും അഞ്ചും പദ്ധതികളുടെ കാലത്തു് ഭൗതിക-സാങ്കേതിക അടിസ്ഥാനമുറപ്പിക്കാൻ കമ്മിഷനു് വലിയ ശ്രമംനടത്തേണ്ടിവരും.

ദേശീയ എണ്ണ വ്യവസായം ത്വരിതഗതിയിൽ വികസിപ്പിക്കണമെങ്കിൽ, എണ്ണപ്പാടങ്ങൾ വികസിപ്പിക്കുക

---

1. ദി ഫൈനാൻഷ്യൽഎക്സ്പ്രസ്സ് ഡിസംബർ 30, 1963.
   ദി ടൈംസ് ഓഫ് ഇന്ത്യ. ജൂൺ 3, 1963.
2. ദി ഫൈനാൻഷ്യൽഎക്സ്പ്രസ്സ്, ഫെബ്രുവരി 14, 1964.

യും എണ്ണയന്വേഷണത്തിനും ഖനനത്തിനുമുള്ള മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യത്തക്ക വിധം എണ്ണവ്യവസായത്തിന്റെ വിവിധ വശങ്ങളിൽ ഇന്ത്യാക്കാർക്കു പരിശീലനം നൽകാനുള്ള ശാസ്ത്രീയ-ഡിസൈൻ-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒരു ശൃംഖല ഉണ്ടാകേണ്ടതാണ്. ഇത്തരത്തിലുള്ള ഒരു പ്രധാന സ്ഥാപനമാണ് സോവിയററ് സാങ്കേതിക സഹായത്തോടുകൂടി എണ്ണ-പ്രകൃതിവാതക കമ്മിഷൻ ഡറാഡൂണിൽ സ്ഥാപിച്ചിട്ടുള്ള ഗവേഷണ പരിശീലന കേന്ദ്രം (റിസർച്ച് ആൻറ് ട്രയിനിംഗ് ഇൻസ്റ്റിട്യൂട്ട്) എണ്ണയന്വേഷണത്തിൻേറയും ഖനനത്തിൻേറയും മാർഗ്ഗങ്ങൾ പഠിക്കുവാനും കൂടുതൽ വൈദഗ്ദ്ധ്യമുള്ള ഓയിൽ സ്പെഷ്യലിസ്ററുകൾക്കു് പരിശീലനം നേടാനും വേണ്ടിയുള്ളതാണ് ഈ സ്ഥാപനം. ഗവേഷണം നടത്തുന്നതിനും, എണ്ണശുദ്ധീകരണം, പെട്രോകെമിസ്ട്രി, സമ്പദ് വ്യവസ്ഥയുടെ വിവിധമേഖലകളിലുള്ള എണ്ണയുല്പന്നങ്ങളുടെ ഉപയോഗം എന്നീ രംഗങ്ങളിൽ സ്പെഷ്യലിസ്ററുകളെ പരിശീലിപ്പിക്കുന്നതിനും വേണ്ടിയുള്ള 'ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് പെട്രോളിയം' സ്ഥിതിചെയ്യുന്ന ഡറാഡൂണിൽ ഒരു ഓയിൽ ഇൻസ്റ്റലേഷൻ ഡിസൈനിംഗ് ഇൻസ്റ്റിട്യൂട്ട് സ്ഥാപിക്കുവാൻ സോവിയററ് യൂണിയൻ ഇപ്പോൾ സഹായം നൽകിവരികയാണ്.

ഭൂമി കുഴിക്കുന്നവർക്കും എണ്ണയുല്പാദന രംഗത്തു പ്രവർത്തിക്കുന്നവർക്കും (ഡ്രില്ലേഴ്സ് ആൻറ് ഓയിൽ മെൻ) വേണ്ടി ഡറാഡൂണിൽ സ്കൂളുകളുണ്ടു്. ഇത്തരം ഒരു സ്കൂൾ ക്യാംബെയിലും സ്ഥിതിചെയ്യുന്നു. ബറൗണിയിലും ആസ്സാമിലും ടെക്നിക്കൽ സ്കൂളുകളുണ്ടു്. ഭൂമി കുഴിക്കുന്നവരും, ഉല്പാദനരംഗത്തു പ്രവർത്തിക്കുന്ന സാങ്കേതിക വിജ്ഞാ

നമുള്ളവരും (ഡ്രില്ലേഴ്സ് ആൻറ് പ്രൊഡക്ഷൻ ടെക്നിഷ്യൻസ്) ആയ ഏകദേശം 1500 പേർക്കു പരിശീലനം നൽകുവാനായി അങ്കലേശ്വറിൽ വലിയ ഒരു സ്കൂൾ സ്ഥാപിക്കുന്നതാണ്.[1] സാങ്കേതിക ജ്ഞാനം നേടിയിട്ടുള്ളവരിൽ ചിലർ ഇന്ത്യയിൽ ഫീൽഡ് ട്രെയിനിംഗ് നേടുകയും മററുള്ളവർ ഉല്പാദന-സാങ്കേതിക കാര്യങ്ങളിലുള്ള പരിശീലനത്തിനായി യു. എസ്. എസ്. ആറിലേക്കു പോകുകയും ചെയ്യുന്നു.

മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത്, എണ്ണയന്വേഷണത്തിനും ഉല്പാദനത്തിനും ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിൽ സോവിയററ് സ്പെഷ്യലിസ്ററുകൾ സഹായം നൽകുന്നതാണ്. 1966-ൽ റാഞ്ചിയിലെ ഹെവി എൻജിനിയറിംഗ് കോർപ്പറേഷൻ കിണറുകൾ കുഴിക്കാനുള്ള യന്ത്രങ്ങൾ നിർമ്മിക്കുന്നതായിരിക്കും. എണ്ണ-പ്രകൃതി വാതക കമ്മിഷനുമായുള്ള കോൺട്രാക്ടനുസരിച്ച് എണ്ണയുല്പാദനത്തിനാവശ്യമായ ഉപകരണങ്ങളുടെ ഭാഗങ്ങൾ നിർമ്മിക്കുവാൻ ദുർഗ്ഗാപ്പൂർ ഇരുമ്പുരുക്ക് പ്ലാൻറിൽ ഒരു സ്റ്റീൽ കാസ്റ്റിംഗ് ഡിപ്പാർട്ടുമെൻറ് ഉണ്ടാക്കുന്നതാണ്. ഭൂമി കുഴിക്കാനുള്ള ഉപകരണങ്ങളുടെ അററകുററപ്പണി നടത്തുന്നതിനും, ചില സ്പെയർ പാർട്ടുകൾ ഉണ്ടാക്കുന്നതിനും ബറോഡായിൽ ഒരു കേന്ദ്ര ഡിപ്പോ സ്ഥാപിക്കുന്നതായിരിക്കും. യന്ത്രങ്ങളുടെ അററ കുററപ്പണിക്കും (മെക്കാനിക്കൽ റിപ്പയേഴ്സ്) ഭൂമി കുഴിക്കാനുള്ള യന്ത്രങ്ങളും റോട്ടറി ടേബിളുകളും ഓവർഹോൾ ചെയ്യുന്നതിനും അങ്കലേശ്വർ, കലോൾ, അഹമ്മദാബാദ്, സിബ്സാഗർ, പ

---

1. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്, മാർച്ച്, 27, 1963.

ഞ്ചാബ് എന്നിവിടങ്ങളിൽ സോവിയററു സഹായത്തോടുകൂടി റിപ്പയർ ഡിപ്പോകൾ സ്ഥാപിക്കുന്നതാണ്.

1963-ഒക്ടോബറിലായിരുന്ന എണ്ണ-പ്രകൃതിവാതക കമ്മിഷന്റെ ഏഴാമത്തു വാർഷികം. ഇന്ത്യക്കകത്തും പുറത്തും അന്തസ്സനേടാൻ കഴിഞ്ഞ കമ്മിഷൻ ഈ സമയത്ത് ശക്തമായ ഒരു ഗവണ്മെൻറു ഏജൻസിയായിത്തീർന്നു. ഇതിലെ പ്രവൎത്തകർ നല്ല രീതിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇവർ 1963 മാർച്ച് ആയപ്പോൾ 110,000 ചതുരശ്ര കിലോമീററിലധികം സ്ഥലത്തെ ഭൂഗർഭ നിലയെക്കുറിച്ചുള്ളഭൂ പടങ്ങൾ തയ്യാറാക്കുകയും, 220,000 ചതുരശ്ര കിലോമീററർ സ്ഥലത്തെ ഭൂമിയുടെ ഗുരുത്വ ആകർഷണ നിലയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇവർ 20,000 കിലോമീററിൽ അധികം സ്ഥലത്ത് ഭൂചലനത്തെ സംബന്ധിച്ചുള്ള സർവ്വേ നടത്തുകയും ആഴമുള്ള കുഴികൾ ഉണ്ടാക്കുകയും (മൊത്തം കുഴിച്ചതു് 300,000 മീററിൽ അധികം) ചെയ്തു. കമ്മിഷൻ ആദ്യവർഷത്തിൽ ഏതാനും കുഴികൾ മാത്രമാണ് കുഴിച്ചതു്. 1963-ൽ കമ്മിഷൻ ആഴത്തിലുള്ള 61 കുഴികൾ ഉണ്ടാക്കി. 1964-65-ൽ ഇതു് 149 ആയി വർദ്ധിക്കുമെന്നായിരുന്നു പ്രതീക്ഷ.

എണ്ണ-പ്രകൃതിവാതകകമ്മിഷൻ ഓരോ വർഷവും അതിൻെറ പ്രവർത്തനം വിപുലമാക്കി വരികയായിരുന്നു. 1957-58 ൽ നിന്നു് 1961-62 ൽ എത്തിയപ്പോൾ—എണ്ണയ്ക്കുവേണ്ടി പ്രതിവർഷം ഭൂമി കുഴിക്കുന്നതു് 2000 മീററിൽനിന്നു് 75000 മീറററായി വർദ്ധിച്ചു. ഇങ്ങനെ ഭൂമി കുഴിക്കുന്നതിൻെറ വേഗത എട്ടുമടങ്ങോളം വർദ്ധിച്ചു—അതായതു് പ്രതിമാസം റിഗൊന്നിനു കുഴിക്കാൻ ക

ഴിയുന്നതു് 152 മീററററായിരുന്നതു് 1158 മീററററായി വർദ്ധിച്ചു. ഉപകരണങ്ങൾ കൊണ്ടുവരാനും അവ കൂട്ടിച്ചേർക്കാനും ഒരു റിഗ് നീക്കംചെയ്യാനും ആവശ്യമായ സമയമുൾപ്പെടെ, അങ്കലേശ്വറിൽ ഒരു എണ്ണക്കിണർ കുഴിക്കാൻ വേണ്ടിവരുന്ന സമയം ശരാശരി ഒരു മാസമാണു്. മെച്ചപ്പെട്ട സംവിധാനം, വലിയ സ്പീഡ്, ഉപകരണങ്ങളുടേയും സ്പെയർ പാർട്ടുകളുടേയും ഏററവും തൃപ്തികരമായ തരത്തിലുള്ള ഉപയോഗപ്പെടുത്തൽ തുടങ്ങിയവ വഴി ഭൂമി കുഴിക്കാനുള്ള ചിലവു് കുറച്ചുവരികയാണു്. 1962-63 ന്റെ ആദ്യപകുതിയിൽ, ഭൂമി കുഴിക്കാനുള്ള ചിലവ്, അതിൻെറ മുൻവർഷത്തിൽ അതേ സമയത്തുണ്ടായിരുന്ന ചിലവിലും 20 ശതമാനം കുറഞ്ഞു.1

അന്വേഷണവ്യഗ്രതയുള്ളവർ ഒററയ്ക്കു നടത്തിയ ശ്രമങ്ങളുടെ ഫലമായി ഇന്ത്യയുടെ ധാതുസമ്പത്തു് എത്രയാണെന്നു് പഠിക്കുവാൻ കഴിഞ്ഞില്ല. ഇന്നു് കമ്മിഷൻെറ വിവിധ ഡിപ്പാർട്ടുമെൻറുകളിലും ലാബറട്ടറികളിലും എണ്ണപ്പാടങ്ങളിലും ഫീൽഡ് പ്രവർത്തനങ്ങളിലുമായി തൊഴിലാളികൾ, എൻജിനിയർമാർ, ടെക്നിഷ്യന്മാർ എന്നീ വിഭാഗങ്ങളിൽപ്പെട്ട 12000 പേർ പ്രവർത്തിയെടുക്കുന്നുണ്ടു്.

പൊതുമേഖലവഴിയുള്ള എണ്ണയന്വേഷണം കമ്മിഷനു് ആദായകരമാണെന്നു് എണ്ണ ലഭിക്കുകയും ലഭിക്കാതിരിക്കുകയുംചെയ്യുന്ന കിണറുകളുടെഅനുപാതംതെളിയിക്കുന്നു. ശരാശരി നോക്കിയാൽ ലോകത്തിലെ കിണറുകളിൽ ഒന്നു് എണ്ണയുള്ളതാണെങ്കിൽ 0.6 എണ്ണയില്ലാത്തതാണെന്നുകാണാം. ഇതിന്റെ അർത്ഥം, എണ്ണയ്ക്കുവേണ്ടിയുണ്ടാക്കു

1. ഇന്ത്യൻ പെട്രോളിയം, പേജ് 57.

ന്ന കുഴികളിൽ 62·3 ശതമാനത്തിൽ മാത്രമേ എണ്ണയോ വാതകമോ ഉണ്ടായിരിക്കു എന്നാണ്.[1] 1963 ഒക്ടോബർ ഒന്നായപ്പോൾ പരിശോധനനടത്താനും എണ്ണയെടുക്കാനും വേണ്ടി കമ്മീഷൻ 165 കുഴികൾ ഉണ്ടാക്കിയിരുന്നു. ഇതിൽ 106 കുഴികൾ എണ്ണയോ വാതകമോ ഉള്ളവയായിരുന്നു; 20 എണ്ണം വരണ്ടതായിരുന്നു; 39 എണ്ണത്തെ സംബന്ധിച്ച് പരിശോധന നടന്നുവരികയാണ്.[2] എണ്ണയുണ്ടായിരിക്കുകയും ഇല്ലാതിരിക്കുകയും ചെയ്യുന്ന കിണറുകളുടെ അനുപാതം 160,20 എന്നാണ്. (84·1 ശതമാനം) എണ്ണയുള്ള ഒരു കിണർ കാണുമ്പോൾ എണ്ണയില്ലാത്ത കിണർ 0.18 ആയിരിക്കും എന്നാണ് ഇതിൻെറ അർത്ഥം. എണ്ണയുല്പാദന രംഗത്ത് വലിയ പരിചയമുള്ള ബ്രിട്ടീഷുകാരെയും അമേരിക്കക്കാരെയും ഇന്ത്യൻ സ്പെഷ്യലിസ്ററുകൾ ചുരുങ്ങിയ സമയംകൊണ്ട് കവച്ചുവയ്ക്കുകയുണ്ടായി. ഇന്ത്യയിൽ എണ്ണയില്ല എന്ന കെട്ടുകഥ ഇവർ പൊളിക്കുകയും ചെയ്തു.

ഭൂമിയിൽ ഉണ്ടാക്കുന്ന കുഴിയിൽ നിന്ന് മീററൊന്നിന് ലഭിക്കുന്ന എണ്ണയുടെ വർദ്ധനവ്, എണ്ണയന്വേഷണത്തിലുള്ള കമ്മീഷൻെറ വിജയം സൂചിപ്പിക്കുന്ന മറെറാരു പ്രധാന സംഗതിയാണ്. 1963 ഒക്ടോബർ ഒന്ന് ആയപ്പോൾ, അങ്കലേശ്വറിൽ 116,000 മീററർ ദൂരത്തിലാണ് ഭൂമികുഴിച്ചത്. ഇതിൽനിന്ന് 48 മില്യൻ ടൺ എണ്ണ

---

1. കണക്കാക്കിയതു്, പെട്രോളിയം ഔട്ട്ലൂക്കിൽ നിന്ന്; ഒക്ടോബർ 1961, പേജ് 222; ഒക്ടോബർ 1962 പേജ് 203; നവമ്പർ 1963 പേജ് 209.

2. ഓയിൽ സ്റ്റാററിസ്റ്റിക്സ്, ഒക്ടോബർ–ഡിസമ്പർ 1963. പേജ് 2.

അഥവാ കഴിയുടെ ഓരോമീററർ താഴ്ചയ്ക്കും 415 ടൺ എണ്ണ ലഭിച്ചു. എന്നാൽ അമേരിക്കയെ സംബന്ധിച്ചിടത്തോളം ഇതു് 5 ടൺ അഥവാ ഇന്ത്യയുടേതിലും 98.8 ശതമാനം കറവ് ആയിരുന്നു.[1] ഇന്ത്യയിലെ കണക്കു് എണ്ണയുല്പാദിപ്പിക്കുന്ന പ്രമുഖ രാജ്യങ്ങളായ അൾജീരിയായുടേയും ഇന്തോനേഷ്യയുടേയും നിലവാരത്തിൽവരും.

രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തെ 260 മില്യൻ രൂപയും മൂന്നാംപദ്ധതിയുടെ ആദ്യത്തെ രണ്ടുവർഷങ്ങളിലെ 363 മില്യൻ രൂപയുമുൾപ്പടെ, 623 മില്യൻ രൂപയാണ് കമ്മീഷൻ അതിൻെറ ഏഴുവർഷത്തെ പ്രവത്തനത്തിനു് ചിലവാക്കിയതു്.[2] ചിലവു് താരതമ്യേന കറവായിരുന്നിട്ടും, പൊതുമേഖലയ്ക്കു് ധാരാളം എണ്ണയുള്ള ഒരു പ്രദേശം ക്യാമ്പേയിലും, ഒരു എണ്ണപ്പാടം രുദ്രസാഗറിലും ലഭിച്ചു. എണ്ണയ്ക്കുവേണ്ടിയുള്ള വ്യർത്ഥമായ അന്വേഷണത്തിനു് എണ്ണ കുത്തകകൾ കോടിക്കണക്കിനു് ഡോളർ ചിലവാക്കിയിട്ടുണ്ടെന്നോർക്കുമ്പോഴാണ് ഇതിന്റെ പ്രാധാന്യംമനസ്സിലാകുക. ഈ കുത്തകകൾ 1952-നും 1961-നും ഇടയ്ക്കു് ആസ്ത്രേലിയായിൽ 90 മില്യൻ ഡോളർ (430 മില്യൻ രൂപ) ചിലവാക്കിയിട്ടു് യാതൊരു പ്രയോജനവുമുണ്ടായില്ല.[3] പ്രതിവർഷം 400,000

1. പെട്രോളിയം ഔട്ട്ലുക്ക്, നവമ്പർ 1963, പേജ് 209
2. മൂന്നാം പഞ്ചവത്സരപദ്ധതി, പേജ് 528; മൂന്നാംപദ്ധതി: മിഡ് ടേം അപ്റൈസൽ, ഇന്ത്യാഗവർമ്മെൻറ്, പ്ലാനിംഗ് കമ്മിഷൻ, നവമ്പർ 1963, പേജ് 136
3. പെട്രോളിയം എക്സ്പ്ലൊറേഷൻ, ക്യാപ്പിററൽ റിക്വയർമെൻറ്സ് ആൻറ് മെതേഡ്സ് ഓഫ് ഫൈനാൻസിംഗ്, യുണൈറഡ് നേഷൻസ്, ന്യൂയോർക്ക്, 1962, പേജ് 11.

ടൺ എണ്ണയുല്പാദിപ്പിക്കുന്ന മൂന്നു ചെറിയ പ്രദേശങ്ങൾ കണ്ടുപിടിച്ചതിനു് (അങ്കലേശ്വറിലെ എണ്ണപ്പാടംമാത്രം 2.5 മില്യൻ ടൺ എണ്ണയുല്പാദിപ്പിക്കും) കുത്തകകൾക്കു് 112 മില്യൻ ഡോളർ (530 മില്യൻ രൂപയിലധികം) ചിലവാകുകയുണ്ടായി.[1] ക്യാനഡായിൽ, 1947-നും 1958-നും ഇടയ്ക്കു്, മൊത്തം 500 മില്യൻ ടൺ എണ്ണ നിക്ഷേപം വരുന്ന നിരവധി എണ്ണപ്പാടങ്ങൾ കണ്ടുപിടിക്കപ്പെട്ടു. ഈ എണ്ണയന്വേഷണത്തിനുണ്ടായ ചിലവു് 2,216 മില്യൻ ഡോളർ അഥവാ ടണ്ണൊന്നിനു് 4.5 ഡോളർ (21 രൂപ) ആണു്.[2]

കമ്മിഷൻ മൊത്തം ചിലവാക്കിയ 623 മില്യൻ രൂപയിൽ, ഇന്ത്യയിലാകെയുള്ള എണ്ണയന്വേഷണത്തിന്റെ ചിലവും അങ്കലേശ്വർ—ക്യാംബെ—കലോൾ എണ്ണപ്പാടങ്ങളിൽ എണ്ണയും വാതകവും ഉല്പാദിപ്പിക്കാൻ ചെയ്ത സജ്ജീകരണങ്ങളുടെ ചിലവും ഉൾപ്പെടുന്നു. ഈ മൊത്തം ചിലവു്, അങ്കലേശ്വറിലെ 48 മില്യൻ ടൺ എണ്ണയുടെ അന്വേഷണച്ചിലവായി കണക്കാക്കിയാൽപ്പോലും, ഒരു ടൺ എണ്ണയ്ക്കുവേണ്ടി ഇന്ത്യയിൽ ചിലവിടുന്ന തുക 13 രൂപയേ വരൂ. ഇതു് ക്യാനഡായിലേതിലും 40 ശതമാനം കുറവാണു്. യഥാർത്ഥത്തിൽ ഇന്ത്യയിലെ ഈ ചിലവു് തീരെകുറവാണു്. ഒരുടൺ എണ്ണ സംഭരിക്കാൻ മററു രാജ്യങ്ങളിൽ 6—9 രൂപ ചിലവാകുമ്പോൾ ഗുജറാ

---

1. പെട്രോളിയം എക്സ്പ്ലൊറേഷൻ, ക്യാപ്പിററൽ റിക്വയർമെൻറ്സ് ആൻറ് മെതേഡ്സ് ഓഫ് ഫൈനാൻസിംഗ് യുണൈററഡ് നേഷൻസ്, ന്യൂയോർക്ക്, 1962, പേജ് 11.
2. ,, ,, പേജ് 12.

ത്തിൽ 3—4 രൂപയാണ് ചിലവുവരുന്നതെന്ന് മാളവ്യ ഒരിക്കൽ പറയുകയുണ്ടായി.[1]

ഭൂമി കുഴിക്കുന്നതിനു് കമ്മിഷൻ ചിലവാക്കുന്ന തുക വളരെ കൂടുതലാണെന്നാണ് കമ്മിഷൻെറ എതിരാളികൾ പറയുന്നതു്. എണ്ണയന്വേഷണത്തിനായി ഭൂമി കുഴിക്കുവാൻ ഗുജറാത്തിൽ മീററൊന്നിനു് 425 രൂപ ചിലവാകുന്നതു് താരതമ്യേന വലിയ തുകയാണെന്നാണ് അവരുടെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതു്.[2] ഈ ചിലവു് അമേരിക്കയിലെ 25-30 ഡോളർ (120-145 രൂപ) ചിലവുമായിട്ടാണ് അവർ താരതമ്യപ്പെടുത്തുന്നതു്.[3] റോഡ്, ഭവനം, വിദ്യുച്ഛക്തി റിപ്പെയർ ഷോപ്പുകൾ തുടങ്ങിയവക്കു് വേണ്ടിവരുന്ന ചിലവു് ഏററവും കുറയാവുന്ന വിധം, ആൾപ്പാർപ്പുള്ള പ്രദേശത്തു് ഭൂമി കുഴിക്കുന്നതിനുവേണ്ടി വരുന്ന തുകയാണ് അമേരിക്കയിലെ ചിലവായി കണക്കാക്കുന്നതെന്നകാര്യം പ്രത്യേകം ഓർക്കേണ്ടതാണ്. ഏററവും നല്ല കാലാവസ്ഥയുള്ള മിച്ചിഗനിലും നോർത്തു ഡക്കോട്ടയിലും ഉണ്ടാകുന്ന ചിലവാണവർ കണക്കുകൂട്ടുക. എണ്ണയ്ക്കുവേണ്ടി ഭൂമി കുഴിക്കുന്ന കാര്യത്തിൽ അമേരിക്കക്കാർ നൂറു വർഷത്തിലേറെക്കാലത്തെ—അമേരിക്കൻ എണ്ണവ്യവസായം നിലവിൽ വന്നിട്ടു ഇത്രയും കാലമായി—പരിചയം സമ്പാദിച്ചിട്ടുണ്ടെന്നതും പ്രധാനപ്പെട്ട ഒരു കാര്യമാണ്.

പ്രതികൂലമായ കാലാവസ്ഥയുള്ളതും ജനവാസം വിരളമായതുമായ പ്രദേശങ്ങളിൽ ഭൂമി കുഴിക്കാൻ എണ്ണ-പ്ര

3. ഇന്ത്യൻ എക്സ്പ്രസ്സ്, ആഗസ്റ്റ് 15. 1962.
2. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഡിസമ്പർ 13, 1961
3. യുണൈററഡ് നേഷൻസ്, പെട്രോളിയം എക്സ്പ്ലൊറേഷൻ, പേജ് 10.

കൃതിവാതക കമ്മീഷനുണ്ടാകുന്ന ചിലവുമായി മുൻപറഞ്ഞതു താരതമ്യപ്പെടുത്തുമ്പോൾ തികച്ചും വ്യത്യസ്തമായ ഒരു ചിത്രമാണു് കാണാൻ കഴിയുക. ഉദാഹരണത്തിനു്, സഹാറയിൽ ഒരു മീററർ താഴ്ചയിൽ ഭൂമികുഴിക്കുന്നതിനു് 198 ഡോളറും (955 രൂപ) 1200-3000 മീററർ താഴ്ചയിൽ ഭൂമികുഴിക്കുന്നതിനു് 1500 രൂപയുമാണു് ചിലവാകുന്നതു്.[1] 1961-ലെ കണക്കനുസരിച്ചു് ഗുജറാത്തിൽ സാമാന്യം 1700 മീററർ താഴ്ച്ചവരുന്ന ഒരു കുഴിയുണ്ടാക്കാനാവശ്യമായ ചിലവു് 425 രൂപയണു്. കമ്മിഷൻെറ സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അതിന്റെ സ്പെഷ്യലിസ്റ്റുകൾ അനുഭവജ്ഞാനം നേടുകയുംചെയ്യുന്നതിൻെറ ഫലമായി ഭൂമി കുഴിക്കാനുള്ള ചിലവു് കുറയുകയും ഗുജറാത്തു് സാമ്പത്തികപുരോഗതി കൈവരിക്കുകയും ചെയ്യേണ്ടതാണു്.

എണ്ണയുൽപാദനവികസനത്തിൻെറ ഫലമായി കമ്മിഷൻ മുടക്കിയ മുതൽ ക്രമേണ ഈടായി വരികയാണു്. അങ്കലേശ്വറിൽ നിന്നു് ആദ്യത്തെ ഏതാനും മാസംകൊണ്ടു് (1963 നവമ്പർ ഒന്നോടുകൂടി) ഉൽപാദിപ്പിച്ച 870,000 ടൺ എണ്ണ വിററതിൽ നിന്നു് 70 മില്യൻ രൂപ ലഭിക്കുകയുണ്ടായി.[2] മൂന്നാം പദ്ധതിക്കാലത്തു് ചിലവാക്കുന്ന 1845 മില്യൻ രൂപായിൽ 370 മില്യൻ രൂപ (20 ശതമാനം) എണ്ണയും വാതകവും വിൽക്കുന്നതിൽ നിന്നു് ലഭിക്കുമെന്നു് കമ്മിഷൻ പ്രതീക്ഷിച്ചു.[3]

---

1. യുണൈറഡ് നേഷൻസ് പെട്രോളിയം, എക്സ്പ്ലൊറേഷൻ, പേജ് 10.
2. ഓയിൽ കമൻററി, ജനുവരി 1, 1964, പേജ് 5.
3. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, മാർച്ച് 3, 1964.

ഈ വിജയത്തെ, വളർന്നുവരുന്ന ഇന്ത്യാ-സോവിയററ് സാമ്പത്തികസഹകരണവുമായി ഇന്ത്യയിലെ ജനങ്ങൾ തീർച്ചയായും ബന്ധപ്പെടുത്തുന്നുണ്ട്. സോവിയററുസഹായംകൂടാതെ ഇന്ത്യയ്ക്കു പൊതുമേഖല വികസിപ്പിക്കുവാൻ കഴിയുമായിരുന്നില്ലെന്ന് 1960 ജനുവരിയിൽ ക്യാംബേയിലെ ഒരു യോഗത്തിൽ വച്ച് സോവിയററു സ്പെഷ്യലിസ്റ്റുകളോടു മാളവ്യ പ്രസ്താവിക്കുകയുണ്ടായി.[1] സോവിയററുസഹായംകൂടാതെ, ദേശീയഎണ്ണവ്യവസായത്തിൽ അടുത്തകാലത്തുണ്ടായ വിജയങ്ങൾ നേടാൻ ഇന്ത്യക്കു കഴിയുമായിരുന്നില്ല എന്ന് കമ്മിഷനിലെ ഒരു അംഗമായ എ. സമൻ 1963 ഒക്ടോബറിൽ പറഞ്ഞു. എണ്ണയന്വേഷണത്തിനും ഖനനത്തിനും ആവശ്യമായ ഉപകരണങ്ങൾ സോവിയററുയൂണിയനിൽനിന്നു ലഭിക്കുന്നതിനുള്ള ഒരു കോൺടാക്ടിൽ ഒപ്പുവെച്ചപ്പോഴാണ് അദ്ദേഹം ഇങ്ങിനെ അഭിപ്രായപ്പെട്ടത്.[2] സോവിയററു യൂണിയൻ സഹായം നൽകുന്നതിലും, അതു സ്വാർത്ഥമായ ഉദ്ദേശമോ രാഷ്ട്രീയമായ പരിഗണനകളോ കൂടാതെയുള്ളതായതിലും, സോവിയററുഗവണ്മെൻറിനോട് ഇന്ത്യൻജനത നന്ദിയുള്ളവരാണെന്ന് അന്തരിച്ച എ. എം. ഘോഷ് (എണ്ണ-പ്രകൃതിവാതകക്കമ്മിഷൻ രൂപീകരിച്ചവരിൽ ഒരാളാണ് ഇദ്ദേഹം) പ്രസ്താവിച്ചിട്ടുണ്ട്. സ്വയം കഠിനാദ്ധ്വാനം ചെയ്യുകയും സ്വന്തം പരിചയസമ്പത്തും പരിജ്ഞാനവും ഇന്ത്യാക്കാർക്കു പങ്കിട്ടു കൊടുക്കുകയുംചെയ്യുന്ന സോവിയററുകാരുമായി പണിയെടുക്കുന്നതു് ആഹ്ലാദകരമാണെന്നും, ഇതു സോവിയററുകാരെ സംബന്ധിച്ചിടത്തോളം മഹത്തായ ഒരു കാര്യമാണെന്നും അദ്ദേ

---

1. പ്രവദ, ജനുവരി 30, 1960.
2. ഫോറിൻ ട്രേഡ്, നമ്പർ 2, ഫെബ്രുവരി 1964, പേജ് 28.

ഹം പറഞ്ഞു. മാനവപുരോഗതിയുടെ താൽപ്പര്യങ്ങൾ മുൻനിർത്തിക്കൊണ്ടുള്ള സാർവ്വദേശീയ സഹകരണത്തിന്റെ നല്ലൊരു മാതൃകയാണ് ഇന്ത്യാക്കാരുമായുള്ള അവരുടെ പ്രവർത്തനമെന്നും അദ്ദേഹം പ്രസ്താവിച്ചു.[1]

എന്നാൽ കമ്മിഷൻെറ പ്രവർത്തനങ്ങളെല്ലാം സുഗമമായിട്ടല്ല മുന്നോട്ട നീങ്ങിയതു്. ആദ്യവർഷങ്ങളിൽ നിലനിൽപ്പിനുവേണ്ടി കമ്മിഷനു് സമരം ചെയ്യേണ്ടിവന്നു. പൊതുമേഖലയുടെ എതിരാളികൾ പല്ലും നഖവും ഉപയോഗിച്ചു് കമ്മിഷനെ എതിർത്തു. ജ്വാലാമുഖിയിൽ വാതകവും ക്യാംബേയിൽ എണ്ണയും കണ്ടുപിടിക്കുന്നതിനു മുമ്പു്, ആദ്യത്തെ മൂന്നു വർഷക്കാലം, കമ്മിഷൻ പ്രവർത്തനരഹിതമാകുമെന്നഭീഷണി ഡമോക്ലീസിന്റെ വാളുപോലെ നിലനിന്നിരുന്നു. ഭൂഗർഭനില പരിശോധിക്കാനും എണ്ണയന്വേഷണങ്ങൾ നടത്താനും, പ്രധാന ഉപകരണങ്ങൾവാങ്ങാനും ശാസ്ത്രജ്ഞന്മാരേയും സാങ്കേതികവിദഗ്ദ്ധന്മാരേയും കൊണ്ടുവരാനും ഉള്ള ചിലവു വഹിക്കാൻ ആ സമയത്തു് കമ്മിഷൻ നന്നേ ഞെരുങ്ങി. അനുവദിക്കപ്പെട്ട ചില തുകകൾ കമ്മിഷൻ പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടില്ല. 1956-57 മുതൽ 1958-59 വരെയുള്ള മൂന്നു വർഷത്തേക്കു് എണ്ണയന്വേഷണത്തിനായി അനുവദിക്കപ്പെട്ടിരുന്ന 305 മില്യൻ രൂപയിൽ 56 മില്യൻ രൂപ (18 ശതമാനം) മാത്രമാണു് യഥാർത്ഥത്തിൽ ചിലവാക്കപ്പെട്ടതു്.[2] രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് എണ്ണയന്വേഷണത്തിനായി നീക്കിവെച്ചിരുന്ന തുകയിൽ

1. പ്രവദ, ജൂൺ 6, 1958.
2: രണ്ടാംപഞ്ചവത്സരപദ്ധതി പ്രോഗ്രസ്സ് റിപ്പോർട്ട്. 1958–59, ഏപ്രിൽ 1960, പേജ് 94.

45 മില്യൻ രൂപ അഥവാ 10 ശതമാനം തുക, ഉപയോഗപ്പെടുത്താൻ കമ്മിഷനു് കഴിഞ്ഞില്ല.

മൂന്നാംപദ്ധതിയിലെ ലക്ഷ്യങ്ങൾ നേടുന്നതിൽ വലിയ വീഴ്ചയുണ്ടാകുമെന്നു് 1963-ൽ കാണുകയുണ്ടായി. മൂന്നാം പദ്ധതിക്കാലത്തെ എണ്ണയന്വേഷണത്തിനും ഖനനത്തിനും വേണ്ടി നീക്കിവെച്ചിരുന്ന 2020 മില്യൻ രൂപയിൽ 363 മില്യൻ രൂപ അഥവാ ഏകദേശം 20 ശതമാനം മാത്രമാണു് പദ്ധതിയുടെ ആദ്യത്തെ രണ്ടു വർഷങ്ങളിൽ യഥാർത്ഥത്തിൽ ചിലവായതു്.[1] മൂന്നാംപദ്ധതിയുടെ അവസാനം യഥാർത്ഥത്തിലുണ്ടാകുന്ന ചിലവു് 1470 മില്യൻ രൂപ മാത്രമായിരിക്കുമെന്നാണു് ഇതിൻെറ അർത്ഥം. അങ്ങനെ വരുമ്പോൾ പരിപാടിയിലെ ഗണ്യമായ ഭാഗം നാലാം പദ്ധതിക്കാലത്തേയ്ക്കു് (1966-67—1970-71) മാററിവയ്ക്കേണ്ടിവരും.[2] നാലാം പദ്ധതിക്കാലത്തേയ്ക്കു് 2300 മില്യൻ രൂപ അനുവദിക്കണമെന്നു കമ്മിഷൻ അഭ്യർത്ഥിച്ചിട്ടുണ്ടു്. മൂന്നാംപദ്ധതിയിലേതിലും അല്പം കൂടുതലാണു് ഈ തുക. എണ്ണയന്വേഷണത്തിനും ഖനനത്തിനും ധനം ചിലവാക്കുന്നതിൽ നേരിട്ട കുറവു മൂലം മൂന്നാംപദ്ധതിയിലെ പരിപാടികൾ പൂർത്തിയാക്കാൻ കഴിയാതെ വന്നേക്കാം. മൂന്നാം പദ്ധതിക്കാലത്തു് കുഴിക്കാൻ ഉദ്ദേശിച്ചിരുന്ന കുഴികളുടെ എണ്ണം 611-ൽ നിന്നു് 512 ആയി കമ്മിഷൻ കുറച്ചിട്ടുണ്ടെന്നു് റിപ്പോർട്ടുണ്ടു്.[3]

ഈ കാലതാമസത്തിനുള്ള അടിസ്ഥാനപരമായ കാരണങ്ങളിൽ രൂക്ഷമായതരത്തിലുള്ള നാണ്യക്ഷാമം, അത്യാ

---

1. മൂന്നാംപദ്ധതി: മിഡ്ടേം അപ്പ്റൈസൽ, പേജ് 146.
2. മൂന്നാംപദ്ധതി: മിഡ്ടേം അപ്പ്റൈസൽ പേജ് 136.
3. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ് മാർച്ച് 3, 1964.

വശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിൽ നേരിടുന്ന താമസം, സംഘടനാപരമായ തകരാറുകൾ എന്നിവ ഉൾപ്പെടുന്നു. എണ്ണയന്വേഷണത്തിനും ഖനനത്തിനും ധനം നൽകുന്നതിൽ കാലതാമസം വരുന്നത്, പൊതുമേഖയിലുള്ള എണ്ണവ്യവസായത്തെ തകർക്കണമെന്നു കരുതുന്ന എണ്ണക്കുത്തകകളുടേയും അവരുടെ കൂട്ടാളികളുടേയും അണിയറനീക്കങ്ങൾ മൂലമാണെന്ന് ഇന്ത്യയിലെ പുരോഗമനചിന്താഗതിക്കാർ വിശ്വസിക്കുന്നു. എന്നാൽ, ഇന്ത്യയുടെ സാമ്പത്തികസ്വാതന്ത്ര്യത്തിലും സമൃദ്ധിയുള്ള ഒരു സമൂഹംകെട്ടിപ്പടുക്കുന്നതിലും, എണ്ണവ്യവസായത്തിന് അതിന്റേതായ സംഭാവന നല്കാൻ കഴിയണമെങ്കിൽ പൊതുമേഖല കൂടുതൽ ഉറപ്പുള്ളതാകണമെന്ന കാര്യം പൊതുവെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്.

## സ്റേറവുടമയിലുള്ള എണ്ണശുദ്ധീകരണശാലകൾ

ഒരു ദേശീയ എണ്ണ ശുദ്ധീകരണവ്യവസായം സ്ഥാപിക്കുവാൻ, സ്വാതന്ത്ര്യം നേടിയ കാലം മുതൽ ഇന്ത്യ ശ്രമിച്ചുവരികയാണ്. പാടുപെട്ടു സമ്പാദിക്കുന്ന വിദേശനാണയത്തിന്റെ ചിലവിൽ ഒരു ഭാഗമെങ്കിലും ലാഭിക്കുന്നതിനുവേണ്ടി ഇന്ത്യാഗവർമ്മെൻറ് ഇറക്കുമതി ചെയ്യപ്പെടുന്ന ക്രൂഡ് ഓയിൽ ശുദ്ധീകരിക്കാനുള്ള പ്ലാൻറുകൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതയെപ്പററി പഠനം നടത്തുകയും വിദേശ എണ്ണക്കമ്പനികളുടെ സഹായം ആവശ്യപ്പെടുകയും ചെയ്തു. നേരത്തെ പറഞ്ഞതുപോലെ, സ്റ്റേററുടമയിലുള്ള എണ്ണ ശുദ്ധീകരണശാലകൾ ഇന്ത്യയിൽ സ്ഥാപിക്കുന്നതിനോട് ഒരു തരത്തിലും പങ്കുചേരാൻ അവർ കൂട്ടാക്കിയില്ല.

1956 ആയപ്പോൾ, ഇക്കാര്യത്തിൽ വിദേശ കുത്തക മൂലധനക്കാർക്കു താല്പര്യമില്ലെന്നു് ഇന്ത്യാഗവർമ്മെൻറു മനസ്സിലാക്കുകയും സ്വന്തമായി വലിയ ഒരു എണ്ണ ശുദ്ധീകരണശാല സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനുപുറമേ, 1953-ൽ, നഹോർകാട്ട്യായിലും മുറാനിലും കണ്ടുപിടിക്കപ്പെട്ട എണ്ണ ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യത തെളിയുകയും ചെയ്തു. ഇന്ത്യാഗവർമ്മെൻറിനു് സ്റ്റോക്കിൽ 51 ശതമാനത്തിന്റെ അവകാശമുള്ള ഒരു എണ്ണ ശുദ്ധീകരണശാല സ്ഥാപിക്കുന്നതിൽ പങ്കുചേരാൻ ഒരു ബ്രിട്ടീഷ്കമ്പനിയെ ഗവണ്മെൻറു ക്ഷണിച്ചു ഇന്ത്യയിലെ എണ്ണകൈകാര്യംചെയ്യുന്ന സ്റ്റേററുടമയിലുള്ള ഒരു എണ്ണശുദ്ധീകരണവ്യവസായമുണ്ടായാൽ അതു എണ്ണയുല്പന്നങ്ങളുടെ വിതരണനിലയെ ബാധിക്കുമെന്നറിയാമായിരുന്ന ബ്രിട്ടീഷ്കമ്പനി ഈ പങ്കുചേരലിനു തയ്യാറാകാതായപ്പോൾ ഒററയ്ക്കു് എണ്ണശുദ്ധീകരണശാല സ്ഥാപിക്കുവാൻ ഇന്ത്യാഗവർമ്മെൻറു് തീരുമാനിച്ചു. ഇന്ത്യക്കകത്തു് എണ്ണയുടെ വില കറക്കുന്നതിനു് വിദേശ എണ്ണക്കുത്തകകളുമായി സമരംചെയ്യുവാൻ പൊതുമേഖലയ്ക്കു് ഇതു് കൂടുതൽ കരുത്തു നൽകി. ബ്രിട്ടീഷ് മൂലധനക്കാർക്കും ഇന്ത്യാഗവർമ്മെൻറിനും കൂട്ടുടമാവകാശമുള്ള (അന്നു് ഇന്ത്യയ്ക്കു് സ്റ്റോക്കിൻെറ മൂന്നിലൊന്നിലുള്ള അവകാശമേ ഉണ്ടായിരുന്നുള്ളു.) മേഖലകളിൽ നിന്നായിരുന്നു ഇന്ത്യക്കു് ക്രൂഡ്ഓയിൽ ലഭിക്കേണ്ടിയിരുന്നതു്. അതിനാൽ, വിദേശ എണ്ണക്കമ്പനികളുമായുള്ള മത്സരത്തിൽ പൊതുമേഖലയ്ക്കു് തടസ്സങ്ങൾ നേരിടുകയുണ്ടായി.

വിദേശ വിദഗ്ദ്ധന്മാർ നിർദ്ദേശിച്ചതുപോലെ കൽക്കട്ടയിൽ ഒരു പ്ലാൻറു് സ്ഥാപിക്കുന്നതിനുപകരം രണ്ടു പ്ലാൻറുകൾ സ്ഥാപിക്കാൻ ഗവർമ്മെൻറു് തീരുമാനിച്ചു:

ഒന്നു് ഗൗഹതിക്കു സമീപം (ആസ്സാം) നൂൻമാതിയിലും മറെറാന്നു് ബറൗണിയിലും (ബീഹാർ).

ഈ പ്രോജക്ടിന്റെ കാര്യത്തിൽ ഗവർമ്മെൻറിനു് വലിയ വിഷമത നേരിട്ടു. 1956-ൽ, ഏതു എണ്ണശുദ്ധീകരണശാല സ്ഥാപിക്കുന്നതിലും പങ്കുചേരാൻ വിദേശ എണ്ണക്കുത്തകകൾ തയ്യാറായിരുന്നില്ല. ഇതേസമയത്തു്, പുനർനിർമ്മാണത്തിനും വികസനത്തിനുംവേണ്ടിയുള്ള സാർവ്വദേശീയ ബാങ്ക്പ്രോജക്ടിനെ പരസ്യമായി എതിർക്കുകയും ചെയ്തു. ഇന്റർനാഷണൽ പെട്രോളിയം കാർട്ടൽ ഒരു ഉപരോധം സൃഷ്ടിക്കുകയും, പാശ്ചാത്യ രാജ്യങ്ങളിലെ ആരും തന്നെ, എണ്ണശുദ്ധീകരണശാല സ്ഥാപിക്കുന്നതിൽ സഹായിക്കാനായി മുന്നോട്ടു വരാതിരിക്കുകയും ചെയ്തു.[1]

വീണ്ടും സോഷ്യലിസ്റ്റ് രാജ്യങ്ങൾ—സോവിയററ്യൂണിയനും റുമേനിയൻ പീപ്പിൾസ് റിപ്പബ്ളിക്കും—ഇന്ത്യയെ സഹായിക്കാനായി മുന്നോട്ടുവന്നു. ഗൗഹതിയിൽ എണ്ണശുദ്ധീകരണശാല സ്ഥാപിക്കുന്നതിൽ സഹായിക്കാമെന്നു് റുമേനിയ സമ്മതിച്ചു. ഇതേ സമയത്തു് രണ്ടു പ്ലാന്റുകൾ—ഒന്നു് ബറൗണിയിലും മറെറാന്നു് കൊയാലിയിലും (ഗുജറാത്തു്)—സ്ഥാപിക്കുവാൻ ഇന്ത്യയെ സഹായിക്കാമെന്നു് സോവിയററ്യൂണിയൻ പറഞ്ഞു. ആദ്യത്തെ രണ്ടു എണ്ണശുദ്ധീകരണശാലകൾ നഹോർകട്ട്യായിലെയും മൊറാനിലെയും എണ്ണ ശുദ്ധീകരിക്കാനും മൂന്നാമത്തേതു് അങ്കലേശ്വറിലെയും കലോളിലെയും എണ്ണശുദ്ധീകരിക്കാനും വേണ്ടിയായിരുന്നു. ഗൗഹതി പ്ലാൻറിനു് പ്രതിവർഷം 750,000 ടൺ എണ്ണയുല്പന്നങ്ങളും ബറൗണി

---

1. ഇന്ത്യൻ പെട്രോളിയം, പേജ് 28.

ക്കും കൊയാലിക്കും 3 മില്യൻ ടൺ വീതം എണ്ണയുല്പ ന്നങ്ങളും ഉല്പാദിപ്പിക്കാൻ ശേഷിയുണ്ടായിരിക്കും.

ഇന്ത്യാഗവണ്മെൻറും യു. എസ്. എസ്. ആറി ലെയും റുമേനിയായിലെയും ഗവണ്മെൻറുകളും തമ്മിൽ ഒപ്പുവച്ച കരാറുകൾ അനുസരിച്ച് സോവിയററുയൂണിയ നിലെയും റുമേനിയായിലെയും സംഘടനകൾ ബ്ളൂപ്രി ൻറുകൾ തയ്യാറാക്കാനും, ഉപകരണങ്ങളും സാധനങ്ങളും നൽകാനും, പ്ലാൻറുകളുടെ നിർമ്മാണത്തിലും കൂട്ടിച്ചേർക്ക ലിലും സാങ്കേതികസഹായം നൽകാനും, നിർമ്മാതാക്ക ളെയും (ബിൽഡേഴ്സ്) എണ്ണശുദ്ധീകരണം നടത്തുന്നവ രെയും (റിഫൈനേഴ്സ്) പരിശീലിപ്പിക്കാനും ആരം ഭിച്ചു. പ്രവത്തനത്തിനും ഉപകരണങ്ങൾക്കുമായി 2.5 ശതമാനം പലിശയ്ക്കു് എളുപ്പമുള്ള വ്യവസ്ഥകളോടുകൂടി രണ്ടു രാജ്യങ്ങളും ഇന്ത്യയ്ക്കു് ദീർഘകാലവായ്പകൾ നൽകി. ബറൗണിപ്ലാൻറിനുവേണ്ടി സോവിയററ്യൂണി യനിൽനിന്നു് 22.5 മില്യൻ റൂബിൾ (119 മില്യൻ രൂപ) വായ്പയായി ഇന്ത്യയ്ക്കു ലഭിച്ചു. പ്ലാൻറിൻെറ ശേഷി വർദ്ധിപ്പിക്കാൻ അധികമായി വേണ്ടിവരുന്ന തുകയും ഇന്ത്യയ്ക്കു് നൽകപ്പെട്ടു. സോവിയററ് ഏജൻസി കൾ കണക്കാക്കുന്നതും, മൂന്നാംപദ്ധതിയുടെ ധനസഹായ ത്തിനായി 1959 സെപ്തംബർ 12-നു് ഉണ്ടാക്കിയിട്ടുള്ള സോവിയററ്-ഇന്ത്യാ കരാർ അനുസരിച്ചു് ലഭ്യമായ 337.5 മില്യൻ റൂബിളിൽ (ഏകദേശം 1800 മില്യൻ രൂപ) നിന്നു് എടുക്കുന്ന 11,250,000 റൂബിളിൽ (58 മി ല്യൻ രൂപ) അധികമാകാത്തതുമായ തുകയായിരിക്കും ഇങ്ങനെ നൽകുക.

1961 ഫെബ്റുവരി 21-ലെ കരാർപ്രകാരം ഇന്ത്യ യ്ക്കു ദീർഘകാലവായ്പയായി ലഭിച്ച 1125 മില്യൻ

റൂബിൾ (ഏകദേശം 600 മില്യൻ രൂപ)കൊണ്ടാണു് ഗുജറാത്തിലെ പ്ലാൻറു് നിർമ്മിക്കുന്നതു്.

ഗൗഹതിപ്ലാന്റു് സ്ഥാപിക്കുവാൻ ഉപകരണങ്ങൾക്കും റുമേനിയൻ സ്പെഷ്യലിസ്റ്റുകളുടെ സാങ്കേതികസഹായത്തിനുമായി വേണ്ടിവരുന്ന നാണ്യച്ചിലവു് നേരിടുന്നതിൽ ഇന്ത്യയ്ക്കു 56 മില്യൻ രൂപയുടെ ദീർഘകാല വായ്പ റുമേനിയൻ ഗവണ്മെൻറു് നൽകി.

1960-ൽ ഇതിന്റെ നിർമ്മാണമാരംഭിക്കുകയും 1962 ജനുവരി ഒന്നിനു് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. സ്റ്റേറ്റുടമയിലുള്ള ഇന്ത്യയുടെ ആദ്യത്തെ എണ്ണശുദ്ധീകരണശാലയാണിതു്. എണ്ണ, ഉരുക്കും വിദ്യുച്ഛക്തിയും പോലെ, ഇന്ത്യയുടെ സാമ്പത്തികപുരോഗതിക്കടിസ്ഥാനമായതുകൊണ്ടു്, ഈ എണ്ണശുദ്ധീകരണശാല ഇന്ത്യയിൽ പുതിയ ഒരു യുഗത്തിന്റെ ആരംഭം കുറിച്ചിരിക്കുന്നുവെന്നു് ജവഹരിലാൽ നെഹ്റു പറയുകയുണ്ടായി. ഇതിൻെറ പ്രവർത്തനമാരംഭിക്കുന്നതുസംബന്ധിച്ച ചേന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലെ പത്രങ്ങളും ഇതിൽ ആവേശം കാണിച്ചു: സാമ്പത്തികമായി വികസിച്ചിട്ടില്ലാത്ത ആസ്സാമിലെ പ്രദേശങ്ങൾക്കു് ജീവൻ നൽകുന്ന "വലിയ ദേശീയപ്രാധാന്യമുള്ളൊരു വ്യാവസായിക സംരംഭമാണു്" ഈ പ്ലാന്റെന്നു് ഒരു പ്രസിദ്ധീകരണം രേഖപ്പെടുത്തി. [1]

മൂന്നാംപദ്ധതിയുടെ അവസാനത്തോടെ ഗൗഹതി എണ്ണശുദ്ധീകരണശാലയുടെ ഉത്പ്പാദനശേഷി 750,000 ടണ്ണിൽനിന്നു് 1,250,000 ടണ്ണാക്കി ഉയർത്തണമെന്നു്

1. ഇന്ത്യൻ ഫിനാൻസ്, ജനുവരി 6, 1962.

1963-ൽ ഇന്ത്യാഗവണ്മെൻറ് നിശ്ചയിച്ചു. 160,000 ടൺ പെട്രോൾ, 164,000 ടൺ പാരഫിൻ, 183,000 ടൺ ഡീസൽ ഫ്യൂവൽ, 113,000 ടൺ ബോയിലർ ഓയിൽ, 39,000 ടൺ ഓയിൽകോക്ക്, 36,000 ടൺ ആരോമെക്സ്, 54,000 ടൺ വാതകവും ഇന്ധനവും എന്നിവയുൾപ്പെടെ നിരവധി ഉല്പന്നങ്ങൾ ഈ പ്ലാൻറ് ഉത്പ്പാദിപ്പിച്ചുവരികയാണ്.[1]

ജോലിചെയ്യുന്നവർക്ക് താമസിക്കുവാനുള്ള സൗകര്യം, ഇലക്ട്രിക് പവ്വർസ്റ്റേഷൻ, ഇൻഡസ്ട്രിയൽ സിവിറേജ് എന്നിവയുൾപ്പെടെ, ഈ പ്ലാൻറിന് ചിലവായതു് ഏകദേശം 160 മില്യൻ രൂപായാണ്.[2] ആദ്യഘട്ടത്തിൽ, ഈ പ്ലാൻറിന്ന് സാങ്കേതികമായ ചില തകരാറുകൾ ഉണ്ടായിരുന്നു. എന്നാൽ, 1963 മദ്ധ്യത്തോടുകൂടി അതു് ഒഴിവാക്കപ്പെട്ടു. ഇപ്പോൾ, ഈ പ്ലാൻറ് തോതനുസരിച്ചുള്ള ഉല്പാദനക്ഷമതയോടെ പ്രവർത്തിച്ചുവരികയാണ്.

ഇന്ത്യയുടേയും സോവിയററുയൂണിയൻേറയും സ്പെഷ്യലിസ്ററുകൾ ബറൗണിയിൽ നിർമ്മിക്കുന്ന പൊതുമേഖലയിലെ രണ്ടാമത്തെ എണ്ണശുദ്ധീകരണശാല ഇന്ധനയെണ്ണയുടെ ഉത്പ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. പൊതുവായ എണ്ണയുല്പന്നങ്ങളും, ഇന്ത്യൻ വിപണിയിലാവശ്യമുള്ള വാണിജ്യപ്രധാനമായ ലൂബ്രിക്കൻറുകൾ ഉല്പാദിപ്പിക്കാൻ വേണ്ടിവരുന്ന അടിസ്ഥാന സാന്ദ്രീകരണസാധനങ്ങളും ഇവിടെ ഉത്പ്പാദിപ്പിക്കും. ഈ പ്ലാൻറിൽനിന്നുള്ള ഉത്പ്പാദനം ഇങ്ങനെയാണ്—ശതമാന

---

1. ദി ഇന്ത്യൻ പെട്രോളിയം ഹാൻഡ്ബുക്ക്, 1962, പേജ് 17.
2. ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഡിസംബർ 31, 1963.

ത്തിൽ: മോട്ടോർ ആൻറ് ഏവിയേഷൻ സ്പിരിററ് 18.3; പാരഫിൻ, 19.8; ഡീസൽ ഫ്യൂവൽ, 21.6; കണ്ടെൻസ്ഡ് ഗ്യാസ്, 0.3; ബോയിലർ ഓയിൽ, 8.4; ബിററുമിൻ, 3.6; കോക്ക്, 2.6; റെസിഡുവൽ ഫ്യൂവൽ, 14.4; ലൂബ്രിക്കൻറ്സ് 1.5; സ്വന്താവശ്യത്തിനുള്ള ഇന്ധനവും നഷ്ടവും, 9.5. [1]

ഒരു മില്യൻ ടൺ ശേഷിയുള്ള മൂന്ന് വാക്വം ഡിസ്റ്റിലേഷൻ യൂണിററുകളും, ഒരു സ്റ്റ്രിപ്പറും, ഒരു ആൽക്കിലേഷൻ യൂണിററും, ഒരു ലൂബ്രിക്കേററിംഗ് ഓയിൽയൂണിററും, ഒരു ഡീവാക്സിംഗ്പ്ലാൻറും, ഒരു കോൺടാക്ട് പ്യൂരിഫയറും ഈ പ്ലാൻറിൽ ഉൾപ്പെടുന്നു. [2] 24,000 കിലോവാട്ട് ശേഷിയുള്ള ഒരു ഓയിൽ-ഫ്യൂവൽഡ് ഇലക്ട്രിക് പവ്വർസ്റ്റേഷനും, റിപ്പെയർ-മെഷീൻഷാപ്പുകളും, സംഭരണടാങ്കുകളും, ഗതാഗതസൗകര്യങ്ങളും, വലിയ ആക്സിലറി ഇൻസ്റ്റലേഷനുകളും മററും ഈ പ്ലാൻറിനോടനുബന്ധിച്ചുണ്ടാകും.

ഈ പ്ലാൻറിൻെറ ഉത്പ്പാദനശേഷി മൂന്നു മില്യൻ ടൺ ആകുമ്പോൾ, എണ്ണ ശുദ്ധീകരണത്തിനും പവ്വർപ്ലാൻറിനും വേണ്ടിവരുന്ന മൊത്തം ചിലവ് ഏകദേശം 370 മില്യൻ രൂപയാണ്. ജോലിക്കാർക്കു താമസിക്കുവാനുള്ള സൗകര്യങ്ങൾ, മററു സുഖസൗകര്യങ്ങൾ എന്നിവയുൾപ്പടെ ഈ പ്ലാൻറിനായി മൊത്തം വേണ്ടിവരുന്ന ചിലവ് 420 മില്യൻ രൂപയാകുന്നു. അതിൻെറ ശതമാനക്കണക്ക് ഇപ്രകാരമാണ്: ബിൽഡിംഗ് 24 ശത

---

1. ദി പെട്രോളിയം ഹാൻഡ് ബുക്ക്, 1962, പേജ് 18.
2. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഡിസമ്പർ 31, 1963.

മാനം; എക്വിപ്മെൻറ് 33; അസംബ്ലി 24; മററു ള്ളവ 19.

ഈ പ്ലാൻറിൻെറ നിർമ്മാണവേളയിൽ പല തടസ്സങ്ങളും നേരിടുകയുണ്ടായി. ഗംഗയുടെ തീരത്തെ ഒരു താഴ്ന്നപ്രദേശത്ത് ഈ പ്ലാൻറ് സ്ഥാപിക്കാനാണ് ഇന്ത്യ ഉദ്ദേശിച്ചതു്. വെള്ളപ്പൊക്കമുണ്ടാകാൻ ഇടയുള്ളതുകൊണ്ടു്, 1.8 മില്യൻ ഘനമീററർ മണ്ണ് ഇവിടെ കൊണ്ടുവരേണ്ടിവന്നു. വലിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി ഇവിടുത്തെ സ്ഥലം സജ്ജമാക്കുന്നതിനു് ധാരാളം സമയമെടുക്കുകയും ചെയ്തു. കെട്ടിടനിർമ്മാണം, ഉപകരണങ്ങളുടെ കൂട്ടിച്ചേർക്കൽ എന്നിവയ്ക്കു് കടുത്ത മഴമൂലം പലപ്പോഴും തടസ്സം നേരിട്ടു. ഈ സ്ഥലത്തേയ്ക്കു് 40,000 ടൺ വരുന്ന ഉപകരണങ്ങളും സാധനങ്ങളും കപ്പൽ വഴി എത്തിക്കുക എന്നതായിരുന്നു വിഷമം സൃഷ്ടിച്ച മറെറാരു പ്രശ്നം.

ഈ പ്ലാൻറ് പൂത്തിയായിവരികയാണു്. ഇതിന്റെ ആദ്യവിഭാഗം 1964 ഏപ്രിലിൽ പ്രവത്തനമാരംഭിച്ചു. അപ്പോൾ, പ്രതിവർഷമുള്ള ഇതിൻെറ ഉത്പ്പാദനശേഷി 1 മില്യൻ ടൺ ആയിരുന്നു. 1964 അവസാനം ഇതിൻെറ രണ്ടാംവിഭാഗം പ്രവത്തനം തുടങ്ങി. അന്നു് ഇതിൻെറ ഉത്പ്പാദനശേഷി 2 മില്യൻ ടണ്ണായി വർദ്ധിച്ചു. 1966-ൽ ഇതിൻെറ ഉത്പ്പാദനശേഷി പൂർണ്ണമായതോതിൽ (3 മില്യൻ ടൺ) എത്തുന്നതാണ്.

സ്റ്റേററുടമയിലുള്ള മൂന്നാമത്തെ എണ്ണശുദ്ധീകരണശാലയുടെ നിർമ്മാണം 1963-ൽകൊയാലിയിൽആരംഭിച്ചു. വളന്നുവരുന്ന ഇന്ത്യാ-സോവിയററ് സൗഹൃദത്തിൻേറയും സഹകരണത്തിൻേറയും പ്രതീകമാണ് ഈ എണ്ണശുദ്ധീക-

രണശാലയെന്നു് ഇതിന്റെ തറക്കല്ലിടുന്നതു സംബന്ധിച്ചു 1963 മേയ് 10-ന് നടന്ന ചടങ്ങിൽ പങ്കെടുത്തുകൊണ്ടു് ജവഹർലാൽ നെഹ്റു പറഞ്ഞു.[1] പ്രധാന ടെക്നോളജിക്കൽ യൂണിററുകളുടേയും പവ്വർപ്ലാൻറിൻേറയും അടിത്തറ ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ടു്. ഒരു മില്യൻ ടൺ വീതം ഉത്പ്പാദനശേഷിയുള്ള മൂന്നു വിഭാഗങ്ങൾ ഈ പ്ലാൻറിനുണ്ടാകും. ഇതിൽ ആദ്യത്തേതു് 1965 ആദ്യവും രണ്ടാമത്തേതു് 1965 അവസാനവും മൂന്നാമത്തേതു് 1966-ലും പ്രവത്തനമാരംഭിക്കും. ഇവിടത്തെ ഉത്പ്പാദനം—ശതമാനത്തിൽ: മോട്ടോർ ആൻറു് ഏവിയേഷൻ സ്പിരിററ് 18; പാരഫിൻ 24; ഡീസൽ ഓയിൽ 24; ദ്രവവാതകവും സോൾവൻറുകളും 0.5; ബോയിലർ ഓയിൽ 24.5; സ്വന്തം ആവശ്യത്തിനുള്ള ഇന്ധനവും നഷ്ടവും 8.5. ബറൗണിയെപ്പോലെ കൊയാലിയും എണ്ണയുത്പ്പന്നങ്ങൾക്കായുള്ള ഇന്ത്യയുടെ ആവശ്യകതയെ പരമാവധി തൃപ്തിപ്പെടുത്തുവാനാണു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഇവിടത്തെ ഉത്പ്പാദനത്തിൽ ഏകദേശം പകുതിയും, അത്യാവശ്യമുള്ള വാതകഎണ്ണയും പാരഫിനുമാണു്. ഇവിടെനിന്നു ലഭിക്കുന്ന ബോയിലർ ഓയിൽ, ഗുജറാത്തിൻെറ സാമ്പത്തികനിലയിൽ സുപ്രധാനമായ പങ്കുവഹിക്കുന്നു. ഇതു് കൽക്കരിക്കു പകരമായി ഉപയോഗിക്കപ്പെടുന്നു, ദീർഘദൂരം കൊണ്ടുപോകാൻ കഴിയുന്ന ബോയിലർ ഓയിൽ വ്യാവസായികവികസനത്തിന്നു് പ്രോത്സാഹനം നൽകുന്നു.

ഈ പ്ലാന്റിന്നു് സെക്കന്ററി ക്രാക്കിംഗോടുകൂടിയ രണ്ടു വാക്വം ഡിസ്റ്റിലേഷൻ യൂണിററുകളും (ഒരു മില്യൻ ടൺ വീതം) സെക്കന്ററി ക്രാക്കിംഗ് ഇല്ലാത്ത ഒരു വാ

---

1 ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, മേയ് 11, 1963.

കഷം ഡിസ്റ്റിലേഷൻ യൂണിററും, ഒരു കാററലിററിക്ക് റിഫോർമററും, എണ്ണ ഇന്ധനമായി ഉപയോഗപ്പെടുത്തുന്ന ഒരു ഇലക്ട്രിക് പവ്വർ സ്റ്റേഷനും (24,000 കിലോവാട്ട്) റിപ്പെയർ-മെക്കാനിക്കൽ ഷോപ്പുകളും, സ്റ്റോറേജ് സൗകര്യങ്ങളും മററുമുണ്ട്.

കെട്ടിടങ്ങളും മററു സുഖസൗകര്യങ്ങളും കൂടാതെ, ശുദ്ധീകരണത്തിനും പവ്വർ സൗകര്യങ്ങൾക്കുമുള്ള ആദ്യചിലവ് 314 മില്യൻ രൂപയാണ്. ചിലവിൻെറ 26 ശതമാനം കെട്ടിടത്തിനും, 32.5 ശതമാനം ഉപകരണങ്ങൾക്കും 22 ശതമാനം ഉപകരണങ്ങളുടെ കൂട്ടിച്ചേർക്കലിനും 19.5 ശതമാനം മററിനങ്ങൾക്കുമാണ് വേണ്ടിവന്നതു്.

നിശ്ചിതതോതനുസരിച്ച് ഉല്പാദനം ആരംഭിച്ചുകഴിഞ്ഞാലും, ഏററവും ചുരുങ്ങിയ ചിലവുകൊണ്ട് വികസനം സാദ്ധ്യമാണെന്നതാണ് സ്റ്റേററുടമയിലുള്ള ഈ എണ്ണശുദ്ധീകരണശാലകളുടെ ഒരു പ്രധാന പ്രത്യേകത. പുതിയ മൂലധനച്ചിലവില്ലാതെതന്നെ പ്ലാൻറുകളുടെ ഉല്പാദനശേഷി 10-15 ശതമാനം വദ്ധിപ്പിക്കാമെന്ന് സോവിയററ്‌യൂണിയൻെറ അനുഭവം കാണിക്കുന്നു. ആദ്യത്തെ അധിഷ്ഠാപനങ്ങളുടെ വിലയുടെ 10 ശതമാനം മുടക്കിയാൽ ഉല്പാദനശേഷി 30 - 40 ശതമാനം വർദ്ധിപ്പിക്കാവുന്നതാണ്. പുതുതായുള്ള മൂലധനച്ചിലവുകൂടാതെതന്നെ ഗൗഹതി എണ്ണശുദ്ധീകരണശാലയുടെ ഉല്പാദനശേഷി 10 ശതമാനം കൂട്ടാൻകഴിയും. ആദ്യമുണ്ടായ ചിലവിൻെറ പകുതിവരുന്ന തുക മുടക്കിയാൽ ഇതിന്റെ ഉല്പാദനശേഷി ഇരട്ടിയാക്കുകയും ചെയ്യാവുന്നതാണ്.[1]

---

1. ഹിന്ദു, ജനുവരി 2, 1962.

സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സഹായത്തോടുകൂടി സ്റ്റേററുടമയിൽ ആരംഭിച്ചിട്ടുള്ള എണ്ണശുദ്ധീകരണ വ്യവസായം, സാമ്പത്തികസ്വാതന്ത്ര്യം നേടാനുള്ള ഇന്ത്യയുടെ ശ്രമത്തിനു് വലിയ ഒരു സംഭാവനയാണു്. ഗൗഹതിയും, ബറൗണിയും, കൊയാലിയും പൊതുമേഖല വിപുലമാക്കാനും ശക്തിപ്പെടുത്താനും സഹായിക്കും; മൂന്നാം പദ്ധതിയുടെ അവസാനത്തോടുകൂടി ഇവയുടെ മൊത്തത്തിലുള്ള ഉല്പാദനശേഷി 7,250,000 ടൺ ആയിരിക്കും. ഇന്ത്യയിലെ എണ്ണശുദ്ധീകരണ സൗകര്യങ്ങളുടെ 40 ശതമാനം നിയന്ത്രിക്കുന്നതു് പൊതുമേഖലയായിരിക്കുമെന്നാണു് ഇതിൻെറ അർത്ഥം. അമേരിക്കൻ ഫിലിപ്സ്കമ്പനി സ്ഥാപിച്ചുവരുന്ന നാലാമത്തെ പ്ലാൻറുകൂടി പ്രവർത്തിച്ചുതുടങ്ങുമ്പോൾ ഇതു് 55 ശതമാനമായി വർദ്ധിക്കുന്നതാണു്.[1] സ്റ്റേററുടമയിലുള്ള എണ്ണ ശുദ്ധീകരണശാലകളുടെ നിർമ്മാണത്തിനും ഉപയോഗപ്പെടുത്തലിനും വേണ്ടി 1958 ആഗസ്റ്റിൽ ഇന്ത്യാഗവർമെൻറു ഒരു ഏജൻസി സംഘടിപ്പിച്ചു. "ഇന്ത്യൻ റിഫൈനറീസ്" ആണിതു്. ഇതിനു് 300 മില്യൻ രൂപയുടെ അധികൃത മൂതൽ ഉണ്ടു്.

സ്റ്റേററുടമയിലുള്ള എണ്ണ ശുദ്ധീകരണശാലകളുടെ ഒരു ശൃംഖലയുണ്ടാക്കുന്നതുവഴി, എണ്ണയുത്പ്പന്നങ്ങളുടെ സ്റ്റേററ്ട്രേഡിനു് ശക്തിമത്തായ ഒരു അടിസ്ഥാനമിടാൻ ഇന്ത്യാഗവണ്മെൻറിനു് കഴിയും. മൊത്തവ്യാപാരത്തിലും ചില്ലറവ്യാപാരത്തിലും വിദേശ എണ്ണക്കമ്പനികളെ മാററിനിർത്തുവാൻ ഇതു തുടക്കമിടുകയുംചെയ്യും. ഇതു

---

1 കൊച്ചിയിലാണു് ഇതു് സ്ഥാപിക്കുക. ഇതിൻെറ ഉത്പ്പാദനശേഷി 2,350,000 ടൺ ആയിരിക്കും. സ്റ്റോക്കിൻെറ 51 ശതമാനം ഇന്ത്യാഗവണ്മെൻറിനായിരിക്കും.

കൊണ്ടാണ് സ്റ്റേററുടമയിലുള്ള എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കാനുള്ള കരാറുകൾ ഉണ്ടാക്കിയപ്പോൾതന്നെ ഈ എണ്ണശുദ്ധീകരണശാലകളിൽനിന്നുള്ള ഉല്പന്നങ്ങൾ വിററഴിക്കുവാനും കുറവുള്ള ഇനങ്ങൾ ഇറക്കുമതിചെയ്യുവാനുംവേണ്ടി ഇന്ത്യാഗവണ്മെൻറ് ഇന്ത്യൻ ഓയിൽ കമ്പനി രൂപീകരിച്ചതു്.

ഇതുമൂലം ഇന്ത്യയ്ക്കു വിദേശനാണ്യം ലാഭിക്കുവാനും കഴിയും. 7.3 മില്യൻ ടൺ ഉല്പാദനശേഷിയുള്ള ഇന്ത്യയിലെ എല്ലാ എണ്ണശുദ്ധീകരണശാലകളുംവഴി (ഡിഗ്ബോയ് ഒഴിച്ചു്) പ്രതിവർഷം 255 മില്യൻ രൂപയുടെ വിദേശനാണ്യമാണ് ലാഭിക്കുവാൻ കഴിയുന്നതു്. എന്നാൽ, ഗൗഹതിയും ബറൗണിയും കൊയാലിയുംവഴി ഇതിൻെറ മൂന്നോ നാലോ ഇരട്ടി വിദേശനാണ്യം ലാഭിക്കാൻ സാധിക്കുന്നതാണ്. ഇറക്കുമതി ചെയ്യപ്പെടുന്ന എണ്ണയ്ക്കു പകരം ഇന്ത്യയിലെ എണ്ണ ഈ എണ്ണശുദ്ധീകരണശാലകൾ ഉപയോഗിക്കുന്നതാണ്. അതിനുള്ള കാരണം.[1] എണ്ണയുത്പ്പന്നങ്ങളിൽ ഏററവും വിലകൂടിയ ഇനമായ ലൂബ്രിക്കൻറുകൾ ബറൗണിക്ക് ഉത്പ്പാദിപ്പിക്കാൻ കഴിയുമെന്നതുകൊണ്ടു്, യഥാർത്ഥത്തിലുള്ള നാണ്യലാഭം ഇതിലും കൂടുതലായിരിക്കും.

സ്വകാര്യ എണ്ണശുദ്ധീകരണശാലകളുടെ ലാഭത്തിൻെറ രൂപത്തിൽ വിദേശങ്ങളിലേയ്ക്കു പോകാവുന്ന ധനം നേടിയെടുക്കുവാനും ഇന്ത്യയ്ക്കു സ്വന്തമായുള്ള എണ്ണശുദ്ധീ

---

1 ഇറക്കുമതിചെയ്യപ്പെടുന്ന എണ്ണയുത്പ്പന്നങ്ങളുടെ വിലയിൽ നിന്നു് 35 രൂപ കുറവായിരിക്കും, ഇറക്കുമതിചെയ്യപ്പെടുന്ന ഒരു ടൺ ക്രൂഡ് ഓയിൽ ശുദ്ധീകരിച്ച് എടുക്കുന്നതിനു്. (ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഡിസമ്പർ 31, 1963).

കരണ സൗകര്യങ്ങൾ സഹായിക്കുന്നു. ആരംഭത്തിലെ മുടക്കു മുതൽ രണ്ടോ മൂന്നോ വർഷംകൊണ്ടു വീണ്ടെടുക്കാൻ ഗുജറാത്ത്-ബറൗണി പ്ലാൻറുകൾക്കു കഴിയും എന്നതിൽ നിന്നു് എണ്ണശുദ്ധീകരണത്തിലുള്ള ലാഭത്തിൻെറ മാർജിൻ എന്താണെന്നു് മനസ്സിലാക്കാവുന്നതാണു്.

ഇറക്കുമതിചെയ്യപ്പെടുന്ന ക്രൂഡ്ഓയിൽ ശുദ്ധീകരിക്കുന്നതിൽ, വിദേശക്കമ്പനികളെക്കാൾ വ്യത്യസ്ഥമായ ഒരു സമീപനം സ്വീകരിക്കുവാനും ഇന്ത്യയ്ക്കു കഴിയുന്നു. ഇന്ത്യയിൽ ഖനനംചെയ്യുന്ന എണ്ണയോ, എളുപ്പമുള്ള വ്യവസ്ഥകളോടുകൂടി വിദേശത്തുനിന്നു് ഇറക്കുമതിചെയ്യുന്ന എണ്ണയോ, ദേശീയതാത്പ്പര്യപ്രകാരം, ശുദ്ധീകരിക്കുന്നതിനു് സ്റ്റേറ്റുടമയിലുള്ള പ്ലാൻറുകൾക്കു കഴിയും. ഉറുപ്പികവിലയനുസരിച്ച് കുറഞ്ഞ വിലയ്ക്കു് സോവിയറ്റ്യൂണിയൻ ഇന്ത്യയ്ക്കു നൽകുന്ന എണ്ണ ശുദ്ധീകരിക്കുവാൻ വിദേശീയ പ്ലാൻറുകൾ തയ്യാറായില്ല. "ഇടുങ്ങിയ വാണിജ്യതാത്പ്പര്യങ്ങൾക്കു പകരം ഇന്ത്യയുടെയാകെ സാമ്പത്തികതാത്പ്പര്യങ്ങൾ സംരക്ഷിക്കുന്നതിനു്" സ്റ്റേറ്റുടമയിലുള്ള പ്ലാൻറുകൾ ഉണ്ടാകേണ്ടതിൻെറ ആവശ്യകത ഇതു കൂടുതൽ വ്യക്തമാക്കുന്നു. 1

രാജ്യത്തിൻെറ പ്രാദേശികമായ വികസനം ത്വരിപ്പിക്കാൻ കഴിയുംവിധം എണ്ണവ്യവസായം രാജ്യവ്യാപകമാക്കുക എന്നതാണു്. ഇപ്പോൾ നീതിപൂർവ്വം പരിഹരിക്കാൻ കഴിയുന്ന മറെറാരു പ്രശ്നം.

---

1 കെ. ഡി. മാളവ്യ ''ഗവൺമെൻറ് ഓഫ് ഇന്ത്യാസ് ഓയിൽ പോളിസി'', പെട്രോളിയം ഇൻഫർമേഷൻ സർവ്വീസ്, 1962.

സ്റ്റേറ്റുടമയിലുള്ള സ്ഥാപനങ്ങൾ ഖനനംചെയ്യുന്ന ക്രൂഡ്ഓയിൽ പാകപ്പെടുത്തിയെടുക്കാൻ ഇന്ത്യയ്ക്കു എണ്ണ ശുദ്ധീകരണശാലകൾ ഉള്ളതു്. നയതന്ത്രപരമായി പ്രാധാന്യമുള്ള ഒരു കാര്യവുമാണു്. എണ്ണയുത്പ്പാദനവും ശുദ്ധീകരണവും വികസിപ്പിക്കുന്നതുവഴി, രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങളാൽ എപ്പോഴും വിതരണം നിൎത്തിവയ്ക്കാൻ കഴിയുന്ന വിദേശ എണ്ണക്കുത്തകകളോടുള്ള ആശ്രിതത്വം കുറയ്ക്കാൻ ഇന്ത്യയ്ക്കു സാധിക്കും.

പുതിയ എണ്ണശുദ്ധീകരണശാലകൾ നിൎമ്മിക്കുന്നതിൽ, ഇന്ത്യയിലെ സാധനങ്ങളും ഉപകരണങ്ങളും വിപുലമായി ഉപയോഗപ്പെടുത്താൻ സ്റ്റേറ്റുടമയിലുള്ള എണ്ണ ശുദ്ധീകരണശാലകൾക്കു കഴിയുന്നു. താഴെപ്പറയുന്ന ഉദാഹരണത്തിൽനിന്നു് ഇതു വ്യക്തമാകും: ഗൗഹതിയിൽ പ്ലാൻറിനും ഉപകരണങ്ങൾക്കുമായി വേണ്ടിവന്ന വിദേശനാണ്യച്ചിലവു്, മൊത്തം പ്ലാൻചെയ്ത ചിലവിൻെറ 40 ശതമാനമായിരുന്നു. ഇതു് ബറൗണിയിൽ 33 ശതമാനവും കൊയാലിയിൽ ഏകദേശം 25 ശതമാനവും ആയിരുന്നു. 1 ഈ പ്രവണതയുടെ മറെറാരു സൂചന, ഇന്ത്യയ്ക്കു സോവിയററ് യൂണിയൻ നൽകുന്ന എണ്ണശുദ്ധീകരണ ഉപകരണങ്ങളുടേയും സാധനങ്ങളുടേയും തൂക്കം കുറയുന്നതിൽ കാണാം. ബറൗണിക്കുവേണ്ടി 43000 ടൺ എണ്ണശുദ്ധീകരണ ഉപകരണങ്ങളും സാധനങ്ങളുമാണു് ഇറക്കുമതി ചെയ്തതു്. പ്ലാൻറിനു് മൊത്തം വേണ്ടിവന്ന സാമഗ്രിയുടെ 95 ശതമാനമാണിതു്. ഇതേ ഉല്പാദനശേഷിയുള്ള ഗൗഹതിപ്ലാൻറിനുവേണ്ടി ഇറക്കുമതിചെയ്തതു് 17000

---

1 ദി ഹിന്ദുസ്ഥാൻ ടൈംസ് ജൂൺ 30, 1963; ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഡിസമ്പർ 31, 1963.

ടൺ എണ്ണശുദ്ധീകരണ ഉപകരണങ്ങളും സാധനങ്ങളുമായിരുന്നു. ഈ പ്ലാൻറിന് മൊത്തം വേണ്ടിവന്ന സാമഗ്രിയുടെ 50 ശതമാനത്തിൽ അൽപ്പം കൂടുതൽ വരുമായിരുന്നു ഇതു്. ബാക്കിയുള്ളവ ഇന്ത്യയിൽതന്നെയാണ് ഉണ്ടാക്കിയതു്.

ബിൽഡർമാർ, റിഫൈനർമാർ, ഡിസൈനർമാർ എന്നിവരുൾപ്പെടെയുള്ള ടെക്നിഷ്യന്മാരെപരിശീലിപ്പിക്കുക എന്ന പ്രശ്നം പരിഹരിക്കാനും ഇന്ത്യയ്ക്കു സാധിക്കുന്നുണ്ട്. പ്ലാൻറുകളുടെ നിർമ്മാണം നടക്കുന്ന സ്ഥലത്തു വച്ച്, സോവിയററ് വെൽഡർമാർ, ഫിററർമാർ, മെക്കാനിക്കുകൾ, മോട്ടോറിസ്ററുകൾ, അസംബ്ലിമെൻ എന്നിവർ ഇന്ത്യൻ ജോലിക്കാക്കും ടെക്നിഷ്യനുകൾക്കും പരിശീലനം നൽകുന്നു. ബറൗണിയിൽ മാത്രമായി ഏകദേശം 250സോവിയററ് സ്പെഷ്യലിസ്ററുകൾ പണിയെടുക്കുന്നതാണ്.

എണ്ണ ശുദ്ധീകരണത്തിൽ ഏർപ്പെട്ടിട്ടുള്ള ഇന്ത്യാക്കാർക്കു് (ഇന്ത്യൻ റിഫൈനേഴ്സ്) സോവിയററുയൂണിയനിലും ഇന്ത്യയിലും വച്ച് പരിശീലനം നൽകപ്പെടുന്നു. സോവിയററു യൂണിയനിലെ എണ്ണ ശുദ്ധീകരണശാലകളിൽനിന്നു് എഴുപതോളംപേർ പരിശീലനം നേടിക്കഴിഞ്ഞിട്ടുണ്ട്. ഗൗഹതിയിൽ 200 പേർക്കു് പരിശീലനം നൽകി വരികയാണ്. പരിശീലനത്തിനായി റുമേനിയായിലേക്കും പലരും പോയിട്ടുണ്ട്. പ്ലാൻറുകളിൽ യന്ത്രങ്ങൾ കൂട്ടിച്ചേർക്കുകയും അവ പ്രവർത്തിപ്പിക്കുകയും ചെയ്യുമ്പോൾ സോവിയററ് റിഫൈനർമാർ തങ്ങളുടെ അനുഭവസമ്പത്തു് ഇന്ത്യൻ സഹപ്രവർത്തകർക്കു് പകർന്നുകൊടുക്കുന്നു. കൊയാലിപ്ലാൻറിൻെറ നിർമ്മാണത്തിൽ

ഇന്ത്യൻ എൻജിനീയർമാരും പങ്കുചേർന്നു—ഭാവിയിൽ ഇത്തരം പ്ലാൻറുകൾ ഡിസൈൻ ചെയ്യാൻ ഇവർക്കിതു സഹായകരമാണ്.

സാങ്കേതിക പരിശീലനത്തിൻേറയും വ്യവസായവല്ക്കരണത്തിൻേറയും ഫലമായിട്ട്, സ്വന്തമായ വിഭവങ്ങളും വിജ്ഞാനവും മാത്രം ഉപയോഗപ്പെടുത്തി എണ്ണശുദ്ധീകരണശാലകൾ ഡിസൈൻ ചെയ്യാനും നിർമ്മിക്കാനും ഇന്ത്യക്കു വേഗം കഴിയുമെന്ന് പി. ആർ. നായക് പ്രത്യാശ പ്രകടിപ്പിക്കുകയുണ്ടായി. എണ്ണശുദ്ധീകരണ ശാലകളുടെ നിർമ്മാണത്തിലും പ്രവത്തനത്തിലും ഇന്ത്യൻ ടെക്നിഷ്യന്മാർക്കു ലഭിക്കുന്ന വിജയകരമായ പരിശീലനമാണ് ഇങ്ങനെ പറയാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച സംഗതി.[1]

നാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇന്ത്യയുടെ എണ്ണശുദ്ധീകരണശേഷി 17.4 മില്യൻ ടണ്ണിൽനിന്ന് 30 മില്യൻ ടണ്ണായി വർദ്ധിക്കുകയും ഇതുമൂലം എണ്ണയുല്പന്ന വിതരണപ്രശ്നം പരിഹൃതമാകുകയും ചെയ്യേണ്ടതാണ്.[2] ഇതിനായി ഇന്ത്യ സ്വീകരിക്കേണ്ട ആദ്യനടപടികളിൽ, മദ്രാസ്സിലേയും കൽക്കട്ടായിലേയും എണ്ണശുദ്ധീകരണശാലകളുടെ നിർമ്മാണവും കൊച്ചിയിലെ പ്ലാൻറിൻെറ വികസനവും ഉൾപ്പെടുന്നു. ലൂബ്രിക്കൻറുകളുടെ ഉല്പാദനം വർദ്ധിപ്പിക്കാനും ഇന്ത്യക്കു് ഉദ്ദേശമുണ്ട്. വിലപ്പെട്ട ഈ ലൂബ്രിക്കൻറുകൾ ഉല്പാദിപ്പിക്കുന്ന പ്ലാൻറുകൾക്കുള്ള നിരവധി പ്രോജക്ടുകളെക്കുറിച്ച് ഇന്ത്യ പഠനം നടത്തിവരികയാണ്. ഇന്ത്യക്കു പ്രതിവർഷം 300,000

---

1 ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഡിസമ്പർ 31, 1963.

2 ദി സ്റ്റേററ്സ്മാൻ, ജനുവരി 14, 1964.

ടൺ (1961) ലൂബ്രിക്കൻറുകളാണ് ആവശ്യമായിവരുന്നത്. ഇതു് ഇറക്കുമതിചെയ്യാനായി ടണ്ണൊന്നിനു് 500 രൂപ ഇന്ത്യ ഇന്നു് ചിലവിട്ടുവരികയാണ്.[1]

ഒരു പെട്രോകെമിക്കൽ വ്യവസായമുണ്ടാക്കുക എന്ന പ്രശ്നം പരിഹരിക്കുവാൻ എണ്ണ-വാതക നിക്ഷേപങ്ങളുടെ കണ്ടുപിടുത്തം ഇന്ത്യയെ സഹായിക്കുന്നു. ഇതിന്റെ വികസനപ്രശ്നം കൈകാര്യംചെയ്യാനായി 1960-ൽ ഒരു പ്രത്യേക ഗവണ്മെൻറുകമ്മിററി രൂപീകരിക്കപ്പെട്ടു. കെമിക്കൽ ഫെർട്ടിലൈസറുകൾ ഒരു പ്രധാനയിനമായി ഉൾപ്പെടുത്തിക്കൊണ്ടു് മൂന്നും നാലും പദ്ധതികളിൽ നിരവധി പെട്രോകെമിക്കൽ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള പരിപാടി തയ്യാറാക്കുക എന്നതും ഇതിൽ ഉൾപ്പെട്ടിരുന്നു. ഇവയ്ക്കുള്ള മൊത്തം ചിലവു് 5000 മില്യൻ രൂപയായിരിക്കുമെന്നു് കമ്മിററി കണക്കാക്കി.[2]

എണ്ണശുദ്ധീകരണശാലകൾക്കും എണ്ണപ്പാടങ്ങൾക്കും സമീപം നിരവധി പ്ലാൻറുകൾ സ്ഥാപിച്ചു് പെട്രോകെമിസ്ട്രി വികസിപ്പിക്കുവാൻ ഓയിൽ ആൻറു് കെമിക്കൽ ഇൻറസ്ട്രിവകുപ്പ് പ്ലാൻചെയ്തുവരികയാണ്. പ്രകൃതിവാതകവും അസോസിയേററഡു് ആൻറു് റിഫൈനറി ഗ്യാസും, പെട്രോളിയവും, ബ്ലാക്ക്ഓയിലും, ഫെർട്ടിലൈസർ നിർമ്മാണത്തിനാവശ്യമായ കനംകുറഞ്ഞ സാന്ദ്രീകരണവസ്തുക്കളും, സിന്തററിക് ഫൈബറുകളും, സിന്തററിക് റബ്ബറും, പെട്രോകെമിക്കൽ സിന്തസ്സിസ്സിൽനിന്നു ലഭിക്കുന്ന നിർമ്മാണം പൂർത്തിയാകാത്ത ഉത്പ്പന്നങ്ങളും

---

1 ദി ഇന്ത്യൻ പെട്രോളിയം ഹാൻഡ്ബുക്ക്, 1962, പേജ് 63.

2 ഓയിൽ ഡയറി, മേയ് 1, 1962.

ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഈ പ്ലാൻറുകൾക്കു കഴിയും.

ക്യാംബെ തടത്തിലെ എണ്ണയും വാതകവും, ഗുജറാത്ത് എണ്ണശുദ്ധീകരണശാലയിലെ ഉച്ഛിഷ്ടവും (വെയ്സ്റ്റ്) ഉപയോഗപ്പെടുത്തുന്നതിന്നായി ഒരു വലിയ പെട്രോകെമിക്കൽ വർക്ക്സ് ഗുജറാത്തിൽ ഉണ്ടാകുന്നതാണ്. ബറൗണിക്കും ഗൗഹതിക്കും സമീപവും, ആസ്സാമിലും പെട്രോകെമിക്കൽ പ്ലാൻറുകൾ സ്ഥാപിക്കാനുള്ള സാദ്ധ്യതയെപ്പററി പഠനം നടത്തിവരികയാണ്.

എണ്ണയും എണ്ണയുത്പ്പന്നങ്ങളും ഓരോ സ്ഥലത്തു് എത്തിക്കുന്ന കാര്യത്തിൽ ഇന്ത്യാഗവണ്മെൻറ് ഇപ്പോൾ കാര്യമായി ശ്രദ്ധിച്ചുവരികയാണ്. "സ്വന്തമായി എണ്ണക്കപ്പലുകളുടെ ഒരു വ്യൂഹം (ടാങ്കർഫ്ളീററ്) ഉണ്ടാവുക എന്നതു്, ഗണ്യമായ തോതിൽ എണ്ണയുല്പാദിപ്പിക്കുകയും ഉപഭോഗം ചെയ്യുകയും ചെയ്യുന്ന ഒരു രാജ്യത്തിൻെറ ദേശീയതാത്പ്പര്യമാണ്." 1 ഇന്ത്യൻ തുറമുഖങ്ങളിലെ സി. ഐ. എഫ്. വിലയുടെ 10—20 ശതമാനം തുക കപ്പൽക്കൂലിയിനത്തിൽ നൽകേണ്ടിവരുന്ന 1000 മില്യൻ രൂപയുടെ ദ്രവഇന്ധനം ഇറക്കുമതിചെയ്യുമ്പോൾ, പ്രതിവർഷം 100 മില്യൻ മുതൽ 200 മില്യൻവരെ രൂപ ലാഭിക്കാൻ, സ്വന്തമായി എണ്ണക്കപ്പലുകളുടെ ഒരു വ്യൂഹമുണ്ടെങ്കിൽ ഇന്ത്യയ്ക്കു് കഴിയും. വിദേശരാജ്യങ്ങളുമായി ബന്ധപ്പെടാവുന്ന വലിയ മൂന്നു് എണ്ണക്കപ്പലുകൾ മൂന്നാം പദ്ധതിക്കാലത്തു വാങ്ങാൻ ഇന്ത്യ ഉദ്ദേശിക്കുന്നുണ്ടു്. 2

---

1 ദി ഈസ്റ്റേൺ എക്കണോമിസ്ററ്, ജനവരി 27, 1956, പേജ് 143.

2 ഇന്ത്യൻ പെട്രോളിയം, പേജ് 72.

ഇന്ത്യയ്ക്കു ബൃഹദ്ദൂരംവരുന്ന തീരപ്രദേശമുണ്ട്. ഇവിടെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളും പ്രധാന വ്യവസായകേന്ദ്രങ്ങളും സ്ഥിതിചെയ്യുന്നു. ഇതു പരിഗണിക്കുമ്പോൾ ഇന്ത്യയ്ക്കകത്തെ ആവശ്യത്തിനുള്ള എണ്ണയുല്പന്നങ്ങൾ മാർക്കററിൽ എത്തിക്കുന്നതിന് വേണ്ടിവരുന്ന ചരക്കു കയററിറക്കുകൂലി ഗണ്യമായി കുറയ്ക്കുന്നതിന് തീരദേശ കപ്പൽവ്യൂഹം (കോസ്റ്റൽ ടാങ്കർഫ്ളീററ്) വളരെ അധികം പ്രയോജനപ്പെടുമെന്നു കാണാം.

1600 കിലോമീററററിൽ അധികം നീളംവരുന്ന ഒരു 'പൈപ്പ്ലൈൻ ശൃംഖല'യ്ക്കുവേണ്ടിയുള്ള ഒരു പ്രോജക്ടിനെപ്പററി പഠനം നടന്നുവരികയാണ്.[1] റെയിൽവേയോടുള്ള ആശ്രിതത്വം കുറയ്ക്കുകയും (ചരക്കു കയററിറക്കുകൂലി ഇതിൽ വർദ്ധിക്കുമെന്നാണ് പ്രതീക്ഷ) എണ്ണയുല്പന്നങ്ങൾ കയററിക്കൊണ്ടുപോകുന്നതിനുള്ള ചിലവ് കുറയ്ക്കുകയും ചെയ്ത്, എണ്ണയുൽപ്പന്നങ്ങളുടെ വില താഴ്ത്തുവാനാണ് ഈ പൈപ്പ്ലൈൻ സ്ഥാപിക്കുക.[2] ഈ പൈപ്പുലൈനുകളിൽ ഒന്ന് ബറൗണിപ്ലാൻറിനെ കോൺപൂരും കൽക്കട്ടയുമായി ബന്ധിപ്പിക്കുന്നതാണ്. പ്രതിവർഷം 1.5 മില്യൻ ടൺ എണ്ണ കയററിക്കൊണ്ടുപോകുവാനുള്ള ശേഷി ഇതിനുണ്ടായിരിക്കും. ഗൗഹതി-സിലിഗുരി പൈപ്പുലൈൻ പ്രതിവർഷം 500,000 ടൺ എണ്ണ

---

1 പെട്രോളിയം പ്രസ്സ് സർവ്വീസ്സ്, ജൂലൈ 1962.

2 ദ്രവ ഇന്ധനം കൊണ്ടുപോകുന്നതിനുള്ള ചിലവ് (മൈലൊന്നിന്) അമേരിക്കയിൽ ഇപ്രകാരമാണ്; റോഡ്—0.06125 ഡോളർ; റെയിൽവേ—0.01695 ഡോളർ; പൈപ്പുലൈൻ (പെട്രോൾ)—0.00445 ഡോളർ; പൈപ്പുലൈൻ (ഓയിൽ)—0.00344 ഡോളർ; ജലമാർഗ്ഗം—0.00082 ഡോളർ (ഓയിൽ ഡയറി, ജൂൺ 27, 1962).

കയററിക്കൊണ്ടുപോകുന്നതാണ്. സിലിഗുരി ഒരു വലിയ റെയിൽവേ ടെർമിനൽ ആയതുകൊണ്ട്, ഗൗഹതിയിൽ നിന്ന് ഇവിടെ എണ്ണ കൊണ്ടുവരുന്നതു് ഒരു പ്രശ്നമല്ല. ഗുജറാത്ത്-അഹമ്മദബാദ് പൈപ്പുലൈൻ പ്രതിവർഷം 600,000 ടൺ എണ്ണ കയററിക്കൊണ്ടുപോകും. മററു പ്രോജക്ടുകളിൽ, അങ്കലേശ്വർ-കലോൾ എണ്ണപ്പാടങ്ങളിൽനിന്ന് ഗുജറാത്തി എണ്ണശുദ്ധീകരണശാലവരെയുള്ള 190 കിലോമീററർ നീളംവരുന്ന പൈപ്പുലൈനുകൾ (ഒരു മില്യൻ ടൺ വീതം എണ്ണ കയററിക്കൊണ്ടുപോകാവുന്നവ) ഉൾപ്പെടുന്നു. അങ്കലേശ്വറും ഉത്തറാനും തമ്മിലും, ക്യാംബേയും ധുവാറാനും തമ്മിലും കലോളും അഹമ്മദബാദും തമ്മിലും ബന്ധിപ്പിക്കുന്ന മൂന്നു ഗ്യാസ് പൈപ്പുലൈനുകൾ (പ്രതിദിനം 1 മില്യൻ ഘനമീററർ ഉൾക്കൊള്ളാൻ ശേഷിയുള്ളതു്) സ്ഥാപിക്കുന്നതാണ്. ഈ പൈപ്പുലൈനുകളെല്ലാം ഗവൺമെൻറിൻെറ വകയായിരിക്കും.

എത്രവേഗം ദേസ്സററുടമയിലുള്ള എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കുകയും എണ്ണക്കപ്പലുകൾ സമ്പാദിക്കുകയും പൈപ്പുലൈനുകൾ സ്ഥാപിക്കുകയും ചെയ്യുന്നുവോ അത്രയുംവേഗം ദ്രവഇന്ധനം കുറഞ്ഞവിലയ്ക്കു ലഭിക്കുകയെന്ന ഇന്ത്യയുടെ പ്രശ്നം പരിഹരിക്കാൻ കഴിയും എന്നതിൽ സംശയമേയില്ല.

### പൊതുമേഖല—എണ്ണവ്യാപാരത്തിൽ

എണ്ണയുല്പാദനത്തിൽ പൊതുമേഖലയ്ക്കുണ്ടായ ആദ്യവിജയം, വിപണനത്തിലും പൊതുമേഖല രൂപീകരിക്കുക എന്ന പ്രധാന കത്തവ്യം നിറവേററുവാൻ ഇന്ത്യാ

ഗവണ്മെൻറിനെ സഹായിച്ചു. ഈ ലക്ഷ്യത്തോടുകൂടി 1959 ജൂണിൽ 'ഇന്ത്യൻ ഓയിൽ' രൂപീകരിക്കപ്പെട്ടു. ഇതിൻെറ മൂലധനം (ചാർട്ടർ ക്യാപിററൽ) 120 മില്യൻ രൂപയായിരുന്നു. ഇതിൻെറ സ്റ്റോക്കുകളെല്ലാം, ഇന്ത്യാ ഗവണ്മെൻറിൻെറ വകയാണ്. സ്റ്റേററുടമയിലുള്ള എണ്ണ ശുദ്ധീകരണശാലകളിൽ ഉത്പ്പാദിപ്പിക്കുന്നതോ ഇറക്കുമതിചെയ്യുന്നതോ ആയ എണ്ണയുല്പന്നങ്ങളുടെ വിപണനം ഇന്ത്യയിൽ സംഘടിപ്പിക്കുകയാണ് ഇതിൻെറ പ്രധാന ചുമതല. പൊതുമേഖലയിലെ വിതരണത്തിൽ 'ഇന്ത്യൻ ഓയിൽ' ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. വേണ്ടത്ര സാങ്കേതികപരിചയം നേടുകയും എണ്ണവ്യാപാരത്തിലെ ഗണ്യമായ ഭാഗം കൈകാര്യം ചെയ്യുകയുമാണ് ഇതിൻെറ ഉദ്ദേശം. "പെട്രോളിയം ഉത്പ്പന്നങ്ങളുടെ വിതരണം കുത്തകകളുടെ കൈകളിൽ ആകാതിരിക്കുന്നതിനെപ്പററി ഗവണ്മെൻറ് കാര്യമായി ആലോചിച്ചുവരികയാണ്. ഇത്ര വലിയ രീതിയിൽ ഒരു ബിസിനസ്സം ഒററയ്ക്കൊരു സംഘടന (വിദേശക്കമ്പനികൾ ചെയ്യുന്നതുപോലെ) നിയന്ത്രിക്കാൻ പാടില്ലാത്തതാണ്. "വിതരണത്തിൻെറ ചുമതല പങ്കുവയ്ക്കുകയും അതോടൊപ്പം ലാഭം പങ്കുവയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി, തെല്ലും സമയംകളയാതെ എണ്ണവിതരണ ബിസിനസ്സ് ഗവണ്മെൻറ് ആരംഭിക്കണമെന്നതു് ഒഴിച്ചുകൂടാനാവാത്ത ഒരു കാര്യമാണ്."[1]

ഈ കത്തവ്യം സങ്കീർണ്ണമായ ഒന്നായിരുന്നു. ദ്രവ ഇന്ധനം നൽകുന്നതിൽ ആശ്രയിക്കാൻകൊള്ളാവുന്ന ഒരു കേന്ദ്രം തിരഞ്ഞെടുക്കുക എന്ന പ്രശ്നം ഗവണ്മെൻറിനെ

---

1 ക്യാപിററൽ, മാർച്ച് 19, 1959, പേജ് 385.

അഭിമുഖീകരിക്കുകയുണ്ടായി ഇന്ത്യൻ വിപണിയിലുള്ള തങ്ങളുടെ സ്ഥാനം പൊതുമേഖലയ്ക്കു വിട്ടുകൊടുക്കാൻ വിദേശക്കമ്പനികൾ തയ്യാറല്ലായിരുന്നു. ലാഭത്തിൽ പെട്ടെന്നു കുറവുവരുത്തുന്നതിനു പുറമേ, കുത്തകവിലസമ്പ്രദായത്തെ തുരങ്കംവയ്ക്കത്തക്കവിധം പൊതുമേഖലയിലെ എണ്ണവിപണനം വളരുമെന്ന് വിദേശക്കമ്പനികൾക്ക് അറിയാമായിരുന്നു. എണ്ണവ്യാപാരരംഗത്ത് ഒരു പൊതുമേഖലയുണ്ടാകുന്നതിൽ കുത്തകകൾ എല്ലാ തരത്തിലുമുള്ള തടസ്സങ്ങൾ സൃഷ്ടിക്കുമെന്ന് വ്യക്തമായിരുന്നു. ഈ സ്ഥിതിയിൽ, മുതലാളിത്തരാജ്യങ്ങളിൽ നിന്ന് എണ്ണയുൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാനുള്ള സാദ്ധ്യത ഇല്ലാതായി. ഈ വിദേശക്കമ്പനികളുടേയോ ഇൻറർനാഷണൽ പെട്രോളിയം കാർട്ടലിലെ ഇവരുടെ പങ്കാളികളുടേയോ കയ്യിലാണ് ഈ എണ്ണയുൽപ്പന്നങ്ങൾ എന്നതാണിതിന് കാരണം. "സ്വതന്ത്രകമ്പനി"കളുടെ സേവനത്തേയും ഇന്ത്യാഗവൺമെൻറിന് ആശ്രയിക്കാൻ പററുമായിരുന്നില്ല. കാരണം, കാർട്ടലിൽനിന്ന് പ്രതികാരനടപടിയുണ്ടാകുമെന്ന ഭയംകൊണ്ട് ഇന്ത്യയ്ക്കു കൃത്യമായി ദ്രവഇന്ധനം വിതരണം ചെയ്യുന്നതിനുള്ള വിഷമത ഇവർ സഹിക്കുകയില്ലായിരുന്നു. പ്രത്യേകമായി ലഭിക്കുന്ന ഏതാനും എണ്ണയുൽപ്പന്നങ്ങളെപ്പററി (സെപ്പറേററ് കൺസൈൻമെൻറ്) മാത്രമേ ഇന്ത്യയ്ക്കു വിശ്വസിക്കാൻ കഴിയുമായിരുന്നുള്ളു. സാർവ്വദേശീയ എണ്ണക്കുത്തകകളുടെ നിയന്ത്രണത്തിന് വെളിയിലുള്ളതും എളുപ്പമുള്ള വ്യവസ്ഥകളോടു കൂടി ന്യായമായ വിലയ്ക്ക് തുടർച്ചയായി എണ്ണയുൽപ്പന്നങ്ങൾ നൽകുമെന്ന് ഉറപ്പുള്ളതുമായ തികച്ചും വ്യത്യസ്ഥമായ ഒരു കേന്ദ്രം ഇന്ത്യ കണ്ടുപിടിക്കേണ്ടതിൻെറ ആവശ്യകതയാണ് ഇതിൽനിന്നൊക്കെ തെളിഞ്ഞുകണ്ടത്.

ഇത്തരമൊരു കേന്ദ്രം സോഷ്യലിസ്റ്റ്‌രാജ്യങ്ങളിൽ, വിശേഷിച്ച് സോവിയററ്‌യൂണിയനിൽ, ഇന്ത്യ കണ്ടു. എണ്ണക്കുത്തകകൾ നൽകുന്നതിലും വളരെ വിലകുറച്ച് സോവിയററുയൂണിയനിൽനിന്നു ഇന്ത്യക്കു വൻതോതിൽ എണ്ണയുൽപ്പന്നങ്ങൾ ലഭിക്കുമെന്നു് വളരെമുമ്പു്, 1928-ൽ താരിഫ്‌കൗൺസിൽ ചൂണ്ടിക്കാണിച്ചിരുന്നു. യുദ്ധത്തിനു മുമ്പു്, ദേശീയ ഉടമയിലുള്ള കമ്പനികൾവഴി ഇന്ത്യക്കു് സോവിയററു വിദേശവ്യാപാര ഏജൻസികൾ ധാരാളം പെട്രോളും പാരഫിൻഓയിലും നൽകിയിട്ടുണ്ടു്. സോവിയററുയൂണിയനുമായുള്ള വ്യാപാരം ലാഭകരമാണെന്നു് ഇന്ത്യയിലെ ബിസിനസ്സുകാർ ആദ്യമായി മനസ്സിലാക്കിയതപ്പോഴായിരുന്നു. എന്നാൽ, ഇന്ത്യയൊരു ബ്രിട്ടീഷ് കോളനിയായിരുന്നതുകൊണ്ടു് ഇന്ത്യൻവിപണിക്കുവേണ്ടിയുള്ള സമരത്തിൽ വിദേശ എണ്ണക്കമ്പനികളെ നേരിടാൻ വിഷമമാണെന്നു് ഈ ബിസിനസ്സുകാക്കു് അനുഭവപ്പെട്ടു. പക്ഷെ, പൊതുമേഖല രൂപംകൊണ്ടതോടുകൂടി ഈ ചിത്രം മാറി. ഇതിനുശേഷം ധനപരമായി ദുർബ്ബലമായ ഒരുപിടി ഇന്ത്യൻകമ്പനികളേയല്ല, ശക്തമായ ഒരു ഗവണ്മെൻറു ഏജൻസിയേയാണു് ഈ വിദേശക്കമ്പനികൾക്കു നേരിടേണ്ടിവന്നതു്.

എണ്ണ കയററുമതി ചെയ്യുന്ന ഒരു രാജ്യം എന്ന നിലയിൽ സോവിയററുയൂണിയനു് ഇന്നുള്ള പദവി തികച്ചും വ്യത്യസ്തമാണു്. സോവിയററുഗവണ്മെൻറിൻെറ ഭരണകാലത്തു്, സോവിയററുയൂണിയൻ വ്യാവസായികമായി ഭീമമായ വളർച്ച നേടി. ആ രാജ്യത്തിൻെറ എണ്ണയുല്പാദനം 1940-ൽ 31 മില്യൻ ടൺ ആയിരുന്നതു് 1963-ൽ 206 മില്യൻടണ്ണായി വർദ്ധിച്ചു. 1965-ൽ ഇതു് 230-240 മില്യൻ ടണ്ണാകുമെന്നാണു് പ്രതീക്ഷ. സോവിയററു്

ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ ശ്രമഫലമായി ഈ രാജ്യം എണ്ണ സംഭരണത്തിൻെറ കാര്യത്തിൽ ലോകത്തു് അദ്വിതീയസ്ഥാനത്തു് എത്തിയിരിക്കുകയാണു്. കഴിഞ്ഞ ഏതാനും വർഷങ്ങളായി സോവിയററുയൂണിയൻ അതിൻെറ എണ്ണ കയററുമതി വളരെ അധികം വർദ്ധിപ്പിച്ചിട്ടുണ്ടു്. 1962-ൽ സോവിയററുയൂണിയൻ 45 മില്യൻ ടണ്ണിലധികം എണ്ണയും എണ്ണയുൽപ്പന്നങ്ങളും കയററുമതിചെയ്തു. ഇററലി, സ്വീഡൻ, ബ്രിട്ടൻ, യു. എ. ആർ., അഫ്ഗാനിസ്ഥാൻ, ജപ്പാൻ, പശ്ചിമജർമ്മനി, ഗ്രീസ് എന്നിങ്ങനെയുള്ള മുതലാളിത്തരാജ്യങ്ങൾക്കു നല്കിയ 26 മില്യൻ ടണ്ണിലധികം വരുന്ന എണ്ണയും എണ്ണയുൽപ്പന്നങ്ങളും അതിൽ ഉൾപ്പെട്ടും. "ഇന്നു് അമേരിക്കൻ, ബ്രിട്ടീഷ്, ഡച്ചു് എണ്ണക്കമ്പനികളുമായി റഷ്യക്കാർ പരസ്യമായി മത്സരിക്കുന്നു". ഈ രാജ്യങ്ങൾക്കു് ലോകവിപണിയിൽ തങ്ങളുടെ വ്യവസ്ഥകൾ ഇനി അടിച്ചേൽപ്പിക്കുവാൻ പററുകയില്ല.[1]

ലോക എണ്ണവിപണിയിൽ സോവിയററുയൂണിയൻ പ്രവേശിച്ചതോടുകൂടി അതുവരെയുണ്ടായിരുന്ന ചിത്രത്തിനു് കാര്യമായ മാററമുണ്ടായി. തങ്ങളുടെ എണ്ണ വിതരണത്തിന്മേൽ കുത്തകകൾക്കുള്ള നിയന്ത്രണം ഒഴിവാക്കണമെന്നാഗ്രഹിക്കുന്ന രാജ്യങ്ങൾക്കു്, യാതൊരു ചരടുവലിയും കൂടാതെ ന്യായമായവിലയ്ക്കു് എണ്ണ വിൽക്കുന്ന സോവിയററുയൂണിയനിലേക്കു തിരിയാൻ സൗകര്യംലഭിച്ചു.

ദ്രവഇന്ധനത്തിൻെറ കാര്യത്തിൽ പാശ്ചാത്യരാജ്യങ്ങളുമായി ഏകപക്ഷീയമായ വ്യാപാരബന്ധമുണ്ടാക്കുന്ന

1. ദി ടൈംസ് ഓഫ് ഇന്ത്യ, ആഗസ്റ്റ് 20, 1960.

ത് ഇന്ത്യയ്ക്കു് സൗകര്യപ്രദമല്ലെന്നു് ഇന്ത്യയിലെ സോവിയററ് ഔദ്യോഗിക പ്രതിനിധികൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഇന്ത്യയ്ക്കു് കുറെ എണ്ണയുല്പന്നങ്ങൾ നൽകാമെന്നു് സോവിയററ വിദേശവ്യാപാര ഏജൻസികൾ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുണ്ടു്. റുമേനിയൻ പീപ്പിൾസ് റിപ്പബ്ളിക്കും, ആ രാജ്യത്തിൻെറ എണ്ണയുല്പന്നങ്ങൾ വാങ്ങാൻ ഇന്ത്യയെ ക്ഷണിച്ചിട്ടുണ്ടു്: ഇന്ത്യയ്ക്കു് പാരഫിനും ഡീസലും വിൽക്കാമെന്നു്, 1959 ആദ്യം ആ രാജ്യം പറഞ്ഞു. ഇന്ത്യയ്ക്കു് ഒരു മില്യൻ ടൺ പാരഫിൻ എണ്ണ മത്സരവിലയ്ക്കു നൽകാൻ റുമേനിയായ്ക്കുകഴിയുമെന്നു്, 1959 മദ്ധ്യത്തിൽ ഒരു പത്രസമ്മേളനത്തിൽ വച്ച് ഇന്ത്യയിലെ റുമേനിയൻ അമ്പാസിഡർ പറയുകയുണ്ടായി.[1]

അക്കാലത്തു്, ഏതായാലും, സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ നിന്നു് എണ്ണയുല്പന്നങ്ങൾ വാങ്ങാൻ ഇന്ത്യാഗവണ്മെൻറ് തയ്യാറായിരുന്നില്ല. എണ്ണ കൈകാര്യം ചെയ്യാനുള്ള വിതരണ ഏജൻസിയോ സംഭരണസൗകര്യങ്ങളോ ഇല്ലാത്തതുകൊണ്ടു്, റുമേനിയായുടെ നിർദ്ദേശത്തെപ്പററി പഠിക്കാൻ 1959 ആദ്യം പററിയില്ലെന്നു് ആ വർഷം ആഗസ്റ്റിൽ മന്ത്രി മാളവ്യ പാർലിമെന്റിൽ പറഞ്ഞു. വിദേശക്കമ്പനികൾ ഉന്നയിച്ചിട്ടുള്ള വ്യവസ്ഥകൾ അനുകൂലമല്ലെന്നും അദ്ദേഹം വെളിപ്പെടുത്തി. "എണ്ണയുല്പന്നങ്ങളുടെ വിതരണത്തിനായി ഒരു ഗവണ്മെൻറു കമ്പനി രൂപീകരിച്ചിട്ടുണ്ട്; റുമേനിയായിൽ നിന്നുള്ള ഇറക്കുമതിയുടെ കാര്യം പുതിയതായി പരിഗണിക്കാവുന്നതാണു്."[2]

---

1. ക്യാപിററൽ, ആഗസ്ററ് 27, 1959, പേജ് 296.
2. അമൃതബസാർ പത്രിക, ആഗസ്ററ് 12, 1959.

ഏതാനും മാസം കഴിഞ്ഞ് അദ്ദേഹം വീണ്ടും പാർലമെൻററിൽ പറഞ്ഞു: "പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയെ സംബന്ധിച്ചിടത്തോളം, കഴിയുന്നത്ര അനുകൂലമായ വ്യവസ്ഥകൾ ഉണ്ടാകണമെന്നതാണ് ഗവർമ്മെൻറിൻെറ നയം. ആ കാഴ്പ്പാടോടുകൂടി, ഇപ്പോൾ ഇവ നൽകിവരുന്നതൊഴിച്ചുള്ള മററു കേന്ദ്രങ്ങളിൽനിന്ന് ഇവ ഇറക്കുമതി ചെയ്യാനുള്ള സാദ്ധ്യത ഗവർമ്മെൻറ് ആരാഞ്ഞു വരികയാണ്. ഇവ പ്രധാനമായും പൊതുമേഖലവഴി ഇറക്കുമതി ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്."1

1960 ജൂലൈ 15-ന് ഇന്ത്യൻ ഓയിൽ അതിന്റെ ആദ്യത്തെ കരാർ പൂർത്തിയാക്കി; സോവിയററ് ഏജൻസിയായ സോയസ്നിഫ്ററീക്സ്പോർട്ട (Soyuz-nefteeksport) മായിട്ടായിരുന്നു കരാർ 1960 മുതൽ 1963 വരെ, ഡീസിൽ ഓയിലും ജററുഫ്യൂവലും പരാഫിനും ഉൾപ്പെടെ 1.5 മില്യൻടൺ എണ്ണയുത്പ്പന്നങ്ങൾ ഇന്ത്യയ്ക്കു നൽകുന്നതിനുള്ളതായിരുന്നു ഇതു്. 1960 ആഗസ്റ്റ് 17-ന്, സോവിയററു എണ്ണയുല്പന്നങ്ങളുടെ ആദ്യവിഹിതവുമായി "ഉസ്ഗോറോഡ്" എന്ന സോവിയററു എണ്ണക്കപ്പൽ ബോംബയിലെത്തി.

ഇന്ത്യയിലെ പൊതുജനങ്ങളും പത്രങ്ങളും സംതൃപ്തിയോടെ ഈ കരാർ സ്വീകരിച്ചു. സോവിയററ് എണ്ണയുല്പന്നങ്ങൾ വാങ്ങുന്നതു ഇന്ത്യയുടെ സാമ്പത്തികനിലയ്ക്കു് വലിയ പ്രയോജനകരമാണെന്നു കാണിച്ചു് പല ഇന്ത്യൻ പത്രങ്ങളും മുഖപ്രസംഗങ്ങൾ എഴുതി. ലോകവിപണിയിലെ വിലയനുസരിച്ചാണ് സോവിയററ് എണ്ണയുല്പ

1. ദി ഹിന്ദുസ്ഥാൻ ടൈംസ്, ഫെബ്രുവരി 20, 1960.

ന്നങ്ങളുടെ വില നിശ്ചയിച്ചിരുന്നതു്. എന്നാൽ ഈ വില ഉറുപ്പികയായി നൽകിയാൽ മതി എന്നതു് ഒരു പ്രധാന സംഗതിയാണു്. ധാരാളം വിദേശനാണ്യം ലാഭിക്കാൻ ഇന്ത്യയ്ക്കു കഴിഞ്ഞു എന്നാണു് ഇതിൻെറ അർത്ഥം. ഈ കരാർ സ്വാഗതം ചെയ്യപ്പെടേണ്ടതാണെന്നു് ഒരു പത്രം പറഞ്ഞു. മററൊരു പത്രം ഇങ്ങനെ എഴുതി: "ഈ കരാർമൂലം ഇന്ത്യയ്ക്കു് വ്യക്തമായ ചില പ്രയോജനങ്ങളുണ്ടു്. ആദ്യമായുള്ള പ്രയോജനം, സമീകൃതമല്ലാത്ത ഇറക്കുമതി രീതിമൂലമുണ്ടാകുന്ന മണ്ണെണ്ണയുടേയും ഡീസൽ ഓയിലിൻേറയും ദൗർലഭ്യം നല്ലൊരതിരുവരെ ഇല്ലാതാകുമെന്നതാണു്. രണ്ടാമതായി, ഈ എണ്ണയുല്പന്നങ്ങൾക്കു വേണ്ടി ബ്രിട്ടീഷ് കമ്പനികൾക്കും അമേരിക്കൻ കമ്പനികൾക്കും നൽകുന്നതിലും വളരെ കുറഞ്ഞ തുക ഇന്ത്യ നല്കിയാൽ മതിയാകും. മൂന്നാമതായി, ഉറുപ്പികയായി നൽകിയാൽ മതിയെന്നുള്ള കരാർ ആയതുകൊണ്ടു വിദേശനാണ്യത്തിൻെറ പ്രശ്നം ഉണ്ടാകുന്നില്ല."[1] സോവിയററു-ഇന്ത്യാ കരാർ അനുസരിച്ചു ലഭിക്കുന്ന പ്രയോജനങ്ങൾ പരിഗണിക്കുമ്പോൾ 1.5 മില്യൻ ടൺ സോവിയററ് എണ്ണയുൽപ്പന്നങ്ങൾമാത്രം ഇറക്കുമതിചെയ്യാനുള്ള ഇന്ത്യാ ഗവണ്മെൻറിൻെറ തീരുമാനം 'അതിരുകടക്കാത്ത' ഒന്നാണെന്നു കരുതാവുന്നതാണു്.[2] എണ്ണവ്യവസായരംഗത്തെ പൊതുമേഖല ശക്തിപ്പെടുന്നു എന്നതിൻെറ മററൊരു തെളിവായിട്ടാണു് രാഷ്ട്രം ഈ കരാറിനെ വീക്ഷിക്കുന്നതു്.[3]

---

1 അമൃതബസാർപത്രിക, ജൂൺ 19, 1960.

2 ദിഎക്കണോമിക്‌വീക്ക്‌ലി, ജൂലൈ 23, 1960, പേജ് 1136

3 പെട്രോളിയം ഡീലർ, ആഗസ്റ്റ് 1960, പേജ് 12.

സോവിയററ് എണ്ണയുൽപ്പന്നങ്ങൾ കൂടുതൽ വാങ്ങാനുള്ള ഇന്ത്യാഗവണ്മെൻറിൻെറ തീരുമാനം, ഈ കരാറിൻെറ സൗകര്യപ്രദമായ സ്വഭാവത്തിനുള്ള നല്ലൊരു തെളിവാണ്. 1963-ലേയ്ക്കു് 300,000 ടൺ ബ്ലാക്ക് ഓയിൽ വാങ്ങുന്നതുസംബന്ധിച്ചുള്ള ഒരു കരാർ 1962 ഡിസമ്പർ 21-ന് ഒപ്പുവയ്ക്കപ്പെട്ടു. കോൺട്രാക്റ്റിൽ ഒപ്പുവച്ചതിനു ശേഷം ഇന്ത്യൻ ഓയിലിൻെറ മാനേജിംഗ് ഡയറക്ടർ ഗോപാലകൃഷ്ണൻ പത്രപ്രതിനിധികളോട് ഇങ്ങനെ പറഞ്ഞു: "സോവിയററ് റഷ്യയുമായുള്ള നമ്മുടെ ബിസിനസ്സ് ബന്ധങ്ങൾ അത്യുത്തമമാണ്; ഭാവിയിൽ ആ രാജ്യവുമായി കൂടുതൽ കൂടുതൽ ബിസിനസ്സ് നടത്താൻ കഴിയുമെന്നാണ് നമ്മുടെ പ്രതീക്ഷ."[1]

1960 ഡിസമ്പർ 21-ലെ കരാർപ്രകാരമുള്ള 300,000 ടൺ ബ്ലാക്ക് ഓയിലിനു പുറമേ, സോവിയററുയൂണിയൻ 1963-ൽ ഇന്ത്യയ്ക്കു് ഒരു മില്യൻ ടൺ എണ്ണയുല്പന്നങ്ങൾ—1962 ലേതിൻെറ ഇരട്ടി—നൽകുന്നതാണെന്ന് ഇന്ത്യയിലെ സോവിയററു വ്യാപാരപ്രതിനിധി ജി. പി. വെലികി പറഞ്ഞു.[2]

എണ്ണയുൽപ്പന്നങ്ങൾ വാങ്ങാനും പകരം ഇരുമ്പയിരു നൽകാനുമുള്ള ആറുവർഷത്തെ ഒരു കരാർ 1963-ൽ റുമേനിയായുമായി ഇന്ത്യയുണ്ടാക്കി. ലൂബ്രിക്കൻറുകൾ വാങ്ങാൻ റുമേനിയൻ വിദേശവ്യാപാര ഏജൻസിയുമായി 1962 ഏപ്രിലിൽ ഇന്ത്യൻ ഓയിൽ ഒരു കരാർ ഉണ്ടാക്കി.

---

1 ട്രിബ്യൂൺ, ഡിസംബർ 22, 1962.

2 ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഡിസമ്പർ 14, 1962.

ദ്രവഇന്ധനം ലഭിക്കുന്നതിൽ ആശ്രയിക്കാൻപററിയ കേന്ദ്രങ്ങൾ കണ്ടെത്തിയപ്പോൾ, ഇന്ത്യാഗവണ്മെൻറ് അടുത്ത പ്രശ്നം പരിഹരിക്കാൻ മുതിന്നു. ഇന്ത്യക്കകത്തു് ഒരു വിപണനശൃംഖലയുണ്ടാക്കുക എന്നതായിരുന്നു ഈ പ്രശ്നം. ഇതിനു് ആദ്യമായി വേണ്ടിവന്നതു് നിരവധി സംഭരണടാങ്കുകളാണു്. ഇവ കൂടാതെ എണ്ണയുൽപ്പന്നങ്ങൾ ഇറക്കുമതിചെയ്യാനോ വിപണനംചെയ്യാനോ കഴിയുമായിരുന്നില്ല. സ്റ്റേററ് മാർക്കററിംഗ്കമ്പനിക്കു് പ്രതിരോധവകുപ്പ് 45,000 ടൺ സംഭരണശേഷിയുള്ള സംഭരണടാങ്കുകൾ നൽകി.[1] എന്നാൽ ഇതു് തികച്ചും അപര്യാപ്തമായിരുന്നു. അതുകൊണ്ടു്, ഇന്ത്യൻ ഓയിൽ പുതിയ സംഭരണടാങ്കുകൾ നിർമ്മിക്കാൻതുടങ്ങി.

1963 ഏപ്രിൽ ആയപ്പോൾ, ഇന്ത്യയുടെ തീരപ്രദേശത്തു് (ഇന്ത്യൻ പ്ലാൻറുകളിൽ) മൊത്തം 315,000 ടൺ എണ്ണ സംഭരിക്കുകയും പമ്പുചെയ്യുകയും ചെയ്യാനുള്ള സൗകര്യം ഉണ്ടായിരുന്നു.[2] ബോംബെ, കൊച്ചി, വിശാഖപട്ടണം, കൽക്കട്ട, കണ്ട്ല, ഡൽഹി, സിലിഗുരി, ഗർഖാറ എന്നിവിടങ്ങളിൽ ഇന്ത്യക്കിന്നു് സംഭരണടാങ്കുകളുണ്ടു്. ഓഖ, കൽക്കട്ട, മദ്രാസ്സ് എന്നിവിടങ്ങളിലെ സംഭരണടാങ്കുകൾ വലുതാക്കാനും പുതിയവ സ്ഥാപിക്കാനുമുള്ള പ്രവർത്തനം നടന്നുവരികയാണു്.

ചില്ലറ വിൽപ്പനയ്ക്കുള്ള ഒരു ശൃംഖലയും ഗവണ്മെൻറുകമ്പനിക്കു് ഉണ്ടാകേണ്ടതുണ്ടു്. ഗവണ്മെൻറുവക വിപ

---

1 ഇന്ത്യൻ ഓയിൽകമ്പനി, വാർഷികറിപ്പോർട്ട്, 1961, പേജ് 5.

2 പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, ഇന്ത്യാഗവണ്മെൻറ്, ഏപ്രിൽ 15, 1963.

ണന ഏജൻസികളെ സഹായിക്കാനായി, വിപുലമായ തോതിൽ, ഉപഭോക്തൃ സഹകരണസംഘങ്ങളുണ്ടാക്കാൻ ഇന്ത്യാഗവണ്മെന്റ് നിശ്ചയിച്ചിട്ടുണ്ട്. മൊത്തം വില്ക്കുന്ന പാരഫിനിൽ പകുതിയോളം ഇവ ഇന്ന കൈകാര്യം ചെയ്യുന്നുണ്ട്. പ്രധാന ഉപഭോഗകേന്ദ്രങ്ങളിൽ നിരവധി മൊത്തവ്യാപാര ഡിപ്പോകളും ഇന്ത്യൻ ഓയിലിനു സ്ഥാപിക്കേണ്ടിവന്നു. 1963 അവസാനം, രാജ്യത്തിന്റെ വിവിധഭാഗങ്ങളിലായി ഇന്ത്യൻ ഓയിലിനു് 70 മൊത്തവ്യാപാര ഡിപ്പോകൾ ഉണ്ടായിരുന്നു. രാജ്യത്തു്, മോട്ടോർ ഗതാഗതമുള്ള പ്രധാന മാർഗ്ഗങ്ങളിൽ പെട്രോൾ പമ്പുകളുടെ (ഫില്ലിംഗ് സ്റ്റേഷനുകൾ) വലിയ ഒരു ശൃംഖല ഇന്ത്യൻ ഓയിൽ ഉണ്ടാക്കിത്തുടങ്ങിയിട്ടുണ്ട്. ഇന്ത്യൻ ഓയിൽ 1961-62 ൽ നടത്തിയ വിൽപ്പന 1960-61 ലേതിനേക്കാൾ 5—6 മടങ്ങ് കൂടുതലായിരുന്നു; 1962-63 ൽ ഇതു് മുൻവർഷത്തേതിൻെറ മൂന്നിരട്ടി വർദ്ധിച്ചു.[1] സോവിയററ് പാരഫിൻ ഓയിൽ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വിററുവരുന്നു. സോവിയററ് ഡീസൽ ഓയിലിൻെറ വിൽപ്പനയിൽ വർദ്ധനവു കാണാം. ഇത്തരം ഇന്ധനം പ്രധാനമായും ഉപയോഗിക്കുന്നതു്, ബോംബെയിലേയും ഹൈദരാബാദിലേയും മററു വൻനഗരങ്ങളിലേയും മുനിസിപ്പൽ ബസ്സ് കമ്പനികളും, മോട്ടോർ യന്ത്രങ്ങളുള്ള മീൻപിടുത്ത ബോട്ടുകളും, റെയിൽവേയും ഏതാനും വ്യാവസായികപ്ലാൻറുകളുമാണു്.

ഇന്ത്യൻ ഓയിൽ 1961-ൽ ഇന്ത്യൻവ്യോമസേനയ്ക്കു് ഇന്ധനം വിതരണം ചെയ്തുതുടങ്ങി. ഈ കമ്പനി 1963-ൽ

1 ഇന്ത്യൻ എക്സ്പ്രസ്സ്, ഏപ്രിൽ 15. 1963.

ലൂബ്രിക്കൻറുകളുടേയും ഗ്രീസ്സിൻേറയും വില്പനയുമാരംഭിച്ചു.

ഈ കമ്പനി അതിൻെറ കഴിവും വർദ്ധിപ്പിച്ചുവരികയാണ്; പ്രവർത്തനച്ചിലവ് 1960-61 ൽ 1000 ലിററിന് 35.16 രൂപവീതമായിരുന്നതു് 1962-63ൽ 30.16 രൂപയായി കുറഞ്ഞു. [1]

ഇന്ത്യൻ ഓയിലിൻെറ വാണിജ്യപരമായ പ്രവർത്തനം ധാരാളം വിദേശനാണ്യം ലാഭിക്കുന്നതിന് രാജ്യത്തെ സഹായിച്ചിട്ടുണ്ട്: 1960-നും 1963-സെപ്റ്റംബറിനും ഇടയ്ക്കു് ഏകദേശം 120 മില്യൻ രൂപ.[2] ഈ കമ്പനിയുടെ നികുതികഴിച്ചുള്ള അററാദായം 1962-63 ൽ ആദ്യ മുതൽമുടക്കിൻെറ 18.4 ശതമാനമായിരുന്നു.[3]

സ്റ്റേററുടമയിലുള്ള പ്ലാൻറുകളിൽ ഉല്പാദിപ്പിക്കുന്ന എണ്ണയുൽപ്പന്നങ്ങൾ കൂടുതലായി കൈകാര്യംചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിലാണ് 'ഇന്ത്യൻ ഓയിൽ' ഇപ്പോൾ ഏർപ്പെട്ടിട്ടുള്ളതു്. ഇതിന് രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ ചെറുതും വലുതുമായ സംഭരണടാങ്കുകളുടെ ഒരു ശൃംഖലയുണ്ടാക്കുക, കൂടുതൽ റെയിൽവേ-മോട്ടോർ വാഗണുകൾ ഉണ്ടാക്കുക, കമ്പനി ചില്ലറവ്യാപാരം സംഘടിപ്പിക്കുക, വിവിധ പ്രദേശങ്ങളിലുള്ള ഉപഭോക്താക്കളുടെ ആവശ്യകത മനസ്സിലാക്കുക, തുടങ്ങിയ കാര്യങ്ങൾ ആവശ്യമാണ്. പൊതുമേഖലവഴിക്കു്

---

1 ദി എക്കണോമിക്ക് ടൈംസ്, സെപ്റ്റംബർ 26, 1963.

2 ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, സെപ്റ്റംബർ 23, 1963.

3 ദി ടൈംസ് ഓഫ് ഇന്ത്യ, ഫെബ്രുവരി 13, 1964.

ഗവണ്മെൻറ് വിപുലമായതോതിൽ എണ്ണയുൽപ്പന്നങ്ങൾ വിപണനംചെയ്യുമ്പോഴുണ്ടാകുന്ന ചിലവുകൾ നേരിടാനായി മൂന്നാംപദ്ധതിയിൽ കൊള്ളിച്ചിരിക്കുന്ന 100 മില്യൻ രൂപയ്ക്കു പുറമേ, 100 മില്യൻ രൂപകൂടി അനുവദിക്കണമെന്ന് ഗവണ്മെൻറിനോട് 1962-ൽ ഇന്ത്യൻ ഓയിൽ ആവശ്യപ്പെടുകയുണ്ടായി.1

ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ദ്രവഇന്ധന വ്യാപാരത്തിൽ ഓയിൽ ഇന്ത്യ പ്രഥമവിജയം നേടിക്കഴിഞ്ഞിരിക്കുന്നു. ഉത്പ്പാദനം, ശുദ്ധീകരണം, വിപണനം എന്നീ രംഗങ്ങളിൽ പൊതുമേഖലയ്ക്കു കൂടുതലായുണ്ടാകുന്ന വികസനം, വിദേശ എണ്ണക്കുത്തകകളിൽനിന്നുള്ള സ്വാതന്ത്ര്യത്തിലേയ്ക്കും ഇന്ത്യയെ കൂടുതൽ അടുപ്പിക്കുന്നു.

---

1 ഇന്ത്യൻ എക്സ്പ്രസ്സ്, സെപ്റ്റംബർ 17, 1962.

# അദ്ധ്യായം അഞ്ച്

## ഇന്ത്യയുടെ സ്റ്റേറുടമയിലുള്ള എണ്ണവ്യവസായത്തിൻെറ വികസനവും എണ്ണക്കുത്തകകളുടെ "പുതിയ നയവും"

### എണ്ണക്കുത്തകകളും പൊതുമേഖലയും ഇന്ത്യൻ എണ്ണവ്യവസായത്തിൽ

ഇന്ത്യയ്ക്കു സ്വന്തമായുള്ള ദ്രവ ഇന്ധനംകൊണ്ടുതന്നെ ഇന്ത്യയുടെ ആവശ്യങ്ങൾ നിറവേററാനുള്ള ആദ്യപടിയായി പൊതുമേഖലയിലെ എണ്ണയന്വേഷണത്തിലും ഖനനത്തിലും ശുദ്ധീകരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ ഇന്ത്യാഗവണ്മെൻറു നടത്തിയ ശ്രമം പാശ്ചാത്യ സാമ്രാജ്യത്വകേന്ദ്രങ്ങളേയും അവരുടെ 'മുന്നണിപ്പടയാളി'യായ എണ്ണക്കുത്തകകളേയും ഞെട്ടിച്ചു. ഇന്ത്യയുടെ നീക്കം തങ്ങൾക്കെതിരായ കുന്തമുനയാണെന്ന് പെട്ടെന്ന് അവർ മനസ്സിലാക്കി. പൊതുമേഖലയുടെ അധികമായ ഏതു വികസനവും, ഇന്ത്യയുടെ മേൽ സാമ്പത്തികവും രാഷ്ട്രീയവുമായ സമ്മർദ്ദം ചെലുത്താൻ സഹായകരമായ എണ്ണവിതരണത്തിലെ കുത്തകപോലുള്ള തങ്ങളുടെ ഒരു സുപ്രധാനമാർഗ്ഗം കൈവിട്ടുപോകാൻ ഇടയാക്കുമെന്ന അവരുടെ ഭയമായിരുന്നു അതിനു കാരണം.

മറെറാരു അപകടവും വേഗം അവർ മനസ്സിലാക്കി: ഗവണ്മെൻറുടമയിലുള്ള കമ്പനികൾക്കു ഇന്ത്യൻ വിപണി

യിൽ സൗകര്യം നൽകുകയും സ്വന്തം സ്ഥാനങ്ങളിൽ കുറെ അടിയറവയ്ക്കുകയും ചെയ്യേണ്ടിവരുമായിരുന്നു അവർക്ക്. ഇതുമൂലം അവരുടെ അമിതാദായം ഗണ്യമായി കുറയാൻ ഇടയാകുകയും ചെയ്യുമായിരുന്നു. പൂർവ്വ അറബ് രാജ്യങ്ങളിൽനിന്നും ഇന്തോനേഷ്യയിൽനിന്നും സൗജന്യങ്ങളോടുകൂടി വാങ്ങുന്ന ക്രൂഡ്ഓയിൽ ഇറക്കുമതിചെയ്യാനുള്ള വിപണി എന്ന തരത്തിൽ ഉപയോഗിച്ചുപോന്ന ഇന്ത്യ നഷ്ടപ്പെട്ടുമെന്നാണ് അവർ ഏററവും കൂടുതൽ ഭയപ്പെട്ടതു്. അതിനു കാരണം—അമേരിക്കയിലെ എണ്ണ ഖനനത്തിൻെറ ഉയർന്ന ചിലവിൻെറ അടിസ്ഥാനത്തിൽ കുത്തകകൾനിശ്ചയിക്കുന്ന ലോകവിപണിയിലെ വിലയ്ക്കു ക്രൂഡ്ഓയിൽ വിൽക്കുന്നതിൽനിന്നാണ് എണ്ണപ്രഭുക്കൾക്ക് അവരുടെ ലാഭത്തിൽ ഏറിയ പങ്കും ലഭിച്ചിരുന്നതു്.[1] ഇന്ത്യയ്ക്കകത്തുനിന്നുതന്നെ എണ്ണയെടുക്കുകയാണെങ്കിൽ ബർമ്മാഷെല്ലിനും എസ്സോയ്ക്കും കാൽടെക്സിനും

1 "എന്നാൽ, യഥാർത്ഥത്തിലുള്ള ധനം ക്രൂഡ്ഓയിലിൻെറ ഉല്പാദനത്തിൽനിന്നാണ് ലഭിക്കുന്നതെന്നും, അപ്പാരട്ടസിൻെറ ബാക്കിയുള്ള ഭാഗം, എല്ലാ അനുഗ്രഹങ്ങളും നൽകുന്ന മർമ്മപ്രധാനമായ ആ കേന്ദ്രത്തെ രക്ഷിക്കുകമാത്രമാണ് ചെയ്യുന്നതെന്നും എണ്ണ കൈകാര്യംചെയ്യുന്ന (ഓയിൽ പീപ്പിൾ) മിക്കവരും സമ്മതിക്കുന്നു. (ഓഫ് കോണർ, ദി എമ്പയർ ഓഫ് ഓയിൽ, ന്യൂയോർക്ക് 1955 പേജ് 99).

"........ഉല്പാദനത്തിൻെറ ഘട്ടത്തിൽ കമ്പനികൾക്കു പൂർണ്ണനിയന്ത്രണമുണ്ട്. വൻതോതിൽ ലാഭമുണ്ടാക്കാൻ ഈ ഘട്ടത്തിൽ കമ്പനികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായാണ് അമേരിക്കയ്ക്കു വെളിയിലുള്ള ഇവരുടെ വിലനയത്തിൽനിന്നു് (നാം കാണുന്നതു്). ഉല്പാദനത്തിൻെറ മററു ഘട്ടങ്ങളിൽ ഇവർ മിതമായ ലാഭമേ ഈടാക്കാറുള്ളു. കൂടുതൽ ലാഭമുണ്ടാക്കാൻ സ്വതന്ത്രമായി പ്രവർത്തിക്കുന്നവർ ധാരാളമായി ആകർഷിക്കപ്പെടാൻ ഇടയുള്ളതാണ് ഈ ഘട്ടങ്ങൾ,

ഇന്ത്യയിലെ എണ്ണ ശുദ്ധീകരിക്കാമെന്നു് സമ്മതിക്കേണ്ടിവരികയോ തങ്ങളുടെ എണ്ണശുദ്ധീകരണശാലകൾ അടച്ചുപൂട്ടി ഗവണ്മെന്റിനോടു് പരസ്യമായി വെല്ലുവിളി നടത്തേണ്ടിവരികയോ ചെയ്യുമായിരുന്നു.

സ്റ്റേററു് ഉടമയിലുള്ള വിപണന ഏജൻസികളും, എണ്ണശുദ്ധീകരണശാലകളും ഉണ്ടായതു് കുത്തകകൾക്കു ലാഭംകിട്ടിയിരുന്ന മറെറാരു പ്രധാന മാർഗ്ഗത്തിൽ തടസ്സമായിത്തീർന്നു. ഇന്ത്യൻ വിപണിയിൽ കുത്തകകൾ സ്വീകരിച്ചുപോന്ന സമ്പ്രദായങ്ങളെ ഇതു തുറന്നുകാട്ടുമെന്ന സ്ഥിതിയും വന്നു. എണ്ണയുത്പ്പന്നങ്ങൾ ഇന്ത്യയിൽ വളരെ കുറഞ്ഞവിലയ്ക്കു് വില്ക്കാൻ കഴിയുമെന്നു ബോദ്ധ്യപ്പെടുത്താൻ എണ്ണ ഖനനം, ശുദ്ധീകരണം, വിപണനം എന്നിവയിൽ വ്യാപൃതരായ ഇന്ത്യൻ വിദഗ്ദ്ധന്മാർക്കു ബുദ്ധിമുട്ടുണ്ടായില്ല.[1]

എണ്ണരംഗത്തെ പൊതുമേഖലയുടെ വികസനം വിദേശകമ്പനികളെ പുറന്തള്ളാനോ അവരുടെ സ്വത്തുക്കൾ

---

ഇങ്ങനെ വരുന്നതു് ഈ കമ്പനികളുടെ മേധാവിത്വത്തിനു് ഭീഷണിയായിത്തീരും.” (എൻറി കോ മത്തോ എനർജി ആൻറു് ഹൈഡ്രോ കാർബൺ പ്രോബ്ലംസ്, ഇ. എൻ. ഐ. 1961, പേജ് 142)

1. ഇറക്കുമതി ചെയ്യുന്ന എണ്ണയ്ക്കു് ഇന്ത്യയുടെ മേൽ അമിതമായി ചാർജ്ജു ചുമത്തുന്നുണ്ടെന്നു്, സ്റ്റേററുടമയിലുള്ള അങ്കലേശ്വറിലെ എണ്ണപ്പാടങ്ങളുടെ പ്രവർത്തനം തെളിയിച്ചു. അങ്കലേശ്വറിൽ ടണ്ണൊന്നിനു് 28 രൂപ ചിലവിൽ എണ്ണയുത്പാദിപ്പിക്കുകയും ലോകവിലയുടെ നിരക്കനുസരിച്ചു് (ടണ്ണൊന്നിനു് 83 രൂപവച്ചു്) വില്ക്കുകയും ചെയ്യുന്നുവെന്നു ഗുജറാത്തു് സംസ്ഥാനത്തിലെ മുഖ്യമന്ത്രി പറയുകയുണ്ടായി. (ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ജൂലൈ 10, 1962).

ദേശസാല്ക്കരിക്കാനോ ലക്ഷ്യമാക്കിയുള്ളതല്ലെന്ന് ഇന്ത്യാഗവണ്മെൻറ് ആവർത്തിച്ചുറപ്പിച്ചു പറഞ്ഞിട്ടുണ്ട്. എങ്കിലും പൊതുമേഖല ഉണ്ടായ കാലം മുതൽ, സ്റ്റേറ്റുടമയിലുള്ള സംരംഭങ്ങളെ തകർക്കാൻ, കുത്തകകൾ മുഴുവൻ ശക്തിയുപയോഗിക്കുന്നുണ്ട്.

അവർ സഹായങ്ങൾക്കുവേണ്ടി ചുററും നോക്കി. എന്നാൽ, തൊഴിലാളികൾ, കൃഷിക്കാർ, ആർട്ടിസാന്മാർ, പെററിബൂർഷ്വാകൾ, ഇടത്തരക്കാർ എന്നിവരുടെ പിന്തുണലഭിക്കുമെന്ന് അവക്കു പ്രതീക്ഷിക്കാൻ കഴിഞ്ഞില്ല. മണ്ണെണ്ണയുടെയും പെട്രോളിൻെറയും മററു ദ്രവ ഇന്ധനങ്ങളുടെയും മേലുള്ള അമിതമായ കുത്തകവിലയുടെ ഭാരം ഒഴിവാക്കാൻ സാദ്ധ്യമായ ഏക മാർഗ്ഗം ഗവണ്മെൻറ് സ്വീകരിച്ചു വരുന്ന നയമാണെന്നാണ് ഇവർ കരുതിയതു്. വൻകിടബൂർഷ്വാസിയിലെ ചില വിഭാഗങ്ങളും ഇങ്ങനെ കരുതുകയുണ്ടായി. ഇതിലൊക്കെ ഉപരിയായി, പൂർണ്ണമായ സാമ്പത്തികസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ, ഇന്ത്യൻജനത പൊതുമേഖലയിൽ തങ്ങളുടെ പ്രതീക്ഷകൾ ഊന്നിയിരുന്നു. വിദേശകുത്തകകൾക്കു് ആശ്വാസത്തിനായി ലഭിച്ചതു്, യന്ത്രങ്ങൾക്കും മററുപകരങ്ങൾക്കുമായി വിദേശമൂലധനവുമായി അടുത്തു സഹകരിക്കുകയും അതിനെ ആശ്രയിക്കുകയും ചെയ്യുന്ന ഇന്ത്യയിലെ ഉയർന്ന വൻകിട ബിസിനസ്സുകാർ മാത്രമായിരുന്നു.

സ്വാതന്ത്ര്യം നേടിയ ആദ്യവർഷങ്ങളിൽ, ഇന്ത്യൻ സാമ്പത്തികരംഗത്തു് ഒരു പൊതുമേഖല വികസിപ്പിക്കാനുള്ള ഗവണ്മെണ്ടിൻെറ പദ്ധതികളെ ഈ വൻകിടക്കാർ ഭയപ്പെട്ടു. ഇന്ത്യയുടെ സാമ്പത്തികവികസനത്തിൽ, പൊതുമേഖലയ്ക്കു് പ്രധാന പങ്കുണ്ടാകുന്നതു് (ഇതു് അവരു

ടെ താൽപ്പര്യത്തിനു് യോജിച്ചതല്ലായിരുന്നു) അവർ ഇഷ്ടപ്പെട്ടില്ല. പൊതുമേഖലയ്ക്കു് മുഖ്യമല്ലാതുള്ള പ്രവർത്തനങ്ങളേ ഉണ്ടാകാവൂ എന്നവർ കരുതി. ഉദാഹരണത്തിനു്, ഘനവ്യവസായത്തിലെ ഏതാനും പ്ലാൻറുകൾ നിർമ്മിക്കുക, ഗതാഗതസൗകര്യങ്ങൾ ഉണ്ടാക്കുക, റോഡുകൾ ഉണ്ടാക്കുക, കൃഷി വികസിപ്പിക്കുക, എന്നിവയിൽ പൊതുമേഖല ഒതുങ്ങി നിന്നിരുന്നെങ്കിൽ അവർ തൃപ്തരാകമായിരുന്നു. ചുരുക്കത്തിൽ തങ്ങളുടെ ഉല്പാദനച്ചിലവു് കുറയ്ക്കുകയും വിപണികൾ വികസിപ്പിക്കുകയും ചെയ്യാനുതകുന്ന വ്യവസായങ്ങളിൽ മാത്രം (വ്യവസായ പുനർനിർമ്മാണം നടക്കുമ്പോൾ) പൊതുമേഖല ഉറച്ചു നിൽക്കണമെന്നാണു് വൻകിടക്കാർ ആവശ്യപ്പെടുന്നതു്.[1] പൊതുമേഖല "നിർമ്മാതാക്കളെ നിർമ്മിക്കുക"യായിരുന്നെങ്കിൽ അതായതു് പൊതു മേഖല വ്യവസായങ്ങളുണ്ടാക്കുകയും അതു വൻകിടബിസിനസ്സുകാർക്കു് വിട്ടുകൊടുക്കുകയും ചെയ്തിരുന്നെങ്കിൽ, ഇവർക്കു കൂടുതൽ ഇഷ്ടപ്പെടുമായിരുന്നു.

---

1. പൊതുമേഖലയുടെ കാര്യത്തിൽ ഇന്ത്യയിലെ വൻകിട ബിസിനസ്സുകാർ എവിടെയാണു് നിൽക്കുന്നതെന്നു് സ്വതന്ത്രാ പാർട്ടിയുടെ നയപരിപാടിയിൽ കാണുന്നു. ഇതിന്റെ പത്താമത്തെ ഖണ്ഡികയിൽ ഇങ്ങിനെ പറയുന്നു: ''റെയിൽവേ പോലുള്ള ദേശീയസർവ്വീസുകളുടെ രംഗത്തു്, സ്വകാര്യസ്ഥാപനങ്ങളുടെ പരിപൂരണത്തിനാവശ്യമായ ഘനവ്യവസായങ്ങളിൽ മാത്രം സ്റ്റേറ്റുടമയിലുള്ള സ്ഥാപനങ്ങളെ ഒതുക്കിനിറുത്തുകയും സ്വകാര്യമുൻകൈയോടെ ആരംഭിക്കാൻ പ്രയാസമുള്ള പുതിയ സ്ഥാപനങ്ങൾ സ്റ്റേറ്റുടമയിൽ തുടങ്ങുകയും ചെയ്യാൻവേണ്ടിയാണു് പാർട്ടി നിലകൊള്ളുന്നതു്.'' (ദി ടൈംസ് ഓഫ് ഇൻഡ്യ, ആഗസ്റ്റ് 3, 1959. പേജ് 7).

വികസിച്ചുവരുന്ന ഇന്ത്യയിലെ എണ്ണവ്യവസായത്തിൻെറ കാര്യത്തിൽ ഈ വൻകിടക്കാരും ലോകസാമ്രാജ്യത്വത്തിൻെറ ഏററവും ശക്തിയുള്ള "മുന്നണിപ്പടയാളി"യായ വിദേശകുത്തകകളും തമ്മിൽ, ചില താല്പര്യൈക്യമുണ്ടായിരുന്നു എന്നു് വ്യക്തമാണു്. പൊതുമേഖലയുടെ വികസനം തടയുന്നതിലാണു് ഈ രണ്ടുകൂട്ടർക്കും താല്പര്യം.

എന്നാൽ ഒരു വ്യത്യാസമുണ്ടായിരുന്നു. പൊതുമേഖലയെ അതേപടി ഇല്ലാതാക്കാൻ വിദേശ എണ്ണ കുത്തകകൾ ശ്രമിച്ചപ്പോൾ, ഗവർമ്മെണ്ടിൽനിന്നുള്ള വലിയ ധനസഹായം കൊണ്ടും വിദേശ എണ്ണകുത്തകകളുടെ സഹകരണംകൊണ്ടും സ്വകാര്യമേഖല വികസിപ്പിക്കുകയും പൊതുമേഖലയെ നിയന്ത്രിക്കുകയും ചെയ്യാനാണു് വൻകിടബിസിനസ്സുകാർ ആഗ്രഹിച്ചതു്. ഇങ്ങനെ, പരമാവധി പ്രയോജനങ്ങൾ നേടാമെന്നു് അവർ പ്രതീക്ഷിച്ചു. ഒന്നാമതായി, എണ്ണക്കുത്തകകളുടെ താല്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ടു്, ഈ കുത്തകകളെ എല്ലാ തരത്തിലും പിന്താങ്ങുന്ന അമേരിക്കയുടേയും ബ്രിട്ടൻേറയും കൂടുതൽ ഉദാരമായ സഹായം നേടാൻ ഇന്ത്യയിലെ വൻകിടബിസിനസ്സുകാർക്കു കഴിയുമായിരുന്നു. ഇതു ഈ വൻകിടക്കാരുടെ സ്ഥാപനങ്ങൾ കൂടുതൽ വികസിപ്പിക്കാനുള്ള പുതിയ കടങ്ങളെയും വായ്പകളേയും സംബന്ധിച്ച വാഗ്ദാനങ്ങൾ കിട്ടാൻ സഹായകരമായിത്തീൎന്നു. രണ്ടാമതായി, ഇന്ത്യൻവിപണിയിൽ വിദേശകുത്തകകൾ നടത്തുന്ന പ്രവർത്തനത്തിൽ ജൂനിയർ പങ്കാളികളായി ചേരാൻ ഈ സഹകരണം അവർക്കു സൗകര്യം നൽകി. ഇന്ത്യയിലെ എണ്ണ ഖനനം ചെയ്യുകയും പാകപ്പെടുത്തിയെടുക്കുകയും ചെയ്യാൻ ഇന്ത്യയിലെ വലിയ മൂലധനക്കാരുമായി ചേ

ന്ന് കൂട്ടുസ്വകാര്യ കമ്പനികൾ രൂപീകരിക്കാൻ എണ്ണക്കുത്തകകൾ തയ്യാറാകുമെന്ന് അവർ പ്രതീക്ഷിച്ചു.[1] എണ്ണക്കുത്തകകളെ പിന്താങ്ങിയാൽ, കൂടുതൽ സൗകര്യപ്രദമായ വ്യവസ്ഥകളോടുകൂടി കൂട്ടുകമ്പനിയിൽ പ്രവേശനം കിട്ടുമെന്നും ഇവർ കരുതി. ഇന്ത്യയ്ക്കകത്തെ ദ്രവഇന്ധനവിപണിയിൽ വിദേശകുത്തകകളുടെ ജൂനിയർ പങ്കാളികളായി എക്കാലവും കഴിയാൻ അവർ ഒരുക്കമില്ലായിരുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്. ദീർഘകാലത്തെ പ്രവർത്തനംകൊണ്ട് ഇന്ത്യൻ എണ്ണവ്യവസായത്തിൻെറ നിയന്ത്രണംനേടുവാനും ഇന്ത്യൻ വിപണിയിൽനിന്ന് വിദേശകുത്തകകളെ പുറന്തള്ളാനുമാണ് അവർ പ്ലാൻ ചെയ്തതു്. മൂന്നാമതായി, ഇന്ത്യയിൽ തങ്ങൾക്കു വലിയ അവകാശങ്ങൾ ഉണ്ടെന്നുള്ള എണ്ണ കുത്തകകളുടെ വാദത്തെ പിൻതാങ്ങിക്കൊണ്ടു് വ്യവസായത്തിൻെറയും വ്യാപാരത്തി

---

1. എണ്ണരംഗത്തുള്ള കൂട്ടുകമ്പനികളെപ്പററി ഇന്ത്യൻ പത്രങ്ങളിൽ പല റിപ്പോർട്ടുകളും വന്നിട്ടുണ്ടു്. വിദേശകമ്പനികളുമായി സഹകരിച്ച് സൗരാഷ്ട്രയിൽ എണ്ണയന്വേഷണം നടത്താൻ ഇന്ത്യയിലെ വൻകിട ബിസിനസ്സുകാർ താല്പര്യം കാണിച്ചു. (ന്യൂ ഏജ്, ജൂലൈ 3, 1955, പേജ് 13) ഇന്ത്യയിലെ വ്യവസായികളുടെ ഒരു ഗ്രൂപ്പ് വിദേശകമ്പനികളുമായി ചേർന്ന് ഭവനഗറിൽ ഒരു എണ്ണശുദ്ധീകരണശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. (ഇന്ത്യൻ എക്സ്പ്രസ്സ്, സെപ്തംബർ 6, 1955). ക്യാംബേ എണ്ണപ്പാടങ്ങൾ കൂട്ടുചേർന്നു ചൂഷണം ചെയ്യാനും അവിടെ ഒരു എണ്ണശുദ്ധീകരണശാല സ്ഥാപിക്കാനും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വൻകിടമൂലധനക്കാർ താല്പര്യം കാണിക്കുന്നതായി 1959 മേയ് 8-ാംതീയതി ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ടു ചെയ്യുകയുണ്ടായി.

ൻ്റയും മററു ശാഖകളിൽ ഇതേ തരത്തിലുള്ള അവകാശങ്ങൾ നേടിയെടുക്കാമെന്നു് ഈ വൻകിടബിസിനസ്സകാർ കരുതി.

എണ്ണ വ്യവസായരംഗത്തെ പൊതുമേഖലയുടെ വളർച്ചയോടുകൂടി, ഈ സമരം കൂടുതൽ ശക്തമായിവരികയാണ്. പൊതുമേഖലയെ എതിർക്കുന്നവർക്കു് ഇന്ത്യൻ വാണിജ്യ-വ്യവസായമണ്ഡലത്തിന്റെ ഫെഡറേഷനും ചില രാഷ്ട്രീയനേതാക്കളും ചില ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരും ചില പത്രപ്രവർത്തകരും പിന്തുണ നൽകുന്നുണ്ടു്. പാശ്ചാത്യലോകത്തു് ഇവർക്കുപിന്തുണനൽകുന്നതു് ലോകത്തെ കുത്തകമൂലധനക്കാരുടെ ഒരു സംഘമായ പുനർനിർമ്മാണത്തിനും വികസനത്തിനും വേണ്ടിയുള്ള സാർവ്വദേശീയബാങ്കും, ജോൺ ഡി. റോക്ക് ഫെല്ലറും, മൗണ്ടുബാററൻ പ്രഭുവും, നിരവധി വിദഗ്ദ്ധന്മാരും, ഉപദേഷ്ടാക്കളും, സാമ്രാജ്യത്വപ്രചരണത്തിനുള്ള വൻകിട പത്രങ്ങൾ തുടങ്ങിയവയും ആണു്.

ഇന്ത്യയിലെ എണ്ണപ്രശ്നം ഇന്ത്യാഗവർമ്മെൻറും പ്രമുഖ ആംഗ്ലോ-അമേരിക്കൻ കുത്തകകളും തമ്മിലുള്ള ഭിന്നതക്കിടയാക്കിയിട്ടുണ്ടു്. ഇന്ത്യയിലെ സ്ഥിതിയിൽ മൗലികമായമാററം വന്നിട്ടുണ്ടെന്നും, എണ്ണവ്യവസായരംഗത്തെ പൊതുമേഖല നീക്കം ചെയ്യണമെന്നു് ഇനിപരസ്യമായിപറയാൻ പററുകയില്ലെന്നും പ്രമുഖ ആംഗ്ലോ-അമേരിക്കൻ കുത്തകകൾക്കറിയാം. ദേശീയ എണ്ണവ്യവസായം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിൽ, ഇന്ത്യക്കു് സോഷ്യലിസ്റ്റ് രാജ്യങ്ങളിൽനിന്നു് സഹായം തീർച്ചയായും ലഭിക്കുമെന്ന സംഗതിയും അവർക്കു നിശ്ചയമുണ്ടു്. സഹായത്തിനു് വേണ്ടിയുള്ള അഭ്യർത്ഥന സോഷ്യലിസ്റ്റ് രാജ്യങ്ങൾ ഒരി

ക്കലും നിരാകരിക്കാറില്ലെന്നു് രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുള്ള അനുഭവം ശരിക്കും വ്യക്തമാക്കുന്നു.

പുതിയ പരിതസ്ഥിതികളിൽ, ഇന്ത്യയോടും പൊതുമേഖലയോടുമുള്ള നയം എണ്ണക്കുത്തകകൾക്കു മാററേണ്ടിവന്നു. ഇന്ത്യയിലെ എണ്ണവ്യവസായം വികസിച്ചുവരുന്നതിനോടു് കുത്തകകൾക്കു വലിയ എതിർപ്പായിരുന്നു. എന്നാൽ ഗവർമ്മെൻറു എണ്ണയന്വേഷണവും ഖനനവും ശുദ്ധീകരണവും നടത്തുകയും അതിൽ കുറെ പുരോഗതി ഉണ്ടാകുകയും ചെയ്തപ്പോൾ ഈ പ്രശ്നത്തിലുള്ള ഇവരുടെ താല്പര്യം വർദ്ധിച്ചു. കുത്തകകളെ കൂടാതെ ഇന്ത്യക്കു മുന്നോട്ടുപോകാൻ കഴിയുമെന്നു് ഇവർ മനസ്സിലാക്കി. അപ്പോൾ, തങ്ങളുടെ സ്ഥാനങ്ങൾ നിലനിർത്താനും പൊതുമേഖല കൂടുതൽ വ്യാപിക്കുന്നതു തടയാനുംവേണ്ടി, മാറിയ പരിത:സ്ഥിതിക്കനുസരണമായി ഇണങ്ങിച്ചേരാനുള്ളമാർഗ്ഗങ്ങൾ ഇവർ ആരാഞ്ഞു. നേരിട്ടു ഭീഷണിപ്പെടുത്തുക, സമ്മർദ്ദംചെലുത്തുക, ആവശ്യങ്ങളുന്നയിക്കുക എന്ന നയം ഇവർ ഉപേക്ഷിച്ചു. പിന്നീടു്, ഇവർ അപ്രധാനമായ ആനുകൂല്യങ്ങൾ നൽകാനും തർക്കപ്രശ്നങ്ങൾക്കു് സ്വന്തമായ ഒത്തുതീർപ്പുമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും, ഇന്ത്യയിലെ എണ്ണനില ലഘൂകരിക്കുക എന്ന വ്യക്തമായ കാഴ്ചപ്പാടോടുകൂടി വിവിധ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തുതുടങ്ങി. പൊതുമേഖല വളർന്നപ്പോൾ അതിൽ സഹകരിക്കാൻ അവർ വലിയ ആഗ്രഹം പ്രകടിപ്പിച്ചു.—അതായതു് മുഴുവനും നഷ്ടപ്പെടാതിരിക്കാൻ സ്വന്തമായുള്ളതിന്റെ ഒരുഭാഗം ഉപേക്ഷിക്കാൻ ഇവർ തയ്യാറായി. ദേശീയ എണ്ണവ്യവസായം വികസിപ്പിക്കുന്നതിലുള്ള നഷ്ടത്തെപ്പററി വളരെ വലുതാക്കി 1959-ൽ ബർമ്മാഷെൽ റിഫൈനറീസ് ലിമിററഡിൻെറ ചെയർമാൻ

അതിലെ ഓഹരിക്കാരുടെ യോഗത്തിൽ സംസാരിക്കുകയു ണ്ടായി. ഏതായാലും. 1960-ൽ ഇന്ത്യൻ എണ്ണവ്യവസാ യത്തിൻെറ വികസനത്തിനുള്ള പ്രാധാന്യം അദ്ദേഹത്തി ന് അംഗീകരിക്കേണ്ടിവന്നു. അദ്ദേഹം പറഞ്ഞു: നാട്ടിലു ള്ള ക്രൂഡ്ഓയിൽ കണ്ടുപിടിക്കുകയും ഉല്പാദിപ്പിക്കുകയും ചെയ്യുന്നതിനു് മുൻഗണന നൽകണമെന്നതിൽ തക്കമില്ല. ഇക്കാര്യത്തിനായി പ്ലാനിംഗ് കമ്മിഷൻ ഗണ്യമായ തുക അനുവദിച്ചിട്ടുള്ളതു് പ്രാധാന്യമർഹിക്കുന്ന സം ഗതിയാണ്.[1]

ഈസ്റ്റേൺ എക്കണോമിസ്റ്റിൻെറ ബ്ലൂ സപ്ലിമെ ൻറു് (തലവാചകം ഇന്ത്യയും യു. എസ്. എസ്. ആറും) ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നു "....ഈ രാജ്യത്തിൻെറ സാമ്പത്തിക വികസനത്തിൽ സോവിയററു യൂണിയനു് വലിയ പങ്കുണ്ടെന്നു് ഈ പ്രസിദ്ധീകരണത്തിനു് ബോ ദ്ധ്യമായിരുന്നില്ലെന്നകാര്യം തുറന്നു സമ്മതിക്കേണ്ടിയിരി ക്കുന്നു. മുമ്പ് ഉറപ്പിച്ചുപറഞ്ഞ ചില അഭിപ്രായങ്ങൾ പു നഃപ്പരിശോധിക്കാൻ ഇന്നത്തെ പരിതഃസ്ഥിതി പ്രേരി പ്പിക്കുന്നു........സോവിയററുയൂണിയനുമായി ഉണ്ടാക്കിയി ട്ടുള്ള ഉറപ്പികയുടെ അടിസ്ഥാനത്തിലുള്ള ഇടപാടുകളും ഇന്ത്യയുടെ ദേശീയ താൽപ്പര്യത്തിനു് യോജിച്ചതാണെ ന്നും ഈ രാജ്യത്തുള്ള സോവിയററുപ്രോജക്ടുകൾ-വി ശേഷിച്ച് ഭിലായ് ഉരുക്കുനിർമ്മാണശാലയും റാഞ്ചി യിലെ ഘനയന്ത്രനിർമ്മാണശാലയും—സോവിയററുസാ മ്പത്തികസഹകരണത്തിന്റെ ഒന്നാംതരം സ്മാരകങ്ങളാണെ ന്നുമുള്ള അഭിപ്രായം ആവർത്തിച്ചു പറയാൻ ഈസ്റ്റേൺ എക്കണോമിസ്റ്റ് ആഗ്രഹിക്കുന്നു."[2]

1. ഹിന്ദു, ആഗസ്റ്റ് 30, 1960.
2. ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്, മാർച്ച് 2, 1962, പേജ് 1.

എന്നാൽ തങ്ങളുടെ ഭാവിയെ സംബന്ധിക്കുന്ന അടിസ്ഥാനതത്വങ്ങളിൽ ഒരിഞ്ചുപോലും വിട്ടുകൊടുക്കാൻ എണ്ണകുത്തകകൾ തയ്യാറില്ലായിരുന്നു. ദേശീയ എണ്ണവ്യവസായത്തെ വാചകമടിവഴി സേവിക്കുകയും, ധാതുസമ്പത്ത് വികസിപ്പിക്കുന്നതിൽ ഇന്ത്യാഗവണ്മെൻറിനെ സഹായിക്കുമെന്നുവരെ സമ്മതിക്കുകയും ചെയ്യെങ്കിലും, എണ്ണയുത്പാദനത്തിലും ശുദ്ധീകരണത്തിലും പ്രത്യേക അവകാശങ്ങളും ആനുകൂല്യങ്ങളും ആവശ്യപ്പെട്ടുകൊണ്ട് അവർ അവരുടെ പഴയ നിലപാടിൽ മുറുകെ പിടിച്ചുകൊണ്ടിരുന്നു. എണ്ണകുത്തകകളുടെ "പുതിയ" നയം പഴയ നയത്തിൻെറ പുതിയ രൂപം മാത്രമായിരുന്നു എന്നു് വ്യക്തം. ചുവടു തെററുമ്പോൾ പിന്നാക്കം വാങ്ങുന്നതുപോലെ മാത്രമാത്രമായിരുന്നു ഇതു്.

പൊതുമേഖലയെ ഒതുക്കി നിർത്തുകയും, സ്വകാര്യനിക്ഷേപം വഴി എണ്ണവ്യവസായം വികസിപ്പിക്കുകയുമാമായിരുന്നു അവരുടെ ലക്ഷ്യം. നേരെ മറിച്ചു്, പൊതുമേഖല വികസിപ്പിക്കുന്നതുവഴി എണ്ണപ്രശ്നം പരിഹരിക്കാനാണു് ഇന്ത്യാഗവർമ്മെണ്ടു് ഉദ്ദേശിച്ചതു്. "എണ്ണവ്യവസായത്തെ, അതിൻെറ എല്ലാ ഘട്ടങ്ങളിലും, ഗവണ്മെൻറുതന്നെ നിയന്ത്രിക്കണം" എന്നും "ഈ വ്യവസായത്തിൻെറ എല്ലാ ശാഖകളും—അന്വേഷണം, ഖനനം, പാകപ്പെടുത്തൽ, വില്പന—സംയോജിപ്പിക്കുകയും കൂട്ടിയിണക്കുകയും" ചെയ്യണമെന്നും കെ. ഡി. മാളവ്യ രേഖപ്പെടുത്തിയിട്ടുണ്ടു്.[1]

---

1. ലിങ്കു്, ജൂൺ 23, 1963, പേജു് 11.

ഇന്ത്യാഗവണ്മെൻറും വിദേശ എണ്ണ കുത്തകകളും തമ്മിലുണ്ടായ മറെറാരു തർക്കം, ഇന്ത്യൻ വിപണിയിൽ വിദേശ കമ്പനികൾ വില്ക്കുന്ന എണ്ണയുത്പ്പന്നങ്ങളുടെ വിലയെ സംബന്ധിച്ചായിരുന്നു. പൊതുമേഖലയുടെ പുരോഗതിക്ക്, വിശേഷിച്ച് എണ്ണവ്യവസായരംഗത്തെ പൊതുമേഖലക്കൊരതിരുവരെ സ്വാതന്ത്ര്യം നൽകാൻ സഹായകമായ സോഷ്യലിസ്റ്റ് രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ സഹകരണത്തിന്, വിദേശ എണ്ണ കുത്തകകൾ എതിരായിരുന്നു. അമേരിക്കയിലേയും ബ്രിട്ടനിലേയും ഗവണ്മെൻറുകളും, ഇൻറർനാഷണൽ പെട്രോളിയം കാർട്ടലും, ഇന്ത്യയിലെ ചില കേന്ദ്രങ്ങളും പിന്തുണ നൽകുന്നതുകൊണ്ട്, ഇന്ത്യയിലെ തങ്ങളുടെ സ്ഥാനം സുരക്ഷിതമാണെന്ന് ഇപ്പോൾ ഇവർ കരുതുന്നു.

മാളവ്യയുടെ രാജിയെത്തുടർന്ന് 1963-ൽ ഇവരുടെ നില മെച്ചപ്പെട്ടു. കൽക്കട്ടയിലെ ഒരു സ്ഥാപനത്തിൽ നിന്ന് തിരഞ്ഞെടുപ്പുപ്രചരണത്തിന് രൂപവാങ്ങിയെന്ന് കൊട്ടിഘോഷിക്കപ്പെട്ട ഒരു ആരോപണത്തിന് ഇരയായതിനെ തുടർന്നാണ് അദ്ദേഹം രാജിവച്ചതു്. "നിഷ്പക്ഷതയ്ക്കും അന്തസ്സിനും കോട്ടംതട്ടത്തക്കവിധം മാളവ്യ ഒന്നും ചെയ്തിട്ടില്ല"[1] എന്ന് തനിക്കു ബോദ്ധ്യമുള്ളതായി പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പാർലമെൻറിൽ പറഞ്ഞെങ്കിലും മാളവ്യയ്ക്കു രാജിവയ്ക്കേണ്ടിവന്നു.

എണ്ണവ്യവസായരംഗത്തെ പൊതുമേഖലയുടെ ഏററവും വലിയ രക്ഷിതാവാണ്, വിദേശ എണ്ണകുത്തകകളിൽനിന്നുള്ള മോചനത്തിനായി ഇന്ത്യ നടത്തിയിട്ടുള്ള

---

1. പേട്രിയോട്ട്, ആഗസ്റ്റ് 18, 1963.

സമരത്തിൻെറ പ്രധാന ഘട്ടങ്ങളുമായി ബന്ധപ്പെട്ട ഒരു വ്യക്തിയാണ്. മാളവ്യയുടെ രാജിമൂലം ഇന്ത്യയ്ക്കു നഷ്ടപ്പെട്ടതു്.

വിദേശ കുത്തകമൂലധനക്കാരുടെ പ്രേരണയനുസരിച്ച് ഇന്ത്യയ്ക്കകത്തെ പിന്തിരിപ്പന്മാരാണ് മാളവ്യയുടെ രാജിക്കു കളമൊരുക്കിയതെന്ന് ഇന്ത്യയിലെ പുരോഗമനവിഭാഗം കരുതുന്നു. ഒരു പത്രം ഇങ്ങനെ എഴുതി: "നമ്മുടെ രാഷ്ട്രീയത്തിൻെറ അണിയറയിൽ കഴിയുന്ന കൊലയാളികൾ ഒന്നുകൂടി വിജയിച്ചു എന്ന് മി. മാളവ്യയുടെ രാജി കാണിക്കുന്നു എന്ന കാര്യം വിസ്മരിക്കരുതു്. മി. വി. കെ. കൃഷ്ണമേനോൻ രാജിവച്ചപ്പോഴാണ് കോൺഗ്രസ്സിനകത്തും സ്വാധീനവലയത്തിൽപെട്ട കേന്ദ്രങ്ങളിലും നമ്മുടെ പൊതുജീവിതത്തിന്റെ മറവിലും ഉള്ള രാഷ്ട്രീയ കുക്ലസ്ക്ലാൻ ആദ്യമായി രക്തം രുചിച്ചതു്. അടുത്തതു് മി. മാളവ്യയായിരിക്കുമെന്ന് ചില കേന്ദ്രങ്ങൾ അന്നു പരസ്യമായി പറഞ്ഞിരുന്നു. രാഷ്ട്രീയമായ പ്രതികാരമാണ് ഈ രാജിക്കിടയാക്കിയതെന്നതു് നഗ്നമായ സത്യമാണ്."[1]

സ്റ്റേറ്റുടമയിലുള്ള എണ്ണവ്യവസായത്തിൻെറ വികസനത്തെ അനുകൂലിക്കുന്നവരും, വിദേശ എണ്ണ കുത്തകകളും തമ്മിലുള്ള സമരം തുടരുകയാണെന്നാണ് മാളവ്യയുടെ രാജി കാണിക്കുന്നതു്. ഇന്ത്യയിലെ പുരോഗമനശക്തികൾ പൊതുമേഖലയുടെ താത്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ ദൃഢനിശ്ചയത്തോടെ ഉറച്ചുനിൽക്കുമോ എന്ന കാര്യത്തിന് വലിയ പ്രാധാന്യമുണ്ട്.

1. പേട്രിയട്ട്, ജൂൺ 19, 1963.

## നിലയുറപ്പിക്കാനുള്ള കുത്തകകളുടെ ശ്രമം

ഇന്ത്യൻ മണ്ണിലെ എണ്ണയന്വേഷണവും എണ്ണ ഖനനവും സ്വന്തം നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള ഇൻഡ്യാ ഗവർമെൻറിന്റെ ശ്രമങ്ങൾക്കെതിരായിട്ടായിരുന്നു വിദേശകുത്തകകളുടെ ആക്രമണം. എണ്ണ കണ്ടെടുക്കുന്നതിൽ എണ്ണ-പ്രകൃതിവാതക കമ്മിഷൻ പരാജയപ്പെടുകയാണെങ്കിൽ, എണ്ണവിതരണത്തിൽ സ്വാതന്ത്ര്യംനേടാനുള്ള സമരത്തിലെ ഇന്ത്യാഗവർമ്മെൻറിന്റെ നിലപാടുമാറുകയും, വിദേശ മൂലധനക്കാർക്കു് കൂടുതൽ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുമെന്നു് അവർ പ്രതീക്ഷിച്ചു.

1955-ൽ എണ്ണയന്വേഷണത്തിനുവേണ്ടിയുള്ള സ്റ്റേററു പ്ലാൻതയ്യാറാക്കുകയും, എണ്ണ-പ്രകൃതിവാതക കമ്മിഷൻ രൂപീകരിക്കുകയും ചെയ്തുവന്നപ്പോൾ, എണ്ണയന്വേഷണരംഗത്തുള്ളപൊതുമേഖലയുടെ ശ്രമങ്ങൾ തകർക്കാൻവേണ്ടിവിദേശഎണ്ണ കുത്തകകൾ ശക്തിമത്തായ പ്രചരണംനടത്തി. ഗവർമെൻറുഏജൻസികൾക്കു സ്വന്തമായി ദേശീയഎണ്ണവ്യവസായം കെട്ടിപ്പടുക്കാൻ കഴിയുകയില്ലെന്നു് പത്രങ്ങൾവഴി പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്താനും അവർ ശ്രമിച്ചു. "പൊതുമേഖലക്കു് ഈ ജോലി നിർവ്വഹിക്കാൻ കഴിയുമെങ്കിൽ അതു് ന്യായീകരിക്കാവുന്നതാണു്. പക്ഷെ, നിരവധി വർഷക്കാലത്തേക്കു് പൊതുമേഖലക്കിതു സാദ്ധ്യമല്ല....ഇക്കാര്യത്തിൽ വാണിജ്യ എണ്ണക്കമ്പനികളെ അവയുടെ മൂലധനം മുടക്കാൻ അനുവദിക്കുകയാണെങ്കിൽ (അതായതു് ഒരു എണ്ണവ്യവസായം ആരംഭിക്കാൻ അനുവദിച്ചാൽ—ഗ്രന്ഥകർത്താവ്) അതു വളരെ സൗകര്യപ്രദ

മായിരിക്കും."[1] "ഈ രംഗത്തു ദീർഘകാല പരിചയമുള്ള എണ്ണക്കമ്പനികളുടെ" സേവനം സ്വീകരിക്കാതെ, എണ്ണപ്രശ്നം പരിഹരിക്കുന്നതിനു പൊതുമേഖല ഒററക്കു ശ്രമിച്ചാൽ ഇന്ത്യക്കു ഭീമമായ ചിലവ് നേരിടേണ്ടിവരുമെന്നു ഭയപ്പെടുന്നതായി മറെറാരു പത്രം പറഞ്ഞു.[2]

എണ്ണവ്യവസായത്തിൽ വിദേശമൂലധനത്തിനു കഴിയുന്നത്ര കൂടുതൽ പങ്കുനൽകണമെന്നു വാദിക്കുന്ന കേന്ദ്രങ്ങൾ ഒരു ദേശീയ എണ്ണവ്യവസായം നേരിട്ടാരംഭിക്കാനുള്ള പൊതുമേഖലയുടെ കഴിവിനെ ചോദ്യംചെയ്യുകയും എണ്ണക്കുത്തകകൾക്കു്വിപുലവും ദൂരവ്യാപകവുമായ ആനുകൂല്യങ്ങൾ നൽകണമെന്നു വാദിക്കുകയും ചെയ്തു. നഹോർകാട്ട്യായിൽ 20 വർഷം എണ്ണഖനനം ചെയ്യുന്നതിനു (20 വർഷത്തേക്കുകൂടി നീട്ടിക്കൊടുക്കാനുള്ള സാദ്ധ്യതയോടുകൂടി) ബർമ്മാഓയിലിനു അനുവാദം നൽകാൻ ഇൻഡ്യാഗവർമ്മെൻറു തയ്യാറായിട്ടുപോലും അവർ സംതൃപ്തരായില്ല. വിഷമകരമായ ഒരു സംരംഭത്തിനായി നിക്ഷേപിക്കുന്ന മൂലധനത്തിനു്സാമാന്യമായ ലാഭംപോലും നേടാൻ കഴിയാതെവരുമെന്നതുകൊണ്ടു് ഈ കാലയളവു് വളരെ ചെറുതാണെന്നായിരുന്നു 'കോമേഴ്സ്' എഴുതിയതു്.[3] മററു മുതലാളിത്തരാജ്യങ്ങൾ തങ്ങളുടെ എണ്ണസമ്പത്തു് കുത്തകകൾക്കു് 99 വർഷത്തേക്കു് പാട്ടത്തിനുകൊടുക്കുന്നുണ്ടെന്നു് മറെറാരു വാരിക ചൂണ്ടിക്കാണിച്ചു.[4] ദേശീയ എണ്ണ

1. ദി ഈസ്റ്റേൺ എക്ക്ണോമിസ്റ്റ്, ജൂൺ 17, 1955, പേജ് 953, 954.
2. ഹിന്ദു, ജൂൺ 22, 1955
3. ദി കോമേഴ്സ്, ജൂൺ 25, 1955, പേജ് 1207.
4. ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്, ജൂൺ 17, 1955, പേജ് 953, 954.

വ്യവസായത്തിന്റെ അടിസ്ഥാനമുറപ്പിക്കാൻ ഇൻഡ്യാഗവർമ്മെൻറിനുള്ള സോവിയററു സഹായത്തെ ഈ രണ്ടു പ്രസിദ്ധീകരണങ്ങളും ഇടങ്കണ്ണാലെയാണ് നോക്കിയതു്. ഇവയ്ക്കു് പക്ഷപാതപരമായ കാഴ്ചപ്പാടാണുണ്ടായിരുന്നതു്. മററാരുടേയോ അഭിപ്രായങ്ങൾ പറയുകയായിരുന്നു ഇവരെന്നു വ്യക്തമായിരുന്നു. "എണ്ണയന്വേഷണത്തിൽ യു. എസ്. എസ്. ആർ. അധികൃതരെക്കാൾ എണ്ണക്കമ്പനികൾക്കാണ് (ബ്രിട്ടന്റെയും അമേരിക്കയുടേയും) കൂടുതൽ കഴിവുള്ളതെന്നു് പ്രഥമ ദൃഷ്ട്യാതന്നെ മനസിലാകും........ (സോവിയററു യൂണിയന്റെ) എണ്ണയുല്പാദനം സ്വതന്ത്രലോകത്തോടു് (മുതലാളിത്തലോകം—ഗ്രന്ഥകർത്താവ്) കിടപിടിക്കുകയില്ല."[1] അഞ്ചുവർഷങ്ങൾക്കുശേഷം ഇതേ പ്രസിദ്ധീകരണത്തിനു് അവരുടെ വാക്കുകൾ വിഴുങ്ങേണ്ടിവരികയും ക്യാംബേയിൽ എണ്ണ കണ്ടുപിടിച്ചതിനു് സോവിയററുസ്പെഷ്യലിസ്റ്റ്കളെ പ്രശംസിക്കേണ്ടി വരികയും ചെയ്തു.[2]

ഇതേസമയത്തു് ഇവർ ഇൻഡ്യയിലെ എണ്ണപ്രശ്നം പരിഹരിക്കാനുള്ള സോവിയററു-ഇൻഡ്യാസഹകരണത്തെ തകർക്കാനും ശ്രമിച്ചു. സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സ്ഥാപിത താല്പര്യമില്ലാത്ത സഹായം "ഇൻഡ്യൻ മണ്ണിലെ ശീതസമരമാണ് തെളിയിക്കുന്നതു്........" എന്നും ഇവർ പറഞ്ഞു.[3]

---

1. ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്, ജൂൺ 17, 1955, പേജ് 953, 954.
2. നഹോർകാട്ട്യാപ്രദേശത്തു് എണ്ണ കണ്ടെത്തുന്നതിനുമുമ്പായി 1886 മുതൽ 1953 വരെ ഒന്നിനുപുറകേ മറെറാന്നായി കിണറുകൾ കുഴിക്കുകയുണ്ടായി. എന്നാൽ, കഷ്ടിച്ച് രണ്ടുവർഷത്തെ ക്ഷമാപൂർവ്വമുള്ള പരിശ്രമംകൊണ്ടും ന്യായമായ നിക്ഷേപംകൊണ്ടും ക്യാംബെയിൽ എണ്ണ ലഭിച്ചു. (ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്, ഏപ്രിൽ 15, 1960, പേജ് 862).
3. ,, ഡിസംബർ 2, 1955, പേജ് 846.

പൊതുമേഖല ഇല്ലാതാക്കണമെന്നു വാദിക്കുന്ന ഇൻഡ്യയിലെ വൻകിട ബിസിനസ്സുകാർക്കുള്ള പത്രങ്ങളുടെ സഹായത്തോടുകൂടി വിദേശ എണ്ണകത്തകകൾ ഇൻഡ്യാ ഗവർമ്മെൻറിനെതിരെ മറെറാരു പ്രചരണമാരംഭിച്ചു.

നേരത്തെ പറഞ്ഞതുപോലെ, നഹോർകാട്ട്യായിൽ (ആസ്സാം) എണ്ണ കണ്ടെത്തിയതായി 1953-ൽ ബ്രിട്ടീഷ് ആസ്സാം ഓയിൽ കമ്പനി പ്രഖ്യാപിച്ചു. എണ്ണയുള്ള ഈ പ്രദേശം കഴിയുന്നതുവേഗം വികസിപ്പിക്കുന്നതിൽ ഇൻഡ്യാഗവർമ്മെൻറു താല്പര്യം കാണിച്ചു. കാരണം, ഇന്ത്യയിലെ എണ്ണപ്രശ്നം പരിഹരിക്കുന്നതിൽ കാര്യമായ സംഭാവന നൽകാൻ ഇതിനു കഴിയുമായിരുന്നു. ഏതായാലും ഈ പ്രദേശത്തു ജോലിയാരംഭിക്കാൻ ബ്രിട്ടീഷ് കമ്പനി ധൃതിയൊന്നും കാണിച്ചില്ല. ഏററവും സൗകര്യപ്രദമായ വ്യവസ്ഥകളോടുകൂടിയുള്ള ആനുകൂല്യം ഇന്ത്യാഗവണ്മെൻറിൽ നിന്നു ലഭിക്കാനായി അവർ കാത്തിരുന്നു. പുതിയ എണ്ണപ്പാടങ്ങൾ നിയന്ത്രിക്കാനുള്ള പൂർണ്ണമായ അധികാരത്തിനുവേണ്ടിയും പൊതുമേഖലയ്ക്കെതിരായി ഭാവിയിൽ സമരംചെയ്യുന്നതിനു് തങ്ങളുടെ സ്ഥാനം വീണ്ടും ശക്തിപ്പെടുകയും ചെയ്യാനാണു് അവർ ആഗ്രഹിച്ചതു്. ഇക്കാരണത്താൽ 1948-ലെയും 1956-ലെയും വ്യവസായനയപ്രമേയങ്ങളനുസരിച്ചു് പുതിയ കമ്പനികളിൽ നിയന്ത്രണാവകാശം വേണമെന്നുള്ള ഇന്ത്യാഗവണ്മെൻറിൻെറ ന്യായമായ അഭ്യർത്ഥന, ബ്രിട്ടീഷ് ഓയിലിൻെറ നിർദ്ദേശങ്ങളനുസരിച്ചുകൊണ്ടു് ആസ്സാം ഓയിൽ നിരാകരിച്ചു. ഇങ്ങനെ, ബ്രിട്ടീഷ് സാമ്രാജ്യവാദികൾ ഇന്ത്യൻ നിയമങ്ങളോടുള്ള ആദരവില്ലായ്മയാണു് പ്രകടിപ്പിച്ചതു്.

വലിയ വിലപേശലിനുശേഷം, പുതിയ കമ്പനിയിൽ ഇന്ത്യാഗവണ്മെൻറിനു് മൂന്നിലൊന്നു് അവകാശം നൽകാമെന്നു് ആസ്സാം ഓയിൽ നിർദ്ദേശിച്ചു. ഇതു് അംഗീകരിക്കുവാൻ, ഭാവിയിലുണ്ടാകുന്ന എണ്ണശുദ്ധീകരണശാലശകൾക്കായി പൈപ്പുലൈൻ സ്ഥാപിക്കുന്നതിനു് തങ്ങളുടെ മാതൃകമ്പനിയായ ബർമ്മാ ഓയിലിൽ നിന്നു് ഒരു വായ്പ്പ വാങ്ങിക്കൊടുക്കാമെന്നും അവർ ഇന്ത്യാഗവണ്മെൻറിനോടു് വാഗ്ദാനം ചെയ്തു. തികച്ചും അനുകൂലമല്ലാത്ത ഈ വ്യവസ്ഥകൾ സ്വീകരിക്കുകയല്ലാതെ ഇന്ത്യാഗവണ്മെൻറിനു് മറെറാരു മാർഗ്ഗവുമില്ലായിരുന്നു. എന്നാൽ, ഇതുകൊണ്ടു ബ്രിട്ടീഷുകാർ തൃപ്തരായില്ല. ഒരു കൂട്ടുകമ്പനി രൂപീകരിക്കാനുള്ള കരാറിൽ ഒപ്പുവെച്ചുകഴിഞ്ഞതിനുശേഷം, ഇന്ത്യാഗവണ്മെൻറിന്റെ മേൽ സമ്മർദ്ദം ചെലുത്താൻ അവർ മറെറാരു ശ്രമം നടത്തി. അംഗീകരിച്ചുകഴിഞ്ഞ പല കാര്യങ്ങളിലും മാററം വരുത്തിക്കൊണ്ടു് അവർ പുതിയ കരാർ എഴുതിയുണ്ടാക്കി. പുതിയ കമ്പനിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ഡയറക്ടർ ബോർഡിലേക്കു് ഇന്ത്യാഗവണ്മെൻറു നിയമിക്കുന്ന സ്പെഷ്യൽ ഡയറക്ടറുടെ അധികാരങ്ങൾ പരിമിതപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടു കൂടിയാണു് അവർ ഈ പുതിയ കരാർ എഴുതിയുണ്ടാക്കിയതു്. പൈപ്പുലൈൻ നിർമ്മിക്കാനായി വിദേശനാണ്യം നേടാൻ അവർ ബാദ്ധ്യസ്ഥരായിത്തീരുന്ന രേഖ പിച്ചിചീന്താനും അവർ ശ്രമിച്ചു. സോവിയററു് യൂണിയൻ ഉൾപ്പെടെയുള്ള മററു രാജ്യങ്ങളിലെ എണ്ണക്കമ്പനികളുമായി കൂടിയാലോചന ആരംഭിക്കുമെന്നു് ഇന്ത്യാഗവണ്മെൻറു് ഭീഷണിപ്പെടുത്തിയതിനുശേഷം മാത്രമാണു് ഇവർ കരാറിൽ ഒപ്പുവയ്ക്കുകയും. പുതിയകമ്പനി—ഓയിൽ ഇന്ത്യ (പ്രൈവററു്) —രൂപീകരിക്കപ്പെടുകയും ചെയ്തതു്.

എങ്ങനെ നോക്കിയാലും, ബ്രിട്ടീഷ് കമ്പനി നേടിയതു് വലിയ ഒരു വിജയമായിരുന്നു എന്നു് കാണാം. വലിയ ഒരു എണ്ണപ്പാടം അവരുടെ കൈകളിൽ വന്നുചേരുകയായിരുന്നു. അവർക്കു് നിയന്ത്രണാധികാരം ലഭിക്കുകയും, ആറുപേരുള്ള ഡയറക്ടർബോർഡിൽ നാലു പേരെ നിയമിക്കാൻ സൗകര്യം ലഭിക്കുകയും ചെയ്തു. ഡയറക്ടർ ബോർഡിലെ ബാക്കി രണ്ടു് അംഗങ്ങളെ ഇന്ത്യാഗവണ്മെൻറാണ് നിയമിച്ചതു്. യഥാർത്ഥത്തിൽ, ഇന്ത്യയിലെ എണ്ണവ്യവസായം വികസിപ്പിക്കുന്നതിൽ ഇവർക്കു് താല്പര്യമില്ലെന്നായിരുന്നു കൂടിയാലോചനകളിൽ തെളിഞ്ഞു കണ്ടകാര്യം. നഹോർകാട്ട്യ എണ്ണപ്പാടത്തിൻെറ വികസനം മനഃപ്പൂർവ്വം മാററിവെക്കാനായി, ഇവർ കൂടിയാലോചനകൾ 5 വർഷങ്ങളിലേറെ നീട്ടിക്കൊണ്ടുപോയി. സ്വന്തം താത്പ്പര്യം സംരക്ഷിക്കാൻവേണ്ടിയാണ് അവർ ഇങ്ങിനെ കാലതാമസം വരുത്തിയതു്—കാരണം, ലോകവിപണിയിലെ ഉയർന്ന വിലനിരക്കനുസരിച്ചു് ഇവർ ഇന്ത്യയിൽ ക്രൂഡ് ഓയിൽ വിററു വരികയായിരുന്നു.

വിദേശഎണ്ണക്കുത്തകകൾ, അവരെ പിന്താങ്ങുന്ന ഒരു കൂട്ടകമ്പനിയുടെ സഹായത്തോടുകൂടി പൊതുമേഖലാസ്ഥാപനങ്ങൾക്കുനേരെയുള്ള ആക്രമണത്തിൻെറ ശക്തി ഇരട്ടിയാക്കി. എണ്ണയന്വേഷണത്തിലും ഖനനത്തിലും വിദേശ-ആഭ്യന്തര സ്വകാര്യമൂലധനക്കാരുമായി പങ്കുചേരാമെന്നു് ഇന്ത്യാഗവണ്മെൻറിനെക്കൊണ്ടു് സമ്മതിപ്പിക്കുന്നതിന് ഇവർ പല നിർദ്ദേശങ്ങളും ഉന്നയിച്ചു.

പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുന്നതിനു് ഇവർ പുതിയ ശ്രമം നടത്തി. പൊതുമേഖലയെ തുടർച്ചയായി ആക്രമിച്ചുപോന്ന ഈസ്റ്റേൺ എക്കണോമിസ്റ്റിനു്

ബ്രിട്ടീഷ് എണ്ണ കത്തകകളുടെ ഒരു ജിഹ്വയായ പെട്രോളിയം പ്രസ്സ്സർവ്വീസിൻെറ പിന്തുണ ലഭിച്ചു. ഇന്ത്യയിൽ പ്രവർത്തനം തുടങ്ങുന്ന ഏതു പുതിയ കമ്പനിയിലും ഇന്ത്യാഗവർമ്മെൻറിന് നിയന്ത്രണാവകാശം ഉണ്ടായിരിക്കണമെന്നു വ്യവസ്ഥചെയ്യുന്ന 1956-ലെ വ്യവസായ വികസന പ്രമേയമനുസരിച്ചുള്ള ഇന്ത്യാഗവർമ്മെൻറിന്റെ നടപടികളിൽ, 'ഇന്ത്യ: ധാതന്വേഷണത്തിനു തടസ്സങ്ങൾ' എന്ന തലവാചകത്തിൽ പെട്രോളിയം പ്രസ്സ്സർവ്വീസ് പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ അതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി. ഇത്തരം വ്യവസ്ഥകളോടെ മൂലധനം മുടക്കാൻ ഏതുകമ്പനി തയ്യാറാകുമെന്നു് ഈ മാസിക ചോദിച്ചു. ആദായനികുതി കൊടുക്കാൻ ഡിപ്രിസിയേഷൻ ഫണ്ട് ഉപയോഗിക്കുന്നതിൽ എന്തിന് നിയന്ത്രണം ഏപ്പെടുത്തിയെന്നോ, സാധാരണ രീതിയിലുള്ള സ്വകാര്യസംരംഭങ്ങളോടു് മത്സരിക്കാൻ സ്റ്റേററ് ട്രേഡിംഗ് കോർപ്പറേഷൻ രൂപീകരിക്കാനുള്ള പ്രേരണയെന്തെന്നോ, ഈ മാസികയ്ക്കു് മനസ്സിലായില്ല. "ഇത്തരം അസാധാരണമായ നിയമങ്ങൾകൊണ്ടു് ഇന്ത്യക്കു് എന്തു പ്രയോജനമുണ്ടാകുമെന്നു് മനസ്സിലാക്കാൻ വിഷമമാണു്. എന്നാൽ, ഇത്തരത്തിലുള്ളതും മററു തരത്തിലുള്ളതുമായ നിരുത്സാഹപ്പെടുത്തൽ എണ്ണയന്വേഷണത്തിനും ഉല്പാദനത്തിനുമുള്ള ഏതു പുതിയ സംരംഭത്തിലും അടിച്ചേല്പിക്കുന്നതു് ഹ്രസ്വവീക്ഷണമാണെന്ന ആരോപണം അസ്ഥാനത്തല്ല."[1]

പുനർനിർമ്മാണത്തിനും വികസനത്തിനുംവേണ്ടിയുള്ള സാർവ്വദേശിയ ബാങ്കും പൊതു മേഖലയ്ക്കെതിരെ ഇത്തരം ആക്രമണം നടത്തുകയുണ്ടായി. രണ്ടാം പഞ്ചവത്സ

1. പെട്രോളിയം പ്രസ്സ്സർവ്വീസ്സ്, ജൂലൈ 1957, പേജ് 266

രപദ്ധതിയുടെ ധനസഹായത്തിനായി 1956–ൽ ഇന്ത്യ ഇവരോടു വായ്പയാവശ്യപ്പെട്ടു. ഇന്ത്യയുടെ സാമ്പത്തിക നിലയെപ്പററി വിലയിരുത്തുന്നതിനു് 1956 ആരംഭത്തിൽ ഈ ബാങ്കിൻെറ ഒരു ദൗത്യസംഘം ഇന്ത്യയിലെത്തി. ആ വർഷം മദ്ധ്യത്തോടുകൂടി, ഇന്ത്യയുടെ ആഭ്യന്തര സാമ്പത്തിക നയങ്ങളെക്കുറിച്ചുള്ള ശുപാർശകളോടുകൂടിയ ഒരു മെമ്മോറാണ്ടം ഇവർ ഇന്ത്യാഗവർമ്മെൻറിനു് സമർപ്പിച്ചു. പൊതുമേഖല വികസിപ്പിക്കാനുള്ള ഇന്ത്യാഗവണ്മെൻറിൻെറ നയത്തെ ഇതിൽ വിമർശിച്ചിരുന്നു. "ഇന്ത്യയുടെ സാമ്പത്തിക വികസനത്തിനു്, വിശേഷിച്ചു് വ്യവസായരംഗത്തിനു്, പരമാവധി സംഭാവന നൽകത്തക്കവിധം ഇന്ത്യക്കകത്തും പുറത്തുമുള്ള സ്വകാര്യ സംരംഭങ്ങൾക്കു് എല്ലാവിധ പ്രോത്സാഹനവും നൽകുകയാണു് ഇന്ത്യയുടെ താല്പര്യത്തിനാവശ്യം"[1] എന്നു തെളിയിക്കാൻ ബാങ്കിൻെറ വിദഗ്ദ്ധന്മാർ വളരെ പാടുപെട്ടു. എണ്ണവ്യവസായരംഗത്തെ പൊതുമേഖലയെ ഇവർ എതിർത്തു. എണ്ണരംഗത്തുള്ള വിദേശസംരംഭങ്ങളെ നിരുത്സാഹപ്പെടുത്തുകയും ഇന്ത്യയുടെ സാമ്പത്തികനിലക്കു് കടിഞ്ഞാണിടുകയും ചെയ്യുന്നതിനുവേണ്ടി എണ്ണവിഭവങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിലും അതിൻെറ വികസനത്തിലും ഗവണ്മെൻറുപങ്കാളിത്തമുണ്ടാകണമെന്നതുപോലുള്ള നടപടികളിൽ നിർബ്ബന്ധം പിടിക്കുന്നതു് തെററാണു്, എന്നാണു് ഞങ്ങളുടെ അഭിപ്രായം."[2]

അതിനുശേഷം, ബാങ്കിൻെറ പ്രസിഡൻറു് യൂജീൻ ബ്ലാക്കു് ഇന്ത്യൻ ധനകാര്യ മന്ത്രിക്കു് ഒരു കത്തയച്ചു. ഇ

1. ദി ഫൈനാൻഷ്യൽ ടൈംസ്, ഒക്ടോബർ 12, 1956, പേജ് 27.
2. ദി കോമേഴ്സ്, ആഗസ്റ്റ് 25, 1956, പേജ് 370.

ന്ത്യയുടെ ആഭ്യന്തര സാമ്പത്തിക നയങ്ങളെ ആശ്രയിച്ചായിരിക്കും വായ്പ അനുവദിക്കുന്നത് എന്ന് അതിൽ സൂചിപ്പിച്ചിരുന്നു. മററുതരത്തിൽ പറഞ്ഞാൽ, വിദേശസ്വകാര്യ നിക്ഷേപത്തിന് കഴിവുള്ള എല്ലാ പ്രോത്സാഹനവും നല്കത്തക്കവിധം പൊതുമേഖലാനയം പുനഃക്രമീകരിക്കണമെന്നാണ് ഇന്ത്യാഗവണ്മെൻറിനോടു ബാങ്ക് ആവശ്യപ്പെട്ടതു്.

1958 മദ്ധ്യത്തിൽ വിദഗ്ദ്ധന്മാരുടേയും ഉപദേഷ്ടാക്കളുടേയും മറെറാരു ദൗത്യസംഘത്തെ ബാങ്ക് ഇന്ത്യയിലേക്കയച്ചു. അവർ ഇന്ത്യാഗവണ്മെൻറിന്ന് നൽകിയ റിപ്പോർട്ട് 1956-ലെ ശുപാർശകളിൽനിന്നും വ്യത്യസ്തമായിരുന്നില്ല. പൊതുമേഖലയുടെ പ്രവർത്തനം നിയന്ത്രിക്കാനും വ്യവസായ രംഗമാകെ വിദേശ-ഇന്ത്യൻ സ്വകാര്യ മൂലധനക്കാർക്ക് വിട്ടുകൊടുക്കാനും വീണ്ടും ഇൻഡ്യയെ ഉപദേശിക്കുകയാണവർ ചെയ്തതു്.[1] ഇൻഡ്യയിലെ എണ്ണക്കുത്തകകളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനാണ് വീണ്ടും ഈ വിദഗ്ദ്ധന്മാർ ശ്രമിച്ചതു്. അവരുടെ റിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിരുന്നു: "എണ്ണ ശുദ്ധീകരണശാലകൾ പൊതുമേഖലയിലായിരിക്കണമെന്ന ഗവണ്മെന്റിന്റെ നിർബ്ബന്ധവും എണ്ണക്കമ്പനികൾക്കു പുതുതായി എണ്ണയന്വേഷണം നടത്താൻ അനുവാദം നൽകുന്നതിലുള്ള വിമുഖതയും കാരണം ഇന്ത്യയുടെ എണ്ണവിഭവങ്ങൾ വികസിപ്പിക്കുന്നതിലുള്ള വിദേശ സ്വകാര്യ മൂലധനത്തിൻെറ പങ്കാളിത്തത്തെ തടയുകയും ആസ്സാമിലെ പുതിയ എണ്ണപ്പാടങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ രണ്ടുവർഷത്തെ കാലതാമസം നേരിടുകയും ചെയ്തു."[2] വിദേശ സ്വകാര്യ

1. ന്യൂഏജ്, ഒക്ടോബർ 12, 1958.
2. ഇന്ത്യൻ പെട്രോളിയം, 1963, പേജ് 31.

മൂലധനത്തിന് കൈകാര്യംചെയ്യാവുന്ന പ്രോജക്ട്കൾക്കായി വിദേശനാണ്യം ചിലവാക്കരുതെന്ന് ഇന്ത്യാഗവണ്മെൻറിനെ അവർ ഉപദേശിച്ചു.[1]

ഇന്ത്യയിലെ സ്റ്റേററുടമയിലുള്ള എണ്ണവ്യവസായത്തിൻെറ പ്രഥമ വിജയത്തിലും, എണ്ണപ്രശ്നം പരിഹരിക്കാനായി സോഷ്യലിസ്റ്റ്രാജ്യങ്ങളുമായുള്ള ഇതിന്റെ വളർന്നുവരുന്ന സഹകരണത്തിലും, ഇന്ത്യയിലെ എണ്ണ പ്രഭുക്കൾ ഞെട്ടുകയുണ്ടായി. എണ്ണയ്ക്കുവേണ്ടി ഓരോ വിദേശ കുത്തകകളെ ആശ്രയിക്കുന്ന ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിൽ ഇന്ത്യ "മോശപ്പെട്ട" ഒരു ദൃഷ്ടാന്തമായിരിക്കും എന്ന് ഇവർ ഭയപ്പെട്ടു. എണ്ണവ്യവസായം സ്വകാര്യമേഖലയിൽ വികസിപ്പിക്കണമെന്ന ആശയം പ്രചരിപ്പിക്കുന്നതിന് ഏഷ്യയിലേയും വിദൂരപൗരസ്ത്യദേശത്തേയും പെട്രോളിയം വിഭവങ്ങളുടെ വികസനത്തെക്കുറിച്ച് 1958-ഡിസമ്പറിൽ ന്യൂഡെൽഹിയിൽ നടന്ന എക്കാഫേയുടെ സിമ്പോസിയം ഇവർ പ്രയോജനപ്പെടുത്തി.

എണ്ണയന്വേഷണവും അതിൻെറ ശേഖരണവും ഇന്ത്യാഗവണ്മെൻറിന് ചെയ്യാൻകഴിയാത്ത ഒരു ജോലിയാണെന്നും, ഇതിനുള്ള ഏകപരിഹാരം വിദേശസ്വകാര്യ മൂലധനത്തെ ആകർഷിക്കുകയാണെന്നും തെളിയിക്കുന്നതിന് വക്രത കലർന്ന ഒരു ലഘുലേഖ റോയൽ ഡച്ച്-ഷെൽ വിതരണം ചെയ്തു,[2] ഇക്കാര്യം തെളിയിക്കുന്നതി

---

1. ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്", നവമ്പർ 27, 1959, പേജ് 838, 839.

2. എ. നിസ്സാമോവ് "ദി ഓയിൽ ഇൻഡസ്ട്രി ഓഫ് ദി കൺട്രീസ് ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യ" (ദക്ഷിണ പൂർവ്വേഷ്യൻ രാജ്യങ്ങളിലെ എണ്ണവ്യവസായം) വേൾഡ് എക്കണോമിക്സ് ആൻറ് ഇൻറർനാഷണൽ റിലേഷൻസ്, റഷ്യൻ എഡിഷൻ, ഡിസമ്പർ 1959, പേജ് 141.

ന് റോയൽഡച്ച്-ഷെല്ലിൻെറ ഒരുദ്യോഗസ്ഥനും, ബ്രിട്ടീഷ്പ്രതിനിധിസംഘാംഗവും, ഭൂഗർഭശാസ്ത്രജ്ഞനുമായ ജി. എസ്. ടെയ്റ്റും ഒരു പ്രസംഗം നടത്തുകയുമുണ്ടായി.

അമേരിക്കൻ പ്രതിനിധി സി. എച്ച്. റെയ്മൻ ആണ് ഏററവും കൂടുതൽ തുറന്നു കാര്യങ്ങൾ പറഞ്ഞതു്. എണ്ണവ്യവസായം വിദേശഎണ്ണക്കുത്തകകളെ ഏല്പിക്കണമെന്ന് അദ്ദേഹം പ്രസ്താവിച്ചു. "പെട്രോളിയം വിഭവങ്ങളുടെ കണ്ടുപിടുത്തത്തിലും വികസനത്തിലും സ്വകാര്യമൂലധനത്തിന്റെ (പ്രൈവററ് റിസ്ക്ക് ക്യാപിററൽ) പങ്ക്" എന്ന തൻെറ ഒരു ഔദ്യോഗിക റിപ്പോർട്ടിൽ അദ്ദേഹം വികസ്വരരാജ്യങ്ങളിലെ എണ്ണ വിഭവങ്ങൾ കണ്ടുപിടിക്കുന്നതിലും വികസിപ്പിക്കുന്നതിലും അമേരിക്കൻ എണ്ണക്കുത്തകകൾക്കുള്ള പങ്കിനെപ്പററി ഊന്നിപ്പറഞ്ഞിരുന്നു. എണ്ണവ്യവസായത്തിൽ വിദേശ സ്വകാര്യമൂലധനത്തിന് പ്രവേശനം നൽകുന്നതുമൂലം ഈ രാജ്യങ്ങൾക്ക് ലഭിക്കുന്ന സൗകര്യങ്ങളെപ്പററി, അതായതു് വിദേശനാണ്യം ലാഭിക്കാനുള്ള മറെറാരു ഉറവിടത്തെപ്പററി, കൊട്ടിഘോഷിക്കാനും അദ്ദേഹം ശ്രമിച്ചു. കുത്തകകൾക്ക് ചില്ലറ വില്പനയ്ക്കുള്ള വിപുലമായ ഒരു ശൃംഖലയുണ്ടാക്കാൻ കഴിയുമെന്നും, ഈ രാജ്യങ്ങൾക്ക് ഗണ്യമായ കൺസഷൻഫീസ്സും മററും നേടാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. "സ്വകാര്യ എണ്ണക്കമ്പനികൾ വാണിജ്യപ്രധാനമായ എണ്ണയുല്പാദനങ്ങൾ കണ്ടുപിടിക്കാത്ത സ്ഥലങ്ങളിൽ പോലും ദേശീയസമ്പദ്നിലയ്ക്കു് ഗണ്യമായ സംഭാവന നൽകിവരികയാണ്" കുത്തകകളെന്നും ശ്രോതാക്കളോടും അദ്ദേഹം പറഞ്ഞു.[1] അദ്ദേഹത്തിൻെറ ദീർഘമായ റി

---

1. ഏഷ്യയിലേയും വിദൂരപൂർവ്വദേശത്തേയും പെട്രോളിയം വിഭവങ്ങളുടെ വികസനത്തെ സംബന്ധിച്ച സിമ്പോസിയത്തെപ്പററിയുള്ള ഐക്യരാഷ്ട്രസഭയുടെ നടപടിക്രമം, ബാങ്കോക്ക് 1959, പേജ് 42.

പ്പോർട്ടിൽ ഒററക്കാര്യം മാത്രമാണ് അദ്ദേഹം വിട്ടുകള ഞ്ഞതു്. അതു് എണ്ണ ഖനനം ചെയ്യാൻവേണ്ടിയുള്ള അ ന്വേഷണം നടത്തപ്പെടുന്ന രാജ്യങ്ങളിലെ ധനസ്ഥിതി യിൽനിന്നു് അമേരിക്കയുടേയും ബ്രിട്ടന്റേയും കുത്തക കൾ നേടിയെടുത്തു വരുന്ന വമ്പിച്ച ലാഭത്തിന്റെ കാര്യ മാണ്.

എണ്ണക്കുത്തകകളുമായി സഹകരിക്കുവാൻ സന്നദ്ധത യുള്ള രാജ്യങ്ങൾ എന്തുചെയ്യണമെന്നാണ് റെയ്മാൻ ആവശ്യപ്പെടുന്നതു്? "അനുകൂലമായതും തുല്യമായ തോ തിലുള്ളതും ആയ നിക്ഷേപത്തിനുള്ള അന്തരീക്ഷം സൃഷ്ടി ച്ചാൽ, രാജ്യങ്ങൾക്കു് സ്വകാര്യമൂലധനനിക്ഷേപത്തെ ആകർഷിക്കാൻ കഴിയും" എന്നു് അദ്ദേഹം പറഞ്ഞു. എ ണ്ണക്കുത്തകകൾക്കു് ദീർഘകാലത്തേക്കുള്ള പല ഉറപ്പുകളും പല അവകാശങ്ങളും അനുവദിക്കണമെന്നാണ് അതുകൊ ണ്ടു് അദ്ദേഹം അർത്ഥമാക്കുന്നതു്. മൂലധനം നിക്ഷേപി ക്കാൻ തിരഞ്ഞെടുക്കുന്ന രാജ്യങ്ങളിലെ രാഷ്ട്രീയ സ്ഥി രതയെപ്പററി എല്ലാററിലും ഉപരിയായി ഈ കുത്ത കകൾ ചിന്തിച്ചിരുന്നു, "തന്റെ നിക്ഷേപം ദേശസാത് കരിക്കുകയോ അധീനപ്പെടുത്തുകയോ ചെയ്യുകില്ലെന്നു് ഉറപ്പു് ലഭിക്കുവാൻ സ്വകാര്യനിക്ഷേപകൻ സ്വാഭാവി കമായും ആഗ്രഹിക്കുന്നു" എന്നു് അദ്ദേഹം ചൂണ്ടിക്കാണി ച്ചു. ഇതിലും ഉപരിയായി, കുത്തകകൾക്കു് അവർ നി ക്ഷേപിക്കുന്ന മൂലധനത്തിനു് ന്യായമായ ലാഭംകിട്ടു മെന്നു് ഉറപ്പുണ്ടാവുകയും വേണം. ദക്ഷിണപൂർവ്വേഷ്യയി ലെ വികസ്വരരാജ്യങ്ങളിലുള്ള ഗവണ്മെൻറുകൾ, അവി ടത്തെ സ്വകാര്യകമ്പനികളോടു് അനുവർത്തിക്കുന്ന രീതി യിലുള്ള അനുകൂലമായ നിലപാടു് എണ്ണക്കുത്തകകളോ ടും സ്വീകരിക്കണം എന്നും റെയ്മൻ ആവശ്യപ്പെട്ടു.

"ഇത്തരം രാജ്യങ്ങളിൽ സ്വകാര്യ എണ്ണക്കമ്പനികൾക്ക് ലഭിക്കുന്നതിൽ ഒട്ടുംകുറയാത്ത അനുകൂലമായ കാലാവസ്ഥ" എണ്ണക്കുത്തകകൾക്ക നൽകണമെന്ന ആവശ്യവും ഉന്നയിക്കപ്പെട്ടു. എണ്ണക്കുത്തകകളുടെ ഭാഷയിൽ പറഞ്ഞാൽ, ഏതെങ്കിലും ഒരു രാജ്യത്ത് ലഭിക്കുന്ന പ്രത്യേക അവകാശങ്ങൾ മററു രാജ്യങ്ങളിലും ലഭിക്കണമെന്നാണ് ഇതിന്റെ അർത്ഥം. അവരുടെ നിക്ഷേപങ്ങളിന്മേൽ മാനേജുമെന്റ് തലത്തിലുള്ള നിയന്ത്രണം വേണമെന്നും അവർ ആവശ്യപ്പെട്ടു. ഭാവിയിൽ ഉണ്ടാകുന്ന ഏതു കമ്പനിയിലും നിയന്ത്രണാവകാശം ലഭിക്കുവാനും, വേണ്ടത്ര മൂലധനച്ചരക്കുകൾ തീരുവയില്ലാതെ ഇറക്കുമതി ചെയ്യാനും "മൂലധനവും ലാഭവും സ്വതന്ത്രമായി സ്വദേശത്തേക്ക് കൊണ്ടുപോകാനുള്ള അവകാശം നേടാനും" വേണ്ടിയായിരുന്നു ഇതു്. തങ്ങളുടെ ഉല്പന്നങ്ങൾ മററു രാജ്യങ്ങളിലേക്ക് കയററുമതി ചെയ്യാനും പല നികുതികളിൽനിന്നും ഒഴിവാക്കപ്പെടാനും ഉള്ള അവകാശം വേണമെന്നും അവർ പറഞ്ഞു.

സിമ്പോസിയത്തിൽ, ഐക്യരാഷ്ട്രസഭയിലെ ഒസ്ക്കാർ സ്കാച്ച്ട്ടറിന്റെ നേതൃത്വത്തിലുള്ള ഓയിൽ ലജിസ്ലേഷനെ സംബന്ധിച്ച കമ്മിഷൻ ഇവർക്ക് പിന്തുണ നൽകി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രാജ്യങ്ങൾ എണ്ണയന്വേഷണത്തിനും എണ്ണയുല്പാദനത്തിനും വേണ്ടി ന്യായമായ വ്യവസ്ഥകളോടുകൂടി സ്വകാര്യ മൂലധനത്തെ സ്വീകരിക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്തു. അവർ അവരുടെ ശുപാർശകൾക്ക് സിമ്പോസിയത്തിന്റെ അംഗീകാരം തേടുകയും ചെയ്തു. എന്നാൽ, സിമ്പോസിയത്തിൽ പങ്കെടുത്ത മിക്ക അംഗങ്ങളും ഈ ആവശ്യങ്ങളെ പിൻതാങ്ങാൻ തയ്യാറായില്ല. എണ്ണവ്യവ

സായത്തിൻെറ ഏററവും ത്വരിതഗതിയിലുള്ള വികസനത്തിന്ന് പൊതുമേഖലമാത്രമേ ഉറപ്പുനൽകൂ എന്നാണ് തൻെറ ഗവണ്മെൻറിൻെറ അഭിപ്രായമെന്ന് സിമ്പോസിയത്തിൽ പങ്കെടുത്തുകൊണ്ട് മാളവ്യ പറഞ്ഞു.[1]

ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിലെ എണ്ണവ്യവസായരംഗത്തുള്ള പൊതുമേഖലയുടെ പ്രവർത്തനം നിയന്ത്രിക്കുവാൻവേണ്ടിയുള്ള അമേരിക്കയുടേയും ബ്രിട്ടൻേറയും നിർദ്ദേശങ്ങളെ ലോകതൊഴിലാളി ഫെഡറേഷന്റെ ഒരു പ്രതിനിധി നിശിതമായി വിമർശിച്ചു. ആംഗ്ലോ-അമേരിക്കൻ കുത്തകകളുടെ ആധിപത്യം ഉറപ്പിക്കുവാനുള്ള ആഗ്രഹമാണ് ഈ നിർദ്ദേശങ്ങളിലുള്ളതെന്ന് അദ്ദേഹം വ്യക്തമാക്കി. ഈ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതുകൊണ്ട്, പുറംവാതിലിലൂടെ ഈ രാജ്യങ്ങളിൽ സാമ്രാജ്യാധിപത്യം വീണ്ടും ഉറപ്പിക്കാനേ സഹായിക്കൂ എന്നും, ഈ രാജ്യങ്ങളുടെ സാമ്പത്തിക-സാമൂഹ്യപുരോഗതിയെ ത്വരിപ്പിക്കുകയില്ലെന്നും അദ്ദേഹം പറഞ്ഞു.

എണ്ണവ്യവസായത്തിലെ പൊതുമേഖലയോട് സ്വീകരിക്കുന്ന അടവുകളിൽ, വിദേശകുത്തകകൾക്ക് ചില മാററങ്ങൾ വരുത്തേണ്ടിവന്നു. സിമ്പോസിയത്തിൽ പ്രതിനിധികളുടെ ഭാഗത്തുനിന്നുണ്ടായ രൂക്ഷമായ എതിർപ്പിൻെറയും, ഇന്ത്യയിലെ എണ്ണവ്യവസായരംഗത്തെ പൊതുമേഖലയുടെ കൂടുതലായുള്ള വികസനം, സ്റ്റേററുടമയിലുള്ള എണ്ണശുദ്ധീകരണശാലകൾ നിർമ്മിക്കാൻ സോവിയററ്-റുമേനിയൻ എൻജിനിയർമാരുടെ സഹായം ലഭിക്കുവാനുള്ള കരാറുകൾ, എണ്ണ-പ്രകൃതിവാതകകമ്മിഷൻ നടത്തിയ

---

1. ന്യൂ ഏജ്, ജനുവരി 4, 1959, പേജ് 4.

എണ്ണയുടെ കണ്ടുപിടുത്തം, സോഷ്യലിസ്റ്റ്‌രാജ്യങ്ങളിൽനിന്നു് എണ്ണ വാങ്ങാനുള്ള ഇന്ത്യാഗവണ്മെൻറിന്റെ പ്ലാനുകൾ തുടങ്ങിയ മററു ചില സംഗതികളുടെയും വെളിച്ചത്തിലാണു് അവർ ഇങ്ങിനെ ചെയ്തതു്. സ്റ്റേററുടമയിലുള്ള സംരംഭങ്ങളുടെ സ്ഥാനത്തു് വിദേശസ്വകാര്യസംരംഭങ്ങളെ പ്രതിഷ്ഠിക്കണം എന്നു് നേരിട്ടു് ഉപദേശം നൽകുന്നതിൽനിന്നു് അവർ പിൻവാങ്ങി. ഇന്ത്യയിലെ എണ്ണവ്യവസായരംഗത്തെ പൊതുമേഖല അതിൻെറ കഴിവു് തെളിയിക്കുകയും പുതിയ സാഹചര്യങ്ങളിൽ സ്റ്റേററുടമയിലുള്ള വ്യവസായങ്ങളുടെ വികസനം ഉപേക്ഷിക്കാൻ ഇന്ത്യാഗവണ്മെൻറു് തയ്യാറാകുമെന്നു് പ്രതീക്ഷിക്കാൻ അവർക്കു് കഴിയാതെ വരികയും ചെയ്തതാണു് അതിനുള്ള കാരണം. ഇതു മനസ്സിൽ വച്ചുകൊണ്ടു്, എണ്ണവ്യവസായരംഗത്തെ സ്വകാര്യമേഖലയും പൊതുമേഖലയും തമ്മിലുള്ള മത്സരത്തെപ്പററി അവർ സംസാരിച്ചു. അവരുടെ വാദം ഇങ്ങനെയായിരുന്നു: പൊതുമേഖല അതിൻെറ സ്വന്തം കഴിവുപയോഗിച്ചു വികസിക്കണം. എന്നാൽ വിദേശക്കുത്തകകളുടേയും ഒരതിത്തിവരെ, ഇന്ത്യയിലെ ബിസിനസ്സുകാരുടെയും സഹായത്തോടുകൂടിയായിരിക്കണം സ്വകാര്യമേഖല വികസിപ്പിക്കുന്നതു്. രണ്ടു് മേഖലകളും ഒരേ ലക്ഷ്യത്തിനുവേണ്ടി—രാജ്യത്തിൻെറ എണ്ണപ്രശ്നം വേഗം പരിഹരിക്കുന്നതിനുവേണ്ടി—പ്രവത്തിക്കണം. "ദേശീയതാത്പര്യപ്രകാരം, ഗവണ്മെൻറു്, കമ്മിഷനെ അതിൻെറ വിഷമകരമായ കർത്തവ്യങ്ങൾ നിറവേററാൻ പ്രോൽസാഹിപ്പിക്കുന്നതിനു് പുറമെ, എണ്ണനിക്ഷേപങ്ങളുടെ സ്ഥലനിർണ്ണയത്തിനും അന്വേഷണത്തിനും വേണ്ടിയുള്ള ആളുകൾ, സാങ്കേതികവിജ്ഞാനം, സാമഗ്രികൾ എന്നീതരത്തിൽ തങ്ങളുടെ വിഭവങ്ങൾ

പ്രദാനം ചെയ്യാൻ കഴിയുന്ന സ്വകാര്യ ഏജൻസികൾക്കു് അതു നൽകാനുള്ള അനുവാദം കൊടുക്കുന്നതിൽ മടികാ കാണിക്കാതിരിക്കേണ്ടതാണു്."[1] ഈസ്റ്റേൺ എക്കണോമിസ്റ്റും അതിന്റെ സ്വരം മാററുകയുണ്ടായി. "ഒന്നാമതായി ഇന്ധനവകുപ്പു് ശുപാർശ ചെയ്യുന്നതിലും മോശമല്ലാത്ത എണ്ണയന്വേഷണനയം വേണമെന്നും, രണ്ടാമതായി ഇത്തരം പരിപാടികളിൽ എണ്ണ-പ്രകൃതിവാതകകമ്മിഷനു് 50 ശതമാനത്തിൽ കുറയാത്ത പങ്കു് നൽകണമെന്നും, മൂന്നാമതായി സാങ്കേതികകാര്യങ്ങളിൽ ഇതുവരെ ഉണ്ടായിരുന്നതിലും കൂടുതൽ പിന്തുണ അതിനു് നൽകണമെന്നും" ഇസ്റ്റേൺ എക്കണോമിസ്റ്റ് ശുപാർശചെയ്തു.[2]

എണ്ണയന്വേഷണരംഗത്തു് ഗവർമ്മെൻറു സ്വീകരിച്ചിട്ടുള്ള നയത്തിൽ ഒരു മാററം വരുത്തണമെന്നു് ഇന്ത്യൻ വാണിജ്യവ്യവസായ മണ്ഡലത്തിന്റെ ഫെഡറേഷനും ആവശ്യപ്പെടുകയുണ്ടായി. വിദേശക്കമ്പനികളുമായി ചേൎന്നു് എണ്ണയന്വേഷണവും എണ്ണഖനനവും നടത്താൻ സ്വകാര്യകമ്പനികൾക്കു് അനുവാദം വേണമെന്നാവശ്യപ്പെട്ടുകൊണ്ടു് 1959 സെപ്തംബറിൽ ഇന്ത്യാഗവണ്മെൻറിനു് ഇവർ ഒരു കത്തു് നൽകി. ഈ പ്രശ്നത്തിലുള്ള ഇന്ത്യാഗവണ്മെൻറിന്റെ നയം പരിമിതമായ ഒന്നാണെന്നു് അവർ ചിത്രീകരിക്കുകയും കൂടുതൽ ഔദാര്യത്തിനുവേണ്ടി ആവശ്യപ്പെടുകയും ചെയ്തു.[3]

---

1. ദി കോമേഴ്സ്, ആഗസ്റ്റ് 22, 1959, പേജ് 286.
2. ദി ഇൗസ്റ്റേൺ എക്കണോമിസ്റ്റ്, ബ്ലൂ സപ്ലിമെൻറ്, ജൂൺ 19, 1959, പേജ് 1.
3. ദി ഹിന്ദുസ്ഥാൻ ടൈംസ്, സെപ്തംബർ 26, 1959.

ഇന്ത്യയുടെ നയത്തിലെ പൊതുവായ പ്രവണതയു മായി പൊരുത്തപ്പെടുന്ന തരത്തിൽ, ഇന്ത്യാഗവണ്മെൻറും വിദേശ സ്വകാര്യസ്ഥാപനങ്ങളും തമ്മിൽ ഒരു കരാറുണ്ടാക്കാനുള്ള തികഞ്ഞ സാദ്ധ്യതയുണ്ടെന്നു് ഒരു അമേരിക്കൻ എണ്ണവിദഗ്ദ്ധൻ, 1959 ആഗസ്റ്റിൽ ഇന്ത്യാഗവണ്മെൻറിനു് സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരുന്നു.[1]

ഇതേസമയത്തു്, ഇന്ത്യയിലെ ഗവർണ്ണർ ജനറലായിരുന്ന മൗണ്ട്ബാററൻ പ്രഭുവും, അമേരിക്കൻ കോടീശ്വരനായ ജോൺ ഡി. റൊക്ക്ഫെല്ലറും ഇത്തരം നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. ഈ പ്രശ്നത്തിലുള്ള ഗവണ്മെൻറിൻെറ നയം പുനഃപരിശോധിക്കണമെന്നു് ഇവർ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെ കാര്യമായി ഉപദേശിച്ചു. ഇതിനു് പകരമായി സാമ്പത്തിക-സാങ്കേതികസഹായം നൽകാമെന്നും ഇവർ വാഗ്ദാനം ചെയ്തു. “മത്സരാടിസ്ഥാനത്തിൽ, ലോകത്തിലെ എണ്ണ രംഗത്തുള്ള എല്ലാ പ്രധാനികളുടേയും സാമ്പത്തിക-സാങ്കേതിക സമ്പത്തു് പരമാവധി ആകർഷിക്കത്തക്കവിധത്തിലുള്ളതായിരിക്കണം” ഇന്ത്യയുടെ എണ്ണനയമെന്നു് മൗണ്ട്ബാററൻപ്രഭു തൻെറ കത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു.[2] “ഇന്ത്യയുടെ ദൃഢമായ നയത്തിൽ അയവുവരുത്തുകയാണെങ്കിൽ ഇന്ത്യയുടെ എണ്ണരംഗത്തെ പരിപാടികൾക്കു് എണ്ണക്കമ്പനികളിൽനിന്നു് കൂടുതൽ ഔദാര്യത്തോടുകൂടിയ സംഭാവന പ്രതീക്ഷിക്കാവുന്നതാണു്”

---

1. ദി ഹിന്ദുസ്ഥാൻ ടൈംസ്, ആഗസ്ററ് 27, 1959; ദി ടൈംസ് ഓഫ് ഇന്ത്യ, ആഗസ്റ്റ് 20, 1959.

2. ന്യൂ ഏജ്, സെപ്റ്റംബർ 6, 1950, പേജ് 2.

എന്നു് ജോൺ ഡി. റൊക്ക്ഫെല്ലർ നെഹ്റുവിനു് ഉറപ്പു് നൽകിയതായി റിപ്പോർട്ടുണ്ടു്. 1

1959 ഡിസമ്പറിൽ അമേരിക്കൻ വാണിജ്യവകുപ്പ് അസിസ്റ്റൻറു സെക്രട്ടറി മി. ഹെൻറി കേൺസ് മന്ത്രി മാളവ്യയെ സന്ദർശിച്ചു. ഇന്ത്യൻ എണ്ണവ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള വിദേശനിക്ഷേപകർക്കു് നികുതിയിളവും മററാനുകൂല്യങ്ങളും എന്തുമാത്രം ഇന്ത്യാഗവണ്മെൻറു് നൽകുമെന്നറിയാനായിരുന്നു അദ്ദേഹം വന്നതു്. ഇന്ത്യയുടെ ധനകാര്യമന്ത്രിയായിരുന്ന ദേശായി 1958-ലും 1959-ലും അമേരിക്ക സന്ദർശിച്ചപ്പോൾ ഗവണ്മെൻറിൻെറ എണ്ണനയത്തെപ്പററി ഗൗരവമായി ചർച്ചകൾ നടന്നു. അമേരിക്കയിലെ എണ്ണപ്രഭുക്കളുമായി മന്ത്രി ദേശായി ചില കൂടിക്കാഴ്ചകൾ നടത്തിയെന്നും തദവസരത്തിൽ ഈ പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടുവെന്നും അമേരിക്കൻ 'ടൈം' റിപ്പോർട്ടു് ചെയ്തിരുന്നു. ഇന്ത്യൻ പാർലിമെൻറിൽ ഇതേപ്പററി ചോദ്യമുന്നയിച്ചപ്പോൾ ദേശായി അതു നിഷേധിച്ചു. ഇന്ത്യയുടെ പ്രകൃതിസമ്പത്തു് വികസിപ്പിക്കുവാനുള്ള നിർദ്ദേശത്തോടുകൂടി ഏതാനും വിദേശക്കമ്പനികൾ ഇടക്കിടെ ഇന്ത്യാഗവണ്മെൻറിൻെറ എണ്ണനയത്തെ ആക്രമിച്ചുപോന്നു. ഇന്ത്യയിൽ എണ്ണയന്വേഷണം ആരംഭിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടും നിരവധി പ്രമുഖ എണ്ണസ്ഥാപനങ്ങളിൽനിന്നു് നേരിട്ടും അല്ലാതെയും നിർദ്ദേശങ്ങൾ ഇൻഡ്യാഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടെന്നു 1959 മാർച്ചു് 31-ാംതീയതി മി. മാളവ്യ പാർലിമെൻറിൽ പറയുകയുണ്ടായി.

---

1. ദി ഹിന്ദുസ്ഥാൻ ടൈംസ്, ആഗസ്ററു് 27, 1959.

വിദേശത്തും ഇൻഡ്യയിലുമുള്ള വൻകിട ബിസിനസ്സുകാരുടെ കൂട്ടായ സമ്മർദ്ദംമൂലം ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുക്കാൻ ഇന്ത്യാഗവണ്മെന്റ് നിർബ്ബന്ധിതമായി.

രാജ്യത്തിൻെറ എണ്ണസമ്പത്തിനെപ്പററി അന്വേഷണം നടത്തുകയും അതു ശേഖരിക്കുകയും ചെയ്യുന്നതുസംബന്ധിച്ച് വിവിധരാജ്യങ്ങളിലുള്ള—യു. എസ്. എസ്. ആർ., യു. എസ്. എ., ബ്രിട്ടൻ, ഫ്രാൻസ്, ഇററലി, റുമേനിയ—പല വിദഗ്ദ്ധന്മാരുമായും ഇന്ത്യാഗവണ്മെൻറ് കൂടിയാലോചന നടത്തിവരികയാണെന്ന് 1959 സെപ്തംബർ 8-ാംതീയതി നെഹ്റു പാർലമെൻറിൽ പറഞ്ഞു; പൊതുമേഖലയിലെ പ്രവർത്തനം വികസിപ്പിക്കുവാൻ ഗവണ്മെൻറ് ശ്രമിച്ചു. എന്നാൽ, എണ്ണയന്വേഷണം വളരെ വലിയ ഒരു പ്രദേശത്തു നടത്തേണ്ടതുള്ളതുകൊണ്ടും അതിന്റെ വേഗത വർദ്ധിപ്പിക്കേണ്ടതുള്ളതുകൊണ്ടും ചില സ്ഥലങ്ങളിൽ വിവിധ വിദേശസംഘടനകളുടെ സേവനം സ്വീകരിക്കുവാനുള്ള സാദ്ധ്യതയും ഗവണ്മെൻറ് ശ്രദ്ധിക്കുകയുണ്ടായി.

പരസ്പരം സ്വീകാര്യമായ വ്യവസ്ഥകളനുസരിച്ച് എണ്ണയന്വേഷണം നടത്തുന്നതിന് വിദേശ സ്വകാര്യകമ്പനികളെ ക്ഷണിക്കുവാനുള്ള ഇൻഡ്യാഗവണ്മെൻറിന്റെ തീരുമാനം 1959 നവമ്പർ അവസാനത്തിൽ മാളവ്യ പ്രഖ്യാപിച്ചു. ഗവണ്മെൻറ് ഏജൻസികളുടെ പ്രവർത്തനമില്ലാത്ത സ്ഥലങ്ങളിൽ എണ്ണയന്വേഷണം നടത്തുവാൻ അവർക്ക് അനുവാദം നൽകുമെന്നും അദ്ദേഹം പറഞ്ഞു. എണ്ണയന്വേഷണം നടത്താനും എണ്ണപ്പാടങ്ങൾ കൈകാര്യംചെയ്യാനും 1959-ലെ പുതിയ പെട്രോളിയം-പ്രകൃതിവാതക നിയമങ്ങൾ (പെട്രോളിയം ആന്റ് നാച്ചറൽ

ഗ്യാസ് റൂൾസ്, 1959) സ്വകാര്യക്കമ്പനികൾക്കു് അനുവാദം നൽകി. ഇതിൽ ഓരോ കാര്യത്തിലും പാട്ടത്തിൻെറ വ്യവസ്ഥകൾ കേന്ദ്ര ഗവണ്മെൻറും പാട്ടക്കാരനും തമ്മിൽ കോൺട്രാക്ട്പ്രകാരം തീരുമാനിക്കുകയായിരുന്നു.[1] മൂന്നുതരത്തിലുള്ള ലൈസൻസുകൾക്കു് പകരം—എണ്ണയന്വേഷണം, പരീക്ഷണാർത്ഥമുള്ള ഉപയോഗപ്പെടുത്തൽ, ഉത്പാദനം—പുതിയ നിയമത്തിൽ രണ്ടുതരം ലൈസൻസുകൾക്കു്—എണ്ണയന്വേഷണം, ഉത്പാദനം—മാത്രമാണു് വ്യവസ്ഥയുണ്ടായിരുന്നതു്. ഒരു വർഷം വീതം രണ്ടുതവണ നീട്ടിക്കൊടുക്കാനുള്ള സൗകര്യത്തോടുകൂടി നാലു വർഷത്തേക്കാണു് എണ്ണയന്വേഷണത്തിനുള്ള പാട്ടം അനുവദിക്കപ്പെട്ടതു്. എണ്ണയന്വേഷണത്തിനുള്ള ഓരോ ലൈസൻസും 7800 ചതുരശ്ര കിലോമീററർ സ്ഥലത്തേക്കുള്ളതായി ക്ലിപ്തപ്പെടുത്തിയിരുന്നു.

---

1. ഗസററ് ഓഫ് ഇന്ത്യ, നവമ്പർ 24, 1959, പെട്രോളിയം ആൻറ് നാച്ചുറൽ ഗ്യാസ് റൂൾസ്, 1959. ഇന്ത്യാഗവണ്മെൻറിൻെറ 1959–ലെ 'പ്രോസ്പെക്ടസ് ഫോർ ഓയിലി'ൽ പാട്ടത്തെ സംബന്ധിച്ചുള്ള പുതിയ നിയമങ്ങൾ വിശദീകരിച്ചിരിക്കുന്നു. എണ്ണയന്വേഷണത്തിനും എണ്ണപ്പാടങ്ങളുടെ പ്രവർത്തനത്തിനും വേണ്ടിയുള്ള ലൈസൻസ് പരസ്പരം സമ്മതിക്കുന്ന വ്യവസ്ഥകൾപ്രകാരവും ഇന്ത്യയുടെ വ്യവസായനയത്തിനു് അനുസൃതവും ആയിരിക്കണമെന്നു് അതിൽ ഊന്നിപ്പറഞ്ഞിട്ടുണ്ടു്. ഇതു്, നേരത്തെ പറഞ്ഞതുപോലെ, പൊതുമേഖലവഴിക്കമാത്രം ഇന്ത്യയിലെ എണ്ണവ്യവസായം വികസിപ്പിക്കണമെന്നു് വ്യവസ്ഥചെയ്യുന്നു. എന്നാൽ നിയന്ത്രണാധികാരമോ മററുതരത്തിലുള്ള അവകാശമോ വഴിക്കു് സ്വകാര്യസ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ ഗവണ്മെൻറിനു് സൗകര്യംനൽകുന്ന വ്യവസ്ഥയോടുകൂടി സ്വകാര്യമേഖലയുമായി സഹകരിക്കാനുള്ള സാദ്ധ്യത അതിൽ അനുവദിക്കപ്പെടുകയും ചെയ്തിട്ടുണ്ടു്.

ഉത്പാദനത്തിനുള്ള ലൈസൻസ് 256,600 ചതുരശ്രകിലോമീററർ സ്ഥലത്തേക്ക് 20 വർഷക്കാലത്തേക്കാണ് നൽകുന്നതു്. പാട്ടത്തിനുള്ള വ്യവസ്ഥയും അതിനുള്ള സ്ഥലത്തിൻെറ വ്യാപ്തിയും പരസ്പരമുള്ള കരാറനുസരിച്ച് വർദ്ധിപ്പിക്കുവാനും വ്യവസ്ഥ ചെയ്തിരുന്നു.[1]

പാട്ടക്കാരൻ 20,000 രൂപ നിക്ഷേപമായിവയ്ക്കുകയും വാർഷിക ഫീസോ[2] റോയൽട്ടിയോ (ഇതിൽ കൂടുതലേതോ അതു്) നൽകുകയും ചെയ്യേണ്ടതാണ്. എണ്ണയ്ക്കോ വാതകത്തിനോ ഉള്ള റോയൽട്ടി അതു ഖനനം ചെയ്ത ഭൂമിക്കുമുകളിൽ കൊണ്ടുവന്നതിനുശേഷമുള്ള വിലയുടെ 10 ശതമാനമായി നിശ്ചയിച്ചു. ഇതു എണ്ണയോ വാതകമോ, ആയി തന്നെ നൽകുകയും ചെയ്യാമായിരുന്നു. നികുതിനിരക്കും കമ്പനിയിലുള്ള ഗവൺമെൻറിൻെറ അവകാശവും ഇന്ത്യാഗവൺമെൻറുമായി ചർച്ച ചെയ്താണ് നിശ്ചയിക്കുക.[3]

---

1. ആദ്യമായി പാട്ടം അനുവദിച്ചതു്, വെനിസൂല 40 വർഷത്തേക്കും ക്യാനഡ 21 വർഷത്തേക്കും ആണ്. എണ്ണപ്പാടം പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതുവരെ 10 വർഷംവീതം ഇതു നീട്ടിക്കൊടുക്കുന്നതുമാണ്. (പെട്രോളിയം പ്രസ്സ്സർവ്വീസ്, ജനുവരി, 1960, പേജ് 13).

2. പാട്ടത്തുക ഇങ്ങനെയാണ്: പാട്ടത്തിനുള്ള ആദ്യത്തെ 60 ചതുരശ്രമൈലിൽ കൂടുതലായുള്ള സ്ഥലത്തിന് ഏക്കറൊന്നിന് 5 രൂപവീതം; ആദ്യത്തെ 50 ചതുരശ്രമൈലിൽകൂടുതലുള്ള സ്ഥലത്തിന് ഏക്കറൊന്നിന് 10 രൂപ വീതം.

3. 1959 ഏപ്രിൽ മുതൽ 20 ശതമാനംവീതം ഇൻകംടാക്സും, 25 ശതമാനം വീതം കോർപ്പറേററ് ടാക്സും ഇന്ത്യാഗവൺമെൻറ് ഈടാക്കി. (പെട്രോളിയം പ്രസ്സ്സർവ്വീസ്, ജനുവരി 1960, പേജ് 13).

നഷ്ടം ഉണ്ടാകാനിടയുള്ളതു് തടയുന്നതിനുവേണ്ടി ഉല്പാദനപ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനുള്ള അവകാശം ഇന്ത്യാഗവണ്മെൻറിലാണു് നിക്ഷിപ്തമായിട്ടുള്ളതു്. ഗവണ്മെൻറിനു് എണ്ണഖനനം പരിമിതപ്പെടുത്തുകയും എണ്ണക്കിണറുകൾ നിയന്ത്രിക്കുകയും അവ അടച്ചു പൂട്ടിഇടുകയും മററും ചെയ്യാവുന്നതാണു്.[1]

പുതിയ നിയമങ്ങളനുസരിച്ചു്, പാട്ടക്കാരനു് സാധാരണ ഗതിയിലുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ പൈപ്പുലൈനുകളും റോഡുകളും മററും നിർമ്മിക്കാനുള്ള അവകാശം ലഭിച്ചു. എന്നാൽ കയററുമതി നടത്താനോ എണ്ണ ശുദ്ധീകരിക്കാനോ ഇതു പ്രാദേശിക വിപണിയിൽ വില്ക്കാനോ അവർക്കു് അനുവാദം ഉണ്ടായിരുന്നില്ല. ഈ വ്യവസ്ഥകൾ, കരാറിലെ മററു കാര്യങ്ങൾ പോലെ, ഇന്ത്യാഗവണ്മെൻറും ധാതുാന്വേഷണത്തിന്നു് ആനുകൂല്യങ്ങൾ ആരായുന്നവരും സമ്മതിക്കുകയുണ്ടായി.

ഇന്ത്യയിൽ വിദേശമൂലധനത്തിൻെറ വീണ്ടുമുള്ള ആക്രമണത്തിനു് ഇടയാക്കുന്ന നടപടിയാണിതെന്നു് ഇന്ത്യയിലെ പുരോഗമനവിഭാഗം കരുതുകയുണ്ടായി. "ഇത്തരം നടപടി ദേശീയതാത്പര്യത്തിനു് ഹാനികരമായിത്തീരു"മെന്നു് ടി. സി. എൻ. മേനോൻ പാർലമെൻറിൽ പറഞ്ഞു.[2] എണ്ണയന്വേഷണത്തിനും ഉല്പാദനത്തി

---

1. ഒരുതരത്തിലും അസാധാരണമല്ല, ഈ നിയമങ്ങൾ. എണ്ണയുൽപ്പാദിപ്പിക്കുന്ന മററു രാജ്യങ്ങളിലെ നിയമങ്ങളിലും ഇതിനു തുല്യമായ വ്യവസ്ഥകളുണ്ടു് (പെട്രോളിയം പ്രസ്സ് സർവ്വീസ്, ജനുവരി 1960, പേജ് 13).

2. ദി ഹിന്ദുസ്ഥാൻ ടൈംസ്, ഡിസമ്പർ 11, 1959

ന്നംവേണ്ടി വിദേശസ്വകാര്യ കമ്പനികളുമായി ഉണ്ടാക്കുന്ന ഏതു ഗവണ്മെൻറു കരാറിനും പാർലമെന്റിന്റെ അംഗീകാരം വേണമെന്ന ഒരു വകുപ്പ് പുതിയ റൂളുകളിൽ ഉൾപ്പെടുത്തണമെന്ന്, അതേപ്പററി പാർലമെന്റിൽ ചർച്ച നടന്നപ്പോൾ പല മെമ്പറന്മാരും ആവശ്യപ്പെട്ടു. എന്നാൽ ഈ ഭേദഗതി നിരാകരിക്കപ്പെടുകയാണുണ്ടായത്.

1960-ഏപ്രിലിൽ ഇന്ത്യാഗവണ്മെൻറിൻെറ നയത്തെപ്പററി പാർലമെൻറിൽ വീണ്ടും രൂക്ഷമായ വിമർശനമുണ്ടായി. എണ്ണരംഗത്തെ പൊതുമേഖലയുടെ നേട്ടങ്ങൾ നഷ്ടപ്പെട്ടുവരികയാണെന്ന് മേനോൻ പറഞ്ഞു. സ്വകാര്യകമ്പനികളെക്കാൾ കറഞ്ഞ ചിലവിൽ എണ്ണ കണ്ടുപിടിക്കാൻ പബ്ളിക്ക് ഏജൻസികൾക്കു കഴിയുമെന്ന് തെളിയിക്കുവാൻ അദ്ദേഹം കണക്കുകൾ ഉദ്ധരിച്ചു. പലതരത്തിലുള്ള അന്വേഷണങ്ങൾക്കുവേണ്ടി എണ്ണ-പ്രകൃതിവാതകകമ്മീഷൻ ചിലവാക്കിയ തുകയും പശ്ചിമബംഗാളിൽ ഇത്തരം പ്രവർത്തനങ്ങൾക്കായി (അവിടെ അവൾക്ക് എണ്ണ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല) സ്റ്റാൻവാക് ചിലവാക്കിയ തുകയും തമ്മിൽ അദ്ദേഹം താരതമ്യപ്പെടുത്തുകയുണ്ടായി. ഭൂമിയുടെ ഗുരുത്വനിലയെക്കുറിച്ചുള്ള സർവ്വേയ്ക്കു് കമ്മിഷൻെറ ഒരു മാസത്തെ ചിലവ് 14,000 രൂപയായിരുന്നു. എന്നാൽ സ്റ്റാൻവാക്കിൻെറ ഈ ചിലവ് 80,000 രൂപയായിരുന്നു. ഭൂചലനത്തെ സംബന്ധിച്ച സർവ്വേയ്ക്കു് 50,000 രൂപയും ഭൂഗർഭസർവ്വേയ്ക്കു് 14,500 രൂപയുമാണ് കമ്മിഷൻ ചിലവായത്. എന്നാൽ സ്റ്റാൻവാക്കിൻെറ ഈ ചിലവ് യഥാക്രമം 325,000 രൂപയും 35,000 രൂപയുമായിരുന്നു.[1]

---

1. ന്യൂ ഏജ്, ഏപ്രിൽ 17, 1960, പേജ് 4.

വിദേശ സ്വകാര്യമൂലധനത്തിനു് ഇന്ത്യൻപ്രദേശത്തു് എണ്ണയന്വേഷണം നടത്താൻ അനുവാദം നൽകുന്നതു് പൊതുമേഖലയുടെ പങ്കു് കുറയ്ക്കാൻ വേണ്ടിയാണെന്നു് മേനോൻ ആരോപിച്ചു.

എന്നാൽ, വിദേശക്കമ്പനികളും ഇന്ത്യയിലെ വൻകിടബിസിനസ്സുകാരും വലിയ സംതൃപ്തിയോടെ പുതിയ നിയമങ്ങളെ സ്വാഗതം ചെയ്തു.[1] എണ്ണയന്വേഷണവും ഉല്പാദനവും നടത്തുന്നതിനുവേണ്ടി വിദേശ എണ്ണക്കമ്പനികളിൽനിന്നു് നിരവധി നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. എണ്ണയന്വേഷണത്തിനും എണ്ണപ്പാടങ്ങളിലെ പ്രവർത്തനത്തിനും വേണ്ടസ്ഥലം ഇന്ത്യാഗവർമ്മെന്റിൽനിന്നു് പാട്ടമായി വാങ്ങാൻ മിക്കവാറും എല്ലാ പ്രമുഖ കമ്പനികളും ആഗ്രഹിക്കുന്നു എന്നു് 'ജേർണൽ ഓഫ് കോമേഴ്സ്' 1960 മാർച്ചിൽ എഴുതുകയുണ്ടായി. ഇവയിൽ എസ്സോ, കാൽടെക്സ്, ഗൾഫ് ഓയിൽ, സ്റ്റാൻഡാർഡ് ഓയിൽ ഓഫ് ഇന്ത്യാനാ, കോൺടിനെന്റൽ ഓയിൽ, കെർമക്ഗി, റോയൽ ഡച്ച്ഷെൽ, ബർമ്മാ ഓയിൽ, ഇ. എൻ. ഐ. എന്നിവയും ജപ്പാന്റെയും ഫ്രാൻസിന്റെയും പശ്ചിമജർമ്മനിയുടേയും എണ്ണക്കമ്പനികളും ഉൾപ്പെടുന്നു.[2]

---

1. പുതിയ നിയമത്തിൽ ധനപരമായ വ്യവസ്ഥകൾ ഉന്നയിക്കുന്നതിനോടു് പെട്രോളിയം പ്രസ്സ് സർവ്വീസുകാർ മാത്രമാണു് ഖേദം പ്രകടിപ്പിച്ചതു്. ആനുകൂല്യങ്ങളെ സംബന്ധിച്ചു് ഭാവിയിൽ നടക്കുന്ന കൂടിയാലോചനകളിൽ ഇതു് തടസ്സം സൃഷ്ടിക്കുമെന്നും അതിൽ പറഞ്ഞിട്ടുണ്ടു്.
(മേയ് 1960 പേജ് 181).

2. ഇന്ത്യയിൽ എണ്ണയന്വേഷണം നടത്തുന്നതിനു് ആകെ 14 എണ്ണ കമ്പനികൾ താല്പര്യം കാണിച്ചിട്ടുള്ളതായി മാളവ്യ ചൂണ്ടിക്കാണിക്കുന്നു. ഇതിൽ 8 കമ്പനികൾ വ്യക്തമായ നിർദ്ദേശങ്ങൾ വയ്ക്കുകയും ചെയ്തു.

എസ്സോയും ബർമ്മാ ഓയിലുമായിരുന്നു മുൻപന്തിയിൽ. ഇരുപതാംനൂററാണ്ടിന്റെ ആരംഭം മുതൽ ഇവർ ഇന്ത്യയിൽ പ്രവർത്തിച്ചുവരികയായിരുന്നു. ഇന്ത്യയുടെ വിപുലമായ എണ്ണ സമ്പത്തിനെപ്പററി ഇവർക്കു ശരിക്കറിയാമായിരുന്നു. ധാരാളം എണ്ണ-വാതകനിക്ഷേപം ഉണ്ടായിരിക്കാനിടയുള്ള, പാകിസ്ഥാൻ അതിർത്തിക്ക് സമീപത്തായി രാജസ്ഥാനിലെ ജയ്സൽമറിനു സമീപമുള്ള ഒരു പ്രദേശം പാട്ടത്തിനു വേണമെന്ന് എസ്സോ ആവശ്യപ്പെട്ടു. കാവേരി നദീതടത്തിലും ഇവർക്കു നോട്ടമുള്ളതായി അവരുടെ ഇന്ത്യയിലെ ജനറൽമാനേജർ സൂചിപ്പിച്ചു. ഓയിൽ ഇന്ത്യ അന്വേഷണം നടത്താത്ത ആസ്സാമിലെ പ്രദേശങ്ങളിലും, ധാരാളം എണ്ണയുള്ള ഗംഗാതീരത്തിലെ ഒരു പ്രദേശത്തിലും, ഷെൽ കമ്പനി താല്പര്യം കാണിച്ചു.

എണ്ണയന്വേഷണം, ഉല്പാദനം, ശുദ്ധീകരണം എന്നിവയിലുള്ള ആനുകൂല്യങ്ങളെക്കുറിച്ച് ഇന്ത്യാഗവണ്മെൻറുമായി കൂടിയാലോചന നടത്താനും സഹകരണത്തിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കാനും വേണ്ടി 1960-മദ്ധ്യത്തിൽ ഇ. എൻ. ഐ. പ്രസിഡൻറ് ഇന്ത്യയിൽ എത്തി. എണ്ണയന്വേഷണത്തിൽ സേവനമനുഷ്ഠിക്കാമെന്ന് ഇൻസ്റ്റിട്യൂട്ട് ഫ്രാഞ്ചെയ്സ് ദസ് പെട്രോളും പറഞ്ഞു.

ഇ. എൻ. ഐ. യുടെ ഇന്ത്യയിലെ എണ്ണയന്വേഷണപ്രവർത്തനങ്ങൾക്കുവേണ്ടിയും, ബറൗണിയേയും ഡൽഹിയേയും കൽക്കട്ടയേയും തമ്മിൽ ബന്ധിപ്പിക്കുന്ന പൈപ്പുലൈനും ഒരു ലൂബ്രിക്കേററിംഗ് ഓയിൽ പ്ലാൻറും സ്ഥാപിക്കാൻവേണ്ടിയും, ഇ. എൻ. ഐ. യിൽനിന്നു 462 മില്യൻ രൂപ വായ്പയായി ലഭിക്കാനുള്ള ഒരു കരാ

റിൽ 1961 ആഗസ്റ്റിൽ ഇന്ത്യ ഒപ്പുവച്ചു. ഇതിൽ ഒരു ഭാഗം ഇററാലിയൻ മാർക്കററിംഗ് ഉപകരണത്തിനും പ്ലാൻറിനുംവേണ്ടി ഉപയോഗിക്കപ്പെടുന്നതാണ്.

ഈ വായ്പയനുസരിച്ച്, എണ്ണ-പ്രകൃതിവാതക കമ്മിഷൻെറ ഒരു കോൺടാക്ടറായി ഗംഗാനദീതടത്തിൽ പരീക്ഷണാർത്ഥമുള്ള എണ്ണഖനനം നടത്താമെന്ന് 1962-ൽ ഇ. എൻ. ഐ. സമ്മതിച്ചു. ബീഹാറിലും (റെക്സാളിനു സമീപം) പഞ്ചാബിലും അവർ എണ്ണ ഖനനം ആരംഭിക്കുകയും ചെയ്തു.[1] ഒരു കോൺടാക്ടറായി പ്രവർത്തിക്കുന്നതുകൊണ്ട് ഇ. എൻ. ഐ. ക്കു് അവർ കണ്ടുപിടിക്കുന്ന എണ്ണയുടേയോ വാതകത്തിൻേറയോ മേൽ അവകാശമില്ല. എണ്ണപ്പാടങ്ങളിലെ പ്രവർത്തനങ്ങളുടെ അവകാശങ്ങൾ മുഴുവൻ ഇന്ത്യാഗവണ്മെൻറിലാണ് നിക്ഷിപ്തമായുള്ളതു്. ഇ. എൻ. ഐ. ക്കു് നേരിടുന്ന ചിലവുകളും വിദേശനാണ്യവും (സ്പെഷ്യലിസ്ററുകളുടെ സേവനം, ഉപകരണം തുടങ്ങിയവയ്ക്കു് വേണ്ടിവന്നതു്) കമ്മിഷൻ

---

1. ദി ടൈംസ് ഓഫ് ഇന്ത്യ, മേയ് 15, 1963. 166 കിലോമീററർ നീളം വരുന്ന 3 ഗ്യാസ് പൈപ്പ് ലൈനുകൾ ഗുജറാത്തിലും, മൊത്തം 1900 കിലോമീറററിൽ അധികം നീളംവരുന്ന 4 പൈപ്പുലൈനുകൾ ഗുജറാത്ത്, പശ്ചിമബംഗാൾ, ആസ്സാം എന്നിവിടങ്ങളിലും 100 കിലോമീററർ നീളംവരുന്ന ഒരു ഓയിൽ പൈപ്പുലൈൻ ഗുജറാത്തിലും സ്ഥാപിക്കുന്നതിനുവേണ്ടി ഇ. എൻ. ഐ. യും അതിൻെറ സഹായക കമ്പനിയായ സ്നാമും ഇന്ത്യാഗവർമ്മെൻറുമായി 1962-ലും 1963-ലും പല കരാറുകളിൽ ഒപ്പുവച്ചു (ദി ഹിന്ദുസ്ഥാൻ ടൈംസ്, ജനുവരി 23, 1963; ദി എക്കണോമിക് ടൈംസ് ആഗസ്റ്റ് 1, 1963).

നൽകുന്നതാണ്. ഇതിന് ഇ. എൻ. ഐ. നൽകുന്ന വായ്പ കമ്മിഷൻ ഉപയോഗപ്പെടുത്തുന്നതാണ്.

1961 സെപ്തംബർ 12-ാംതീയതി, ഇതേ വ്യവസ്ഥകളനുസരിച്ച്, ഇന്ത്യയിലേയും ഫ്രാൻസിലേയും ഗവണ്മെൻറുകൾ തമ്മിൽ ഒരു കരാറിൽ ഒപ്പുവച്ചു. വിദേശനാണ്യച്ചിലവുകൾക്കായി ഇതനുസരിച്ച് ഇന്ത്യയ്ക്കു് 40 മില്യൻ രൂപ വായ്പയായി ലഭിച്ചു.

ഇതിൽ ഇൻസ്റ്റിട്യൂട്ട് ഫ്രാഞ്ചെയിസ് ദസ് പെട്രോൾസ് ആയിരുന്ന കോൺട്രാക്ടർ. ഇന്ത്യൻ സ്പെഷ്യലിസ്റ്റുകളുമായിച്ചേർന്ന് ഫ്രഞ്ചുസ്പെഷ്യലിസ്റ്റുകൾ രാജസ്ഥാനിലെ ജയ്സൽമറിൽ എണ്ണയന്വേഷണം നടത്തുവാനും കരാറിൽ വ്യവസ്ഥയുണ്ടായിരുന്നു.

കച്ച് ഉൾക്കടൽ പ്രദേശത്തു് എണ്ണയന്വേഷണവും എണ്ണപ്പാടങ്ങളിലെ പ്രവർത്തനവും നടത്താനുള്ള അനുവാദം വാങ്ങുന്നതിലും ഇ. എൻ. ഐ. താല്പര്യം കാണിച്ചു.

1961-ലെ ആദ്യത്തെ ആറുമാസക്കാലത്തു്, ആസ്സാമിൽ എണ്ണയന്വേഷണവും ഉല്പാദനവും നടത്തുവാൻ അനുവാദം നൽകുന്നതിനെക്കുറിച്ച് ബർമ്മാ ഓയിൽ കമ്പനിയും ഇന്ത്യാഗവണ്മെൻറും തമ്മിൽ കൂടിയാലോചന നടന്നു. ഒരു പ്രത്യേക കരാർ 1962 ജൂലായിൽ ഒപ്പുവയ്ക്കപ്പെട്ടു. ഇതനുസരിച്ച്, ഓയിൽ ഇന്ത്യയിലുള്ള ഇന്ത്യയുടെ അവകാശം മൂന്നിലൊന്നിൽനിന്ന് രണ്ടിലൊന്നാക്കാമെന്നു് ബർമ്മാ ഓയിൽ സമ്മതിച്ചു. ഇതിനു പകരമായി ഓയിൽ ഇന്ത്യയ്ക്കു് ഇന്ത്യാഗവണ്മെൻറ് പുതിയ ആനുകൂല്യങ്ങൾ നൽകി. ആസ്സാമിൽ മൊത്തം 4800 ചതുരശ്രകിലോമീററർ സ്ഥലത്തു്, അഥവാ അവർക്കു് നേരത്തെയു

ണ്ടായിരുന്നതിന്റെ മൂന്നിരട്ടി സ്ഥലത്തു്, എണ്ണയന്വേഷണവും ഖനനവും നടത്തുവാനുള്ള അനുവാദമായിരുന്നു; ഇതു്. ഭാവിയിലുള്ള ലാഭത്തിന്റെ ഏററവും കുറഞ്ഞതും കൂടിയതുമായ തുകയും തീരുമാനിക്കപ്പെട്ടു—നികുതികളെല്ലാം ഒടുക്കുകയും കിഴിവുകൾ കഴിക്കുകയും ചെയ്തശേഷം നിക്ഷേപമൂലധനത്തിന്റെ 9 ശതമാനം മുതൽ 13 ശതമാനംവരെ വരുന്ന തുകയായിരുന്നു ഇതു്.[1] എണ്ണയന്വേഷണത്തിനുള്ള ചിലവുകൾ, ആദായനികുതിയിൽ തട്ടിക്കഴിക്കുവാനുള്ള അവകാശവും ബർമ്മാ ഓയിലിന്നു് നൽകപ്പെട്ടു. ഓയിൽ ഇന്ത്യയുടെ ബോർഡിൽ എട്ടു് അംഗങ്ങൾ (ഇരുകൂട്ടർക്കും 4 പേർ വീതം) ആണുള്ളതു്. ചെയർമാൻ ഓരോ വർഷവും ഓരോ കൂട്ടരുടേതായി മാറിമാറിവരും. മാനേജിംഗ് ഡയറക്ടറും ഫൈനാൻഷ്യൽ മാനേജരും നാലുവർഷത്തിലൊരിക്കൽ ഓരോ കൂട്ടരുടേതായി മാറിമാറിവരും. പുതിയ എണ്ണപ്പാടങ്ങളിലെ എണ്ണയുല്പാദനത്തിനു് ആവശ്യമായിവരുന്ന വിദേശനാണ്യച്ചിലവു് വഹിക്കാമെന്നു് ബർമ്മാ ഓയിൽ സമ്മതിച്ചു. എന്നാൽ ഉറുപ്പികയിനത്തിൽ വരുന്ന ചിലവുകൾ ഇന്ത്യാഗവണ്മെൻറിന്നു് ഏല്ക്കേണ്ടിവന്നു.

ഖനനംചെയ്യപ്പെടുന്ന എണ്ണയെല്ലാം രണ്ടു് ഏജൻസികൾക്കുമായി—ഇന്ത്യൻ റിഫൈനറീസും ബ്രിട്ടീഷ് ആസ്സാം ഓയിൽ കമ്പനിയും—അവരുടെ ആവശ്യമനുസരിച്ചു് തുല്യമായ വിലയ്ക്കു വില്ക്കേണ്ടതാണു്. എന്നാൽ,

---

1. ഇന്ത്യയിലെ വ്യാവസായിക കമ്പനികളെ സംബന്ധിച്ചിടത്തോളം ഈ കണക്കു് ചരക്കുകളുടെ എക്സ്-പ്ലാൻറ് പ്രൈസ്സിന്റെ 5—6 ശതമാനമായിരുന്നു (ദി കോമേഴ്സ്, ജൂലൈ 15, 1961, പേജ് 106).

ആസ്സാമിലെ ബ്രിട്ടീഷ് എണ്ണശുദ്ധീകരണശാലയുടെ ഏതെങ്കിലും തരത്തിലുള്ള വികസനത്തിനു് കരാറിൽ വ്യവസ്ഥയൊന്നും ഉണ്ടായിരുന്നില്ല.

കരാറിൽ ഇങ്ങനെ വ്യവസ്ഥയുണ്ടായിരുന്നില്ലെങ്കിലും 'പങ്കാളികളായിരിക്കാൻ ഞങ്ങൾ സമ്മതിക്കുന്നിടത്തോളം കാലം ഏർപ്പാടുകൾ (അറേയ്ഞ്ചുമെൻറ്)തുടരും' എന്നായിരുന്നു മാളവ്യയുടെ അഭിപ്രായം.[1]

ഇങ്ങനെ, കരാർ അനുസരിച്ചു്, ആസ്സാമിലെ ഏററവും സമ്പന്നമായ നഹോർകാട്ട്യ-മൊറാൻ എണ്ണപ്പാടങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ഇന്ത്യാഗവണ്മെൻറിനു് തുല്യമായ ഒരു പങ്കാളിത്തമുണ്ടായി. എണ്ണരംഗത്തെ സ്റ്റേററുമേഖല ശക്തിപ്പെട്ടതുകൊണ്ടാണു് ചർച്ചകൾക്കു് അനുകൂലമായ ഫലമുണ്ടായതു് എന്നതിൽ സംശയമില്ല. ഓയിൽ ഇന്ത്യയ്ക്കു ലഭിച്ച ആനുകൂല്യംകൊണ്ടു് രുദ്രസാഗറിൽ എണ്ണ കണ്ടുപിടിക്കാൻ കഴിഞ്ഞതും ഇതിനുള്ള ഒരു പ്രധാന കാരണമാണു്. ഓയിൽ ഇന്ത്യ ഖനനം ചെയ്യുന്ന എണ്ണ ശുദ്ധീകരിക്കുന്നതിലും എണ്ണയുത്പന്നങ്ങൾ വിപണനം ചെയ്യുന്നതിലും, ബ്രിട്ടീഷ് പങ്കാളിത്തം ലഭിക്കാനുള്ള വ്യവസ്ഥകൾ കുത്തിത്തിരുകാൻ ബ്രിട്ടീഷ് സ്ഥാപനത്തിനുണ്ടായിരുന്ന ആഗ്രഹം ഇന്ത്യാഗവണ്മെൻറു് നിരാകരിക്കുകയുംചെയ്തു. എന്നാൽ നഹോർകാട്ട്യ-മൊറാൻ എണ്ണപ്പാടങ്ങൾക്കകത്തു സമൃദ്ധിയായി എണ്ണയുള്ള ചില പ്രദേശങ്ങളിൽ, എണ്ണ ഖനനംചെയ്യുവാനുള്ള അനുവാദം ബർമ്മാ ഓയിലിനു് നൽകിയതുമൂലം ഇന്ത്യയുടെ നേട്ടങ്ങൾക്കു കോട്ടംതട്ടി. ഈ പ്രദേശത്തു് 1963-ൽ ഉണ്ടാ

---

1. ഇന്ത്യൻ എക്സ്പ്രസ്സ്, ജൂൺ 2, 1961.

യിരുന്ന 171 എണ്ണക്കിണറുകളിൽ 132 കിണറുകൾ എണ്ണയോ വാതകമോ ഉള്ളതായിരുന്നു. ബാക്കിയുള്ള 22 കിണറുകളെപ്പററി പരിശോധന നടക്കുകയാണ്. ഇവിടെ 17 കിണറുകൾ മാത്രമാണ് ശൂന്യമായി കാണപ്പെട്ടത്.[1]

1963-ൽ, ഓയിൽ ഇന്ത്യ 750,000 ടൺ എണ്ണയുല്പാദിപ്പിച്ചു.[2] ഇതു് 3 മില്യൻ ടണ്ണാക്കി വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടെന്നു് ഇന്ത്യയിലെ പത്രങ്ങൾ റിപ്പോർട്ടു ചെയ്തു.[3] എണ്ണപ്പാടങ്ങളെ ഗൗഹതിയിലും ബറൗണിയിലും സ്റ്റേറ്റുടമയിലുള്ള എണ്ണശുദ്ധീകരണശാലകളുമായി ബന്ധിപ്പിക്കുന്ന, 1150 കിലോമീററർ വരുന്ന ഒരു പൈപ്പ്ലൈനിൻെറ പ്രവർത്തനം 1963 മദ്ധ്യത്തിൽ ആരംഭിച്ചു.[4]

സേവനസന്നദ്ധത പ്രകടിപ്പിച്ച മററു നിരവധി എണ്ണക്കമ്പനികളുമായും ഗവൺമെൻറു് സംഭാഷണമാരംഭിച്ചു. പരസ്പരം പ്രയോജനകരമായ വ്യവസ്ഥകൾ സ്വകാര്യ-വിദേശപ്രവർത്തകർക്കു് അനുവദിക്കാമെന്ന പ്രഖ്യാപിതാഭിപ്രായത്തോടെയാണ് ഗവൺമെൻറു് ഇങ്ങനെ ചെയ്തതു്. എന്നാൽ, "സാർവ്വദേശീയ എണ്ണക്കമ്പനികളുടെ യഥാർത്ഥത്തിലുള്ള ലക്ഷ്യം പുതിയ സ്ഥലങ്ങളിൽ എണ്ണയന്വേഷണം നടത്തുകയെന്നതല്ലെന്നും, എണ്ണയുണ്ടെന്നു് ബോദ്ധ്യമായിക്കഴിഞ്ഞ സ്ഥലത്തെ, ബോദ്ധ്യമാകാറായ സ്ഥലത്തെ, ആധിപത്യം ഉറപ്പിക്കുക എന്നതാണെന്നും" ഇന്ത്യാ

1. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ജനുവരി 7, 1964.
2. ,, ,,
3. ട്രിബ്യൂൺ, ജൂൺ 12, 1963.
4. ആസ്സാം ട്രിബ്യൂൺ, ജൂൺ 23, 1963.

ഗവൺമെൻറിന് വേഗം മനസ്സിലായി. ഇന്ത്യയിലെ സ്റ്റേററ് സംഘടനകൾ എണ്ണ കണ്ടുപിടിച്ച പ്രദേശങ്ങൾ പാട്ടത്തിന് വേണമെന്ന വിചിത്രമായ ഒരു ആവശ്യം കുത്തകകൾ മുന്നോട്ടുവച്ചു. നികുതിയുടേയും, സൗജന്യങ്ങളുടേയും കാര്യത്തിൽ കുറെക്കൂടി മയമുള്ള ഒരു നയം വേണമെന്നും കുത്തകകൾ ആവശ്യപ്പെട്ടു. അറബ്‌രാജ്യങ്ങളുമായുള്ള തങ്ങളുടെകരാറുകളിൽ ഉള്ളതുപോലെ, ഒററയ്ക്കു എണ്ണയന്വേഷണം നടത്താനുള്ള അവകാശം ലഭിക്കുകയും ലാഭം പകുതിവീതം പങ്കിടുകയും ചെയ്യണമെന്ന് അവർ ആവശ്യപ്പെട്ടു. ഇന്ത്യയിൽ എണ്ണഖനനവും ശുദ്ധീകരണവും അവ കയററിക്കൊണ്ടുപോകാനുള്ള ഏർപ്പാടും, വില്പനയും നടത്തുന്നതിൻെറ കുത്തക നേടിയെടുക്കാൻ വേണ്ടിയായിരുന്നു അവരിങ്ങനെ ശ്രമിച്ചതു്. എണ്ണപ്പാടങ്ങളുടെ പാട്ടത്തിൻെറ കാലാവധി 30-ൽനിന്ന് 50 വർഷമാക്കി വർദ്ധിപ്പിക്കണമെന്നും അവർ നിർബന്ധിച്ചു.[1]

ഇന്ത്യയിലെ വിദേശക്കമ്പനികളുടെ നയം എന്താണെന്ന് ജയ്സൽമറിലെ (രാജസ്ഥാൻ) എണ്ണയന്വേഷണത്തെ സംബന്ധിച്ച് ഇന്ത്യാഗവൺമെൻറുമായി ചർച്ച നടത്തിയപ്പോൾ എസ്സോ സ്റ്റാൻഡാർഡ് സ്വീകരിച്ച നിലപാടിൽനിന്നു വ്യക്തമാകുന്നു. അവരുടെ പിടിവാശിമൂലം ഇന്ത്യാഗവർമ്മെൻറിന് ഈ ചർച്ചകൾ നിർത്തിവെയ്ക്കേണ്ടിവന്നു. ഓഹരിയുടെ അവകാശങ്ങൾ, ലാഭവീതം, മാനേജുമെൻറ് എന്നിവയുൾപ്പെടെ അജണ്ടയിലെ ഒരു ഇനത്തെക്കുറിച്ചും കരാർ ഉണ്ടായില്ല.[2] അവ

1. ഇന്ത്യൻ പെട്രോളിയം, പേജ് 32.

2. ദി എക്കണോമിക് ടൈംസ് മേയ് 12, 1961.

രുന്നയിച്ച വ്യവസ്ഥകൾ ദേശീയതാത്പര്യത്തിന് എതിരായിരുന്നു.[1]

വിദേശ കുത്തകമൂലധനത്തോടുള്ള ഇന്ത്യയുടെ നിലപാട് സൗമ്യമുള്ളതാക്കാനും, എണ്ണയന്വേഷണത്തിനുള്ള പങ്കാളിത്തത്തിൽ കൂടുതൽ അനുകൂലമായ വ്യവസ്ഥകൾ നേടിയെടുക്കാനും, ഇന്ത്യാഗവണ്മെൻറുമായി ചർച്ച നടത്തിയപ്പോൾ പാശ്ചാത്യ കമ്പനികൾ ശ്രമിക്കുകയുണ്ടായി. സ്റ്റേറ്റുടമയിൽ എണ്ണ ശുദ്ധീകരണവും വിപണനവും വികസിപ്പിക്കുന്നതിന് മുൻഗണന നൽകുക എന്ന നയം ഇന്ത്യാഗവണ്മെൻറിനെക്കൊണ്ടു ഉപേക്ഷിപ്പിക്കുവാനും അവർ പരിശ്രമിച്ചു. എണ്ണഖനനത്തിനും ശുദ്ധീകരണത്തിനും വിപണനത്തിനുമുള്ള അവകാശങ്ങൾക്ക് ഉറപ്പു ലഭിച്ചില്ലെങ്കിൽ എണ്ണയന്വേഷണത്തിനായി വലിയ കമ്പനികളൊന്നും മൂലധനം നിക്ഷേപിക്കുകയില്ലെന്നും അവർ സൂചിപ്പിച്ചു.[2]

വിദേശത്തുനിന്ന് ധാരാളം "നല്ല ഉപദേശങ്ങളും" ഉണ്ടായിരുന്നു. പുനർനിർമ്മാണത്തിനും വികസനത്തിനും വേണ്ടിയുള്ള സാർവ്വദേശീയബാങ്കിൻെറ ഒരു വിദഗ്ദ്ധസംഘം സന്ദർശനത്തിനും പഠനത്തിനുമായി 1960-ലെ വസന്തകാലത്ത് ഇന്ത്യയിലെത്തി. "ഇന്ത്യയുടെ നിലവിലുള്ള നയംകൊണ്ടു് വേണ്ടത്ര വേഗതയിൽ പുരോഗതി നേടാൻ കഴിയുകയില്ലെന്നും........കഴിയുന്നത്ര വേഗം ഉല്പാദിപ്പിക്കുന്നതിലും കഴിയുന്നത്ര കൂടുതൽ ഉല്പാദിപ്പിക്കുന്ന

1. പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യ, ആഗസ്റ്റ് 17, 1961.
2. ദി കോമേഴ്സ്, ജൂലൈ 15, 1961; ആഗസ്റ്റ് 26, 1961. പേജ് 386.

തിലും ഊന്നൽ നൽകണമെന്നും, ആരു് ഉല്പാദിപ്പിക്കുന്നു എന്നതിൽ ഊന്നൽ നൽകരുതെന്നും" ഇവർ റിപ്പോർട്ടു ചെയ്തു. എണ്ണയന്വേഷണത്തിനും ഖനനത്തിനും വലിയ മുതൽമുടക്കു വേണ്ടിവരുമെന്നതു പരിഗണിച്ചു്, രാജ്യത്തെ എണ്ണവികസനത്തിന്റെ ചുമതല "കഴിയുന്നത്ര കൂടുതൽകക്ഷികളെ ഏല്പിക്കണം" എന്നായിരുന്നു ഇവരുടെ ശുപാർശ.[1]

വർത്തമാനപ്പത്രങ്ങളും മാസികകളും ഇന്ത്യാഗവണ്മെന്റിനെ ധാരാളമായി ഉപദേശിച്ചു. സ്റ്റേറ്റുടമയിലുള്ള എണ്ണവ്യവസായം വികസിപ്പിക്കുക എന്ന നയം ഉപേക്ഷിക്കണമെന്നും വിദേശ എണ്ണക്കമ്പനികളുടെ "സന്മനോഭാവത്തെ" ആശ്രയിക്കണമെന്നും, ഇങ്ങനെ ചെയ്യുന്നതുമൂലം ലഭ്യമായ സമ്പത്തുകൊണ്ടു് പ്രതിരോധത്തിനുള്ള വ്യവസായങ്ങൾ വളർത്തി സായുധസേനയെ ശക്തിപ്പെടുത്തണമെന്നും ആയിരുന്നു ഉപദേശം. കോമേഴ്സ് എന്ന മാസിക നിസങ്കോചം ഇങ്ങനെ ചോദിച്ചു: ഇന്ത്യക്കു് "അതിന്റെ സൈനികശക്തി വർദ്ധിപ്പിക്കാൻ ധനം ആവശ്യമുള്ള ഒരു സമയത്തു്, പരസ്പരം പ്രയോജനകരമായ വ്യവസ്ഥകളോടെ എണ്ണയന്വേഷണം മുതൽ വില്പനവരെയുള്ള കാര്യങ്ങളിൽ ശ്രദ്ധിച്ചു് പെട്രോളിയം വ്യവസായം വളത്താൻ വേണ്ടി ധനസഹായം നൽകാമെന്നു് സമ്മതിക്കുന്ന അമേരിക്കയേയും ബ്രിട്ടനേയും പോലുള്ള സുഹൃത്‌രാജ്യങ്ങളിലെ നിക്ഷേപകർ ഉള്ള സമയത്തു്," പൊതുമേഖലയിൽ എണ്ണവ്യവസായം വികസിപ്പിക്കുന്നതിന്റെ ഭാരം കൂടി ഇന്ത്യ ഏറ്റെടുക്കുന്നതു ശരിയാണോ?[2]

---

1. ദി ഹിന്ദുസ്ഥാൻ ടൈംസ്, ആഗസ്റ്റ് 31, 1960
2. ദി കോമേഴ്സ്, ജനുവരി 1, 1963.

പുനർനിർമ്മാണത്തിനും വികസനത്തിനും വേണ്ടിയുള്ള സാർവ്വദേശീയബാങ്കിൽനിന്നും ഇതുപോലുള്ള ഉപദേശം ഉണ്ടായി. ഹിമാലയത്തിലെ സൈനികപ്രവത്തനത്തിൻെറ പുതിയ ഭാരം കൂടിയുള്ളതുകൊണ്ടു് പെട്രോളിയം നയത്തെപ്പററി ഇന്ത്യ പുനഃപരിശോധന നടത്തേണ്ടതിൻെറ പ്രാധാന്യം മുമ്പെന്നത്തേതിലും കൂടുതലായി ഇന്നു വർദ്ധിച്ചിരിക്കുന്നു എന്നു് ബാങ്കിൻെറ പ്രസിഡൻറു് യൂജിൻ ആർ. ബ്ലാക്കു് 'ഫൈനാൻഷ്യൽ എക്സ്പ്രസ്സി" നോടു് പ്രസ്താവിച്ചു.

ആംഗ്ലോ-അമേരിക്കൻ കുത്തകകളുടെ പ്രധാന ഉപദേഷ്ടാവും, അമേരിക്കൻ ഗവണ്മെൻറിൻെറ എണ്ണനയം കൈകാര്യം ചെയ്യുന്ന കൗൺസിലറുമായ, വാൾട്ടർ ലവിയുടെ "സൈദ്ധാന്തികനിരൂപണങ്ങളിൽ" (തിയററിട്ടിക്കൽ ഡിസ്കവിസിഷൻസ്) നിന്നാണു് വിദേശമൂലധനത്തിനു് വലിയ അവകാശങ്ങൾവേണമെന്നു വാദിക്കുന്ന പ്രമുഖന്മാർ "ആയുധങ്ങൾ" കണ്ടെടുക്കുന്നതു്. വാൾട്ടർ ലവി 1959-ൽ ഇന്ത്യാഗവണ്മെൻറിൻെറ ക്ഷണമനുസരിച്ചു് ഇന്ത്യ സന്ദർശിക്കുകയുണ്ടായി. അതിനുശേഷം, ഇന്ത്യയുടെ വ്യവസായവികസനത്തിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചു് അദ്ദേഹം ഒരു റിപ്പോർട്ടു തയ്യാറാക്കിയിട്ടുണ്ടു്. അതു് സമയത്തു പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ, അദ്ദേഹത്തിൻെറ റിപ്പോർട്ടുകളെക്കുറിച്ചു ലോകപത്രങ്ങളിൽ പിന്നീടു് വിമർശനങ്ങൾ വന്നു. ഇന്ത്യയിലേയും മററു വികസ്വരരാജ്യങ്ങളിലേയും എണ്ണവ്യവസായം വളർത്തുന്നതിലുള്ള അദ്ദേഹത്തിൻെറ നിലപാടു് എന്താണെന്നു് ഇങ്ങനെ വ്യക്തമായി. പുനർനിർമ്മാണത്തിനും വികസനത്തിനും വേണ്ടിയുള്ള സാർവ്വദേശീയബാങ്കിനു വേണ്ടി അദ്ദേഹം തയ്യാറാക്കിയ റിപ്പോർട്ടു് നോക്കുക. എണ്ണയ

ന്വേഷണത്തിനുള്ള ബുദ്ധിമുട്ടുകളും, ഒരു ദേശീയ എണ്ണ വ്യവസായം കെട്ടിപ്പടുക്കാൻവേണ്ടിവരുന്ന ചിലവിന്റെ ഭാരവും പർവ്വതീകരിച്ച് വായനക്കാരെ വിരട്ടാനാണ് തുടക്കത്തിൽതന്നെ ലവി ശ്രമിച്ചിട്ടുള്ളതു്. എണ്ണയ്ക്കു വേണ്ടി നിക്ഷേപിക്കുന്ന തുകയ്ക്കു കിട്ടുന്ന പ്രതിഫലം വളരെ ചെറുതാണെന്നു് കാണിക്കാൻ അദ്ദേഹം പല ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ടു്. പൊതുമേഖലയിൽ എണ്ണവ്യവസായം വികസിപ്പിക്കുവാൻ ശ്രമിക്കുന്ന രാജ്യങ്ങൾക്കു്, മൂലധനക്കുറവുകാരണം, പരാജയം പററാനിടയുണ്ടെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹം ഇങ്ങിനെ തുടരുന്നു:–"ഒരു വികസ്വരരാജ്യത്തു് സ്കൂളുകൾ, ആശുപത്രികൾ, വീടുകൾ, റോഡുകൾ, പവ്വർസ്റ്റേഷനുകൾ, തുടങ്ങിയവ അത്യാവശ്യമാണ്. ന്യായം നോക്കിയാൽ ഇതു് സ്വകാര്യസംരംഭംവഴി ഉണ്ടാകുമെന്നു പ്രതീക്ഷിക്കാൻ പററുകയില്ല. ഈ രംഗങ്ങളിൽനിന്നു് മാറിനിന്നു്, സ്വകാര്യസംരംഭങ്ങൾക്കു് സന്നദ്ധതയും സഹായിക്കാനുള്ള കഴിവുമുള്ള രംഗങ്ങളിൽ രാജ്യത്തിന്റെ ദുർലഭമായ മൂലധനം ചിലവാക്കിയാൽ, രാജ്യത്തിൻെറ സാമ്പത്തിക-സാമൂഹ്യ പുരോഗതി പുറകോട്ടു വലിക്കപ്പെട്ടും." 1 എണ്ണയുല്പാദനരംഗത്തു പ്രവർത്തിക്കാൻ കഴിയുന്ന വ്യക്തികളുടെ കുറവുകാരണം ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളെപ്പററിയും അദ്ദേഹം 'മുന്നറിയിപ്പു' നൽകിയിട്ടുണ്ടു്. എണ്ണയ്ക്കു വേണ്ടി പാഴ്ക്കിണറുകൾ കഴിക്കാൻ ഇടയാകുന്നതുമൂലം പൊതുധനത്തിനുണ്ടാകുന്ന നഷ്ടം നേരിടുന്നതുകൊണ്ടു് ഗവണ്മെൻറിനു് തീർച്ചയായും രാഷ്ട്രീയമായ കുഴപ്പങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. എണ്ണയന്വേഷണ

---

1. ദി കോമേഴ്സ്, ഏപ്രിൽ 22, 1961, പേജ് 744

ത്തിൽ ഏർപ്പെട്ടിട്ടുള്ള സ്റ്റേറ്റുടമയ്ക്കു് എണ്ണയന്വേഷണം കുറയ്ക്കേണ്ടതായും വരും. ഇതിനു് ലവി കാണുന്ന ഏക പരിഹാരമാർഗ്ഗം, വൻകിടവിദേശക്കമ്പനികളെ ഇതിൽ പങ്കെടുപ്പിക്കുകഎന്നതാണു്. അദ്ദേഹം വിശേഷിപ്പിക്കുന്ന ദേശീയഗവണ്മെൻറുകളും വൻകിടകുത്തകകളും തമ്മിലുള്ള 'ഫലപ്രദമായ' സഹകരണത്തിനു് ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. അനുയോജ്യമായ നടപടികൾ ഉണ്ടാകുമ്പോൾ, ഇത്തരം സഹകരണംവഴി എണ്ണവിതരണം ത്വരിപ്പിക്കാൻ കഴിയും. ഇതു്, സ്വാഭാവികമായും, എണ്ണക്കമ്പനികളുമായുണ്ടാക്കുന്ന പരസ്പരം പ്രയോജനകരമായ കരാറുകളെ—മൂലധനത്തിനു് ന്യായമായ പ്രതിഫലവും, നിക്ഷേപങ്ങൾക്കു് ഉറപ്പും, എണ്ണയന്വേഷണത്തിൻേറയും ഉല്പാദനത്തിന്റേയും എല്ലാ ഘട്ടങ്ങളിലും അവകാശങ്ങളേയും കടപ്പാടുകളേയും കുറിച്ചുള്ള സ്ഥിരീകരണവും, ആണു് എണ്ണക്കമ്പനികൾക്കു വേണ്ടതു്—അടിസ്ഥാനപ്പെടുത്തിയുള്ളതാണു്. "ഓയിൽ ടെക്നിക്കുകളെ" സംബന്ധിച്ചു് ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ 1962 ഫെബ്രുവരിയിൽ നടന്ന സെമിനാറിൽ പ്രകടിപ്പിക്കപ്പെട്ട അഭിപ്രായങ്ങൾ തന്നെയാണു് ലവിയും പറഞ്ഞിട്ടുള്ളതു്.[1]

ലവിയുടെ വാദങ്ങളിലേയ്ക്കുതന്നെ തിരിച്ചുപോകുക. മൂലധനനഷ്ടം നേരിടാൻ ഇടയുള്ള ഒരു സാഹസിക കർമ്മമാണു് എണ്ണയന്വേഷണമെന്നു് അദ്ദേഹം പറയുന്നു. നാല്പതമ്പതു വർഷങ്ങൾക്കുമുമ്പ്, സാങ്കേതികസൗകര്യങ്ങൾ തീരെ മോശമായിരുന്നപ്പോൾ, മൂലധനത്തിനു് വലിയ നഷ്ടം നേരിട്ടു എന്നു പറയുന്നതു് ശരിയാണു്. അന്നു്

1. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ഫെബ്രുവരി 22, 1962.

ഈ ശ്രമങ്ങളുടെ ഫലത്തെപ്പററി ഒരിക്കലും മുൻകൂട്ടി പറയുവാനും കഴിയുമായിരുന്നില്ല. എന്നാൽ ഇന്നു്, ഭൂഗർഭശാസ്ത്രം വളരുകയും ആധുനിക ഭൗതികശാസ്ത്രം (വിശേഷിച്ചു് ഭൂചലനം, ഭൂമിയുടെ ഗുരുത്വനില എന്നിവയുടെ സർവ്വേയ്ക്കുള്ള രീതികൾ) പ്രാവർത്തികമാകുകയും ചെയ്തതുമൂലം എണ്ണയന്വേഷണത്തിനു് ശാസ്ത്രീയമായ ഒരു ഉറച്ച അടിസ്ഥാനമുണ്ടായിട്ടുണ്ടു്. ഇങ്ങനെ എണ്ണയന്വേഷണം, സാധാരണരീതിയിലുള്ള ഒരു ഉത്പാദനപ്രക്രിയയായി മാറിയിട്ടുണ്ടു്. "മാസികകളിലെ കഥകളിലും, സർവ്വപ്രിയമായ പുരാണങ്ങളിലും, സാഹസികമായ താല്പര്യംകൊണ്ടോ പെട്ടെന്നു് ധനവാനാകാനുള്ള ആഗ്രഹംകൊണ്ടോ എണ്ണയന്വേഷണത്തിലേയ്ക്കു് ആകർഷിക്കപ്പെടുന്ന പലരുടേയും മനസ്സിലും, പെട്രോളിയം അന്വേഷണം ഒരു വലിയ ചൂതുകളിയാണു്" എന്നു് അമേരിക്കൻ ഭൂഗർഭശാസ്ത്രജ്ഞനായ എഡ്ഗാർ ഡബ്ലിയു. ഓവൻ പറയുന്നു. "ശ്രദ്ധാപൂർവ്വം തുക മുടക്കുന്ന ഒരാളിനും, ഉത്തരവാദിത്വമുള്ള ഒരു മാനേജർക്കും എണ്ണയന്വേഷണം ബിസിനസ്സപരമായ ഒരു സാഹസമാണു്. ഇതിൽ ബുദ്ധിമുട്ടുകൾ കണക്കാക്കപ്പെടുന്നു. നിശ്ചിതസമയത്തിനുള്ളിൽ കിട്ടാൻ ഇടയുള്ളതോ നേരത്തെ ഉറപ്പിക്കാൻ കഴിയുന്നതോ ആയ പ്രതിഫലമാണു് ഇതിൽ പ്രതീക്ഷിക്കുന്നതു്.[1]

ക്യാംബേയിലെ എണ്ണ കണ്ടുപിടിക്കുന്നതിലും, അതു് വികസിപ്പിക്കുന്നതിലും ഉണ്ടായ വിജയത്തെപ്പററി നാലാം അദ്ധ്യായത്തിൽ ഞാൻ വിവരിച്ചിട്ടുണ്ടു്. ഇന്ത്യൻ

---

1. എക്കണോമിക്സ് ഓഫ് പെട്രോളിയം എക്സ്പ്ലൊറേഷൻ, ഡവലപ്പ്മെൻറ് ആൻറ് പ്രോപ്പർട്ടി ഇവാല്യവേഷൻ. ഇൻറർനാഷണൽ ഓയിൽ ആൻറ് ഗ്യാസ് എജ്യൂക്കേഷണൽ സെൻറർ, പ്രെൻറസ് ഹാൾ, 1962.

എണ്ണമേഖലയുടെ തുടക്കമാണ് ക്യാംബേയിൽ കണ്ടതു്. പൊതുമേഖലവഴി എണ്ണയന്വേഷണം നടത്തുന്നതിൻെറ സൗകര്യങ്ങളുംഉറപ്പുകളുംസാദ്ധ്യതകളുംഅതിൽ തെളിഞ്ഞു കണ്ടു. എണ്ണയന്വേഷണം സാഹസികമായ ഒരു ചൂതുകളിയല്ലെന്നും, അതു് വ്യക്തമായ ശാസ്ത്രീയതത്വങ്ങളുടെ അടിസ്ഥാനത്തിലുള്ള ബിസിനസ്സ് കാര്യമാണെന്നും, അങ്കലേശ്വറിലേയും കലോളിലേയും എണ്ണ നിക്ഷേപങ്ങൾ തെളിയിച്ചു.

ലവിയുടെ അഭിപ്രായമനുസരിച്ചാണെങ്കിൽ, എണ്ണയന്വേഷണത്തിനും ഉത്പാദനത്തിനുംവേണ്ടി മുടക്കുന്ന തുകയ്ക്കു് പെട്ടെന്നു് പ്രതിഫലം കിട്ടുമെന്നു് ഉറപ്പുണ്ടാകുക അസാദ്ധ്യമാണു്. ലവി, തനിക്കറിയാവുന്ന എല്ലാക്കാര്യങ്ങളും പറയുന്നില്ല. എണ്ണവ്യവസായം, മറേറതു് ഇന്ധനവ്യവസായത്തേക്കാളും ഘനവ്യവസായത്തിലെ പല ശാഖകളേക്കാളും ഉയന്ന ലാഭം നേടിത്തരുന്ന ഒന്നായാണ് അറിയപ്പെടുക. എണ്ണയുത്പന്നങ്ങൾക്കു് വൻകിട എണ്ണകമ്പനികൾ ഉയന്ന വില നിശ്ചയിക്കുന്നതുകാരണം, എണ്ണയന്വേഷണത്തിനു് ചിലവാക്കുന്ന തുക മുഴുവനും വളരെ വേഗം തിരിച്ചുകിട്ടാറുണ്ടു്. ഇങ്ങനെയല്ലായിരുന്നെങ്കിൽ, അമേരിക്കയുടെ എണ്ണവ്യവസായം ഇന്നത്തെ നിലയിൽ ഒരിക്കലും എത്തുമായിരുന്നില്ല. എണ്ണയുത്പാദിപ്പിക്കുന്ന മററു രാജ്യങ്ങളെക്കാളും വലിയ മൂലധനം മുടക്കേണ്ടിവന്നിട്ടുകൂടി ഏററവും ഉയർന്ന നിലയിലെത്താൻ അമേരിക്കയ്ക്കു കഴിഞ്ഞു. ലവിയുടെ അഭിപ്രായം ശരിയാണെങ്കിൽ, കുത്തകസംഘത്തിനു നേതൃത്വംനൽകുന്ന ന്യൂജഴ്സി സ്റ്റാൻഡാർഡ് ഓയിൽകമ്പനി, റോയൽ ഡച്ച് ഷെൽ എന്നിവപോലുള്ള ശക്തിയേറിയ കുത്തകകൾ എണ്ണവ്യവസായത്തിൽ ഉണ്ടാകുമായിരുന്നില്ല. അമേരിക്കൻ

ഉപദേഷ്ടാവ് പറയുന്നതുപോലെയല്ല കാര്യങ്ങളെന്ന് താഴെപ്പറയുന്ന ഉദാഹരണങ്ങൾ തെളിയിക്കുന്നു. ഇന്ത്യയിൽ ഇറക്കുമതിചെയ്യുന്ന എണ്ണയുടെ വില ഇന്നത്തെ നിലവാരത്തിൽതന്നെ നില്ക്കുമെങ്കിൽ, ഇന്ത്യയിലെ എണ്ണയന്വേഷണത്തിനും വികസനത്തിനുമായി മൂന്നുനാലു വർഷത്തേയ്ക്കു് വേണ്ടിവരുന്ന ചിലവ് (രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തേയ്ക്കും മൂന്നാം പദ്ധതിയുടെ ആദ്യത്തെ രണ്ടുവർഷങ്ങളിലേക്കും) അങ്കലേശ്വറിലെ എണ്ണനിക്ഷേപം മുഴുവൻ കഴിവുപയോഗിച്ച് ചൂഷണംചെയ്യുന്നതുവഴി നേടാൻകഴിയുമെന്ന് കണക്കാക്കപ്പെടുന്നു. സ്റ്റേറ്റുടമയിലുള്ള എണ്ണശുദ്ധീകരണശാലകൾവഴി എണ്ണ ശുദ്ധീകരിക്കുകയും, സ്റ്റേറ്റുടമയിലുള്ള ഇന്ത്യൻ ഓയിൽകമ്പനിവഴി എണ്ണയുത്പന്നങ്ങൾ വിററഴിക്കുകയും ചെയ്യുന്നതുമൂലമുള്ള സാമ്പത്തികമായ പ്രയോജനങ്ങൾ ഇതോടൊപ്പം കൂട്ടേണ്ടതുമാണ്.

ലവിയുടെ അഭിപ്രായത്തിൽ, സ്വകാര്യമൂലധനം സ്വതന്ത്ര സാമ്പത്തികവികസനത്തിൻെറ പാത സ്വീകരിക്കുന്ന രാജ്യങ്ങൾക്ക് സഹായകരമായ ഒന്നാണ്. ഒരുവശത്ത്, ഈ രാജ്യങ്ങളിൽ എണ്ണയന്വേഷണം നടത്തുവാനുള്ള 'വലിയ' ബുദ്ധിമുട്ട സഹിക്കാൻ ഇവർ തയ്യാറാണ്. മറുവശത്ത്, മുടക്കുന്ന തുക തിരിച്ചുകിട്ടാനായി കുറെ വർഷം കാത്തിരിക്കുകയും ലാഭമൊട്ടും കിട്ടാതിരിക്കുകയും ചെയ്യേണ്ടിവരുന്നതു് ഇവർ കാര്യമാക്കാറില്ല. മററു രാജ്യങ്ങളുടെ എണ്ണസമ്പത്ത് ചൂഷണംചെയ്യുന്ന അമേരിക്കൻ എണ്ണക്കുത്തകകൾ ഭീമമായ ലാഭം നേടുന്നതിനെപ്പററി ലവി ഒരിക്കലും കേട്ടിട്ടേയില്ലെന്നു വരുമോ? അദ്ദേഹം വലിയ അനുഭവസമ്പത്തുള്ള ഒരു വിദഗ്ദ്ധനാണ്. അമേരിക്കൻ ഭരണകൂടത്തിലെ പല പ്രമുഖ സ്ഥാനങ്ങളിലും

ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിദേശ എണ്ണക്കമ്പനികളുടെ സ്വത്തുക്കൾ ഇറാൻ ദേശസാത്ക്കരിക്കാൻ തുടങ്ങിയപ്പോൾ, ആ പ്രശ്നം തീർക്കാനായി അവിടെ എത്തിയ ഹാരിമാൻ ദൗത്യസംഘത്തിൽ ഇദ്ദേഹവും ഉണ്ടായിരുന്നു. എസ്സോ, കാൽടെക്സ്, ഷെൽ എന്നിവയുടെ ഉപദേഷ്ടാവുകൂടിയാണ് ലവി. കുത്തകകളുടെ വികസനശ്രമത്തിനു പിന്നിലുള്ളത്, ലാഭംനേടാനുള്ള അത്യാഗ്രഹമാണെന്നും വികസ്വരരാജ്യങ്ങളെ സഹായിക്കാനുള്ള താത്പര്യമല്ലെന്നും മററാരേക്കാളും നന്നായി ഇദ്ദേഹത്തിനറിയാം. "മനുഷ്യത്വംകൊണ്ടല്ല, ബിസിനസ്സ്താല്പര്യംകൊണ്ടാണ് എണ്ണരംഗത്തു പ്രവർത്തിക്കുന്നവർ വിദേശങ്ങളിലേയ്ക്കു പോകുന്നതു്" എന്ന് ന്യൂജഴ്സി സ്റ്റാൻഡാർഡ് ഓയിൽ കമ്പനിയുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്ന ഒരു പ്രസിദ്ധീകരണം പറയുന്നു.[1] സ്റ്റാൻഡാർഡ് ഓയിൽ കമ്പനിയുടെ(ഇൻഡ്യാന) ഒരു വക്താവായ പോൾ എച്ച്. ഗിഡൻസ് കാര്യമങ്ങ് നേരെ പറഞ്ഞിരിക്കുന്നു: "സ്റ്റാൻഡാർഡ് ഓഫ് ഇൻഡ്യാനയുടേയും, വലുതോ ചെറുതോ ആയ ഏതു ബിസിനസ്സിൻേറയും ഉദ്ദേശം അതിലെ നിക്ഷേപകർക്കു് ലാഭമുണ്ടാക്കുകയെന്നതാണ്."[2]

അനുകമ്പയോ വികസ്വരരാജ്യങ്ങളെ അവയുടെ സ്വന്തമായ എണ്ണവ്യവസായം കെട്ടിപ്പടുക്കുന്നതിൽ സഹായിക്കുവാനുള്ള ആഗ്രഹമോ അല്ല, നേരെ മറിച്ച് ഉയർന്ന ലാഭവും പെട്ടെന്നുള്ള ആദായവുമാണ് കുത്തകകളെ വിദേ

---

1. ദി ലാംപ്, സമ്മർ, 1956, പേജ് 5.

2. പോൾ എച്ച്. ഗിഡൻസ്, സ്റ്റാൻഡാർഡ് ഓയിൽ കമ്പനി, (ഇൻഡ്യാന) ഓയിൽ പയനിയർ ഓഫ് ദി മിഡിൽ വെസ്റ്റ് ന്യൂയോർക്ക്, 1955, പേജ് 711.

ശത്തു് എത്താൻ പ്രേരിപ്പിക്കുന്നതു്. മററു രാജ്യങ്ങളിലെ ജനങ്ങളുടെ ഭാവിയെ സംബന്ധിച്ചുള്ള താത്പര്യം ഈ ചിത്രത്തിലൊന്നും വരുന്നതേയില്ല.

പുതിയതായി സ്വാതന്ത്ര്യംനേടിയ രാജ്യങ്ങളുടെ ധനാഗമമാർഗ്ഗങ്ങൾ ചെറുതാണെന്നുള്ള ലവിയുടെ അഭിപ്രായം ശരിയാണു്. അങ്ങനെ വരുമ്പോൾ, ഈ രാജ്യങ്ങൾക്കു് സ്കൂളുകളും ആശുപത്രികളും റോഡുകളും ആധുനികരീതിയിലുള്ള ഭവനങ്ങളും മാത്രംപോരെന്നും, 'പൂർവ്വസ്വത്തായി' ലഭിച്ച സാമ്പത്തികമായ പിന്നോക്കനില മാററുവാൻ കഴിവുള്ള ആധുനിക വ്യവസായത്തിനു് ഈ രാജ്യങ്ങൾ അടിസ്ഥാനമിടേണ്ടതാണെന്നും ഉള്ള കാര്യം ലവി വിട്ടുകളഞ്ഞിരിക്കുകയാണു്. കഴിയുന്നത്ര വേഗം സാമ്പത്തികനില ശക്തിപ്പെടുത്തുകയും ജനങ്ങളുടെ ജീവിതത്തിന്റെ നിലവാരം ഉയർത്തുകയും ചെയ്യാൻ സ്വന്തമായ ഇരുമ്പു്-ഉരുക്കു വ്യവസായവും, സ്വന്തമായ എണ്ണവ്യവസായവും കെമിക്കൽ വ്യവസായവും, സ്വന്തമായ പവ്വർപ്ലാൻറുകളും, ആധുനികമായ എൻജിനിയറിംഗും ആണു് ഈ രാജ്യങ്ങളിലെ ജനങ്ങൾക്കാവശ്യമായുള്ളതു്. ശക്തിമത്തായ ഒരു സാമ്പത്തിക മുന്നേററത്തിനു് മാത്രമേ ഈ രാജ്യങ്ങളുടെ യഥാർത്ഥത്തിലുള്ള സാമ്പത്തികസ്വാതന്ത്ര്യത്തിനു് ഉറപ്പുവരുത്താൻ കഴിയൂ.

എണ്ണയന്വേഷണത്തിലും എണ്ണയുത്പാദനത്തിലും സ്റ്റേററുടമയിലുള്ള സംരംഭങ്ങളേക്കാൾ കൂടുതൽ സൗകര്യങ്ങൾ സ്വകാര്യമൂലധന മുടക്കിനുണ്ടെന്നുള്ള ലവിയുടെ വാദങ്ങൾ, ഇന്ത്യയിലേയും മററു രാജ്യങ്ങളിലേയും പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുന്നതിനും വിദേശ എണ്ണക്കമ്പനികൾക്കു് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കു

വാനുള്ള പിന്തുണ നേടുന്നതിനുംവേണ്ടി എണ്ണക്കുത്തകകളും പത്രങ്ങളും രാഷ്ട്രീയപ്രവർത്തകരും ഉപയോഗപ്പെടുത്തുകയുണ്ടായി. പുതിയതായി സ്വാതന്ത്ര്യംനേടിയ രാജ്യങ്ങൾ, എണ്ണയും വാതകവും കണ്ടെത്താനായി സ്വന്തം മൂലധനം മുടക്കുന്നതുകൊണ്ട് ഉണ്ടാകാവുന്ന വലിയ ബുദ്ധിമുട്ടുകളിൽ ഊന്നിക്കൊണ്ട്, 1962 സെപ്റ്റമ്പറിൽ ടെഹ്റാനിൽ നടന്ന രണ്ടാം എക്കാഫേ ഓയിൽ സിമ്പോസിയത്തിൽ, അമേരിക്കയുടേയും ബ്രിട്ടന്റേയും പ്രതിനിധികൾ റിപ്പോർട്ടുകൾ വിതരണംചെയ്തു. നിരവധി രാജ്യങ്ങളിൽ എണ്ണയന്വേഷണം നടത്തിവരുന്ന വൻകിട എണ്ണക്കമ്പനികൾക്കു മാത്രമേ ഈ ബുദ്ധിമുട്ടുകൾ സഹിക്കാൻ കഴിയൂ എന്ന് അവർ പറഞ്ഞു.

ലവിയുടെ അഭിപ്രായങ്ങൾ 1962-ലെ യു. എൻ. പ്രസിദ്ധീകരണത്തിന്റെ—പെട്രോളിയം എക്സ്പ്ലൊറേഷൻ, ക്യാപിററൽ റികൃയർമെന്റ്സ് ആന്റ് മെതേഡ്സ് ഓഫ് ഫൈനാൻസിംഗ്, നമ്പർ-4—പേജുകളിൽ പോലും സ്ഥലംപിടിച്ചു. എണ്ണവ്യവസായത്തിന്റെ സ്വതന്ത്രമായ വികസനം എന്ന ആശയത്തെ റിപ്പോർട്ടിന്റെ കർത്താക്കൾ പരസ്യമായി എതിർത്തില്ല. എന്നാൽ, പെട്രോളിയത്തിനും വാതകത്തിനുംവേണ്ടിയുള്ള അന്വേഷണത്തിൽ വലിയ വിഷമതകളും വലിയ മുതൽ മുടക്കും വേണ്ടിവരുമെന്ന തരത്തിൽ അവരതു സൂചിപ്പിച്ചു. എണ്ണയന്വേഷണത്തിന്റെ ഫലം എന്താണെന്നറിയുംവരെ വായ്പകൾക്കുള്ള കോൺട്രാക്ടുകൾ ഉണ്ടാക്കാൻ പററുകയില്ലെന്നും, വേണ്ടത്ര ധനാഗമമാർഗ്ഗം കയ്യിലുണ്ടെങ്കിലേ എണ്ണയന്വേഷണം ആരംഭിക്കാൻ പററുകയുള്ളുവെന്നും അവർ പറഞ്ഞു. സ്വതന്ത്രമായി എണ്ണയന്വേഷണം നടത്താൻ മുതിരുന്ന രാജ്യങ്ങൾക്കു നേരിടുന്ന അശുഭകരമായ

സ്ഥിതിയെ സംബന്ധിച്ചുള്ള ഒരു മുന്നറിയിപ്പാണ് യു. എൻ. പ്രസിദ്ധീകരണം നല്കിയിട്ടുള്ളതെന്ന് ഇന്ത്യയിലേയും മററു രാജ്യങ്ങളിലേയും പത്രങ്ങൾ ചൂണ്ടിക്കാണിച്ചു.

വികസ്വരരാജ്യങ്ങളിലെ പെട്രോളിയം വ്യവസായത്തിൻെറ ഭാവി, ഈ രാജ്യങ്ങളും വ്യാവസായികമായി വികാസംപ്രാപിച്ച രാജ്യങ്ങളും തമ്മിലുള്ള കൂടുതൽ സഹകരണത്തെ ആശ്രയിച്ചാണിരിക്കുന്നതെന്ന്, ഐക്യരാഷ്ട്ര സഭയുടെ നിഗമനങ്ങൾവച്ചുകൊണ്ട്, വിദേശരാജ്യങ്ങളുടെ കാര്യത്തിൽ നിക്ഷിപ്തതാത്പര്യമുള്ള ഒരു വക്താവ് പ്രസ്താവിച്ചു. ഇൻറർനാഷണൽ പെട്രോളിയം കാർട്ടലിലെ വൻകിട എണ്ണടസ്ററുകളുമായുള്ള കൂടുതൽ സഹകരണം പുലർത്താനുള്ള ആഹ്വാനമാണിതെന്ന് ചില പാശ്ചാത്യപത്രങ്ങൾ വ്യാഖ്യാനിച്ചു. ലോകത്തിലെ എണ്ണസമ്പത്താകെ ഇവരുടെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള ഉദ്ദേശമായിരുന്നു അതിലുണ്ടായിരുന്നത്.

ഏതായാലും ഇന്ത്യയിലെ എണ്ണയന്വേഷണത്തിനായി ആംഗ്ലോ-അമേരിക്കൻ എണ്ണക്കമ്പനികൾ ഉന്നയിച്ച മിക്ക നിർദ്ദേശങ്ങളും ഇന്ത്യാഗവണ്മെൻറു നിരാകരിക്കുകയാണുണ്ടായതു്. ഇരുഭാഗത്തുനിന്നും ഉന്നയിക്കപ്പെട്ട വ്യവസ്ഥകൾ തമ്മിലുള്ള അന്തരമായിരുന്നു അതിനു കാരണം. ഇങ്ങനെ, രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തും മൂന്നാംപദ്ധതിയുടെ ആദ്യത്തെ രണ്ടുവർഷങ്ങളിലും, ഇന്ത്യാഗവണ്മെൻറ് അംഗീകരിക്കുന്ന വ്യവസ്ഥകളോടെ, എണ്ണ-പ്രകൃതിവാതക കമ്മിഷനുമായിച്ചേർന്ന് പ്രവർത്തിക്കാൻ അമേരിക്കയുടേയോ ബ്രിട്ടൻേറയോ സ്ഥാപനങ്ങളൊന്നും തയ്യാറായില്ല. ഇങ്ങനെ, ഒരു ദേശീയ എണ്ണ വ്യവസായം സ്ഥാപിക്കുന്നതിൽ ഇന്ത്യാഗവണ്മെൻറിനെ

സഹായിക്കുന്നതിലുള്ള സന്നദ്ധതയില്ലായ്മ ആംഗ്ലോ-അമേരിക്കൻ എണ്ണക്കുത്തകകൾ വീണ്ടും പ്രകടിപ്പിച്ചു.

x x x x x

ഇന്ത്യയിലെ എണ്ണശുദ്ധീകരണസൗകര്യങ്ങൾ വികസിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളും സങ്കീർണ്ണമായ ഒരു പ്രശ്നമാണ്. കഴിയുന്നത്ര നേരത്തെ, എണ്ണശുദ്ധീകരണത്തിന്റെ കാര്യത്തിൽ, സ്വയംപര്യാപ്തത നേടേണ്ടതു് ഇന്ത്യയുടെ സാമ്പത്തികമായ ഒരു ആവശ്യമാണ്. എണ്ണയുത്പാദനം വർദ്ധിപ്പിക്കുന്നതുകൊണ്ടും, വിലക്കൂടുതലുള്ള എണ്ണയുല്പന്നങ്ങൾക്കു് പകരം ക്രൂഡ്ഓയിൽ ഇറക്കുമതിചെയ്യുന്നതുകൊണ്ടും ഗണ്യമായ തോതിൽ വിദേശനാണ്യം ലാഭിക്കാൻ കഴിയുമെന്നാണ് അതിനു കാരണം.

അതുകൊണ്ടു്, ഇന്ത്യാഗവണ്മെൻറു് എണ്ണശുദ്ധീകരണസൗകര്യങ്ങൾ പരമാവധി വർദ്ധിപ്പിക്കുകയാണ്. കൂടുതൽ എണ്ണശുദ്ധീകരണശാലകൾ ഉണ്ടാക്കിയില്ലെങ്കിൽ, ഗവണ്മെന്റിനു് സമ്പദ്‌വ്യവസ്ഥനിയന്ത്രിക്കാൻ കഴിയാതെ വരുമെന്നു് മാളവ്യ 1960-ആഗസ്റ്റിൽ പാർലമെന്റിൽ പ്രസ്താവിക്കുകയുണ്ടായി.[1] മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് സ്റ്റേറ്റുടമയിലുള്ള സ്ഥാപനങ്ങളുടെ പങ്കു്, മൊത്തത്തിലുള്ള എണ്ണശുദ്ധീകരണസൗകര്യങ്ങളുടെ 51 ശതമാനമാക്കാൻ, 1962 അവസാനം ഇന്ത്യാഗവണ്മെൻറു നിശ്ചയിച്ചു. ഗൗഹതി, ബറൗണി, കൊയാലി എന്നിവിടങ്ങ

1. ഹിന്ദു, ജൂലൈ 30, 1960.

ളിലെ എണ്ണശുദ്ധീകരണശാലകൾ വികസിപ്പിച്ചും, നാലാമതൊന്ന് ദക്ഷിണേന്ത്യയിൽ സ്ഥാപിച്ചുമാണ് ഇതു് സാധിക്കേണ്ടതു്.

ഈ സ്ഥിതിയിൽ, സ്റ്റേറ്റുടമയിലുള്ള എണ്ണശുദ്ധീകരണശാലകളുടെ വികസനത്തിനു് മുൻഗണന നൽകാനുള്ള ശ്രമം ഉപേക്ഷിക്കുവാൻ, ഇന്ത്യാഗവണ്മെൻറിൻെറമേൽ എണ്ണക്കുത്തകകൾ സമ്മർദ്ദം ചെലുത്തിവരികയാണ്. സ്വന്തം എണ്ണശുദ്ധീകരണശാലകൾ വികസിപ്പിക്കുവാനും, സ്വകാര്യമേഖലയിൽ പുതിയവ സ്ഥാപിക്കാനുമുള്ള അനുവാദം നേടിവരികയാണവർ. നഷ്ടം നേരിടുകയും, മററു പ്രൊജക്ടുകൾക്കുവേണ്ടിയുള്ള ധനം ഇവയ്ക്കു് ചിലവാക്കേണ്ടിവരികയും ചെയ്യുന്നതുകൊണ്ടു്, സ്റ്റേറ്റുടമയിലുള്ള എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതു് ഉചിതമല്ലെന്നു് ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്താനാണ് ആദ്യമിവർ ശ്രമിച്ചതു്.

സ്റ്റേറ്റുടമയിൽ ഒരു എണ്ണശുദ്ധീകരണശാല സ്ഥാപിക്കുന്നതിനു്, സ്വകാര്യമേഖലയിൽ അതു് സ്ഥാപിക്കുന്നതിലും കൂടുതൽ തുക ചിലവാകുമെന്നു് കുത്തകകൾ പ്രഖ്യാപിച്ചു. ഇതു് ശരിയാണെന്നു് തോന്നുമായിരുന്നു. മൂന്നു മില്യൻ ടൺ ഉല്പാദനശേഷിയുള്ള ബറൗണി എണ്ണശുദ്ധീകരണശാല സ്ഥാപിക്കുവാൻ 370 മില്യൻ രൂപ (രണ്ടു മില്യൻ ടൺ ഉല്പാദനശേഷിയുള്ള ഒരു എണ്ണശുദ്ധീകരണശാലയ്ക്കു് 335 മില്യൻ രൂപ)യാണ് ചിലവായതു്. എന്നാൽ, ബോംബെയിൽ ബർമ്മാഷെൽനിർമ്മിച്ച രണ്ടു് മില്യൻ ടൺ ഉത്പാദനശേഷിയുള്ള എണ്ണശുദ്ധീകരണശാലയുടെ ചിലവു് 260 മില്യൻ രൂപയായിരുന്നു. അതായതു് ബറൗണിയിലേതിലും 75 മില്യൻ രൂപ കുറച്ചു

മതിയായിരുന്നു ഇതിന്. 750,000 ടൺ ഉല്പാദനശേഷിയുള്ള ഗൗഹതി എണ്ണശുദ്ധീകരണശാല സ്ഥാപിക്കാൻ ഇന്ത്യാഗവണ്മെൻറിന് 160 മില്യൻ രൂപ ചിലവായി. എന്നാൽ, വിശാഖപട്ടണത്ത് കാൽടെക്സ് സ്ഥാപിച്ച 675,000 ടൺ ഉല്പാദനശേഷിയുള്ള എണ്ണശുദ്ധീകരണശാലയുടെ ചിലവ് 141 മില്യൻ രൂപയായിരുന്നു. ഉല്പാദനശേഷിയിലെ വ്യത്യാസം പരിഗണിച്ചാൽപോലും, അമേരിക്കയുടെ എണ്ണശുദ്ധീകരണശാലയ്ക്ക് 156 മില്യൻ രൂപയേ ചിലവാകമായിരുന്നുള്ളു — മില്യൻകണക്കിനു രൂപയുടെ ചിലവു കുറയുമെന്നർത്ഥം.

നിർമ്മാണച്ചിലവു സൂക്ഷ്മമായി പരിശോധിച്ചാൽ, സ്വകാര്യമൂലധനക്കാർ വയ്ക്കുന്ന കണക്ക് സമഗ്രമായ ഒന്നല്ലെന്ന് വ്യക്തമാകും. ബറൗണിയിലെയും ഗൗഹതിയിലെയും സ്റ്റേററുടമയിലുള്ള എണ്ണശുദ്ധീകരണശാലകൾക്ക് സോവിയററ്യൂണിയനും റുമേനിയായും നൽകിയ ഉപകരണങ്ങളുടെ വില കണക്കാക്കിയതിലും അവർക്ക് ഈ തെററു പററിയിട്ടുണ്ട്.

സ്റ്റേററിൻേറയും വിദേശീയരുടേയും എണ്ണശുദ്ധീകരണശാലകൾക്ക് എന്തു ചിലവാകുമെന്ന് നമുക്കൊന്നു പരിശോധിക്കാം. വാട്ടർവർക്ക്സിനുവേണ്ടി വിദേശക്കുത്തകകൾ ഒററ പൈസ ചിലവാക്കിയില്ല. എസ്സോയ്ക്കും കാൽടെക്സിനും വൈദ്യുതസൗകര്യങ്ങൾ ഉണ്ടാക്കേണ്ട ആവശ്യവും നേരിട്ടില്ല. കാരണം, വേണ്ടത്ര വിദ്യുച്ഛക്തിയും, ജലവും നൽകേണ്ടതു് ഇന്ത്യൻ അധികൃതരാണെന്ന് ബിൽഡിംഗ് കോൺട്രാക്ടിൽ പറഞ്ഞിരുന്നു. എന്നാൽ, സ്റ്റേററുടമയിൽ നിർമ്മിക്കപ്പെട്ട എണ്ണശുദ്ധീകരണശാലകളുടെ കാര്യത്തിൽ ഈ ചിലവിനങ്ങളും ഉൾപ്പെട്ടിരുന്നു.

അധികംവരുന്ന ഈ ചിലവുകൾ എത്രയാണെന്ന് താഴെ പ്പറയുന്ന കണക്കുകളിൽനിന്നു മനസ്സിലാക്കാം: ബറൗണി യിൽ ഇൻഡസ്ട്രിയൽ വാട്ടർസപ്ലൈയ്ക്ക് വേണ്ടിവന്ന മൂലധ നച്ചിലവ് 12—15 മില്യൻ രൂപയാണെന്ന് കണക്കാക്ക പ്പെടുന്നു. ഹീററ്-പവ്വർ പ്ലാൻറുകളുടെ നിർമ്മാണത്തി നുള്ള ചിലവ്, സാധാരണയായി, എണ്ണശുദ്ധീകരണശാ ലയുടെ മൊത്തം ചിലവിൻെറ 10—15 ശതമാനംവരും.

ബോംബെയുടേയും വിശാഖപട്ടണത്തിന്റേയും സമീ പപ്രദേശത്ത് എണ്ണശുദ്ധീകരണശാല സ്ഥാപിച്ചതുകൊ ണ്ട്, ഭവനനിർമ്മാണയിനത്തിനുള്ള വലിയ തുക ലാഭി ക്കാൻ കുത്തകകൾക്കു കഴിഞ്ഞു. എന്നാൽ, ഗൗഹതി എണ്ണ ശുദ്ധീകരണശാലയിലെ ജോലിക്കാർക്കുവേണ്ടി ഇന്ത്യൻ റിഫൈനറീസിനു് താമസസൗകര്യം ഉണ്ടാക്കേണ്ടിവന്നു. മൊത്തം ചിലവിൻെറ 10 ശതമാനം തുകയാണ് ഇതിനു വേണ്ടിവന്നതു്. ഭൂചലനം ഉണ്ടാകാൻ ഇടയുള്ളതുകൊ ണ്ട്, അതിൽനിന്ന് കെട്ടിടത്തിന് സുരക്ഷിതത്വം നല്കാ നായി, ഗൗഹതിയിലും ബറൗണിയിലും സാധാരണവേ ണ്ടതിൽ കൂടുതൽ തുക ചിലവായി. ഗംഗയിലെ വെള്ള പ്പൊക്കത്തിൽനിന്നു് രക്ഷനേടുന്നതിനായി ബറൗണിയി ലെ കൺസ്ട്രക്ഷൻ സൈററ് മണ്ണിട്ട് ഉയർത്തേണ്ടതായും വന്നു. ഇതിനു് 12 മില്യൻ രൂപയാണ് ചിലവായതു്.

ബോംബേയിലെ ബ്രിട്ടീഷ് എണ്ണശുദ്ധീകരണശാല ലൂബ്രിക്കൻറുകൾ ഉത്പാദിപ്പിക്കുന്നില്ല. എന്നാൽ ബറൗ ണിയിൽ അതിനു കഴിയുന്നുണ്ടു്. ഇതുകാരണം ചില വിൽ 50 മില്യൻ രൂപയുടെ വർദ്ധനവുണ്ടായി.

ഇതുകൊണ്ടും തീർന്നില്ല. ഏററവും അടുത്ത തുറമു ഖത്തിൽനിന്നു് നൂറുക്കണക്കിനു മൈൽ അകലെയുള്ള

ഗൗഹതിയിലും ബറൗണിയിലും ഉപകരണങ്ങൾ എത്തിക്കുവാൻ ഇന്ത്യാഗവണ്മെൻറിനുണ്ടായ ചിലവും, പരിഗണിക്കപ്പെടേണ്ടതാണ്. വിദേശക്കുത്തകകൾ, തുറമുഖങ്ങളിൽതന്നെയാണ് തങ്ങളുടെ എണ്ണശുദ്ധീകരണശാലകൾ സ്ഥാപിച്ചതു്. കൂടാതെ, ബർമ്മാഷെല്ലിനും കാൽടെക്സിനും ഉപകരണങ്ങൾ കൂട്ടിയിണക്കുന്നതിലും കൺസ്ട്രക്ഷൻവർക്കിലും കുറഞ്ഞ തുകയേ ചിലവാക്കേണ്ടിവന്നുള്ളു. വിദേശീയരുടെ എണ്ണശുദ്ധീകരണശാലകൾ പ്രവർത്തിച്ചു തുടങ്ങിയതിനുശേഷം, നിർമ്മാണച്ചിലവിൻെറ സൂചിക 15 ശതമാനത്തിലധികം ഉയന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്. ബറൗണിയിലും ഗൗഹതിയിലും നിർമ്മാണച്ചിലവു്, ബോംബെ, വിശാഖപട്ടണം എന്നീ വ്യവസായകേന്ദ്രങ്ങളിലേതിലും വളരെ കൂടുതലുമാണ്. ഉപകരണങ്ങൾ കൂട്ടിയിണക്കുന്നതിനുള്ള ചിലവും നിർമ്മാണച്ചിലവും, മൊത്തം ചിലവിൻെറ പകുതിയോളംവരും. ബറൗണിയിലെയും കൊയാലിയിലെയും സ്ഥിതിയും ഇതുതന്നെ.

ഗൗഹതി എണ്ണശുദ്ധീകരണശാല സ്ഥാപിക്കാനുള്ള ഇന്ത്യാഗവണ്മെൻറിൻെറ ഓർഡർ കാൽടെക്സ് സ്വീകരിച്ചിരുന്നെങ്കിൽ, ഈ അധികച്ചിലവുകളോടും ഉല്പാദനശേഷിയിലെ വ്യത്യാസത്തോടുംകൂടിയേ അവക്കതു നിർമ്മിക്കാൻ കഴിയുമായിരുന്നുള്ളു. അവർക്കാണെങ്കിൽ മൊത്തം 193 മില്യൻ രൂപ—ഗൗഹതിയിലെ സ്റ്റേററുടമയിലുള്ള എണ്ണശുദ്ധീകരണശാലയുടെ യഥാർത്ഥചിലവിലും 33 മില്യൻ രൂപ കൂടുതൽ—ചിലവാക്കേണ്ടിവരുമായിരുന്നു.

സ്റ്റേററുടമയിൽ എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതു് 'ലാഭകരമല്ല' എന്നും സോവിയററ്-റുമേനിയൻ

ഉപകരണങ്ങളുടെ വില വളരെ 'കൂടുതൽ' ആണെന്നും ഉള്ള പ്രചരണം പൊതുജനങ്ങളെ ചിന്താക്കുഴപ്പത്തിലാക്കാൻവേണ്ടിയുള്ളതാണെന്നു് മേൽപ്പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുന്നു. കൂടുതൽ എണ്ണശുദ്ധീകരണശാലകൾ ഉണ്ടാകുന്നതോടുകൂടി ഗവണ്മെൻറിനു് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളിൽനിന്നു് മുതലെടുക്കാനാണു് കുത്തകകൾ ശ്രമിക്കുന്നതു്. മുതൽ മുടക്കിനു് പെട്ടെന്നു് ആദായം കിട്ടുവാൻവേണ്ടി, പെട്രോളിയം പരമാവധി ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ടാണു് കുത്തകകൾ എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതു്. ആവർത്തിച്ചുള്ള പുനർനിർമ്മാണം കാരണം ഈ എണ്ണശുദ്ധീകരണശാലയുടെ ഘടനയിൽ ഇനി മാററം വരുത്താൻ പററുകയില്ല. ഇതിന്റെ ഫലമായി അധികമായുള്ള പെട്രോളിയത്തിന്റെ വിപണന പ്രശ്നത്തെ (പാരഫിൻ ഓയിലിനും ഡീസൽ ഓയിലിനും ദൗർലഭ്യമുള്ള ഒരു സ്ഥിതിയിൽ) ഇന്ത്യാഗവണ്മെൻറു തുടർച്ചയായി അഭിമുഖീകരിച്ചുവരികയാണു്. സ്റ്റേററുടമയിലുള്ള എണ്ണശുദ്ധീകരണശാലയുടെ നിർമ്മാണം നിയന്ത്രിക്കുവാനുള്ള ശ്രമത്തിൽ—പുതിയ എണ്ണശുദ്ധീകരണസൗകര്യങ്ങൾ ഉണ്ടാകുന്നതുമൂലം ഓരോ വർഷം കഴിയുന്തോറും പെട്രോൾ ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള പൊരുത്തക്കേടു് വർദ്ധിക്കുമെന്നു തെളിയിക്കാൻ, സാധാരണരീതിവിട്ടു് ഉത്പാദനം നടത്താൻ മുതിരുകയാണു് കുത്തകകൾ ചെയ്തതു്. മററൊരുതരത്തിൽ പറഞ്ഞാൽ, രാജ്യത്തിനകത്തെ എണ്ണയുല്പന്നങ്ങൾകൊണ്ടു് വിതരണം സാധിക്കാൻ ഇന്ത്യ ശ്രമിക്കുമ്പോൾ, കൂടുതൽ കൂടുതലായി മിച്ചംവരുന്ന പെട്രോളിൻെറ വിപണന പ്രശ്നം ഗുരുതരമാക്കുകയാണു് ഇവർ ചെയ്യുന്നതു്.

ഇന്ത്യാഗവണ്മെൻറ് എണ്ണയുത്പന്നങ്ങളുടെ വ്യാപാരക്കുത്തക ഏറെറടുക്കുമെന്നും, ഇന്ത്യൻ വിപണിയിൽ പെട്രോൾ വില്ക്കാനുള്ള തങ്ങളുടെ സൗകര്യം നഷ്ടപ്പെടുമെന്നും കുത്തകകൾ ഭയപ്പെട്ടു. അതു കാരണം, എണ്ണശുദ്ധീകരണശാലകൾ അടച്ചിടുമെന്ന് അവർ ഭീഷണിപ്പെടുത്തിത്തുടങ്ങി.

മിച്ചമുള്ള എണ്ണ വില്ക്കുന്നതിൻെറ വൈഷമ്യം വർദ്ധിച്ചുവരുന്നതുകാരണം കമ്പനികൾക്ക് പെട്രോൾ ഉല്പാദനം കുറയ്ക്കേണ്ടിവരുമെന്നും, ഇതിൻെറ ഫലമായി പാരഫിൻെറയും ഡീസൽ ഓയിലിൻെറയും ഉത്പാദനം കുറയുമെന്നും സ്റ്റാൻവാക് റിഫൈനിംഗ് കമ്പനിയുടെ പ്രസിഡൻറ് ഒ. ജി. അണ്ടർഹിൽ പറഞ്ഞു. ഒരു ടൺ പെട്രോൾ വില്പനനടക്കാതെ ശേഷിക്കുമ്പോൾ, ശുദ്ധീകരണത്തിൽ 4—6 ടണ്ണിൻെറ കുറവുവരുത്തേണ്ടിവരുമെന്നും, ഇതുമൂലം ദൗർലഭ്യമുള്ള എണ്ണയുത്പന്നങ്ങളിൽ 3—5 ടണ്ണിൻെറ കുറവു നേരിടുമെന്നും അദ്ദേഹം കണക്കാക്കുന്നു. ഭാവിയിലെ 'ലാഭമില്ലായ്മ'കരുതി വിദേശകമ്പനികളുടെ എണ്ണശുദ്ധീകരണശാലകൾ അടയ്ക്കുന്നതിനെപ്പററിയും അദ്ദേഹം അഭിപ്രായപ്പെട്ടു. മിച്ചമുള്ള എണ്ണ ഇന്ത്യയ്ക്കു വെളിയിലേയ്ക്കു കൊണ്ടുപോകുന്നതിനെക്കുറിച്ച് അണ്ടർ ഹിൽ ഇങ്ങനെ പറഞ്ഞു: "ഇതുവരെ ആസ്ത്രേലിയ-ന്യൂസിലണ്ട് വിപണിയിലേക്ക് ഗണ്യമായ തോതിലുള്ള കയററുമതി നടത്തുവാൻ സാദ്ധ്യതയുണ്ടായിരുന്നു. എന്നാൽ ഇവർ സ്വന്തമായി എണ്ണശുദ്ധീകരണശാലകൾ സ്ഥാപിച്ചുവരുന്നതുകൊണ്ട്, ഏതാനും വർഷങ്ങൾക്കകം, ഇന്ത്യയിലെ മിച്ചമുള്ള പെട്രോൾ ഇവർക്ക് ആവശ്യമില്ലാതാകും."[1]

---

1. ദി സ്റ്റേററ്സ്മാൻ, ഡിസമ്പർ 1, 1959.

ബ്രിട്ടീഷ് കുത്തകകളും ഇതേതരത്തിൽ നിരാശപ്പെടുത്തുന്ന പ്രവചനങ്ങൾ നടത്തി. 1967-ൽ ഇന്ത്യയിൽ പാരഫിൻ ഓയിലിൻെറയും ഡീസൽ ഇന്ധനത്തിൻ്റെയും ഉത്പാദനം 6 മില്യൻ ടണ്ണായിരിക്കുമെന്നും, "ഇതുമൂലം ........ഗ്യാസോളിൻ ഇനത്തിൽ 3 മില്യൻ ടണ്ണിൻെറ മിച്ചമുണ്ടാകുമെന്നും, ഈ മിച്ചം കയററുമതിവഴി ചിലവാക്കാൻ വിഷമമായിരിക്കുമെന്നും" ബർമ്മാഷെൽ റിഫൈനറീസിൻെറ പ്രസിഡൻറ് 1959 ആഗസ്റ്റിൽ പറഞ്ഞു.[1]

ഏതായാലും നിരാശപരത്തുന്ന ഈ പ്രവചനങ്ങൾ ഇന്ത്യാഗവണ്മെൻറ് മുഖവിലക്കെടുത്തില്ല. പെട്രോളിൻെറ ഉപഭോഗം വർദ്ധിപ്പിക്കാൻ ഇന്ത്യാഗവണ്മെൻറ് സ്വീകരിച്ചുവരുന്ന നടപടികൾ, ന്യൂയോർക്കിൽ നടന്ന അഞ്ചാം സാർവ്വദേശീയ പെട്രോളിയം കോൺഗ്രസ്സിൽ ഇന്ത്യൻ പ്രതിനിധി പ്രതിപാദിച്ചു.[2]

---

1 ക്യാപ്പിററൽ, ആഗസ്റ്റ് 13, 1959, പേജ് 216.

2 അദ്ദേഹം പറഞ്ഞു: "പെട്രോൾ ഉപയോഗിക്കുന്ന കാറുകളുടെ നിർമ്മാണം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള സാമ്പത്തികമായ നിരവധി നടപടികൾവഴി ഇന്ത്യയിൽ പെട്രോളിൻെറ ഉപഭോഗം വർദ്ധിപ്പിക്കാൻ കഴിയും; ജററുവിമാനങ്ങൾക്കായി ടർബയിൻ പാരഫിനു പകരം ജെ. പി.–4 ഫ്യൂവൽ ഉപയോഗിക്കുവാനും പാരഫിൻെറ കമ്മി കുറയ്ക്കുവാനും കഴിയും; രാസവസ്തുക്കളുടേയും വളത്തിൻെറയും നിർമ്മാണത്തിൽ മോട്ടോർ പെട്രോൾ അസംസ്കൃതസാധനമായി ഉപയോഗിക്കാൻ സാധിക്കും. ഇന്ത്യയിലെ ചില ഭാഗങ്ങളിൽ കെമിക്കൽവ്യവസായത്തിൽ ആൽക്കഹോളിൻെറയും ബൻസോളിൻെറയുംകൂടെ പെട്രോൾ ഉപയോഗിക്കപ്പെടുന്നുമുണ്ട്. ഫാക്ടറി ഫ്യൂവലായോ വീട്ടാവശ്യങ്ങൾക്കുള്ള വാതകം നിർമ്മിക്കുന്നതിനായോ പെ

ഭീഷണിപ്പെടുത്തി സാമ്പത്തികനേട്ടമുണ്ടാക്കാൻവേണ്ടി നടത്തിയ പ്രചരണം ഇന്ത്യാഗവണ്മെൻറിൻെറ മേൽ ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ, കുത്തകകൾ വഞ്ചനയ്ക്കുള്ള തങ്ങളുടെ അടവ് മാററി. പൊതുജനങ്ങളുടെ ഭാഗത്തുനിന്നുള്ള വിമർശനം വർദ്ധിക്കുകയും, ഇന്ത്യയിൽ പ്രവർത്തിക്കുന്ന എണ്ണശുദ്ധീകരണശാലകളെ സംബന്ധിച്ചുള്ള കരാറുകൾ പുനഃപരിശോധിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെടുകയും ചെയ്തതുകൊണ്ടുകൂടിയാണ് അവരതിനു തയ്യാറായതു്. "ഈ രാജ്യത്തു നടത്തിവരുന്ന ബിസിനസ്സ് പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിന്, കാലത്തിൻെറ മാററങ്ങളുമായി പൊരുത്തപ്പെടണമെന്നും, വിലപേശലിൽ ഈ രാജ്യം ദുർബ്ബലമായിരുന്ന കാലത്തെപ്പോലെ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ പററുകയില്ലെന്നും ബർമ്മാഷെൽ മനസ്സിലാക്കുന്നു."[1]

പുതിയ സാഹചര്യങ്ങളിൽ, ബർമ്മാഷെല്ലും, എസ്സോയും പിന്നീട് കാൽടെക്സും പ്രലോഭനപരമായ പല നിർദ്ദേശങ്ങളും മുന്നോട്ടുവച്ചു. ബിസിനസ്സ് വിപുലമാക്കാനും ഇന്ത്യൻ വിപണിയിലെ തങ്ങളുടെ ദുർബ്ബലമായ സ്ഥിതി മാററാനും അനുവാദം ലഭിക്കുമെന്ന് അവർ പ്രതീക്ഷിച്ചു. അതുകൊണ്ട്, ഗവണ്മെൻറിൻെറ ചില നിർദ്ദേശങ്ങൾ ഇവർ അംഗീകരിച്ചു.

---

ട്രോൾ ഉപയോഗിക്കാറുണ്ട്. (ഇന്ത്യാസ് എനർജി റിക്വയർമെൻറ്സ് ആൻറ് ദി റോൾ ഓഫ് പെട്രോളിയം, ഫിഫ്ത്ത് വേൾഡ് പെട്രോളിയം കോൺഗ്രസ്സ്, സെക്ഷൻ IX, പേപ്പർ 20, ന്യൂയോർക്ക്, 1959, പേജ് 9.)

1 ദി എക്കണോമിക് വീക്ക്ലി, മേയ് 19, 1962, പേജ് 804.

ഇന്ത്യയിലുള്ള വിദേശ എണ്ണശുദ്ധീകരണശാലകളി ലെ എണ്ണയുത്പന്നങ്ങളുടെ 'താരിഫ് സംരക്ഷണ'ത്തെ ക്കുറിച്ച് 1959 മദ്ധ്യത്തിൽ ചർച്ച നടന്നു. ഈ അവ കാശം ഉപേക്ഷിക്കാമെന്ന് ബർമ്മാ ഷെൽ സമ്മതിച്ചു. എന്നാൽ ഇതിനു പകരമായി എണ്ണശുദ്ധീകരണശാലകൾ വികസിപ്പിക്കാനും, ലൂബ്രിക്കൻറുകൾ ഉത്പാദിപ്പിക്കാ നും അനുവാദം വേണമെന്നവർ വാദിച്ചു.

ബർമ്മാ ഷെൽ 1960-ൽ ബിസിനസ്സ് വികസിപ്പി ക്കുവാനുള്ള ശ്രമം പുനരാരംഭിക്കുകയും, ഇന്ത്യാഗവണ്മെ ൻറ് ഇവർക്കു പുതിയ സൗജന്യങ്ങൾ നൽകുകയുംചെയ്തു. തങ്ങളുടെ പ്രോജക്റ്റിൻെറ വികസനത്തിനായി ധനം മുടക്കു വാനുള്ള മാർഗ്ഗങ്ങൾ തങ്ങൾ സ്വന്തമായി കണ്ടെത്തുന്നതാ ണെന്ന് ഷെൽ റിഫൈനറീസ്സിൻെറ ഓഹരിക്കാരുടെ ഒരു യോഗത്തിൽവച്ച് അതിൻെറ ചെയർമാൻ ഇന്ത്യാഗ വണ്മെൻറിനു് ഉറപ്പുനൽകി. ഇന്ത്യയിലുള്ള തങ്ങളുടെ എണ്ണശുദ്ധീകരണശാലയുടെ പദവിയെ സംബന്ധിച്ചു കരാറിൻെറ മററു ഭാഗങ്ങൾ പുനഃപരിശോധിക്കാമെന്നും കമ്പനി സമ്മതിച്ചു.

എസ്സോ, ബർമ്മാഷെല്ലിനെക്കാൾ കുറെക്കൂടി മുന്നോട്ടു പോയി. 1960-ൽ, പകുതിവീതം അവകാശത്തോടെ ഒരു വലിയ ലൂബ്രിക്കൻറുപ്ലാൻറ് കൂട്ടുചേർന്ന് സ്ഥാപി ക്കാമെന്ന് എസ്സോ സമ്മതിച്ചു. എന്നാൽ, ഈ പ്ലാൻറി ൻെറ പ്രവർത്തനത്തിന്മേലുള്ള നിയന്ത്രണം തങ്ങൾക്കു വേ ണമെന്ന് അവർ ശഠിച്ചു.

1961-ൽ, അങ്കലേശ്വർ എണ്ണപ്പാടങ്ങളിലെ എണ്ണ പാകപ്പെടുത്തിയെടുക്കുന്നതു സംബന്ധിച്ച് ഇന്ത്യാഗവ ണ്മെൻറുമായി നടന്നുവന്ന കൂടിയാലോചനകളെ (1961

അവസാനം ഇവിടുത്തെ ഉത്പാദനം ആരംഭിക്കേണ്ടതായിരുന്നു.) കുത്തകകൾ തടസ്സപ്പെടുത്തി. ഗുജറാത്തിൽ, സോവിയററു സഹായത്തോടെ സ്ഥാപിച്ച എണ്ണശുദ്ധീകരണശാലയുടെ പ്രവർത്തനം തല്ക്കാലത്തേയ്ക്കു് നിർത്തിവച്ചുകൊണ്ടു്, അങ്കലേശ്വറിലെ എണ്ണ പാകപ്പെടുത്തിയെടുക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കാൻ ഗവണ്മെൻറു ശ്രമിച്ചു.

എണ്ണശുദ്ധീകരണശാല സ്ഥാപിക്കുന്നതു സംബന്ധിച്ച് വിദേശ കമ്പനികളുമായി ഉണ്ടാക്കിയിട്ടുള്ള കരാറിൽ ഇന്ത്യയുടെവക എണ്ണ ശുദ്ധീകരിക്കണമെന്ന വ്യവസ്ഥയുമുണ്ടു്: എന്നാൽ അങ്കലേശ്വർ എണ്ണപ്പാടങ്ങളുടെ വികസനം തടയുന്നതിനുവേണ്ടി അവിടുത്തെ എണ്ണശുദ്ധീകരിക്കുന്ന കാര്യത്തിലുള്ളതീരുമാനം കമ്പനികൾ നീട്ടിക്കൊണ്ടുപോയി. ഇന്ത്യാഗവണ്മെൻറിൻെറ സമ്മർദ്ദം കാരണം അങ്കലേശ്വറിലെ 1500ടൺ എണ്ണ പ്രതിദിനം ശുദ്ധീകരിക്കാമെന്നു് കമ്പനികൾക്കു് ഒടുവിൽ സമ്മതിക്കേണ്ടിവന്നു—ഇതിൽ 60ശതമാനം ബർമ്മാഷെല്ലിൻെറ എണ്ണശുദ്ധീകരണശാലയിലും 40ശതമാനം എസ്സോയുടെ എണ്ണശുദ്ധീകരണശാലയിലും.[1] എണ്ണശുദ്ധീകരണശാലകളുടെ ഉല്പാദനശേഷി വീണ്ടും വർദ്ധിപ്പിക്കുവാനുള്ള അനുവാദം നേടുന്നതിനുവേണ്ടി ഇവർ പിന്നേയും സമ്മർദ്ദം പ്രയോഗിച്ചു. 1962 മേയിൽ ബർമ്മാഷെല്ലും, പിന്നീടു് എസ്സോയും വികസനത്തെ സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ ഉന്നയിച്ചു. തങ്ങളുടെ വിപണനബ്രാഞ്ചുകൾ ഇന്ത്യൻ കമ്പനികളായി ഇൻകോർപ്പറേററു ചെയ്യുന്നതിനെപ്പററി ചർച്ചചെയ്യാൻ ഒരുക്കമാണെന്നും അവർ പറഞ്ഞു.

---

1. ദി എക്കണോമിക് ടൈംസ്, ഏപ്രിൽ 19, 1961.

തങ്ങളുടെ വ്യാപാരസംഘടനകളിലും എണ്ണശുദ്ധീകരണശാലകളിലും ഇന്ത്യയിലെ സ്വകാര്യമൂലധനമുൾപ്പെടുത്താമെന്നും അവർ സമ്മതിച്ചു: "അടിസ്ഥാനപരമായ ചില കാര്യങ്ങളിൽ ധാരണയുണ്ടാക്കിക്കൊണ്ടു്" തങ്ങളുടെ എണ്ണശുദ്ധീകരണശാലകളുടെ പ്രവത്തനത്തെ സംബന്ധിച്ചുള്ള കരാറുകൾ റദ്ദാക്കാൻപോലുമുള്ള സന്നദ്ധത ഇവർ പ്രകടിപ്പിച്ചു.[1]

രണ്ടുതരത്തിലുള്ള വികസനത്തെപ്പററി പ്ലാനിൽപറഞ്ഞിരുന്നു. ഒന്നാമതായി—എണ്ണശുദ്ധീകരണശാലകൾക്കു് പൂർണ്ണശേഷിയോടെ പ്രവർത്തിക്കാൻ കഴിയുംവിധം മുൻവർഷങ്ങളേക്കാൾ വളരെ കൂടുതൽ എണ്ണയിറക്കുമതി ചെയ്യാൻ കമ്പനികളെ അനുവദിക്കണം. രണ്ടാമതായി—നിലനിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയോ പുതിയ എണ്ണ ശുദ്ധീകരണശാലകൾ സ്ഥാപിക്കുവാൻ അനുവാദം നൽകുകയോ ചെയ്യണം.

വിദേശീയ എണ്ണശുദ്ധീകരണശാലകൾ, അവയുടെ ഉല്പാദനശേഷിയിലും കുറഞ്ഞതോതിൽ പ്രവത്തിച്ചുപോന്നതു് എന്തുകൊണ്ടാണെന്നു് പരിശോധിക്കുന്നതു് രസകരമാണു്. കുറേക്കാലം മുമ്പ്, കുത്തകകൾ അവരുടെ എണ്ണശുദ്ധീകരണശാലകളുടെ പുനർനിർമ്മാണം വിപുലമായി നടത്തിവന്നു. 'സാങ്കേതികവശം ചെറുതായി മെച്ചപ്പെടുത്തുന്നു' എന്നാണു് ഇതേപ്പററി അവർ പറഞ്ഞതു്. ഈ ചെറിയ മെച്ചപ്പെടുത്തൽകൊണ്ടു്, ബർമ്മാഷെൽ എണ്ണശുദ്ധീകരണശാലയുടെ ഉല്പാദനശേഷി 1955-ൽ 2,000,000 ടണ്ണും 1959-ൽ 2400,000 ടണ്ണും ആയിരുന്നതു് 1962-ൽ

---

1. ദി സ്റ്റേററ്സ്മാൻ, മേയ് 5, 1962.

3,750,000 ടണ്ണായി വർദ്ധിച്ചു. എസ്സോയുടെ എണ്ണശുദ്ധീകരണശേഷി 1200,000 ടണ്ണിൽനിന്നു് 2500,000 ടണ്ണായും, കാൽടെക്സിൻേറതു് 800,000 ടണ്ണിൽനിന്നു് 1100,000 ടണ്ണായും വർദ്ധിച്ചു. വർദ്ധിപ്പിച്ച ഈ ഉല്പാദനിരക്കിനു് അംഗീകാരം നൽകണമെന്നും, അതു് 1962 ലെ ഉല്പാദനശേഷിയുടെ നിരക്കിനു് അനുസൃതമാക്കണമെന്നും ആണു് പിന്നീടു് ഇവർ ഇന്ത്യാഗവണ്മെൻറിനോടു് ആവശ്യപ്പെട്ടതു്.

ബോംബെയിലെ എണ്ണശുദ്ധീകരണ സൗകര്യങ്ങൾ 4000,000 ടണ്ണിൻേറതായി വർദ്ധിപ്പിക്കുകയോ, ഇന്ത്യൻ സ്വകാര്യമൂലധനവുമായി തുല്യതയുടെ അടിസ്ഥാനത്തിൽ യോജിച്ചുകൊണ്ടു് ദക്ഷിണേന്ത്യയിൽ പുതിയ എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കുകയോ ചെയ്തു് ഉല്പാദനം വർദ്ധിപ്പിക്കണമെന്നാണു് കമ്പനികളുടെ പുതിയ പ്ലാനിൽ പറഞ്ഞിരുന്നതു്. പുതിയ നിർദ്ദേശത്തിൽ വളരെ അനുകൂലമായ വ്യവസ്ഥകളും ഉന്നയിച്ചിരുന്നു: 'തങ്ങളുടെ ഉത്പാദനം 3750,000 ടണ്ണിൽനിന്നു് 5750,000 ടണ്ണാക്കി വർദ്ധിപ്പിക്കാൻ 40 മില്യൻ രൂപയുടെ ചിലവു് വരുമെന്നു് ബർമ്മാഷെൽ കണക്കാക്കി. അവർ സ്വന്തം മാർഗ്ഗമുപയോഗിച്ചു് ശേഖരിക്കാമെന്നു പറഞ്ഞ 27.5 മില്യൻ രൂപയുടെ വിദേശനാണ്യവും ഇതിൽ ഉൾപ്പെടും.'[1] ദക്ഷിണേന്ത്യയിൽ പുതിയ എണ്ണശുദ്ധീകരണശാല സ്ഥാപിക്കാൻ 80 മില്യൻ രൂപയേ വേണ്ടിവരു എന്നു് ബർമ്മാഷെൽ കണക്കാക്കി. ഇതിൽ 45 മില്യൻ രൂപയുടെ വിദേശനാണ്യമാണു് വേണ്ടിവരിക. എസ്സോയുടെ വ്യവസ്ഥകളും ഇതുപോലെയായിരുന്നു.

---

1. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, ജനുവരി 21, 1963.

"ഈസ്റ്റേൺ എക്കണോമിസ്ററ്" "കോമേഴ്സ്" ആവർത്തിച്ചാവർത്തിച്ച് കുത്തകകളുടെ സഹകരണമനോഭാവത്തെ പുകഴ്ത്തി. ഇന്ത്യയുടെ ഭാഗത്തുനിന്നും ഇതു പോലുള്ള മനോഭാവം ഉണ്ടാകണമെന്നും കമ്പനികളുടെ നിർദ്ദേശങ്ങൾ ഇന്ത്യാഗവണ്മെണ്ട് സ്വീകരിക്കണമെന്നും ഈ പ്രസിദ്ധീകരണങ്ങൾ പറഞ്ഞു. തങ്ങളുടെ എണ്ണശുദ്ധീകരണശാലകളുടെ പദവി മാററുകയും, അവയുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള കരാറുകൾ ഉപേക്ഷിക്കുകയും ചെയ്യാൻ കുത്തകകൾ ഒരുക്കമാണെന്ന് ഈ പ്രസിദ്ധീകരണങ്ങൾ എഴുതി. ഇന്ത്യൻ സ്വകാര്യമൂലധനവുമായി പങ്കുചേരാനുള്ള കുത്തകകളുടെ തീരുമാനത്തെത്തുടന്ന്, ഇന്ത്യൻ സ്വകാര്യമൂലധനവും കുത്തകകളും തമ്മിലുള്ള സഹകരണത്തിൻെറ "ശോഭനമായ" ഭാവിയെപ്പററിയും ഇവ ചിത്രീകരിച്ചു.

വർഷങ്ങളായി നേടിവന്ന അവകാശങ്ങളും വമ്പിച്ച ലാഭവും ഉപേക്ഷിക്കുവാൻ കുത്തകകൾ സന്നദ്ധത പ്രകടിപ്പിച്ചതു് എന്തുകൊണ്ടാണ്?

ഇവരുടെ നിർദ്ദേശങ്ങൾ നമുക്കൊന്നു സൂക്ഷ്മമായി പരിശോധിക്കാം: തങ്ങളുടെ വ്യാപാരസംഘടനകളിൽ മാററം വരുത്താമെന്നും, ഇവ "ഉറുപ്പിക" കമ്പനികളായി ഇൻകോർപ്പറേററു ചെയ്യാമെന്നും ബർമ്മാഷെല്ലും എസ്സോയും സമ്മതിച്ചു. ഈ ലക്ഷ്യം മുൻനിത്തിക്കൊണ്ട്, പുതിയ കമ്പനിയുടെ സ്റ്റോക്കു് 'വിപുലമായ തോതിൽ' ഇന്ത്യൻനിക്ഷേപകക്കു് ലഭ്യമാക്കാൻ അവർ നിശ്ചയിച്ചു. ഒരു വെടിക്കു് രണ്ടിലധികം പക്ഷികളെ കൊല്ലാൻ ശ്രമിക്കുകയായിരുന്നു, അവർ. ഒന്നാമതായി—നികുതിയിൽ വലിയ ആനുകൂല്യം നേടാമെന്നു് അവർ ഉദ്ദേശിച്ചു. ലാ

ഭത്തിന്മേൽ 63 ശതമാനം നികുതി നൽകുന്നതിനുപകരം ദേശീയ കമ്പനികളെപ്പോലെ 50 ശതമാനം നികുതികൊടുത്താൽ മതിയാകുമെന്നായിരുന്നു അവരുടെ കണക്കുകൂട്ടൽ.[1] വിദേശീയ എണ്ണശുദ്ധീകരണശാലകളിന്മേൽ ചുമത്തുന്ന നികുതിയുടെ നിരക്ക് ഇന്ത്യൻ കമ്പനികളുടേതിനു തുല്യമാക്കാൻ കരാറുകളിൽ വ്യവസ്ഥയുണ്ടായിരുന്നു എന്നതു് നേരാണ്. എന്നാൽ അതിന് 1965 അവസാനം വരെ മാത്രമായിരുന്നു പ്രാബല്യം.

രണ്ടാമതായി—ഇന്ത്യൻസ്വകാര്യമൂലധനം ആധിപത്യം പുലത്തിപ്പോരുന്ന പെട്രോകെമിക്കൽ വ്യവസായം പോലെ വലിയ ലാഭമുള്ള രംഗങ്ങളിൽ പങ്കുചേരാൻ വിദേശക്കുത്തകകൾക്ക് സൗകര്യം ലഭിക്കുന്നു.

മൂന്നാമതായി—ദേശസാത്ക്കരണത്തിന്റെ ആവശ്യം മുമ്പെന്നത്തേക്കാളും കൂടുതലായി പ്രകടമായിക്കഴിഞ്ഞിട്ടുള്ള പരിതസ്ഥിതിയിൽ, അപകടത്തിൽനിന്നു് രക്ഷനേടാൻ പുതിയ നിർദ്ദേശങ്ങൾ സഹായിക്കുന്നു.

നേരത്തെ പറഞ്ഞതുപോലെ "അടിസ്ഥാനപരമായ ചില കാര്യങ്ങളിലുള്ള ധാരണയ്ക്കു വിധേയമായി" തങ്ങളുടെ പദവിയിൽ മാററം വരുത്താമെന്നാണ് കുത്തകകൾ സമ്മതിച്ചതു്. ഇതിൽ ഏററവും കൂടുതൽ ഉത്ക്കണ്ഠയുള്ളതു് എവിടെ നിന്നും സ്വതന്ത്രമായി എണ്ണവാങ്ങാനുള്ള അവരുടെ സ്വാതന്ത്ര്യത്തിലാണ്. കരാറുകൾ പ്രകാരം നേടിയെടുത്തിട്ടുള്ളതും കമ്പനികളുടെ പദവിയെ സംബന്ധിച്ചു് നിലവിലുള്ളതുമായ ഈ പ്രധാന അവകാശം ത്യജിക്കുവാൻ ബർമ്മാഷെല്ലിനും എസ്സോക്കും ഉദ്ദേശമില്ലായിരുന്നു.

---

1. ദി എക്കണോമിക് വീക്ക്ലി, മേയ് 19, 1962, പേജ് 803.

ഇതിൻെറ അർത്ഥം എന്താണെന്നു ഇന്ത്യാഗവണ്മെൻറിനു് ബോദ്ധ്യമായി. വില ഉറപ്പികയായി നൽകിയാൽ മതിയെന്നുള്ളതും വിലകുറഞ്ഞതും ആയ സോവിയററു എണ്ണ ശുദ്ധീകരിക്കുവാൻ കുത്തകകൾ തയ്യാറായില്ല. ഇങ്ങനെ വൻതുക ലാഭിക്കാനും, വിദേശനാണ്യനിലമെച്ചപ്പെടുത്താനും ഇന്ത്യാഗവണ്മെൻറിനു് ലഭിച്ച സൗകര്യം കുത്തകകൾ നഷ്ടപ്പെടുത്തി. അനേകം വർഷങ്ങളായി കുത്തകകൾ ഇന്ത്യയിൽ ഇറക്കുമതിചെയ്യുന്ന എണ്ണയുടെ മുദ്രിത വിലയിൽ, ലോകവിപണിയിലെ സാധാരണ രീതിപോലെ ഡിസ്ക്കൗണ്ടു് അനുവദിക്കാറില്ലെന്നു് അടുത്തനാളിൽ ഗവണ്മെൻറു നടത്തിയ അന്വേഷണത്തിൽ നിന്നു് തെളിഞ്ഞു. വിദേശ എണ്ണശുദ്ധീകരണശാലകളുടെ പദവിയെ സംബന്ധിച്ച കരാർ റദ്ദാക്കുന്നതോടൊപ്പം അവർക്കു് ഇഷ്ടമുള്ള സ്ഥലത്തുനിന്നു് എണ്ണ വാങ്ങാമെന്ന അവകാശം നിഷേധിക്കേണ്ടതാണു്. അല്ലെങ്കിൽ, നിലവിലുള്ള നടപടിക്രമങ്ങൾക്കു നിയമസാധുത ഉണ്ടാവുകയായിരിക്കും ഫലം. അങ്ങിനെ വരുമ്പോൾ, നേരത്തെയുള്ള അനുവാദമുപയോഗിച്ചു് മദ്ധ്യപൂർവ്വദേശത്തെ സഹായകകമ്പനികളിൽനിന്നുള്ള എണ്ണഇറക്കുമതി അവർ തുടരുകയായിരിക്കും ചെയ്യുക. ഇതിന്റെ ഫലമായി, ഗവണ്മെൻറിനു് ഏററവും അധികം അത്യാവശ്യമുള്ള വിദേശനാണ്യം ധാരാളമായി ചിലവാക്കേണ്ടതായും വരും. മററുതരത്തിൽ പറഞ്ഞാൽ, ഇന്ത്യയിലെ പ്രവത്തനങ്ങൾ വഴി വമ്പിച്ച ലാഭം നേടാനുള്ള അവകാശം കുത്തകകൾക്കു് നിലനിത്താൻ കഴിയും.

“ഇറക്കുമതി തുല്യത”യുടെ അടിസ്ഥാനത്തിലോ, ഇറക്കുതി ചെയ്യപ്പെടുന്ന എണ്ണയുത്പ്പന്നങ്ങളുടെ വിലനിലവാരമനുസരിച്ചോ, തങ്ങളുടെ ഉത്പ്പന്നങ്ങളുടെ വില

നിശ്ചയിക്കുവാനുള്ള അവകാശം വേണമെന്നതിൽ കുത്തകകൾ മുറുകെ പിടിക്കുന്നു.

കുത്തകകളുടെ ഈ നിലപാട്, ബിസിനസ്സ് വിപുലമാക്കാൻ അവർ നിർദ്ദേശിക്കുന്ന സൗകര്യപ്രദമായ വ്യവസ്ഥകൾ നിഷ്ഫലമാക്കിത്തീർക്കുന്നു. കുത്തകകളുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുകയാണെങ്കിൽ ഇന്ത്യയിൽ നിന്ന് അധികമായി ലാഭം അപഹരിക്കുകയും, ഡോളറും സ്റ്റർലിംഗും നല്കി അധികമായി എണ്ണ ഇറക്കുമതി ചെയ്യുന്നതുവഴി വിദേശനാണ്യനില ശോഷിക്കുകയും മൂലധനനിക്ഷേപംവഴിയുള്ള സമ്പാദ്യമാകെ ഇല്ലാതാകുകയുംചെയ്യും.

ഇതിൽ നിന്നൊക്കെ തെളിയുന്നത്, നിലവിലുള്ള കരാറുകൾ ഉപേക്ഷിക്കുവാൻ കുത്തകകൾക്ക് ഉദ്ദേശമില്ലെന്നതാണ്. 1950-ആദ്യം നേടിയെടുത്ത അവകാശങ്ങൾ നിലനിർത്താനാണ് യഥാർത്ഥത്തിൽ അവർ ശ്രമിക്കുന്നത്. ഇന്ത്യൻ പത്രപ്രവർത്തകനായ കേവൽവർമ്മ 'ഓയിൽ കമ്പനീസ് സ്ടാററജി' (എണ്ണക്കമ്പനികളുടെ തന്ത്രം) എന്ന തലവാചകത്തിൽ എഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ പറയുന്നു: "ഇങ്ങനെ പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനുള്ള കമ്പനികളുടെ സന്നദ്ധതയെന്നു പറയുന്നത് വെറും സാങ്കൽപ്പികമായ ഒന്നാണ്. ഫലത്തിൽ, ഒരിഞ്ചുപോലും വിട്ടുകൊടുക്കാൻ അവർ ഒരുക്കമല്ല. ഇതേ സമയത്ത് അവർ അവരുടെ എണ്ണശുദ്ധീകരണ ശേഷി വർദ്ധിപ്പിക്കുവാനാണ് നോക്കുന്നത്........എണ്ണശുദ്ധീകരണ ഉടമ്പടികളുടെ മറവിൽ വികാസം പ്രാപിക്കുവാൻ ഈ കമ്പനികളെ അനുവദിക്കരുത് എന്നത് തികച്ചും സാമ്പത്തികമായ യുക്തിയാണ്.[1]"

---

1. മെയിൻസ്ട്രീം, ജനുവരി 19, 1963, പേജ് 17.

'സാഗാ ഓഫ് ഇന്ത്യൻ ഓയിൽ' (ഇന്ത്യയിലെ എണ്ണയുടെ കഥ) എന്ന ലേഖനത്തിന്റെ കർത്താവും വിദേശീയ എണ്ണശുദ്ധീകരണശാലകളുടെ വളർച്ചക്കെതിരെ ശബ്ദമുയർത്തിയിട്ടുണ്ട്. ഈ വികസനക്രമം...."പൊതുമേഖലയിലുള്ള എണ്ണശുദ്ധീകരണശാലകളുടെ വളർച്ചയ്ക്കു തടസ്സം സൃഷ്ടിക്കാൻവേണ്ടിയുള്ളതാണ്"[1] എന്ന് ആ ലേഖകൻ വ്യക്തമാക്കുന്നു. അദ്ദേഹം തുടരുന്നു: "ഇന്ത്യയുടെ എണ്ണരംഗത്ത് ആധിപത്യം ഉറപ്പിക്കുകയും, എണ്ണവ്യവസായത്തിലെ പൊതുമേഖലയെ തുരങ്കംവെയ്ക്കുകയും ചെയ്യാനായി വേണ്ടിവന്നാൽ "ഒരു വിലസമരം" നടത്താൻകൂടിയാണ് വിദേശീയ എണ്ണക്കമ്പനികൾ ആഗ്രഹിക്കുന്നത്." ട്രാൻസ്പോർട്ടിൽ ഓവർലോഡുണ്ടാകാനും കഴിവുകൾ ചില പ്രത്യേകകേന്ദ്രങ്ങളിൽ അമിതമായി കേന്ദ്രീകരിച്ചുപോകാനും വിദേശീയ എണ്ണശുദ്ധീകരണശാലകളുടെ വികസനം ഇടയാക്കുമെന്ന് ലേഖകൻ മുന്നറിയിപ്പ് നൽകുന്നു. എണ്ണശുദ്ധീകരണശാലകളുടെ വികസനത്തിനുശേഷം, എണ്ണയുല്പന്നങ്ങൾ കുറഞ്ഞവിലയ്ക്കു് വിൽക്കണമെന്നൊരു ഉദ്ദേശമേ കുത്തകകൾക്കില്ലെന്നും അദ്ദേഹം ഉറപ്പിച്ചു പറയുന്നു. വ്യക്തമായ ലക്ഷ്യത്തോടെ കൂടി, വികസനം മന്ദഗതിയിലാക്കുന്നതിൽ വിദേശഎണ്ണശുദ്ധീകരണശാലകൾ അസാധാരണമായ കഴിവ് പ്രകടിപ്പിച്ചിട്ടുണ്ടെന്നാണ് കഴിഞ്ഞ കാലത്തെ അനുഭവം തെളിയിക്കുന്നത്".[2] അതുകൊണ്ട് ഇവയുടെമേൽ കർശനമായ നിയന്ത്രണമുണ്ടാവണമെന്ന് ലേഖകൻ ആവശ്യപ്പെടുന്നു.

ബർമ്മാഷെല്ലിന്റേയും എസ്സോയുടേയും നിർദ്ദേശങ്ങൾ ഇന്ത്യാഗവണ്മെന്റ് നിരാകരിച്ചു. വില ഉറപ്പിക

1. ഇന്ത്യൻ പെട്രോളിയം, പേജ് 41.
2. ,, പേജ് 41.

യായി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ, കുറഞ്ഞവില യ്ക്കു് എണ്ണ ലഭിക്കുമെങ്കിൽ മാത്രമേ സ്വകാര്യ എണ്ണ ശുദ്ധീകരണശാലകളുടെ വികസനത്തിനു് അനുവാദം നൽകാൻ പററുകയുള്ളു എന്നു് 'എണ്ണ ഉപദേശക കമ്മി ററി'യോടു് മാളവ്യ പറഞ്ഞു.1

ഈ വ്യവസ്ഥകളെപ്പററി ചർച്ച ചെയ്യാൻ, വിദേശ കമ്പനികൾ തയ്യാറായില്ല. അങ്ങനെ ഇന്ത്യയുടെ സാമ്പ ത്തികതാല്പര്യങ്ങളെക്കുറിച്ചു് അവർക്കു് ചിന്തയില്ലെന്നു് ഒരിക്കൽക്കൂടി തെളിഞ്ഞു.

വിദേശനാണ്യം ലഭിക്കാനുള്ള ആഗ്രഹംകൊണ്ടു് മുഴു വൻ ഉല്പാദനശേഷിയോടെ പ്രവർത്തിക്കാൻ വിദേശീയ എണ്ണശുദ്ധീകരണശാലകൾക്കു് ഗവണ്മെൻറു് താൽക്കാലി കമായി അനുവാദം നൽകി.

നാലാമത്തെ എണ്ണശുദ്ധീകരണശാല ദക്ഷിണേന്ത്യ യിൽ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു് അമേരിക്കൻ ഫിലിപ്സ് പെട്രോളിയം കമ്പനിയുമായി 1962-ലും 1963-ആദ്യവും ഇന്ത്യാഗവണ്മെൻറു് കൂടിയാലോചന ന ടത്തി. ബർമ്മാഷെൽ, എസ്സോ, കാൽടെക്സ് എന്നിവ യെപ്പോലെ ഫിലിപ്പ്സ്കമ്പനി ഇൻറർനാഷണൽ പെ ട്രോളിയം കാർട്ടലിലെ അംഗമല്ല. ലോകവിപണിയി ലേക്കു കടന്നുവന്ന പുതിയ ഒരു കമ്പനിയാണിതു് തങ്ങ ളുടെ ബിസിനസ്സു്. വിശേഷിച്ചു് വിപണനം, വദ്ധിപ്പി ക്കണമെന്നു് ഈ കമ്പനിക്കു് ആഗ്രഹമുണ്ടു്. എണ്ണശു ദ്ധീകരണശാല സ്ഥാപിക്കുന്നതിൽ ബർമ്മാ ഷെല്ലിനേയും എസ്സോയേയുംകാൾ കൂടുതൽ അനുകൂലമായ വ്യവസ്ഥകൾ

1. ദി പ്രസ്സ് ട്രസ്റ്റ്ഓഫ് ഇന്ത്യാ, സെപ്റ്റംബർ 26, 1962.

എന്തുകൊണ്ടാണ് ഫിലിപ്സ്കമ്പനി പെട്ടെന്ന് അനുവദിച്ചതെന്ന് ഇതിൽനിന്ന് വ്യക്തമാണ്,

ഈ സംരംഭത്തിൻെറ ഓഹരിയിൽ 51 ശതമാനം ഇന്ത്യാഗവണ്മെൻറിനായിരിക്കും. ഫിലിപ്സ് പെട്രോളിയത്തിനു 25 ശതമാനവും, ഡൺകൻ ബ്രദേഴ്സ് ഏജൻസിക്കു 2 ശതമാനവും കേരളാഗവണ്മെൻറിനു 22 ശതമാനവും ഓഹരികളുണ്ടാകും.[1]

ഈ എണ്ണശുദ്ധീകരണശാല സ്ഥാപിക്കുന്നതു കൊച്ചിയിൽ (കേരളം) ആയിരിക്കും. ഇതിൻെറ ആദ്യത്തെ ഉല്പാദനശേഷി 2,500,000 ടൺ ആയിരിക്കും; ഇതു രണ്ടോ മൂന്നോ വർഷം കൊണ്ടു 35,00,000 ടൺ ആകും. 170 മില്യൻ രൂപയായിരിക്കും ഇതിൻെറ ചിലവ്. 1965-ഒക്ടോബറിൽ പൂർത്തിയാകേണ്ട ഈ എണ്ണശുദ്ധീകരണശാലയുടെ നടത്തിപ്പിനായി കൊച്ചിൻ റിഫൈനറീസ് കമ്പനി രൂപീകരിക്കപ്പെട്ടിട്ടുണ്ടു്.

ഇറക്കുമതി ചെയ്യുന്ന എണ്ണയും ഇന്ത്യയിലുള്ള എണ്ണയും ഈ പുതിയ കമ്പനി വാങ്ങുന്നതാണ്. ആദ്യത്തെ 15 വർഷങ്ങളിൽ, ഇറക്കുമതി ചെയ്യപ്പെടുന്ന എണ്ണ കുറഞ്ഞ വിലയ്ക്കു വാങ്ങാനുള്ള ഏജൻറായി കമ്പനി പ്രവർത്തിക്കും. എണ്ണ കൊണ്ടുവരാനുള്ള കപ്പലുകൾ വാടകയ്ക്കെടുക്കുന്നതും ഇവരായിരിക്കും. ഇക്കാര്യത്തിൽ ഇന്ത്യൻകപ്പലുകൾ ഉപയോഗപ്പെടുത്താമെന്നൊരുവ്യവസ്ഥ കരാറിലുണ്ടു്.

ഇറക്കുമതി ചെയ്യുന്ന എണ്ണയുടെ വിലയിനത്തിലും വില്പനവിലയിലും ലഭിക്കുന്ന മൊത്തവരുമാനങ്ങൾ ത-

---

1. ഇന്ത്യൻ എക്സ്പ്രസ്സ്, ജനുവരി 16, 1964.

മ്മിലുള്ള വ്യത്യാസം ആദ്യത്തെ പത്തു വർഷങ്ങളിൽ ബാരലൊന്നിനു് 1.35 ഡോളറായിരിക്കും. ഇതു് പിന്നീടുള്ള 5 വർഷങ്ങളിൽ 1.30 ഡോളറായി കുറയ്ക്കാമെന്നു് ഇന്ത്യാഗവണ്മെൻറു് തീരുമാനിച്ചു.[1]

മിച്ചംവരുന്ന എണ്ണ തങ്ങൾക്കു് മാർക്കററിംഗ് ഏജന്റന്മാരുള്ള ആസ്ത്രേലിയായിൽ മത്സരവിലയ്ക്കു് നല്കിക്കൊള്ളാമെന്നു് ഫിലിപ്സ് പെട്രോളിയം കമ്പനി സമ്മതിച്ചു.

ഫിലിപ്സ് പെട്രോളിയത്തിന്റെ നിർദ്ദേശങ്ങളിൽ ലോകവിപണിയിലുണ്ടായ മാററങ്ങൾ പ്രതിഫലിക്കുന്നു. എണ്ണയ്ക്കുവേണ്ടിയുള്ള അത്യാർത്തികാരണം ഇൻറർനാഷണൽ പെട്രോളിയം കാർട്ടലിലെ അംഗങ്ങളായ കമ്പനികളും അതിനുപുറത്തുള്ള കമ്പനികളും തമ്മിലുള്ള മത്സരം മൂർച്ഛിക്കുകയും, പുതിയ വിപണികളിൽ എണ്ണവിതരണം ചെയ്യുന്നവരായിത്തീരാൻ പുറത്തുള്ള കമ്പനികൾ ശ്രമം നടത്തുകയും ചെയ്തു എന്നതാണു് ഈ മാററം.

എണ്ണശുദ്ധീകരണസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു് ഇന്ത്യാഗവണ്മെൻറിൻെറ അനുവാദം വാങ്ങുവാൻ 1963-ൽ വിദേശ എണ്ണ കുത്തകകൾ വീണ്ടും ശ്രമമാരംഭിച്ചു. തുടർച്ചയായി ചർച്ചകൾ നടത്തുകയും, കുത്തകകളിൽ നിന്നും യു. എസ്. ഉദ്യോഗസ്ഥന്മാരിൽനിന്നും ഉപദേശങ്ങളും ശുപാർശകളുമുണ്ടാവുകയും ചെയ്തു. അവരൽഹാരിമാൻ, ഇന്ത്യയിലെ അന്നത്തെ യു. എസ്. അമ്പാസിഡർ ഗാൽബ്രയിത്തു്. പുനർനിർമ്മാണത്തിനും വികസന

---

1. ഇന്ത്യൻ എക്സ്പ്രസ്സ്, ജനുവരി 16, 1964.

ത്തിനും വേണ്ടിയുള്ള സാർവ്വദേശീയ് ബാങ്കിൻെറ പ്രതിനിധികൾ എന്നിവർ കുത്തകകളെ പിന്താങ്ങി. ചില ഇന്ത്യൻപ്രസിദ്ധീകരണങ്ങളിൽ നിന്നും, പിർലമെൻറംഗങ്ങളിൽനിന്നും ഉയന്ന ഉദ്യോഗസ്ഥന്മാരിൽ നിന്നും ഈ കുത്തകകൾക്ക പിന്തുണ ലഭിച്ചു. ഖനി ഇന്ധനവകപ്പുമന്ത്രി മാളവ്യയുടെ രാജിയോടുകൂടി സന്തുഷ്ടരായ കുത്തകകളെ പിന്താങ്ങാൻ നാഷണൽ പ്ലാനിങ്ങ് കമ്മിററിയും മുന്നോട്ടുവന്നു.[1] "ഖനിഇന്ധനവകപ്പിൽ മന്ത്രിമാരുടെ ഒരു മാററം ഉണ്ടായിട്ടുള്ളതുകൊണ്ട് ബോംബെ റിഫൈനറീസിൻെറ വികസനകാര്യമെങ്കിലും പുതിയതായി ആലോചിക്കേണ്ടതാണ്....എണ്ണയ്ക്കുവേണ്ടി സർവ്വേ നടത്തുകയും ഭൂമി കുഴിക്കുകയും ചെയ്യുന്നതിൽ, സാർവ്വദേശീയ എണ്ണക്കമ്പനികളുടെ സഹായം കൂടുതലായി നേടുന്ന പ്രശ്നത്തിൽ [ഒരു പുതിയ സമീപനം] അഭികാമ്യമാണെന്നും തോന്നുന്നു."[2]

ബോംബയിലേയും വിശാഖപട്ടണത്തിലേയും എണ്ണശുദ്ധീകരണശാലകളുടെ ഉല്പാദനശേഷി 12,750,000 ടണ്ണായി വർദ്ധിപ്പിക്കണമെന്നായിരുന്നു എണ്ണക്കമ്പനികൾ ഒടുവിലായി നിർദ്ദേശിച്ചതു്. ഇതിൽ ബർമ്മാഷെൽ 5,750,000 ടണ്ണും, എസ്സോ 4,500,000 ടണ്ണും കാൽടെക്സ് 2,500,000 ടണ്ണും എണ്ണയുല്പാദിപ്പിക്കുവാൻ ഉദ്ദേ

1. ഇന്ത്യൻ എക്സ്പ്രസ്സ്, മേയ് 17, 1963; ഇതേപ്പററി ലിങ്ക് ഇങ്ങനെ എഴുതി:– പ്ലാനിംഗ്കമ്മിഷനെ അവർക്ക് (കുത്തകകൾക്ക്) സ്വാധീനിക്കാൻ കഴിഞ്ഞതു്, ഗവണ്മെൻറിനുള്ളിൽ കൂടുതൽ വ്യാപകമായ സ്വാധീനം വളർത്തുന്നതിലുള്ള അവരുടെ വിജയത്തിൻെറ ഒരുഭാഗമാണ്. (ലിങ്ക്, ജൂൺ 2, 1963).

2. ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്, ജൂൺ 28, 1963, പേജ് 1440.

ശിച്ചു[1] പ്രതിവർഷം മൊത്തം 345,000 ലൂബ്രിക്കേററിംഗ് ഓയിൽ പ്ലാൻറുകൾ സ്ഥാപിക്കുവാൻ തുല്യതയുടെ അടിസ്ഥാനത്തിൽ പങ്കുചേരുന്നതിനു് ബർമ്മാഷെല്ലും എസ്സോയും ഇന്ത്യാഗവണ്മെൻറിനെ ക്ഷണിച്ചു.[2]

ഈ ശ്രമം പരാജയപ്പെട്ടു. ലൂബ്രിക്കൻറു പ്ലാൻറുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശം തത്വത്തിലംഗീകരിച്ചുവെങ്കിലും, വികസനപദ്ധതി ഗവണ്മെൻറ് നിരാകരിച്ചു. എണ്ണയെ സംബന്ധിച്ച പൊതുമേഖല ഇന്ത്യാഗവണ്മെന്റ് വികസിപ്പിച്ചുകൊണ്ടിരിക്കുമെന്നു്, 1963 സെപ്തംബർ 9-ാംതീയതി പാർലമെൻറിൽ ജവഹർലാൽ നെഹ്റു ഉറപ്പിച്ചുപറഞ്ഞു. അദ്ദേഹം പ്രസ്താവിച്ചു: "പൊതുമേഖലയിലെ എണ്ണശുദ്ധീകരണശാലകളുടെ ചിലവിൽ സ്വകാര്യമേഖലയെ വികസിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നില്ല. പരിതസ്ഥിതികളുടെ സമ്മർദ്ദം ഉണ്ടായില്ലെങ്കിൽ, സ്വകാര്യമേഖലയുടെ ഏതെങ്കിലുംതരത്തിലുള്ള വികസനത്തിനു് സമ്മതിക്കുവാൻ നാം ഉദ്ദേശിക്കുന്നില്ല."[3]

പൊതുമേഖലാവികസനത്തിനുവേണ്ടി ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള മാർഗ്ഗം, ബറൗണിയിലെയും കൊയാലിയിലെയും ഗൗഹതിയിലെയും എണ്ണശുദ്ധീകരണശാലകൾ വികസിപ്പിക്കാൻ സോവിയററുയൂണിയനും റുമേനിയായും നൽകുന്ന സഹായം, ഫിലിപ്സ് പെട്രോളിയവുമായി ഒപ്പുവച്ച കരാർ, കരാറനുസരിച്ച സ്ഥാപിക്കുന്ന എണ്ണശുദ്ധീകരണശാലയിലെ ഓഹരികളിന്മേൽ നിയ

---

1. ദി സ്റ്റേററ്സ്മാൻ, ആഗസ്റ്റ് 28, 1963.
2. ടൈംസ് ഓഫ് ഇന്ത്യ, സെപ്തംബർ 11, 1963.
3. ദി സ്റ്റേററ്സ്മാൻ, സെപ്തംബർ 10, 1963.

ന്ത്രണാധികാരമുള്ള ഗവണ്മെൻറുപങ്ക് എന്നിവയെല്ലാം ഇന്ത്യാഗവണ്മെൻറിൻെറ നില ശക്തിപ്പെടുത്താൻ സഹായകരമായിത്തീർന്നു. ബർമ്മാഷെല്ലിനും എസ്സോയ്ക്കും കാൽടെക്സിനും ഉള്ള കുറെ സൗകര്യങ്ങൾ നഷ്ടപ്പെട്ടു. പുതിയ സാഹചര്യത്തിൽ,' ഇന്ത്യയിലെ തങ്ങളുടെ ബിസിനസ്സ് വികസിപ്പിക്കുന്നതിനായി ഈ കമ്പനികൾ മററു മാർഗ്ഗങ്ങൾ അവലംബിച്ചു. 1963-നു മുമ്പ്, എണ്ണ ശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതിൽ പൊതുമേഖലയുമായി സഹകരിക്കുന്നതു സംബന്ധിച്ചുള്ള ഓരോ നിർദ്ദേശവും നേരെയങ്ങു നിഷേധിക്കുകയാണ് കുത്തകകൾ ചെയ്തതു്. എന്നാൽ, 1963 മദ്ധ്യത്തിൽ, ഇവർ തങ്ങളുടെ അടവ് മാററി. നാലാം പഞ്ചവത്സരപദ്ധതിക്കാലത്ത് മദ്രാസിനു സമീപവും കൽക്കട്ടയിലും സ്റ്റേററുടമയിലുള്ള എണ്ണശുദ്ധീകരണശാലകൾ സ്ഥാപിക്കുമെന്നു ഗവണ്മെൻറ് പ്രഖ്യാപിച്ചപ്പോൾ, മദ്രാസ് എണ്ണശുദ്ധീകരണശാല സ്ഥാപിക്കുന്നതിൽ സേവനങ്ങൾ വാഗ്ദാനംചെയ്തുകൊണ്ട് ബർമ്മാഷെല്ലും എസ്സോയും മുന്നോട്ടുവന്നു. ഇതിൻെറ ഓഹരികളിൽ 51 ശതമാനം ഇന്ത്യാഗവണ്മെൻറിനു് നല്കാൻ ഇവർ തയ്യാറാവുകയും ചെയ്തു. ഇന്ത്യയിൽ തങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനുള്ള സൗകര്യം ഉപയോഗപ്പെടുത്തുകയും, മദ്ധ്യപൂർവ്വദേശത്തുനിന്നു് ലഭിക്കുന്ന എണ്ണയുടെ വില്പനയ്ക്കു് ഉറപ്പുവരുത്തുകയും, എണ്ണശുദ്ധീകരണശാലകളുടെ പദവിയെപ്പററിയുള്ള കൂടിയാലോചനകളിൽ തങ്ങളുടെ നിലപാട് ശക്തിപ്പെടുത്തുകയും ചെയ്യാൻവേണ്ടി അവർ സ്വീകരിച്ച തന്ത്രപരമായ നീക്കമായിരുന്നു ഇതു്. കരാറിലെ വ്യവസ്ഥകളും കുത്തകകളെ ആകർഷിക്കുകയുണ്ടായി. ഈ വ്യവസ്ഥകൾ അവർക്കു വളരെയേറെ പ്രയോജനകരമായിരുന്നു. ബർമ്മാഷെല്ലും എസ്സോയും കൂടാതെ അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ഇററലി,

ജപ്പാൻ എന്നിവിടങ്ങളിലെ മററു 15 കമ്പനികൾകൂടി ഇതേ വ്യവസ്ഥകളോടെ സേവനമനുഷ്ഠിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചതിൽനിന്നു് ഇക്കാര്യം വ്യക്തമാകുന്നു.

എണ്ണശുദ്ധീകരണശാലകളെ സംബന്ധിച്ചുള്ള കരാറുകളിൽ മാററംവരുത്താനുള്ള ഒരു നിർദ്ദേശവുമായി, 1963 പകുതി കഴിഞ്ഞു്, ബർമ്മാഷെല്ലും എസ്സോയും കാൽടെക്സും വീണ്ടും ഇന്ത്യാഗവണ്മെൻറിനെ സമീപിച്ചു. ഇപ്രാവശ്യം, എണ്ണശുദ്ധീകരണശാലകളുടെ വികസനത്തിൻെറ കാര്യത്തിൽ അവർ നിർബ്ബന്ധംപിടിച്ചില്ല. 1963 ഒടുവിൽ, എണ്ണശുദ്ധീകരണശാലകൾക്കുള്ള ഉല്പാദനശേഷി (വികസിപ്പിച്ചതു്) നിലനിത്താൻവേണ്ടിമാത്രമാണു് അവർ വാദിച്ചതു്. എന്നാൽ, ഇറക്കുമതിചെയ്യുന്ന എണ്ണയുടെ വില മത്സരരംഗത്തുള്ള മററു കമ്പനികൾചുമത്തുന്ന വിലയ്ക്കു് തുല്യമായിരിക്കുമെന്നു് ഇന്ത്യാഗവണ്മെൻറിന്നു് ഉറപ്പുനൽകിക്കൊണ്ടു്, എണ്ണ എവിടെനിന്നു വാങ്ങണമെന്നു് സ്വതന്ത്രമായി നിശ്ചയിക്കാനുള്ള അവകാശം തുടർന്നുലഭിക്കണമെന്നവർ വാദിച്ചു. സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഉള്ള എണ്ണശുദ്ധീകരണശാലകളോടു് തുല്യമായ നിലയിലുള്ള സമീപനം സ്വീകരിക്കണമെന്നു് അവർ ഇന്ത്യാഗവണ്മെൻറിനോടു് ആവശ്യപ്പെടുകയുംചെയ്തു. ഇന്ത്യയ്ക്കകത്തുള്ള എണ്ണയ്ക്കു് മുൻഗണന നൽകാമെന്നും, മിച്ചമുള്ള എണ്ണയുത്പന്നങ്ങൾ കയററുമതിചെയ്തുകൊള്ളാമെന്നും ഈ കമ്പനികൾ വാഗ്ദാനംനടത്തുകയുമുണ്ടായി.

എണ്ണയുടെ പൊതുമേഖലയ്ക്കുണ്ടായ നേട്ടങ്ങൾ കാത്തുസൂക്ഷിക്കാനുള്ള ശ്രമം മുന്നേറി വരികയാണു്. ഇന്ത്യൻ

വിപണിയിൽ തങ്ങൾക്കുള്ള സ്ഥാനം ഉറപ്പിക്കാമെന്നു പ്രതീക്ഷകൾ എണ്ണക്കുത്തകകൾ കൈവെടിഞ്ഞിട്ടില്ല.

x x x x x

വിദേശ-ആഭ്യന്തരവ്യാപാരത്തിൽ, വിശേഷിച്ച് സോഷ്യലിസ്റ്റ് രാജ്യങ്ങളുമായുള്ള ഇന്ത്യൻഗവണ്മെന്റിന്റെ വ്യാപാരത്തിൽ, പൊതുമേഖല വികസിപ്പിക്കുക എന്നു ഇന്ത്യാഗവണ്മെൻറിൻെറ നയത്തെ പരാജയപ്പെടുത്താൻ വിദേശഎണ്ണക്കുത്തകകൾ ശ്രമിച്ചുവരികയാണ്. 1960-ൽ, സ്വന്തം സ്ഥിതി മെച്ചപ്പെടുത്താനായി, വില ഉറപ്പികയായി നല്കിക്കൊണ്ട് സോവിയററ് യൂണിയനിൽനിന്ന് എണ്ണ വാങ്ങാൻ ഇന്ത്യാഗവണ്മെന്റ് നിശ്ചയിച്ചു. നിലവിലുള്ള കരാറുകൾ ചൂണ്ടിക്കാണിക്കാണിച്ചുകൊണ്ട് (എണ്ണ എവിടെ നിന്ന് വാങ്ങാമെന്ന് സ്വതന്ത്രമായി തീരുമാനിക്കാനുള്ള അവകാശം) ഈ എണ്ണ ശുദ്ധീകരിക്കാൻ പററില്ലെന്ന് കുത്തകകൾ പറഞ്ഞു.

എണ്ണയുല്പന്നങ്ങൾ, സ്റ്റേററ് ട്രേഡിംഗ് സംഘടനകൾ വഴി വിപണനം ചെയ്യുന്നതിലും കുത്തകകൾക്കു ശക്തിയായ എതിർപ്പുണ്ടായിരുന്നു. ഒരു 'വില സമരം' ആരംഭിക്കാൻ അവർ തയ്യാറാവുകയും ചെയ്തു. ഇന്ത്യൻ ഓയിൽ കമ്പനി ഡീസൽ ഓയിൽ വിൽക്കുന്നതു് തടസ്സപ്പെടുത്താനായി സ്റ്റേററിനും വിൽപ്പന സംഘടനകളുള്ള പ്രദേശങ്ങളിൽ കുത്തകകൾ വില കുറച്ച് ഡീസൽ ഓയിൽ വിററു. സ്റ്റാൻവാക് (ഇപ്പോഴത്തെ എസ്സോ) അതിൻെറ ഉത്പ്പന്നങ്ങൾ മഹാരാഷ്ട്രയിലും മററ് സംസ്ഥാനങ്ങളിലും ഡംപ് (സാധനങ്ങൾ കൊണ്ടുചെന്ന് ചൊരിഞ്ഞ് മത്സര

ത്തിനുവേണ്ടിതോന്നിയ വിലയ്ക്കു് വില്ക്കുക) ചെയ്തു. കാൽടെക്സ് ഇന്ത്യയുടെ തെക്കും ബർമ്മാഷെൽ വടക്കും (വിശേഷിച്ചു് പഞ്ചാബിൽ) ഇങ്ങനെ ചെയ്തു. സ്റ്റേററിന്റെ ഡീസൽ ഇന്ധനവിൽപ്പന തടസ്സപ്പെടുത്താനുള്ള വിദേശ കമ്പനികളുടെ ശ്രമത്തിൻെറ നിരവധി ഉദാഹരണങ്ങൾ, ഇന്ത്യൻ ഓയിൽ കമ്പനിയുടെ 1961-ലെ വാർഷിക റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.[1] ഇന്ത്യൻ ഓയിൽ കമ്പനിയ്ക്കു സ്വന്തമായി, ചില്ലറ വ്യാപാരത്തിനുള്ള ഒരു ശൃംഖലയില്ലെന്നും തങ്ങളുടെ ഉത്പന്നങ്ങൾ സ്റ്റേററിനും മുനിസിപ്പൽ ഏജൻസികൾക്കും നൽകാമെന്നും കുത്തകകൾ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടു്, ഇവക്കു് തങ്ങളുടെ ഉത്പന്നങ്ങൾ കുറഞ്ഞ വിലയ്ക്കു് വില്ക്കുവാൻ കുത്തകകൾ നിശ്ചയിച്ചു. "ജനറൽ ഡയറക്റേററു് ഓഫ് സപ്ലൈസ് ആൻഡ് ഡിസ്പോസൽസിനു്" 1000 ലിററിന്റെമേൽ 8.8 രൂപ മുതൽ 35 രൂപവരെ ഡിസ്ക്കൌണ്ടോടുകൂടി ഡീസൽ ഓയിലും 5.5 രൂപ മുതൽ 10 രൂപാവരെ ഡിസ്ക്കൌണ്ടോടുകൂടി പാരഫിൻ ഓയിലും നൽകാമെന്നു് ഇവർ പറഞ്ഞു. കുത്തകകൾ കൂടുതൽ വിഷമതകൾ സൃഷ്ടിച്ചു. കുത്തക വിലയുടെ തോതിൽ വില വെട്ടിക്കുറയ്ക്കുവാൻ സ്റ്റേററ്മാർക്കററിംഗ് ഏജൻസികൾ നിർബ്ബന്ധിതമാകുകയും അവയ്ക്കു് വലിയ നഷ്ടം സഹിക്കേണ്ടിവരികയും ചെയ്തു. കോൺട്രാക്ടുകളുടെ കാലാവധി, സാധാരണ രീതിയിൽ, ആറു മാസം മുതൽ ഒരു വർഷം വരെ ആയതുകൊണ്ടു് സ്റ്റേററുമാർക്കററിംഗ് ഏജൻസികൾക്കുണ്ടായ ഈ നഷ്ടം വളരെ വലുതായിരുന്നു. ഒടുവിലുണ്ടായ, ഈ സാഹചര്യം, ഇന്ത്യൻ ഓ-

---

1. ഇന്ത്യൻഓയിൽ കമ്പനി, ലിമിററഡ്, വാർഷികറിപ്പോർട്ടു്, 1961, പേജ് 7.

യിൽ കമ്പനിയുടെ 1962-ലെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു.[1]

കുത്തകകൾ പിന്നേയും മുന്നോട്ടുനീങ്ങി. 'നഗരത്തിൽ ഇൻഡ്യൻ ഓയിൽകമ്പനി പെട്രോൾപമ്പുകൾ (പെട്രോൾ ഇന്ത്യൻ ഫില്ലിംഗ്സ്റ്റേഷൻസ്) സ്ഥാപിച്ചേക്കാവുന്ന 'ഏററവും പററിയ സ്ഥലങ്ങൾ കുത്തകകൾ വിലയ്ക്കോ പാട്ടത്തിനോ വാങ്ങിവരുന്നു' എന്നു് ലക്നൗവിലെ 'നാഷണൽ ഹെറാൾഡ്'' 1961-അവസാനം റിപ്പോർട്ടുചെയ്യുകയുണ്ടായി.[2]

വിദേശകുത്തകകൾ, ഇന്ത്യയും സോഷ്യലിസ്റ്റ് രാജ്യങ്ങളുംതമ്മിലുള്ള സഹകരണം തകർക്കാൻ പ്രചാരവേല നടത്തുകയും സ്റ്റേററു മാർക്കററിംഗ് ഏജൻസികളുമായി 'കഴുത്തറുപ്പൻ' മത്സരത്തിൽ ഏർപ്പെടുകയും ചെയ്തതിൽ പൊതുജനങ്ങൾ രോഷാകുലരായി. കുത്തകകളുടെ നടപടികൾ ദേശീയതാൽപ്പര്യത്തിനു് വിരുദ്ധമായി കണക്കാക്കപ്പെട്ടു. കുത്തകകൾ ഇന്ത്യയിൽ സ്വീകരിച്ചിട്ടുള്ള നയത്തെ വിവിധ പിർട്ടികളുടെ പ്രതിനിധികൾ അധിക്ഷേപിച്ചു. കുത്തകകളുടെകുത്തകസമ്പ്രദായങ്ങൾഅവസാനിപ്പിക്കുകയും, അവർ രാജ്യതാൽപ്പര്യത്തിനനുസൃതമായി പ്രവർത്തിക്കുമെന്നു് ഉറപ്പു വരുത്തുകയും ചെയ്യണമെന്നു് പ്രജാസോഷ്യലിസ്റ്റ് പാർട്ടി മെമ്പറായ ഹേംബറുവാ ഇന്ത്യൻ പാർലമെൻററിൽ ആവശ്യപ്പെട്ടു.[3] സോവിയററു യൂണിയനിൽ നിന്നു് വാങ്ങുന്ന എണ്ണ ശുദ്ധീകരിക്കുന്നതിലുള്ള കുത്തകകളുടെ വിസമ്മതം ഇന്ത്യാഗവണ്മെൻറിന്റെ

---

1. ഇന്ത്യൻ ഓയിൽ കമ്പനി. ലിമിററഡ്. മൂന്നാം വാർഷികറിപ്പോർട്ടു്, സെപ്തംബർ 6, 1962, പേജ് 7.
2. ന്യൂ ഏജ്, ഡിസംബർ 3, 1961, പേജ് 3.
3. ദി ഹിന്ദുസ്ഥാൻ ടൈംസ്, നവമ്പർ 19, 1960.

നേരെയുള്ള അധിക്ഷേപാർഹമായ ഒരു നടപടിയായി സോഷ്യലിസ്റ്റ് പാർട്ടിയിൽപ്പെട്ട ബ്രിദ്ജി രാദ്ജി സിംഗ് വിശേഷിപ്പിച്ചു. ഈ കമ്പനികൾ ദേശസാത്ക്കരിക്കാൻ കഴിയുകയില്ലെങ്കിൽ, ഇവയുടെ കുത്തക അവസാനിപ്പിക്കാൻ ഇന്ത്യാഗവണ്മെൻറ് ഉടൻ നടപടിയെടുക്കണമെന്ന് അദ്ദേഹം പറഞ്ഞു. കുത്തകകളുമായി ഉണ്ടാക്കിയിട്ടുള്ള കരാറുകളെപ്പററി ഒരു പുനഃപരിശോധന നടത്തുകയും, 'ദേശസാത്ക്കരണം നടത്താതിരിക്കുന്നതിനുള്ള കാലാവധി' 25 വർഷത്തിൽനിന്ന് 15 വർഷമായി കുറയ്ക്കുകയും ചെയ്യണമെന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ ഒരംഗമായ റാവു ആവശ്യപ്പെട്ടു.[1] കെ. ഡി. മാളവ്യ ഇങ്ങിനെ പറഞ്ഞു—"ലോകത്തിലെ വൻകിട സാർവ്വദേശീയ കമ്പനികളുടെ മക്കടമുഷ്ടിയോടുകൂടിയ പ്രവർത്തനങ്ങളിൽനിന്നു സംജാതമാകുന്ന പരിതഃസ്ഥിതിയുമായി പൊരുത്തപ്പെടാൻ" ഇന്ത്യക്ക് പററുകയില്ല. "....സഹിക്കുന്നതിന് ഒരതിരുണ്ട്....ഇനിയുമിതു സഹിക്കാൻ നമുക്കു സാദ്ധ്യമല്ല. വിലനിരക്കിനെപ്പററയുള്ള ഒരു സമരം നടക്കട്ടെ....അതിൽ എനിക്കു ഭയമില്ല.......ആരാണ് ഒടുവിൽ ജയിക്കുന്നതെന്ന് നമുക്കു കാണാം[2] "കുത്തകകൾ ഇന്ത്യയിൽ സ്വീകരിച്ച നയം "അസുഖകരമായ ഭവിഷ്യത്തുകൾക്കിടയാക്കിക്കൊണ്ട് ആംഗ്ലോ അമേരിക്കൻ കുത്തകകൾ ക്യൂബയിൽ സ്വീകരിച്ച നയത്തിന് തുല്യമാണ്."[3]

എതായാലും, കുത്തകകൾക്ക്, അവരുടേതായ ന്യായവാദക്കാർ ഉണ്ട്. കുത്തകകളെ പിന്താങ്ങാനായി "ഈ

1. ഹിന്ദു; ജൂലൈ 30, 1960.
2. ദി ഹിന്ദുസ്ഥാൻ ടൈംസ്, ഒക്ടോബർ 20, 1960.
3. ദി ഹിന്ദുസ്ഥാൻ സ്റ്റാൻഡാർഡ്, ജൂലൈ 19, 1960.

സ്റ്റേൺ എക്കണോമിസ്റ്റ്" മുന്നോട്ടുവന്നു. ഭാവിയിൽ പ്രയോജനമുള്ള മൂതൽമുടക്കുകാരെ അകററാതിരിക്കുന്നതിനു്, എണ്ണശുദ്ധീകരണശാലകളെ സംബന്ധിച്ചുള്ള കരാറുകൾ ശരിക്കു് പാലിക്കണമെന്നു് "ഇൗസ്റ്റേൺ എക്കണോമിസ്റ്റ്" വാദിച്ചു.[1] സോവിയററുയൂണിയനിൽനിന്നു് എണ്ണ ലഭിക്കുന്നതുകൊണ്ടുള്ള പ്രയോജനത്തെപ്പററി "അധരവ്യായാമം" നടത്തിക്കൊണ്ടു്, "കോമേഴ്സ്" കുത്തകകളുടെ നിലപാടു് നീതീകരിക്കുകയാണു് ചെയ്തതു്. മററാരുടെയെങ്കിലും എണ്ണ, തങ്ങൾക്കു് എണ്ണശുദ്ധീകരണശാലകളുള്ള മററു രാജ്യങ്ങളിൽ വച്ചു് കമ്പനികൾക്കു് ശുദ്ധീകരിക്കേണ്ടി വരുന്നതിനാൽ, ഇന്ത്യാഗവണ്മെൻറു് ഇറക്കുമതി ചെയ്യുന്ന എണ്ണ ശുദ്ധീകരിക്കണമെന്നാവശ്യപ്പെടുന്ന കരാർ കമ്പനികളെ സംബന്ധിച്ചേടത്തോളം അപകടകരമായ കീഴ്വഴക്കമായി ഭവിക്കുമെന്നു് "കോമേഴ്സ്" വാദിച്ചു.[2]

മുതലാളിത്തരാജ്യങ്ങളിലേക്കു് സോവിയററു് യൂണിയൻ എണ്ണ കയററുമതി ചെയ്യുന്നതിനെപ്പററിയുള്ള പത്രറിപ്പോർട്ടുകൾ വളച്ചൊടിച്ചു്, ഇന്ത്യയിലെ ജനങ്ങളെ സ്വാധീനിക്കാൻ ഇന്ത്യയിൽ പ്രവർത്തിക്കുന്ന വിദേശ എണ്ണക്കമ്പനികൾ ശ്രമിക്കുന്നുണ്ടു്. "വില ഉപേക്ഷിക്കൽ" കാണിക്കുന്നതുപോലെ, വാണിജ്യപരമായ ഉദ്ദേശത്തേക്കാൾ, രാഷ്ട്രീയമായ ഉദ്ദേശമാണു് എണ്ണ കയററുമതി ചെയ്യുമ്പോൾ സോവിയററു് യൂണിയനുള്ളതെന്നു് ഇൗ

1. ദി ഇൗസ്റ്റേൺ എക്കണോമിസ്റ്റ്, ആഗസ്റ്റ് 19, 1960. പേജ് 303, 304.

2. ദി കോമേഴ്സ്, ഡിസമ്പർ 23, 1960, പേജ് 141.

വിദേശ കമ്പനികൾ പ്രചരിപ്പിച്ചു.[1] ഇതു സത്യമല്ല. മുതലാളിത്തരാജ്യങ്ങളിൽ നിന്നു് സോവിയററു്യൂണിയൻ വാങ്ങുന്ന മെഷീൻ ടൂൾസ്, പ്ലാന്റ്-ഉപകരണങ്ങൾ, ഭക്ഷ്യസാധനങ്ങൾ എന്നിവയുടേയും മററു് സാധനങ്ങളുടേയും വില നൽകുന്നതിൽ, ആ രാജ്യങ്ങളിലേക്കുള്ള സോവിയററു്യൂണിയൻെറ ദ്രവഇന്ധന കയററുമതി ഒരു പ്രധാന മാർഗ്ഗമായിത്തീരുകയാണു് ചെയ്തിട്ടുള്ളതു്. 1961-ൽ, മുതലാളിത്തരാജ്യങ്ങളിലേക്കു് സോവിയററു്യൂണിയൻ 300 മില്യൻ റൂബിൾ വിലവരുന്ന ക്രൂഡ്ഓയിലും ഉത്പന്നങ്ങളും കയററുമതി ചെയ്തു. (മുതലാളിത്തലോകത്തിലേക്കുള്ള സോവിയററുയൂണിയൻെറ മൊത്തം കയററുമതിയുടെ പതിനേഴ ശതമാനമാണിതു്). സോവിയററു്യൂണിയനു ലഭിച്ച ഈ തുകയിൽ, 16 ശതമാനംവരെ ഈ രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതിക്കുവേണ്ടിയാണു് നൽകപ്പെട്ടതു്. കാര്യങ്ങളുടെ യഥാർത്ഥസ്ഥിതിയിതാണു്. മുതലാളിത്തരാജ്യങ്ങളിൽ നിന്നു് കൂടുതൽ സാധനങ്ങൾ വാങ്ങാൻ കഴിയുമെന്നതുകൊണ്ടു്, എണ്ണയ്ക്കു് നല്ല വില ലഭിക്കുമെന്നതിൽ സ്വാഭാവികമായും സോവിയററുയൂണിയനു് താൽപ്പര്യമുണ്ടു്.

ലോകവിപണിയിൽ ഒരു 'ഏകവില സമ്പ്രദായം' ഇല്ലെന്നതാണു് മറെറാരു കാര്യം: ഇന്റർനാഷണൽ ഓയിൽ കാർട്ടലിലെ അംഗങ്ങൾ നിർദ്ദേശിക്കുന്ന ഉയർന്ന കുത്തകവിലകളാണു് നിലവിലുള്ളതു്. സാധാരണ ഗതിയിൽ വിപണിയിലുണ്ടാകുന്നമത്സരം കാരണം ഈ വിലയിൽ ഏററക്കുറച്ചിൽ ഉണ്ടാകുന്നു. സോയസ് നെഫ്

---

1. ഉദാഹരണത്തിനു്, 1961-ജൂണിലെ ഇന്ത്യൻ 'പെട്രോളിയം ട്രേഡ് ജേർണൽ' നോക്കുക.

എക്സ്പോർത്തും (സോവിയററ്സ്റ്റേററ് എക്സ്പോർട്ടിങ് ഫേം) സ്വതന്ത്രപാശ്ചാത്യകമ്പനികൾ എന്ന് അറിയപ്പെടുന്ന കമ്പനികളും ഏററക്കുറച്ചിലുള്ള വിലയ്ക്കാണ് തങ്ങളുടെ എണ്ണയും എണ്ണയുത്പ്പന്നങ്ങളും വിൽക്കുന്നതു്. തങ്ങൾക്കു് പൂർണ്ണനിയന്ത്രണം ലഭിച്ചിട്ടില്ലാത്ത വിപണികളുള്ള രാജ്യങ്ങളുമായി ഇടപെടുമ്പോൾ, ഇൻറർനാഷണൽ പെട്രോളിയം കാർട്ടലിലെ അംഗങ്ങൾ ചിലപ്പോൾ നിശ്ചയിക്കുന്ന വിലയാണിതു്.

സോവിയററുയൂണിയൻ "ഡമ്പിംഗ്" നടത്തുന്നതായി. 1960-ൽ എണ്ണകുത്തകകൾ കുററപ്പെടുത്തുകയുണ്ടായി. യഥാർത്ഥത്തിൽ, മുദ്രിതവിലയിൽ ശരാശരി 17 ശതമാനം ഡിസ്ക്കൗണ്ടോടുകൂടി എണ്ണ വിൽപ്പന നടത്തുകയാണ് സോവിയററുയൂണിയൻ ചെയ്യുന്നതു്. ഇതിൽ സാധാരണമല്ലാത്ത ഒന്നുമില്ല. നിലവിലുള്ള സാർവ്വദേശീയ രീതികൾക്കനുസരണമാണ് സോവിയററുയൂണിയന്റെ നടപടി: 1960-ൽ കുത്തകകൾ തന്നെ മദ്ധ്യപൂർവ്വപ്രദേശത്തെ ഏകദേശം 30 മില്യൻ ടൺ എണ്ണ ശരാശരി 20ശതമാനത്തോളം ഡിസ്ക്കൌണ്ടോടുകൂടി വിൽക്കുകയുണ്ടായി. ആ വർഷം മൊത്തം കയററുമതിചെയ്ത എണ്ണയുടെ ഏകദേശം 20 ശതമാനം വെട്ടിക്കുറച്ച നിരക്കുകളോടെയാണ് വിപണനം ചെയ്തതെന്ന് സോവിയററ് സാമ്പത്തിക വിദഗ്ദ്ധനായ റെച്ച്കോവ് കണക്കാക്കുന്നു.[1]

1961_ലേയും സ്ഥിതി ഇതുപോലെയായിരുന്നു. അന്ന് മദ്ധ്യപൂർവ്വദേശത്തേയും വെനിസുലായിലേയും ശരാശരി ഡിസ്ക്കൗണ്ടു് 16, 17 ശതമാനം വരേയും ചില

---

1. സോവിയററ്' ലാൻഡ്'' നമ്പർ 7, ഏപ്രിൽ 1962. പേജ് 29.

പ്പോൾ 40 ശതമാനം വരെയും ആയിരുന്നു. 1962—ലും 1963-ലും ഇതിൽ മാററമൊന്നുമുണ്ടായില്ല. സോവിയററ് 'ഡമ്പിംഗിനെ'പ്പററിയുള്ള ആരോപണം, തീർച്ചയായും, അസത്യമാണെന്ന് ഇതു തെളിയിക്കുന്നു. ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിന് മുമ്പായി വിദേശകമ്പനികൾ നിശ്ചയിച്ച കുത്തകവിലയെക്കാൾ കുറവാണ് ഇന്ത്യയിൽ സോവിയററ് എണ്ണയുടെ വില. ലോകവിപണിയിൽ എണ്ണവിലയിലുണ്ടാകുന്ന ഏററക്കുറച്ചിൽ പരിഗണിക്കാതെയാണ് സോവിയററ്യൂണിയൻ ഇങ്ങനെ ചെയ്യുന്നതു്. എന്നാൽ 'സോവിയററ്യൂണിയൻ ഈടാക്കുന്ന ഏതു വിലയിലും കുറവായിരിക്കും' എന്ന വ്യവസ്ഥയോടുകൂടി ചില രാജ്യങ്ങൾക്കു് വർഷങ്ങളായി ക്രൂഡ്ഓയിലും ഉല്പന്നങ്ങളും നൽകുകയും നൽകാമെന്നേൽക്കുകയും ചെയ്യുന്ന കുത്തകകളുടെ നടപടിക്ക് 'ഡമ്പിംഗ്" എന്നല്ലാതെ മറെറന്തു പേരു് നൽകാനാണ്? ഒടുവിലായി; ജപ്പാൻ. ഇററലി. ബ്രസീൽ എന്നീ രാജ്യങ്ങളിലും പല ആഫ്രിക്കൻ രാജ്യങ്ങളിലും ഇവർ ഇങ്ങനെ ചെയ്യുന്നുണ്ടു്.

സോഷ്യലിസ്റ്റ്‌രാജ്യങ്ങൾക്കു് സോവിയററ്യൂണിയൻ നൽകുന്ന എണ്ണയുടെ വില കൂടുതലാണെന്നാണ് മറെറാരു ആരോപണം. ഇന്ത്യയ്ക്കു് സോവിയററ് എണ്ണ കുറഞ്ഞ വിലയ്ക്കു് ലഭിക്കുമ്പോൾ, പാശ്ചാത്യകമ്പനികൾ ഇടാക്കുന്നതിലും കൂടുതൽ വിലയാണ് അതിന് റുമേനിയാ നൽകേണ്ടിവരുന്നതെന്ന് എസ്സോയുടെ ഇന്ത്യയിലെ മാനേജിംഗ്ഡയറക്ടർ ജെ. ഡബ്ലിയു. സിൻക്ലിയർ ഒരിക്കൽ പറയുകയുണ്ടായി. ഇതു് സത്യമല്ല—എണ്ണ കയററുമതി ചെയ്യുന്ന ഒരു രാജ്യമായ റുമേനിയ, ഒരിക്കലും സോവിയററ്യൂണിയനിൽ നിന്ന് എണ്ണ വാങ്ങിയിട്ടില്ല. സോഷ്യലിസ്റ്റ്‌രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരത്തിലെ

വിലസമ്പ്രദായത്തെപ്പററി സിൻക്ലിയർക്കു് യാതൊരു വിവരവുമില്ലെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ കേൾക്കുമ്പോൾ തോന്നുന്നതു്.

പ്രധാന മുതലാളിത്ത വിപണികളിലെ വില ശരിക്കു് പരിശോധിച്ചതിനുശേഷമാണു് എണ്ണയുടേയും മററു സാധനങ്ങളുടേയും വില സോഷ്യലിസ്റ്റ് രാജ്യങ്ങൾ നിശ്ചയിക്കുന്നതു്. ഈ വിലയ്ക്കു്, ചില പ്രത്യേകതകളും സൗകര്യങ്ങളുമുണ്ടു്. ഇരുഭാഗത്തേയും താല്പര്യങ്ങൾ പൂർണ്ണമായി ആദരിച്ചുകൊണ്ടു് തുല്യപങ്കാളികൾ തമ്മിലുണ്ടാക്കുന്ന കരാർ അനുസരിച്ചാണു് ഈ വില നിശ്ചയിക്കപ്പെടുന്നതു്. ഇവിടെ പക്ഷഭേദത്തിന്റെ പ്രശ്നമേയില്ല. ലോകവിപണിയിൽ ഉണ്ടാകുന്ന വിലയുടെ ഏററക്കുറച്ചിലൊന്നും ഇവരെ ബാധിക്കുകയില്ല. ഇവർക്കു് ദീർഘകാലം (ദീർഘകാല വ്യാപാരക്കരാറുകളുടെ കാലമാണു് അർത്ഥമാക്കുന്നതു്) വിലസ്ഥിരതയോടെ നില്ക്കാൻ കഴിയുന്നു. സോഷ്യലിസ്റ്റ് ക്യാമ്പിനുള്ളിൽ ആസൂത്രിത വ്യാപാരം നടത്താൻ വിലസ്ഥിരത സഹായകരമാണു്. വില രൂപീകരണത്തിൻെറ ഈ വശമാണു്, സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ വിലയും ലോകവിപണിയിലെ വിലയും തമ്മിൽ നിലവിലുള്ള വ്യത്യാസങ്ങൾക്കുകാരണം. ഓരോ ചരക്കിന്മേലും വ്യാപാരത്തിലാകേയും 'തുല്യകൈമാററം നടത്തുക' എന്ന തത്വം സ്ഥിരമായും നീതിപൂർവ്വമായും പാലിക്കുവാൻ ഇതു് കരുതിക്കൂട്ടി ചെയ്യുന്നതാണു്.

അതുകൊണ്ടു് വിലസമ്പ്രദായമാകെ കണക്കിലെടുക്കാതെ പ്രത്യേകം പ്രത്യേകമായുള്ള അപഗ്രഥനം (ഉദാ: എണ്ണയുടെവില) നടത്തുന്നതു് ശരിയാവുകയില്ല. സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കു നൽകുന്ന എണ്ണയ്ക്കു് സോവിയററുയൂ

ണിയൻ കൂടുതൽ വില ഈടാക്കുന്നു എന്നാരോപിക്കു മ്പോൾ, സോഷ്യലിസ്റ്റ് രാജ്യങ്ങളിൽനിന്ന സോവിയററ യൂണിയൻ മററു സാധനങ്ങൾ വാങ്ങുന്നതു് ലോകവിലയി ലും കൂടുതൽ നൽകിയാണെന്നകാര്യം സ്മരിക്കേണ്ടതാണു്.

സോവിയററു യൂണിയൻെറ എണ്ണ കയററുമതി 'ഒരു പററിക്കലിൻെറ അടിസ്ഥാനത്തിൽ' ഉള്ളതാണെന്നും എ ണ്ണയിറക്കുമതിക്കാരെ പിടികൂടുകയാണു് അവരുടെ ഉദ്ദേ ശമെന്നും ആണു് മറെറാരു ആരോപണം. ഉദാഹരണ ത്തിനു്, 'പെട്രോളിയം ട്രേഡ് ജേർണലിലെ' ഒരു ലേഖ നത്തിൽ അതിൻെറ ലേഖകൻ ഇങ്ങനെ എഴുതി—സോ വിയററു യൂണിയൻ ഇന്ത്യക്കുള്ള എണ്ണയിറക്കുമതി റദ്ദാ ക്കിയാൽ "നേരത്തെയുണ്ടായിരുന്ന അനുകൂലമായ വ്യവ സ്ഥകളോടുകൂടിത്തന്നെ" പഴയകേന്ദ്രത്തിൽ നിന്നു് എണ്ണ ലഭിക്കാൻ ഇന്ത്യക്കു വിഷമമായിരിക്കും.

സോവിയററുയൂണിയൻെറ എണ്ണകയററുമതി ആക സ്മികമായ ഒരു ഏർപ്പാടല്ല. വികസിച്ചുവരുന്ന ഒരു വിപണിയിലേക്കു് ശതാബ്ദങ്ങളായി സോവിയററുയൂ ണിയൻ എണ്ണ കയററുമതി ചെയ്തുവരികയാണു്: 1962 ൽ 45 മില്യൻ ടൺ ആയിരുന്നു ഈ കയററുമതി. (1955 ലേതിൻെറ 550 ശതമാനം) സോവിയററുയൂണിയൻെറ സപ്തവത്സര സാമ്പത്തിക വികസനപദ്ധതി (1959-65) പൂർത്തിയാകുന്നതോടുകൂടി (ഇതിലെ എണ്ണയുല്പാദന ല ക്ഷ്യം പ്രതിവർഷം 230-240 മില്യൻടണ്ണാണു്) കൂടുതൽ എണ്ണ കയററുമതി ചെയ്യാനുള്ള സാദ്ധ്യതകൾ ഉണ്ടാകും.

സോവിയററ്‌യൂണിയന്റെ സാമ്പത്തികസംവിധാനം ദീർഘകാലാടിസ്ഥാനത്തിലുള്ളതാണു്. അതുകൊണ്ടു് ദീർഘകാല കരാറുകളുടെയും കോൺട്രാക്ടുകളുടേയും

അടിസ്ഥാനത്തിലുള്ള വ്യാപാരത്തിനാണ് സോവിയററ് യൂണിയൻ മുൻഗണന നൽകുന്നതു്. അതിനാൽ. സോവിയററ്യൂണിയൻെറ എണ്ണ കയററുമതിയുടെ 50 ശതമാനത്തിലധികവും ദീർഘകാലാടിസ്ഥാനത്തിലുള്ള വാണിജ്യഉടമ്പടികളും കോൺട്രാക്ടുകളും .അനുസരിച്ചുള്ളവയാണ്. അംഗീകരിച്ചവിലയും വ്യവസ്ഥകളുമനുസരിച്ച്. ദീർഘകാലം സ്ഥിരമായും കൃത്യമായും എണ്ണ നല്കാമെന്ന് ഇടപാടുകാർക്കു സോവിയററുയൂണിയൻ ഉറപ്പുനൽകുന്നു. സ്വാർത്ഥമായ രാഷ്ട്രീയ കാരണങ്ങളാൽ സോവിയററ് എണ്ണയുടെ കയററുമതി നിർത്തിക്കളയുമെന്നുള്ള ആരോപണത്തിൽ സത്യമേയില്ല. എന്നാൽ, ഇൻറർനാഷണൽ ഓയിൽ കാർട്ടലിലെ അംഗങ്ങളായ വൻകിട ആംഗ്ലോ-അമേരിക്കൻ കുത്തകകൾ ഈ നടപടി സ്വീകരിക്കുന്നവരാണെന്ന് ഈയിടെയുള്ള സംഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഒരു രാജ്യം സാമ്പത്തികസ്വാതന്ത്ര്യം നേടാനായി ദൃഢമായ നടപടികൾ സ്വീകരിക്കുമ്പോൾ ഈ കുത്തകകൾ ആ രാജ്യത്തോടു് ഭീഷണി മുഴക്കുകയോ ബഹിഷ്ക്കരണ നടപടി സ്വീകരിക്കുകയോ ചെയ്യാറുണ്ടു്. സൂയസ്കനാൽ ദേശസാത്ക്കരിക്കപ്പെട്ടപ്പോൾ 'എണ്ണക്ഷാമം' സൃഷ്ടിക്കുമെന്നുപറഞ്ഞു് ഈ കുത്തകകൾ ഐക്യഅറബിറിപ്പബ്ളിക്കിനെ ഭീഷണിപ്പെടുത്തി. എസ്സോയുടേയും ഷെല്ലിൻേറയും എണ്ണശുദ്ധീകരണശാലകൾ ദേശസാത്ക്കരിച്ചപ്പോൾ, ക്യൂബയുടെ നേരേയും ഇതേ വിദ്യയാണ് ഇവർ പ്രയോഗിച്ചതു്. ബ്രസ്സീലിലെ ഗവണ്മെൻറ് എണ്ണകുത്തകകളെ കർശനമായി നിയന്ത്രിച്ചപ്പോൾ ആ രാജ്യത്തോടും ഇവർ ഇതേ നിലപാടു് സ്വീകരിച്ചു. മെക്സിക്കോയോടും സിലോണിനോടും മററു നിരവധി രാജ്യങ്ങളോടും ഇവർ ഇതേ വിദ്യ പ്രയോഗിച്ചിട്ടുണ്ടു്. സോവിയററ്യൂണിയൻെറ എണ്ണ കയററുമതി സ്ഥിരമായുള്ള

ഒന്നാണ്, ദീർഘകാലത്തേക്കുള്ളതാണ്, 'സോയസ്നെഫ് എക്സ് പോർത്ത്' പ്രസിഡൻറ് വൈ. ഗുറോവ് 1963-ജനുവരി 9-ാം തീയതി പത്രപ്രതിനിധികളോട് ഇങ്ങനെ പറഞ്ഞു: "സാർവ്വദേശീയ സ്ഥിതി മെച്ചപ്പെടുത്താനുള്ള ഫലപ്രദമായ ഒരു മാർഗ്ഗമായിട്ടാണ് സോവിയററു യൂണിയൻ വിദേശവ്യാപാരത്തെ പരിഗണിക്കുന്നതു്. അതു് എല്ലാ രാജ്യങ്ങളുടെയും താൽപ്പര്യങ്ങൾക്കനുസൃതമാണ്. ആ രാജ്യങ്ങൾക്കു് അപകടകരമായ ഒന്നും അതിലില്ല. ഇക്കാര്യത്തിൽ സോവിയററു് യൂണിയൻെറ രാഷ്ട്രീയോദ്ദേശം ഇത്രയേയുള്ളു. തങ്ങൾക്കാവശ്യമുള്ളതിൽ കുറെ എണ്ണ സോവിയററ് യൂണിയനിൽ നിന്നു് വാങ്ങുന്നതു് പ്രയോജനകരമാണെന്നു് അമ്പതിലേറെ രാജ്യങ്ങൾ ഇന്നു മനസ്സിലാക്കിയിട്ടുണ്ടു്."

മുതലാളിത്തരാജ്യങ്ങളുമായുള്ള സോവിയററ് യൂണിയൻെറ വ്യാപാരം വർദ്ധിച്ചുവരുന്നതിൽനിന്നു്, സോവിയററ് എണ്ണയുടെ കയററുമതിക്കെതിരെ ബിസിനസ്സ് കേന്ദ്രങ്ങളെ സ്വാധീനിക്കാൻവേണ്ടി നടന്ന എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടതായി തെളിയുന്നു.

ഏതായാലും—ഈ അടുത്തകാലത്തു്, ഇന്ത്യയും മററു രാജ്യങ്ങളുമായുള്ള സോവിയററ് യൂണിയൻെറ പരസ്പരം പ്രയോജനകരമായ എണ്ണവ്യാപാരം ശിഥിലമാക്കുന്നതിനു് എണ്ണക്കുത്തകകൾ വ്യക്തമായ നടപടികൾ എടുത്തിട്ടുണ്ടു്. ഇങ്ങനെ, സോവിയററ് യൂണിയനുമായി ബിസിനസ്സ് നടത്തുന്ന കപ്പലുടമകളെ ഭയപ്പെടുത്താൻ അവർ ശ്രമിക്കുകയുണ്ടായി. ന്യൂയോർക്കുടൈംസ് 1960-ജൂലൈ 8-ന് ഇങ്ങനെ എഴുതിയിരിക്കുന്നു—"സോവിയററ് യൂണിയനുമായി ബിസിനസ്സ് നടത്തരുതെന്നു്

ലോകത്താകെയുള്ള കപ്പലുടമകൾക്കും എണ്ണക്കപ്പൽ ബ്രോക്കർമാർക്കും" ഇന്ത്യയിൽ പ്രവർത്തിക്കുന്ന എസ്സോ ഓയിലിന്റെ മാതൃകമ്പനിയായ ന്യൂ ജഴ്സി സ്റ്റാൻഡാർഡ് ഓയിൽ കമ്പനി "താക്കീതുചെയ്തിരിക്കുന്നു". ഒരു കമ്പനി ഉദ്യോഗസ്ഥൻ ഇങ്ങനെ പറഞ്ഞു...."ന്യൂ ജഴ്സി സ്റ്റാൻഡാർഡും ഇതുമായി ബന്ധപ്പെട്ട കമ്പനികളും എണ്ണക്കപ്പലുകൾ വാടകയ്ക്കെടുക്കാനായി ഭാവിയിൽ ഏർപ്പാടുണ്ടാക്കുമ്പോൾ, ഈ കപ്പലുടമകൾ ഇപ്പോൾ റഷ്യക്കാർക്കു് എണ്ണക്കപ്പലുകൾ വാടകയ്ക്കു് കൊടുക്കുകയോ വില്ക്കുകയോ ചെയ്യാനുണ്ടോ എന്നും. മേലാൽ ഇവർ റഷ്യക്കാർക്കു് എണ്ണക്കപ്പലുകൾ വാടകയ്ക്കു് കൊടുക്കുകയോ വില്ക്കുകയോ ചെയ്യുമോ എന്നും പരിശോധിക്കുന്നതാണു്."

1960 ജൂലൈ മുതൽ സോവിയററു് എണ്ണ കയററുന്ന കപ്പലുകളുള്ള അമേരിക്കൻ കമ്പനികളേയും വിദേശകമ്പനികളേയും 'ബ്ലാക്ക്ലിസ്റ്റിൽ' ഉൾപ്പെടുത്തണമെന്നു്, ഏതാണ്ടു് നാന്നൂറു കപ്പലുകളുടെ ഒരു ഫ്ളീറേറാടുകൂടിയ 90 കപ്പൽ കമ്പനികളെ കൂട്ടിയോജിപ്പിക്കുന്ന 'അമേരിക്കൻ മാറിടൈം അസോസിയേഷൻ' നിർദ്ദേശിച്ചു.[1]

എതായാലും, ഈ ഭീഷണികൾക്കു് ഉദ്ദേശിച്ച ഫലമുണ്ടായില്ല. ലോകത്തെ ചരക്കുകയററിറക്കു വിപണിയിൽ ആവശ്യത്തിൽ കൂടുതൽ കപ്പലുകൾ ഉണ്ടായിരുന്ന ഒരു സമയമായിരുന്നതുകൊണ്ടു്, സ്റ്റാൻഡാർഡു് ഓയിലിൽ നിന്നുള്ള ഓർഡറുകൾ കിട്ടാൻവേണ്ടി കാത്തിരിക്കാതെ, സ്ഥിരമായുള്ള സോവിയററു ഇടപാടുകാരുമായി ഉറച്ചുനില്ക്കുകയാണു് കപ്പലുടമകൾ ചെയ്തതു്. "സമ്മർദ്ദം കൊണ്ടോ റഷ്യയുമായി വ്യാപാരം നടത്തുന്നതുകൊണ്ടോ

1. ഫെയർ പ്ലേ, ഏപ്രിൽ 26, 1962.

പെട്ടെന്നു് ബിസിനസ്സ് നഷ്ടപ്പെടുന്ന ഒരു സ്ഥിതിയു ണ്ടായാൽ, ഒററക്കു് ഒററയ്ക്കുള്ള കപ്പൽ യാത്രയെ സംബ ന്ധിച്ച വാടക ഇടപാടിനുപകരം റഷ്യയുമായി കപ്പലുട മകൾ ദീർഘകാല കരാറുകൾ ഒപ്പുവച്ചു തുടങ്ങും" എന്നു് കപ്പലുടമകളുടെ ഒരു പ്രതിനിധി പറയുകയുണ്ടായി.

മാറിടൈം അസോസിയേഷൻെറ നിർദ്ദേശത്തെപ്പ ററി 'ഫെയർ പ്ലേ'യുടെ അഭിപ്രായം ഇതാണ്—"സ്വത ന്ത്രവിപണിയിലേക്കു് കമ്യൂണിസ്റ്റ് രാജ്യങ്ങൾ, അല ഞ്ഞുതിരിയുന്ന ചരക്കുകപ്പലുകളാണ് അയക്കുന്നതെങ്കിൽ (ട്രാമ്പ് ടണ്ണേജ്) അവർ നൽകുന്ന ചരക്കിനു് അനുസര ണമായ പ്രതിഫലമേ അവർക്കു് കിട്ടുകയുള്ളു. ഇവരുടെ ബിസിനസ്സും, മാറിടൈം രാജ്യങ്ങളുടെ അലഞ്ഞു തിരിയുന്ന കമ്പനികളുടെ (ട്രാമ്പ്കമ്പനീസ്) ബിസി നസ്സും തമ്മിൽ വ്യത്യാസം ഉണ്ടാവില്ല. കമ്മ്യൂണിസ്ററു് രാജ്യങ്ങളുടെ ചരക്കു് കയററിയിറക്കുന്നതു് കമ്മ്യൂ ണിസത്തെ സഹായിക്കുമെന്നാണ് പറയുന്നതു്. പല കാരണങ്ങളാലും ഈ വാദം ശരിയല്ല. ഇതിലെ വി ഡ്ഢിത്തം ഇതാണ്—കമ്യൂണിസ്റ്റ്രാജ്യങ്ങളുടെ ചരക്കു കയററിക്കൊണ്ടുപോകുന്നതു് തെററാണെങ്കിൽ അതു വാങ്ങു കയും വിൽക്കുകയും ചെയ്യുന്നതും തെററാണ്; ജപ്പാൻ റഷ്യയ്ക്കുവേണ്ടി കപ്പൽ നിർമ്മാണം നടത്തുന്നതു് അവസാ നിപ്പിക്കേണ്ടതാണ്; ചൈനയ്ക്കു് ക്യാനഡ ഗോതമ്പു് വിൽക്കാൻ പാടില്ലാത്തതാണ്......."[1] സോഷ്യലിസ്റ്റ് രാജ്യങ്ങൾ സ്വന്തമായി ചരക്കു കപ്പലുകൾ ഉണ്ടാക്കി തുട ങ്ങുമെന്നതാണ്, കപ്പലുടമകളെ ഭയപ്പെടുത്തുകയും ബ്ലാക്ക് ലിസ്റ്റ് ഉണ്ടാക്കുകയും ചെയ്യുന്നതിൻെറ ഫലമെന്നു് 'ഫെയർ പ്ലേ' ചൂണ്ടിക്കാണിച്ചു.

---

1. ഫെയർ പ്ലേ, ഏപ്രിൽ 26, 1962.

സോവിയററ് വിരുദ്ധപ്രചരണത്തിന് അമേരിക്കൻ കുത്തകകൾ ഗവണ്മെൻററ് മെഷനറിയും ഉപയോഗപ്പെടുത്തുകയുണ്ടായി. യു. എസ്സ്. എസ്സ് ആറിൽ നിന്നുള്ള എണ്ണയിറക്കുമതി വർദ്ധിപ്പിക്കരുതെന്നു് അതാതു സ്ഥലങ്ങളിലെ ഗവണ്മെൻറുകളെ ഉപദേശിക്കാൻ നിരവധി രാജ്യങ്ങളിലെ അമേരിക്കൻ എമ്പസികൾക്കു് നിർദ്ദേശം നൽകപ്പെട്ടിട്ടുള്ളതായി 1961-ൽ 'ബിസിനസ്സ് വീക്ക്' രേഖപ്പെടുത്തുകയുണ്ടായി.[1] മുതലാളിത്തരാജ്യങ്ങളിലേയ്ക്കുള്ള സോവിയററ് എണ്ണയുടെ കയററുമതിക്കെതിരായി അമേരിക്കൻ ഗവണ്മെൻററ് ഒരു പ്രത്യേക ബിൽ തയ്യാറാക്കിവരുന്നതായി നിരവധി റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നു. വികസ്വരരാജ്യങ്ങൾക്കു നൽകുന്ന 'സഹായം' ആ രാജ്യങ്ങളിലേയ്ക്കുള്ള സോവിയററു കയററുമതി അവസാനിപ്പിക്കാനുള്ള ഒരു മാർഗ്ഗമാക്കിത്തീർക്കാൻ അമേരിക്ക ശ്രമിക്കുന്നുണ്ടു്.[2] സോവിയററുയൂണിയനിലേയ്ക്കു് സ്റ്റീൽ ഓയിൽ പൈപ്പുകൾ കയററുമതിചെയ്യുന്നതു് നിർത്തുവാൻ ജപ്പാൻെറയും പല നേററാരാജ്യങ്ങളുടേയും മേൽ അമേരിക്ക സമ്മർദ്ദംചെലുത്തിയിട്ടുള്ളതായി അറിയാം.

ഇവരുടെ സോവിയററുവിരുദ്ധ പ്രചരണത്തിനു് മറെറാരു ഉദ്ദേശവുമുണ്ടു്. അമേരിക്കൻ കുത്തകകളുടെ ധനപരവും സമ്പത്ത്പരവും ആയ കരുത്തു വർദ്ധിപ്പിക്കുക എന്നതാണതു്. ബൃഹത്തായ ഓയിൽ ടസ്റ്ററുകൾ രൂപം കൊള്ളുന്നതിനെ വിലക്കുന്ന 'ടസ്റ്റ്-വിരുദ്ധ നിയമങ്ങൾ' എടുത്തുകളയണമെന്നു് ഇവർ അമേരിക്കൻ ഗവണ്മെൻറിനോടു് ആവശ്യപ്പെട്ടുവരികയാണു്. ഇതു നടക്കുന്നില്ലെ

1. ബിസിനസ്സ് വീക്ക്, ആഗസ്റ്റ് 5, 1961.
2. പെട്രോളിയം ഇൻറലിജൻസ് വീക്ക്‌ലി, ഏപ്രിൽ 8, 1963.

ന്നു കണ്ടപ്പോൾ, ഇന്റർനാഷണൽ ഓയിൽ കാർട്ടലിന്റെ താല്പര്യങ്ങളുമായി ഏററുമുട്ടുന്ന നയം സ്വീകരിച്ചിട്ടുള്ള നിരവധി സ്വതന്ത്രകമ്പനികളുടെ കഥ കഴിക്കാനാണ് എണ്ണപ്രഭുക്കൾ ഉദ്ദേശിക്കുന്നതു്.

മാറിവരുന്ന രാഷ്ട്രീയ പരിതഃസ്ഥിതിക്കനുസരണമായി, എണ്ണക്കുത്തകകൾ, ഇന്ത്യൻ വിപണിയിൽ ക്രമേണ ഇണങ്ങിച്ചേർന്നുവരികയാണ്. ഇന്ത്യയിലുള്ള തങ്ങളുടെ ബ്രാഞ്ചുകൾ ഇന്ത്യൻ കമ്പനികളായി രജിസ്റ്റർചെയ്യുണമെന്ന് ബർമ്മാഷെല്ലും എസ്സോയും അഭിപ്രായപ്പെട്ടിട്ടുണ്ട്. വിദേശകുത്തകകളും ഇന്ത്യാഗവണ്മെൻറും ഒരു ദ്വിവിധ എണ്ണവ്യാപാരത്തിന് സമ്മതിക്കുകയുംചെയ്തിട്ടുണ്ട്. ഇന്ത്യൻ പ്രദേശത്തു പ്രതിബന്ധങ്ങൾ നേരിടുന്നതു തടയാനുള്ള നടപടികളും ഈ കരാറിൽ ഉൾപ്പെടുന്നു. ഈ കരാറനുസരിച്ചു്, രാജ്യത്തിൻെറ ചില ഭാഗങ്ങളിൽ വ്യാപാരം നടത്തുമ്പോൾ ഇന്ത്യൻ ഓയിൽകമ്പനിക്കു് വിദേശകമ്പനികളുടെ ഓയിൽ സ്റ്റോക്ക് എടുക്കാവുന്നതാണ്. അതുപോലെ ഐ. ഒ. സി. ക്ക് സ്വന്തമായി എണ്ണ സ്റ്റോറുകൾ ഉള്ള സ്ഥലത്തു് (ഉദാഹരണത്തിന് ഗൗഹതി) വിദേശകുത്തകകൾക്കു് എടുക്കാവുന്ന തരത്തിൽ വേണ്ടത്ര എണ്ണ ഉണ്ടായിരിക്കുന്നതുമാണ്. ഈ കരാർപ്രകാരം ഇന്ത്യൻ എണ്ണയുല്പന്നങ്ങൾക്കു വിപണനത്തിൽ മുൻഗണന ലഭിക്കുന്നു എന്നാണ് മാളവ്യയുടെ അഭിപ്രായം.

1962 അവസാനം സൊക്കോണി മൊബൈൽ ഓയിൽ കമ്പനിയുമായി ഐ. ഒ. സി. ഒരു കരാറിൽ ഒപ്പുവയ്ക്കുകയും ഒരു കൂട്ടുകമ്പനി—ഇന്ത്യൻ ഓയിൽ ബ്ലൻഡിംഗ് ലിമിററഡ്—രൂപീകരിക്കുകയുംചെയ്തു. (ഇന്ത്യയിൽ ലൂബ്രിക്കൻറുകളുടെ ചില്ലറ വില്പന നടത്താൻവേണ്ടിയുള്ള

താണിതു്). ഈ കമ്പനി രണ്ടു ഫിനിഷിംഗ് പ്ലാൻറുകൾ (ഒന്നു ബോംബെയിലും മറെറാന്നു കൽക്കട്ടയിലും) സ്ഥാപിക്കുന്നതാണ്. കമ്പനിയുടെ ഓഹരിയിൽ പകുതി ഇന്ത്യാഗവണ്മെൻറിനാണ്. ലൂബ്രിക്കൻറുകളുടെ ചില്ലറ വില്പന കൈകാര്യംചെയ്യുന്നതു് ഐ. ഒ. സി. യായിരിക്കും. ലഭ്യമായ ഏതാനും ആനുകൂല്യങ്ങൾ വിഗണിച്ചുകൊണ്ടു്, എണ്ണവ്യാപാരരംഗത്തെ പൊതുമേഖലയുടെ വികസനം തടയാനും, ഇന്തോ-സോവിയററു സഹകരണത്തിനു് തുരങ്കംവയ്ക്കാനും, ഇന്ത്യൻ വിപണിയിൽ കൂടുതൽ നിയന്ത്രണം നേടിയെടുക്കാനും വിദേശകത്തകകൾ ശ്രമിച്ചുവരികയാണ്.

## എണ്ണയുടെ കുത്തകവിലയ്ക്കെതിരെ ഇന്ത്യ സമരംചെയ്യുന്നു

അമ്പതിലേറെ വർഷക്കാലത്തേയ്ക്കുള്ള എണ്ണയുടെ വില നിശ്ചയിക്കാൻ, ഇന്ത്യൻ വിപണിയിലുള്ള തങ്ങളുടെ നിയന്ത്രണംമൂലം പാശ്ചാത്യകുത്തകകൾക്കു് സൗകര്യം ലഭിച്ചിട്ടുണ്ടു്. "ഇന്ത്യ താരതമ്യേന എണ്ണ കുറവുള്ള രാജ്യമാണെങ്കിലും ഇവിടത്തെ എണ്ണവില ലോകത്തിൻെറ മറേറതുഭാഗത്തുള്ളതിലും കൂടുതലാണ്".1

എണ്ണപ്പാടങ്ങളും, എണ്ണശുദ്ധീകരണശാലകളും വിപണനസൗകര്യങ്ങളും ഇല്ലാതിരുന്നതുകൊണ്ടു്, ഇന്ത്യാഗവണ്മെൻറിന് ഏതെങ്കിലും തരത്തിലുള്ള ചെറുത്തുനില്പിനു കഴിയുമായിരുന്നില്ല. അന്യായമായ കുത്തകവിലസമ്പ്രദായത്തിൽ മാററംവരുത്തുന്നതിനുവേണ്ടി, 1956 ആയ

---

1. ഡക്കാൺ ഹെറാൾഡ്", ജൂലൈ 4, 1959.

പ്പോൾ മാത്രമാണ് ഇന്ത്യ അതിന്റെ ക്യാമ്പയിൻ ആരംഭിച്ചതു്. എണ്ണ-പ്രകൃതിവാതക കമ്മിഷന് ഒരു സ്റ്റേററു കമ്മിററി രൂപീകരിക്കപ്പെട്ടതിനുശേഷമായിരുന്നു, അതു്.

1956-ൽ, കുത്തകകളുടെ ധനപരമായ പ്രവൎത്തനങ്ങളേയും, എണ്ണവിലയുടെ ഘടനയേയുംകുറിച്ച് അന്വേഷണം നടത്തുവാൻ ഗവണ്മെൻറു് ഇന്ത്യൻ സ്പെഷ്യലിസ്ററുകളുടെ ഒരു സംഘത്തെ നിയോഗിച്ചു. വിലയുടെ ഘടന പശ്ചിമയൂറോപ്പിലെ ലൈനിനോടൊപ്പമാക്കിയാൽ, 1957-ൽതന്നെ 250—340 മില്യൻ രൂപ ഇന്ത്യയ്ക്കു ലാഭിക്കുവാൻ കഴിയുമെന്നു് അന്വേഷണഫലങ്ങൾ ഉറപ്പുനല്കി. ഇന്ത്യയിൽ എണ്ണയുടെ വില (നികുതികൾ, കസ്റ്റംസ്ഡ്യൂട്ടികൾ, ഹാർബർ ഡ്യൂസ് എന്നിവ കഴിച്ച്) മററു ചില രാജ്യങ്ങളിലേതിലും (ഉദാഹരണത്തിന് ബ്രിട്ടൻ) വളരെക്കൂടുതലായിരുന്നു. ലാഭത്തിന്റെ രൂപത്തിൽ വിദേശമൂലധനം കടത്തിക്കൊണ്ടുപോകുന്നതു് ഗവണ്മെൻറു കർശനമായി നിയന്ത്രിക്കുകയും ചില്ലറ വിലസമ്പ്രദായം പുനഃപരിശോധിക്കുകയും ചെയ്യണമെന്ന് അന്വേഷണറിപ്പോർട്ടിൽ ശുപാർശചെയ്തിരുന്നു.

ഇന്ത്യയിൽ മൂന്ന് എണ്ണശുദ്ധീകരണശാലകൾ ഉണ്ടാവുകയും, എണ്ണ ലഭിക്കുന്ന പേർഷ്യൻ ഉൾക്കടലുമായി ഇന്ത്യയ്ക്കു സാമീപ്യമുണ്ടായിരിക്കുകയും ചെയ്തിട്ടുകൂടി, എന്തുകൊണ്ടാണ് ഉയർന്ന വിലതന്നെ ഇന്ത്യയോടു് ഈടാക്കിവരുന്നതെന്ന് വിശദീകരിക്കുവാൻ 1957 ആദ്യം ഗവണ്മെൻറു് ഔദ്യോഗികമായി കുത്തകകളോടു് അഭ്യൎത്ഥിച്ചു. കുത്തകകൾ, ഇന്ത്യൻ വിപണിയിലെ തങ്ങളുടെ 'വിലഫോർമുല'യിൽ മാററംവരുത്തണമെന്നും ഗവണ്മെൻറു പറഞ്ഞു.

കുത്തകകൾ ഈ അഭ്യർത്ഥന അവഗണിച്ചു. എന്തെങ്കിലും വിട്ടുവീഴ്ച കാണിക്കുകയോ വില കുറയ്ക്കുകയോ ചെയ്യാതെ കുത്തകകൾ ഉറച്ചുനിന്നു. ഈ പ്രശ്നത്തിലുള്ള കൂടിയാലോചനകൾ 1958 ആദ്യംവരെ തുടർന്നു; ഇന്ത്യൻ ഗവേഷകരും സോഷ്യലിസ്റ്റ്രാജ്യങ്ങളിലെ വിദഗ്ദ്ധന്മാരും ചേർന്ന് മെയ് 14-ന് ജ്വാലാമുഖിയിൽ പ്രകൃതിവാതകം കണ്ടുപിടിച്ചു എന്ന റിപ്പോർട്ടു ലഭിച്ചതിനെത്തുടർന്ന് മെയ് 24 ആയപ്പോൾ മാത്രമാണ് വിട്ടുവീഴ്ചയ്ക്കു കുത്തകകൾ തയ്യാറായതു്. ഇന്ത്യൻ വിപണിയിലുള്ള തങ്ങളുടെ നിലയുറപ്പിക്കാൻവേണ്ടി, ഭാഗികമായി വില വെട്ടിക്കുറയ്ക്കാമെന്ന് അവർ സമ്മതിച്ചു. ജ്വാലാമുഖിയിലെ വാതകത്തിന്റെ 'മണ'മാണ്, പെട്രോളിയം ഉത്പന്നങ്ങളുടെ വില കുറയ്ക്കുന്നതിനെപ്പററി ഓയിൽ മിനിസ്ട്രിയുമായി ചർച്ചചെയ്യാൻ വിദേശകുത്തകകളെ പ്രേരിപ്പിച്ചതു്."[1]

മാസത്തിൽ 8,300,000 രൂപയോ ആണ്ടിൽ ഏതാണ്ട് 100 മില്യൻ രൂപയോ വിലയിനത്തിൽ മൊത്തം വെട്ടിക്കുറയ്ക്കാമെന്ന് കുത്തകകൾ സമ്മതിച്ചിട്ടുള്ളതായി 1958 മെയ് 28-ാംതീയതി മാളവ്യ പാർലമെൻറിനെ അറിയിച്ചു.[2]

കുത്തകകൾ ഈടാക്കുന്ന വില, ലോകത്തു നിലവിലുള്ള വിലയിലേയ്ക്കും വിദൂരപൂർവ്വദേശത്തുള്ള വിലയിലേയ്ക്കും (വിശേഷിച്ച് പാകിസ്ഥാനിലും സിലോണിലുമുള്ള വില) താഴ്ത്തുകയാണെങ്കിൽ ഇന്ത്യയ്ക്ക് പ്രതി

1. ബ്ലിററ്സ്, ജൂൺ 4, 1960.
2. പെട്രോളിയം വർക്കർ, ജൂൺ 1958, പേജ് 6.

വർഷം 250—350 മില്യൻ രൂപ ലാഭിക്കാൻ കഴിയുമെന്നു് ടി. സി. എൻ. മേനോൻ എം. പി. പറഞ്ഞു.[3] ലോകവിപണിയിൽ വരുന്ന മാററം പരിഗണിക്കുമെങ്കിൽ ഇന്ത്യയുടെ ഈ ലാഭം 500 മില്യനാകും.

എണ്ണയുടെ ചില്ലറ വിലയിൽ മാററമുണ്ടായില്ല. പെട്രോളിയം ഉത്പന്നങ്ങളുടെ മേൽ ഒരു അഡീഷണൽ എക്സൈസ് നികുതി ചുമത്തി ബഡ്ജററിലെ വരുമാനം വർദ്ധിപ്പിക്കാൻ ഇന്ത്യാഗവണ്മെൻറു തീരുമാനിച്ചതാണ് അതിനു കാരണം.

വിലയെ സംബന്ധിച്ചുള്ള ഒരു പുതിയ ഫോർമുല തയ്യാറാക്കുന്നതുവരെ പുതിയ വിലനിരക്കു് (വെട്ടിക്കുറച്ചതിനു ശേഷമുള്ളതു്) തുടരണമെന്നായിരുന്നു തീരുമാനം. വിലയെ സംബന്ധിച്ച ഒരു ഫോർമുലയ്ക്കുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനുവേണ്ടി, ഇന്ത്യാഗവണ്മെൻറിന്റെ അഭ്യർത്ഥനപ്രകാരം, കുത്തകകൾ തങ്ങളുടെ കണക്കുപരിശോധിക്കാനുള്ള സൗകര്യം ചീഫ് കോസ്റ്റ് അക്കൗണ്ടെൻറിനു നല്കി.

ഇറക്കുമതി വിലയിലും, അവസാനവിലയിൽ ചെന്നുകൊള്ളുന്ന മൊത്തത്തിലുള്ള വമ്പിച്ച ചിലവിനങ്ങളിലും കുറവുവരുത്തുന്നതുവഴി കുത്തകകളെക്കൊണ്ടു വീണ്ടും വില വെട്ടിക്കുറപ്പിക്കുക എന്ന ഉദ്ദേശവും ഇതിനുണ്ടായിരുന്നു. വിപണനസൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുകയും വ്യാപാരസജ്ജീകരണം ആധുനികരീതിയിലാക്കുകയും മോട്ടോർവാഹനങ്ങൾ ഉപയോഗിച്ചു് ധാരാളമായി

---

1. പെട്രോളിയം വർക്കർ, സെപ്റ്റംബർ 1958, പേജ് 6.

എണ്ണ കയററിയിറക്കുകയും, കുറഞ്ഞ ചിലവിൽ സംഭരണ ടാങ്കുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, വ്യാപാരച്ചിലവുകളിൽ മാററമുണ്ടായിട്ടില്ലെന്നാണ് വിദേശകമ്പനികൾ റിപ്പോർട്ടുചെയ്തിട്ടുള്ളതെന്നു് ഇന്ത്യൻജനത മനസ്സിലാക്കാതിരുന്നില്ല.

കുത്തകവില സമ്പ്രദായത്തിൽ ആദ്യമായി ഭംഗം നേരിട്ടതു് 1958 മേയിൽ വില വെട്ടിക്കുറച്ചപ്പോഴാണ്. ഗവണ്മെൻറിൻെറ ദൃഢമായ നയത്തിന്നു് വിദേശകുത്തകകൾ ഒടുവിൽ വഴങ്ങുമെന്നു് ഇതു വ്യക്തമാക്കി.

1959-ൽ ചീഫ് കോസ്റ്റ് അക്കൌണ്ടൻറു് എണ്ണവിലയെ സംബന്ധിച്ച തൻെറ പഠനം പൂർത്തിയാക്കുകയും, ഒരു റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു. ഏതായാലും അതു പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായില്ല. പക്ഷേ, അതിലെ വിവരം ചുരുക്കത്തിൽ പത്രങ്ങളിൽ വന്നു.

എണ്ണവിലയെ സംബന്ധിച്ചുള്ള പഠനം നടന്നുകൊണ്ടിരുന്നപ്പോൾ, ഒരു പുതിയ ഫോർമുല നിർദ്ദേശിക്കപ്പെട്ടിരുന്നു. അതു നടപ്പിലാക്കിയാൽ, കുത്തകകളുടെ ലാഭത്തിൽ ഗണ്യമായ തോതിൽ കുറവുണ്ടാകുമായിരുന്നു. എന്നാൽ, അക്കൌണ്ട്സ് ഓഫീസർക്കു് തങ്ങളുടെ ഇടപാടുകളുടെ യഥാർത്ഥ വിവരങ്ങൾ നല്കാനും ഒരു പുതിയ ഫോർമുലയുണ്ടാക്കാൻ സഹായിക്കാനും കുത്തകകൾ വിസമ്മതം പ്രകടിപ്പിച്ചു. "എണ്ണകമ്പനികളുടെ കണക്കുകൾ കുപ്രസിദ്ധമാംവിധം വക്രതയുള്ളതാണ്. ഈ വക്രത കമ്പനികളിൽനിന്നു് ദേശീയതലത്തിലേയ്ക്കും സാർവ്വദേശീയതലങ്ങളിലേയ്ക്കും വ്യാപിക്കുന്നു," ഇൻറർനാഷണൽ പെട്രോളിയം കാർട്ടലാണ്, ഷിപ്പിംഗ്കമ്പനികളുടെ സഹായത്തോടുകൂടി (ഈ കമ്പനികളൊക്കെ കുത്തകകളു

ടേതാണ്. പേരിൽ മാത്രമേ മാററമുള്ളു.) വില മറച്ചുവയ്ക്കുന്ന ഒരുപിടി കുത്തകകളാണ്, ലോകവിപണിയെ നിയന്ത്രിക്കുന്നതു്." അതുകൊണ്ടു്, അക്കൗണ്ട്സ് ഓഫീസർമാരുടെ ശരിക്കുള്ള ഒരു അന്വേഷണം വിജയിക്കുവാനുള്ള സാദ്ധ്യത ഉണ്ടായിരുന്നില്ല—ഇന്നില്ല."[1]

"വിദേശ എണ്ണക്കമ്പനികളുടെ കണക്കുകൾ പരിശോധിക്കുന്നതിൽ ഇന്ത്യാഗവണ്മെൻറിൻെറ കോസ്റ്റ് അക്കൗണ്ടൻറിന് വലിയ ബുദ്ധിമുട്ടുകൾ നേരിട്ടു........ പല രേഖകളും കോസ്റ്റ്അക്കൗണ്ടൻറിന് ലഭിക്കുകയുണ്ടായില്ല. ഈ രേഖകൾ വിദേശത്തുള്ള അവരുടെ ഹെഡ്ഡ് ഓഫീസുകളിലായിരുന്നു. ഇതിനു പുറമേ പലയിനങ്ങളെ സംബന്ധിച്ചും—ലൂബ്രിക്കൻറുകൾ, ഗ്രീസ്സതുടങ്ങിയവ—പരിശോധന നടത്തുന്നതിൽ എണ്ണക്കമ്പനികൾ പ്രോത്സാഹനരഹിതമായ നിലപാട് സ്വീകരിക്കുകയും ചെയ്തുവെന്ന് കോസ്റ്റ്അക്കൗണ്ടൻറ് വിശദീകരിച്ചിരിക്കുന്നു...."[2]

ഏതായാലും ഇങ്ങനെ ലഭ്യമായ വിവരങ്ങൾ വിലയെ സംബന്ധിച്ച സംഭാഷണങ്ങളിൽ പ്രയോജനപ്പെട്ടു. സോഷ്യലിസ്റ്റ്രാജ്യങ്ങളിൽനിന്ന് എണ്ണ വാങ്ങാൻ ഇന്ത്യയ്ക്കുള്ള വലിയ ആഗ്രഹവും, സ്വന്തം എണ്ണവ്യവസായം കൂടുതൽ വികസിപ്പിക്കുവാനുള്ള ഇന്ത്യയുടെ ആഗ്രഹവും ഈ സംഭാഷണങ്ങളിലെ മററു രണ്ടു പ്രധാനകാര്യങ്ങളായിരുന്നു. ഈ സമയത്ത്, സോവ്യററുയൂണിയൻെറയും റുമേനിയൻ പീപ്പിൾസ് റിപ്പബ്ളിക്കിൻെറയും സഹായത്തോടുകൂടി രണ്ടു് എണ്ണശുദ്ധീകരണശാലകൾ സ്ഥാപി

1. ലിങ്ക്, നവമ്പർ 8, 1959, പേജ് 16.

2. ഇന്ത്യാ പ്രസ്സ് ഏജൻസി, ഡിസമ്പർ 17, 1959.

ക്കാനുള്ള കരാർ ഇന്ത്യാഗവണ്മെൻറ് ഉണ്ടാക്കിക്കഴിഞ്ഞിരുന്നു. അപ്പോഴും, ക്യാംബെയിൽ എണ്ണ കണ്ടുപിടിക്കപ്പെടുകയും ചെയ്തിരുന്നു. എണ്ണശുദ്ധീകരണശാലകളുടെ നിർമ്മാണം, വിലയുടെ കാര്യത്തിൽ കുറെ പ്രയോജനപ്പെട്ടിട്ടുണ്ടാവണം. ഇക്കാര്യത്തിൽ ഇതേക്കാളും കൂടുതൽ സ്വാധീനംചെലുത്തിയിട്ടുള്ളതു്, ക്യാംബെയിലും രാജ്യത്തിന്റെ മററു ചില ഭാഗങ്ങളിലും ധാരാളം എണ്ണനിക്ഷേപം കണ്ടുപിടിക്കാൻ കഴിഞ്ഞതാവണം. ഇക്കാരണങ്ങളാൽ, വിലയെ സംബന്ധിച്ച പ്രശ്നം അവസാനിക്കേണ്ടതാണ്. 1

മാറിയ പരിതസ്ഥിതി, ഒരു പുതിയ ആനുകൂല്യം അനുവദിക്കുന്നതിന്ന് കത്തകകളെ പ്രേരിപ്പിച്ചു. വിലയിനത്തിൽ ആണ്ടിൽ 90 മില്യൻ രൂപകൂടി അവർ വെട്ടിക്കുറച്ചു. ഇതും 1958-ൽ ഉണ്ടായ വെട്ടിക്കുറക്കലുംകൂടി ഗവണ്മെൻറിൻെറ വാർഷികവരുമാനത്തിൽ 190 മില്യൻ രൂപയുടെ വർദ്ധനവുണ്ടാക്കി.2 വില കുറയ്ക്കുന്നതുസംബന്ധിച്ചുള്ള കരാർ 1959 ഏപ്രിൽ 1 മുതൽ 1961 മാർച്ച് 31 വരെ (പിന്നീടു് 1961 മാർച്ചുവരെ നീട്ടി) പ്രാബല്യത്തിലായിരിക്കുമെന്ന് ഒരു ഔദ്യോഗികകമ്മ്യൂണിക്കേയിൽ വ്യക്തമാക്കിയിരുന്നു.

ചില്ലറവിലയിൽ കുറവുവരുത്തേണ്ടതില്ലെന്നു് വീണ്ടും ഇന്ത്യാഗവണ്മെൻറു തീരുമാനിച്ചു. ഈ അന്തരം മൂലംവരുന്ന തുക എക്സൈസ് നികുതിയായി ഈടാക്കാനായിരുന്നു ഗവണ്മെൻറിൻെറ തീരുമാനം. മന്ത്രി മാളവ്യ

1. നാഷണൽ ഹെറാൾഡ്, ജൂലൈ 4, 1959.

2. പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, ഇന്ത്യാഗവണ്മെൻറ്, ഒക്ടോബർ 28, 1959 പേജ് 3.

KOTTAYAM PUBLIC LIBRARY KOTTAYAM

ഇങ്ങനെ പറഞ്ഞു: "ഈ തുകയിൽ നല്ലൊരുഭാഗം ഉപഭോക്താക്കൾക്കു നാം നൽകിയാലും, ഉപഭോക്താവിനതു കാര്യമായി തോന്നുകയില്ല. അത്രയ്ക്കു തുച്ഛമായിരിക്കുമതു്."[1]

പേർഷ്യൻ ഉൾക്കടൽ പ്രദേശത്തെ മുദ്രിതവിലയിൽ നേരത്തെ ഉണ്ടായ കുറവാണു്, കുത്തകകളുടെ ഈ വില കുറയ്ക്കലിൽ പ്രതിഫലിക്കുന്നതെന്നകാര്യം ശ്രദ്ധിക്കേണ്ടതാണു്.[2] 'സ്വതന്ത്രരായ' ഇറക്കുമതിക്കാർക്കു്, യൂറോപ്യൻ രാജ്യങ്ങൾക്കും ജപ്പാനും മുദ്രിതവിലയിന്മേൽ ലഭിക്കുന്ന നിരവധി ഡിസ്കൗണ്ടുകൾ, ഏതായാലും, ഇന്ത്യയ്ക്കു കുത്തകകൾ നൽകാറില്ല. കുത്തകകളുടെ ലാഭത്തിലെ പ്രധാനയിനമായിത്തീരുന്ന പ്രവർത്തനച്ചിലവു് അവർ കുറയ്ക്കാറുമില്ല.

വിദേശകുത്തകകൾ വിലയിൽ വരുത്തുന്ന കുറവു് ഇന്ത്യാഗവണ്മെൻറിനു ലഭിക്കുന്ന ഒരു ആനുകൂല്യമാണു്. എന്നാൽ, കുത്തകകളുടെ ലാഭത്തെ ഇതു് സാരമായി ബാധിക്കാറില്ല. 'താഴ്ന്ന വിലയും, കുറഞ്ഞുകിട്ടണമെന്നു' ഗവണ്മെൻറു് ഉദ്ദേശിച്ച വിലയും തമ്മിൽ അപ്പോഴും ഒരു

1. കോമേഴ്സ് ആൻറു് ഇൻഡസ്ട്രി, ഒക്ടോബർ 28, 1959, പേജ് 3.
2. ഇന്ത്യയിലെ ഇറക്കുമതി നിശ്ചയിക്കാനുള്ള അടിസ്ഥാനമായി കുത്തകകൾ കണക്കാക്കുന്ന ഡീസൽ ഓയിലിൻെറ (എഫ്. ഒ. ബി. അബാദാൻ) ടണ്ണൊന്നിനുള്ള വില (1957 മുതൽ 1960 വരെ) ഇങ്ങനെയാണു്: 1957—27·92 ഡോളർ, 1958—27·37 ഡോളർ, 1959—27·39ഡോളർ, 1960—24·97 ഡോളർ, ക്രൂഡ്ഓയിലിൻെറ (എഫ്. ഒ. ബി—പേർഷ്യൻ ഉൾക്കടൽ) വില 1958-ൽ 15·82 ഡോളറായിരുന്നതു് 1960ൽ 14·18 ഡോളറായി കുറഞ്ഞു.

വിടവുണ്ട്. (എന്നാൽ വിലകുറയ്ക്കലിനെ സംബന്ധിച്ച്) ഉണ്ടാക്കുവാൻ കഴിഞ്ഞ കരാർ പുതിയ പഠനത്തിനും ചർച്ചയ്ക്കും വഴിതെളിച്ചു.'[1] കരാറിൻെറ കാലാവധിക്കു ശേഷം (മാർച്ച് 31, 1961) വിലയെ സംബന്ധിച്ച സംഭാഷണം പുനരാരംഭിക്കുവാൻ ഗവണ്മെൻറിനു് ഉദ്ദേശമുള്ളതായി റവന്യൂ-സിവിൽ എക്സ്പൻഡിച്ചർ വകുപ്പു മന്ത്രി ബി. ഗോപാലറെഡ്ഡി പാർലമെൻറിൽ വെളിപ്പെടുത്തി.[2] ഈ കരാറിനെ സംബന്ധിച്ച് ഇന്ത്യൻ പത്രങ്ങളിൽവന്ന അഭിപ്രായങ്ങൾ നിരവധിയാണു്. മൊത്തത്തിൽ, ഇതു് അനുകൂലമായതരത്തിലായിരുന്നു. വിദേശകുത്തകകളുടെ ബിസിനസ്സിലുള്ള ഗവണ്മെൻറിൻെറ ഇടപെടൽ അവർ അംഗീകരിച്ചു. ഈസ്റ്റേൺ എക്കണോമിസ്റ്റ് മാത്രമാണു കുത്തകകളെ സംരക്ഷിച്ചുകൊണ്ട്, വിലയെസംബന്ധിച്ച സംഭാഷണം പുനരാരംഭിക്കാനുള്ള ഗവണ്മെൻറിൻെറ ഉദ്ദേശത്തിൽ അസംതൃപ്തി പ്രകടിപ്പിച്ചതു്. ലോകവിലയിൽ വരുന്ന കുറവനുസരിച്ച് എണ്ണ തരാൻ കുത്തകകൾ തയ്യാറായിക്കഴിയുകയും, പ്രവർത്തനച്ചിലവു് വെട്ടിക്കുറയ്ക്കുവാൻ അവർക്കു് ഒരു ഉദ്ദേശവും ഇല്ലാതിരിക്കുകയും ചെയ്യുന്നതുകൊണ്ട്, കോസ്റ്റ് അക്കൗണ്ടൻറിൻെറ റിപ്പോർട്ടും വിലയെക്കുറിച്ചുള്ള ചർച്ചയും ഇനി ആവശ്യമില്ലാത്ത കാര്യങ്ങളാണെന്നു് ഈസ്റ്റേൺ എക്കണോമിസ്റ്റ് ശക്തിയായി വാദിച്ചു. "എണ്ണക്കമ്പനികൾക്കു് ഇന്ത്യയിലുള്ള സ്ഥാനത്തെപ്പററി പുതിയതായി ഒന്നു ബോദ്ധ്യപ്പെടുകയും, സാർവ്വത്രികമായ വിദേശനിക്ഷേപത്തിനുള്ള കാലാവസ്ഥയിൽ അവർ ചെലുത്തുന്ന സ്വാധീനത്തിനു്

1. ദി കോമേഴ്സ്, ഒക്ടോബർ 31, 1959, പേജ് 722.
2. ദി ഹിന്ദുസ്ഥാൻ ടൈംസ്, ഡിസമ്പർ 19, 1959.

ഒരു അംഗീകാരം നൽകുകയും ചെയ്യാനുള്ള പററിയ സമയമാണിതു്."[1]

പത്രറിപ്പോർട്ടുകൾവച്ചു നോക്കുമ്പോൾ, വിദേശകുത്തകകളുടെ ഇന്ത്യയിലെ പ്രവർത്തനത്തെപ്പററി രസകരമായ കുറെ വിവരങ്ങളും കോസ്റ്റ് അക്കൗണ്ടൻറ് ശേഖരിച്ചിട്ടുള്ളതായി കാണാം. (ഈ വിവരങ്ങൾ പുറത്തുവരാതിരിക്കാൻ കുത്തകകൾ അവരുടെ കഴിവു മുഴുവൻ ഉപയോഗിച്ചതാണ്.) ഓരോ വർഷവും കൂടിവരുന്ന അതിരു കവിഞ്ഞുള്ള വ്യാപാരച്ചിലവ് കുത്തകകൾ കരുതിക്കൂട്ടി കുറക്കാതിരിക്കുകയായിരുന്നു. എണ്ണയുടെ അത്യധികമായ വില ന്യായീകരിക്കുവാൻ തങ്ങളുടെ വ്യാപാരച്ചിലവ് അധികമായി കാണിക്കുകയും, കണക്കു പരിശോധിക്കാൻ ഗവണ്മെൻറു പ്ലാൻചെയ്യുന്നുവെന്നറിയുമ്പോൾ വിലയിടിവുവരുത്തുകയുമാണ് എണ്ണക്കമ്പനികൾ ചെയ്യുന്നതു്. പ്രധാന എണ്ണയുല്പന്നങ്ങൾ വില്ക്കുമ്പോഴുള്ളതിനെക്കാൾ കൂടുതൽ ലാഭം, രണ്ടാമത്തെ ഇനത്തിൽപെടുന്ന ഉത്പന്നങ്ങൾ (സെക്കൻ്ററി ഐററം) വിൽക്കുമ്പോൾ കുത്തകകൾക്കു ലഭിക്കുന്നതായും കോസ്റ്റ് അക്കൗണ്ടൻറു വ്യക്തമാക്കിയിട്ടുണ്ടു്.[2] ലൂബ്രിക്കൻറുകളും ഗ്രീസ്സും ഉൾപ്പടെ ഇത്തരം പതിമൂന്ന് ഇനങ്ങളുടെ കാര്യം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. ഒരിക്കലും പരിശോധനയ്ക്കു വിധേയമാകാത്ത വിലക്കാണ് ഇവ ഇന്ത്യയിൽ വിൽക്കപ്പെടുന്നതു്. ഏതായാലും, വിലയിൽ പ്രതിഫലിച്ചുകാണുന്ന അമിതമായ ചിലവും, ലാഭവും തമ്മിലുള്ള യഥാർത്ഥബന്ധം എന്താ

---

1. ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്, ഒക്ടോബർ 30, 1959, പേജ് 674.
2. ന്യൂ ഏജ്, മാർച്ച് 20, 1960, പേജ് 16.

ണെന്നു് സ്ഥാപിക്കുന്നതിൽ കോസ്റ്റ് അക്കൗണ്ടൻറു പരാജയപ്പെട്ടു. യഥാർത്ഥത്തിലുള്ള ലാഭം മറച്ചുവയ്ക്കുവാൻ കുത്തകകളെ സഹായിക്കുന്നതു് അമിതമായ ചിലവിനമാണു്. ഈ ലാഭം കണക്കുകളിൽ കുറച്ചാണു് കാണിക്കുന്നതു്. അതേസമയം, ചിലവുകൾ കരുതിക്കൂട്ടി പെരുപ്പിച്ചുകാണിക്കുകയാണു് ചെയ്യുക.

എണ്ണയുടെ വില കുറയ്ക്കാനുള്ള കുത്തകകളുടെ മനസ്സില്ലായ്മകാരണം, ഇന്ത്യയ്ക്കു് പ്രതിവർഷം ഏതാണ്ടു് 250 മില്യൻ രൂപയുടെ നഷ്ടം നേരിടുന്നുണ്ടെന്ന നിഗമനത്തിലാണു് കോസ്റ്റ്അക്കൗണ്ടന്റ് എത്തിച്ചേർന്നിട്ടുള്ളതു്.[1]

1958-ലും 1959-ലും വിലയിനത്തിൽ വരുത്തിയ കുറവുകളെക്കാൾ സാരമായ ചിലതാണു്, സ്വാഭാവികമായും, ഇന്ത്യാഗവണ്മെൻറു പ്രതീക്ഷിച്ചതു്. ഇന്ത്യൻ വിപണിയിലെ വിദേശകുത്തകകളെ നിയന്ത്രിക്കാൻ അത്യന്താപേക്ഷിതമായുള്ള ഒരു ഉപാധിയെന്ന തരത്തിൽ വിലയെ സംബന്ധിച്ച ഒരു പുതിയ ഫോർമുല ഉണ്ടാവണമെന്നായിരുന്നു ഗവണ്മെൻറിൻെറ ആഗ്രഹം. ഇക്കാരണത്താലാണു്, 1960-ഓടുകൂടി, വിലയെ സംബന്ധിച്ചു് ഒരു പഠനം നടത്താൻ ഗവണ്മെൻറു് നിശ്ചയിക്കുകയും, ഇന്ത്യൻ താരിഫ് കമ്മിഷൻെറ ചെയർമാനായിരുന്ന കെ. ദാംലേയുടെ നേതൃത്വത്തിലുള്ള ഒരു സ്പെഷ്യൽകമ്മിററി രൂപീകരിക്കുകയും ചെയ്തതു്. 1961 ആഗസ്റ്റ് 31-ാംതീയതിക്കുശേഷം നടപ്പാക്കാവുന്ന തരത്തിൽ എണ്ണയുത്പന്നങ്ങളെ സംബന്ധിച്ചുള്ള ഒരു പുതിയ ഫോർമുല രൂപീ

1. ന്യൂ ഏജ്, മാർച്ച് 20, 1960, 16.

കരിക്കുകയും കഴിയുന്നത്ര കുറഞ്ഞ ഒരു വിലനിലവാരം നിശ്ചയിക്കുകയുമായിരുന്നു ഈ കമ്മിററിയുടെ ജോലി.

എണ്ണശുദ്ധീകരണശാലകൾ ആരംഭിച്ചതുമുതലുള്ള പത്തുവർഷത്തേയ്ക്കു് (1964 വരെ അഥവാ 1965 വരെ) അനുവദിച്ചുകൊടുത്തിട്ടുള്ള 'പ്രിഫറൻഷ്യൽ താരിഫുകൾ' ഉപേക്ഷിക്കണമെന്നു് 1960-ൽ, ഇന്ത്യാഗവണ്മെൻറു് സ്റ്റാൻവാക്കിനോടും കാൽടെക്സിനോടും അഭ്യർത്ഥിച്ചു.

ഈ താരിഫുകൾ ആവശ്യമില്ലാത്തതാണെന്നു് ഈ അടുത്തവർഷങ്ങളിൽ ഗവണ്മെൻറു് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതാണു്. താരിഫിനെ സംബന്ധിക്കുന്ന കരാറുകൾ ഉണ്ടാക്കിയതിനുശേഷം ലോകവിപണിയിൽ വന്നിട്ടുള്ള മാററങ്ങൾ പരിഗണിച്ചാണു് ഗവണ്മെന്റു് ഇങ്ങനെ പറഞ്ഞതു്. പുതിയ സാഹചര്യത്തിൽ പെട്രോളിനെ സംബന്ധിച്ച പ്രിഫറൻഷ്യൽ താരിഫ് ഉപേക്ഷിക്കാൻ കുത്തകകൾ നിർബ്ബന്ധിതരായി. എന്നാൽ മററു ചില ഉല്പന്നങ്ങളുടെ കാര്യത്തിൽ അവർ ഇതു നിലനിർത്തി.

1959 ജൂലായിയിൽ, ബർമ്മാഷെൽ, എല്ലാ എണ്ണയുത്പന്നങ്ങളേയും സംബന്ധിച്ചുണ്ടായിരുന്ന പ്രിഫറൻഷ്യൽ താരിഫുകൾ ഉപേക്ഷിച്ചു. ബോംബയിൽ തങ്ങൾക്കുള്ള എണ്ണശുദ്ധീകരണശാലയുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുവാൻ ഗവണ്മെൻറിന്റെ അനുവാദം കിട്ടുമെന്ന പ്രതീക്ഷയോടെയാണു് അവർ അങ്ങനെ ചെയ്തതു്. മററു കമ്പനികൾ ഇതുപോലെ താരിഫ് ഉപേക്ഷിക്കാൻ തയ്യാറായില്ല. തങ്ങളുടെ ലാഭം ബ്രിട്ടീഷ് കമ്പനിയുടേതിലും കുറവാണെന്നായിരുന്നു ഇതിനവർ പറഞ്ഞ കാരണം.

ഇറക്കുമതിചെയ്യുന്ന എണ്ണ വിൽക്കുന്നതിൽ സ്റ്റേററുടമയിലുള്ള കമ്പനിയെ വിഷമിപ്പിക്കാൻവേണ്ടി സ്റ്റാൻവാ

ക് 'ഡമ്പിംഗ്തന്ത്രം' സ്വീകരിച്ചപ്പോഴാണ്, അമേരിക്കൻ കമ്പനികളോടുള്ള ഇന്ത്യാഗവണ്മെൻറിൻെറ രണ്ടാമത്തെ അഭ്യത്ഥനയുണ്ടായതു്. സ്റ്റേററുടമയിലുള്ള കമ്പനിയുമായി മത്സരിക്കാൻവേണ്ടി, പ്രിഫറൻഷ്യൽ താരിഫ് വഴിക്കുള്ള ലാഭം ഉപയോഗപ്പെടുത്തരുതെന്നു് ഗവണ്മെൻറ് ഈ കമ്പനികൾക്കു മുന്നറിയിപ്പുനൽകി. ഈ സമയത്തു്, എല്ലാ എണ്ണയുത്പന്നങ്ങളേയും സംബന്ധിച്ചുള്ള പ്രിഫറൻസുകൾ ഉപേക്ഷിക്കാൻ (1960 നവമ്പർ 15 മുതൽ) സ്റ്റാൻവാക് നിർബ്ബന്ധിതമായി. എന്നാൽ കാൽടെക്സ് അതിനു തയ്യാറായില്ല.

വില കുറയ്ക്കുകയും പ്രിഫറൻഷ്യൽ താരിഫുകൾ ഉപേക്ഷിക്കുകയും ചെയ്യതുകൊണ്ടു്, ഇന്ത്യയോടുള്ള കുത്തകകളുടെ മനോഭാവം മാറിയെന്നോ, ഇന്ത്യയിൽ അവർ സ്വീകരിച്ചുപോന്ന സാമ്രാജ്യത്വനയം ഉപേക്ഷിക്കുവാൻ നിശ്ചയിച്ചുവെന്നോ ഒരുതരത്തിലും അത്ഥമാക്കിക്കൂടാ. ഈ വഴങ്ങൽ—ഇന്ത്യ സോഷ്യലിസ്ററുരാജ്യങ്ങളിലേയ്ക്കു തിരിയുന്ന ഒരു സാഹചര്യത്തിൽ തങ്ങളുടെ നില വിട്ടുപോകാതിരിക്കാൻ കുത്തകകൾ സ്വീകരിക്കുന്ന ഒരു മാർഗ്ഗമാണ്.

1959-ൽ ക്രൂഡ്ഓയിലിൻെറ ലോകവിലയിൽ ഗണ്യമായ ഒരു താഴ്ചയുണ്ടായി. എന്നാൽ, ഇന്ത്യയിലും മററു രാജ്യങ്ങളിലുമുള്ള തങ്ങളുടെ ബ്രാഞ്ചുകൾക്കു കുത്തകകൾ വിററ എണ്ണയുടെ മുദ്രിതവിലയിൽ യാതൊരു മാററവുമുണ്ടായില്ല. ഇങ്ങനെ, മുദ്രിതവിലയിൽനിന്നു് ഡിസ്കൗണ്ടു കുറച്ച് കുത്തകകളിൽനിന്നു് നേരിട്ട് എണ്ണ വാങ്ങുന്ന സ്വതന്ത്രകമ്പനികൾ ഏറെക്കാലമായി അനുഭവിച്ചുപോരുന്ന അവകാശം, മുദ്രിതവിലയനുസരിച്ച്

ബർമ്മാഷെല്ലിൻേറയും സ്റ്റാൻവാക്കിൻേറയും കാൽടെക്സി ൻേറയും എണ്ണവാങ്ങുന്ന ഇന്ത്യയ്ക്കു നിഷേധിക്കപ്പെട്ടു.

1960-ൽ സ്ഥിതിഗതികൾ കൂടുതൽ കുഴപ്പംപിടിച്ച തായിത്തീൻ. സ്വതന്ത്രമായി ഇറക്കുമതി നടത്തുന്നവക്ക് വീണ്ടും കൂടുതൽ ഡിസ്കൗണ്ടോടുകൂടി എണ്ണ ലഭിച്ച പ്പോഴും ഇന്ത്യയ്ക്കു് അമിതമായ വിലതന്നെ നൽകേണ്ടി വന്നു.

ന്യായമായ ലോകവിലനിരക്കനുസരിച്ച എണ്ണനല്കാ മെന്നും ഇതിൻെറ വില ഇന്ത്യൻ കറൻസിയായി നല്കി യാൽ മതിയെന്നും സോവിയററ്യൂണിയൻ പറഞ്ഞതോടു കൂടി ഇന്ത്യൻ വിപണിയിലെ സ്ഥിതിയാകെ മാറി.

പാശ്ചാത്യകുത്തകകൾ, അവരുടെ എണ്ണശുദ്ധീകരണ ശാലകളിൽ സോവിയററ് എണ്ണ ശുദ്ധീകരിക്കുവാൻ കൂട്ടാ ക്കിയില്ല. ഇങ്ങനെ ഇന്ത്യയ്ക്കു പ്രയോജനകരമായ ഈ ഇടപാടിനെ തുരങ്കംവയ്ക്കാൻ അവർ ശ്രമിച്ചു. മോശമായ അഭിപ്രായം മാററുന്നതിനുവേണ്ടി—ഇന്ത്യയുടെ വിദേശ നാണ്യ ബുദ്ധിമുട്ടു പരിഗണിച്ചു് ഗവണ്മെൻറിനുള്ള ഒരു 'പ്രത്യേക ആനുകൂല്യം' എന്ന തരത്തിൽ, ഇന്ത്യയിൽ ഇറക്കുമതിചെയ്യുന്ന ക്രൂഡ്ഓയിലിന് 8 ശതമാനം ഡി സ്കൗണ്ടു് അനുവദിക്കാമെന്നു് അവർ സമ്മതിച്ചു.[1]

കുത്തകകളുടെ ഇത്തരത്തിലുള്ള വിശദീകരണം സ്വീ കരിക്കാൻ ഇന്ത്യൻ ജനതയ്ക്കു കഴിഞ്ഞില്ല. പാശ്ചാത്യ കുത്തകകൾ എണ്ണവിലയിൽ ആദ്യമായി കുറവുവരുത്തി യതു്, വളരെ മുമ്പു്. 1959 ഫെബ്റുവരിയിലായിരുന്നു;

1. ദി ഫൈനാൻഷ്യൽ ടൈംസ്, ജൂലൈ 18, 1960.

പിന്നീട് കാത്തിരുന്ന ഇവർ സോവിയററ്യൂണിയൻ എണ്ണ നൽകാമെന്നു പറഞ്ഞപ്പോൾ മാത്രമാണ് അടുത്ത നടപടിക്കു മുതിന്നതു്.[1] ഇക്കാര്യം കോമേഴ്സിൻെറ പത്രാധിപർക്കുപോലും ശരിക്കു ബോദ്ധ്യപ്പെട്ടു.[2]

കൂടാതെ, ലോകവിപണിയിൽ വിലയുടെ കാര്യത്തിലുണ്ടായ യഥാർത്ഥമാററം 8 ശതമാനം ഡിസ്കൗണ്ടിൽ പ്രതിഫലിച്ചിരുന്നില്ല. ഇതു് 'സ്വതന്ത്ര' ഇറക്കുമതിക്കാർക്കു് നൽകിയിരുന്ന ഡിസ്കൗണ്ടിലും വളരെ കറവായിരുന്നു. മുദ്രിതവിലയിൽ 16 ശതമാനത്തിന്റെ ഡിസ്കൗണ്ടു നൽകുന്നതാണെന്നു് 1960 ആഗസ്റ്റിൽ സ്റ്റാൻഡാർഡു് ഓയിലിൻെറ ഒരു വക്താവു വെളിപ്പെടുത്തി.

ഏതായാലും, ഇറക്കുമതിചെയ്യുന്ന എണ്ണകൊണ്ടു് ഇന്ത്യയിലെ എണ്ണശുദ്ധീകരണശാലകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കു് 'വില കുറയ്ക്കൽ' ബാധകമായില്ല. അതുകൊണ്ടു്, എണ്ണയിറക്കുമതിക്കുവേണ്ടി ചിലവാകുന്ന വിദേശനാണ്യത്തിൽ നിസ്സാരമായ ലാഭമേ ഉണ്ടായുള്ളു; അതു താല്ക്കാലികവുമായിരുന്നു. ഇന്ത്യയിലെ വിദേശീയ എണ്ണശുദ്ധീകരണശാലകളിൽ ഉത്പാദിപ്പിക്കുന്ന എണ്ണയുത്പന്നങ്ങളുടെ വില, നിലവിലുള്ള നിയമപരമായ വ്യവസ്ഥകൾപ്രകാരം, വളരെ ഉയന്നതായിരുന്നു.

1961 ജൂലൈ അവസാനം, എണ്ണയുടെ വിലയെ സംബന്ധിച്ച്, ഒരു പുതിയ റിപ്പോർട്ടു് ദാംലേകമ്മിററി ഗവണ്മെൻറിനു സമർപ്പിച്ചു.

---

1. ദി ഫൈനാൻഷ്യൽ ടൈംസ്, ആഗസ്റ്റു് 30, 1960,

2 ദി കോമേഴ്സ്, ജൂലൈ 23, 1960, പേജ് 141.

അറബ് രാജ്യങ്ങളിലെയും ഇന്തോനേഷ്യയിലെയും ഉല്പാദകരിൽനിന്ന് വിദേശ എണ്ണക്കുത്തകകൾ നേരിട്ടല്ല എണ്ണ വാങ്ങുന്നതെന്നും, 'ഇടനിലക്കാരാണ്'' ഇതിന് നിയോഗിക്കപ്പെട്ടിരിക്കുന്നതെന്നും, റിപ്പോർട്ടിൽ പറഞ്ഞിരുന്നു. ഈ ഇടനിലക്കാരെ, ഇന്ത്യയിൽ പ്രവത്തിക്കുന്ന കമ്പനികളുടെ ഗ്രൂപ്പിൽതന്നെ ഉൾപ്പെടുത്താവുന്നതാണ്. തങ്ങളുടെ ഇടനിലക്കാർ എന്തു വ്യവസ്ഥകളനുസരിച്ചാണ് ഉല്പാദകരിൽനിന്ന് എണ്ണ വാങ്ങുന്നതെന്ന് വെളിപ്പെടുത്താൻ (ഇന്ത്യാഗവണ്മെൻറു പലതവണ ആവശ്യപ്പെട്ടിട്ടുകൂടി) എണ്ണക്കമ്പനികൾ കൂട്ടാക്കിയിട്ടില്ലെന്ന് റിപ്പോർട്ടിൽ തുടർന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. "ക്രൂഡ് ഓയിലിൻെറ യഥാത്ഥ ഉല്പാദകരും വിതരണക്കാരുമായി നേരിട്ട് ഇടപാടു നടത്താനോ, യഥാർത്ഥത്തിലുള്ള ഈ ഉല്പാദകരേയും വിതരണക്കാരേയും സംബന്ധിച്ച ശരിയായ വിവരങ്ങൾ നൽകാനോ കമ്പനികൾക്ക് എന്തുകൊണ്ടാണ് കഴിയാത്തതു് എന്നു കണ്ടുപിടിക്കാൻ ഞങ്ങൾക്കു സാധിച്ചില്ല. ഇന്ത്യയുടെ തീരപ്രദേശത്ത് എണ്ണ ശുദ്ധീകരണശാലകളുടെ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എണ്ണക്കമ്പനികൾക്കു് (ബർമ്മാഷെൽ, എസ്സോ, കാൽടെക്സ്) അവരുടെ ലോകവ്യാപകമായ ബന്ധങ്ങൾവഴി ഇറാനിൽ പ്രവത്തിക്കുന്ന കൺസോർഷ്യവുമായും (ആ മാർഗ്ഗത്തിൽ എണ്ണ ലഭിക്കുന്നതിൽ കമ്പനികളുടെ പ്രധാനികൾക്ക് താല്പര്യമുണ്ടു്) മററു സ്ഥലങ്ങളിലെ യഥാത്ഥ ഉത്പാദകരും വിതരണക്കാരുമായും നേരിട്ടുള്ള ഇടപാടുകൾ നടത്താൻ സാധാരണഗതിയിൽ കഴിയും."[1]

1. റിപ്പോർട്ട് ഓഫ് ദി ഓയിൽ പ്രൈസ് എൻകചയറി കമ്മിററി (എണ്ണവിലയെസംബന്ധിച്ച അന്വേഷണക്കമ്മിററിയുടെ റിപ്പോർട്ടു്,) ന്യൂഡൽഹി, ജൂലൈ, 1961.

മുദ്രിതവിലയിൽ ഡിസ്കൗണ്ട് അനുവദിക്കുകയെന്നതു് ലോകവിപണിയിലെ ഒരു സാധാരണ ഏർപ്പാടായി ത്തീർന്നിട്ടുണ്ടെന്നും, ഇതു് അവസാനവിലയെക്കുറിച്ചു് വിലപേശൽ നടത്താനുള്ള ഒരു 'തുടക്കസ്ഥാനം' മാത്രമാണെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. നിലവിലുള്ള ഡിസ്കൗണ്ടനുസരിച്ചു് എണ്ണ വിൽക്കുവാൻ ഉത്പാദകരെ നിർബ്ബന്ധിക്കണമെന്നും, ലോകവിപണിയിലെ ഗതിയനുസരിച്ചുള്ള ഉയർന്ന ഡിസ്കൗണ്ടു് അനുവദിക്കണമെന്നും, എണ്ണക്കമ്പനികളോടു് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ടു്.

കാൽടെക്സു് എണ്ണയിറക്കുമതി ചെയ്തതു് ഇന്തോനേഷ്യയിൽനിന്നും, ഭാഗികമായി പേർഷ്യൻ ഉൾക്കടൽ പ്രദേശത്തുനിന്നുമാണു്. 1960-ൽ പേർഷ്യൻ എണ്ണ 8 ശതമാനം ഡിസ്കൗണ്ടോടുകൂടിയാണു വിററതു്. എന്നാൽ അന്നു് ഇന്തോനേഷ്യൻ എണ്ണ വിററതു് മുദ്രിതവിലക്കായിരുന്നു. കാൽടെക്സു്, ഇന്തോനേഷ്യൻ എണ്ണയ്ക്കു് ഈ ഡിസ്കൗണ്ടു കിട്ടണമെന്നു് ആവശ്യപ്പെടുകയോ മുഴുവൻ എണ്ണയും പേർഷ്യൻ ഉൾക്കടൽപ്രദേശത്തുനിന്നു് ഇറക്കുമതിചെയ്യുകയോ വേണമെന്നു് കമ്മററി ശുപാർശചെയ്തു.

എണ്ണ എവിടെനിന്നു വാങ്ങണമെന്നു് സ്വതന്ത്രമായി തീരുമാനിക്കാനുള്ള അവകാശം തുടങ്ങി എണ്ണ ശുദ്ധീകരണശാലകളെ സംബന്ധിച്ച കരാറിലുള്ള വ്യവസ്ഥകൾ കാരണമാണു്, ലോകവിപണിയിലെ അനുകൂലമായ സ്ഥിതി പ്രയോജനപ്പെടുത്താൻ ഇന്ത്യയ്ക്കു കഴിയാതെപോയതെന്നു് റിപ്പോർട്ടിൽ ഉറപ്പിച്ചുപറഞ്ഞിരുന്നു. എണ്ണ എവിടെനിന്നും വാങ്ങാനുള്ള അവകാശം എക്കാലത്തേയ്ക്കും വേണമെന്നു് നിർബ്ബന്ധംപിടിക്കരുതെന്നു് കമ്പനികളോടു് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ടു്.

എണ്ണയുത്പന്നങ്ങളുടെ വിലയിൽ—ഇറക്കുമതി ചെയ്യുന്നതും ഇന്ത്യയിൽ ഉള്ളതും—മുദ്രിതവിലയിന്മേലുള്ള ഡിസ്കൗണ്ടു പ്രതിഫലിക്കുകതന്നെവേണം. ഏതായാലും, ഏററവും ഒടുവിലുണ്ടായ വിലയിടിക്കലിനെ (1960) തുടൎന്ന് അതിനു് അനുയോജ്യമായ വിലക്കുറവു് എണ്ണയുല്പന്നങ്ങളിൽ ഉണ്ടായില്ല. വിലയിലെ വ്യത്യാസമായി വരുന്ന തുക എണ്ണശുദ്ധീകരണശാലകളുടെ ഉടമകളുടെ പോക്കററിലാവുകയാണുണ്ടായതു്.

എണ്ണയിറക്കുമതിയുടെ കാര്യത്തിലെന്നതുപോലെ—ഇടനിലക്കാർക്കു കുററം തീർത്ത എണ്ണയുത്പന്നങ്ങൾ യഥാർത്ഥത്തിൽ നൽകുന്നതാരാണെന്ന വിവരവും അവരുടെ കരാറുകളിലെ വ്യവസ്ഥകളെന്താണെന്ന കാര്യവും വെളിപ്പെടുത്താൻ വിദേശകുത്തകകൾ തയ്യാറായില്ല.

ലോകവ്യാപകമായ ബന്ധങ്ങളും വ്യാപാരപരിചയവും ഉണ്ടായിട്ടും, പ്രമുഖ്കമ്പനികൾക്കു് എണ്ണയുത്പന്നങ്ങളുടെ മേൽ ഡിസ്കൗണ്ടുനേടാൻ കഴിയാതെപോയതിൽ കമ്മിററി അത്ഭുതപ്പെട്ടു.

ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്നതും ഇറക്കുമതിചെയ്യുന്നതുമായ എണ്ണയുത്പന്നങ്ങൾക്കു് താഴെപ്പറയുന്ന വിലക്കുറവു വരുത്തണമെന്നു് ദാംലേ കമ്മിററി ശുപാർശചെയ്തു: പാരഫിൻ ഓയിൽ, ഏവിയേഷൻ ടർബോജററ്ഫ്യൂവൽ ഗ്യാസ് ഓയിൽ—10 ശതമാനം; ലൈററ് ഡീസൽ ഓയിൽ—9·3 ശതമാനം; പെട്രോൾ—5 ശതമാനം; ബ്ലാക്കു്ഓയിൽ—3 ശതമാനം.

ഇന്ത്യൻ വിപണിയിൽ എണ്ണയുടെ അവസാനവില നിശ്ചയിക്കുന്നതിനുള്ള ഒരു പദ്ധതി(സിസ്റ്റം) റിപ്പോർട്ടിൽ

നിർദ്ദേശിച്ചിരുന്നു. ചരക്കു കപ്പലിൽ കയററി അയയ്ക്കുന്നതിനുള്ള ചിലവ്, ഇൻഷ്വറൻസ്, ഡിസ്ച്ചാർജ് ചിലവ്, സംഭരണം, വ്യാപാരച്ചിലവുകൾ, ലാഭം തുടങ്ങി വിലക്കാധാരമായ വിവിധകാര്യങ്ങളെപ്പററി റിപ്പോർട്ടിൽ വിശകലനം ചെയ്തിട്ടുണ്ട്. വിദേശകുത്തകകളുടെ ലാഭം അവരുടെ നിക്ഷേപമൂലധനത്തിൻെറ 12 ശതമാനമായി ക്ലിപ്തപ്പെടുത്തണമെന്നു കമ്മിററി നിർദ്ദേശിച്ചു.

പൊതുവേ, 147,700,000 രൂപയുടെ വിലയിടിക്കൽ ഉണ്ടാവണമെന്ന് ദാംലേ കമ്മിററി ഇന്ത്യാഗവണ്മെൻറിനോടു ശുപാർശചെയ്തു. 1959 നവമ്പർ ഒന്നു മുതൽ 1961 മേയ് 24 വരെ പ്രാബല്യത്തിലുള്ളതും മുദ്രിതവിലയിൽ വരുത്തുന്ന യഥാർത്ഥത്തിലുള്ള കുറവുമായ 48,900,000 രൂപയും കമ്മിററി നിർദ്ദേശിക്കുന്നതരത്തിൽ അധികമായി വിലയിൽ വരുത്തുന്ന കുറയ്ക്കലിൻെറ ഇനത്തിലുള്ള 65,400,000 രൂപയും, കമ്പനികളുടെ വ്യാപാരച്ചിലവിലും ലാഭത്തിൻെറ മാർജിനിലും വരുത്തുന്ന കുറക്കലിന്റെ ഇനത്തിൽപെട്ട 33,400,000 രൂപയും ഇതിൽ ഉൾപ്പെടും.[1] എണ്ണയുത്പന്നങ്ങളെ സംബന്ധിച്ചുള്ള കമ്മിററിയുടെ ഫോർമുല 1961 സെപ്തംബർ 1 മുതൽ 1965 മാർച്ച് 31 വരെയുള്ള കാലത്തേയ്ക്കാണ് ശുപാർശ ചെയ്യപ്പെട്ടതു്.

ഇന്ത്യാഗവണ്മെൻറ്, കമ്മിററിയുടെ ശുപാർശകൾ അംഗീകരിക്കുകയും 1961 ഒക്ടോബർ 1 മുതൽ ഇറക്കുമതിചെയ്യുന്നതും ഇന്ത്യയിലെ വിദേശ എണ്ണശുദ്ധീകരണശാലയിൽ ഉത്പാദിപ്പിക്കുന്നതുമായ എണ്ണയുത്പന്നങ്ങ

1. എണ്ണയുടെ വിലയെ സംബന്ധിച്ച അന്വേഷണകമ്മിററിയുടെ റിപ്പോർട്ട്, പേജ് 83.

ളുടെ വില കുറയ്ക്കുകയുംചെയ്തു. ഏതായാലും, ചില്ലറ-മൊത്ത വിലയിൽ മാററമൊന്നുമുണ്ടായില്ല. (നേരത്തെ രണ്ടുതവണ വില കുറച്ചപ്പോഴുള്ളതുപോലെതന്നെ) ഈ ഇനത്തിൽ വന്ന വ്യത്യാസം ഉയന്ന എക്സൈസ്ഡ്യൂട്ടിയും കസ്റ്റംസ്ഡ്യൂട്ടിയുമായി ഗവണ്മെൻറ് ഈടാക്കിയതാണ് അതിനുകാരണം. ദാംലേ കമ്മിററി ശുപാർശചെയ്തതിലും കുറഞ്ഞ വിലയ്ക്ക് മററു രാജ്യങ്ങളിൽ എണ്ണ വിററുവന്നതിനാൽ, വിദേശ എണ്ണക്കുത്തകകൾക്ക് ഈ പുതിയ വിലക്കുറവിനെ എതിർക്കേണ്ട കാര്യമുണ്ടായില്ല.[1]

വിദേശ കുത്തകകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിലകൊള്ളുന്നതിൻെറ ബഹുമതിനേടിയ ഈസ്റ്റേൺ എക്കണോമിസ്ററുപോലും, കമ്മിററി നിർദ്ദേശിച്ച പരിപാടി 'മിതമായ സ്വഭാവമുള്ള' ഒന്നാണെന്ന് അഭിപ്രായപ്പെട്ടു. "ദാംലേകമ്മിററിയുടെ റിപ്പോർട്ട് അംഗീകരിച്ചതു്, സ്വകാര്യ എണ്ണതാത്പര്യങ്ങളുമായി സന്മനോഭാവം പുലർത്തുവാൻ ഗവണ്മെൻറിനുള്ള ഔത്സുക്യത്തിൻെറ മറെറാരു തെളിവാണ്."[2]

ഏതായാലും വിദേശ കുത്തകകൾ എതിർപ്പുള്ളവരായിരുന്നു. ബർമ്മാഷെല്ലും, എസ്സോയും, കാൽടെക്സും റിപ്പോർട്ടു പഠിക്കുകയും, വില പഴയനിലവാരത്തിൽ തന്നെ നിർത്താനുള്ള തങ്ങളുടെ തീരുമാനം പ്രഖ്യാപിക്കുകയുംചെയ്തു—എണ്ണ നൽകുന്നവർ കമ്മിററിയുടെ ശുപാർശകൾ അംഗീകരിക്കാൻ കൂട്ടാക്കുന്നില്ലെന്നായിരുന്നു അവരുടെ വാദം.[3]

---

1. അമൃതബസാർപത്രിക, സെപ്റ്റംബർ 28, 1961.
2. ദി ഈസ്റ്റേൺ എക്കണോമിസ്റ്റ്, സെപ്റ്റംബർ 29, 1961.
3. ദി സ്റ്റേററ്സ്മാൻ, നവമ്പർ 16, 1961.

എണ്ണക്കമ്പനികൾ നിരവധി എതിർനിർദ്ദേശങ്ങൾ ഉന്നയിച്ചു. ഇറക്കുമതിചെയ്യപ്പെടുന്ന എണ്ണയിൽ ഇന്ത്യയ്ക്കു 1960-ൽ 8 ശതമാനം ഡിസ്കൗണ്ടു ലഭിച്ചുവെന്നും, ഇതു കുറെ വിദേശനാണ്യം ലാഭിക്കാൻ ഇന്ത്യയെ സഹായിച്ചിട്ടുണ്ടെന്നും, ബർമ്മാഷെല്ലും എസ്സോയും പ്രഖ്യാപിച്ചു. ഏതായാലും ഡിസ്കൗണ്ടു മൂലമുള്ള മുഴവൻ പ്രയോജനവും ഇന്ത്യാഗവണ്മെന്റിനു ലഭിച്ചില്ല; 50,000,000 രൂപയുടെ അധികലാഭം എണ്ണക്കമ്പനികൾക്കാണ് ലഭിച്ചതു്; ഇന്ത്യാഗവണ്മെൻറിനു് 1961 ഒക്ടോബർ 1 മുതൽ ഇതു് നൽകാമെന്നു് (രൂപയായിമാത്രം) അവർ പറഞ്ഞു.[1] എണ്ണയുത്പന്നങ്ങളുടെ ഇറക്കുമതി കുറച്ചുകൊണ്ടു് ധാരാളം വിദേശനാണ്യം ഇന്ത്യയ്ക്കു ലാഭിക്കുന്നതിനുവേണ്ടി. തങ്ങളുടെ എണ്ണശുദ്ധീകരണശാലകൾ പൂർണ്ണശേഷിയോടെ പ്രവർത്തിപ്പിക്കാൻ കഴിയുംവിധം ഇന്ത്യയിലേയ്ക്കുള്ള ക്രൂഡ്ഓയിൽ ഇറക്കുമതി വർദ്ധിപ്പിക്കണമെന്നും എണ്ണക്കമ്പനികൾ നിർദ്ദേശിച്ചു.

പാശ്ചാത്യ എണ്ണക്കുത്തകകൾ പത്രങ്ങൾവഴി ഗവണ്മെൻറിൻെറ നയത്തിനെതിരെ പ്രചരണമാരംഭിച്ചു. എണ്ണക്കമ്പനികളോടു വില കുറയ്ക്കാൻ ആവശ്യപ്പെടുന്നുണ്ടെങ്കിലും, എണ്ണയുടെ ചില്ലറ വില ഗവണ്മെൻറു കുറക്കാതിരിക്കുന്നതിൽനിന്നു് മുതലെടുക്കാൻ അവർ മുതിർന്നു. വിലകുറയ്ക്കൽവഴി ലഭിക്കുന്ന 150,000,000 രൂപ പഞ്ചവത്സരപദ്ധതിക്കുവേണ്ടി ഉപയോഗിക്കാനുള്ള ഗവണ്മെൻറിൻെറ ഉദ്ദേശത്തെക്കുറിച്ചു് അവർ മിണ്ടിയില്ല.[2]

1. ദി ഫൈനാൻഷ്യൽ എക്സ്പ്രസ്സ്, നവമ്പർ 15, 1961.
2. ലിങ്ക്, ഒക്ടോബർ 8, 1961,

ഇന്ത്യയിലെ പൊതുജനാഭിപ്രായം അതേപടി നിരാകരിക്കാൻ കത്തകകൾക്കു കഴിഞ്ഞില്ല. പ്രവർത്തനച്ചിലവു കറയ്ക്കുകയും, പേർഷ്യൻ ഉൾക്കടൽപ്രദേശത്തെ മുദ്രിതവിലയിൽ യഥാർത്ഥത്തിൽ വരുത്തേണ്ട കുറവുവരുത്തുകയും ചെയ്യുന്നതുവഴി, എണ്ണയുടെ വിലയിൽ വരുത്താവുന്ന കുറവിനെപ്പററിയുള്ള കമ്മിററിയുടെ ശുപാർശകൾ അംഗീകരിക്കാൻ അവർ നിർബ്ബന്ധിതരായി. 1961 നവമ്പർ 20-ാംതീയതി ഇന്ത്യൻ പാർലിമെൻറിൻെറ ലോകസഭയിൽ ദാംലേ കമ്മിററിയുടെ ശുപാർശകളെക്കുറിച്ചും അതു നടപ്പാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ചർച്ച നടന്നു. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന എണ്ണയുത്പന്നങ്ങൾക്കും ഇറക്കുമതിചെയ്യപ്പെടുന്ന എണ്ണയുല്പന്നങ്ങൾക്കും വില കുറയ്ക്കൽ ബാധകമാക്കണമെന്നു് മന്ത്രി മാളവ്യ ആവശ്യപ്പെട്ടു. കമ്മിററി ശുപാർശ ചെയ്തിട്ടുള്ളതുപോലെ സത്വരമായി കുറഞ്ഞവിലയ്ക്കു് എണ്ണയുല്പന്നങ്ങൾ വിതരണംചെയ്യുന്നതിൽ കമ്പനിക്കു വിഷമത കാണുമെന്നും അതുകൊണ്ടു് അടുത്ത ആറുമാസത്തേയ്ക്കു് (അതായതു് 1962 മാർച്ചുവരെ) ഏററവും അനുകൂലമായ വിലയ്ക്കു് എണ്ണയുത്പന്നങ്ങൾ ഇറക്കുമതിചെയ്യാൻ കമ്പനികളെ ഗവണ്മെൻറു് അനുവദിക്കുമെന്നും അദ്ദേഹം പറഞ്ഞു. എണ്ണയിറക്കുമതി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശത്തിനു്, കമ്മിററിയുടെ ശുപാർശകളുമായി യാതൊരു ബന്ധവുമില്ല. ഇന്ത്യയുടെ താല്പര്യങ്ങൾ പരിഗണിച്ചു്, രണ്ടും രണ്ടായി കാണേണ്ടതാണു്. നിർദ്ദിഷ്ടമായ 8 ശതമാനം ഡിസ്കൗണ്ടിൽ ഇന്ത്യ തൃപ്തിപ്പെട്ടില്ല. കാരണം, പശ്ചിമയൂറോപ്പിലെ എണ്ണയിറക്കുമതിക്കാർക്കു കിട്ടുന്ന ഡിസ്കൗണ്ടിലും വളരെ കുറവായിരുന്നു; ഇതു്, കൂടാതെ ഉറുപ്പികയുടെ അടിസ്ഥാനത്തിൽ വ്യാപാരം നടത്തുന്ന രാജ്യങ്ങളും തങ്ങളുടെ

എണ്ണയുത്പന്നങ്ങൾ കൂടുതൽ ഡിസ്കൗണ്ടോടുകൂടിയാണ് വില്ക്കുന്നതു്.

1961-ഡിസമ്പർ 1-ാം തീയതി രാജ്യസഭ ദാംലേ കമ്മിററിയുടെ ശുപാർശകൾ നടപ്പാക്കാനുള്ള സാദ്ധ്യത കളെക്കുറിച്ചു് ചർച്ച ചെയ്തു. കമ്മിററി ശുപാർശ ചെയ്തിട്ടുള്ള ഡിസ്ക്കൌണ്ടനുസരിച്ച് എണ്ണ ഇറക്കുമതി ചെയ്യാമെന്നു് വിദേശകമ്പനികൾ സമ്മതിച്ചിട്ടുള്ളതായി മന്ത്രി മാളവ്യ പാർലമെൻററിനെ അറിയിച്ചു.[1]

ഡിസമ്പർ ഒന്നിലെ ചർച്ചകൾ കൊടുങ്കാററു സൃഷ്ടിച്ചു. ഇന്ത്യയിലെ എണ്ണവ്യവസായം ദേശസാത്ക്കരിക്കണമെന്നതിനെ കേന്ദ്രീകരിച്ചായിരുന്നു ഈ ചർച്ചകൾ നടന്നതു്. കമ്യൂണിസ്റ്റ് എം. പി. യായ ഗോവിന്ദൻനായരാണ് ഇതിനുള്ള നിർദ്ദേശം ഉന്നയിച്ചതു്. ഇതു് പരാജയപ്പെട്ടു. എന്നാൽ ഈ നിർദ്ദേശത്തിനു് പാർലമെൻററിൽ ശക്തിയായ പിന്തുണ ലഭിച്ചു—കമ്യൂണിസ്റ്റംഗങ്ങളിൽ നിന്നു് മാത്രമല്ല; മററു കക്ഷികളിൽപ്പെട്ടവരിൽനിന്നും. ഇക്കൂട്ടത്തിൽ കോൺഗ്രസ്സ് അംഗങ്ങളായ എസ്. വസിഷ്ടു; എ. അറോറ, ഡി. എ. മിർസ, ബി. അലി, യാജി എന്നിവരും ഉൾപ്പെടുന്നു.

രാജ്യത്തിൻെറ സമ്പദ്‌വ്യവസ്ഥയുടേയും പ്രതിരോധനത്തിൻെറയും താൽപ്പര്യങ്ങൾ മുൻനിറുത്തി എണ്ണയുല്പാദനത്തിലും വിതരണത്തിലുമുള്ള വിദേശക്കുത്തക അവസാനിപ്പിക്കണമെന്നു് നായർ ആവശ്യപ്പെട്ടു. കുത്തകകൾ ചുമത്തിയിട്ടുള്ള വില കുറക്കണമെന്ന ഗവണ്മെൻറിൻെറ

1. ദി ടൈംസ് ഓഫ് ഇന്ത്യ, ഡിസമ്പർ 2, 1961.

ന്യായമായ ആവശ്യത്തിനുനേരെ, എണ്ണ വിതരണം സസ്പെൻറു ചെയ്യുമെന്ന ഭീഷണിയാണ് കുത്തകകൾ പ്രയോഗിക്കുന്നതെന്ന് നായർ പറഞ്ഞു. അവർ എണ്ണശുദ്ധീകരണശാലകളെ സംബന്ധിച്ചുള്ള കരാർ ലംഘിക്കുകയും, വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതിലും കൂടുതൽ എണ്ണ ഉത്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ എണ്ണരംഗം വളർത്തുന്നതിൽ കമ്പനികൾ അവരുടേതായ ഇടുങ്ങിയ താൽപ്പര്യങ്ങളാണ് പിന്തുടർന്നു വരുന്നത്.

എണ്ണവ്യവസായത്തിന്നു വലിയ തന്ത്രപ്രാധാന്യമുണ്ടെന്നും അതുകൊണ്ട് അത് ഗവണ്മെൻറ് ഉടമയിലാവണമെന്നും എസ്. വസിഷ്ഠ എം. പി. ഊന്നിപ്പറഞ്ഞു. ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരുമായുള്ള ഇടപെടലുകളിൽ വിദേശകമ്പനികൾ കാണിക്കുന്ന അഴിമതികളെ അദ്ദേഹം വിമർശിക്കുകയും ചെയ്തു.[1]

വിദേശകമ്പനികൾ രാജ്യത്തെ ചൂഷണം ചെയ്യുകയും, തങ്ങളുടെ ലാഭത്തെക്കുറിച്ച് തെററായ വിവരങ്ങൾ നല്കി ഗവണ്മെൻറിനെ വഞ്ചിക്കുകയും ചെയ്തിട്ടുണ്ടെന്ന്, ദേശസാത്ക്കരണത്തെ പിന്താങ്ങിക്കൊണ്ട് ഡി. എ. മിർസാ പ്രസ്താവിച്ചു.[2] രാഷ്ട്രത്തിൻെറ ക്ഷമ നഷ്ടപ്പെട്ടിരിക്കുകയാണെന്ന് കമ്യൂണിസ്റ്റ് എം. പി. യായ ഗുപ്ത പറഞ്ഞു. കുത്തകകളുടെ അന്തസ്സുകെട്ട നയങ്ങൾക്കും ഭീഷണികൾക്കും കൊള്ളയടികൾക്കും ഗവണ്മെൻറ് അറുതിവരുത്തേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

---

1. ദി ടൈംസ് ഓഫ് ഇന്ത്യ, ഡിസമ്പർ 2, 1961.
2. ദി ഹിന്ദുസ്ഥാൻ ടൈംസ്, ഡിസമ്പർ 2, 1961.

ഗവർമ്മെൻറിനുവേണ്ടി സംസാരിച്ചുകൊണ്ടു്, മന്ത്രി മാളവ്യ ഇങ്ങനെ തുടർന്നു; "നമുക്കു് ആവശ്യമുള്ളപ്പോഴെല്ലാം എണ്ണ ലഭിക്കും. നമുക്കു് സ്വന്തമായി എണ്ണശുദ്ധീകരണശാലകളും വിതരണ കമ്പനികളും ഉണ്ടാകും. ഈ സാഹചര്യത്തിൽ, നിലവിലുള്ള വ്യവസായം ദേശസാത്കരിക്കേണ്ട ആവശ്യമുണ്ടെന്നോ. അതു് ഉചിതമാണെന്നോ ഞാൻ കരുതുന്നില്ല."1

എണ്ണയ്ക്കു ന്യായവില ഏർപ്പെടുത്തുന്നതിനുവേണ്ടി, ഇന്ത്യാഗവണ്മെൻറു നടത്തുന്ന സമരത്തിൻെറ മൂന്നാം ഘട്ടം ഇതോടെ കഴിഞ്ഞു. ഗവണ്മെൻറു കൈക്കൊണ്ട ഉറച്ചതും വഴങ്ങാത്തതുമായ നയത്തിൻെറ ഫലമായി, എണ്ണയിറക്കുമതിയിനത്തിലുള്ള ഇന്ത്യയുടെ ചിലവിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടു്. 1958-മേയ് 20 മുതൽ 1962-സെപ്റ്റംബർ 13വരെയുള്ള കാലത്തു് സാമ്പത്തിക വികസന പ്ലാനുകളെ സഹായിക്കാനായി ഏതാണ്ടു് 800,000,000 രൂപ നേടാൻ ഇന്ത്യക്കു കഴിഞ്ഞു.2 ഇന്ത്യയുടെ കാര്യത്തിൽ, തങ്ങളുടെ പഴയ കൊളോണിയൽ നയമോ അന്യായമായ വിലയോ ഉപേക്ഷിക്കുന്നതിൽ ആംഗ്ലോ-അമേരിക്കൻ ട്രസ്റ്റുകൾക്കു് യാതൊരുദ്ദേശവുമില്ലെന്നു്—കമ്പനിയുടെ കണക്കുകളെക്കുറിച്ചു് നടന്ന അന്വേഷണഫലമായി—ഇന്ത്യൻ ജനത മനസ്സിലാക്കിയിട്ടുണ്ടു്.

ഇന്ത്യയിലെ എണ്ണപ്രശ്നത്തിനുള്ള പരിഹാരം—എണ്ണവ്യവസായത്തിലെ പൊതുമേഖല ശക്തിപ്പെടുത്തുകയും സോഷ്യലിസ്റ്റു് രാജ്യങ്ങളുമായുള്ള സൗഹൃദപരമായ സാമ്പത്തിക-വ്യാപാരബന്ധങ്ങൾ വളർത്തുകയും ചെയ്യുന്നതുമായി അടുത്തു ബന്ധപ്പെട്ടിരിക്കുന്നു.

---

1. ദി ഹിന്ദുസ്ഥാൻ ടൈംസ്, ഡിസമ്പർ 2, 1961.
2. ഇന്ത്യൻപെട്രോളിയം, പേജ് 48.

# ഉപസംഹാരം

എണ്ണ ഖനനം ചെയ്യുകയും അതു പാകപ്പെടുത്തി എടുക്കുകയും ചെയ്യാനുള്ള വ്യവസായം പൊതുമേഖലയിൽ സ്ഥാപിക്കാൻ ഇന്ത്യ എടുത്ത തീരുമാനവും സോവിയറ്റ് യൂണിയനും റുമേനിയൻ പീപ്പിൾസ് റിപ്പബ്ലിക്കും നൽകിയ സൗഹൃദപൂർവ്വമായ സഹായവും, ഫലപ്രദമായിത്തീരുകയുണ്ടായി. അങ്കലേശ്വറിലെയും മററു സ്ഥലങ്ങളിലെയും എണ്ണപ്രവാഹം. പാശ്ചാത്യ എണ്ണപ്രഭുക്കളുടെ ഇന്ത്യയിലെ ഭരണത്തിന്റെ അന്ത്യം കുറിച്ചു. ഇന്ത്യയിൽ സ്റ്റേററുടമയിലുള്ള എണ്ണശുദ്ധീകരണശാലകൾ. ഒരു ദേശീയ എണ്ണശുദ്ധീകരണ വ്യവസായം കൂടുതൽ വികസിപ്പിക്കുന്നതിനു് അടിസ്ഥാനമായിത്തീർന്നു. ഇന്ത്യയിലെ റോഡുകൾക്കരുകിൽ പരസ്യങ്ങളോടൊപ്പമുള്ള "ഒരു ചുവന്ന വൃത്തം" ഡ്രൈവറുടെ കണ്ണിൽപ്പെടാറുണ്ടു്. എണ്ണയുല്പന്നങ്ങൾ വിതരണം ചെയ്യുന്ന പബ്ലിക് കമ്പനിയുടെ, ഇന്ത്യൻ ഓയിലിന്റെ, ട്രേഡ്മാർക്ക് ആണതു്.

പൊതുമേഖലയിലുള്ള എണ്ണയുത്പാദനത്തിന്റേയും വ്യാപാരത്തിന്റേയും ആദ്യത്തെ വിജയങ്ങൾക്കു് രാജ്യത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക ജീവിതത്തിൽ വമ്പിച്ച പ്രാധാന്യമുണ്ടു്. സമ്പദ്‌വ്യവസ്ഥയിലെ ഏററവും പ്രധാനമായ ഈ രംഗത്തു്, സ്ഥിരവും അയവില്ലാത്തതുമായ ഒരു നയം സ്വീകരിക്കുന്നതുകൊണ്ടു്, കുറഞ്ഞ വിലയ്ക്കു് ധാരാളം എണ്ണ ലഭിക്കുവാൻ കഴിയുമെന്നു് ഇന്ത്യയ്ക്കു്

ഇപ്പോൾ ബോദ്ധ്യമായിരിക്കുകയാണ്. ഇന്ത്യയുടെ സാമ്പത്തികപുരോഗതിക്കും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും എന്നും ഭീഷണിയായി നിൽക്കുന്ന ബ്രിട്ടീഷ്-അമേരിക്കൻ കുത്തകകളുടെ നിയന്ത്രണത്തിൽ നിന്നുള്ള മോചനത്തിനും ഇതു അത്യാവശ്യമാണ്.

ദേശീയ എണ്ണവ്യവസായം സ്ഥാപിക്കുവാനുള്ള ഇന്ത്യയുടെ ശ്രമത്തിൻെറ പ്രാധാന്യം ഇന്ത്യൻ റിപ്പബ്ലിക്കിൽ മാത്രമായി ഒതുങ്ങിനില്ക്കുന്നില്ല. സാമ്പത്തികസ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യുന്ന ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിൻ അമേരിക്കയിലേയും മിക്കവാറും എല്ലാ വികസ്വരരാജ്യങ്ങളും ഇന്ത്യയ്ക്കുള്ളതുപോലുള്ള പ്രശ്നത്തെയാണ് അഭിമുഖീകരിക്കുന്നതു്. ഈ രാജ്യങ്ങളിലും നിരവധി വിദേശ എണ്ണക്കുത്തകകൾ ആധിപത്യമുറപ്പിച്ചിട്ടുണ്ടു്. ഇവർ ഈ രാജ്യങ്ങളിൽ ദേശീയഎണ്ണവ്യവസായം ഉണ്ടാക്കുന്നതിനെ തടസ്സപ്പെടുത്തുകയും, അമിതമായ വിലയ്ക്കു് എണ്ണ വിററാ, ചുളുവിൽ ആനുകൂല്യങ്ങൾ നേടിയെടുത്തോ കൊള്ള നടത്തുകയും ചെയ്യുന്നു.

സിലോണിൻെറ കാര്യമെടുക്കുക. 1962-വരെ അവിടുത്തെ എണ്ണ വിപണിയിൽ കുത്തക സ്ഥാപിച്ചിരുന്നതു്. ഇന്ത്യൻ വിപണിയിൽ പ്രവർത്തിച്ചുപോന്ന വിദേശകമ്പനികൾ തന്നെയായിരുന്നു. സിലോണിൽ, 40 ശതമാനത്തോളം എണ്ണ വിതരണം ചെയ്തതു് എസ്സോയും കാൽടെക്സും, 60 ശതമാനത്തോളം വിതരണം ചെയ്തതു് ബ്രിട്ടീഷ് പെട്രോളിയവും റോയൽ ഡച്ച് ഷെല്ലിൻെറ വക ഷെൽകമ്പനി ഓഫ് സിലോണും ആയിരുന്നു.

ഈ രാജ്യത്തുനിന്നു് വിദേശ എണ്ണകമ്പനികൾ നേടിവന്ന ലാഭം വളരെ വലുതായിരുന്നു. സിലോണിലെ

ജനപ്രതിനിധിസഭയുടെ ഒരു ഔദ്യോഗിക റിപ്പോർട്ടനുസരിച്ച്, 1956-ൽ ഷെൽ കമ്പനിക്കു കിട്ടിയ അററാദായം മൊത്തം 580,000 പവനാണ്—നിക്ഷേപമൂലധനത്തിൻെറ 100 ശതമാനത്തിൽ അധികം.[1]

സിലോണിൽ ഒരു എണ്ണവ്യവസായം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള വിദേശകത്തകകളുടെ സഹായവാഗ്ദാനം എല്ലായ്പ്പോഴും ആ രാജ്യത്തിന്റെ പരമാധികാരത്തിനു ഹാനികരമായ തരത്തിലുള്ള രാഷ്ടീയ-സാമ്പത്തിക ചരടുകളോടുകൂടിയതായിരുന്നു. സിലോണിൽ എണ്ണയുല്പന്നങ്ങൾ ഇറക്കുമതി ചെയ്യാനും വിൽക്കാനുമുള്ള മുഴുവൻ അവകാശവും നൽകുകയായെങ്കിൽ ഒരു എണ്ണശുദ്ധീകരശാല സ്ഥാപിക്കാമെന്ന് ബ്രിട്ടീഷ് പെട്രോളിയവും ഷെല്ലും, കാൽടെക്സും, സ്റ്റാൻവാക്കും പറഞ്ഞു. സിലോണിലെ എണ്ണവിതരണം ദീർഘകാലം നിയന്ത്രിക്കുകയും, അതിന് ഒരു മറയിടുകയും ചെയ്യാനാണ് ഇതുകൊണ്ട് അവർ ഉദ്ദേശിച്ചതു്.

വിദേശമൂലധനം പാകിസ്ഥാൻെറ എണ്ണവ്യവസായത്തിലും കുത്തക സ്ഥാപിച്ചിട്ടുണ്ട്. ഒരു അവകാശസമ്പ്രദായം വഴി ബ്രിട്ടീഷ്-ബർമ്മാ ഓയിൽ കമ്പനിയും റോയൽ ഡച്ചു ഷെല്ലുമായി അടുത്തു ബന്ധപ്പെട്ട ബ്രിട്ടീഷ് അറേറാക് ഓയിലും പാകിസ്ഥാൻ പെട്രോളിയവും പാകിസ്ഥാൻ ഓയിൽ ഫീൽഡ്സുമാണ് അവിടെ എണ്ണഖനനം നടത്തുന്നതു്. ബ്രിട്ടീഷ് കമ്പനികളായ പാകിസ്ഥാൻ പെട്രോളിയത്തിലും പാകിസ്ഥാൻ ഓയിൽ ഫീൽ

---

1. ഹൻസാർഢ്, (പാർലമെൻററി ഡിബേററ്സ്) മേയ് 4, 1961, പേജ് 4875.

ഡ്സിലും 30 ശതമാനത്തിൽ കൂടുതൽ അവകാശം പാകിസ്ഥാൻ ഗവണ്മെൻറിനും പാകിസ്ഥാനികൾക്കുമില്ല. ബ്രിട്ടീഷ് പാകിസ്ഥാൻ പെട്രോളിയമാണ് ഇവിടെ പ്രകൃതിവാതകം ശേഖരിക്കുന്നതു്. രാജ്യത്തിനാവശ്യമുള്ള എണ്ണയുടെ 15—20 ശതമാനം മാത്രമാണ് രാജ്യത്തിനകത്തു് ഉത്പാദിപ്പിക്കപ്പെടുന്നതു്. ബ്രിട്ടീഷ് കമ്പനികൾ, എസ്സോയും കാൽടെക്സുമായി ചേന്നു്, രാജ്യത്തിനകത്തുള്ളതും ഇറക്കുമതിചെയ്യുന്നതുമായ എണ്ണയുടെ ശുദ്ധീകരണവും പാകിസ്ഥാൻെറ ആഭ്യന്തര-വിദേശ എണ്ണവ്യാപാരവും നിയന്ത്രിക്കുന്നു. പാകിസ്ഥാൻ ഇൻഡസ്ട്രിയൽ ഡവലപ്പുമെൻറ് കോർപ്പറേഷൻെറ മുൻ ചെയർമാൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "പെട്രോളിയത്തിൻേറയും പെട്രോളിയം ഉല്പന്നങ്ങളുടേയും പ്രാദേശികമായ വിപണനത്തിൽ രാജ്യത്തെ പൗരന്മാർക്കു് യാതൊരു കയ്യുമില്ലാത്ത ഒരു രാജ്യവും ലോകത്തുണ്ടാവുകയില്ല."[1] പാകിസ്ഥാൻ വിപണിയിലെ വ്യാപാരപ്രവർത്തനങ്ങൾവഴി തന്നെ വിദേശ എണ്ണക്കമ്പനികൾക്കു് പ്രതിവർഷം 50,000,000 പാകിസ്ഥാൻ രൂപ ലഭിക്കുന്നുണ്ടു്.[2] പാകിസ്ഥാനിൽ നിലവിലുള്ള അമിതമായ വിലയിൽ, സൂയസ്പ്രശ്നത്തെ തുടന്നു് 1958-ൽ ചരക്കു കയററിറക്കു കൂലിയിൽ ഏർപ്പെടുത്തിയ 17.5 ശതമാനത്തിൻെറ സർച്ചാർജ്ജുകൂടി ഇന്നും ഉൾപ്പെടുന്നു.[3]

പാകിസ്ഥാനിലെ ദേശീയ എണ്ണവ്യവസായത്തിന്റെ വികസനം തടയാൻ വിദേശ എണ്ണക്കുത്തകകൾ നീതിര

---

1. ഡാൺ, ഒക്ടോബർ 3, 1958.
2. ,, ,,
3. ദി ടൈംസ് ഓഫ് കറാച്ചി, ഒക്ടോബർ 3, 1958.

ഹിതമായി പ്രവർത്തിക്കാറുണ്ട്. തങ്ങളുടെ എണ്ണയിറക്കുമതിക്കു സൗകര്യമുണ്ടായിരിക്കാനായി, ഇവർ, പുതിയ എണ്ണനിക്ഷേപങ്ങളുടെ വിവരങ്ങൾ ഒളിച്ചുവയ്ക്കാനാണ് എപ്പോഴും ശ്രമിക്കുക.

ബർമ്മയിലെ എണ്ണവ്യവസായവും വിപണിയും ഏറെക്കാലത്തേയ്ക്കു നിയന്ത്രിച്ചുപോന്നതു് ബ്രിട്ടീഷ് ബർമ്മ ഓയിൽ കമ്പനിയും ഇന്തോ-ബർമ്മാ പെട്രോളിയവും ബർമ്മാപെട്രോളിയവും ആണ്. ബർമ്മയിൽ എണ്ണയന്വേഷണം നടത്തുകയും, എണ്ണയുത്പന്നങ്ങളുടെ വികസനവും വിൽപ്പനയും നടത്തുകയും ചെയ്യുന്നതിൻെറ പൂർണ്ണ അവകാശം ഇവർക്കായിരുന്നു. ഇവിടേയും എണ്ണവ്യവസായത്തിന്റെ വികസനം തടയാൻ ബ്രിട്ടീഷ് എണ്ണക്കുത്തകകൾ ഓരോ സൗകര്യവും (അധികാരമുറപ്പിക്കാൻ യുദ്ധാനന്തരം അവർ സാവധാനം നടത്തുന്ന ശ്രമത്തിൽ കാണുന്നതുപോലെ) ഉപയോഗപ്പെടുത്തി. യുദ്ധത്തിനു മുമ്പ് ഉത്പാദിപ്പിച്ചതിൻെറ 50 ശതമാനംമാത്രം എണ്ണയാണ് ബർമ്മാ പിന്നീട് ഉത്പാദിപ്പിച്ചതു്.[1] എണ്ണയന്വേഷണം നടത്തുന്നതിൽ എണ്ണക്കമ്പനികൾക്കു വിമുഖതയാണുള്ളതെന്ന് ഇന്ത്യയിലേയും പാകിസ്ഥാനിലേയും ഗവണ്മെൻറുകളെപ്പോലെ ബർമ്മാഗവണ്മെൻറിനും മനസ്സിലായി. എണ്ണയന്വേഷണം വിജയിച്ചാൽ, സ്വന്തമായി വലിയ എണ്ണപ്പാടങ്ങളുള്ള ഏഷ്യയുടെ മററു ഭാഗങ്ങളിൽനിന്നുള്ള കയററുമതി കുറഞ്ഞുപോകുമെന്നായിരുന്നു കുത്തകകളുടെ ഭയം,

---

1. ക്വാർട്ടർലി ബുള്ളററിൻ ഓഫ് സ്ററാററിസ്ററിക്സ്, സെക്കൻറ് ക്വാർട്ടർ, 1962, പേജ് 22.

ഇന്തോനേഷ്യയിലെ എണ്ണവ്യവസായത്തിൽ കാൽടെക്സിനും സ്റ്റാൻവാക്കിനുമാണ് ആധിപത്യമുള്ളത്. ഇവിടത്തെ മൊത്തമുള്ള ഉത്പാദനത്തിൽ ഇവരുടെ പങ്ക് 1961-ൽ 70 ശതമാനമായിരുന്നു.[1] ആംഗ്ലോ-ഡച്ച് മൂലധനമുള്ള ഷെൽ ഓഫ് ഇന്തോനേഷ്യയ്ക്കും ഇവിടെ ശക്തമായ സ്ഥാനമുണ്ട്.

ഇന്തോനേഷ്യൻ ഗവൺമെന്റിൽനിന്ന് വളരെക്കാലം മുമ്പ് കുത്തകകൾ അവകാശങ്ങൾ നേടിയെടുത്തിരുന്നു. ഇവർ ഇതുപയോഗിച്ച് ഇന്തോനേഷ്യൻ എണ്ണയുടെ ഉല്പാദനത്തിൽനിന്നും വിപണനത്തിൽനിന്നും വമ്പിച്ച ലാഭം നേടുന്നു. 1957-ൽ മാത്രം, കാൽടെക്സിന് കിട്ടിയ തുക 325,000,000 ഡോളറാണ്. എന്നാൽ ദേശീയ എണ്ണവ്യവസായത്തിന് 1950—1957 വരെയുള്ള കാലത്തു കിട്ടിയ തുക 267,000,000 ഡോളറായിരുന്നു.[2]

ഓരോ രാജ്യത്തും തങ്ങൾക്കുള്ള സാമ്പത്തികസൗകര്യം അവിടത്തെ ഗവൺമെൻറിനെതിരെ അട്ടിമറിപ്രവർത്തനം നടത്താനായി ആംഗ്ലോ-അമേരിക്കൻ കുത്തകകൾ ഉപയോഗപ്പെടുത്തുന്നു. ഇങ്ങനെ, സുമാട്രായിലെ കലാപകാലത്ത്, അവിടത്തെ കലാപകാരികളെ രണ്ട് അമേരിക്കൻ കമ്പ

1. സ്റ്റാററിസ്റ്റിക്ക് കൊൺജുൻക്ത്ർ, ജൂലൈ–ആഗസ്റ്റ് 1962, പേജ് 14, ആൻറ് എക്കോണമി, നാഷണൽ, ജക്കാർത്ത, മേയ് 3, 1962.

2. ദി എക്കോണമി ഓഫ് ക്യാപിററലിസ്റ്റ് കൺട്രീസ് ഇൻ 1959. (റഷ്യൻ എഡിഷൻ) സോഷ്യൽ ആൻറ് എക്കണോമിക് ലിററേച്ചർ പബ്ലിഷേഴ്സ്, മോസ്കോ.

നികൾ ധനവും എണ്ണയുത്പന്നങ്ങളും, ഗതാഗതസൗകര്യ ങ്ങളും നൽകി സഹായിച്ചു.[1]

തായ്ലണ്ടിലെ എണ്ണവിതരണത്തിന്റെ പൂർണ്ണനി യന്ത്രണം ആംഗ്ലോ-അമേരിക്കൻ കുത്തകകൾക്കാണ്. അതു കൊണ്ട്, ഇറക്കുമതിചെയ്യുന്ന എണ്ണയ്ക്കു് ഇഷ്ടമുള്ള വില ചുമത്താനും വമ്പിച്ച ലാഭം നേടാനും കുത്തകകൾക്കു കഴി യുന്നു. തായ്ലണ്ടിൽ പ്രവർത്തിക്കുന്ന മൂന്നു വിദേശകുത്ത കകൾക്ക് 1950-നും 1956-നും ഇടയിൽ ഏകദേശം 2000 മില്യൻ ബാട്ട്സ് അഥവാ തായ്ലണ്ടിലെ മൊ ത്തത്തിലുള്ള വിദേശമൂലധനനിക്ഷേപത്തിന്റെ ഇരട്ടി ത്തുക കിട്ടിയെന്നു് 'സെററാസൻ' മാസിക 1957 ജനുവരി ഒന്നിനു് എഴുതിയിട്ടുണ്ടു്.[2]

ഫിലിപ്പൈൻസിലും മലേഷ്യയിലും ദക്ഷിണപൂ ർവ്വേഷ്യയിലെ മററു രാജ്യങ്ങളിലുമുള്ള എണ്ണ വിപണിക ളിൽ ആധിപത്യമുറപ്പിച്ചിരിക്കുന്നതും ആംഗ്ലോ-അമേരി ക്കൻ കുത്തകകളാണ്. ഇറാൻ, ഇറാക്ക്, സൗദിഅറേബ്യ, കുവൈററ് എന്നിവിടങ്ങളിലേയും മററു മദ്ധ്യപൂർവ്വരാജ്യ ങ്ങളിലേയും സ്ഥിതിയും ഇതാണ്. വിദേശകുത്തകകൾ. എണ്ണവ്യാപാരത്തിൽനിന്നു് 50 ശതമാനം ലാഭമെടുത്തു കൊണ്ടു് ഈ രാജ്യങ്ങളെ കൊള്ളയടിക്കുകയും, ദേശീയ

---

1. സുസിലോമാനോപോ, കൺഫ്രൻ്ടാസി എക്കണോമി ഡി ഇന്തോനേഷ്യ, ജക്കാർത്ത, 1962, പേജ് 3.

2. 'സ്റ്റേററ് ക്യാപിററലിസം ഇൻ ദി കൺട്രീസ് ഓഫ് ദി ഈസ്റ്റ്'ൽ ഉള്ള (റഷ്യൻ എഡിഷൻ, മോസ്ക്കോ, പേജ് 239) 'സ്റ്റേററ് ക്യാപിററലിസം ഇൻ തായ്ലണ്ട്' എന്ന വി. പവ് ലോവ്സ്കിയുടെ ലേഖനത്തിൽനിന്നു് ഉദ്ധരിച്ചിട്ടുള്ളതു്.

സമ്പദ്ഘടനയെ വികസിപ്പിക്കാനുള്ള ഈ രാജ്യങ്ങളുടെ മാർഗ്ഗമടയ്ക്കുകയും ചെയ്യുന്നു.

വിദേശകുത്തകകളുടെ ലാഭമിനത്തിൽ, പൂർവ്വ അറബ് രാജ്യങ്ങൾക്ക് പ്രതിവർഷം 1500 മില്യൻ ഡോളർ നഷ്ടപ്പെടുന്നുണ്ടെന്ന്, എണ്ണ കുത്തകകളുടെ ഔദ്യോഗികമായ സ്ഥിതിവിവരറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള ഏററവും യഥാസ്ഥിതമായ കണക്കുകൂട്ടലിൽനിന്നു കാണാം. ഈ ലാഭത്തിലെ ഭീമമായ ഭാഗവും ഇൻററർനാഷണൽ പെട്രോളിയംകാർട്ടലിലെ അംഗങ്ങൾക്കാണ് ലഭിക്കുന്നതു്. വിദേശ എണ്ണക്കമ്പനികൾ മദ്ധ്യപൂർവ്വദേശത്തു നിക്ഷേപിച്ച മൂലധനത്തിൻെറ പ്രതിവർഷമുള്ള പലിശ 1956 മുതൽ 1960 വരെ 66 ശതമാനമായിരുന്നുവെന്ന് ആർതർ ഡി. ലിററിൽ നടത്തിയ സർവ്വേയിൽ പറയുന്നു. ഓർഗനൈസേഷൻ ഓഫ് പെട്രോളിയം എക്സ്പോർട്ടിംഗ് കൺട്രീസ് (പെട്രോളിയം കയററുമതിചെയ്യുന്ന രാജ്യങ്ങളുടെ സംഘടന) നിർദ്ദേശിച്ചതനുസരിച്ചാണ് അദ്ദേഹം സർവ്വേ നടത്തിയതു്.[1] കാർട്ടലിന്റെ ലാഭം 110 ശതമാനംവരെ വർദ്ധിച്ചു.

മദ്ധ്യപൂർവ്വദേശത്തു മൊത്തം ഖനനംചെയ്യപ്പെടുന്ന എണ്ണയുടെ പകുതി കുത്തകകൾക്കുള്ളതാണ്. ഇതിനുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച കരാറുകൾ 80 മുതൽ 90 വരെ വർഷങ്ങളിലേയ്ക്കുവേണ്ടിയാണ് ഒപ്പുവയ്ക്കപ്പെട്ടതു്. ഇതു് 2000-ത്തിലോ അതിനോടടുത്തോ ആണ് അവസാനിക്കുക. ഈ കരാറുകൾ പാശ്ചാത്യ സാമ്രാജ്യത്വത്തിന്റെ ഒരു പുതിയ പ്രതിരൂപമാണെന്ന് 'ഒബ്സർ' വിശേഷിപ്പിച്ചു. ഏററവും പററിയ അഭിപ്രായമായിരുന്നു, അതു്.

---

1. ദി ഫൈനാൻഷ്യൽ ടൈംസ്, ജനുവരി 5, 1963.

എണ്ണഖനനത്തിൻെറ ലാഭത്തിലെ പകുതി നേടുന്നതിനു പുറമേ, അറബ് ഓയിൽ ശുദ്ധീകരിക്കുന്നതിന്റേയും ഇറക്കുമതിനടത്തുന്ന രാജ്യങ്ങളിൽ എണ്ണയുല്പന്നങ്ങളുടെ വിപണനം നടത്തുന്നതിൻേറയും ലാഭമാകെ കുത്തകകൾ പോക്കററിലാക്കുന്നു. 1953-നും 1960-നും ഇടയ്ക്കു് മദ്ധ്യപൂർവ്വദേശത്തെ എണ്ണയുടമകൾക്കു് 5,500 മില്യൻ ഡോളർ കൂടുതലായി നഷ്ടപ്പെട്ടു. ഇതു് ആംഗ്ലോ-അമേരിക്കൻ സാമ്രാജ്യത്വത്തിൻേറയും ഫ്രഞ്ചുസാമ്രാജ്യത്വത്തിന്റേയും ലാഭം വർദ്ധിക്കാൻ സഹായിച്ചു.[1]

തങ്ങളുടെ ദുർബ്ബലമായ സാമ്പത്തികവ്യവസ്ഥയിൽ ഏതെങ്കിലും വിദേശ എണ്ണപ്രഭുക്കൾ ഉണ്ടാവരുതെന്നും അവർ തങ്ങളുടെ സമ്പത്തു് ഊററിയെടുക്കരുതെന്നും ഏഷ്യയിലെ വികസിച്ചുവരുന്ന രാജ്യങ്ങൾ എന്തുകൊണ്ടാണു് ആഗ്രഹിക്കുന്നതെന്നു് വ്യക്തമാണു്. ഇതു്, ഈ രാജ്യങ്ങളുടെ രാഷ്ട്രീയസ്വാതന്ത്ര്യത്തിനു് ഒരു ഭീഷണിയായിത്തീരുന്ന രാഷ്ട്രീയമായ ദ്രോഹനടപടികളിൽനിന്നു തികച്ചും വ്യത്യസ്തമായ ഒരു സംഗതിയാണു്. കൊളോണിയലിസത്തിൻെറ പഴയകാലത്തിനുശേഷം, യാതൊരു മാററവും വന്നിട്ടില്ലാത്ത വിദേശകുത്തകകളുടെ പ്രകൃതത്തിൽ ഏഷ്യയിലും മററു പ്രദേശങ്ങളിലും ഉഗ്രമായ പ്രതിഷേധമുണ്ടു്. ദീർഘവീക്ഷണമുള്ള എണ്ണപ്രഭുക്കൾ സംഗതികൾ മാറിയിട്ടുള്ളതായി മനസ്സിലാക്കുന്നുണ്ടു്. ഇ. എൻ. ഐ. പ്രസിഡൻറു് മത്തേ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—"ഒരു പുതിയ ഘട്ടത്തിലേയ്ക്കു കടക്കുകയാണെന്നതിൽ നമുക്കു സംശയമില്ല. ഉല്പാദനം നടത്തുന്ന രാജ്യ

---

1. പെട്രോളിയം പ്രസ്സ് സർവ്വീസ്, നവമ്പർ, 1960.

ങ്ങൾ, തങ്ങളുടേതായി വിശ്വസിക്കുന്ന എല്ലാ വിഭവങ്ങളെയും നിയന്ത്രിക്കാൻ ആഗ്രഹിക്കുന്നു. സാങ്കേതിക-സാമ്പത്തിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ, വൻകിട കമ്പനികളെ സഹനശക്തിയോടെ ആശ്രയിക്കുന്ന സ്ഥിതി തുടരണമെന്ന് ഈ രാജ്യങ്ങൾ ഉദ്ദേശിക്കുന്നില്ല. ഇന്ധനത്തിന്റെ കാര്യത്തിൽ ഒരു സ്വതന്ത്രനയം ഉണ്ടാവണമെന്ന് ഉല്പാദനം നടത്തുന്ന രാജ്യങ്ങൾ മനസ്സിലാക്കുന്നുണ്ട്.[1]

സൗദി അറേബ്യയിലെ എണ്ണവകുപ്പിൻെറ മന്ത്രിയായിരുന്ന അബ്ദുല്ലതാരികി പറഞ്ഞു:—"സാർവ്വദേശീയ എണ്ണക്കമ്പെനികൾ അറബ്‌രാജ്യങ്ങളിൽ ക്രൂഡ് ഓയിൽ ഉത്പാദിപ്പിക്കേണ്ട യാതൊരു ആവശ്യവും ഇനിയില്ല. ഒരിക്കൽ അത് ആവശ്യമായിരുന്നു. എന്നാൽ, ഇന്ന് ഞങ്ങൾക്കു് സ്വന്തമായി ഞങ്ങളുടെ ക്രൂഡ്ഓയിൽ ഉല്പാദിപ്പിക്കാൻ അറിയാം. ഞങ്ങളുടെ ദേശീയവിഭവങ്ങൾ നിയന്ത്രിക്കാതെ, ഞങ്ങളിൽനിന്ന് എണ്ണ വാങ്ങുകയാണ് എണ്ണവ്യവസായസ്ഥാപനങ്ങൾ ചെയ്യേണ്ടതു്."[2]

എണ്ണക്കമ്പെനികളോടുള്ള ഏഷ്യയിലെ എതിർപ്പ് വർദ്ധിച്ചുവരികയാണ്. ചില രാജ്യങ്ങൾ കുത്തകകളുടെ പ്രവർത്തനങ്ങളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുമുണ്ട്. എണ്ണഖനനത്തിനും, അതു പാകപ്പെടുത്തിയെടുക്കുന്നതിനും, അതിൻെറ വില്പന നടത്തുന്നതിനുംവേണ്ടിയുള്ള ഗവണ്മെൻറ്സംഘടനകളാണ് കുത്തകകളെ തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പ്രധാന ഉപാധി. "സ്റ്റേററ് ഓയിൽ കോർപ്പറേഷനുകൾ രൂപീകരിക്കാനും,

1. ഇസ്‌വെസ്റ്റിയ, ഡിസമ്പർ 20, 1963.
2. പ്ലാററ്സ് ഓയിൽഗ്രാം, ജൂൺ 26, 1963.

വിവിധ രാജ്യങ്ങളിലെ ജനങ്ങളെ എണ്ണക്കമ്പനികളുടെ ഇറുകിയ പിടിയിൽനിന്നു് മോചിപ്പിക്കാനും ലോക മൊട്ടാകെ ഒരു നീക്കമുണ്ടു്" എന്നു് സിലോൺ ധനകാര്യ മന്ത്രി ടി. ബി. ഇല്ലാൻ ഗറന്റ് പറയുകയുണ്ടായി.[1]

ഏഷ്യയിലെ എണ്ണസാമ്രാജ്യത്വത്തിന്റെ സ്ഥാനങ്ങൾ തകർക്കുന്നതിലും, സ്വന്തമായി ഒരു ദേശീയ എണ്ണവ്യവസായമുണ്ടാക്കുന്നതിൽ ഇന്ത്യ, അഫ്ഗാനിസ്ഥാൻ, ഇന്തോനേഷ്യ, ഐക്യഅറബി റിപ്പബ്ലിക്കു് എന്നിവയെയും മററു രാജ്യങ്ങളേയും സഹായിക്കുന്നതിലും യു. എസ്. എസ്. ആർ., റുമേനിയൻ പീപ്പിൾസ് റിപ്പബ്ളിക്കു്, ചെക്കോസ്ലോവാക്യ എന്നിവയും മററു സോഷ്യലിസ്ററു രാജ്യങ്ങളും നൽകുന്ന സാമ്പത്തിക-സാങ്കേതിക സഹായം സുപ്രധാനമാണു്. വിദേശകുത്തകകൾക്കെതിരായ സമരത്തിൽ ഇന്ത്യ, ബർമ്മ, ഇന്തോനേഷ്യ, സിലോൺ എന്നീ രാജ്യങ്ങൾ വളരെ മുന്നോട്ടുപോയിട്ടുണ്ടു്.

1963 ജനുവരി ഒന്നിനു് ബർമ്മാഗവണ്മെൻറു് അവിടത്തെ എണ്ണവ്യവസായത്തിൻെറ പൂർണ്ണ ഉടമയായിത്തീന്നു. വിദേശകമ്പനികളുടെ ഇവിടത്തെ പ്രവത്തനം അവസാനിക്കുകയും, അവരുടെ സ്വത്തുക്കൾ ഗവണ്മെൻറു് ദേശസാത്ക്കരിക്കുകയും ചെയ്തു. എണ്ണയുടെയും എണ്ണയുത്പന്നങ്ങളുടേയും ഇറക്കുമതി ഇന്നു് സ്റ്റേററുടമയിലുള്ള 'ബർമ്മാ എക്കണോമിക് ഡവലപ്പ്മെൻറു് കോർപ്പറേഷൻെറ കയ്യിലാണു്.

---

1. ഹൻസാർട്ടു് (പാർലമെൻററി ഡിബേററ്സ്) ഏപ്രിൽ 20, 1961, പേജ് 4367.

എണ്ണവ്യവസായത്തിൻേറയും വ്യാപാരത്തിൻേറയും സ്റ്റേററുടമാവകാശം "എന്നതിൻെറ അത്ഥം ബർമ്മയുടെ സാമ്പത്തികസ്വാതന്ത്ര്യത്തിനു് 70 വർഷമായുണ്ടായിരുന്ന തടസ്സം ഇല്ലാതാക്കൽ" എന്നാണെന്നു് വിപ്ലവകൗൺസിലിൻെറ ഇൻഫർമേഷൻ ബുള്ളററിനിൽ പറയുന്നു.[1]

അടുത്തകാലത്തു്, ഇന്തോനേഷ്യയിലെ പിടി അയക്കാൻ വിദേശകുത്തകകൾ നിർബ്ബന്ധിതരായി. ഗവണ്മെൻറ് അതിൻെറ ആദ്യത്തെ സ്റ്റേററ് ഓയിൽ ഏജൻസികൾ രൂപീകരിച്ചിട്ടുണ്ടു്. ഇതു്, രാജ്യത്തെ എണ്ണഖനനത്തിൻെറ 10 ശതമാനവും എണ്ണശുദ്ധീകരണത്തിൻെറ 3 ശതമാനവും ആഭ്യന്തര എണ്ണവ്യാപാരത്തിൻെറ ഏകദേശം 10 ശതമാനവും ഇന്നു് നിയന്ത്രിക്കുന്നു. ഇവർ, ലോകവിപണിയിൽ സ്ഥാനം നേടിവരികയാണു്.

സ്റ്റാൻവാക്കിനും ഷെല്ലിനും തങ്ങളുടെ ഓഫീസ്സുകൾ ഹേഗിൽനിന്നു് ജക്കാർത്തയിലേയ്ക്കു മാറേറണ്ടിവന്നു. ആഭ്യന്തരവിപണിയിൽ എണ്ണക്കമ്പനികൾ നടത്തുന്ന ബിസിനസ്സിൽ ഇടപെടാൻ, 1959 അവസാനം മുതൽ ഗവണ്മെൻറിൻെറ അക്കൗണ്ടൻറ് ഓഫീസർമാർക്കു് അവകാശമുണ്ടു്. എണ്ണയുടേയും വാതകത്തിൻേറയും ഉത്പാദനവും, എണ്ണയന്വേഷണം, ശുദ്ധീകരണം, കയററിറക്കൽ വിപണനം എന്നിവയും, സ്റ്റേററു് കമ്പനികളുടെ നിയന്ത്രണത്തിലാക്കിക്കൊണ്ടു് 1960 ഒക്ടോബറിൽ ഇന്തോനേഷ്യ ഒരു നിയമമുണ്ടാക്കി. ഇതനുസരിച്ചു്, രാജ്യത്തു പ്രവത്തനം നടത്തിവരുന്ന വിദേശകമ്പനികൾക്കു്, സ്റ്റേററു

1. ഫോർവേഡു്, ജനുവരി 7, 1963; പേജു് 4, നേഷൻ, ജനുവരി, 1, 1963, പേജു് 2.

ടമയിലുള്ള കമ്പനികളുടെ കോൺട്രാക്ടർമാരായിമാത്രം തുടരാവുന്നതാണ്.[1] സ്റ്റേററിനും ഷെൽകമ്പനിക്കും 50 ശതമാനംവീതം ഉടമാവകാശമുള്ളതും എണ്ണയുത്പാദനം നടത്തിവന്നതുമായ 'പെർമിൻഡോ' കമ്പനി 1961 ജനുവരി ഒന്നിനു് ഗവണ്മെന്റ് ദേശസാല്ക്കരിച്ചു.[2] 1960 അവസാനം മുതൽ, വിദേശകമ്പനികളുടെ ധനപരമായ സ്വയംശാസനാധികാരം വർദ്ധിപ്പിക്കുന്നതിനേയും ഗവണ്മെൻറു തടഞ്ഞു. എണ്ണയുടേയും എണ്ണയുത്പന്നങ്ങളുടെയും ഇറക്കുമതിയിൽനിന്നു കിട്ടുന്ന വരുമാനമാകെ യാതൊരു നിയന്ത്രണവുമില്ലാതെ വിനിയോഗിക്കുന്നതിനു് സ്വയംശാസനാധികാരംവഴി കമ്പനികൾക്കു സൗകര്യം ലഭിച്ചുവരികയായിരുന്നു.

ഗവണ്മെൻറിനു നൽകേണ്ട ലാഭവീതം 50 ശതമാനത്തിൽ നിന്നു് 60 ശതമാനമാക്കി വർദ്ധിപ്പിക്കാമെന്നു് കരാർചെയ്യാൻ 1963-ൽ വിദേശകമ്പനികൾ നിർബന്ധിതരായി. ഇതു കൂടാതെ, കമ്പനികളുടെ എണ്ണസംഭരണവും വിപണനസൗകര്യങ്ങളും അഞ്ചുവർഷങ്ങൾക്കകം ദേശസാത്ക്കരിക്കാനുള്ള വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തപ്പെട്ടിരുന്നു. വിദേശ എണ്ണശുദ്ധീകരണശാലകൾ പത്തു വർഷങ്ങൾക്കകം ദേശസാത്ക്കരിക്കാവുന്നതാണ്.[3] കരാറിലെ വ്യവസ്ഥകളിൽ കുത്തകകൾ തൃപ്തരാകാതെ വരികയും, ഇന്തോനേഷ്യയ്ക്കുള്ള "സഹായം" നിർത്തിവയ്ക്കുമെന്നു് ഭീഷണിപ്പെടുത്തി ആ ഗവണ്മെൻറിൻെറ മേൽ

1. പോസ്റ്റ് ഇന്തോനേഷ്യ, നവമ്പർ 2, 1960.
2. സുലു ഇന്തോനേഷ്യ, നവമ്പർ 2, 1961.
3. ഫോർച്ച്യൂൺ, ആഗസ്റ്റ് 1963, പേജ് 82.

സമ്മർദ്ദം ചെലുത്താൻ അമേരിക്ക ശ്രമിക്കുകയും ചെയ്തു വെന്നതു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.1

സ്റ്റേററുടമയിലുള്ള സിലോൺപെട്രോളിയം കോപ്പ്റേഷൻ 1961-ൽ രൂപീകൃതമായി. 1963-ഏപ്രിൽ 28നു് എണ്ണ ഇറക്കുമതിയും ആഭ്യന്തരവ്യാപാരവും കോർപ്പറേഷൻ ആരംഭിച്ചു. സോവിയററ് സോയസ് നെഫ് എക്സ്പോർത്തു് ഏജൻസിയുമായുള്ള പഞ്ചവത്സര കരാർ അനുസരിച്ചു് സിലോണിനു് 1,300,000 ടൺ സോവിയററ് എണ്ണയുത്പന്നങ്ങൾ ലഭിക്കുന്നതാണു്. സിലോണിനു് പ്രതിവർഷം ആവശ്യമായി വരുന്ന എണ്ണയുത്പന്നങ്ങളുടെ മൂന്നിലൊന്നുഭാഗമാണു് ഇങ്ങനെ ലഭ്യമാകുന്നതു്.

വ്യാപാരം സാധാരണഗതിയിലാക്കുന്നതിനുവേണ്ടി, വിദേശഎണ്ണകുത്തകകളുടെ വക എണ്ണസംഭരണസൗകര്യങ്ങളുടേയും പെട്രോൾ ഫില്ലിംഗ് സ്റ്റേഷനുകളുടേയും ഒരു വിഭാഗം കോർപ്പറേഷൻ ദേശസാത്ക്കരിച്ചു.

പുരോഗമനപരമായ ഈ നടപടികൾ തടയുന്നതിനു് അമേരിക്ക വീണ്ടും സമ്മർദ്ദം പ്രയോഗിച്ചു. സിലോണിനുള്ള സാമ്പത്തിക 'സഹായം' 1963-ഫെബ്രുവരിമുതൽ നിർത്തിവെച്ചുകൊണ്ടു് കുത്തകകളുടെ ദേശസാത്ക്കരിക്കപ്പെട്ട സ്വത്തുക്കൾക്കു് ന്യായമായ നഷ്ടപരിഹാരം വേണമെന്നു് അമേരിക്ക ആവശ്യപ്പെട്ടു. നഷ്ടപരിഹാരം നൽകാൻ സിലോൺ ഒരിക്കലും വിസമ്മതം കാണിച്ചില്ല. എന്നാൽ ഇതു് ന്യായമായ വ്യവസ്ഥകളനുസരിച്ചായിരിക്കണമെന്നു് സിലോണിനു് നിർബ്ബന്ധമുണ്ടായിരുന്നു. അമേരിക്കൻഗവണ്മെൻറിന്റെ നടപടി

1. ഫോർച്ച്യൂൺ, ആഗസ്റ്റ് 1963, പേജ് 87–89.

ഒരു ഭീഷണിയും സിലോണിൻെറ ആഭ്യന്തര കാര്യങ്ങളിലുള്ള ഇടപെടലുമാണെന്ന് സിലോൺ ആരോപിച്ചു. സിലോണിൻെറ അന്തസ്സും സ്വാതന്ത്ര്യവും അമേരിക്കൻ സഹായത്തേക്കാൾ വിലപ്പെട്ടതാണെന്ന്, എഫ്. ഡി. ബണ്ഡാരനായക ചൂണ്ടിക്കാണിക്കുകയുണ്ടായി. (ഇദ്ദേഹം പിൽക്കാലത്ത് സിലോണിലെ കാർഷിക-ഭക്ഷ്യ-സഹകരണവകുപ്പുമന്ത്രിയായിത്തീർന്നു).

1964-ജനുവരി 1 മുതൽ എണ്ണയിറക്കുമതി ചെയ്യാനും, ആഭ്യന്തരവ്യാപാരം നടത്താനുമുള്ള അനുവാദം സിലോൺ പെട്രോളിയം കോർപ്പറേഷന് ഗവർമ്മെൻറ് 1963 മദ്ധ്യത്തോടുകൂടി നൽകി.

•

സിലോണിൻെറ സാമ്പത്തികജീവിതത്തിലെ രണ്ടു സുപ്രധാന സംഭവങ്ങൾ പ്രമാണിച്ച്—ഇൻഷ്വറൻസ് ബിസിനസ്സ് ദേശസാത്ക്കരിക്കുകയും എണ്ണവ്യാപാരത്തിന്റെ കുത്തക ഗവണ്മെൻറ് ഏറെറടുക്കുകയും ചെയ്തപ്പോൾ—സിലോൺ പ്രധാനമന്ത്രി സിരിമാവോ ബണ്ഡാരനായക പുറപ്പെടുപ്പിച്ച ഒരു പ്രത്യേക സന്ദേശത്തിൽ, "ഈ നടപടികൾ രാജ്യത്തിൻെറ സാമ്പത്തിക വികസനത്തിന് സഹായകമായ തരത്തിൽ ധാരാളം വിദേശനാണ്യം നേടിത്തരുമെന്ന് മാത്രമല്ല രാജ്യത്തിൻെറ സാമ്പത്തികസ്വാതന്ത്ര്യത്തിലേക്കുള്ള ഒരു ചുവടുവെയ്പ്പുകൂടിയാണിതെ"ന്നും ഊന്നിപ്പറയുകയുണ്ടായി.[1] ദേശീയസമ്പത്ത് വ്യവസ്ഥയിൽനിന്ന് വിദേശകുത്തകതാത്പര്യങ്ങളുടെ കുരുക്ക് ദൂരെ വലിച്ചെറിയുന്നില്ലെങ്കിൽ രാജ്യത്തിൻെറ രാഷ്ട്രീയസ്വാതന്ത്ര്യത്തിന് അർത്ഥമില്ലാതായിത്തീരുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

---

1. ദി സിലോൺ ഡയ്‌ലിന്യൂസ്, ജനുവരി 1, 1964.

അറബ്രാജ്യങ്ങളും സാമ്രാജ്യത്വനയത്തോടുള്ള എതിർപ്പ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇൻറർനാഷണൽ പെട്രോളിയം കാർട്ടലിൻെറ പിടിയിൽപ്പെടാതെ, തങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഈ രാജ്യങ്ങൾ ഒരു പൊതു രാഷ്ട്രീയ ലൈനോടുകൂടി പ്രവർത്തിച്ചുവരികയാണ്. എണ്ണയെ സംബന്ധിച്ച് പതിവായി നടക്കാറുള്ള അറബ്രാജ്യങ്ങളുടെ സമ്മേളനങ്ങൾ. ഏഷ്യൻരാജ്യങ്ങളുടെ പ്രകൃതിസമ്പത്ത് കൊളോണിയൽ ശക്തികൾ ചൂഷണം ചെയ്യുന്നതിലും പൂർവ്വദേശത്തെ എണ്ണവ്യവസായത്തിലുള്ള വിദേശകുത്തകയിലും, അമേരിക്കയും ബ്രിട്ടനും ഏഷ്യൻരാജ്യങ്ങളെ കൊള്ളയടിക്കുന്നതിലും ശക്തിയായ പ്രതിഷേധസ്വരം ഉയർത്തിവരികയാണ്.

അടുത്ത കാലംവരെ മുതലാളിത്ത എണ്ണവിപണിയിലെ ഏകമേധാവിത്വ ശക്തിയായിരുന്ന ഇൻറർ നാഷണൽ പെട്രോളിയം കാർട്ടലിനെ 'ഓർഗനൈസേഷൻ ഓഫ് പെട്രോളിയം എക്സ്പോർട്ടിംഗ് കൺട്രീസ്" ഇന്ന് എതിർത്തുവരികയാണ്. 1960-ൽ രൂപീകൃതമായ ഈ സംഘടന ഇറാൻ, സൗദിഅറേബ്യാ. കുവൈററ്, ഇറാക്ക്, വെനിസ്വല, ഇന്തോനേഷ്യ, കത്താർ ലിബിയ, നൈജീരിയ, ട്രിനിദാദ്, കൊളമ്പിയ, അൾജീരിയ എന്നീ രാജ്യങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. ലാഭം പങ്കിടുന്നതിൽ 'പകുതി പകുതി' എന്നുള്ള തത്വം പുനപ്പരിശോധിക്കണമെന്നും സ്ഥിരമായുള്ള എണ്ണവില നിശ്ചയിക്കണമെന്നും ഈ സംഘടന എണ്ണക്കുത്തകകളോടു ആവശ്യപ്പെടുന്നു.

ഇൻറർനാഷണൽ പെട്രോളിയം കാർട്ടലിൻെറ ക്ഷീണിച്ചസ്ഥിതി. മത്സരം വർദ്ധിപ്പിക്കുന്നതിന് സ്വത

ന്ത്രമായ അമേരിക്കൻ–ഇററാലിയൻ–പശ്ചിമജർമ്മൻ_ജാപ്പാനീസ് എണ്ണക്കമ്പനികളെ പ്രേരിപ്പിച്ചിട്ടുണ്ട്. കാർട്ടയിലെ അംഗങ്ങൾക്കു് ഏഷ്യയിലുള്ള സ്ഥാനം നഷ്ടപ്പെട്ടുവരികയാണു്. എന്നാൽ, ഇന്നും അവർക്കു ശക്തിയുണ്ടു്. ഒരു സമരം കൂടാതെ അവർ തങ്ങളുടെ സ്ഥാനം ഉപേക്ഷിക്കുകയില്ല. ഏഷ്യൻ രാജ്യങ്ങളുടെ കുത്തകവിരുദ്ധമായ നീക്കം തടയുന്നതിനു്, കുറെ ആനുകൂല്യങ്ങൾകൂടി അനുവദിക്കുവാൻപോലും പാശ്ചാത്യ എണ്ണപ്രഭുക്കൾ ഒരുക്കമാണു്. 'എണ്ണസാമ്രാജ്യങ്ങൾ' തകരുന്ന പുതിയ സാഹചര്യത്തിൽ, കുത്തകകൾക്കെതിരെ സമരം ചെയ്യുവാൻ എല്ലാ രാജ്യങ്ങളുടെയും കൂട്ടായ ശ്രമം ഉണ്ടാവുന്നതിനു് വലിയ പ്രാധാന്യമുണ്ടു്.

'ഉപഭോക്തൃരാജ്യങ്ങളെ ചൂഷണംചെയ്യുന്നതിൽ കാർട്ടൽ ഇതുവരെ എന്തുകൊണ്ടാണു് വിജയിച്ചതു്?' എന്നു് സിലോൺ പെട്രോളിയം കോപ്പറേഷന്റെ വൈസ്ചെയർമാനായ ഇ. ആർ. കുമരസ്വാമി ചോദിക്കുന്നു. "ഉത്തരം വളരെ ലളിതമാണു്. പെട്രോളിയത്തിൻെറ പ്രഭുക്കൾ രാഷ്ട്രീയത്തിൻെറ പ്രഭുക്കളുമാണു്. അവർ അവരുടെ താല്പര്യം രാജ്യത്തിന്റെ താല്പര്യമാക്കാനാണു് ശ്രമിക്കുന്നതു്. കരസേനയും നാവികസേനയും ഇവരുടെ ചൊല്പടിയിലാണു്. ഇന്നു് ഈ നിയന്ത്രണം അയഥാർത്ഥമായിവരികയാണു്. ഉല്പാദനം നടത്തുന്ന രാജ്യങ്ങളും ഉപഭോഗ രാജ്യങ്ങളും തമ്മിൽ ഇന്നു് കൂടുതൽ നേരിട്ടുള്ള സഹകരണം ഉണ്ടായിട്ടുണ്ടു്. എണ്ണയുടെ കാര്യത്തിലുള്ള ഇടനിലക്കാരൻ—കാർട്ടൽ—എല്ലാസ്ഥലത്തുമുള്ള ഇടനിലക്കാരനും വഴിമാറിക്കൊടുക്കുകയാണു്. വളരെവേഗം ഇന്റർനാഷ

ണൽ ഓയിൽ കാർട്ടൽ വിസ്മരിക്കപ്പെട്ട കാര്യങ്ങളുടെ പട്ടികയിലാകും."[1]

കൊളോണിയൽ വിരുദ്ധപ്രസ്ഥാനത്തിൽ ഇന്ത്യ വലിയ ഒരു പങ്ക് വഹിക്കുന്നു. സ്റ്റേററുടമയിൽ എണ്ണവ്യവസായം (എണ്ണവിതരണത്തിലെ സ്വാതന്ത്ര്യത്തിന് യഥാർത്ഥത്തിലുള്ള ഒരു ഉറപ്പ് ഇതുമാത്രമാണ്) സ്ഥാപിക്കാനുള്ള ഇന്ത്യയുടെ ശ്രമത്തെ നിരവധി രാജ്യങ്ങൾ ഉററു നോക്കുകയാണ്. സ്വന്തം സ്വാതന്ത്ര്യം നേടിയെടുക്കുന്നതിൽ പ്രയോജനപ്പെടുത്താനായി ഈ രാജ്യങ്ങൾ ഇന്ത്യയുടെ അനുഭവത്തെപ്പററി പഠിച്ചുവരുന്നു. ഇന്ത്യ സ്വീകരിച്ച നയം ശരിയാണെന്നും, എണ്ണകുത്തകകളിൽനിന്ന് സ്വാതന്ത്ര്യംനേടാൻ കഴിയുമെന്നതിന് ഒരു വാഗ്ദാനമാണതെന്നും, ഇന്ത്യൻ എണ്ണവ്യവസായരംഗത്തെ പൊതുമേഖലയ്ക്കുണ്ടായ ആദ്യവിജയങ്ങളിൽനിന്നു പല ഏഷ്യൻ രാജ്യങ്ങൾക്കും ബോദ്ധ്യമായി. സോഷ്യലിസ്റ്റ്രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ വിജയകരമായ സഹകരണം, പൂർവ്വദേശത്ത് ബ്രിട്ടനും അമേരിക്കയും നടത്തുന്ന പ്രവത്തനങ്ങളോടുള്ള സമീപനത്തെപ്പററി പുനപ്പരിശോധന നടത്താൻ ഇന്ത്യയുടെ അയൽ രാജ്യങ്ങൾക്കു പ്രേരണനൽകി. ഒരു പാകിസ്ഥാൻ പത്രം ഇങ്ങനെ എഴുതി. "പത്രറിപ്പോർട്ടുകളനുസരിച്ച്, ക്യാംബേക്കുസമീപം ഇന്ത്യയിൽ എണ്ണ കണ്ടുപിടിക്കുന്നതിൽ ഒരു റഷ്യൻ സംഘം വിജയിച്ചിരിക്കുകയാണ്; ജ്വാലാമുഖിയിൽ എണ്ണ കണ്ടെത്താൻ ഒരു റുമേനിയൻ സംഘം ശ്രമിച്ചുവരികയാണ്. റുമേനിയൻസംഘത്തിൻെറ ശ്രമം വിജയിക്കുവാനുള്ള വലിയ സാ

1. ട്രിബ്യൂൺ, മേയ് 25, 1963, പേജ് 13("ഇംപാക്ട് ഓൺ സിലോൺ കാർട്ടൽസ് പ്രൈസ്സ് സ്ട്രക്ച്ചർ ഷാറേഡ്")

ഢ്യതയുണ്ട്. വെറും ഒന്നരവർഷംകൊണ്ടാണ് ഈ സ്ഥല ങ്ങൾക്ക് ഈ നേട്ടമുണ്ടായിട്ടുള്ളത്. ഇവിടെ പാകി സ്ഥാനിൽ ആംഗ്ലോ-അമേരിക്കൻ താൽപ്പര്യക്കാർ നിര വധിവർഷങ്ങളായി എണ്ണയ്ക്കുവേണ്ടി ഭൂമി കുഴിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരികയാണ്; എന്നാൽ എണ്ണയൊന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ല....വ്യക്തമായ പല കാരണങ്ങളാലും. ഈ രംഗത്തെ കുത്തക ഏതെങ്കിലും ഒരു ഗ്രൂപ്പിന് വിട്ടുകൊടുക്കുക എന്നതു് ശരിയായ നയമല്ല.... ആഗ്ലോ-അമേരിക്കൻ ഗ്രൂപ്പിനല്ലാതെ, എണ്ണയന്വേഷണം നടത്തുന്ന മററാക്കെങ്കിലും വാതിൽ തുറന്നുകൊടുക്കുന്നതാ യിരിക്കും........നമുക്ക് പ്രയോജനകരമായിത്തരുന്നതു്.[1]

ക്യാംബെയിലുണ്ടായ വിജയമാണ്, എണ്ണയന്വേഷണ ത്തിൽ സഹായിക്കുന്നതിനുവേണ്ടി പാകിസ്ഥാൻ 1960-ൽ സോവിയററുയൂണിയനോട് അഭ്യർത്ഥിച്ചതിനുള്ള കാരണ ങ്ങളിൽ ഒന്ന്.[2]

കുത്തകകളുടെ വിലനയത്തിനെതിരായുള്ള ഇന്ത്യാഗ വണ്മെൻറിന്റെ പ്രവർത്തനം, മററു ഏഷ്യൻരാജ്യങ്ങൾക്കു മാർഗ്ഗദർശനം നൽകി: ഇന്ത്യയ്ക്കു് അനുവദിച്ചതുപോലെ, വിലയിൽ കുറവുവരുത്തണമെന്ന സിലോണിന്റേയും പാ കിസ്ഥാന്റേയും ന്യായമായ ആവശ്യം നിരാകരിക്കാൻ

---

1. ഡാൺ, ഒക്ടോബർ 4, 1958.
2. പാകിസ്ഥാന് സാങ്കേതികസഹായം നൽകാമെന്ന് സോവി യററ്യൂണിയൻ സമ്മതിച്ചു. ഇതനുസരിച്ച് സോവിയററ് യൂണിയൻ 27 മില്യൻ റൂബിൾ വായ്പയായി നൽകുകയും പാകിസ്ഥാനിലേക്കു സ്പെഷ്യലിസ്റ്റ്കളെ അയയ്ക്കുകയും ചെയ്തു. (എക്കണോമിക്കേസ്കയ ഗസററ്, റഷ്യൻ എഡി ഷൻ, മാർച്ച് 5, 1961).

എണ്ണക്കുത്തകകൾക്കു കഴിഞ്ഞില്ല. മാളവ്യയുടെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്: "സ്വയം പര്യാപ്തതയ്ക്കുവേണ്ടി നാം ശ്രമിക്കുമ്പോൾ—വിദേശാധിപത്യത്തിൻ കീഴിൽ നമ്മോടൊപ്പം യാതന അനുഭവിക്കുകയും, ജീവിതനിലവാരം മെച്ചപ്പെടുത്താൻ ദാരിദ്ര്യത്തിനെതിരെ ഇന്ന് സമരം നടത്തുകയും ചെയ്യുന്ന ആഫ്രിക്കയിലേയും മദ്ധ്യപൂർവ്വദേശത്തേയും ലാററിൻ അമേരിക്കയിലേയും നമ്മുടെ സഹോദരന്മാർക്ക് നമ്മുടെ അനുഭവങ്ങളും വിജ്ഞാനവും നാം പങ്കിട്ടു കൊടുക്കുകയും വേണം."[1]

എണ്ണപ്രശ്നം പരിഹരിക്കുന്നതിനുള്ള ആദ്യനടപടികൾ ഇന്ത്യ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്, എന്നാൽ ഇതിനുള്ള പ്രധാന പരിഹാരമാർഗ്ഗം എണ്ണവ്യവസായത്തിൻേറയും എണ്ണ വ്യാപാരത്തിൻേറയും പൊതുമേഖലയുടെ വളർച്ചയെ ആശ്രയിച്ചിരിക്കുന്നു എന്നതു് വളരെ വ്യക്തമായ ഒരു കാര്യമാണ്. പൊതുമേഖലയുടെ കൂടുതലായുള്ള വികസനം, ബർമ്മാഷെല്ലിൻേറയും എസ്സോയുടേയും കാൽടെക്സിൻേറയും സാമ്രാജ്യങ്ങൾ തകർക്കും.

സോവിയററ്യൂണിയനിലെയും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളിലേയും ജനങ്ങൾ, ഇന്ത്യയിലെ എണ്ണപ്രശ്നം പരിഹരിക്കുന്നതിൽ ഇന്ത്യൻജനതയ്ക്കു് എല്ലാവിധ വിജയമാശംസിക്കുകയും, മഹത്തായ ഇക്കാര്യത്തിൽ ഇന്ത്യയെ സഹായിക്കാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യുന്നു.

---

1. കെ. ഡി. മാളവ്യ 'ഇന്ത്യാഗവർമ്മെൻറിൻെറ എണ്ണനയം' പൊതോളിയം ഇൻഫർമേഷൻ സർവ്വീസ്, ന്യൂഡൽഹി, 1962, പേജ് 120.

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. M915·4 Acc. No. 77051

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 10 JUL 2007 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

M915.4 77051

യർഷേവ്, വൈ

ഇൻഡ്യ സ്വാതന്ത്ര്യവും
എണ്ണയും

KOTTAYAM PUBLIC LIBRARY

Call No. M915.4 Acc. No. 77051

Author [illegible]

Title ഇൻഡ്യ സ്വാതന്ത്ര്യവും

[illegible]യും